## അധ്യായം - I

# പാട്ടു ഭാഷാ സാഹിത്യം

**മുഖവുര**

മലയാള സാഹിത്യത്തിന്റെ ആദ്യകാല ചരിത്രം ഒരവ്യക്തരേഖയായി സാഹിത്യകാരന്മാരുടെ മുമ്പിൽ അവശേഷിക്കുന്നു. കൊല്ലവർഷാരംഭത്തിനുമുമ്പുള്ള മലയാളസാഹിത്യത്തിന്റെ സ്വഭാവം എന്തെന്നറിയാൻ നമുക്കിതുവരെ സാധിച്ചിട്ടില്ല. എന്നാൽ കൊല്ലവർഷാരംഭത്തോടെ ഉണ്ടായതെന്നു വിശ്വസിക്കാവുന്ന ചില സ്തോത്രങ്ങളും പാട്ടുകളും കിട്ടിയിട്ടുണ്ട്. അവയിലാകട്ടെ മലയാളത്തിന്റെ തനിമ വേണ്ടവിധം പ്രതിഫലിച്ച് കാണുന്നുമില്ല. സാഹിത്യത്തിന്റെ പ്രഥമ ദശയിലുണ്ടായ കൃതികളാണിവ. ഇവയിലെല്ലാം തമിഴാധിപത്യമാണ് പ്രകടമായിക്കാണുന്നത്.

ഇക്കാലത്ത് തമിഴ്സാഹിത്യം സമ്പന്നമായിരുന്നു. ഇതിന് തെളിവാണ് സംഘകാല കൃതികൾ. ആ കൃതികൾ കേരളത്തിലും വ്യാപകമായി പ്രചരിച്ചിരുന്നു. ഇതിന്റെ ഫലമായി ചെന്തമിഴും മലയാളവും കലർന്ന മിശ്രഭാഷാകൃതികൾ കേരളത്തിൽ ഉണ്ടായി. ഇതിന്റെയെല്ലാം പരിണിതഫലമത്രേ പാട്ടുഭാഷാ സാഹിത്യം. ഡോ. കെ.എം. ജോർജ്ജിന്റെ അഭിപ്രായത്തിൽ തമിഴ് മിശ്ര സാഹിത്യമാണ് പാട്ടുഭാഷാ സാഹിത്യം. പാട്ടുഭാഷാ സാഹിത്യത്തിൽപ്പെട്ട കൃതിയാണ് രാമചരിതം.

**1. പാട്ടിന്റെ ലക്ഷണം**

ഇപ്പോൾ സാധാരണയായി ഉപയോഗിക്കുന്ന അർത്ഥത്തിലല്ല 'പാട്ട്'എന്ന പദം ഇവിടെ പ്രയോഗിച്ചിരിക്കുന്നത്. ലീലാതിലകകാരൻ പാട്ടിന് ഇപ്രകാരം ലക്ഷണ നിർണ്ണയം ചെയ്തിരിക്കുന്നു.

ദ്രാവിഡ സംഘാതാക്ഷര നിബന്ധം

എതുക മോന വൃത്തവിശേഷയുക്തം പാട്ട്.

ദ്രാവിഡ സംഘാതാക്ഷരങ്ങൾ, അതായത് തമിഴ് അക്ഷരമാലയിലെ അക്ഷരങ്ങൾ കൊണ്ട് രചിച്ചതായിരിക്കണം പാട്ട്. അതിൽ മലയാളത്തിലെ ദ്വിതീയാക്ഷര പ്രാസമാണ് എതുക. ഓരോ പദത്തിലെയും പൂർവ്വോത്തര ഭാഗങ്ങളിലെ ആദ്യാക്ഷരങ്ങൾ യോജിച്ചു വരുന്നതാണ് മോന. കാവ്യം ദ്രാവിഡ വൃത്തത്തിൽ രചിച്ചതായിരിക്കണം. ഇതാണ് വൃത്തവിശേഷം എന്ന പ്രയോഗത്തിന്റെ ആശയം.

**2. രാമചരിതം**

കണ്ടുകിട്ടിയിട്ടുള്ളതിൽ വച്ച് ഏറ്റവും പ്രാചീനമായ മലയാളകൃതി. പാട്ടു സാഹിത്യ പ്രസ്ഥാനത്തിലെ പ്രഥമകാവ്യം. ഈ നിലകളിലാണ് സാഹിത്യത്തിൽ രാമചരിതത്തിന് സ്ഥാനം. പാട്ടു സാഹിത്യത്തിന്റെ സമസ്ത ലക്ഷണങ്ങളും സമ്പൂർണ്ണമായി ഉൾക്കൊള്ളുന്ന കാവ്യമാണ് രാമചരിതം.

**3. കവിയും കാലവും**

രാമചരിതത്തിന്റെ രചനാകാലത്തെ സംബന്ധിച്ച് പണ്ഡിതന്മാർ ഏകാഭിപ്രായക്കാരല്ല.

രാമചരിതത്തിന്റെ കാലം എ.ഡി. പതിമൂന്നാം ശതകത്തിന്റെ അവസാനമാണെന്ന് ഏ.ആർ. രാജരാജവർമ്മയും എ.ഡി. പന്ത്രണ്ടാം ശതകമാണെന്ന് ഉള്ളൂരും അഭിപ്രായപ്പെടുന്നു.

ആതിതേവനില മിഴ്ന്ത മനകാമ്പുടയ ചീ-

രാമനമ്പീനൊടിയമ്പിന തമിഴ്കവിവെൽവോർ.

എന്ന് കാവ്യത്തിൽ കാണുന്നതിനാൽ ചീരാമ കവിയാണ് രാമചരിതത്തിന്റെ കർത്താവ് എന്ന് വിശ്വസിക്കാം. വേണാട് ഭരിച്ചിരുന്ന ശ്രീ വീരരാമവർമ്മയാണ് (ക്രി.വ.1195-1208) രാമചരിതകർത്താവായ ചീരാമകവിയെന്ന് ഉള്ളൂർ അഭിപ്രായപ്പെടുന്നു.

**4. ഇതിവൃത്തം**

ആയിരത്തി ഒരുന്നൂറ്റി എൺപത്തിനാലു പാട്ടുകൾ-ശീലുകൾ അടങ്ങിയ ബൃഹത് കാവ്യമാണ് രാമചരിതം. ഈ ശീലുകളത്രയും 164 പടലങ്ങളായി വിഭജിച്ചിരിക്കുന്നു. യുദ്ധകാണ്ഡമാണ് കവി ഇതിവൃത്തമായി സ്വീകരിച്ചിരിക്കുന്നത്. അതിനാൽ വീരരസ പ്രധാനമാണ് കവിത. വാൽമീകിയെ അനുകരിച്ചാണ് കവി കാവ്യരചന നിർവ്വഹിച്ചിരിക്കുന്നത്.

പാട്ടുസാഹിത്യ പ്രസ്ഥാനത്തിലെ ഏറ്റവും അത്യുജ്ജ്വലവും പ്രഥമവും ആയ കാവ്യമാണ് രാമചരിതം. പ്രമേയത്തിന്റെ പ്രത്യേകത പരിഗണിച്ചാൽ വീരരസത്തെ പ്രോജ്വലിപ്പിക്കുകയാണ് കവിയുടെ ലക്ഷ്യം. വിശേഷിപ്പിച്ച് വീരത്തിന്റെ പിരിവുകളിലൊന്നായ യുദ്ധവീര്യത്തെ. അതോടൊപ്പം തന്നെ ഭക്തിയുടെ നിർമ്മല ഭാവങ്ങളും രാമചരിതത്തിൽ ദർശിക്കാം. ശ്രീരാമന്റെ പൂജനീയമായ വ്യക്തിത്വത്തിന്റെ സമ്പൂർണ്ണത ചൈതന്യവത്തായി കവി ആവിഷ്കരിച്ചിരിക്കുന്നു. എന്നാൽ വാൽമീകിയുടെ വെറും അനുകർത്താവായി ചീരാമകവിയെ കാണരുത്. അക്കാലത്തെ സാഹിത്യഭാഷയുടെ തിളക്കം രാമചരിതത്തിൽ പ്രകടമാണ്. ആശയം, പദസൗകുമാര്യം. അലങ്കാര പ്രയോഗം, വർണ്ണന തുടങ്ങിയ കാവ്യഘടകങ്ങളിൽ ഉയർന്നു നിൽക്കുന്ന രാമചരിതം.

**5. ഉപസംഹാരം**

ഒരു സാഹിത്യ കൃതി പിൽക്കാല സാഹിത്യത്തിൽ ചെലുത്തുന്ന സ്വാധീനം അളന്നു കുറിക്കുമ്പോഴെ ആകൃതിയുടെ മഹത്വം കൂടുതൽ വെളിവാകുകയുള്ളൂ. കണ്ണശ്ശൻ ചെറുശ്ശേരി, എഴുത്തച്ഛൻ തുടങ്ങിയ കവികൾ രാമചരിതത്തെ ഉപജീവിച്ചിട്ടുണ്ട്. അപ്പോൾ കേരളത്തിലെ പ്രാമാണികരായ കവികൾക്ക് ഉപജീവ്യനായിത്തീരത്തക്ക പ്രതിഭാവിലാസം ചീരാമകവിയ്ക്കുണ്ടായിരുന്നുവെന്ന് വ്യക്തം.

### അധ്യായം - 2

# മണിപ്രവാള സാഹിത്യം

**മുഖവുര**

സാഹിത്യ ചരിത്രത്തിലെ ഏറ്റവും സമ്പന്നവും അഭിവൃദ്ധോന്മുഖവുമായ ഒരു കാലത്തെ പ്രതിനിധാനം ചെയ്യുന്ന മണിപ്രവാളസാഹിത്യം ഭാഷാ, കാവ്യപ്രമേയം. രചനാ സങ്കേതം, കാവ്യ സൗന്ദര്യം എന്നീ ഘടകങ്ങളിൽ ഒരു നവസരണിവെട്ടിത്തുറന്ന പ്രസ്ഥാനമാണിത്. ക്രി.പി. പതിമൂന്നാം ശതകത്തോടെ ആവിർഭവിച്ച മണിപ്രവാള സാഹിത്യം ഭാഷാ സാഹിത്യത്തെ മൊത്തത്തിൽ സ്വാധീനിക്കുകയും തുടർന്നുള്ള പുരോഗതിയെ ത്വരിപ്പിക്കുകയും ചെയ്തു. ചമ്പു, സന്ദേശകാവ്യം എന്നിവ ഇതിൽ ഉൾപ്പെടുന്ന പ്രധാന കാവ്യ പ്രസ്ഥാനങ്ങളാക്കുന്നു.

സാഹിത്യം, കല ഇവ സംബന്ധമായ എല്ലാ പരിണാമ പ്രക്രിയകളും മനുഷ്യന്റെ സാമൂഹിക ജീവിതവുമായി ബന്ധപ്പെട്ടിരിക്കുന്നു. കേരളത്തിന്റെ സാമൂഹികവും സാംസ്കാരികവുമായ പുരോഗതിയുടെ ഒരു വഴിത്തിരിവിലാണ് മണിപ്രവാള സാഹിത്യം ഉദയം കൊള്ളുന്നത്. ഇതാകട്ടെ അന്നത്തെ ഭരണസംവിധാനവുമായി പ്രത്യക്ഷബന്ധം പുലർത്തുന്നു. കാരണം ഭരണാധികാരികളായിരുന്നു സാഹിത്യാദി കലകളുടെ പരിപോഷകർ.

**1. ലീലാതിലകം**

മണിപ്രവാളത്തിന്റെ രൂപശില്പവും രസാലങ്കാരവും വിശദീകരിക്കുന്ന ഭാഷാശാസ്ത്രഗ്രന്ഥമാണ് 'ലീലാതിലകം' മണിപ്രവാളഭാഷയെക്കുറിച്ച് ഇതിൽ സവിസ്തരം പ്രതിപാദിച്ചിരിക്കുന്നു. മലയാളത്തെ സംബന്ധിക്കുന്ന ആദ്യത്തെ ഭാഷാ ശാസ്ത്ര ഗ്രന്ഥമാണിത്. ഈ കൃതി പതിനാലാം ശതകത്തിന്റെ ഉത്തരാർദ്ധത്തിൽ രചിച്ചതായി പൊതുവെ വിശ്വസിക്കുന്നു. സംസ്കൃതത്തിലാണ് കൃതി രചിച്ചിരിക്കുന്നത്, ഗ്രന്ഥകാരൻ ആരെന്ന് അറിവില്ല.

ഒന്നാം ശിൽപ്പത്തിന് മണിപ്രവാള ലക്ഷണം എന്നാണ് പേര്. ഇതിൽ മണിപ്രവാളത്തിന്റെ സാഹിത്യ സ്വരൂപവും ഭേദങ്ങളും വിശദീകരിക്കുന്നു. രണ്ടും മൂന്നും ശിൽപ്പങ്ങൾക്ക് പ്രത്യേക പേരൊന്നും നൽകിയിട്ടില്ല. രണ്ടാം ശിൽപ്പത്തിൽ മണിപ്രവാള സ്വരൂപത്തിന്റെ ഒരംഗമായ ഭാഷാ ശബ്ദങ്ങളെപ്പറ്റിയും അവയോടു ചേർന്നു ലിംഗം, വചനം, വിഭക്തി ഇവയെക്കുറിച്ചും പ്രതിപാദിക്കുന്നു. മൂന്നാം ശിൽപ്പത്തിൽ ഭാഷാസന്ധിയാണ് പ്രതിപാദ്യവിഷയം. ദോഷാലോചനം എന്ന നാലാം ശിൽപ്പത്തിൽ കാവ്യദോഷങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നു. കാവ്യഗുണ നിരൂപണമാണ് അഞ്ചാം ശിൽപ്പത്തിൽ. ശബ്ദാലങ്കാര വിവേചനം എന്ന് ആറാം ശിൽപ്പത്തിൽ ശബ്ദാലങ്കാരങ്ങളാണ് പ്രതിപാദ്യം. ഏഴാ ശിൽപ്പം അർത്ഥാലങ്കാര വിവേചനം. രസവിചാരമാണ് എട്ടാം ശിൽപ്പം.

**2. മണിപ്രവാള ലക്ഷണം**

'ഭാഷാസംസ്കൃത യോഗോ മണിപ്രവാളം' എന്നാണ് ലീലാതിലകത്തിൽ ലക്ഷണനിർണ്ണയം ചെയ്തിരിക്കുന്നത്. മണി എന്നപദം മലയാളത്തെയും പ്രവാളം സംസ്കൃതത്തെയും കുറിക്കുന്നു. മണിയാകുന്ന മലയാളപദങ്ങളുടെയും പവിഴമാകുന്ന സംസ്കൃത പദങ്ങളുടെയും ഹൃദ്യമായ യോജിപ്പിൽ നിന്നുണ്ടായ മനോജ്ഞ ഭാഷയാണ് മണിപ്രവാളം.

തമിഴ്മണി സംസ്കൃത പവിഴം
കോർക്കിന്റേൻ വൃത്തമാന ചെന്നൂന്മേൽ

മാണിക്യവും പവിഴവും ചെന്നൂലിൽ കോർത്താലെന്നപോലെ തിരിച്ചറിയാൻ കഴിയാത്ത വിധത്തിലായിരിക്കണം മണിപ്രവാളത്തിൽ മലയാള സംസ്കൃത പദങ്ങൾ സമാവേശിപ്പിക്കുന്നത്. ഇവിടെ പത്മരാഗം എന്ന അർത്ഥത്തിലാണ് മണിപ്രയോഗിച്ചിട്ടുള്ളത്. ചുരുക്കത്തിൽ തമ്മിൽ വേർതിരിക്കാൻ കഴിയാത്തവിധം മലയാള സംസ്കൃതപദങ്ങൾ ചേരണം. അപ്പൊഴെ ആ ചേർച്ച മനോഹരവും ഹൃദ്യവും ആയിരിക്കുകയുള്ളൂ, മാത്രമല്ല. മണിപ്രവാളത്തിൽ ഉപയോഗിക്കുന്ന സംസ്കൃത പദങ്ങൾ ഭാഷപോലെ സുപ്രസിദ്ധവും സുകുമാരവും ആയിരിക്കണം. അപാമരന്മാർ ഉപയോഗിക്കുന്ന ഭാഷാപദങ്ങളെ മണിപ്രവാളത്തിൽ ഉപയോഗിക്കാവൂ. ഭാഷാപദങ്ങൾക്കായിരിക്കണം എപ്പോഴും പ്രാമുഖ്യം.

**3. ചമ്പുക്കൾ**

സംസ്കൃതസാഹിത്യത്തിൽ നിന്ന് മലയാളം കടംകൊണ്ട കാവ്യശാഖയാണ് ചമ്പു. പതിനൊന്നാം ശതകമാണ് സംസ്കൃതത്തിൽ ചമ്പുകളുടെ ആവിർഭാവം കഥാഭാഗം ഗദ്യത്തിലും നീതിസാരം പദ്യത്തിലും നിർബന്ധിച്ചിരിക്കുന്നു.

'ഗദ്യപദ്യാത്മകം കാവ്യം ചമ്പൂരിത്യഭിധീയതേ' എന്നിപ്രകാരമാണ് സാഹിത്യദർപ്പണത്തിൽ ചമ്പുവിന് ലക്ഷണനിർദ്ദേശം നൽകിയിരിക്കുന്നത്. ഇവിടെ പറയുന്ന ഗദ്യം സാധാരണ ഗദ്യമല്ല. വൃത്തനിബദ്ധമായ ഗദ്യമാണ്. ധർമ്മോപദേശമാണ് ചമ്പുകളുടെ പ്രധാനലക്ഷ്യം.

കേരളത്തിലെ ആദ്യ ചമ്പുകാവ്യമാണ് ഉണ്ണിയാടീചരിതം. 1275-ന് മുമ്പായിരിക്കണം ഈ കാവ്യം രചിച്ചതെന്ന് കരുതപ്പെടുന്നു ദേവദാസീ സമ്പ്രദായമാണ് കാവ്യത്തിന്റെ ഇതിവൃത്തം. പ്രാചീന ചമ്പുക്കളെന്ന് ഒരു വിഭാഗം ചമ്പുക്കൾക്ക് പേര് കൊടുക്കുമ്പോൾ മധ്യകാല ചമ്പുക്കളെന്ന് വേറൊരു വിഭാഗം കൂടിയുണ്ട് കാവ്യ പ്രമേയത്തിലും ഘടനയിലുമൊക്കെ ആദ്യകാല ചമ്പുക്കളിൽ നിന്ന് തികച്ചും വ്യത്യസ്തമാണ് മധ്യകാല ചമ്പുക്കൾ. മധ്യകാല ചമ്പുക്കളിൽ ഏറ്റവും പ്രചീനവും വലുതുമാണ് മധ്യകാല ചമ്പു. രാമായണം ചമ്പുവിന്റെ കർത്താവ് പുനം നമ്പൂതിരിയാണെന്ന് കരുതുന്നു. ഭാരതം ചമ്പു, നൈഷധം ചമ്പു, രാജരത്നാവലിയും തുടങ്ങിയവയാണ് മറ്റ് മധ്യകാല ചമ്പുക്കൾ.

**4. വിലയിരുത്തുമ്പോൾ**

വൈശിക തന്ത്രത്തിൽ തുടങ്ങി ചന്ദ്രോത്സവത്തിൽ അവസാനിക്കുന്ന ഗണികാ വർണ്ണനാ പ്രധാനമായ കാവ്യങ്ങൾ, ഇതിഹാസങ്ങളുടെ പുനരാവിഷ്കരണത്തിലൂടെ സാംസ്കാരിക ബോധം വളർത്തുക എന്ന ലക്ഷ്യത്തോടെയുണ്ടായ ചമ്പുക്കൾ എന്നിങ്ങനെ രണ്ടുതരം സരണികളായി മണിപ്രവാളസാഹിത്യത്തെ വിഭജിക്കാം. ഇവയിൽ നിന്നും അന്നത്തെ കേരളീയ സാമൂഹിക ജീവിതത്തെക്കുറിച്ചറിയാൻ സാധിക്കുന്നു. വൈകാരികമായ അരാജകത്വത്തിന്റെയും സാംസ്കാരികമായ അപഭ്രംശത്തിന്റെയും ചിത്രങ്ങളാണ് ആദ്യകാല ചമ്പുകളിലും മണിപ്രവാള കാവ്യങ്ങളിലും പ്രതിപാദിക്കുന്നത്. ദേവദാസീസമ്പർക്കം കൊണ്ടുമാത്രം ജീവിതമോക്ഷം നേടുന്നവരായിരുന്നു മണിപ്രവാളകൃതികളിലെ നായകന്മാർ. അതുകൊണ്ടാണ് 'മഹിളാളിമഹാസ്പദങ്ങളാണ് മണിപ്രവാള കാവ്യങ്ങൾ' എന്നു പറയുന്നത്. ഈ സാമൂഹ്യാവസ്ഥയ്ക്കു ചേർന്ന രാഷ്ട്രീയാവസ്ഥയായിരുന്ന അന്ന് കേരളത്തിലുണ്ടായിരുന്നത്. കഥാപാത്രങ്ങളുടെ മാനസികഭാവങ്ങൾ, പ്രമേയാവതരണത്തിൽ കാണിക്കുന്ന നാടകീയത ഇവ ചിത്രീകരിക്കുന്നതിലുള്ള വൈദഗ്ദ്ധ്യം ഇവ ആദ്യകാല ചമ്പുക്കളുടെയും മണിപ്രവാളത്തിന്റെയും പ്രത്യേകതകളാണ്.

**5. ഉപസംഹാരം**

ഇത്തരം ജീർണ്ണസംസ്കാരത്തിൽ നിന്ന് മലയാളസാഹിത്യത്തെ കുറച്ചെങ്കിലും മോചിപ്പിച്ചത് മധ്യകാല ചമ്പുക്കളാണ്. പുരാണ കഥകളെ ഉപജീവിച്ചെഴുതിയവയാണ് പല ചമ്പുക്കളും. മേളക്കൊഴുപ്പുള്ള സാഹിത്യമാണ് ചമ്പൂകാരന്മാരുടെ തൂലികയിൽ നിന്നും വാർന്നു വീണത്. കിളിപ്പാട്ട് പ്രസ്ഥാനത്തിന് പല തരത്തിൽ പ്രേരകമായിട്ടുണ്ട് ചമ്പുക്കൾ തുള്ളലിലെ വർണ്ണനയ്ക്കും ഫലിതത്തിനും ചമ്പൂകാവ്യങ്ങളോടാണ് ഏറെ കടപ്പാട്. കൽപ്പനാ വൈഭവം, രസികത്വം, പദങ്ങളുടെ ശ്രവണമാധുര്യം, വസന്തകാല സൗന്ദര്യത്തെ ആശ്ലേഷിച്ചു നിൽക്കുന്ന വർണ്ണനാ ചാതുര്യം എന്നിവ ഒത്തിണങ്ങിയ ചമ്പൂകാരന്മാരുടെ കാവ്യരചന പിൽക്കാല മലയാള കവിതയെ വളരെയേറെ സ്വാധീനിക്കുകയുണ്ടായി.

## അധ്യായം - 3

# തുള്ളൽ പ്രസ്ഥാനം

**ആമുഖം**

ഫലിത പരിഹാസകാവ്യങ്ങളാണ് തുള്ളൽക്കവിതകൾ. കുഞ്ചൻ നമ്പ്യാരാണ് ഈ നൃത്ത കാവ്യ പ്രസ്ഥാനത്തിന്റെ സൃഷ്ടാവ്. നമ്പ്യാരുടെ കാലംവരെ രണ്ടു തരം ധാരകളാണ് കലാസാംസ്കാരികരംഗത്ത് സ്വാധീനം ചെലുത്തിപോന്നിരുന്നത്. സാഹിത്യത്തിൽ എഴുത്തച്ഛന്റെ കിളിപ്പാട്ടുകൾ, കലാരംഗവേദിയിൽ കഥകളി. ഇവ രണ്ടും സാധാരണക്കാരുടെ ഇടയിലേക്ക് ഇറങ്ങിച്ചെന്നില്ല. ഈ അവസരത്തിലാണ് പുതുമ നിറഞ്ഞ ഒരു കലാരൂപവുമായി കുഞ്ചൻ നമ്പ്യാർ സാധാരണക്കാരുടെ ഇടയിൽ പ്രത്യക്ഷപ്പെട്ടത്. മലയാള മണ്ണിന്റെ മണവും മാധുര്യവും ഒത്തിണങ്ങിയ തുള്ളൽ ജനങ്ങളെ ഒന്നടങ്കം ആനന്ദിപ്പിക്കുകയും ആവേശം കൊള്ളിക്കുകയും ചെയ്തു.

**1. കുഞ്ചൻനമ്പ്യാർ**

1705-മേയ്-5 ന് ജനിച്ചതായി കരുതുന്നു. തിരുവില്വാമലയ്ക്ക് സമീപമുള്ള കിള്ളികുറിശ്ശിമംഗലമാണ് ജന്മസ്ഥലം. അവിടെ കലക്കത്ത് ഭവനത്തിലാണ് നമ്പ്യാർ ജനിച്ചത്. ലക്കിടി റയിൽവേ സ്റ്റേഷന് സമീപത്താണ് കലക്കത്ത് ഭവനം. കലക്കത്ത് ഭവനം ഇപ്പോൾ സർക്കാർ ഏറ്റെടുത്ത് 'കുഞ്ചൻ സ്മാര'കമാക്കി. ഇദ്ദേഹത്തിന്റെ പേരിനെ സംബന്ധിച്ച് വിഭിന്നാഭിപ്രായങ്ങളാണ് ഉള്ളത്. 'കുഞ്ചൻ' എന്നത് സ്ഥാനപ്പേരാണ് എന്ന് ഒരു പക്ഷം 'കുഞ്ഞ്' എന്ന ഓമനപ്പേര് 'കുഞ്ചനായി' മാറിയതെന്ന് മറ്റൊരു പക്ഷം. വിഷ്ണുവിലാസം കാവ്യം, സീതാരാഘവം നാടകം ഇവയുടെ കർത്താവായ രാമപാണിവാദനും നമ്പ്യാരും ഒരാളാണെന്ന് പണ്ഡിതന്മാർ കരുതുന്നു. എന്നാൽ രണ്ടും രണ്ടുപേർ തന്നെ എന്നു കരുതുന്നതാണ് യുക്തിസഹം. രുക്മിണീ സ്വയംവരം, കിരാതം, സഭാപ്രവേശം, ധ്രുവചരിതം, രാവണോത്ഭവം തുടങ്ങീ തുള്ളൽ കൃതികൾ നമ്പ്യാർ രചിച്ചതെന്ന് കരുതുന്നു.

**2. തുള്ളൽ എന്ന ദൃശ്യകല**

തുള്ളൽ എന്ന ദൃശ്യകലാരൂപവും അതിസാധാരണമായ തുള്ളൽ സാഹിത്യവും സാധാരണ ജനങ്ങളെ കൂടുതൽ ആകർഷിക്കുന്നു. സുവിദിതമത്രേ തുള്ളൽ പ്രസ്ഥാനത്തിന്റെ ആഗമത്തെക്കുറിച്ചുള്ള കഥ. ചാക്യാരും നമ്പ്യാരും തമ്മിൽ സ്വരചേർച്ച ഇല്ലാതെ വന്നപ്പോൾ സർവ്വജനസമാരാധ്യമായ ഒരു നൂതന കലാരൂപം ആവിർഭവിച്ചു എന്ന് വിശ്വസിക്കുക പ്രയാസം. ജനാകർഷകമായ ഈ പുതിയ കലാരൂപത്തെക്കുറിച്ച് സർഗ്ഗപരമായ സങ്കൽപം നേരത്തെതന്നെ നമ്പ്യാർക്കുണ്ടായിരിന്നിരിക്കണം. ചാക്യാരുടെ കളരിയിലാണ് നമ്പ്യാർ ആദ്യം കച്ചകെട്ടി തുടങ്ങിയത്. കൂത്തിലെ അഭിനയ രീതിയും, വാചാപ്രസംഗവും നമ്പ്യാരെ ആകർഷിച്ചിരുന്നു. പുതിയൊരു കലാസൃഷ്ടിക്കാവശ്യമായ ഘടകങ്ങൾ, കൂത്ത്, കൂടിയാട്ടം, കഥകളി, പടയണി എന്നിവ ക്ഷേത്രകലകളിൽ നിന്ന് നമ്പ്യാർ സ്വീകരിച്ചു. തുള്ളൽ ഒരു ദൃശ്യകലയാണ്. ഒപ്പം ശ്രാവ്യവും അമ്പലപ്പുഴ പ്രദേശങ്ങളിൽ നടപ്പുണ്ടായിരുന്ന പടയണി എന്ന പ്രാകൃതകലാരൂപം പരിഷ്കരിച്ചാണ് തുള്ളലെന്ന ദൃശ്യകല സൃഷ്ടിച്ചതെന്നു കരുതുന്നു.

തുള്ളൽ മൂന്നു വിധത്തിലുണ്ട്. പറയൻ, ശീതങ്കൻ, ഓട്ടൻ എന്നിങ്ങനെ, ഓരോ തുള്ളലിനും വേഷം പ്രത്യേകമാണ്. പറയൻ തുള്ളലിന് സർപ്പാകൃതിയിലുള്ള ചെറിയ കുടമാണ് തലയിൽ വയ്ക്കുന്നത്. കണ്ണും പുരികവും എഴുതിരിക്കുക, കഴുത്തിൽ ഹാരവും കൈകളിലും മണിബന്ധത്തിലും

വർണ്ണത്തകിടുകൾ പതിച്ച കങ്കണവും ധരിച്ചിരിക്കും.

ശീതങ്കൻ തുള്ളലിന് കിരീടം വൃത്താകൃതിയിലായിരിക്കും. കണ്ണും, പുരികവും എഴുതും, മുഖത്ത് മനയോല തേയ്ക്കും. മാറിൽ കൊല്ലാരവം കൈകളിൽ തോൾ പൂട്ടുകളും മണിബന്ധത്തിൽ വർണ്ണത്തകിടുകൾ പതിച്ച കങ്കണവും ധരിക്കും. കാലിൽ ചിലമ്പുണ്ടാകും. പറയൻ തുള്ളലിനെ അപേക്ഷിച്ച് പതിഞ്ഞമട്ടാണ് ശീതങ്കൻ തുള്ളൽ.

പറയൻ, ശീതങ്കൻ എന്നിവയെ അപേക്ഷിച്ച് വേഗം കൂടുതലുള്ള തുള്ളലാണ് ഓട്ടൻ തുള്ളൽ. ഈ വേഗം കൊണ്ടായിരിക്കണം ഇതിന് ഓട്ടൻ തുള്ളലെന്ന പേരുണ്ടായത്. ഇതിന്റെ വേഷവും പ്രത്യേകമാണ്. തലയിൽ കൊണ്ടകെട്ടും, കൊണ്ടയ്ക്കു ചുറ്റും കുരുത്തോലക്കടങ്ങൾ, കെട്ടി, മാറത്ത് സർപ്പാകൃതിയിൽ ഒരു കുരുത്തോലകൊണ്ടു നെയ്ത മാല അണിയും. കാലിൽ ചിലമ്പുമുണ്ടാകും. അരയിൽ അമ്പലപ്പുഴകോണകം ഘടിപ്പിച്ചുണ്ടാക്കിയ ഉടുത്തുകെട്ടു വേണം.

തുള്ളൽ അവതരിപ്പിക്കാൻ തുള്ളൽക്കാരൻ, മദ്ദളക്കാരൻ, താളക്കാരൻ എന്നിങ്ങനെ മൂന്നു പേർ മതിയാകും. തുള്ളൽക്കാരൻ പാടുകയും, കൈമുദ്ര കാണിക്കുകയും അഭിനിയിക്കുകയും ചെയ്യുന്നു. പിന്നിൽ നിൽക്കുന്ന വാദ്യക്കാർ പാട്ട് ഏറ്റ് പാടുന്നു. കാകളി, കേക, കളകാഞ്ചി എന്നീ വൃത്തങ്ങൾ തുള്ളൽ കൃതികളിൽ കാണുന്നുണ്ടെങ്കിലും പ്രായേണ കണ്ടുവരുന്ന വൃത്തം തരംഗിണിയാണ്.

സാഹിത്യവും കലയും തുള്ളലിൽ ഒത്തിണങ്ങിയിരിക്കുന്നു. കേരളത്തിലെ നാടോടി നൃത്തങ്ങളുടെ താളങ്ങൾ, പദങ്ങൾ, ഇവയെല്ലാം ചേർന്ന ശാന്ത പ്രപഞ്ചം തുള്ളൽ കൃതികളിൽ ദർശിക്കാനാവും.

**3. കാവ്യവീക്ഷണം**

മലയാള കവിതയ്ക്ക് അയവും വിശാലവും വരുത്തിയ കുഞ്ചൻ നമ്പ്യാർ ലക്ഷ്യബോധത്തോടെയാണ് സാഹിത്യ ജീവിതം സമാരംഭിപ്പിച്ചത്.

ഭടജനങ്ങളുടെ നടുവിലുള്ളൊരു പടയണിക്കിഹ ചേരുവാൻ

വടിവിയന്നൊരു ചാരുകേരള ഭാഷതന്നെ ചിതം വരൂ.

ഇതാണ് തന്റെ കവിതാ ഭാഷയെക്കുറിച്ചുള്ള നമ്പ്യാരുടെ കാഴ്ചപ്പാട്. മലയാളത്തിലെന്ന പോലെ സംസ്കൃതത്തിലും കാവ്യം രചിക്കാൻ തനിക്ക് കഴിയുമെന്ന് നമ്പ്യാർ പറയുന്നു. സമൂഹത്തോടുള്ള തന്റെ പ്രതിബദ്ധത നമ്പ്യാർ ഇങ്ങനെ വിശദീകരിക്കുന്നു.

'ഒരുത്തർക്കും ലഘുത്വത്തെ വരുത്താൻ മോഹമില്ല.

ഒരുത്തനും പ്രിയമായിപ്പറവാനും തരമില്ല.'

അതായത് സാമൂഹിക പരാമർശങ്ങളിൽ താൻ നിഷ്പക്ഷനായിരിക്കുമെന്ന് സാരം. വ്യക്തിപരവും സാമൂഹികവുമായ നിരീക്ഷണ സ്വഭാവമാണ് തുള്ളൽക്കവിതകളിലെ സാമൂഹിക വിമർശനത്തിന്റെ ആധാരശില.

**4. ജനകീയ കവി**

മലയാളത്തിന്റെ പൊട്ടിച്ചിരി മാത്രമല്ല തുള്ളൽകവിത. അന്നത്തെ സമൂഹത്തിലെ ജീർണ്ണത

കളും പുഴുക്കുത്തുകളും തുള്ളൽക്കവിതകളിൽ പ്രതിഫലിക്കുന്നുണ്ട്. ലാളിത്യവും മാധുര്യവും, ഓജസ്സും തികഞ്ഞ ഭാഷ, എല്ലാവരെയും കുടുകുടെ ചിരിപ്പിക്കുന്ന ഫലിതം നിശിതവും മർമ്മഭേദകവുമായ പരിഹാസം, വസ്തുനിഷ്ഠവും, മൂർച്ചയുള്ളതുമായ സാമൂഹിക വിമർശനം, പരിതഃസ്ഥിതികളുടെ യഥാർത്ഥമായ പ്രതിഫലനം, തെളിവും മിഴിവുമുള്ള മനോമോഹനവുമായ വർണ്ണനകൾ, ദേശ്യപദ ങ്ങളും, ഗ്രാമ്യപദങ്ങളും പഴഞ്ചൊല്ലുകളും നമ്പ്യാരുടെ കൃതികളിൽ ധാരാളം കാണാം. ഒതുക്കിപ്പറ യാനല്ല പരത്തിപ്പറയാനാണ് നമ്പ്യാർക്കിഷ്ടം. വാചാലത നമ്പ്യാർക്കവിതകളുടെ പ്രത്യേകതയും. പൊട്ടിച്ചിരിക്കാൻ മാത്രമല്ല. നുള്ളിനോവിക്കാൻ പോന്നതാണ് നമ്പ്യാർ ഫലിതം. ചിരി അവസാനം ചിന്തയിലേക്ക് നയിക്കുകയും ചെയ്യും.

(രണ്ടുവല്ലം നിറച്ചുള്ള പപ്പടത്തെ പൊടിച്ചിട്ട്,
രണ്ടുകൊട്ടപ്പഴം കൂട്ടിത്തൊലിച്ചിട്ടമർത്തീട്ട്.

എന്ന് പട്ടരെക്കുറിച്ചും സഭാപ്രവേശനത്തിൽ സ്ഥലജലഭ്രമം വന്ന ദുര്യോധനൻ ചന്തത്തിലു ള്ളൊരു പട്ടുമുയർത്തി കുന്തിച്ച് കുന്തിച്ച് പോകുന്ന പോക്ക് നമ്പ്യാരുടെ നർമ്മബോധത്തിന് മറ്റൊരുദാഹരണം.

പരിഹാസത്തിൽ ചാക്യാരുടെ കാലടികളാണ് നമ്പ്യാർ പിന്തുടർന്നത്. എന്നാൽ നമ്പ്യാരു രുടെ പരിഹാസം ഏറെ ശക്തിമത്തും, മൂർച്ചയേറിയതും സമൂഹനിഷ്ഠവും ആയിരുന്നു. വ്യക്തിയു ടെയും സമൂഹത്തിന്റെയും നേരെ ചീറിച്ചെല്ലുന്ന വാക്ശരങ്ങളാണ് നമ്പ്യാരുടെ പരിഹാസം. വ്യക്തികളെ ധർമ്മചാരികളാക്കുക, സമൂഹത്തെ സാംസ്കാരികമായി ഉയർത്തുക എന്നിവയാണ് പരിഹാസത്തിന്റെ ലക്ഷ്യം, ധനതൃഷ്ണ, കൈക്കൂലി, അഹങ്കാരം, അസൂയ, കാപട്യം, വഞ്ചന, ഭീരുത്വം, അവസര സേവ കത്വം, ദുഷ്പ്രഭുത്വം, പൊങ്ങച്ചം, ധർമ്മച്യുതി തുടങ്ങിയ സാമൂഹിക വിപത്തുകൾക്കു നേരെയാണ് നമ്പ്യാരുടെ പരിഹാസം പാഞ്ഞു ചെന്നത്.

**5. ഉപസംഹാരം**

പ്രകൃതിയുടെ മനോഹര ദൃശ്യങ്ങൾ നമ്പ്യാർ കവിതകളിൽ കാണും. അവ കേരളീയ ജീവി തം കൊണ്ട് സമ്പന്നമാണ്. മനുഷ്യരുടെ വ്യക്തിപരവും സാമൂഹികവുമായ പ്രതിഫലനമായിരിക്കണം കവിതയെന്നു വിശ്വസിക്കാനാണ് നമ്പ്യാർ ഇഷ്ടപ്പെട്ടത്.

**6. തുള്ളൽ നമ്പ്യാർക്കുശേഷം**

നമ്പ്യാർക്കുശേഷം അദ്ദേഹത്തെ പിന്തുടർന്ന് ധാരാളം കൃതികൾ മലയാളത്തിലുണ്ടായിട്ടു ണ്ട്. എന്നാൽ അവ നമ്പ്യാർ കൃതികളെപ്പോലെ അത്ര വിജയം കൈവരിച്ചില്ല.

അധ്യായം - 4

# വഞ്ചിപ്പാട്ടു പ്രസ്ഥാനം

### രാമപുരത്തു വാര്യർ - കുചേലവൃത്തം വഞ്ചിപ്പാട്ട്

### മുഖവുര

കേരളീയരുടെ ദേശീയ വിനോദമായ വള്ളംകളിയോടൊപ്പം മലയാളി ഹൃദയങ്ങളിൽ താള മുണർത്തി അവരുടെ ശാശ്വതാരാധനയ്ക്ക് അർഹമായിത്തീർന്ന കൃതിയാണ് രാമപുരത്തു വാര്യ രുടെ കുചേലവൃത്തം വഞ്ചിപ്പാട്ട്.

### 1. കവിയും കാലവും

മീനച്ചിൽ താലൂക്കിൽ രാമപുരമാണ് വാര്യരുടെ ജന്മസ്ഥലം 1703 നും 1763 നും മദ്ധ്യേ അ ദ്ദേഹം ജീവിച്ചിരിക്കുന്നതായി കരുതപ്പെടുന്നു. അധ്യാപനമായിരുന്നു ജീവിതവൃത്തിക്കുള്ള മാർഗ്ഗം. അക്കാലത്തൊരുനാൾ മാർത്താണ്ഡവർമ്മ മഹാരാജാവ് ക്ഷേത്രദർശനത്തിനായി വൈക്കത്ത് എത്തി പണ്ഡിതനെങ്കിലും ദരിദ്രനായ വാര്യർ രാജാവിനെ മുഖം കാണിച്ച്, ചില ശ്ലോകങ്ങൾ അടിയറവ് വെച്ചു. സംപ്രീതനായ രാജാവ് വാര്യരെ തിരുവനന്തപുരത്തേക്ക് ക്ഷണിച്ചു. രാജാവിനോടൊത്ത് തിരുവനന്തപുരത്തേക്കുള്ള യാത്രയ്ക്കിടിയിൽ രാജകൽപ്പന അനുസരിച്ച് എഴുതിയ കൃതിയാണ് കുചേ ലവൃത്തമെന്നു പറയുന്നു. ഏതായാലും ഈ ഒരൊറ്റ കൃതികൊണ്ട് വാര്യർ സ്ഥിര പ്രതിഷ്ഠ നേടി.

കുചേലവൃത്തം വഞ്ചിപ്പാട്ടിന്റെ ആവിർഭാവത്തിന് വളരെമുമ്പു തന്നെ വള്ളം കളിക്കുപയോഗിക്കാവുന്ന ചില പാട്ടുകൾ കേരളത്തിൽ ഉണ്ടായിട്ടുണ്ട്. ഈ നാടൻ പാട്ടുകളിൽ പലതും വഞ്ചിപ്പാട്ടുകളാണ്. എന്നാൽ വഞ്ചിപ്പാട്ടെന്ന കാവ്യ പ്രസ്ഥാനത്തിന്റെ പ്രണേതാവ് വാര്യരാകുന്നു.

### 2. കാവ്യദർശനം

താളക്കൊഴുപ്പുള്ള നതോന്നത വൃത്തത്തിൽ രചിച്ച കുചേലവൃത്തം രചനാ ചാതുരിയിലും, കൽപ്പനാവൈഭവത്തിലും അസാമാന്യ നിലവാരം പുലർത്തുന്നു. ശ്രീകൃഷ്ണന്റെയും കുചേലന്റെയും ജീവിത സൗഹൃദമാണ് കൃതിയിലെ പ്രതിപാദ്യം. ദരിദ്രനായിത്തീർന്ന കുചേലൻ ഭാര്യയുടെ നിർദ്ദേശ പ്രകാരം സഹപാഠിയായിരുന്ന കൃഷ്ണനെക്കാണാൻ ദ്വാരകയിലേക്കു പോകുന്നു. അവരുടെ വികാ രോഷ്മളമായ കൂടിക്കാഴ്ചയും തുടർന്നുള്ള സംഭവങ്ങളും കുചേലവൃത്തത്തിൽ വിവരിക്കുന്നു. കുചേ ലന്റെ കൃഷ്ണഭക്തിയാണ് കാവ്യത്തിന്റെ ജീവൻ. കുചേലന്, ശ്രീകൃഷ്ണനിൽ നിന്ന് ഐശ്വര്യവും കൈവന്ന വാര്യർക്ക് രാജാവിൽ നിന്ന് സാമ്പത്തിക നേട്ടം ഉണ്ടായതായി പ്രസ്താവമുണ്ട്.

'ഇല്ല ദാരിദ്ര്യത്തിലോളം വലുതായിട്ടൊരാർത്തിയും

ഇല്ലം വീണു കുത്തുമാറായതുകണ്ടാലും' എന്ന കുചേല പത്നിയുടെ പരിദേവനം ആ കുടും ബത്തിന്റെ ദയനീയാവസ്ഥ വിളിച്ചറിയിക്കുന്നു.

'പണ്ടൊരിക്കൽ പാണ്ഡവ മഹിഷിയുടെ ശാകേദന-
മുണ്ടു നാമിന്നു ഭവാന്റെ പൃഥകം തിന്നു
രണ്ടു കൊണ്ടുമുണ്ടായോളം സുഖവും തൃപ്തിയും കീഴി-
ലുണ്ടായിട്ടില്ലൊരിക്കലുമെനിക്കു സഖേ. എന്ന ശ്രീകൃഷ്ണ വാക്യം ചിരകാല സൗഹൃദ

ത്തിന്റെ തെളിഞ്ഞ വ്യാഖ്യാനമാണ്. സ്നേഹം, സൗഹൃദം, പരസ്പര വിശ്വാസം ഇവയുടെ ഉത്തമമാതൃകകളാണ് കുചേലനും ശ്രീകൃഷ്ണനും.

അന്തണനെക്കണ്ടിട്ടുണ്ടായ സന്തോഷം കൊണ്ടോ! തസ്യദൈന്യം
ചിന്തിച്ചിട്ടുള്ളിലുണ്ടായ സന്താപംകൊണ്ടോ
എന്തുകൊണ്ടോ ശൗരി കണ്ണുനീരണിഞ്ഞു ധീരനായ
ചെന്താമരക്കണ്ണനുണ്ടോ കരഞ്ഞിട്ടുള്ളൂ. ഈ ഭാസുര ചിത്രം കൃഷ്ണകുചേല ബന്ധത്തിന്റെ മഹത്വവും ദാർഢ്യവും വെളിവാക്കുന്നു.

മലയാള കാവ്യ സംസ്കാരത്തിന്റെ വികാസത്തിൽ കുചേലവൃത്തം നൽകിയ സംഭാവന അവഗണിക്കാനാവില്ല. പുരാണകഥയെ വർത്തമാനകാല ജീവിതസന്ധ്യയുമായി ബന്ധപ്പെടുത്തി എന്നതാണ് പ്രധാന വസ്തുത. മാനുഷികമായ ഒരു തലത്തിൽ കുചേലനേയും ശ്രീകൃഷ്ണനെയും അവതരിപ്പിച്ചപ്പോൾ മാനുഷികമായ ജീവിതമര്യാദകൾ ആവിഷ്കരിക്കുകയാണ്. കുചേലൻ എന്ന പുരാണകഥാ പുരുഷൻ മലയാളികളുടെ മനസ്സിൽ ചിരപ്രതിഷ്ഠനേടിയത് 'കുചേലവൃത്തത്തിലൂടെയാണ്.' കുചേലവൃത്തത്തിലെ അലങ്കാരങ്ങൾ കവിയുടെ ആത്മനിവേദനത്തിൽ നിന്ന് ഉറവെടുത്ത സ്വാഭാവികാവിഷ്കാരങ്ങളാണ്. വൈകാരികമായ ഭാവോജ്ജ്വലത ഈ കൃതിയുടെ സവിശേഷതയാണ്.

### 3. ഉപസംഹാരം

കവിയുടെ സ്വന്തം ജീവിതത്തിന്റെ പരുപരുത്ത യാഥാർത്ഥ്യം ആവിഷ്കരിക്കുന്ന ഈ കൃതി മലയാള സാഹിത്യത്തിൽ പ്രമേയപരമായ വഴിത്തിരിവിന്റെ വ്യക്തമായ തെളിവാണ് പുരാതന കഥയെ ഉപജീവിച്ചാണെങ്കിലും ദാരിദ്ര്യം ഒരു സാഹിത്യ കൃതിക്ക് വിഷയമാകുന്നത്. സതീർഥ്യസ്നേഹം ഇതിന് വഴിയൊരുക്കുന്നുവെന്നേയുള്ളൂ. പരുക്കൻ ജീവിത യാഥാർത്ഥ്യങ്ങളോട് പ്രതികരിക്കാൻ തന്റെ കാവ്യ മനസ്സിനെ സന്നദ്ധമാക്കിയതോടെ രാമപുരത്തുവാര്യർ പുതിയ കാവ്യാവബോധത്തിന്റെ സമുദ്ഘാടകനായിത്തീർന്നു.

അധ്യായം - 5

# കവിതയിൽ നവോത്ഥാനം

**കുമാരനാശാൻ**

**മുഖവുര**

ചിന്താബന്ധുരവും ലക്ഷ്യാധിഷ്ഠിതവുമായ കാവ്യങ്ങൾകൊണ്ട് മലയാള സാഹിത്യത്തെ പുരോഗതിയുടെ പാതയിലേക്ക് നയിച്ച അദൃശ്യ പ്രഭാവനമായ കവിയാണ് കുമാരനാശാൻ. തെളിഞ്ഞു തെളിഞ്ഞു വരുന്ന ചിന്തകളുടെയും ഊറി ഊറി വരുന്ന ആത്മാനുഭൂതികളുടെയും നീരുറവകളെത്രേ ആശാൻ കവിതകൾ.

**1. പശ്ചാത്തലം**

തിരുവനന്തപുരം ജില്ലയിൽ കായിക്കര എന്ന സ്ഥലത്താണ് ആശാൻ ജനിച്ചത് (1873-ഏപ്രിൽ 12-ന്) കുമാരു എന്നാണ് ആശാനെ വിളിച്ചിരുന്നത്. വിദ്യാഭ്യാസത്തിനുശേഷം കുറച്ചുകാലം അധ്യാപകനായിരുന്നു. അധ്യാത്മിക ജീവിതത്തോട് ആദ്യം ആഭിമുഖ്യം കാണിച്ച ആശാൻ 1891-ൽ ശ്രീനാരായണ ഗുരുവിന്റെ ശിഷ്യത്വം സ്വീകരിച്ചു. എസ്.എൻ.ഡി.പി.യുടെ സെക്രട്ടറി, നിയമസഭാ സാമാജികത്വം, ബോധപൂർവ്വമായ സാഹിത്യ പ്രവർത്തനം. വൈവിദ്ധ്യം നിറഞ്ഞ മണ്ഡലങ്ങളിലാണ് ആശാൻ നിലയുറപ്പിച്ചത്. ആർഷഭാരത സംസ്കാരത്തിന്റെ പ്രതീകമായ ടാഗോർ, ഹിന്ദുമതത്തിന്റെ നവോത്ഥാനത്തിന് ആത്മീയ നേതൃത്വം നൽകിയ ശ്രീരാമകൃഷ്ണപരമഹംസൻ, സ്വാമി വിവേകാനന്ദൻ, ബ്രഹ്മസമാജ പ്രവർത്തകനായ രാജാറാം മോഹൻ റായ് തുടങ്ങിയവരുടെ ജീവിതത്തിൽ നിന്ന് കുറച്ചേറെ വെളിച്ചം ഉൾക്കൊണ്ടു. ഇങ്ങനെ ലഭിച്ച അറിവും ജീവിത ബോധവുമാണ് ആശാന്റെ കാവ്യ ജീവിതത്തിന്റെ മൂലധനം.

**2. കാവ്യലോകം**

കാൽപ്പനിക പ്രസ്ഥാനത്തിൽ ഉൾപ്പെട്ടതാണ് ആശാന്റെ മിക്ക കൃതികളും. വീണപൂവ്, നളിനി, ലീല, ചിന്താവിഷ്ടയായ സീത, ചണ്ഡാലഭിക്ഷുകി, ശ്രീബുദ്ധചരിതം, കരുണ, മണിമാല, വനമാല, പുഷ്പവാടി, നവമാലിക, വിചിത്ര വിജയം തുടങ്ങിയവാണ് ആശാന്റെ മുഖ്യകൃതികൾ. കുട്ടികൾക്കുവേണ്ടി എഴുതിയതാണ് ബാലരാമായണം, പുഷ്പവാടി, വനമാല, വനമാലിക, മണിമാല എന്നിവ കവിതാസമാഹാരങ്ങളാണ്.

ആത്മീയ പ്രേരണകൊണ്ടാവണം, ചില സ്തോത്ര കൃതികളുമായാണ് ആശാൻ സാഹിത്യരംഗത്ത് കാലു കുത്തിയത്. പിന്നീട് നാം കാണുന്നത് സാമൂഹിക നവോത്ഥാനത്തിന്റെ ഭാഗമായി മാറിയ ആശാനെയാണ്. ആദർശവാദമാണല്ലോ പ്രായേണ കാൽപ്പനിക കവികളുടെ മുഖമുദ്ര. സാമൂഹികോന്മുഖമായ വീക്ഷണഗതി പ്രകടമായി കാണുന്നത് ദുരവസ്ഥയിലും ചണ്ഡാലഭിക്ഷുകിയിലുമൊക്കെ ആദർശവാദത്തിന്റെ പരിസ്ഫുരണം ദർശിക്കാവുന്നതാണ്. നളിനി, ലീല, ആനന്ദഭിക്ഷു സീത, ഉപഗുപ്തൻ തുടങ്ങീ കഥാപാത്രങ്ങൾ ആദർശങ്ങളുടെ പ്രതീകമാണ്. ത്യാഗം, സ്നേഹം, ആത്മശുദ്ധി തുടങ്ങി പാരമ്പര്യ നന്മകളിലാണ് ആശാന് വിശ്വാസം

**3. ഭാവഭദ്രത**

ഭാവഭദ്രതയാണ് ആശാൻ കവിതകളുടെ മുഖമുദ്ര. ക്രാന്തദർശിയായ ഒരു കവിയുടെ ജീവിത

ബോധത്തിന്റെ തെളിയിക്കുന്ന ആവിഷ്കരണങ്ങളാകുന്നു ആശാൻ കവിതകൾ. ആസ്വാദനത്തെക്കാളേറെ ഉദ്ബോധനപരങ്ങളാണ് ആ കവിതകൾ. ആശാന്റെ കവിതകളിൽ ദാർശനികത്വം, വെളിച്ചം ശാശ്വതമായതിനെക്കുറിച്ചുള്ള വ്യക്തമായ ബോധം ഇവ അന്തർലീനമായിരിക്കുന്നു. ആദ്ധ്യാത്മിക സംസ്കാരത്തിൽ നിന്ന് ഉയിർകൊണ്ടതത്രേ ഈ വീക്ഷണം.

സ്നേഹത്തിൽ നിന്നുദിക്കുന്നു ലോകം
സ്നേഹത്താൽവൃദ്ധി നേടുന്നു
സ്നേഹം താൻ ശക്തി ജഗത്തിൽ-സ്വയം
സ്നേഹം താനന്ദമാർക്കും
സ്നേഹം താൻ ജീവിതം ശ്രീമാൻ - സ്നേഹം
വ്യാഹതി തന്നെ മരണം'

എന്നിപ്രകാരം സ്നേഹത്തെ വ്യാഖ്യാനിച്ച കവി സ്നേഹം പഞ്ചേന്ദ്രിയമാകരുതെന്ന് പറയുന്നു. കാളിദാസനെപ്പോലെ പ്രകൃതിയും മനുഷ്യനും തമ്മിൽ ഇണങ്ങിച്ചേരുന്ന ചരിത്രമുഹൂർത്തങ്ങൾ സൃഷ്ടിക്കാനും അവിടെ മാനവ ചേതനയുടെ നറുമണം വിതറാനും ആശാൻ സന്നദ്ധനാകുന്നു.

കവിയെന്ന നിലയിലും മാനവികതയുടെ വക്താവ് എന്ന നിലയിലും തനതായ ഒരു വീക്ഷണം ആശാനുണ്ടായിരുന്നു. ഭാരതത്തിന്റെ പൗരാണിക സംസ്കാരം, ഹിന്ദു-ബുദ്ധമതങ്ങളുടെ ഉൽകൃഷ്ടാശയങ്ങൾ ഇവയിൽ നിന്ന് ഉരുത്തിരിഞ്ഞുവന്നതാണ് ആശാന്റെ ജീവിത വീക്ഷണം. തത്വചിന്താപരമായ 'വീണപൂവിലും" 'പ്രരോദനത്തിലും' ജീവിതത്തിന്റെ നശ്വരത വെളിവാക്കാനാണ് ആശാൻ ശ്രമിക്കുന്നത്. 'ശ്രീഭൂവിലസ്ഥിര' എന്നു വിശ്വസിക്കുന്ന കവി ഭൗതിക പ്രപഞ്ചത്തോട് മമത കാണിക്കുന്നില്ല.

വിപ്ലവത്തിന്റെ ശുക്രനക്ഷത്രമായി ആശാനെ പ്രൊഫ. മുണ്ടശ്ശേരി വിശേഷപ്പിച്ചിട്ടുണ്ട്. ചരിത്രപരമായ ഒരു പ്രതിസന്ധിയിൽ സാമൂഹിക വിപ്ലവത്തിന് നേതൃത്വം വഹിച്ച കവിയാണ് ആശാൻ. സാമൂഹികമായ ഉച്ചനീചത്വങ്ങളും സ്വാനുഭവങ്ങളുമാണ് ആശാനെ ഇതിന് പ്രേരിപ്പിച്ചത്. തന്നിൽത്തന്നെ ഉണ്ടായ വിപ്ലവമാണ് ആശാന്റെ വിപ്ലവ ബോധത്തിന്റെ ആദ്യപടി. ഉൽകൃഷ്ടാശയനാണ് ആശാൻ. എന്നാൽ പഴമയിലേക്കുള്ള ആശയ തീർത്ഥാടനം ആശാന്റെ യഥാസ്ഥിതിക മനോഭാവം വ്യക്തമാക്കുന്നു. നിലവിലിരിക്കുന്ന വ്യവസ്ഥയെ മാറ്റിവരിക്കാൻ നേതൃത്വം കൊടുക്കുന്ന പ്രതിഭാശാലിയാണല്ലോ സാഹിത്യത്തിലെ വിപ്ലവകാരി. ആശാന്റെ മഹത്വം ഇതാണ്.

'മാറ്റുവിൻ ചട്ടങ്ങളെ സ്വയമല്ലെങ്കിൽ
മാറ്റുമതുകളീ നിങ്ങളെത്താൻ"

ആശാന്റെ മനസ്സ് സദാ അസ്വസ്ഥമായിരുന്നു. മനുഷ്യസ്നേഹിയായ അദ്ദേഹത്തിന് വൈയക്തികവും സാമൂഹികവുമായ പൊരുത്തക്കേടുകൾ സമചിത്തതയോടെ നേരിടാൻ കഴിയുന്നില്ല എന്നതാണ് ഇതിനു കാരണം. അത്തരത്തിൽ മുളപൊട്ടി വികസിക്കുന്ന മാനസിക ചലനങ്ങൾ കഥാപാത്രങ്ങളിൽ സന്നിവേശിപ്പിച്ചവതരിപ്പിക്കുകയാണ് അദ്ദേഹം. കുട്ടികളുടെ മാനസിക ഭാവങ്ങളും ഹൃദയചലനങ്ങളും ആശാൻ എത്രത്തോളം മനസ്സിലാക്കി എന്നതിന് തെളിവാണ് അദ്ദേഹത്തിന്റെ ബാലകവിതകൾ പ്രായോഗികതയും ആദർശാത്മകതയുമാണ് ആശാന്റെ സ്നേഹ സങ്കൽപ്പങ്ങളുടെ

അടിസ്ഥാനഘടകം. സ്വാതന്ത്ര്യബോധവും സാമൂഹിക സമത്വവും ജീവിതാദർശങ്ങളായി ഉയർത്തിപ്പിടിച്ചു അദ്ദേഹം. ആശാന്റെ പ്രകൃതി സ്നേഹം പൂക്കളോടുള്ള അദ്ദേഹത്തിന്റെ ഹൃദയ വേഴ്ചകളിൽ കൂടുതൽ പ്രകടമാകുന്നു. ജീവിതത്തിന്റെ സൗകുമാരികത്വവും ആഹ്ലാദവും വിഷാദവും അദ്ദേഹം പൂക്കളിൽ ദർശിക്കുന്നു. ഈ കാവ്യ സങ്കൽപ്പം ആശാന്റെ വ്യക്തി വൈശിഷ്ട്യത്തിന് തെളിവാണ്.

**ഉപസംഹാരം**

ആശാൻ ദന്തഗോപുരവാസിയായ കവിയായിരുന്നില്ല. ജനങ്ങളോടൊപ്പം ഇറങ്ങി പ്രവർത്തിച്ചിരുന്ന കവിയായിരുന്നു അദ്ദേഹം. തനിക്കു ലഭിച്ച പരമ്പരാഗതമായ അറിവും വിദ്യാഭ്യാസവും സാമൂഹിക പശ്ചാത്തലത്തിൽ വിലയിരുത്താൻ ആശാനെ ബുദ്ധിപരമായി സന്നദ്ധനാക്കിയ ഘടകവും ഇതത്രേ. ഒരു പക്ഷേ, ആശാനെപ്പോലെ അന്തഃ സംഘർഷം അനുഭവിച്ച വേറൊരു കവി മലയാളത്തിൽ ഉണ്ടാവില്ല. ആധ്യാത്മികവും ഭൗതികവുമായ ചിന്തകൾ ആ ജീവിതത്തിൽ കെട്ടുപിണഞ്ഞു കിടക്കുന്നു. ഈ ദ്വന്ദ്വഭാവങ്ങളുടെ സമാശ്ലേഷത്തിലൂടെ കൈവന്ന വീക്ഷണോൽക്കർഷം ഇതത്രേ കുമാരനാശാന്റെ വ്യക്തിത്വത്തിനാധാരം. 1924-ജനുവരി 16-ാം തീയതി പല്ലനയാറ്റിൽ ഉണ്ടായ ബോട്ട് അപകടത്തിൽ മഹാകവി കാലയവനികയ്ക്കുള്ളിൽ മറഞ്ഞു.

അധ്യായം - 6

# ഉള്ളൂർ എസ്. പരമേശ്വരയ്യർ. (1877 - 1949)

**മുഖവുര**

പാണ്ഡിത്യവും കവിത്വവും ഒത്തിണങ്ങിയ സവിശേഷ വ്യക്തിത്വത്തിന്റെ ഉടമയായി ഉള്ളൂരിനെ നാം കാണുന്നു. കവി, സാഹിത്യ ചരിത്രകാരൻ, ഭാഷാചരിത്ര ഗവേഷകൻ പ്രബന്ധകാരൻ തുടങ്ങീ സാഹിത്യത്തിന്റെ വിവിധരംഗങ്ങളിൽ അർപ്പിത തേജസ്സോടെ വിരാജിച്ചു. സാമാന്യ വിദ്യാഭ്യാസം കൊണ്ട് സമ്പന്നമായ ഒരു സാധാരണ ബ്രാഹ്മണ കുടുംബത്തിലാണ് ഉള്ളൂർ ജനിച്ചത്. സംസ്കൃതഭാഷയും ആർഷ സംസ്കാരവുമാണ് ഉള്ളൂരിന്റെ കാവ്യപ്രപഞ്ചത്തിന്റെ  അടിസ്ഥാനം ഉറപ്പിച്ചത്. മാതൃഭാഷ തമിഴ് - വളർത്തുഭാഷ മലയാളം സുഹൃദ്ഭാഷ - ഇംഗ്ലീഷ് സാംസ്കാരിക ഭാഷ സംസ്കൃതം, സാംസ്കാരികവും, വൈജ്ഞാനികവുമായ ഈ അവഗാഹം ഉള്ളൂർ എന്ന കവിയുടെ മേൽ ഒരു പണ്ഡിതനെ ഉയർത്തി നിർത്തി. കർണ്ണഭൂഷണം, പിംഗള, ഭക്തിദീപിക, ചിത്രശാല, കിരണാവലി, താരാഹാരം, തരംഗിണി, മണിമഞ്ജുഷ, ദീപാവലി, കൽപ്പശാഖീ തുടങ്ങിയവയാണ് ഉള്ളൂരിന്റെ പ്രധാന ഖണ്ഡകാവ്യങ്ങളും കവിതാ സമാഹാരങ്ങളും.

**1. കാവ്യപ്രപഞ്ചം**

ഭാരതീയ പൈതൃകത്തിന്റെ അന്തഃസത്ത പുനരാവിഷ്കരിക്കുന്നതിലാണ് കവിയായ ഉള്ളൂർ പ്രധാനമായും ശ്രമിച്ചത്. ഭാരതീയ സംസ്കാരത്തോട് കവിയ്ക്കുള്ള ആത്മബന്ധത്തിന്റെയും ബഹുമാനത്തിന്റെയും നിദർശനമായി കരുതാം. അദ്ദേഹത്തിന്റെ ഖണ്ഡകാവ്യങ്ങളെ പുരാണേതിഹാസ പ്രസിദ്ധങ്ങളായ കഥാപാത്രങ്ങൾക്ക് ശക്തിയും ചൈതന്യവും നൽകി അവതരിപ്പിക്കാനുള്ള അദ്ദേഹത്തിന്റെ അനന്യസാധാരണമായ കഴിവ് പ്രശംസനീയമത്രേ.

കർണ്ണഭൂഷണമാണ് ഉള്ളൂർ കവിതകളുടെ താഴികക്കുടം. അതിൽ കർണ്ണനെ ആർഷധർമ്മത്തിന്റെയും ആത്മത്യാഗത്തിന്റെയും ഉൽകൃഷ്ടപ്രതീകമായി ചിത്രീകരിച്ചിരിക്കുന്നു. ത്യാഗശീലത്വവും വീരത്വവും ഒത്തിണങ്ങിയ മറ്റൊരു കഥാപാത്രത്തെ പുരാണങ്ങളിൽ നിന്ന് എടുത്ത് കാണിക്കാനാവില്ല. ഒരിതിഹാസപുരുഷന്റെ ധീരോദാത്തതയും മാനവിക നന്മയിൽ നിന്ന് ഉയിർകൊണ്ട സ്വാർത്ഥത്യാഗവും കർണ്ണന്റെ വ്യക്തിത്വത്തെ ഉദാത്തമാക്കുന്നു.

'താനേ താൻ വന്നിങ്ങു യാചിച്ചാൽ പോലും ഞാൻ
പ്രാണനും ദേഹവും നൽകിയേനെ'

എന്ന് സ്വന്തം മനോഭാവം തുറന്നു കാണിക്കുന്ന കർണ്ണൻ കാലിക പ്രസക്തിയുള്ള ഉജ്വല കഥാപാത്രമാണ്.

'പിംഗളയുടെ കഥ' ഭാരതത്തിലും ഭാഗവതത്തിലും പരാമർശിച്ചിട്ടുണ്ട്. ഈ ഉപാഖ്യാനമാണ് ഉള്ളൂരിന്റെ 'പിംഗള' എന്ന കാവ്യത്തിനാധാരം. പുരാണ പ്രസിദ്ധമായ പിംഗളയുടെ അത്ഭുതകരമായ ജീവിതം ഭാരതത്തിൽ ഒരു ഭാസുര ദീപം പോലെ പ്രകാശിച്ചിരുന്നതായി ഉള്ളൂർ രേഖപ്പെടുത്തുന്നു ശാന്തരസപ്രധാനമായ കാവ്യമാണിത്. ദുശ്ചരിതയായ പിംഗളയ്ക്ക് അവസാനകാലത്ത്, യാമാർദ്ധത്തെ പ്രാർത്ഥനകൊണ്ട് മോക്ഷം ലഭിച്ചതായി വിവരിക്കുന്നു. ശങ്കരാചാര്യരുടെ പ്രധാന ശിഷ്യനായ സനന്ദന് സ്വാധീനമാകാതിരുന്നു നരസിംഹമൂർത്തി ദർശനം വേടക്കിടാത്തനായ ചാത്തനിലൂടെ സഫലീ

കൃതമാകുന്ന പുരാണ കഥയാണിതിൽ പ്രതിപാദിക്കുന്നത്. പുരാണ കഥാപാത്രങ്ങൾക്ക് ആധുനിക ജീവിതത്തിന്റെയും ചിന്തയുടെയും വെളിച്ചത്തിൽ പുതുജീവൻ നൽകാൻ ഉള്ളൂരിന് സാധിക്കുന്നു. പുരാണേതിഹാസങ്ങളിൽ നിന്ന് സമാർജിക്കാൻ കഴിഞ്ഞ ക്ലാസിക് സംസ്കാരത്തിന്റെ വർണ്ണഭംഗി കളാണ് ഈ കൃതികളിലെല്ലാം വെട്ടിത്തിളങ്ങുന്നത്.

ഖണ്ഡകാവ്യങ്ങൾ, മഹാകാവ്യം എന്നിവ കൂടാതെ നൂറ്റി എഴുതപതോളം കവിതകൾ, കൂട്ടു കവിതാ സമാഹാരങ്ങൾ, കുട്ടികൾക്കുവേണ്ടി എഴുതിയ പതിനഞ്ചോളം ബാലകവിതകൾ ഇത്രയും കൂടി ഉൾപ്പെടുന്ന വൈവിധ്യമാർന്ന കാവ്യപ്രപഞ്ചമാണ് ഉള്ളൂരിന്റേത്. രാജഭക്തി, പ്രകൃതി പ്രേമം, വേദാന്തം, ഹിന്ദുതത്വങ്ങൾ, ദേശചരിത്രം, ദേശഭക്തി എന്നിവ മാത്രമല്ല തന്റെ കൊക്കിൽ ഒതുങ്ങിയ ചില കാലിക സാമൂഹിക പ്രശ്നങ്ങളും കവിതയ്ക്ക് വിഷയമാക്കാൻ ഉള്ളൂർ മടിച്ചില്ല.

ഉള്ളൂരും ആസ്തികനായ കവിയാണ്. ഭൗതിക ജീവിതത്തോടുള്ള വിരക്തി ആശാന്റെ പ്രധാന കൃതികളുടെ അന്തർധാരയാണ്. പ്രാപഞ്ചിക ജീവിതം അഭിലഷണീയമാണെന്നും അതിലൂടെ മാത്രമേ ജീവിത ധന്യത കൈവരിക്കാനാവുകയുള്ളൂവെന്നും വള്ളത്തോൾ ഉദ്ബോധിപ്പിക്കുന്നു. മനുഷ്യജീ വിതത്തിന്റെ ആത്യന്തികലക്ഷ്യം ആത്മസാക്ഷാത്ക്കാരമാണെന്ന ആർഷ വിശ്വാസത്തിൽ ഉള്ളൂർ ഉറച്ചു നിൽക്കുന്നു. ഭൗതിക ജീവിതത്തെ നിഷേധിക്കാതെ ആത്മ സാക്ഷാത്ക്കാരം നേടുക എന്നിട ത്താണ് ഉള്ളൂർ മനസ്സൂന്നിയത്.

തൂവേർപ്പണിത്തുള്ളികൾകൊണ്ടിവൾക്ക്
നെറ്റിത്തടത്തിൽ വളർമുത്തുപട്ടം
പാടത്തിലെ പാഴ്ചെളിനീരുകൊണ്ടു
പാടീരപങ്കദ്രവം!

എന്നിപ്രകാരം അധ്വാനത്തിന്റെ മഹത്വം കവി കണ്ടെത്തുന്നു. പൊട്ടപ്പുര കൂട്ടിനുമേൽ സുധാമയൂ വാൻ ഗഗനത്തിൽ നിന്ന് തൂവെൺ കതിർപ്പൂനിര തൂകുമെന്നാശിക്കുന്ന കവി വരാനിരിക്കുന്നപുതു ലോകത്തെ സ്വപ്നം കാണുന്നു. 'ഉറക്കം മതി ചങ്ങാതിയുത്ഥാനം ചെയ്താടിമിനി' എന്ന് ഉദ്ബോധി പ്പിക്കുന്ന കവി മനുഷ്യന്റെ ഉച്ചനീചത്വഭാവങ്ങളെ പ്രത്യക്ഷമായി എതിർക്കുന്നു.

**2. അനുകർത്താകക്കളില്ലാത്ത കവി**

ആശാനും വള്ളത്തോളിനും ധാരാളം അനുകർത്താകക്കൾ ഉണ്ടായി. ഉള്ളൂരിന് പറയത്തക്ക തായി ആരുമില്ല. ഉള്ളൂർ കവിതയിലെ ധൈഷണികവും വൈജ്ഞാനികവുമായ ജഡിലതയുമാണ് ഇതിന് കാരണമെന്ന് പറയുന്നു. അത്യസാധാരണമായ കൽപ്പനാ വൈഭവം, ഉല്ലേഖചാതുരി, ഭാര തീയ തത്വചിന്തകളുടെ കലർപ്പില്ലാത്ത പ്രതിപാദനം തുടങ്ങിയവ ഉള്ളൂർ കവിതകളുടെ സജീവാം ശങ്ങളാണ്. വാൽമീകിയുടെയും വ്യാസന്റെയും ലോകോത്തര വിചാരങ്ങൾ ഉള്ളൂർ തന്റെ ആത്മഭാവ ങ്ങളായി മാറ്റി. പക്ഷേ അവ കവിതകളായി ആവിഷ്ക്കരിച്ചപ്പോഴാകട്ടെ പലപ്പോഴും ദുർഗ്രാഹ്യതയു ണ്ടായി. ശബ്ദപൗഷ്കല്യവും കൃത്രിമത്വം, അലങ്കാരാധിക്യം, വേദാന്തത്തിന്റെ അതിപ്രസരം, പൗരാ ണിക സംസ്കാരത്തോടുള്ള അമിതാഭിമുഖ്യം എന്നിവ ഉള്ളൂർ കവിതകളുടെ ദൗർബല്യങ്ങളാണ്. ഒരുതരം പരുക്കൻ കവിതകളാണ് ഉള്ളൂർ കവിതകളെന്ന് പേരും ലഭ്യമായി. സാങ്കേതികമായിപ്പറ ഞ്ഞാൽ ക്ലാസിക് നിയോക്ലാസിക് ഭാവങ്ങളാണ് ഉള്ളൂർക്കവിതകളിൽ നിറഞ്ഞു നിലൽക്കുന്നത്. കാൽപ്പനികത്വം പലപ്പോഴും കാണാമെങ്കിലും അവ ദുർബലമായിപ്പോകുന്നു. ആർഷഭാരതസംസ്കാ

രത്തിന്റെ അകരത്തിൽ കടന്ന്, അവിടെ കണ്ട നറുമുത്തുകൾ വാരി, കവിതയിലൂടെ വിതറാനാണ് ഉള്ളൂർ ശ്രമിച്ചത്.

**ഉപസംഹാരം**

ഉള്ളൂർ കവിത വികാരപ്രധാനമല്ല ബുദ്ധിപരമാണ്. അടുക്കാൻ പ്രയാസം തോന്നും. അടുത്താലോ ചിന്താശക്തികൊണ്ടേ മനസിൽ ഉറപ്പിക്കാൻ കഴിയൂ. പ്രമേയത്തിന്റെ ഗഹനതയിൽ ഊന്നിയതു കാരണം ഉള്ളൂരിന്റെ ഭാഷ അതീവ ഗഹനമായി കാണപ്പെടുന്നു. സൂക്ഷ്മമായി ഇതപഗ്രഥിച്ചാൽ അദ്ദേഹത്തിന്റെ കാര്യങ്ങൾ ധാർമ്മിക പ്രബോധനത്തിന്റെ മണ്ഡലമാണ്. ഈ പ്രബോധനത്തിന് അദ്ദേഹത്തെ പ്രാപ്തനാക്കിയതോ മാനവ സ്നേഹത്തിന്റെയും കർമ്മനിരതയുടെയും സമുൽക്കർഷത ഉയർത്തിപ്പിടിച്ച പുരാണേതിഹാസങ്ങളിൽ വിളങ്ങുന്ന ജീവിതബോധവും.

അധ്യായം - 7

# വള്ളത്തോൾ നാരായണമേനോൻ (1879 – 1958)

**ജീവിത പശ്ചാത്തലം**

ചതുരശ്രശോഭിയായ വ്യക്തിത്വം കൊണ്ടും പ്രസാദാത്മമായ സ്വർഗ്ഗവൈഭവം കൊണ്ടും ആധുനിക കേരളത്തിന്റെ സാംസ്കാരിക നായകത്വം കൈവരിച്ച ഉജ്വല പ്രഭാവനാണ് വള്ളത്തോൾ. 1879 ഒക്ടോബർ16-തിരൂർ താലൂക്കിൽപ്പെട്ട ആലത്തിയൂരിലെ വള്ളത്തോൾ ത റവാട്ടിൽ ജനിച്ചു. 1958 മാർച്ച്13-ന് അന്തരിച്ചു. അതേ സമയം മറ്റു രണ്ടു പേരെ അപേക്ഷിച്ച് കൂടുതൽ കാലം കാവ്യസപര്യ നടത്തുകയും ചെയ്തു. തികച്ചും യാഥാസ്ഥിതിക പാരമ്പര്യത്തിലാണ് വള്ള ത്തോളും ജനിച്ചു വളർന്നത്. സംസ്കൃതമായിരുന്നു വിദ്യാഭ്യാസത്തിന്റെ തായ്ത്തടി. ആദ്യകാലത്ത് പുരാണേതിഹാസങ്ങളിൽ സ്ഫുരിച്ചു നിന്ന കാവ്യസംസ്കാരമാണ് വള്ളത്തോൾ പ്രതിഭയ്ക്ക് ഊർജ്ജം നൽകിയത്. ബഹിർമുഖനായ കവി, പരന്നവായനയിലൂടെ, സാമൂഹിക ബന്ധങ്ങളിലൂടെ വിശാലമായ ജീവിതാന്തരീക്ഷം സൃഷ്ടിച്ചെടുത്തു. ടാഗോർ, പ്രേംചന്ദ് സുബ്രമണ്യഭാരതി തുടങ്ങിയ ദേശീയവാദികളായ സാഹിത്യനായകന്മാരുടെ ജീവിതവുമായി വള്ളത്തോൾ നിരന്തരം ബന്ധപ്പെട്ടു. സുഹൃദ്ബന്ധങ്ങളിലൂടെ തന്നിലേക്ക് ഊറിക്കൂടിയ വിശ്വസാഹിത്യബോധം തന്റെ കാവ്യചിന്താപദ്ധ തിയുമായി സമന്വയിപ്പിക്കാൻ വള്ളത്തോളിന് സാധിച്ചു. ഗാന്ധിജിയിൽ നിന്ന് ദേശീയ ബോധത്തിന്റെ അർത്ഥവും പ്രാധാന്യവും മനസ്സിലാക്കിയ വള്ളത്തോൾ ക്രമേണ ദേശീയ സമരത്തിന്റെ പ്രവാഹ ത്തിൽ ലയിച്ചു ചേർന്നു.

**1. കാവ്യ ജീവിതം:**

അതിവിപുലമായ കാവ്യലോകമാണ് വള്ളത്തോൾ വിരചിച്ചത്. മഹാകാവ്യം, ഖണ്ഡകാവ്യ ങ്ങൾ, ശൃംഗാരകവിതകൾ, ലഘുകാവ്യങ്ങൾ, ആട്ടക്കഥ, വിവർത്തനം ഇതെല്ലാം ഇതിൽ ഉൾപ്പെടു ന്നു. ചിത്രയോഗമാണ് മഹാകാവ്യം. ഋതുവിലാസം, തപതീസംവരണം, ഒരു കത്ത്, ഗണപതി, സ്ത്രീ, ശരണമയ്യപ്പ എന്നിവ ലഘുകാവ്യങ്ങൾ, ബധിരവിലാപം, ശിഷ്യനും മകനും, മഗ്ദലനമറിയം, കൊച്ചു സീത, അച്ഛനും മകളും, ബാപ്പുജി ബന്ധനസ്ഥനായ അനിരുദ്ധൻ തുടങ്ങിയവയാണ് പ്രധാന ഖണ്ഡ കാവ്യങ്ങൾ, വീരശൃംഖല, ദിവാസ്വപ്നം, വിഷുക്കണി, ഇൻഡ്യയുടെ കരച്ചിൽ, അഭിവാദ്യം, റഷ്യ യിൽ എന്നിവ കവിതാ സമാഹാരങ്ങളാണ്. കൂടാതെ വള്ളത്തോളിന്റെ സർഗ്ഗാത്മകമായ തനിമ അതിന്റെ സമസ്ത ഭാവ സൗകുമാര്യത്തോടും കൂടി വികസിച്ചു നിൽക്കുന്നു നൂറ്റിഅൻപതോളം ഭാവാ ത്മകവിതകളുമുണ്ട്.

പുരാണേതിഹാസങ്ങൾ ഉദ്ഗാനം ചെയ്ത് പതം വരുത്തിയ വള്ളത്തോളിന്റെ കാവ്യമനസ്സ്, സാങ്കേതികമായി പറഞ്ഞാൽ ക്ലാസിക് പ്രവണതകളിൽ ഒതുങ്ങി നിൽക്കുന്നില്ല. കാൽപ്പനിക പദ സ്ഥാനത്തിലെ അതിശക്തനായ കവിയാണ് വള്ളത്തോൾ. നിസ്തന്ദ്രമായ കാവ്യോപാസന, സമൂഹ നിഷ്ഠമായ ജീവിത നിരീക്ഷണസാമർത്ഥ്യം സ്വതസിദ്ധമായ പ്രതിഭാവിലാസം, വിപുലമായ കാവ്യപ രിചയം, ഇത്രയും ഒത്തു ചേർന്നപ്പോൾ വള്ളത്തോളിന്റെ കാവ്യനിപുണത വികാസ ദശകങ്ങളിൽ എത്തിച്ചേർന്നു.

വള്ളത്തോളിന്റെ ഖണ്ഡകാവ്യങ്ങൾ നവ്യാനുഭൂതിയാണ് സഹൃദയരിൽ ഉളവാക്കിയത്. ഉള്ളൂ രിനെപ്പോലെ കടിച്ചാൽ പൊട്ടാത്ത വേദാന്തങ്ങൾ വാരിച്ചൊരിയാൻ വള്ളത്തോൾ തയ്യാറായില്ല.

സങ്കീർണ്ണ സ്വഭാവമുള്ള കഥകളെ അദ്ദേഹം അകറ്റി നിർത്തി. ഋജുസ്വഭാവമുള്ള വികാരഭദ്രമായ കഥകൾ തികച്ചും മാനുഷിക പശ്ചാത്തലത്തിൽ അദ്ദേഹം അവതരിപ്പിച്ചു. പൂർവ്വസൂരികൾ പറഞ്ഞു വച്ച മൂല്യങ്ങൾ താൻ ജീവിച്ച കാലഘട്ടത്തിന്റെ സാമൂഹിക ജീവിതവുമായി തന്മയീഭവിച്ച് പുതിയ അവബോധം വളർത്തിയെടുക്കാനാണ് വള്ളത്തോൾ ശ്രദ്ധിച്ചത്.

**2. ദേശീയത**

ഭാവകവിതകളുടെ ചാരുതയും വികാരത്തുടിപ്പും സമഞ്ജമായി മേളിച്ചു നിൽക്കുന്ന സാഹിത്യമഞ്ജരികളിലെ ഓരോ കവിതയും മലയാള കവിതയുടെ പൂപ്പന്തലായി നമുക്ക് വിശേഷിപ്പിക്കാം. ഒരു വർഗ്ഗത്തിന്റെ കവിയായി മാത്രം വള്ളത്തോൾ നിലകൊണ്ടിട്ടില്ല. എല്ലാ വിഭാഗങ്ങളിലുംപ്പെട്ട മനുഷ്യരുടെ ആശയും നിരാശയും വേദനയും അന്തർഭാവവും അദ്ദേഹം മനസ്സിലാക്കി. 'ഭാരത സ്ത്രീകൾ തൻ ഭാവ ശുദ്ധി' ഹിന്ദു മുസ്ലീം ഐക്യത്തിന്റെ ഉത്തമ ചിത്രമാണ് വരച്ചുകാട്ടുന്നത്. ദേശീയത വള്ളത്തോൾ കവിതകളുടെ ആത്മ ചൈതന്യമാണ്. തികഞ്ഞ ഒരു ദേശീയ വാദിയുടെ പ്രബുദ്ധത അദ്ദേഹത്തിന്റെ ദേശീയ കവിതകളിൽ തുടിച്ചു നിൽക്കുന്നു. 'എന്റെ ഗുരുനാഥൻ' എന്ന കവിത ഗാന്ധിജിയെ ഇൻഡ്യൻ ദേശീയത്വത്തിന്റെ പ്രതീകമായി അവതരിപ്പിച്ചിരിക്കുന്നു.

'പോരാ പോരാ നാളിൽ നാളിൽ ദൂരദുരമുയരട്ടെ
ഭാരതക്ഷമാ ദേവിയുടെ തൃപ്പതാകകൾ'.

എന്നിങ്ങനെ ദേശീയ പതാകയുടെ മഹത്വം ഉദ്ഗാനം ചെയ്യുന്ന കവി ജനതയെ ഒന്നാകെ സ്വാതന്ത്ര്യ സമരഭൂമിയിലേക്ക് ആനയിക്കുന്നു.

'ഭാരതമെന്ന പേർ കേട്ടാലഭിമാന
പൂരിതമാകണമന്തരംഗം
കേരളമെന്നു കേട്ടോലോ തിളയ്ക്കണം
ചോര നമുക്കു ഞരമ്പുകളിൽ'

ഈ വരികളിൽ ജ്വലിച്ചു നിൽക്കുന്ന ദേശസ്നേഹം കാലത്തെ അതിജീവിക്കുന്നു.

നവോത്ഥാന ദശയിൽ മലയാള കവിതയെ മണ്ണിനോടും മനുഷ്യനോടും ബന്ധിപ്പിച്ചുനിറുത്തുന്നതിൽ ആശാനെപ്പോലെ സർഗ്ഗാത്മക നേതൃത്വം കൊടുത്ത കവിയാണ് വള്ളത്തോൾ. കവിത മഞ്ഞുതുള്ളിപോലെ തെളിമ ഉണ്ടാകണമെന്ന് പ്രകൃത്യുപസകനായ വള്ളത്തോൾ തെളിയിച്ചപ്പോഴൊക്കെ ജീവിതത്തെ നിസ്സാരീകരിക്കുവാൻ കവി തയ്യാറായില്ല.

കവിയായി മാത്രമല്ല പ്രാചീന കേരളീയകലകളുടെ സമുദ്ധാരകനും പ്രചാരകനും കൂടിയായി പുറം ലോകങ്ങളിൽ വള്ളത്തോൾ ആരാധ്യനായിത്തീർന്നു. കഥകളി, തുള്ളൽ തുടങ്ങി തനി കേരളീയ കലകളെ പുനരുദ്ധരിക്കുന്നതിൽ അദ്ദേഹത്തിനുണ്ടായ അശ്രാന്ത താല്പര്യം കേരളീയർ കൃതജ്ഞതയോടെ സ്മരിക്കും. കലാ കോവിദനായ വള്ളത്തോളിന്റെ നിത്യസ്മാരകമാണ് കേരള കലാമണ്ഡലം. സാമൂഹിക രാഷ്ട്രീയ പ്രസ്ഥാനങ്ങളിൽ ദത്ത ശ്രദ്ധനായിരുന്നു വള്ളത്തോൾ.

**ഉപസംഹാരം**

മലയാള കാവ്യ സംസ്കാര ചരിത്രത്തിൽ പുതുയുഗ സൃഷ്ടാക്കളാണ് മഹാകവിത്രയം. അവർ

വിതറിയ കാവ്യാനുഭൂതികളുടെ പ്രഭ പിൽക്കാലകവികൾക്ക് ഊർജ്ജിതമായി ഭവിക്കുകയും ചെയ്തു. പത്തൊൻമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിലും ഇരുപതാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധത്തിലുമാണ് മൂവരും ജീവിച്ചത്. ഇൻഡ്യയേയും കേരളത്തെയും സംബന്ധിച്ചിടത്തോളം സവിശേഷ പ്രാധാന്യ മുള്ള ഘട്ടമായിരുന്നു അത്. ഇൻഡ്യയിലെങ്ങും സ്വാതന്ത്ര്യസമരം ജ്വലിച്ചു നിന്നിരുന്ന കാലമായി രുന്നു അത്. സാമൂഹികവും രാഷ്ട്രീയവുമായ ഈ സാഹചര്യങ്ങളിലാണ് കവിത്രയം തങ്ങളുടെ തൂലിക ചലിപ്പിച്ചത്.

## വിഭാഗം - II

### അധ്യായം - 8

# ഗദ്യസാഹിത്യം

### നോവൽ

മനുഷ്യജീവിതത്തെ അതിന്റെ സമസ്ത ശക്തി ചൈതന്യങ്ങളോടും കൂടി ആവിഷ്കരിക്കാൻ കഴിയുന്ന സാഹിത്യ മാധ്യമമാണ് നോവൽ. എല്ലാ വിഭാഗം ജനങ്ങളെയും ആകർഷിക്കുന്ന സാഹിത്യ പ്രസ്ഥാനമാണിത്. ഭിന്നതലവർത്തിയായ മനുഷ്യ ജീവിതത്തെ ആഴത്തിൽ സ്പർശിക്കുന്നതും മാന സികവും വൈകാരികവുമായ സൂക്ഷ്മാംശങ്ങൾ എടുത്തുകാണിക്കുന്നതും നോവലുകളാണ്. കാരണം ജീവത്തിന്റെ ആഴവും പരപ്പും വൈരുദ്ധ്യങ്ങളും പ്രശ്നങ്ങളും മൂർത്തമായി ആവിഷ്കരിക്കാൻ ക ഴിയുന്നത് നോവലിൽ കൂടിയാണ്.

നോവലിന്റെ അർത്ഥ വ്യപ്തി കേവലം നിർവ്വചനത്തിൽ ഒതുക്കി നിർത്താനാവില്ല. ഉൾക്കന മുള്ള ഒരു കഥ നോവലിന് ആവശ്യമാണ്. ചെറുകഥ വലിച്ചു നീട്ടിയാൽ നോലലാവില്ല.

#### 1. നോവൽ പാശ്ചാത്യ പരികൽപ്പന

'നോവൽ' എന്ന വാക്കിനർത്ഥം 'പുതിയത്' എന്നാണ്. പതിനഞ്ചാം ശതകത്തിൽ ഇറ്റലി യിലും പതിനാറാം ശതകത്തിൽ ഫ്രാൻസിലും ഇംഗ്ലണ്ടിലും പ്രചരിച്ച നൂതന കഥയ്ക്കാണ് നോവൽ എന്ന പേര് സിദ്ധിച്ചതെന്ന് പറയപ്പെടുന്നു.

നോവലിന് പാശ്ചാത്യ പണ്ഡിതന്മാർ പല നിർവ്വചനങ്ങളും നൽകിയിട്ടുണ്ട്. ഗദ്യത്തിലുള്ള രസകരമായ ഒരിതിഹാസമാണ് നോവൽ.' എന്ന് ഫീൽഡിംഗ് നോവലിനെ നിർവ്വചിക്കുന്നു. നോവൽ അതെഴുതുന്ന കാലഘട്ടത്തിന്റെയും യഥാർത്ഥ ജീവിതത്തിന്റെയും ജീവിതസമ്പ്രദായത്തിന്റെയും ചിത്ര മാണെന്ന് - ക്ലാരാറീവ്സ് അഭിപ്രായപ്പെടുന്നു. പ്രമേയം, കഥാപാത്രങ്ങൾ, സംഭാഷണം, പ്രവൃത്തി നടന്ന സ്ഥലകാലങ്ങൾ, പ്രതിപാദനശൈലി കഥയിൽ അന്തർഭവിച്ചിരിക്കുന്ന ജീവിതദർശനം എന്നിവ പ്രധാനഘടകങ്ങളാണെന്ന് ഹെന്റി ഹഡ്സൻ അഭിപ്രായപ്പെടുന്നു.

നോവലുകളെ അതിന്റെ പ്രമേയം, ആവിഷ്ക്കരണ രീതി എന്നിവയെ അടിസ്ഥാനമാക്കി തരം തിരിച്ചിരിക്കുന്നു. ചരിത്രനോവൽ, സാമൂഹിക നോവൽ, അപസർപ്പക നോവൽ ബോധധാരാ നോവൽ, ദാർശനിക നോവൽ, മനോവിജ്ഞാനീയ നോവൽ, ആത്മകഥാ നോവൽ, ശാസ്ത്ര നോവൽ എന്നിങ്ങനെ വിഭജിച്ചിരിക്കുന്നു. ഇംഗ്ലീഷ് സാഹിത്യത്തിലെ ആദ്യത്തെ ലക്ഷണയുക്തമായ നോവൽ റിച്ചാർഡ്സൻ എഴുതിയ 'പമീല'യാണ്.

#### 2. നോവൽ മലയാളത്തിൽ

വിപുലമായ അർത്ഥത്തിൽ നോവലെന്ന് പറയാനാവില്ലെങ്കിലും 'ആർച്ചു ഡീക്കൻ കോശി' എഴുതിയ 'പുല്ലേലികുഞ്ചുവാണ് ആദ്യത്തെ മലയാള നോവൽ. കോളിൻസ് മദാമ്മയുടെ ഘാതക വധം. അപ്പുനെടുങ്ങാടിയുടെ 'കുന്ദലത' എന്നിവ മലയാള നോവലിലെ ആദ്യകാല മാതൃകകളാണ്.

മലയാളത്തിലെ ആദ്യത്തെ ലക്ഷണയുക്ത നോവൽ 1889-ൽ ഒ. ചന്ദുമേനോൻ പ്രസിദ്ധീക രിച്ച 'ഇന്ദുലേഖ'യാണ്. ഡിക്കൻസ് ഫീൻഡ് പ്രഭുവിന്റെ ഹെന്റീറ്റാ ടെമ്പിൾ, ജിൻഓസ്റ്റീന്റെ പ്രൈഡ്

ആന്റ് പ്രിജൂഡീസ്' എന്നീ നോവലുകളാണ് 'ഇന്ദുലേഖാ' രചനയിൽ ചന്തുമേനോന് പ്രചോദനമായിരുന്നത്. പത്തൊൻപതാം നൂറ്റാണ്ടിലെ സാമൂഹികാന്തരീക്ഷം ശക്തമായ ഭാഷയിൽ ചിത്രീകരിക്കുന്ന ഈ നോവൽ മലയാളത്തിലെ ആദ്യ സാമൂഹിക നോവൽ കൂടിയാണ്. നായർ സമുദായത്തിന്റെയും നമ്പൂതിരി സമുദായത്തിന്റെയും ആചാരങ്ങൾ 'ഇന്ദുലേഖയിൽ യാഥാർത്ഥ്യബോധത്തോടെ അവതരിപ്പിച്ചിരിക്കുന്നു. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ പ്രചാരം, ഈ വിദ്യാഭ്യാസം... ജനങ്ങളിൽ ഉണ്ടാക്കിയ ഉൽപ്പതിഷ്ണുത്വം, കൂട്ടുകുടുംബ സമ്പ്രദായത്തിന്റെ ശൈഥില്യം, അന്ധവിശ്വാസങ്ങളിൽ നിന്നുള്ള മോചനം, സ്ത്രീകളുടെ സാമൂഹികമായ ഉന്നമനം തുടങ്ങി പുരോഗമനാശയങ്ങൾ ചന്തുമേനോൻ ഇന്ദുലേഖയിൽ ആവിഷ്കരിച്ചിരിക്കുന്നു. പ്രമേയത്തിന്റെ പുതുമ, കഥാപരമായ പിരിമുറുക്കം, ശിൽപ്പഭംഗി, മിഴിവുറ്റ കഥാപാത്ര സൃഷ്ടി, ക്രിയാത്മകത തുടങ്ങിയവ ഇന്ദുലേഖയുടെ സവിശേഷതകളാണ്.

ചെറുവാലത്ത് ചാത്തുനായരുടെ മീനാക്ഷി, അമ്മാവൻ തമ്പുരാന്റെ ഇന്ദുമതി സ്വയംവരം, കോമട്ടിൽപാദുമേനോന്റെ ലക്ഷ്മീകേശവം, കിഴക്കേപ്പാട്ട് രാമൻകുട്ടി മേനോന്റെ പറങ്ങോടി പരിണയം ഇവയെല്ലാം മലയാള നോവൽ ചരിത്രത്തിലെ ആദ്യകാല കൃതികളാണ്.

**3. ചരിത്രനോവലുകൾ - മലയാളത്തിൽ**

ചരിത്ര സംഭവങ്ങളെ അടിസ്ഥാനമാക്കി എഴുതുന്ന നോവലുകളാണ് ചരിത്ര നോവലുകൾ. ചരിത്ര സംഭവങ്ങളെ ജീവിത സങ്കൽപ്പങ്ങളിൽ കോർത്താണ് ചരിത്ര നോവലുകൾ അവതരിപ്പിക്കുന്നത്. ചരിത്രത്തിലെ വ്യക്തികൾക്കൊപ്പം കഥയുടെ മികവിനായി സാങ്കൽപ്പിക കഥാപാത്രങ്ങളും ചരിത്ര നോവലിൽ കാണും.

മലയാളത്തിലെ ചരിത്ര നോവലുകളിൽ ഏറ്റവും പ്രമുഖം സി.വി. രാമൻപിള്ളയുടെ മാർത്താണ്ഡവർമ്മയാണ്. സ്കോട്ടിന്റെ 'ഐവാൻഹോ' എന്ന കൃതിയെ മാതൃകയാക്കിയാണ് സി.വി. രാമൻപിള്ള ഈ കൃതി രചിച്ചിരിക്കുന്നത്. തിരുവിതാംകൂറിന്റെ ഭൂതകാല ചരിത്രഏടുകളിലാണ് സി.വി. തന്റെ കഥാബീജങ്ങൾ കണ്ടെത്തിയത്. മാർത്താണ്ഡവർമ്മ മഹാരാജാവും തമ്പിമാരുമായി നടന്ന രാജ്യാവകാശ തർക്കത്തിന്റെ പശ്ചാത്തലത്തിലാണ് മാർത്താണ്ഡവർമ്മ രചിച്ചത്. കൽപ്പനാ ചാതുരിയിൽ സി.വി.യെ. അതിശയിക്കുന്ന നോവലിസ്റ്റുകൾ ചുരുക്കം. മാർത്താണ്ഡവർമ്മയുടെ ജീവിതകാലത്ത് ചരിത്ര സംഭവങ്ങൾ അസ്ഥിപഞ്ജരം മാത്രം. സി.വി.യുടെ ഭാവനയിൽ വിടർന്ന പുതിയ സംഭവങ്ങളും കഥാപാത്രങ്ങളുമാണ് നോവലിന് ശക്തി നൽകുന്നത്. രാജാകേശവദാസിന്റെ ജീവിതത്തെ പശാചത്തലമാക്കി മൂന്നു നോവലുകൾ രചിക്കണമെന്ന് സി.വി. ആഗ്രഹിച്ചിരുന്നു. ധർമ്മരാജ, രാമരാജാ ബഹദൂർ ദിഷ്ടദംഷ്ടം എന്നിവ. ഇതിൽ അവസാനത്തെ നോവൽ പൂർത്തിയാക്കാൻ കഴിഞ്ഞില്ല. മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ പിൻഗാമിയായിരുന്ന ധർമ്മരാജ എന്ന പ്രഖ്യാതനായ രാമവർമ്മമഹാരാജാവ് അദ്ദേഹത്തിന്റെ കാലത്തെ രാഷ്ട്രീയ സംഭവങ്ങളാണ് 'ധർമ്മരാജായിലെ 'പ്രതിപാദ്യവിഷയം. സി.വി.യുടെ ഉജ്വല പ്രതിഭയുടെ നിദർശനമാണ് രാമരാജബഹദൂർ. അനന്തപത്മനാഭൻ. പെരിഞ്ചക്കോടൻ, ചന്ത്രക്കാരൻ, മാണിക്യഗൗണ്ഡൻ,  കേശവവപിള്ള, സാവിത്രി, കൊടന്തആശാൻ, കാളി പ്രഭാവഭട്ടൻ തുടങ്ങീ അത്ഭുത കഥാപാത്രങ്ങളെ സൃഷ്ടിച്ച സി.വി. കഥാപാത്ര രചനയിൽ അത്യസാധാരണമായ വൈഭവമാണ് പ്രകടിപ്പിച്ചത്.

അപ്പൻതമ്പുരാന്റെ ഭൂതരായർ, കെ.എം. പണിക്കരുടെ കേരളസിംഹം, പുണർകോട്ട് സ്വരൂ

പം, അമ്പാടി നാരായണപ്പൊതുവാളിന്റെ കേരളപുത്രൻ, ഡോ. എസ്.കെ. നായരുടെ അയ്യപ്പൻ, വൈക്കം ചന്ദ്രശേഖരൻ നായരുടെ പഞ്ചവൻകാട്, കെ. സുരേന്ദ്രന്റെ പതാക എന്നിവയാണ് മലയാളത്തിലെ മറ്റു ചരിത്ര നോവലുകൾ.

**4. സാമൂഹിക നോവലുകൾ**

ഇരുപതാം നൂറ്റാണ്ടോടെ മലയാള നോവൽ പുതിയ ജീവിത പ്രപഞ്ചം കണ്ടെത്തിത്തുടങ്ങി. ചരിത്ര നോവലുകളെക്കാളേറെ സാമൂഹിക നോവലുകളോടാണ് എഴുത്തുകാർക്കും വായനക്കാർക്കും പ്രതിപത്തി. ഇന്ദുലേഖയെ തുടർന്നുണ്ടായ സാമൂഹിക നോവലുകളാണ് ടി.കെ. വേലുപ്പിള്ളയുടെ ഹേമലത, മുത്തിരിങ്ങോട് ഭവത്രാതൻ നമ്പൂതിരിപ്പാടിന്റെ അഫ്ഫന്റെ മകൾ കെ. രാമക്കുറുപ്പുമുൻഷി യുടെ സൗദാമിനി.

**5. നോവലിൽ നവോത്ഥാനം**

ഒന്നും രണ്ടും ലോകമഹായുദ്ധങ്ങളും അവമൂലം സംജാതമായ രാഷ്ട്രീയ സാമൂഹിക പ്രശ്ന ങ്ങളും, മൂല്യത്തകർച്ചയും സാഹിത്യത്തെ പുതിയൊരു വഴിയിലേക്ക് നയിക്കാൻ കാരണമായി. വിപു ലവും വൈവിദ്ധ്യം നിറഞ്ഞതുമായ പാശ്ചാത്യനോവൽ സാഹിത്യവുമായി മലയാളത്തിലെ എഴുത്തു കാരെ ബന്ധപ്പെടുത്തിയത് കേസരി ബാലകൃഷ്ണപിള്ളയാണ്. ബൽസാക്ക്, ഇബ്സ്സൻ, ചെഖോവ്, മോപ്പസാങ്, വിക്ടർയൂഗോ ടോൾസ്റ്റോയി, തുടങ്ങി വിശ്വസാഹിത്യകാരന്മാർ ഇവിടുത്തെ എഴുത്തു കാരിൽ സ്വാധീനം ചെലുത്തി.

ഈയൊരു പശ്ചാത്തലത്തിലാണ് തകഴി ശിവശങ്കരപ്പിള്ള, പി.കേശവദേവ്, വൈക്കം മുഹ മ്മദ് ബഷീർ, എസ്.കെ. പൊറ്റെക്കാട്, ഉറൂബ് എന്നിവർ രംഗപ്രവേശം ചെയ്യുന്നത്. 1944–ൽ എം.പി. പോളിന്റെ പ്രസിദ്ധമായ അവതാരികയോടുകൂടി 'ബഷീറിന്റെ' ബാല്യകാലസഖി പ്രസിദ്ധീകരിക്ക പ്പെട്ടു. തുടർന്ന് തകഴിയുടെ രണ്ടിടങ്ങഴി, തോട്ടിയുടെ മകൻ, എസ്.കെ. പൊറ്റെക്കാടിന്റെ വിഷകന്യ ക, ഒരു തെരുവിന്റെ കഥ എന്നിവയും മലയാളിക്ക് ലഭിച്ചു. പിന്നീടങ്ങോട്ട് മലയാള നോവലിന്റെ സുവർണ്ണകാലമായിരുന്നു. ചെമ്മീൻ, ഏണിപ്പടികൾ, കയർ, അയൽക്കാർ ഉമ്മാച്ചു, സുന്ദരികളും സുന്ദ രന്മാരും, ഒരു ദേശത്തിന്റെ കഥ, ന്റുപ്പൂപ്പാക്കൊരാനണ്ടാരുന്നു; പാത്തുമ്മയുടെ ആട്, മതിലുകൾ തുടങ്ങി ധാരാളം നോവലുകൾ. ഏറ്റവും കൂടുതൽ നോവലുകൾ രചിക്കപ്പെടുകയും വായിക്കപ്പെടുകയും ചെയ്ത കാലഘട്ടമായിരുന്നു അത്. ഇവർ സാമൂഹിക വിഷയങ്ങളാണ് നോവൽ രചനയ്ക്കുപയോഗിച്ചത്.

ഉറൂബിന്റെ ഉമ്മാച്ചുവിലൂടെ നോവൽ മറ്റൊരു തലത്തിലേക്ക് കടന്നു. സമൂഹത്തിനുപകരം, മനുഷ്യമനസ്സാണ് എഴുത്തുകാർക്ക് പ്രധാനപ്പെട്ടതായി. എം.ടി.യുടെ തലമുറക്ക് മനസ്സും അതിന്റെ ഭാവങ്ങളുമായിരുന്നു പ്രധാനം. എം.ടി. വാസവുദേവൻ നായരുടെ നോവലുകൾ മലയാളിയുടെ ആസ്വാ ദന തലത്തിൽ നനുത്ത വേദനയും സ്നേഹവുമായി.

പാറപ്പുറത്ത്, വിലാസിനി, കെ. സുരേന്ദ്രൻ, പോഞ്ഞിക്കര റാഫി, മലയാറ്റൂർ, തുടങ്ങി അനേകം നോവലിസ്റ്റുകൾ അവരുടെ രചനകൾകൊണ്ട് മലയാള നോവലിനെ പരിപുഷ്ടമാക്കി.

1960–കളിൽ പാശ്ചാത്യ സാഹിത്യദർശനങ്ങളുടെ അനുരണനങ്ങൾ മലയാള നോവൽ സാഹി ത്യത്തിലും ഉയർന്നു വന്നു. ഒ.വി.വിജയൻ, എം.മുകുന്ദൻ, കാക്കനാടൻ എന്നീ എഴുത്തുകാരാണ് ഈയൊരു ആശയലോകത്തെ മലയാളിക്ക് പരിചയപ്പെടുത്തിയത്. കാക്കനാടന്റെ 'സാക്ഷി' എന്ന

കൃതിയാണ് ഇതിന് തുടക്കം കുറിച്ചത്. ഒ.വി.വിജയന്റെ 'ഖസാക്കിന്റെ ഇതിഹാസം' എന്നിവ പ്രസിദ്ധങ്ങളാണ്. മലയാള നോവൽ ചരിത്രത്തിൽ ഇത്രയേറെ ചർച്ച ചെയ്യപ്പെട്ട മറ്റൊരു കൃതിയില്ല. ധർമ്മപുരാണം, ഗുരുസാഗരം, പ്രവാചകന്റെ വഴി, മധുരം ഗായതി, തലമുറകൾ എന്നീ പിൽക്കാല നോവലുകളിൽ വിജയൻ ഖസാക്കിന്റെ പിന്തുടർച്ചക്കാരനായല്ല നിലകൊള്ളുന്നത്.

മുകുന്ദന്റെ നോവലുകളിൽ ഏറ്റവും ജനപ്രിയമായത് മയ്യഴിപ്പുഴയുടെ തീരങ്ങൾ തന്നെ. മയ്യഴിയുടെ എഴുത്തുകാരാനായാണ് മുകുന്ദൻ അറിയപ്പെടുന്നതുതന്നെ. ഹരിദ്വാറിൽ മണി മുഴുങ്ങുന്നു, ദൽഹി എന്നീ കൃതികളിൽ മലയാളിക്ക് അപരിചിതമായ ഒരു ദർശന ലോകം കാഴ്ച വയ്ക്കുന്നു. എന്നാൽ പിൽകാല രചനകളായ ദൈവത്തിന്റെ വികൃതികൾ, കേശവന്റെ വിലാപങ്ങൾ എന്നീ രചനകളിലൂടെ മുകുന്ദന് വൈവിദ്ധ്യം നിറഞ്ഞ ഒരു കാവ്യ ലോകം കാഴ്ച വയ്ക്കുന്നു. കാക്കനാടൻ, അഞ്ജതയുടെ താഴ്വര, .... ഉഷ്ണമേഖല, പറങ്കിമല, ഏഴാംമുദ്ര, വസൂരി തുടങ്ങി അനേകം കൃതികൾ രചിച്ചിട്ടുണ്ട്. ഇവരിൽ നിന്നെല്ലാം വേറിട്ടു നൽക്കുന്ന എഴുത്തുകാരനാണ് ആനന്ദ്. മരണ സർട്ടിഫിക്കേറ്റ്, ആൾക്കൂട്ടം, അഭയാർത്ഥികൾ, ഉത്തരായണം, ഗോവർദ്ധനന്റെ യാത്രകൾ, എന്നിവയെല്ലാം മലയാളികളായ വായനക്കാരെ ചിന്തിപ്പിക്കുകയുണ്ടായി.

അവരെത്തുടർന്ന്, പുനത്തിൽ കുഞ്ഞബ്ദുള്ള, സേതു, സി. രാധാകൃഷ്ണൻ, വി. പത്മരാജൻ, പെരുമ്പടവം ശ്രീധരൻ, സി.വി. ബാലകൃഷ്ണൻ എന്നിങ്ങനെ പുതുതലമുറ രംഗത്തെത്തിക്കൊണ്ടിരിക്കുന്ന കോവിലൻ, വി.കെ.എൻ. ലളിതാംബിക അന്തർജ്ജനം, പി. വത്സല, സാറാ ജോസഫ് എന്നിവരും അവരവരുടെ നിലപാടുകളുമായി നോവൽ സാഹിത്യത്തെ സമ്പന്നമാക്കി. മറ്റൊരെഴുത്തുകാരനുമില്ലാത്ത നർമ്മബോധമാണ്. വി.കെ.എന്നിന്റെ സവിഷേത. പൂന്നത്തിന്റെ സ്മാരകശിലകൾ, മരുന്ന്, കന്യാവചനങ്ങൾ, സേതുവിന്റെ പാണ്ഡവപുരം, സി.രാധാകൃഷ്ണന്റെ മുൻപേ പറക്കുന്ന പക്ഷികൾ, പെരുമ്പടവത്തിന്റെ ഒരു സങ്കീർത്തനം പോലെ, സി.വി. ബാലകൃഷ്ണന്റെ ആയുസ്സിന്റെ പുസ്തകം, സാറാ ജോസഫിന്റെ അലാഹയുടെ പെൺമക്കൾ എന്നിവ മലയാള നോവൽ സാഹിത്യത്തിൽ ശ്രദ്ധേയങ്ങളാണ്.

**ഉപസംഹാരം**

അനേകമനേകം എഴുത്തുകാരിലൂടെ മലയാള നോവൽ ഇനിയും മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുമെന്നും അരുന്ധതി റോയിയെപ്പോലെയുള്ള നോവലിസ്റ്റുകൾ ഇനിയും മലയാളത്തിലുണ്ടാവുമെന്നും നമുക്ക് പ്രത്യാശിക്കാം.

അധ്യായം - 9

# ചെറുകഥ

**മുഖവുര**

കഥ കേൾക്കാനുള്ള താൽപര്യം മനുഷ്യന് ജന്മസിദ്ധമാണ്. തനിക്കും ചുറ്റും എന്തു നടക്കുന്നു എന്നറിയാനുള്ള അടക്കാനാവാത്ത ജിജ്ഞാസ മനുഷ്യനെ കഥാശ്രവണ കുതുകിയാക്കി. ഈ താല്പര്യത്തിന്റെ ക്രമാനുഗതമായ പുരോഗതിയത്രേ ചെറുകഥ എന്ന സാഹിത്യരൂപം അതിപുരാതനകാലം മുതൽക്കു തന്നെ ധാരാളം കഥകൾ ഇവിടെ പ്രചരിച്ചിരിക്കുന്നു മുത്തശ്ശികഥകളും, നാടോടിക്കഥകളും. എന്നാൽ എന്താണ് ചെറുകഥ എന്നു ചോദിച്ചാൽ വ്യക്തമായ ഒരു നിർവചനം നൽകാനാവില്ല. കാരണം വ്യാഖ്യാനങ്ങളിൽ ഒതുങ്ങി നിൽക്കുന്ന സാഹിത്യരൂപമല്ല ചെറുകഥ. രൂപപരമായ ഹ്രസ്വത, ശിൽപ്പത്തിലുള്ള ഭദ്രത, ധ്വന്യാത്മകത, ഫാന്റസിയോടുള്ള താൽപര്യം എന്നിവ ചെറുകഥയുടെ പ്രത്യേകതകളാണ്.

**1. ആവിർഭാവം**

അതി പ്രാചീനകാലം മുതൽക്കേ കഥകൾ പ്രചരിച്ചിരുന്നുവെങ്കിലും പത്തൊമ്പതാം നൂറ്റാണ്ടിൽ ഒരു സാഹിത്യ വിഭാഗമെന്ന നിലയിൽ ചെറുകഥ പ്രചാരം നേടുന്നത്. ലഘുവെങ്കിലും ജീവസ്പർശിയായ അനുഭവമോ സംഭവമോ വികാരാത്മകമായി ആവിഷ്കരിക്കുന്നതാണ് ചെറുകഥ. ഏങ്കിലും 19-ാം ശതകത്തിൽ മാത്രമാണ് ഒരു സാഹിത്യ വിഭാഗമെന്ന നിലയിൽ ചെറുകഥ പ്രചാരം നേടുന്നത്.

ജീവിതത്തിലെ ഒരു സംഭവത്തിന്റെയോ രംഗത്തിന്റെയോ ഭാവത്തിന്റെയോ ഗദ്യചിത്രമാണ് ചെറുകഥ. ഇതിൽ ദീർഘമായ വിവരണമോ ആഖ്യാനമോ അനുവദനീയമല്ല. നിരർത്ഥക കഥാപാത്രങ്ങൾക്കും ഉപപ്ലോട്ടുകൾക്കും ചെറുകഥയിൽ സ്ഥാനമില്ല. ശാന്തവും ശ്രദ്ധാർഹവുമായിരിക്കണം ആദ്യഘട്ടം. പ്ലോട്ടിലേക്ക് ചായുന്നത് രണ്ടാംഘട്ടം. അനുവാചകന്റെ അനുമാനം തെറ്റെന്ന് കാണിക്കുന്നത് മൂന്നാംഘട്ടം. കഥാപാത്രത്തിന്റെ ഉദ്ദേശ്യത്തെ പ്രകാശിപ്പിക്കുന്നത് നാലാംഘട്ടം എന്നിങ്ങനെ നാല് ഘട്ടങ്ങൾ ചെറുകഥയിലുണ്ടാവും. നോവലിനെ പലതായി വിഭജിക്കുന്നതുപോലെ ചെറുകഥയെയും പലതായി വിഭജിച്ചിരിക്കുന്നു. സംഭവ ചെറുകഥകൾ, രംഗ ചെറുകഥകൾ, ഹാസ്യ ചെറുകഥകൾ, ചരിത്ര കഥകൾ എന്നിവയാണ്. പാശ്ചാത്യ സാഹിത്യത്തിൽ നിന്ന് മലയാളത്തിലേക്ക് ആവാഹിക്കപ്പെട്ട ചെറുകഥാ പ്രസ്ഥാനം മലയാളത്തിൽ ഒരു നൂറ്റാണ്ടുകൊണ്ട് അത്ഭുതാവഹമായ വളർച്ച നേടി. മനുഷ്യ ജീവിതത്തിൽ മാറ്റം, ഗതിവേഗം, ജീവിതാനുഭവങ്ങളെ ചുരുങ്ങിയ മാത്രകളിൽ ഒതുക്കുവാനുള്ള ശ്രമം, ബഹുജന വിദ്യാഭ്യാസത്തിന്റെ ഫലമായി ഉയർന്നു വന്ന വായനക്കാരുടെ ലോകം, പത്രമാസികകളുടെ പ്രചാരം, കഥാസാഹിത്യത്തിന്റെ വളർച്ചയ്ക്ക് കാരണമായി.

**2. പ്രാധാന്യവും പുരോഗതിയും**

കേസരി, വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ ഇവരിൽ തുടങ്ങി ഇ.വി. കൃഷ്ണപിള്ളയിൽ അവസാനിക്കുന്നതാണ് മലയാളത്തിലെ ഒന്നാം തലമുറക്കാരായ ചെറുകഥാ കൃത്തുക്കൾ. രസനീയമായ കഥ പറയുന്നതിലൂടെ കഥ എന്ന സാഹിത്യ രൂപത്തിലേക്ക് ആളുകളെ ആകർഷിക്കുകയായിരുന്നു ഇവരുടെ ലക്ഷ്യം. തകഴി, ദേവ്, ബഷീർ, പൊൻകുന്നം, വർക്കി, എസ്.കെ. പൊറ്റക്കാട്, ലളിതാംബിക അന്തർജ്ജനം തുടങ്ങിയവർ ഉൾപ്പെടുന്ന രണ്ടാം തലമുറക്കാർ ചെറുകഥയെ ഒരു പ്രസ്ഥാനമാക്കി മാറ്റിയെടുത്തു. ഇവർ റിയലസ്റ്റിക് കഥാകഥനത്തിന് ആരംഭം കുറിച്ചു.

**ഉപസംഹാരം**

ഭാവനയുടെ വർണ്ണദീപ്തിയുമായി ചെറുകഥാ പ്രസ്ഥാനത്തിൽ കടന്നുവന്നവരാണ് മൂന്നാം തലമുറക്കാരായ എം.ടി. വാസുദേവൻ നായരും, ടി. പത്നാഭനും, മാധവികുട്ടിയുമൊക്കെ ഇവർ കഥയെ കവിതയോടടുപ്പിച്ചു. നാലാം തലമുറക്കാരായ എം. മുകുന്ദൻ, സക്കറിയ, എം.പി. നാരായണപിള്ള, ഒ. വി. വിജയൻ എന്നിവരുടെ കൈകളിൽ ചെറുകഥയെ ആധുനീകരിച്ച് ലോകസാഹിത്യത്തിന്റെ നില വാരത്തിലെത്തിച്ചു.

അധ്യായം - 10

# ബാലസാഹിത്യം

## മുഖവുര

മാനവരാശിയെ ഒരു വൃക്ഷമായി സങ്കൽപ്പിക്കാമെങ്കിൽ അതിലെ തിളക്കമുള്ള സുഗന്ധവാഹികളായ മൊട്ടുകളാണ് കുട്ടികൾ. അനുകരണ വാസന, ജിജ്ഞാസ, കൽപ്പനാവൈഭവം മുതലായവ കുട്ടികുടെ സഹജസ്വഭാവങ്ങളാകുന്നു. ഇതോടൊപ്പം പ്രകൃതി പ്രതിഭാസങ്ങൾ അവരുടെ മനസ്സിനെ ആകർഷിക്കുന്നു. തങ്ങൾ ജീവിക്കുന്ന സാമൂഹിക പരിതസ്ഥിതികളാണ് കുട്ടികളുടെ ഭാവി ജീവിതത്തെ വലിയ അളവിൽ നിയന്ത്രിക്കുന്നത്. ഒരു കുട്ടി, അവന്റെ വളർച്ചയിൽ വിവിധഘട്ടങ്ങൾ തരണം ചെയ്യേണ്ടിയിരിക്കുന്നു. ഓരോ ഘട്ടത്തിലും, അവന്റെ മാനസികവും വൈജ്ഞാനികവും, വൈകാരികവും ആയ ആവശ്യങ്ങൾ വ്യത്യസ്തമായിരിക്കും. ഈ ആവശ്യങ്ങൾ പൂർണ്ണമായി നിറവേറ്റാൻ ഔപചാരിക വിദ്യാഭ്യാസം മാത്രം പോര. സ്വയം വായിക്കാൻ യോജിച്ച പുസ്തകങ്ങൾ വേണം. ഇവയത്രേ ബാലസാഹിത്യകൃതികൾ.

## 1. ബാലസാഹിത്യത്തിന്റെ വളർച്ച

ബാലസാഹിത്യകൃതികളെ കുട്ടികളുടെ വളർച്ചാഘട്ടമനുസരിച്ച് ശിശുസാഹിത്യം, ബാലസാഹിത്യം, കിശോരസാഹിത്യം, കൗമാരസാഹിത്യം എന്നിങ്ങനെ വിഭജിക്കാം. മൂന്നു വയസ്സുമുതൽ ആറു വയസ്സുവരെ പ്രായമുള്ള കുട്ടികൾക്കു വേണ്ടിയുള്ള രചനകളാണ് ശിശു സാഹിത്യം. നേഴ്സറി ഗാനങ്ങൾ, നോൺസെൻ റൈംസ് തുടങ്ങിയവയാണ് ഈ വിഭാഗത്തിലേർപ്പെടുന്നത്. ആറുവയസ്സുമുതൽ പത്തു വയസ്സുവരെ പ്രായമുള്ള കുട്ടികൾക്കുള്ള സാഹിത്യമാണ് ബാലസാഹിത്യം, യക്ഷിക്കഥകൾ, പ്രകൃതികഥകൾ, ചരിത്രകഥകൾ പുരാണകഥകൾ, വിനോദകഥകൾ, ലഘുകവിതകൾ ഇവ ഈ വിഭാഗത്തിൽപ്പെടുന്നു.

പത്തുമുതൽ പന്ത്രണ്ട് വയസ്സുവരെയുള്ള കുട്ടികൾക്ക് വേണ്ടിയുള്ളതാണ് കിശോരസാഹിത്യം. വീരാപദാനകഥകൾ, ലഘുജീവചരിത്രങ്ങൾ, ബാലകഥകൾ, ബാലകവിതകൾ തുടങ്ങിയവയാണ്. പന്ത്രണ്ടിനും പതിനാറിനും ഇടയിൽ പ്രായമുള്ള കുട്ടികൾക്കുള്ള സാഹിത്യമാണ് കൗമാരസാഹിത്യത്തിൽ ഉൾപ്പെടുന്നത്. സാഹിത്യത്തിന്റെയും അറിവിന്റെയും നവീന മേഖലകൾ കുട്ടികൾക്ക് പരിചയപ്പെടുത്തിക്കൊടുക്കുകയാണ് ബാലസാഹിത്യകൃതികളുടെ പ്രധാന ലക്ഷ്യം.

ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തോടെയാണ് ഒരു പ്രസ്ഥാനമായി ബാലസാഹിത്യരംഗം വളരുന്നത്. എന്നാൽ അതി പ്രാചീനകാലത്തു തന്നെ ഭാരതത്തിൽ ബാലസാഹിത്യം ഉണ്ടായിരുന്നു. ഇവയിൽ ഏറ്റവും പ്രസിദ്ധവും പഴയതുമാണ് വിഷ്ണുശർമ്മന്റെ പഞ്ചതന്ത്രം. ഇതിനുമുമ്പു തന്നെ ഈസോപ്പുകഥകൾ, ഗള്ളിവറുടെ സഞ്ചാരകഥകൾ, ആലീസിന്റെ അത്ഭുത ലോകം തുടങ്ങിയവ ബഹുജനശ്രദ്ധ ആകർഷിച്ചിരുന്നു.

നാടോടികഥകളായും മുത്തശ്ശിക്കഥകളായും ധാരാളം കഥകൾ, മലയാളത്തിൽ കുട്ടികൾക്ക് വേണ്ടിയുണ്ടായിരുന്നു. ഇവയിൽ പലതും ജീവിത രൂപം ഉള്ളവയായിരുന്നില്ല.

## 2. ബാലസാഹിത്യകാരന്മാർ

1860-ൽ ഗുണ്ടർട്ട് വിദ്യാർത്ഥികൾക്കായി ചില ഗദ്യപാഠങ്ങൾ ഉൾപ്പെടുത്തി 'പാഠമാല' പ്രസിദ്ധീകരിച്ചു. ഇതോടെ ബാലസാഹിത്യം വളർച്ചയുടെ പുതിയ പടവിലെത്തി.

1866-ൽ വൈക്കത്ത് പാച്ചുമൂത്ത് ബാലഭൂഷണം' രചിച്ചു. മലയാള ബാലസാഹിത്യ രംഗത്തെ നാഴികല്ലായി മാറി ഈ പുസ്തകം. മൂക്കോർത്തു കുമാരന്റെ 'ശാകുന്തളം', എ.ഐ. രാമപൈയുടെ ബാലഭാരതം' ആർ. ഈശ്വരപിള്ളയുടെ ശ്രീരാമൻ' തുടങ്ങിയവരാണ് മലയാളത്തിലെ ആദ്യകാല സാഹിത്യകൃതികൾ.

കുമാരനാശാന്റെ പുഷ്പവാടി, ജി. ശങ്കരക്കുറുപ്പിന്റെ ഓലപ്പീലി, ഇളംചുണ്ടുകൾ, കാരൂരിന്റെ അഴകനും പൂവാലിയും, ആനക്കാരൻ, പാലാനാരായണൻ നായരുടെ പൂക്കളം, വൈലോപ്പിള്ളിയുടെ പച്ചക്കുതിര, മിന്നാമിന്നി, ഉറൂബിന്റെ മല്ലനും മരണവും, എം.ടി.യുടെ മാണിക്കകല്ല്, കുഞ്ഞുണ്ണിയുടെ കഥകളും കവിതകളും ഇവയൊക്കെ ബാലസാഹിത്യരംഗത്തെ സമ്പുഷ്ടമാക്കി.

സി.പി. പള്ളിപ്പുറം (ചന്ദനപ്പാവ, പൂരം, മിന്നാമിനുങ്ങ്) എം.എസ്. കുമാർ (കുഞ്ഞൻ പക്ഷി, സ്വർണ്ണ തുമ്പി, കെ. തായാട്ട് (കഥയുറങ്ങുന്ന വഴിയിലൂടെ), മഴ, തേന്മഴ, ടി.വി. ജോൺ (അമ്മയ്ക്കൊരു സമ്മാനം) ശൂരനാട് രവി (കിളിപ്പാട്ടുകൾ) എരുമേലി പരമേശ്വരൻപിള്ള (ഉത്തരരാമചരിതം ബാലശാകുന്തളം, ഡോ. കെ.എം.ജോർജ്ജ് (ഭാരതത്തിലെ ഭാഷകൾ) കടവിൽ ശശി (കുട്ടികളുടെ ഏകാങ്കങ്ങൾ) തുടങ്ങിയവർ മലയാളത്തിലെ ബാലസാഹിത്യകാരന്മാരാണ്.

**ഉപസംഹാരം**

നമ്മുടെ വിദ്യാഭ്യാസ പുരോഗതിയ്ക്കനുസരണമായി ബാലസാഹിത്യശാഖ പുരോഗതി പ്രാപിച്ചിട്ടില്ല. ആസൂത്രിത പരിപാടിയോടുകൂടി, വേണ്ടത്ര ചിത്രീകരണങ്ങളോടെ, ആകർഷകമായ വിധം ബാലസാഹിത്യകൃതികൾ പ്രസിദ്ധീകരിക്കാൻ ഫലപ്രദമായ ശ്രമങ്ങളൊന്നും നടക്കുന്നില്ല. ബാലസാഹിത്യ രചനയിൽ ഏർപ്പെടുന്നവർക്ക് പ്രാഥമികജ്ഞാനം നൽകാൻ സഹായിക്കുന്ന കൃതിയാണ് ബാലസാഹിത്യരചന' ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച 'എന്താണ് കുട്ടികളുടെ സാഹിത്യം' എന്ന കൃതിയും ഈ വിഭാഗത്തിൽപ്പെടുന്ന ആധികാരിക ഗ്രന്ഥമാകുന്നു.

## അധ്യായം - 11

# നാടകം

**മുഖവുര**

ജനങ്ങളെ വളരെയധികം ആകർഷിക്കുന്ന ദൃശ്യപ്രധാനമായ കലാരൂപമാണ് നാടകം. സങ്കീർണ്ണമായ ജീവിതത്തിൽ നിന്ന് അടർത്തിയെടുക്കുന്ന സംഘർഷാത്മകമായ ജീവിതരംഗങ്ങളാണ് നാടകത്തിലെ പ്രമേയങ്ങൾ. കഥയെക്കാളേറെ രംഗസംവിധാനവും, സംഭാഷണവും, ഭാവാഭിനയവും സമസ്ത ഭാവചലനങ്ങളോടും കൂടി യാഥാർത്ഥ്യബോധത്തോടെ രംഗത്തവതരിപ്പിക്കാൻ നാടകം പോലെ പ്രയോജനപ്പെടുന്ന മറ്റൊരു കലാരൂപമില്ല.

അതിപ്രാചീനകാലം മുതൽക്കേ നാടകം ഭാരതത്തിൽ പ്രചരിച്ചിരുന്നു. നാട്യകലയ്ക്ക് നിയതരൂപം നൽകിയ ഭാരതമുനിയുടെ നാട്യശാസ്ത്രം ഇതിന് തെളിവാണ്. ഭാരതീയചാര്യന്മാർ നാട്യം, നൃത്തം, നൃത്ത്യം എന്ന് മൂന്നായി ദൃശ്യകലകളെ വിഭജിച്ചിരിക്കുന്നു. സംഗീതവും, അഭിനയവും ഒരുമിച്ച് ചേർന്ന് കാഴ്ചക്കാരെ രസിപ്പിക്കുന്ന കലാവിദ്യയാണ് രൂപകം. സംസ്കൃതാചാര്യന്മാർ രൂപകത്തെ നാടകം, അങ്കം, പ്രകരണം, ഈഹാമൃഗം, ഡിമം, സമവകാശം, ഭാണം, പ്രഹസനം, വീഥി, വ്യായോഗം എന്നിങ്ങനെ ദശരൂപകങ്ങളായി തിരിച്ചിരിക്കുന്നു.

> 'ധീരോദാത്തനതി പ്രതാപഗുണവാൻ വിഖ്യാതവംശൻധരാ-
> പാലൻ നായകനഞ്ചു, സന്ധികളതിഖ്യാതം കഥാവസ്തുവും
> നാലഞ്ചാളുകളങ്കമഞ്ചധികമോ ശൃംഗാരമോ വീരമോ
> മുഖ്യം, നിർവ്വഹണതതിലത്ഭുതരസം നഥോദയം നാടകം'

എന്നിങ്ങനെ നാടകത്തിന് ലക്ഷണ നിർണ്ണയം ചെയ്തിരിക്കുന്നു. പുരാണങ്ങളിൽ നിന്നോ ഇതിഹാസങ്ങളിൽ നിന്നോ എടുത്തതായിരിക്കണം കഥാവസ്തു. നായകൻ ധീരോദാത്തനും ഗുണവാനും ആയിരിക്കണം. അഞ്ചുസന്ധികൾ ഉണ്ടാവണം അഞ്ചു അങ്കങ്ങളുടെ എണ്ണം അഞ്ചുമുതൽ പത്തുവരെയാകാം. മുഖ്യരസം വീരമോ ശൃംഗാരമോ ആകാം. നായകന്റെ അഭ്യുദയത്തിൽ നാടകം അവസാനിക്കണം. ഇതാണ് സംസ്കൃതാചാര്യന്മാർ നാടകത്തിന് നൽകുന്ന ലക്ഷണം. പ്രസ്താവന, പഞ്ചസന്ധികൾ നാട്യോക്തികൾ, അഭിനയരീതികൾ ഇവ സംസ്കൃത നാടകത്തിൽ പരമപ്രധാനമാണ്. ദേവന്മാരെ പ്രീതിപ്പെടുത്തുന്നതിനായി കാവ്യാർപണത്തെ സൂചിപ്പിച്ചു ചൊല്ലുന്ന ശ്ലോകമാണ് നാന്ദി. വിദൂഷകൻ, നടീനടന്മാർ ഇവരിലാരെങ്കിലും അരങ്ങിൽ വന്ന് കഥാവസ്തു സൂചിപ്പിക്കുന്ന രീതിയിൽ സൂത്രധാരനുമായി സംഭാഷണത്തിൽ ഏർപ്പെടുന്നതാണ് പ്രസ്താവന. കൊലമരണം, ശയനം, യുദ്ധം തുടങ്ങിയവ കാഴ്ചക്കാരെ അറിയിക്കുന്നതിന് സ്വീകരിക്കുന്നത് വിഷ്ക്കംഭം.

### 1. മലയാള നാടകങ്ങൾ

1882-ൽ കേരളവർമ്മ വലിയ കോയിത്തമ്പുരാൻ 'അഭിജ്ഞാനശാകുന്തളം' പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിച്ചു. ഇതോടെ മലയാളനാടക പ്രസ്ഥാനം ആരംഭിച്ചുവെന്ന് പറയാം. ഇതോടെ പല നാടകങ്ങളും മലയാളത്തിലേക്ക് വിവർത്തനം ചെയ്യപ്പെടുകയുണ്ടായി. മലയാള നാടകസാഹിത്യത്തിൽ തമിഴ് സംസ്കൃത നാടകങ്ങൾ സ്വാധീനം ചെലുത്തി. സുഭദ്രാർജ്ജുനം (തോട്ടയ്ക്കാട് ഇക്കാവമ്മ) മനോരമാ വിജയം (വയസ്കരമൂസ്) മനോരമാവിജയം എന്നിവ ഇവയിൽപ്പെടുന്നു.

ഇംഗ്ലീഷ് നാടകങ്ങളെ അനുകരിച്ച് മലയാളത്തിലുണ്ടായ നാടകങ്ങളാണ് പ്രഹസനം. പരിഹാസപ്രധാനങ്ങളായ നാടകങ്ങളാണ് പ്രഹസനങ്ങൾ. സിവി.രാമൻപിള്ളയുടെ ചന്ദ്രമുഖീവിലാസമാണ് മലയാളത്തിലെ ആദ്യ പ്രഹസനം.

**2. ചരിത്രനാടകങ്ങൾ**

ചരിത്ര സംഭവത്തെ അടിസ്ഥാനമാക്കി എഴുതുന്ന നാടകങ്ങളാണ് ചരിത്ര നാടകങ്ങൾ. ആദ്യ ചരിത്രനോവലുകളായ മാർണ്ഡവർമ്മ, ധർമ്മരാജ രാമരാജബഹദൂർ ഇവയുടെ നാടകാവിഷ്കാരമായിരുന്നു മലയാളത്തിലെ ആദ്യചരിത്ര നാടകങ്ങൾ. എങ്കിലും മലയാളത്തിൽ ചരിത്രനാടകത്തിന് ആരംഭം കുറിച്ചത് ഇ.വി. കൃഷ്ണപിള്ളയുടെ സീതാലക്ഷ്മി ആണ്. രാജാകേശവദാസൻ, മാനവിക്രമവിജയം, സ്വാതി തിരുനാൾ തുടങ്ങിയവ മലയാളത്തിലെ ശ്രദ്ധേയമായ ചരിത്ര നാടകങ്ങളാണ്.

**3.സാമൂഹിക നാടകങ്ങൾ**

സാമൂഹിക വിഷയങ്ങളെ നാടകേതിവൃത്തമായി സ്വീകരിക്കുക സാധാരണയാണ്. സാമൂഹിക രാഷ്ട്രീയ നാടകങ്ങൾക്കാണ് എന്നും പ്രേക്ഷകരെ ആകർഷിക്കാനാവുക. കൊച്ചീപ്പൻ തരകന്റെ 'മറിയാമ്മ' നാടകമാണ് മലയാളത്തിൽ രചിക്കപ്പെട്ട ആദ്യത്തെ സാമൂഹിക നാടകം. വി.ടി. ഭട്ടതിരിപ്പാടിന്റെ 'അടുക്കളയിൽ നിന്ന് അരങ്ങത്തേയ്ക്ക്' എന്ന നാടകം മലയാളനാടക ചരിത്രത്തിലെ തന്നെ അവിസ്മരണീയ രചനയായി നിലകൊള്ളുന്നു. തോപ്പിൽ ഭാസി, കെ.ടി.മുഹമ്മദ്, എൻ.എൻ. പിള്ള. എസ്.എൽ.പുരം സദാനന്ദൻ എന്നിവരും മികച്ച സാമൂഹിക നാടകങ്ങൾ രചിച്ചിട്ടുണ്ട്.

**4. പ്രശ്ന നാടകങ്ങൾ**

നോർവ്വേയിൽ നാടകകൃത്തായ ഹെൻട്രി ഇബ്സന്റെ രചനകളെയാണ് ലോകവേദിയിൽ പ്രശ്നനാടകങ്ങളായി കണക്കാക്കുന്നത്. നാടകാരംഭത്തിൽ ഇതിവൃത്തത്തിൽ സൂചിതമാകുന്ന പ്രശ്നത്തിന് നാടകാന്ത്യത്തിൽ പരിഹാരം കാണുന്നതിനാലാണ് ഇങ്ങനെയൊരു പേരുണ്ടായത്. മലയാളനാടകവേദിയിൽ പ്രൊഫ. എൻ. കൃഷ്ണപിള്ളയുടെ നാടകങ്ങളെയാണ് പ്രശ്നനാടകങ്ങൾ എന്നു പറയുന്നത്. 1942-ൽ പ്രസിദ്ധീകരിച്ച ഭഗ്നഭവനം എന്ന നാടകം ഏറെ പ്രശംസ നേടി. കന്യക, ബലാബലം, അഴിമുഖത്തേക്ക് എന്നിവയാണ് എൻ.കൃഷ്ണപിള്ളയുടെ പ്രധാന നാടകങ്ങൾ.

**5. ബൈബിൾ നാടകങ്ങൾ**

എൻ. കൃഷ്ണപിള്ളയെപ്പോലെതന്നെ മലയാള നാടകവേദിക്ക് മറക്കാനാവാത്ത മറ്റൊരു പേരാണ് സി.ജെ. തോമസിന്റേത്. ആ മനുഷ്യൻ നീ തന്നെ, അവൻ വീണ്ടും വരുന്നു, ഇവനെന്റെ പ്രിയപുത്രൻ എന്നിവ എഴുതിയ സി.ജെ. സമൂഹത്തിന്റെ മുന്നിൽ എന്നും ധിക്കാരിയായിരുന്നു. സി.ജെ.ക്ക് മുമ്പും, പിമ്പും പലരും ബൈബിൾ കൃതികളെ ഇതിവൃത്തമാക്കിയിട്ടുണ്ടെങ്കിലും അവയൊന്നും അത്രത്തോളം കെട്ടുറപ്പുള്ളവയല്ല. നാടകം ധന്യാത്മകമാവുന്നത് സി.ജെ.യുടെ കാലത്താണ്.

**6. ഏകാങ്ക നാടകം**

മലയാള നാടക സാഹിത്യത്തിന് പാശ്ചാത്യ സമ്പർക്ക ഫലമായുണ്ടായ മറ്റൊരു നാടകരീതിയാണ് ഏകാങ്ക നാടകം. ഒരേ ഒരു അങ്കം കൊണ്ട് പൂർണ്ണമാകുന്ന നാടകമാണിത്. ഒരു നാടകത്തിന്റെ എല്ലാ സവിശേഷതകളും ഒരൊറ്റ അങ്കത്തിൽ ഒതുക്കി നാടകത്തിന്റെ സവിശേഷ വ്യക്തിത്വം വർദ്ധി

പ്പിക്കുകയാണ് ഏകാങ്ക നാടകങ്ങൾ സംഘർഷഭരിതമായ ജീവിതമാണ് ഏകാങ്ക നാടകത്തിലെ ഇതിവൃത്തം.

**7. എപ്പിക്തിയറ്റർ**

മലയാള നാടക രംഗത്തെ സ്വാധീനിച്ച അത്യാധുനിക സമ്പ്രദായമാണ് എപ്പിക് തിയറ്റർ ജർമ്മൻകാരനായ ഹെർട്ടോൾട്ട് ബ്രൊഹത് ആണ് ഇതാവിഷ്കരിച്ചത്. നാടകം അനുവാചകനെ കാണിക്കുക. അവനെ പഠിപ്പിക്കുക ഇതാണ് ലക്ഷ്യം. നാടകം കാഴ്ചക്കാരനിലെ ചിന്തകളെ ഉണർത്തണമെന്നും അതിലൂടെ അവനെ സാമൂഹിക പരിവർത്തനത്തിന് തയ്യാറാകണമെന്നും അദ്ദേഹം നിർദ്ദേശിച്ചു.

**8. തനതു നാടകവേദി**

ജി. ശങ്കരപിള്ള, കാവാലം നാരായണപ്പണിക്കർ, സിഎൻ. ശ്രീകണ്ഠൻനായർ ഇവരുടെ നേതൃത്വത്തിൽ രൂപം കൊണ്ട സവിശേഷ നാടകപ്രസ്ഥാനമാണ് തനതു നാടക വേദി പുരാതനഭാരതത്തിലെയും കേരളത്തിലെയും ക്ലാസിക് നാടോടി കലാരൂപങ്ങളുടെ ലാളിത്യവും ഗാംഭീര്യവും താളവും ചൈതന്യവും നാടകത്തിൽ സന്നിവേശിപ്പിക്കാനുള്ള ശ്രമമാണ് തനതു നാടകവേദിയുടെ പ്രത്യേകത.

**9. കുട്ടികളുടെ നാടകവേദി**

കുട്ടികളുടെ മാനസികവും, വൈകാരികവും, ചിന്താപരവുമായ വികസനത്തെ മുൻനിർത്തി, അവരിലെ കലാഭിരുചി പരിപോഷിപ്പിക്കുന്നതിനുവേണ്ടിയുള്ള നാടകവേദിയാണ് കുട്ടികളുടെ നാടകവേദി. കുട്ടികളുടെ നാടകവേദിയെന്ന സങ്കൽപ്പത്തെ യാഥാർത്ഥ്യവൽക്കരിക്കാൻ ശ്രമിച്ചവരിൽ പ്രമുഖൻ ജി. ശങ്കരപിള്ളയാണ്. കുട്ടമത്ത് രചിച്ച ബാലഗോപാലൻ' ആണ് മലയാളത്തിലെ ആദ്യ ബാലനാടകം. കാബൂളിവാല, മുള്ളും പൂവും, ഓണപ്പുടവ (എം.പി.പി. നമ്പൂതിരി) പൊന്നുകുടം, നിധിയും നീതിയും ഒരു കൂട്ടം ഉറുമ്പുകൾ (തിക്കൊടിയൻ) എന്നിവ മലയാളത്തിലെ പ്രമുഖ ബാല നാടകങ്ങളാണ്.

**10. റേഡിയോ നാടകങ്ങൾ**

നാടകം ഒരു ദൃശ്യകലയായിരിക്കെത്തന്നെ അതിനെ ഒരു ശ്രാവ്യകലയാക്കി മാറ്റുന്നതാണ് ഒരർത്ഥത്തിൽ റേഡിയോ നാടകങ്ങൾ. റേഡിയോ നാടകങ്ങളിൽ സംഭാഷണത്തിന് പ്രധാന്യമേറും. പ്രസിദ്ധങ്ങളായ പല നോവലുകളും റേഡിയോ നാടകങ്ങളായി എഴുതപ്പെട്ടിട്ടുണ്ട്. നാഗവള്ളി ആർ. എസ്.കുറുപ്പ്, ടി.എൻ. ഗോപിനാഥൻ നായർ, ജഗതി എൻ.കെ. ആചാരി എന്നിവരൊക്കെ റേഡിയോ നാടക രചയിതാക്കളെന്ന നിലയ്ക്ക് പ്രസിദ്ധരായിരുന്നു. മലയാള നാടക്കവേദിയിൽ സി.എൻ. ശ്രീകണ്ഠൻ നായരുടെ കാഞ്ചനസീത എടുത്തു പറയേണ്ടതാണ്. കാഞ്ചനസീത, സാകേതം, ലങ്കാലക്ഷ്മി എന്നീ നാടകത്രയങ്ങളും 'കലി' എന്ന പരീക്ഷണനാടകവും സി.എന്നിന്റെ രചനയിൽപ്പെട്ടതാണ്.

## 1. ( ഉറൂബ് ) പി.സി. കുട്ടികൃഷ്ണൻ

1915 ആഗസ്റ്റ് 15–ന് പൊന്നാനിയിൽ ജനനം. ഉറൂബ് എന്ന തൂലികാ നാമത്തിൽ പ്രസിദ്ധനായ പി.സി. കുട്ടികൃഷ്ണന്റെ നോവലുകൾ ഉമ്മാച്ചു. സുന്ദരികളും സുന്ദരന്മാരും, അമ്മിണി, അണിയറ, മൗലവിയും ചങ്ങാതിമാരും, മിണ്ടാപ്പെണ്ണ് തുടങ്ങിയവയാണ്. വിപുലമായ കാൻവാസിൽ സാമൂഹിക ചലനങ്ങൾ ഭാവസുഭഗമായി ആവിഷ്ക്കരിക്കാനാണ് ഉറൂബ് ശ്രദ്ധിക്കുന്നത്. മനുഷ്യ പ്രകൃതിയുടെ ഭിന്നതലങ്ങളെ സ്പർശിക്കുന്ന ഉറൂബിന്റെ നോവലുകൾ, മാനുഷിക ബന്ധങ്ങളുടെ മനോജ്ഞ ചിത്രീകരണങ്ങൾ കൂടിയാണ്. മായന്റെയും ഉമ്മാച്ചുവിന്റെയും ജീവിതത്തെ കേന്ദ്രമാക്കി രചിച്ച ഉമ്മാച്ചുവിൽ അഞ്ചു തലമുറകളുടെ കഥകളാണുള്ളത്. സംഘർഷാത്മകമായ മലബാറിന്റെ സാമൂഹിക ജീവിതമാണ് സുന്ദരികളും സുന്ദരന്മാരും എന്ന നോവലിലെ പ്രമേയം. സ്വാതന്ത്ര്യസമര പശ്ചാത്തലത്തിൽ

രചിച്ച ഈ നോവലിൽ മലബാറിലെ ജനങ്ങളുടെ ജീവിതത്തിൽ ഇരുപതാം ശതകത്തിന്റെ പൂർവ്വാർദ്ധ ത്തിൽ ഉണ്ടായ മൗലികമായ പരിവർത്തനങ്ങൾ അനാവരണം ചെയ്യുന്നു. കേന്ദ്രസാഹിത്യ അക്കാദ മിയുടെ അവാർഡുനേടിയ നോവലാണത്.

അധ്യാപകൻ, പത്രപ്രവർത്തകൻ ആകാശവാണിയിലെ ഉദ്യോഗസ്ഥൻ, എന്നീ നിലകളിലെല്ലാം പ്രവർത്തിച്ചിട്ടുണ്ട്. മലബാറിലെ ഇടത്തരക്കാരായ ആളുകളുടെ ജീവിതം ചിത്രീകരിക്കുന്നതിൽ സമർത്ഥ നാണ് ഉറൂബ്. പ്രസന്നത ഉറൂബിന്റെ ശൈലിയുടെ പ്രത്യേകതയാണ്. താൻ നെയ്തെടുത്ത കഥയുടെ പശ്ചാത്തലവുമായി വൈകാരികബന്ധം അദ്ദേഹത്തിനുണ്ട് നാട്ടിൻപുറങ്ങളിലെ പരുക്കൻ ജീവിതം മനുഷ്യ സ്നേഹത്തിന്റെ ഭാഷയിൽ ആവിഷ്ക്കരിക്കാൻ ഉറൂബിന് സാധിക്കുന്നു. ഇതിനുദാഹരണ മാണ് അദ്ദേഹത്തിന്റെ 'തെരഞ്ഞെടുത്ത കഥകൾ' എന്ന സമാഹാരത്തിലെ 'കൊടുങ്കാറ്റിൽ' എന്ന കഥ. അദ്ദേഹത്തിന്റെ മറ്റുകഥകൾ നീർച്ചാലുകൾ, തേൻമുള്ളുകൾ നവോന്മേഷം. തുറന്നിട്ട ജാലകം, കൂമ്പെടുക്കുന്ന മണ്ണ്. കതിർക്കറ്റ, മൗലവിയും ചങ്ങാതിമാരും തുടങ്ങിയവയാണ് ഉറൂബിന്റെ പ്രധാന സമാഹാരങ്ങൾ

പടച്ചോന്റെ ചോറ് - തെരഞ്ഞെടുത്ത കഥകൾ, കൊടുങ്കാറ്റിൻ -

## 2. ലളിതാംബികാ അന്തർജ്ജനം

1909 മാർച്ച് 30—ന് കൊട്ടാരക്കരയിൽ ജനിച്ചു. നമ്പൂതിരി സമുദായത്തിലെ അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കും നേരെയാണ് അന്തർജ്ജനം തന്റെ തൂലിക ചലിപ്പിച്ചത്. അന്തർജ്ജനത്തിന്റെ ആദ്യകാല കഥകളിലെല്ലാം കാൽപ്പനിക പ്രവണതകളാണ് കാണുന്നത്. നമ്പൂതിരി ഇല്ലങ്ങളും നാട്ടിൻപു റങ്ങളുമാണ് അവരുടെ കഥകളുടെ ഭൂമിക. ആ സമുദായത്തിലെ കഷ്ടത അനുഭവിക്കുന്ന സ്ത്രീക ളുടെ ചിത്രം ചൈതന്യവത്തായി അവർ ആവിഷ്കരിക്കുന്നു. കവിതയുടെ ഭാവസൗകുമാര്യവും പ്രസ ന്നതയും നിറഞ്ഞതാണ് അന്തർജ്ജനത്തിന്റെ കഥകൾ. തകർന്നതലമുറ, കൊടുങ്കാറ്റിൽ നിന്ന്, കിളി വാതിലൂടെ, മൂടുപടത്തിൽ, കാലത്തിന്റെ ഏടുകൾ, അഗ്നിപുഷ്പങ്ങൾ, തെരഞ്ഞെടുത്ത കഥകൾ 9 ക ഥാസമാഹാരങ്ങൾ, അഗ്നിസാക്ഷി (നോവൽ) ഭാവദീപ്തി, ശരണ മഞ്ജരി (കവിതാ സമാഹാര ങ്ങൾ) സീത മുതൽ സത്യവതിവരെ. (ഉപന്യാസങ്ങൾ) തുടങ്ങിയവ അവരുടെ കൃതികളിൽപ്പെടുന്നു.

വനദേവത (തെരഞ്ഞെടുത്തകഥകൾ)
ഒരേ ഒരു പെങ്ങൾ (സീത മുതൽ സത്യവതി വരെ)

# വിഭാഗം – III

## അദ്ധ്യായം – 12

# വ്യാകരണ വിഭാഗം

## അക്ഷരമാല

**വർണ്ണം**

അക്ഷരത്തെയാണ് നാം സാധാരണയായി വർണ്ണം എന്നു പറയുന്നത്. എന്നാൽ ഭാഷാശ ശാസ്ത്രത്തിൽ അക്ഷരം, വർണ്ണം ഇവയെ രണ്ടായി കണക്കാക്കുന്നു. അതായത് വർണ്ണങ്ങൾ ചേർന്ന് അക്ഷരമുണ്ടാകുന്നു.

ഉദാഹരണണായി ക്, അ എന്നിവ രണ്ടു വർണ്ണങ്ങളാണ്. ഇവ രണ്ടും ചേർന്ന് 'ക' എന്ന അക്ഷരമുണ്ടാകുന്നു. അപ്പോൾ അക്ഷരമെന്നാൽ വർണ്ണങ്ങൾ ചേർന്നുണ്ടാകുന്നതാണെന്ന് കാണാം. ആ അർത്ഥത്തിൽ ഭാഷയിലെ ഏറ്റവും അടിസ്ഥാനപരമായ ഘടകമാണ് വർണ്ണം.

ക് + അ – ക

ച് + അ – ച

ട് + അ – ട

ത് + അ – ത

പ് + പ – പ

**അക്ഷരം**

ഭാഷയിലെ പ്രാഥമിക ഘടകങ്ങളായ വർണ്ണങ്ങൾ ചേർന്നുണ്ടാകുന്നതാണ് അക്ഷരം. ഭാഷ യിലെ ഉച്ചരിക്കുവാൻ കഴിയുന്ന ഏറ്റവും ചെറിയ ശാബ്ദികഘടകത്തെയാണ് 'അക്ഷരം' എന്നു പറ യുന്നത്. ഈ അക്ഷരങ്ങൾ ചേർന്ന് വാക്കുകൾ ഉണ്ടാകുന്നു.

**ലിപി**

അക്ഷരത്തെ കുറിക്കുവാൻ ഉപയോഗിക്കുന്ന ചിഹ്നമാണ് ലിപി. ലിപിയുടെ ശരിയായ വിധ ത്തിലുള്ള ചേർച്ചയിലൂടെയാണ് പൂർണ്ണമായ ഒരാശയം നൽകുന്നപദം സൃഷ്ടിച്ചെടുക്കുന്നത്. ലിപി ഇല്ലാതെ അക്ഷരത്തെ കുറിക്കുവാൻ സാധിക്കില്ല.

**അക്ഷരമാല**

മലയാളഭാഷയിൽ 16 സ്വരങ്ങളും 37 വ്യജ്ഞനങ്ങളും ഉൾപ്പെടെ 53 അക്ഷരങ്ങളാണുള്ള തെന്ന് കേരളപാണിനി പറയുന്നു. എന്നാൽ 15 സ്വരങ്ങും 36 വ്യഞ്ജനങ്ങളും ചേർത്ത് 51 അക്ഷരങ്ങ ളാണ് കാണപ്പെടുന്നത്.

**സ്വരാക്ഷരങ്ങൾ**

| | | | | | | | | |
|---|---|---|---|---|---|---|---|---|
| അ | ആ | ഇ | ഈ | ഉ | ഊ | ഋ | എ | ഏ |
| ഐ | ഒ | ഓ | ഔ | അം | അഃ | | | |

**വ്യഞ്ജനാക്ഷരങ്ങൾ**

| | | | | | | |
|---|---|---|---|---|---|---|
| ക | ഖ | ഗ | ഘ | ങ | | |
| ച | ഛ | ജ | ഝ | ഞ | | |
| ട | ഠ | ഡ | ഢ | ണ | | |
| ത | ഥ | ദ | ധ | ന | | |
| പ | ഫ | ബ | ഭ | മ | | |
| യ | ര | ല | വ | ള | ഴ | റ |
| ശ | ഷ | സ | ഹ | | | |

## ശബ്ദവിഭാഗം

ഒരർത്ഥത്തെ കുറിക്കുന്നതിനായി വർണ്ണങ്ങളെ കൂട്ടിചേർത്തുണ്ടാക്കുന്ന അക്ഷരക്കൂട്ടത്തിന് ശബ്ദം എന്നു പറയുന്നു.

ഉദാ: കരി = ക് + അ + ര് + ഇ

ചില ശബ്ദങ്ങൾ ഒരു മാറ്റവും കൂടാതെ അങ്ങനെ തന്നെ പ്രയോഗിക്കുന്നു. മറ്റു ചില ശബ്ദ ങ്ങളാകട്ടെ വിഭക്തി യോഗാദി സംസ്കാരം ചെയ്ത് പ്രയോഗിക്കുന്നു. ഏതുവിധത്തിലായാലും പ്രയോ ഗിക്കാൻ സജ്ജമായ ശബ്ദമാണ് പദം.

ശബ്ദങ്ങളെ വാചകമെന്നും ദ്യോതകമെന്നും രണ്ടായി വിഭജിക്കാം.

**വാചകം**

ഏതെങ്കിലും വസ്തുവിനെയോ. ക്രിയയെയോ ഗുണത്തെയോ കുറിക്കുന്നത് വാചകശബ്ദം. വാച്യമായ ഒരർത്ഥം ലഭിക്കുന്നത്.

| | | | |
|---|---|---|---|
| ഉദാ | വസ്തു | ക്രിയ | ഗുണം |
| | മേശ | എഴുതുന്നു | മിടുക്ക് |
| | മനുഷ്യൻ | പഠിക്കുന്നു | ഭംഗി |
| | മരം | പറയുന്നു | സാമർത്ഥ്യം |

ഈ ഉദാഹരണങ്ങളിൽ പറഞ്ഞിരിക്കുന്ന എല്ലാവാക്കുകളും തമ്മിൽ അർത്ഥ പ്രതീതി ഉളവാക്കുന്നു. അതായത് വാച്യമായ ഒരർത്ഥം ഉള്ള വാക്കുകളാണ് വാചകം.

**ദ്യോതകം**

വാച്യമായി ഒരർത്ഥത്തെയും കാണിക്കാതെ വാച്യാർത്ഥങ്ങൾ തമ്മിലുള്ള സംബന്ധത്തെ സൂചിപ്പിക്കുക മാത്രം ചെയ്യുന്നതാണ്. ദ്യോതകം.

ഉദാ: ഉം, എങ്കിൽ, ഓ ഇത്യാദി ശബ്ദങ്ങൾ സ്വതന്ത്രമായ അർത്ഥ പ്രതീതി ഉളവാക്കുന്നില്ല അതേസമയം മറ്റുവാക്കുകളോട് ചേരുമ്പോൾ സവിശേഷമായ ഒരർത്ഥം ഉണ്ടാകുന്നു.

ഉദാ: വടി കൊണ്ട് അടിച്ചു.

'വടി' 'അടിച്ചു' ഇവയെ കൂട്ടിയിണക്കി ഒരു സ്വതന്ത്ര അർത്ഥം നൽകുന്നത് 'കൊണ്ട്' എന്നുള്ള ദ്യോതക പദമാണ്.

**വാചകം**

വാചക ശബ്ദങ്ങളെ നാമം, കൃതി, ഭേദകം എന്ന് മൂന്നായി തിരിക്കാം.

നാമം: ഏതെങ്കിലും ഒരു ദ്രവ്യത്തിന്റെ പേരായ ശബ്ദം

ഉദാ: മരം, പുലി, നീ, അവൾ

കൃതി: ക്രിയാവാചകമായ ശബ്ദം, ഏതെങ്കിലും ഒരു പ്രവൃത്തിയെ അല്ലെങ്കിൽ ക്രിയയെ കുറിക്കുന്നത്.

ഉദാ: പാടുന്നു, എഴുതുന്നു, പഠിക്കുന്നു

**ഭേദകം**

ഒരു വസ്തുവിന്റെയോ വ്യക്തിയുടെയോ ഏതെങ്കിലും പ്രത്യേക ഗുണത്തെ കുറിക്കുന്നത്.

ഉദാ: വെളുത്ത, കറുത്ത

**നാമം**

ഏതെങ്കിലും ഒരു ദ്രവ്യത്തിന്റെയോ ഗുണത്തിന്റെയോ, ക്രിയയുടെയോ പേരായ ശബ്ദമാണ് നാമം. നാമത്തെ ദ്രവ്യനാമം, ഗുണനാമം, ക്രിയാനാമം എന്നിങ്ങനെ മൂന്നായി തിരിക്കാം.

1. ദ്രവ്യനാമം. ഒരു ദ്രവ്യത്തെ കുറിക്കുന്ന നാമമാണിത്.

   ഉദാ. ആന,  രാമൻ, മല

2. ഗുണനാമം: ഒരു ഗുണത്തെ കുറിക്കുന്ന നാമമാണിത്.

   ഉദാ: ധൈര്യം സ്നിഗ്ദ്ധത, വെളുപ്പ്

3. ക്രിയാനാമം : ഒരു പ്രവൃത്തിയുടെ പേരായ ശബ്ദമാണ് ക്രിയാനാമം

   ഉദാ: ഉറക്കം. കാഴ്ച. പഠിപ്പ്

   നാമവിഭാഗത്തിൽ ദ്രവ്യനാമമാണിത് വീണ്ടും അവാന്തര വിഭാഗങ്ങൾ ഉണ്ട്. അവ

1. സംജ്ഞാ നാമം
2. സാമാന്യനാമം
3. സർവ്വ നാമം
4. മേയനാമം

1. സംജ്ഞാനാമം. ഒരു പ്രത്യേകവ്യക്തിയെ കുറിക്കുന്നതാണ്. സംജ്ഞാനാമം

ഉദാ : സീത, ലക്ഷ്മി, ഇന്ദു

2. സാമാന്യനാമം : ഒരു വിഭാഗത്തെയോ സമൂഹത്തെയോ സൂചിപ്പിക്കുന്നത് സാമാന്യനാമം.

ഉദാ: പക്ഷി, മരം, പട്ടണം

3. സർവ്വനാമം: സർവ്വതിന്റെയും നാമമായിട്ടുള്ളത്. ഒരു നാമത്തിന് പകരം നൽക്കുന്ന മറ്റൊരു നാമമാണിത്.

4. മേയനാമം: ജാതി വ്യക്തി ഭേദമില്ലാത്ത പദാർത്ഥങ്ങളുടെ നാമമായിട്ടുള്ളത്.

ഉദാ: വെള്ളം, ആകാശം, നദി

നാമം

ദ്രവ്യനാമം ഗുണനാമം ക്രിയാനാമം

↓

സംജ്ഞാനാമം

സാമാന്യനാമം

സർവ്വനാമം

മേയനാമം

ഏതെങ്കിലും ഒരു പ്രവൃത്തിയെ കുറിക്കുന്ന പദമാണ്

ക്രിയ അഥവാ കൃതി, കൃതികളെ അവയുടെ വ്യത്യസ്ത സ്വഭാവമനുസരിച്ച് നാലായി വിഭജിക്കാം.

1. അർത്ഥം പ്രമാണിച്ച് സകർമ്മകം - അകർമ്മകം

2. പ്രകൃതി പ്രമാണിച്ച് കേവലം - പ്രയോജകം

3. സ്വഭാവം പ്രമാണിച്ച് കാരിതം - അകാരിതം

4. പ്രാധാന്യം പ്രമാണിച്ച് മുറ്റുവിന - പറ്റുവിന

1. സകർമ്മകം - കർമ്മം ഉള്ള ക്രിയകളെ സകർമ്മക്രിയ എന്നു പറയുന്നു. അതായത്

ഉദാ: അവൻ, അത്, ചില

4. പ്രാധാന്യം പ്രമാണിച്ച് മുറ്റുവിന - പറ്റുവിന

1. സകർമ്മകം : കർമ്മം ഉള്ള ക്രിയകളെ സകർമ്മകക്രിയ എന്നു പറയുന്നു. അതായത് ആരെ? എന്തിനെ? എന്നീ ചോദ്യങ്ങൾക്ക് ഉത്തരം നൽകാൻ ഒരു ക്രിയക്ക് കഴിയുന്നുവെങ്കിൽ അത്തരം ക്രിയകളെ സകർമ്മക്രിയ എന്നു പറയാം.

ഉദാ: ഉണ്ണുക, പഠിക്കുന്നു

അകർമ്മകം - കർമ്മം ഇല്ലാത്ത ക്രിയകളാണ് അകർമ്മക ക്രിയകൾ. ആരെ? എന്തിനെ? എന്നീ ചോദ്യങ്ങൾക്ക് ഉത്തരം പറയാൻ സാധിക്കാത്ത ക്രിയകളെയാണ് അകർമ്മ ക്രിയ എന്നു പറയുന്നത്.

ഉദാ: പാടുക, ഉറങ്ങുക, നടക്കുക

2. **കേവലം**: മറ്റാരുടെയും പ്രേരണയില്ലാതെ കർത്താവ് തനിയെ ചെയ്യുന്ന ക്രിയയാണ് കേവല ക്രിയ

ഉദാ: ഓടുക, നിൽക്കുക, കാണുക

പ്രയോജകം: കർത്താവ് പരപ്രേരണയോടുകൂടി പ്രവൃത്തിചെയ്യുന്നതിനെ പ്രയോജക ക്രിയ എന്നു പറയുന്നു.

ഉദാ: ഓടിക്കുക, പഠിപ്പിക്കുക, കാണിക്കുക

3. **കാരിതം**

കേവലക്രിയകലിൽ 'ക്കു' ചേർന്നു വരുന്ന ക്രിയകളെ കാരിതം എന്നു പറയുന്നു.

ഉദാ: കേൾക്കുന്നു, നിൽക്കുന്നു, പിടിക്കുന്നു.

**അകാരിതം**

കേവലക്രിയയിൽ 'ക്കു' ചേർന്നു വരാത്തത് അകാരിതം എന്നു പറയുന്നു.

ഉദാ: അടയുക, മറയുക, പാടുക

4. **മുറ്റുവിന**: പ്രധാന ക്രിയയെയാണ് മുറ്റുവിന

മറ്റൊന്നിനും കീഴടങ്ങാതെ സ്വന്തമായിത്തന്നെ പൂർണ്ണാർത്ഥം ലഭിക്കുന്ന ക്രിയകളെ മുറ്റുവിന എന്നുപറയുന്നു

ഉദാ: ചെയ്യുന്നു, പറയുന്നു, പോകുന്നു.

**പറ്റുവിന:** അപ്രധാനക്രിയയെയാണ് പറ്റുവിന എന്നു പറയുന്നത്. മറ്റേതെങ്കിലും പദങ്ങൾക്ക് കീഴടങ്ങി നിൽക്കുന്നവ.

ഉദാ: പറഞ്ഞ, ചെയ്ത, പോയ

**വിനയച്ചം**

പറ്റുവിനയെ പേരെച്ചം, വിനയെച്ചം എന്ന് രണ്ടായി വിഭജിക്കുന്നു.

ക്രിയാ വിശേഷണത്തെയാണ് വിനയെച്ചം എന്നുപറയുന്നത്. വിനയച്ചത്തെ അഞ്ചായി തരം

തിരിക്കുന്നു.

1. മുൻ വിനയച്ചം

2. പിൻ വിനയെച്ചം

3. തൻ വിനയെച്ചം

4. നടുവിനയെച്ചം

5. പാക്ഷിക വിനയെച്ചം

**1. മുൻവിനയെച്ചം**

'വിന' എന്നാൽ ക്രിയ എന്നാണർത്ഥം. മുൻവിനയെച്ചം എന്നാൽ പൂർണ്ണക്രിയയ്ക്ക് മുമ്പ് വരുന്ന അപൂർണ്ണക്രിയ

'തു' വിൽ അവസാനിക്കുന്ന ഭുതകാലത്തിലുള്ള മുറ്റുവിനയിലെ 'ഉ' കാരത്തെ സംവൃതമാക്കിയാൽ മുൻവിനയെച്ച മാകും. ഉദാ: കേട്ടു. കേൾ + തു ഇതിലെ 'തു' കാരത്തെ സംവൃതമാക്കാം. കേൾ + ത്. എന്നാകുന്നു. ഇത് തന്നെയാണ് മുൻവിനയെച്ചം

ഉദാ: കണ്ടു - കണ്ട്

ചെയ്തു - ചെയ്ത്

പറഞ്ഞു - പറഞ്ഞ്

'തു' കാരത്തിൽ അവസാനിക്കുന്ന ഭൂതകാലക്രിയ. ഇവിടെ ക്രിയയ്ക്ക് മാറ്റം വരുന്നില്ല. പകരം അതിനുശേഷം വരുന്ന ദൃഢവ്യഞ്ജനങ്ങൾ ഇരട്ടിക്കുന്നു.

ഉദാ. പോയിപ്പറഞ്ഞു.

ചില സന്ദർങ്ങളിൽ 'ഇട്ട്' പ്രത്യയം മുൻ വിനയച്ചത്തോട് ഉപയോഗിക്കാറുണ്ട്.

ഉദാ: പോയിട്ട് വരാം.
വന്നിട്ട് ചെയ്യാം

**2. പിൻ വിനയെച്ചം**

പ്രധാനപ്പെട്ട ക്രിയയ്ക്കുശേഷം നടക്കുന്ന ക്രിയ പ്രധാനമായും 'ആൻ' ആണ് പ്രത്യയം.
ഉദാ: വര് + ആൻ = വരാൻ
പോക് + ആൻ = പോകാൻ

**3. തൻ വിനയെച്ചം**

തനിയെ നിൽക്കത്തക്ക സ്വാതന്ത്ര്യം ഉള്ളതാണ് തൻവിനയെച്ചം. പ്രത്യയം 'എ' എന്നോ ' അവേ' എന്നോ ചേർക്കാം.

ഉദാ: പോകവേ കണ്ടു.

**4. നടുവിനയെച്ചം**

കാലം, പ്രകാരം, പുരുഷൻ ഇവയൊന്നും ഇല്ലാതെ കേവലമായ ക്രിയാരൂപത്തെ കാണിക്കുന്ന വിനയെച്ചമാണ് നടുവിനയെച്ചം. അതിനാൽ നടുവിനയെച്ചത്തെ ക്രിയാനാമം എന്നു വിളിക്കാം.

നടുവിനയെച്ചം ക്രിയയുടെ ശുദ്ധമായ ഭാവത്തെ കാണിക്കുന്നു, അ, ക, ഉക എന്നീ പ്രത്യയങ്ങൾ ചേർന്നാണ് നടുവിനയെച്ചം.

ഉദാ: കള്ളം പറക ശരിയല്ല

അത് നീ ചെയ്യുക

നടുവിനയെച്ചം നിഷേധത്തെ കുറിക്കുമ്പോൾ 'ആ പ്രത്യയം'

ഉദാ: പോകായ്ക

പറയായ്ക


**5. പാക്ഷിക വിനയെച്ചം**

സംഭവാർത്ഥം കാണിക്കുന്നത് പാക്ഷിക വിനയെച്ചം. അതുകൊണ്ട് പാക്ഷിക വിനയെച്ചത്തിന് സംഭാവന എന്ന പേരുകൂടി നൽകാം.


ധാതുവിലോ നടുവിനയെച്ചത്തിലോ ഇൽ, കിൽ, ആൽ എന്നിവ ചേരുമ്പോഴാണ് പാക്ഷിക വിനയെച്ചം ഉണ്ടാകുന്നത്.

ഉദാ: ഇരിക്കിൽ

വന്നാൽ




**വിനയെച്ചം**




**ഭേദകം**

ഒരു പദത്തിന്റെ അർത്ഥത്തെ വിശേഷിപ്പിക്കുന്ന പദമാണ് ഭേദകം ഭേദകത്തിന് വിശേഷ്യവും വിശേഷണം എന്നീ രണ്ട് ഘടകങ്ങളുണ്ട്. ഏതിനെ വിശേഷിപ്പിക്കുന്നുവോ അത് വിശേഷ്യം എന്തു കൊണ്ട് വിശേഷിപ്പിക്കുന്നുവോ അത് വിശേഷണം.

1. നാമ വിശേഷണം
2. ക്രിയാ വിശേഷണം
3. വിശേഷണ വിശേഷണം എന്നിവയാണ് പ്രധാനപ്പെട്ട വിശേഷണങ്ങൾ

1. നാമവിശേഷണം നാമത്തെ വിശേഷിപ്പിക്കുന്നത് നാമവിശേഷണം

ഉദാ: ചുവന്ന പൂവ്

ഇതിൽ ചുവന്ന എന്നത് വിശേഷണം പൂവ് എന്ന നാമത്തെ വിശേഷിപ്പിക്കുന്നു.

2. ക്രിയാവിശേഷണം. ക്രിയയെ വിശേഷിപ്പിക്കുന്നത് ക്രിയാവിശേഷണം

ഉദാ: പതുക്കെ നടന്നു.

ഉറക്കെ പറഞ്ഞു.

ഈ ഉദാഹരണത്തിൽ നടന്നു, പറഞ്ഞു എന്നിവ ക്രിയാനാമങ്ങളാണ്.

3. വിശേഷണ വിശേഷണം വിശേഷണത്തെ തന്നെ വിശേഷിപ്പിക്കുന്ന ചില വിശേഷണങ്ങൾ ഉണ്ട്. ഇതിനു വിശേഷണ വിശേഷണം എന്നു പറയുന്നു.

ഉദാ: വളരെ ചെറിയ ശബ്ദം

ഉദാഹരണത്തിൽ 'വളരെ ചെറിയ' എന്നത് 'ചെറിയ എന്ന വിശേഷണത്തെ തന്നെ വിശേഷിപ്പിക്കുന്നതാണ്. ഇങ്ങനെ ഒരു വിശേഷണത്തെ മറ്റൊരു വിശേഷണംകൊണ്ട് വിശേഷിപ്പിക്കുന്നതാണ് വിശേഷണ വിശേഷണം.

**ഭേദകത്തിന്റെ പിരിവുകൾ**

ഭേദകത്തിന് ഏഴ് പിരിവുകളുണ്ട്. അവ ശുദ്ധം സാർവ്വനാമികം, സാംഖ്യം, പാരിമാണികം, വിഭാവകം, നാമാംഗജം, ക്രിയാംഗജം എന്നിവയാണ്.

**ക്രിയാംഗജം എന്നിവയാണ്**

1. **ശുദ്ധം** - പ്രകൃതിയുടെ അതേ രൂപമായ വിശേഷണമാണിത്.

ഉദാ: ചെന്നിറം, നന്മുത്ത്, ചെറുപയർ

2. **സാർവ്വനാമികം** - സർവ്വനാമം ഭേദകമായിവരുന്നതാണിത്. ആ ഇ എന്നിവ സാർവ്വനാമികങ്ങളാണ്. ഇവ കൂടാതെ എൻ. നിൻ. തൻ. ആർ. ഇവയും സർവ്വനാമങ്ങളായി ഉപയോഗിക്കുന്നു.

| സാർവ്വനാമികം | വിശേഷ്യം | സിദ്ധരൂപം |
|---|---|---|
| ഉദാ: അ | ഇടം | അവിടം |
| ഇ | കാലം | ഇക്കാലം |

3. **സാംഖ്യം** - ഇതിന്റെ പൂർവ്വപദം സംഖ്യയെ കുറിക്കുന്നതായിരിക്കും.

ഒരു രൂപ, ഇരുമുടി, മൂവുലക്

4. **പാരിമാണികം**: അളവിനെ അല്ലെങ്കിൽ പരിണാമത്തെ സൂചിപ്പിക്കുന്നു.

ഉദാ: നാഴി, അരി

ഇത്ര പുസ്തകം

5. **വിഭാവകം** - വിശേഷ്യമായി വരുന്ന നാമത്തിന്റെ ഏതെങ്കിലും സവിശേഷ സ്വഭാവത്തെ കുറിക്കുന്ന വിശേഷണം

ഉദാ : ചെറിയ കുട്ടി

നല്ലകുട്ടി

6. **നാമാംഗജം -** പേരെച്ചത്തെ ഭേദകമായി ഉപയോഗിക്കുന്നത് നാമാംഗജം

ഉദാ: വെളുത്ത മുണ്ട്

പെറ്റമ്മ

7. **ക്രിയാംഗജം** - വിനയെച്ചത്തിൽ നിന്ന് ജനിച്ച രൂപങ്ങളാണിവ

ഉദാ: കണ്ടു പറഞ്ഞു.

## ദ്യോതകം

സ്വന്തമായ അർത്ഥത്തെ കുറിക്കാതെ സംബന്ധത്തെ കാണിക്കുക മാത്രം ചെയ്യുന്ന ശബ്ദങ്ങളാണ് ദ്യോതകങ്ങൾ.

ദ്യോതകങ്ങളെ ആഗമമനുസരിച്ച് നിപാതമെന്നും അവ്യയമെന്നും രണ്ടായിതിരിക്കാം.

നിപാതം

ജന്മനാ ദ്യോതകമാണ് നിപാതം. ഉം, ഓ ഏ, ആൽ, ഈ . എന്നിവയാണവ

ഉദാ : രാമനും കൃഷ്ണനും - സമുച്ചയനിപാതം

രാമനോ കൃഷ്ണനോ - വികൽപ്പ നിപാതം

**അവ്യയം**

ആദികാലത്ത് വാചകങ്ങളായിരുന്നു ചില പദങ്ങൾ കാലക്രമത്തിൽ അക്ഷരലോപം സംഭവിച്ചോ വിഭക്തികൾ ചേർക്കാതെ പ്രയോഗിച്ചും വാചകത്വം പോയി ദ്യോതകങ്ങളായിത്തീർന്നവയാണ് അവ്യയങ്ങൾ. വാചകം എന്ന വർഗ്ഗത്തിലാണ് ജനിച്ചതെങ്കിലും ചില വൈകല്യം വന്നതു നിമിത്തം ആ വാചകത്വം പോയി ദ്യോതക വർഗ്ഗത്തിൽ ചേർന്നിട്ടുള്ള പദങ്ങളാണ് അവ.

ഉദാ: എന്ന്, എങ്കിൽ, എന്നിട്ട്. തുടങ്ങിയ പദങ്ങളിൽ കാണുന്ന 'എൻ' ശബ്ദം കുറിച്ച്, പറ്റി എന്നീ ശബ്ദങ്ങൾ അവ്യയങ്ങളാകുന്നു.

ദ്യോതകശബ്ദങ്ങളെ അവയുടെ പ്രയോഗം അനുസരിച്ച് ഗതി, ഘടകം, വ്യാക്ഷേപകം എന്നിങ്ങനെ വിഭജിക്കാം.

**ഗതി**

ഏതെങ്കിലും വിഭക്തിയോട് ചേർന്ന് നിന്ന് ആവിഭക്ത്യർത്ഥം പരിഷ്കരിക്കുന്ന ദ്യോതകമാണ് ഗതി.

ഉദാ: കൊണ്ട്, നിന്ന്, ഊടെ

**ഘടകം:**

രണ്ടു വാക്യാർത്ഥങ്ങളെ തമ്മിൽ ഘടിപ്പിക്കുന്ന ദ്യോതക ശബ്ദങ്ങളാണ് ഘടകം.

ഉദാ: ഉം. ഓ. ഇത്യാദികൾ


**വ്യാക്ഷേപകം**

മറ്റൊരു പദത്തോടും ചേരാതെ സ്വതന്ത്രമായ വാക്യാർത്ഥത്തെ സൂചിപ്പിക്കുന്നു.

ഉദാ: ഹാ! അയ്യോ! കഷ്ടം

ഘടകപദങ്ങളോട് ചേർന്നില്ലെങ്കിൽപ്പോലും സ്വന്തമായ അർത്ഥം ഉൾക്കൊള്ളുന്നവയാണ് വ്യാക്ഷേപകം.

യഥാർത്ഥത്തിൽ ഇത് സംബന്ധത്തെ ദ്യോതിപ്പിക്കുകയല്ല, ഒരു മനോവികാരത്തെ വാക്യം പോലെ ദ്യോതിപ്പിക്കുകയാണ്.




കേവലം: ഗതി, ഘടകം, വ്യാക്ഷേപകം ഇവയിൽ മൂന്നിലും ഉൾപ്പെടാത്ത മറ്റു ചില ദ്യോതകങ്ങളുമുണ്ട്.

ഉദാ: ഓ'കേവലമാണ്. 'തന്നെ'

## അധ്യായം - 13

# ലിംഗം

പുരുഷൻ സ്ത്രീ, നപുംസകം എന്ന് ലോകത്തിൽ പ്രസിദ്ധമായ വിഭാഗത്തിനു തന്നെയാണ് ഭാഷയിൽ ലിംഗം എന്നു പറയുന്നത്. ഭാഷയിലെ ലിംഗവ്യവസ്ഥ അർത്ഥമനുസരിച്ചാണ്.

പുരുഷവർഗ്ഗത്തെ പുല്ലിംഗത്തിലും സ്ത്രീവർഗ്ഗത്തെ സ്ത്രീലിംഗത്തിലും ശേഷമുള്ളവയെ നപുംസകത്തിലുമാണ് ചേർത്തിരിക്കുന്നത്.

ഒരു പദം അല്ലെങ്കിൽ നാം പെണ്ണിനെയാണോ ആണിനെയാണോ കുറിക്കുന്നത് എന്ന് കാണിക്കാനാണ് നാമങ്ങളിൽ ലിംഗപ്രത്യയം ചേർക്കുന്നത്.

ഉദാ: അച്ഛൻ - അമ്മ

കാള - പശു

സ്ത്രീ - പുരുഷൻ

**ലിംഗത്തിന്റെ പിരിവുകൾ**

ലിംഗത്തിനു നൽകിയ നിർവ്വചനത്തെ അടിസ്ഥാനമാക്കി ലിംഗത്തിന് മൂന്നു പിരിവുകളുണ്ട്.

1. പുല്ലിംഗം
2. സ്ത്രീലിംഗം
3. നപുംസകലിംഗം

**1. പുല്ലിംഗം** - പുരുഷജാതിയെ കാണിക്കുന്നതാണ് പുല്ലിംഗം ശബ്ദം. 'അൻ' ആണ് പുല്ലിംഗം പ്രത്യയം

| ശബ്ദം | | പുല്ലിംഗം |
|---|---|---|
| കേമ | - | കേമൻ |
| കള്ള | - | കള്ളൻ |

ഈ ഉദാഹരണത്തിലെ 'അൻ' എന്ന പ്രത്യയമാണ് പുല്ലിംഗ രൂപത്തെ സൃഷ്ടിച്ചിരിക്കുന്നത്.

'അൻ' എന്ന പ്രത്യയം ചേർന്നാൽ മാത്രമേ പുല്ലിംഗം ഉണ്ടാവൂ എന്നില്ല. പ്രത്യയം ചേരാതെയും പുല്ലിംഗ രൂപങ്ങൾ കാണാൻ കഴിയും.

ഉദാ: തന്ത, കൊമ്പനാന, കാള

**സ്ത്രീലിംഗം**

സ്ത്രീ ജാതിയെ കുറിക്കുന്ന ശബ്ദമാണ് സ്ത്രീലിംഗം. 'ഇ' ലിംഗ പ്രത്യയമാണ് സാധാരണയായി സ്ത്രീലിംഗം രൂപങ്ങളിൽ കാണുന്നത്.

നാരി

കേമി

മിടുക്കി

**നപുംസകലിംഗം**

സ്ത്രീ പുരുഷ ഭേദമില്ലാത്ത നാമമാണ് നപുംസകലിംഗം

ഉദാ: കല്ല്, മരം, ചെടി, പൂവ്, മല

1. നാമങ്ങൾക്ക് അൻ, ഇ, അം, എന്നിങ്ങനെയാണ് പ്രത്യയങ്ങൾ വരുന്നത്. ഇതിൽ 'അൻ' പുല്ലിംഗം 'ഇ' സ്ത്രീലിംഗം 'അം' നപുംസകലിംഗത്തിനുമാണ് ഉപയോഗിക്കുന്നത്.

| ശബ്ദം | പുല്ലിംഗം | സ്ത്രീലിംഗം | നപുംസകലിംഗം |
|---|---|---|---|
| കേമ | കേമൻ | കേമി | കേമം |
| കള്ള | കള്ളൻ | കള്ളി | കള്ളം |

**ലിംഗംഭേദം കുറിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ**

1. സ്ത്രീക്കും പുരുഷനും വെവ്വേറെ പദങ്ങൾ ഉപയോഗിക്കുന്നു.

| ഉദാ: | പുല്ലിംഗം | സ്ത്രീലിംഗം |
|---|---|---|
| | ആങ്ങള | പെങ്ങൾ |
| | പൂവൻ | പിട |
| | കൊമ്പൻ | പിടി |

2. നാമങ്ങളിൽ ആൺ, പെൺ ശബ്ദങ്ങൾ ചേർക്കുന്നു

| പുല്ലിംഗം | സ്ത്രീലിംഗം |
|---|---|

| | |
|---|---|
| ആൺകുട്ടി | പെൺകുട്ടി |
| ആൺമയിൽ | പെൺമയിൽ |
| ആൺപക്ഷി | പെൺപക്ഷി |

3. ആൺ പെൺവ്യത്യാസം കാണിക്കാൻ അൻ, ആൻ എന്നീ പ്രത്യയങ്ങളും സ്ത്രീലിംഗ ശബ്ദത്തോട് ത്തി, ച്ചി, ട്ടി. എന്നീ പ്രത്യയങ്ങളും ചേർക്കുന്നു.

4. 'കാരൻ' എന്ന് അവസാനിക്കുന്ന നാമങ്ങളിൽ സ്ത്രീലിംഗ പ്രത്യയം 'ഇ' എന്നോ 'ത്തി' എന്നോ ആകും.

| പുല്ലിംഗം | സ്ത്രീലിംഗം |
|---|---|
| ജോലിക്കാരൻ | ജോലിക്കാരി |

5. നപുംസകങ്ങളിൽ അവസാനിക്കുന്ന പ്രത്യയം 'അം' 'ത്' എന്നിവയാണ്.

| പുല്ലിംഗം | സ്ത്രീലിംഗം | നപുംസകലിംഗം |
|---|---|---|
| അവൻ | അവൾ | അത് |
| കേമൻ | കേമി | കേമം |

6. സംസ്കൃതത്തിൽ നിന്ന് തത്ഭവമായി സ്വീകരിച്ചിട്ടുള്ള അനേകം പദങ്ങൾ ഭാഷയിലുണ്ട്. ഇവയ്ക്ക് സംസ്കൃത ഭാഷാ നിയമനുസരിച്ച് ലിംഗഭേദം നൽകേണ്ടതാണ്.

| പുല്ലിംഗം | സ്ത്രീലിംഗം |
|---|---|
| വിദ്വാൻ | വിദുഷി |
| ദേവൻ | ദേവി |

**ഉഭയലിംഗം**

സ്ത്രീലിംഗം - പുല്ലിംഗം രൂപങ്ങളെക്കുറിച്ചാണ് ഇതുവരെയും പറഞ്ഞത്. എന്നാൽ പലപ്പോഴും ആൺ-പെൺ വർഗ്ഗത്തെ ഒരുമിച്ച് സൂചിപ്പിക്കാറുണ്ട്.

ഉദാ: ലോകർ, ജനങ്ങൾ

ഈ പദങ്ങളിൽ ആണും പെണ്ണുമായ വർഗ്ഗം ഉൾപ്പെടുന്നു. ഇങ്ങനെ ആണിനെയും പെണ്ണിനെയും പൊതുവിൽ സൂചിപ്പിക്കുന്ന നാമരൂപങ്ങളെയാണ് ഉഭയലിംഗം എന്നു പറയുന്നത്.

ഉഭയലിംഗത്തിന് അലിംഗം എന്ന പേര് കൂടിയുണ്ട്.

ഉദാ: കുട്ടി, കുഞ്ഞ്, ശിശു

ഇവയിൽ ചില പദങ്ങൾക്കേ അലിംഗ നാമമുള്ളൂ.

ഉദാ: ലോകർ

ആസ്വാദകർ

വായനക്കാർ

## അധ്യായം - 14

## വചനം

ഒരു വസ്തു ഒന്നാണോ അതിലധികമാണോ എന്ന് കാണിക്കുന്നതിന് നാമങ്ങളിൽ ചില രൂപ മാറ്റങ്ങൾ വരുത്താറുണ്ട്. ഈ മാറ്റത്തെയാണ് വചനമെന്നു പറയുന്നത്. മലയാളത്തിൽ വചനം രണ്ടു വിധമുണ്ട്. എന്നാൽ സംസ്കൃതത്തിൽ ഏകവചനം, ദ്വിവചനം, ബഹുവചനം എന്നിങ്ങനെ മൂന്ന് വചനങ്ങളാണുള്ളത്.

**1. ഏകവചനം**

ഒന്നിനെകുറിക്കുന്ന നാമരൂപമാണ് ഏകവചനം വസ്തു ഒന്നുമാത്രമേ ഉള്ളൂവെങ്കിൽ ഏകവചനമാണ് ഉപയോഗിക്കുന്നത്. നാമത്തിന്റെയും സർവ്വനാമത്തിന്റെയും പ്രകൃതിയോ പ്രത്യയമോ ചേർന്ന രൂപമാണ് ഏകവചനം

മിടുക്കൻ

സുന്ദരി

സ്ത്രീ

**2. ബഹുവചനം**

ഒന്നിലധികം എണ്ണത്തെക്കുറിക്കുന്നത് ബഹുവചനം. ഏകവചനം ശബ്ദത്തിനുമേൽ ബഹുവചന പ്രത്യയങ്ങൾ ചേർത്താണ് ബഹുവചനമുണ്ടാക്കുന്നത്. കൾ, മാർ തുടങ്ങിവയാണ് ബഹുവചന പ്രത്യയങ്ങൾ.

1. കൾ, മാർ എന്നീ ബഹുവചന പ്രത്യയങ്ങളിൽ 'കൾ' എല്ലാ ലിംഗത്തിലുമുള്ള പദങ്ങളോടും ചേരും.

| | | |
|---|---|---|
| ഉദാ: | മരങ്ങൾ | ബന്ധുക്കൾ |
| | സ്ത്രീകൾ | കുട്ടികൾ |
| | വൃക്ഷങ്ങൾ | വിദ്യാർത്ഥികൾ |

2. 'മാർ' എന്ന ബഹുവചന പ്രത്യയം പുല്ലിംഗ-സ്ത്രീ ലിംഗങ്ങളോടാണ് ചേരുന്നത്.

| | | |
|---|---|---|
| ഉദാ: | പുരുഷന്മാർ | ബാലികമാർ |
| | ഭൃത്യന്മാർ | ഗോപികമാർ |
| | വീരന്മാർ | ധീരന്മാർ |

3. കൾ' എന്ന ബഹുവചന പ്രത്യയം എല്ലാത്തരം ലിംഗത്തിലുള്ളവയോടും ചേരുമെന്ന് പറ

ഞ്ഞുവല്ലോ. എന്നാൽ 'അൻ' എന്ന പുല്ലിംഗ പ്രത്യയത്തോടുകൂടിയ പദങ്ങളിൽ 'കൾ' എന്ന പുല്ലിംഗ പ്രത്യയത്തോടുകൂടിയ പദങ്ങളിൽ 'കൾ' ചേർക്കാറില്ല. അവിടെ 'മാർ' ആണ് ഉപയോഗിക്കുന്നത്.

| | |
|---|---|
| മിടുക്കൻ | മിടുക്കന്മാർ |
| ബാലൻ | ബാലന്മാർ |
| സമർത്ഥൻ | സമർത്ഥന്മാർ |

ബഹുവചനത്തിന് മൂന്ന് വിഭാഗങ്ങളുണ്ട്

1. സലിംഗ ബഹുവചനം
2. അലിംഗ ബഹുവചനം
3. പൂജക ബഹുവചനം

1. **സലിംഗ ബഹുവചനം** - സ്ത്രീ പുരുഷ നപുംസകങ്ങളിൽ ഏതെങ്കിലും ഒന്നിന്റെ മാത്രം ബഹുത്വത്തെ കുറിക്കുന്നത് സലിംഗബഹുവചനം

ഉദാ: അമ്മമാർ - ഇതിൽ 'അമ്മ' യെന്നത് സ്ത്രീലിംഗം ആണെന്ന് വ്യക്തമാണ്

അച്ഛന്മാർ - ഇവിടെ 'അച്ഛൻ' എന്നത് പുല്ലിംഗമാണെന്ന് വ്യക്തം.

നപുംസക വസ്തുക്കൾ ചേർന്നുണ്ടാകുന്ന ബഹുത്വത്തെ കുറിക്കുന്ന പ്രത്യയം 'കൾ'.

ഉദാ: മരം മരങ്ങൾ

2. **അലിംഗ ബഹുവചനം**

ചിലനാമരൂപങ്ങൾ കേൾക്കുമ്പോൾ അവ ആണാണോ പെണ്ണാണോ എന്ന് വേർതിരിച്ച് പറയാനാവില്ല. ഇങ്ങനെ രണ്ടും കൂടി കലർന്നുണ്ടാകുന്ന ലിംഗവത്യത്യാസം സൂചിപ്പിക്കാത്ത ബഹുവചനത്തെയാണ് അലിംഗബഹുവചനം എന്നു പറയുന്നത്. ഇതിന്റെ പ്രത്യയം 'അർ' എന്നാകുന്നു. ചില സന്ദർഭങ്ങളിൽ 'കൾ' പ്രത്യയവും ചേർക്കാറുണ്ട്.

ഉദാ: അധ്യാപകർ ഇവിടെ 'അദ്ധ്യാപകർ' എന്നതിൽ പുരുഷന്മാരും സ്ത്രീകളും ഉൾപ്പെടുന്നുണ്ട്.

1. വിദ്യാർത്ഥികൾ
2. പ്രക്ഷോഭങ്ങൾ
3. ശിശുക്കൾ

3. **പൂജക ബഹുവചനം**

ബഹുമാനം കാണിക്കാൻ വേണ്ടി മാത്രം ഉപയോഗിക്കുന്ന ബഹുവചനമാണിത്.

ഉദാ: ദ്രോണർ, ഭാഗവതർ

ഇവയിൽ ബഹുവചന പ്രത്യയമായ 'അർ' ഉപയോഗിച്ചിരിക്കുന്നു. എന്നാലും 'ദ്രോണർ'എന്നു പറയുമ്പോൾ ഒന്നിലധികം ദ്രോണരെയല്ല കുറിക്കുന്നത്. ഒരാളിനെ മാത്രമാണ്. അതുപോലെയാണ് 'ഭാഗവതർ' എന്ന പദവും.

**അധ്യായം - 15**

## വിഭക്തി

നാമത്തിന് ഇതര പദങ്ങളുമായുള്ള ബന്ധത്തെക്കുറിക്കുന്നതിനുവേണ്ടി നാമങ്ങളോട് ചേർക്കുന്ന പ്രത്യയത്തെ വിഭക്തി എന്നു പറയുന്നു.

സംസ്കൃത വൈയ്യാകരണന്മാർ പ്രഥമ, ദ്വിതീയ, തൃതീയ, ചതുർത്ഥി, പഞ്ചമി, ഷഷ്ഠി, സപ്തമി എന്നിങ്ങനെയാണ് വിഭക്തിക്ക് പേരിട്ടിട്ടുള്ളത്. കേരള പാണിനിയാകട്ടെ നിർദ്ദേശിക, പ്രതിഗ്രാഹിക, സംയോജിക, ഉദ്ദേശിക, പ്രയോജിക സംബന്ധിക, ആധാരിക എന്നിങ്ങനെ വിഭക്തികളെക്കുറിക്കുന്നു.

തന്മനിർദ്ദേശികാ കർത്താ
പ്രതിഗ്രാഹിക കർമമമെ
ഒട് സംയോജികാ സാക്ഷി
സ്വാമി ഉദ്ദേശികാക്ക് വ്
ആൽ പ്രയോജിക ഹേതു
ഉടെ സംബന്ധികാസ്വതാ
ആധാരികാ അധികരണം
ഇൽ കൽ പ്രത്യയമായവ

**വിഭക്തിയോടെ പിരിവുകൾ**

1. നിർദ്ദേശിക - നിർദ്ദേശികയ്ക്ക് പ്രത്യേകിച്ച് പ്രത്യയം ഒന്നും തന്നെയില്ല. ശബ്ദം ഏതാണോ ആ രൂപം തന്നെയാണ് നൽകുന്നത്. ഈ വിഭക്തി കർത്താവിനെയാണ് കുറിക്കുന്നത്.

ഉദാ: മരം

2. പ്രതിഗ്രാഹിക : കർമ്മത്തിന് പ്രാധാന്യം നൽകുകയാണ് പ്രതിഗ്രാഹിക ചെയ്യുന്നത്. 'എ' ആണ് പ്രത്യയം.

ഉദാ: മരത്തെ

3. സംയോജിക - സംയോജിക വിഭക്തിക്ക് സാക്ഷി അല്ലെങ്കിൽ ഉപാധി എന്ന കാരകത്തിന്റെ അർത്ഥമാണുള്ളത്. 'ഓട്' എന്ന പ്രത്യയം ആണ് സംയോജികയിൽ ഉപയോഗിക്കുന്നത്.

ഉദാ: മരത്തോട്

4. ഉദ്ദേശിക: ഇതിന്റെ വിഭക്തി ഉ്, ക്ക്, എന്നിവയാണ്. സ്വാമി എന്ന കാരകത്തിന്റെ അർത്ഥമാണ് ഉദ്ദേശിക വിഭക്തിയ്ക്കുള്ളത്.

ഉദാ: മരത്തിന്

5. പ്രയോജിക : ഹേതു, കാരണം എന്ന അർത്ഥത്തിലാണ് പ്രയോജികാവിഭക്തി പ്രയോഗി

ക്കുന്നത്. 'ആൽ' എന്നതാണ് പ്രയോജികാ വിഭക്തിയുടെ പ്രത്യയം.

ഉദാ: മരത്താൽ

6. സംബന്ധിക: ടെ, ന്റെ എന്നിവയാണ് സംബന്ധികയുടെ വിഭക്തി.

ഉദാ: മരത്തിന്റെ

7. ആധാരിക: ആധാരികയ്ക്ക് അധികരണം എന്ന അർത്ഥമാണുള്ളത്. 'ഇൽ' കൽ' എന്നിവ ഇതിന്റെ പ്രത്യയങ്ങളാണ്.

ഉദാ: മരത്തിൽ

**മിശ്രവിഭക്തി**

ചില പ്രത്യേക സന്ദർഭങ്ങളിൽ വിഭക്തി പ്രത്യയങ്ങൾ ചേർത്തതുകൊണ്ടുമാത്രം അവയ്ക്കു മറ്റുപദങ്ങളുമായി ബന്ധം ഉണ്ടാവണമെന്നില്ല. അപ്പോൾ അവയോട് അതായത് വിഭക്തിയോട് ഗതി ചേർത്ത് പ്രയോഗിക്കാറുണ്ട്.

ഉദാ: കുന്നോട് ചേർന്ന് നദി ഒഴുകുന്നു.

**സമാസ വിഭക്തി**

പ്രത്യയവും ഗതിയും. ചേർക്കുന്നതിനുപുറമേ വിഭക്ത്യർത്ഥം സൂചിപ്പിക്കാൻ പദങ്ങളെ സമാസിക്കുന്ന രീതിയും ഭാഷയിലുണ്ട്. മൂലം, നിമിത്തം ഇത്യാദി പദങ്ങളോട് നാമങ്ങളെ സമാസിപ്പിച്ചാണ് വിഭക്ത്യർത്ഥം ഉണ്ടാക്കുന്നത്.

ഉദാ: കനകം, മൂലം

## അധ്യായം - 16

## കാരകം

നാമങ്ങൾക്ക് ക്രിയയോടുള്ള ബന്ധത്തിനെയാണ്കാരകം എന്നു പറയുന്നത്. 'വിദ്യാർത്ഥി പഠിക്കുന്നതിനു വേണ്ടി പുസ്തകം തുറന്നു. എന്ന വാകൃത്തിൽ വിദ്യാർത്ഥി, 'പഠനം' 'പുസ്തകം' എന്നീ പദങ്ങളുടെ യോഗം കൊണ്ടേ 'തുറന്നു' എന്ന ക്രിയയുടെ ആശയം പൂർണ്ണമാകുന്നുള്ളൂ. ആ നിലയ്ക്ക് ഒരു വാകൃത്തിലെ ക്രിയയും മറ്റു പദങ്ങളുമായുള്ള ബന്ധത്തെ അഥവാ ആകാംഷയെ പൂരിപ്പിക്കുന്നതാണ് കാരകം.

മലയാളത്തിൽ കർത്താവ്, കർമ്മം സാക്ഷി സ്വാമി, കരണം, അധികരണം എന്നിങ്ങനെ ആറ് കാരകങ്ങളാണുള്ളത്.

**1. കർതൃകാരകം**

ഏത് ക്രിയയ്ക്കും വ്യാപാരം, ഫലം എന്ന രണ്ടംഗങ്ങളുണ്ട്. ഇതിൽ വ്യപാരാശ്രയം, കർത്താവും, ഫലാശ്രയം കർമ്മവുമാണ്. ഇതിൽ ക്രിയയുടെ വ്യാപാരം നടത്തുന്ന ആൾ ആണ് കർത്താവ്. കർതൃകാരകമെന്ന് കാണിക്കാൻ പ്രത്യയങ്ങളൊന്നും ചേർക്കാറില്ല.

ഉദാ: രമ പാഠം പഠിക്കുകയാണ്.

**2. കർമ്മകാരകം**

ഒരു ക്രിയയുടെ ഫലാശ്രയമായ വസ്തുവാണ് കർമ്മം. കർത്താവിന്റെ ക്രിയയ്ക്ക് അടിസ്ഥാനമായി നിൽക്കുന്നത് കർമ്മമാണ്.

ഉദാ: രാമൻ രാവണനെ കൊന്നു

**3. കരണകാരകം**

ഒരു ക്രിയ നടക്കണമെങ്കിൽ ചില ഉപകരണങ്ങൾ വേണ്ടി വരും. ഇങ്ങനെ ഉപകരണമാകുന്ന കാരകത്തെയാണ് കരണകാരകമെന്ന് പറയുന്നത്.

ഉദാ: മരുന്ന് കൊണ്ട് രോഗം ശമിച്ചു

4. **കാരണകാരകം:** ക്രിയ നടക്കുന്നതിന് ഹേതു അല്ലെങ്കിൽ കാരണമായി നിൽക്കുന്ന കാരകമാണ് കാരണകാരകം.

ഉദാ: മടിയാൽ പോയില്ല.

ഈ ഉദാഹരണത്തിൽ 'പോയില്ല' എന്ന ക്രിയയ്ക്ക് കാരണം 'മടി' ആണ്. അതുകൊണ്ട് 'മടി കാരണകാരകമാകുന്നു.

**5. സാക്ഷികാരകം**

ക്രിയാപൂർത്തീകരണത്തിന് കർത്താവിന് എതിരെ നിൽക്കുന്ന കാരകമാണ് സാക്ഷികാരകം. സാക്ഷികാരകത്തിന്റെ വിഭക്തിപ്രത്യയമായ 'ഓട്' ആണ്.

ഉദാ: നദി സമുദ്രത്തോട് ചേരുന്നു.

**6. സ്വാമികാരകം**

പ്രവൃത്തി ചെയ്യുന്ന ആളാണ് കർത്താവ്. കർത്താവ് ചെയ്യുന്ന പ്രവൃത്തിയുടെ ഫലം ആർക്കാണോ ലഭിക്കുന്നത് അയാളാണ് സ്വാമികാരകം. ഉദ്ദേശികയാണ് ഇതിന്റെ വിഭക്തി.

ഉദാ: രമ ഉമയ്ക്ക് പുസ്തകം നൽകി.

ഇവിടെ കർത്താവ് രമ ആണ്. രമ ചെയ്ത പ്രവൃത്തി 'നൽകുക' ആണ്. കർമ്മം 'പുസ്തകവും' എന്നാൽ കർത്താവ് ചെയ്ത 'നൽകൽ' എന്ന ക്രിയയുടെ ഫലം ലഭിച്ചത് ഉമയ്ക്കാണ്. അതുകൊണ്ട് ഈ ഉദാഹരണത്തിൽ 'രമ' സ്വാമികാരകമാണ്.

**7. അധികരണ കാരകം**

കർത്താവ് ചെയ്യുന്ന ക്രിയക്ക് ആധാരമായി ലഭിക്കുന്ന കാരകമാണ് അധികരണകാരകം.

ഉദാ: വീട്ടിൽകയറി

'കയറി' എന്ന ക്രിയക്ക് ആധാരമായിരിക്കുന്നത് വീടാണ്. അതിനെക്കുറിച്ച് 'ഇൽ' എന്ന ആധാരികാവിഭക്തി പ്രത്യയവും ക്രിയയ്ക്ക് ആധാരമായി തീർന്നുവെന്നതിന്റെ അടിസ്ഥാനത്തിൽ 'വീട്ടിൽ' അധികരണകാരകമാണ്.

## അധ്യായം – 17

## കാലം

ഒരു ക്രിയ അഥവാ പ്രവൃത്തി നടക്കുന്നത് ഏതു സമയത്താണെന്ന് കാണിക്കാൻ ക്രിയയിൽ വരുത്തുന്ന മാറ്റത്തെയാണ് കാലമെന്നു പറയുന്നത്.

ഒരു ക്രിയ പലവിധ മാറ്റത്തിനും വിധേയമാകാം. അവയിൽ ചിലത് പ്രവൃത്തി നടക്കുന്ന സമയത്തെക്കുറിച്ച് സൂചന നൽകുന്നു.

കാലം പൊതുവിൽ മൂന്നെണ്ണമാണുള്ളത്. കഴിഞ്ഞതും നടക്കുന്നതും, വരുന്നതും

1. ഭൂതകാലം
2. വർത്തമാനകാലം
3. ഭാവികാലം

1. ഭൂതകാലം

പ്രവൃത്തി നടന്നുകഴിഞ്ഞുവെന്ന് കാണിക്കുന്ന കാലമാണ് ഭൂതകാലം. ഇ 'തു' എന്നിവയാണ് ഭൂതകാലത്തെ കുറിക്കുന്ന പ്രത്യയങ്ങൾ

| ക്രിയ | പ്രത്യയം | ഭൂതകാല രൂപം |
|---|---|---|
| തൊഴു (ഉ) | തു | തൊഴുതു |
| ചെയ് (യ) | തു | ചെയ്തു |
| കയറ് (ഇ) | ഇ | കയറി |

**വർത്തമാനകാലം**

ക്രിയ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നുവെന്ന് കാണിക്കുന്ന കാലമാണ് വർത്തമാനകാലം. വർത്തമാനകാലം സൃഷ്ടിക്കാൻ ക്രിയാധാതുവിനോടുകൂടി 'ഉന്നു' എന്ന പ്രത്യയമാണ് ചേർക്കുന്നത്.

| ക്രിയ | പ്രത്യയം | ഭൂതകാല രൂപം |
|---|---|---|
| ഉറങ്ങ് | ഉന്നു | ഉറങ്ങുന്നു |
| നട് | ഉന്നു | നടുന്നു |
| ചെയ് | ഉന്നു | ചെയ്യുന്നു |

**ഭാവികാലം**

ക്രിയ നടക്കാനുള്ളതെന്ന് കാണിക്കുന്ന കാലമാണ് ഭാവികാലം. ഉം, ഊ എന്നിവയാണാ ഭാവികാലത്തിന്റെ പ്രത്യയങ്ങൾ

| ക്രിയ | പ്രത്യയം | ഭൂതകാല രൂപം |
|---|---|---|

1. ശുദ്ധഭാവി

2. ശീലഭാവി

3. അവധാരക ഭാവി

1. ശുദ്ധഭാവി – ക്രിയ നടക്കാനിരിക്കുന്നതേയുള്ളൂ എന്നു മാത്രം കാണിക്കുന്ന ഭാവി രൂപമാണ്. ശുദ്ധഭാവി.

ഉദാ: വരും, നടക്കും, ചെയ്യും

**2. ശീലഭാവി**

ക്രിയ ഒരു നിശ്ചിതസമയത്ത് നടക്കും എന്ന് സൂചിപ്പിക്കുന്നതാണ് ശീലഭാവി

ഉദാ: ക്ലാസ് പത്തുമണിക്ക് തുടങ്ങുന്നു.

**3. അവധാരകഭാവി**

ക്രിയ ഒരു നിശ്ചിത രീതിയിലേ സംഭവിക്കൂ എന്ന് സൂചിപ്പിക്കുന്നതാണ് അവധാരകഭാവി. അവധാരക ഭാവി പ്രത്യയം 'ഊ' ആണ്.

ഉദാ: വൃക്ഷം വസന്തത്തിലേ പൂക്കൂ.

## അധ്യായം – 18

## 8. പ്രകാരം

'പ്രകാരം' എന്നാൽ മട്ടെന്നർത്ഥം. ഒരു ക്രിയാധാതു അതിന്റെ അർത്ഥത്തെ ഏതുമട്ടിൽ വെളി പ്പെടുത്തുന്നുവോ അതാണ് പ്രകാരം

**പ്രകാരത്തിന്റെ പിരിവുകൾ**

1. നിർദ്ദേശക പ്രകാരം
2. നിയോജക പ്രകാരം
3. വിധായക പ്രകാരം
4. അനുജ്ഞായക പ്രകാരം

**1. നിർദ്ദേശക പ്രകാരം**

ധാതുവിന്റെ അർത്ഥത്തെ അതേ പടി കാണിക്കുന്നതാണ് നിർദ്ദേശക പ്രകാരം. സവിശേഷ സ്വഭാവമൊന്നും കാണിക്കാതെ ക്രിയാധർമ്മം നിർദ്ദേശിക്കുന്നതാണ് നിർദ്ദേശക പ്രകാരം.

ഉദാ: വാൽമീകിയാണ് രാമായണം രചിച്ചത്.

ഈ ഉദാഹരണത്തിൽ 'രചിക്കുക' എന്ന ക്രിയയ്ക്ക് പിന്നിൽ പ്രത്യേകമായ പ്രവർത്തനരീ തിയോ മനോഭാവമോ കാണാൻ കഴിയുന്നില്ല. വെറുതെ ഒരു വസ്തുതയെ അവതരിപ്പിക്കുക മാത്ര മാണ് 'രചിക്കുക' എന്ന ക്രിയ കൊണ്ട് ചെയ്യുന്നത്.

**2. നിയോജക പ്രകാരം**

നിയോഗം, ആജ്ഞ ഇങ്ങനെയുള്ള അർത്ഥം ക്രിയാധാതുവിൽ വരുന്നതാണ് നിയോജക

പ്രകാരം. 'അതെ' 'ഇൽ' എന്നീ പ്രത്യയങ്ങളുണ്ട്.

ഉദാ: ഞാൻ പോകട്ടെ

അവൾ വരട്ടെ.

**3. വിധായക പ്രകാരം**

ക്രിയചെയ്തേ പറ്റൂ എന്നു കാണിക്കുന്ന പ്രകാരമാണ് വിധായക പ്രകാരം. 'അണം' 'വേണം' എന്ന പദം ലോപിച്ചുണ്ടായതാണ്.

ഉദാ: നിങ്ങൾ പറയണം.

മുതിർന്നവരെ ബഹുമാനിക്കണം.

**4. അനുജ്ഞായക പ്രകാരം**

സമ്മതാർത്ഥത്തെ കാണിക്കുന്നതാണ് അനുജ്ഞായകപ്രകാരം. 'ആൽ' അനുജ്ഞായക പ്രകാരത്തിന്റെ പ്രത്യയം.

ഉദാ: നിനക്ക് വരാം.

വന്നാൽ പറയാം

**5. ആശംസക പ്രകാരം** : ആശിസ്സ് തുടങ്ങിയ അർത്ഥങ്ങൾ ധാതുവിന്റെ അർത്ഥത്തിൽ കൂട്ടി ചേർക്കാം. ഇത്തരം ക്രിയാരൂപമാണ് ആശംസക പ്രകാരമായി വരുന്നത്. ഭൂതകാലരൂപത്തോട് 'ആവൂ' പ്രത്യയം ചേർത്താൽ അവധാരകഭാവി രൂപമാകും.

**6. പ്രാർത്ഥക പ്രകാരം**

പ്രാർത്ഥനയെ സൂചിപ്പിക്കുന്നതാണ് പ്രാർത്ഥക പ്രകാരം

'എന്നെ അനുഗ്രഹിക്കണമേ'

## അധ്യായം - 19

## പ്രയോഗം

ഒരു ധാതുവിന്റെ അർത്ഥമോ രൂപമോ പരിഷ്കരിക്കുന്നതിന് അതിന് പിന്നിൽ ധാതുക്കൾ ചേർക്കാറുണ്ട്. ഇതിനെയാണ് അനുപ്രയോഗമെന്നു പറയുന്നത്. 'അനു' എന്നാൽ 'പിന്നാലെ' എന്നാണർത്ഥം.

ഏതു ധാതുവിനെ പരിഷ്കരിക്കാനാണോ അനുപ്രയോഗം ചേർക്കുന്നത് ആ ധാതുവിനെയാണ് പ്രാക്പ്രയോഗം എന്നു പറയുന്നത്.

| പ്രാക് പ്രയോഗം | അനുപ്രയോഗം |
| --- | --- |
| അറിയിച്ചു | അറിയിച്ചുകൊള്ളുന്നു |
| വന്നു | വന്നിട്ടുണ്ട് |

അനുപ്രയോഗ വിഭാഗങ്ങൾ

1. ഭേദകാനു പ്രയോഗം
2. കാലാനു പ്രയോഗം
3. പൂരണാനു പ്രയോഗം
4. നിഷേധാനു പ്രയോഗം

1. **ഭേദകാനു പ്രയോഗം** - പ്രാക് പ്രയോഗ ധാതുവിന് വിനയം, ലാഘവം, സാഹസം തുടങ്ങിയ വിശേഷ അർത്ഥങ്ങൾ നൽകുന്നതിന് ഉപയോഗിക്കുന്ന അനുപ്രയോഗമാണ് ഭേദകാനുപ്രയോഗം

'അറിയിച്ചുകൊള്ളുന്നു'

ഹനുമാൻ സമുദ്രം ചാടിക്കടന്നു'

2. **കാലാനുപ്രയോഗം**

പ്രാക് പ്രയോഗത്തിലൂടെ ക്രിയയുടെ കാലത്തിലുള്ള താത്തമ്യത്തെ കുറിക്കുന്നതാണ് കാലാനുപ്രയോഗം.

3. **പൂരണാനുപ്രയോഗം**

എല്ലാ കാലങ്ങളിലും പ്രയോഗമില്ലാത്ത ഖിലധാതുക്കളുടെ രൂപങ്ങളെ പൂരിപ്പിക്കുന്നതിനു ചെയ്യുന്ന അനുപ്രയോഗമാണ് പൂരണാനു പ്രയോഗം

ഉദാ : 'ഉൾ' ഉണ്ട്, ഉള്ള എന്നീ രൂപങ്ങൾ. എന്റെ കൈയ്യിൽ ആ പുസ്തകമുണ്ടാകാം.

4. **നിഷേധാനുപ്രയോഗം**

ക്രിയകളെ നിഷേധിക്കുന്നതാണ് നിഷേധാനുപ്രയോഗം. ഇല്ല, അല്ലാ ഒലാ. തുടങ്ങിയവയാണ് നിഷേധ ശബ്ദങ്ങൾ. നിഷേധ പ്രത്യയം 'ആ' ആണ്.

ഉദാ: വരുന്നില്ല
ചെയ്യരുത്
പോകാം

**അധ്യായം - 20**

## സന്ധി

വർണ്ണങ്ങളുടെ ചേർച്ചയാണ് സന്ധി. 'സന്ധി' എന്ന വാക്കിനർത്ഥം തന്നെ ചേർച്ച എന്നാണ്. വർണ്ണങ്ങൾ തമ്മിലാണ് സന്ധി ചെയ്യുന്നത്. അതായത് വർണ്ണങ്ങൾ അടുത്തടുത്ത് വരുമ്പോൾ അവയിലുണ്ടാകുന്ന മാറ്റത്തിന് സന്ധി എന്നു പറയാം.

മഴ + ഇല്ല = മഴയില്ല

ഇവിടെ 'മഴയില്ല' എന്നത് സമസ്തപദമാണ്. മഴ, ഇല്ല എന്നിവ ചേർത്താണ് ഈ സമസ്തപദം ഉണ്ടായത്. മഴ' എന്നതിന്റെ അവസാനത്തിലെ 'ഴ' എന്ന അക്ഷരവും 'ഇല്ല' എന്നതിലെ 'ഇ' യും തമ്മിലാണ് യഥാർത്ഥത്തിൽ ഇവിടെ ചേർന്നിരിക്കുന്നത്. 'ഴ' 'ഇ' എന്നിവയിലല്ല യഥാർത്ഥത്തിൽ

സന്ധി ചെയ്തത്. പകരം 'ഴ' യിലെ 'അ-യും 'ഇ' യും ആണ് സന്ധി ചെയ്തിരിക്കുന്നത്.

സന്ധികളുടെ വർഗ്ഗീകരണം

1. പദമദ്ധ്യസന്ധി - ഒരു പദത്തിൽ അന്തർഭവിച്ചിട്ടുള്ള രണ്ടംശങ്ങൾ ചേരുമ്പോൾ ഉണ്ടാകുന്ന വർണ്ണവികാരമാണ് പദമദ്ധ്യസന്ധി.

ഉദാ: ജലം + ഇൽ = ജലത്തിൽ

2. പദാന്തസന്ധി - രണ്ടു പദങ്ങൾ തമ്മിൽ ചേരുമ്പോൾ ആദ്യ പദത്തിന്റെ അന്ത്യത്തിലാണ് രണ്ടാമത്ത പദം ചേരുന്നത്. അങ്ങനെ വരുന്നത് പദാന്ത സന്ധി.

ഉദ: പന + ഓല = പനയോല

3. ഉഭയസന്ധി - പദങ്ങൾ ചേരുമ്പോൾ പദമദ്ധ്യത്തിലും പദാന്തത്തിലും സന്ധി വരുന്നത് ഉഭയ സന്ധി

ഉദ: അണി + അറ + ഇൽ = അണിയറയിൽ

സന്ധിക്കുന്ന വർണ്ണങ്ങൾക്കുണ്ടാകുന്ന മാറ്റത്തെ ആസ്പദമാക്കി സന്ധിയെ നാലായി തിരിക്കാം.

(1) ലോപസന്ധി
(2) ആഗമ സന്ധി
(3) ദ്വിത്വ സന്ധി
(4) ആദേശസന്ധി

**1. ലോപസന്ധി** - സന്ധിക്കുന്ന വർണ്ണങ്ങളിൽ ഒന്ന് ഇല്ലാതാകുന്നത് ലോപസന്ധി

ഉദാ: തണുപ്പ് + ഇല്ല = തണുപ്പില്ല. സന്ധി ചെയ്തപ്പോൾ തണുപ്പ് എന്നതിലെ സംവൃതോ പകാരം നഷ്ടപ്പെട്ടിരിക്കുന്നു. ഇങ്ങനെ സന്ധി ചെയ്യുമ്പോൾ ഏതെങ്കിലും ഒരു വർണ്ണം ലോപിച്ചു പോകുന്നതാണ് ലോപസന്ധി

ആയി പോയി എന്നിവയിൽ അവസാനിക്കുന്ന പദങ്ങൾക്കു ശേഷം സ്വരം വന്നാൽ ക്രിയക ളുടെ അവസാനത്തിലെ 'ഇ' കാരം ലോപിക്കും.

ആയി + ഇല്ല = ആയില്ല

ആട്ടെ, അതെ, ഉടെ, ഊടെ എന്നീ പ്രത്യയങ്ങളുടെ അന്ത്യത്തിലുള്ള 'എ' കാരം സ്വരം പര മാകുമ്പോൾ ലോപിക്കും.

വരാതെ + ഇരുന്നു = വരാതിരുന്നു

**2. ആഗമസന്ധി**

രണ്ടു വർണ്ണങ്ങൾ തമ്മിൽ ചേരുമ്പോൾ അവയ്ക്കിടയിൽ ഒരു വർണ്ണം കടന്നു വരുന്നു.

തിരു+ ആതിര - തിരുവാതിര

ഈ ഉദാഹരണത്തിൽ 'തിരു' പൂർവ്വപദവും 'ആതിര' ഉത്തരപദവുമാണ്. സന്ധി ചെയ്തപ്പോൾ ലഭിച്ച പദമാകട്ടെ. 'തിരുവാതിര' യാണ്. ഇവിടെ തിരു'വിലും' 'ആതിരയിലും ഇല്ലാത്ത പുതിയൊരു വർണ്ണം കടന്നു വന്നിരിക്കുന്നു.

1) താലവ്യ സ്വരങ്ങളായ 'അ ആ, ഇ, ഈ എ, ഐ ഇവയ്ക്കു ശേഷം ഒരു സ്വരാക്ഷരം കടന്നു വന്നാൽ 'യ' കാരം ആ പദങ്ങൾക്കിടയിൽ 'ആഗമ' മായി വരും.

ഉദാ: അണി + അറ = അണിയറ

വഴി + അമ്പലം = വഴിയമ്പലം

പദത്തിന്നവസാനം ഓഷ്ഠ്യമായ സ്വരമാണെങ്കിൽ അവിടെ 'വ' കാരം ആഗമമായി വരും.

ഉദാ: പൂ + അമ്പൻ = പൂവമ്പൻ

ഗുരു + എ = ഗുരുവെ

താലവ്യ സ്വരത്തിനുശേഷം പ്രത്യയത്തിന്റെ ആരംഭത്തിൽ 'ക്ക' വന്നാൽ ഇവയ്ക്കിടയിൽ 'യ' കാരം ആഗമിക്കുന്നു.

പടി + കൽ = പടിയ്ക്കൽ

നട + കൽ = നടയ്ക്കൽ

ദീർഘത്തിൽ അവസാനിക്കുന്ന പദങ്ങളുണ്ട്. ഇങ്ങനെ അവസാനിക്കുന്ന ശബ്ദങ്ങൾ 'താലവ്യാന്ത' മാണെങ്കിൽ 'യ' കാരവും ഓഷ്ഠ്യാന്തമാണെങ്കിൽ 'വ' കാരവും വരുന്നു.

ഉദാ. – 'പൂ' എന്നത് ഓഷ്ഠ്യാന്തമാണ്. 'വ' താലവ്യാന്തമായതിനാൽ 'യ' ചേർക്കുന്നു.

പിതാ – പിതാവ്

നീ – തീയ്

ഗോ – ഗോവ്

3. **ദ്വിത്വസന്ധി** – രണ്ട് വർണ്ണങ്ങൾ തമ്മിൽ ചേരുമ്പോൾ അതിലൊന്ന് ഇരട്ടിക്കുന്നത് ദ്വിത്വസന്ധി

പശു+കിടാവ് – പശുക്കിടാവ്

(1) വിശേഷണ വിശേഷ്യങ്ങൾ പൂർവ്വപദവും ഉത്തരപദവുംമായി നിന്ന് സമാസിക്കുന്ന സന്ദർഭത്തിൽ ഉത്തരപദാദിയിലെ ദൃഢവർണ്ണം ഇരട്ടിക്കും.

പനിനീർ + ചെടി = പനിനീർച്ചെടി

ആകാശ + പൊയ്ക = ആകാശപ്പൊയ്ക

(2) അലുപ്തസമാസത്തിലും ധാതുപൂർവ്വ സമാസത്തിലും ക്രിയാനാമത്തിലും ദ്വിത്വം ഉണ്ടാകാറില്ല. ലിംഗവചനം പ്രത്യയങ്ങൾ ലോപിക്കാത്ത സമാസമാണ് അലുപ്തസമാസമെന്നു പറയുന്നത്.

ഉദാ: മലമകൾ + ചരണം = മലമകൾ ചരണം

ഉദാ: മലമകൾ എന്നതിലെ 'ആൾ' സ്ത്രീലിംഗ പ്രത്യയമാണ്. ഈ പ്രത്യയം ഇവിടെ ലോപിക്കുന്നില്ല. അതുകൊണ്ട് ഇരട്ടിപ്പു നടക്കുന്നില്ല.

സമാസങ്ങളുടെ കൂട്ടത്തിൽ ദ്വന്ദ്വ സമാസത്തിൽ ദ്വിത്വം നടക്കുന്നില്ല.

ഉദാ: രാ + പകൽ = രാപകൽ

**4. ആദേശ സന്ധി**

രണ്ട് വർണ്ണങ്ങൾ തമ്മിൽ ചേരുമ്പോൾ അതിലൊന്നിന്റെ സ്ഥാനത്ത് മറ്റൊരുവർണ്ണം വരുന്നത് ആദേശസന്ധി.

ഉദാ: കേട്ടു

വിണ്ടലം

വിറ്റു

(1) 'ത വർഗ്ഗം 'ട' വർഗ്ഗത്തോട് ചേരുമ്പോൾ 'ട' വർഗ്ഗമാകുന്നു.

ഉദാ: വിൺ + തലം = വിണ്ടലം

ഇതിലെ ഉത്തരപദം 'തലം' ആണ്. അതിലെ ആദ്യ അക്ഷര 'ത' വർഗ്ഗം ആണ്. ഇത് വിൺ' എന്ന 'ട' വർഗ്ഗത്തോടാണ് സ്ന്ധി ചെയ്യുന്നത്. അപ്പോൾ അത് 'ട' വർഗ്ഗമായ 'ണ്ട'യായി മാറി - വിണ്ടലം.

കൺ + നീർ = കണ്ണീർ

(2) 'കൺ' എന്നതിലെ ണ' ട വർഗ്ഗമാണ്. 'നിൽ' എന്നതിലെ ന തവർഗ്ഗവും 'ത' വർഗ്ഗമായ 'ന' ട വർഗ്ഗമായ ണ കാരത്തിനോട് ഇവിടെ സന്ധി ചെയ്യുന്നു. അപ്പോഴാണ് 'ട' വർഗ്ഗമായ ണ്ട' ആ ദേശമായി വരുന്നത്.

ഉദാ: കൺ+ തു = കണ്ടു

തു' 'ത' വർഗ്ഗമാണ് 'ൺ' ട' വർഗ്ഗവും. ഇവ ചേർന്ന് കണ്ടു' എന്നതിലെ ണ്ട' എന്ന 'ട' വർഗ്ഗമായി മാറി.

(2) 'ത' വർഗ്ഗം 'ച' വർഗ്ഗത്തോടു ചേരുമ്പോൾ ച വർഗ്ഗമായി മാറുന്നു.

ഉദാ: പിരിഞ്ഞ് + തു = പിരിഞ്ഞു.

(3) അനുനാസികത്തിന് മുമ്പു വരുന്ന 'ല' കാരവും ള' കാരവും യഥാക്രമം 'ന കാരവും' 'ണ' കാരവുമായി മാറുന്നു. അതുപോലെ ള' കാരത്തിനും 'ലകാരത്തിനും' തവർഗ്ഗാക്ഷരങ്ങളാണ് പരമാകുന്നതെങ്കിൽ യഥാക്രമം വത്സ്യം, മൂർദ്ധന്യം എന്നിവ ആദേശമായി വരും.

ഉദാ: നന്മ - നല് + മ

വെൺമ - വെള് + മ

(4) ഇവിടെ പൂർവ്വ പദം അവസാനിക്കുന്നത് 'ള്' എന്നതിൽ ആണ്. ഇത് സന്ധിക്കുന്നത് ഉത്തര പദമായിവരുന്ന 'മ' എന്ന അനുനാസികത്തിലും അങ്ങനെയാണ്.

വെള് + മ = വെൺമ യാകുന്നത്.

(5) മുൻ, പിൻ, പൊൻ എന്നീ പൂർവ്വ പദാന്ത്യങ്ങളിലെ 'ന' കാരത്തിന് ഖരം പരമായാൽ ല' കാരമായി മാറുന്നു.

ഉദാ: തിരുമുൻ + കാഴ്ച = തിരുമുൻ' എന്നതിന്റെ അന്ത്യം ന' കാരമാണ്. ഉത്തര പദാദിയായിരുന്ന 'കാഴ്ചയിലെ' 'ക' ഖരാക്ഷരമാണ്. ഇവ തമ്മിൽ ചേരുമ്പോൾ 'ല' കാരമായി മാറി. അങ്ങനെയാണ് തിരുമുൻ + കാഴ്ച = തിരുമുൽ കാഴ്ച ആകുന്നത്.

(6) 'തിരു' എന്ന ഭേദകത്തിന് പരമായി ദൃഢാക്ഷരം എന്നാൽ 'തൃ' ആ ദേശമായി വരും.

തിരു+ കൈ = തൃക്കൈ

## അധ്യായം - 21

## സമാസം

ആശയ ചേർച്ചയുള്ള നാമപദങ്ങളെ ഒറ്റപ്പദം ആക്കുന്ന രീതിയ്ക്കാണ് സമാസം എന്നു പറയുന്നത്.

'വിഭക്തി ക്കുറി' കൂടാതെയുള്ള പദയോഗം സമാസമാം' എന്നാണ് കേരള പാണിനി' പറയുന്നത്.

ഉദാ: നീലയായ ആകാശം - നീലാകാശം

### വിഗ്രഹം

സമസ്തപദങ്ങളെ ഒരർത്ഥം കിട്ടത്തക്കവിധത്തിൽ പ്രത്യയങ്ങളോ ശബ്ദങ്ങളോ ചേർത്ത് പിരിക്കുന്നതിനെയാണ് വിഗ്രഹിക്കൽ എന്നു പറയുന്നത്.

സമസ്തപദം - വിഗ്രഹിക്കൽ

താമരക്കണ്ണൻ - താമരയുടെ ഇതളുപോലുള്ള കണ്ണുകളോടു കൂടിയവൻ

പഠനയാത്ര - പഠനത്തിനുവേണ്ടിയുള്ള യാത്ര

**പൂർവ്വപദവും ഉത്തപദവും**

സമാസത്തിലെ ആദ്യത്തെ പദം പൂർവ്വപദം എന്നും ഒടുവിലത്തെ പദത്തെ ഉത്തരപദം എന്നു പറയുന്നു. മൂന്നു പദങ്ങളാണ് ഉള്ളതെങ്കിൽ മധ്യമ പദം എന്നും പറയുന്നു.

ദശരഥ രാജാവ് - ദശരഥൻ എന്ന രാജാവ്

**സമാസത്തിന്റെ പിരിവുകൾ**

1. തൽപ്പുരുഷ സമാസം

2. ബഹുവ്രീഹി സമാസം

3. കർമ്മധാരയ സമാസം

4. ദ്വന്ദ്വ സമാസം

5. അവ്യയീഭാവ സമാസം

**തൽപ്പുരുഷ സമാസം**

1. ഉത്തരപദത്തിന് പ്രധാന്യമുള്ള സമാസം തൽപ്പുരുഷ സമാസം

ഉദാ: സൂര്യ കിരണം

ഈ ഉദാഹരണത്തിൽ 'സൂര്യന്റെ കിരണം' എന്ന വിഗ്രഹത്തിൽ 'കിരണം എന്ന ഉത്തരപദത്തിനാണ് പ്രാധാന്യം.

2. **ബഹുവ്രീഹി സമാസം:** പൂർവ്വ പദത്തിനോ ഉത്തരപദത്തിനോ പ്രാധാന്യമില്ലാതെ അവയുടെ അർത്ഥത്തിൽ സൂചിതമാകുന്ന അന്യപദത്തിന് പ്രാധാന്യം വരുന്ന സമാസമാണ് ബഹുവ്രീഹി.

| | | |
|---|---|---|
| ഉദാ: | സമസ്തപദം | വിഗ്രഹം |
| | മതിമുഖി | മതിയുടെ മുഖത്തോടുകൂടിയവൾ |
| | മധുരമൊഴി | മധുരമായ മൊഴിയോടുകൂടിയവൾ |

**2. കർമ്മധാരയ സമാസം**

പൂർവ്വോത്തരപദങ്ങളിൽ 'ആയ' എന്ന ഗതി ചേരുന്ന വിഗ്രഹത്തെ കർമ്മധാരയൻ എന്നു പറയുന്നു.

| | |
|---|---|
| സമസ്തപദം | വിഗ്രഹം |
| കൊന്നത്തെങ്ങ് | കൊന്നയായ തെങ്ങ് |
| ജീവിത യാത്ര | ജീവിതമാകുന്ന യാത്ര |

**4. ദ്വന്ദ്വ സമാസം**

ഘടക പദങ്ങൾക്ക് രണ്ടിനും തുല്യ പ്രാധാന്യമുള്ള സമാസം

| | | |
|---|---|---|
| ഉദാ : | രാപ്പകൽ | രാവും പകലും |
| | മാതാപിതാക്കൾ | മാതാവും പിതാവും |
| | സൂര്യചന്ദ്രന്മാർ | സൂര്യനും ചന്ദ്രനും |

**5. അവ്യയീഭാവൻ:**

പൂർവ്വ പദത്തിന് പ്രാധാന്യമുള്ള സമാസമാണ് അവ്യയീഭാവൻ

| | |
|---|---|
| സമസ്തപദം | വിഗഹം |
| പ്രതിദിനം | ദിനംതോറും |
| യഥായോഗ്യം | യോഗ്യതപോലെ |
| യഥേഷ്ടം | ഇഷ്ടംപോലെ |

# വിഭാഗം- IV

## അദ്ധ്യായം- 22

# ഭാഷാ ബോധനം

## ഭാഷ

**മുഖവുര**

ആശയവിനിമയത്തിനുള്ള സ്വാഭാവികമായ ഉപാധിയാണ് ഭാഷ. മനുഷ്യനു ലഭിച്ച ഏറ്റവും വലിയ മൗലിക സിദ്ധിയാണിത്. ഭാഷാശാസ്ത്രജ്ഞന്മാരും ഭാഷാപണ്ഡിതന്മാരും പലവിധത്തിൽ ഭാഷയെ നിർവ്വചിച്ചിട്ടുണ്ട്. മനുഷ്യൻ സാമൂഹികജിവിയാണ്. വ്യക്തിപരവും സാമൂഹികവുമായ ഒട്ടേറെ ചിന്തകളും അനുഭവങ്ങളും എപ്പോഴും അവന് ഉണ്ടായിക്കൊണ്ടിരിക്കും. തന്റെ അനുഭവങ്ങളും ചിന്തകളും വികാരവിചാരാദികളും മറ്റുള്ളവരെ അറിയിക്കാനുള്ള നൈസർഗികമായ ആഗ്രഹം മനുഷ്യനുണ്ട്. അതുപോലെ മറ്റുള്ളവരുടെ വികാരവിചാരങ്ങൾ അറിയാനുള്ള അനല്പമായ താല്പര്യവും അവന് ഉണ്ടായിരിക്കും. പരസ്പരമുള്ള ആശയപരവും ചിന്താപരവുമായ ഈ ആദാനപ്രദാന പ്രക്രിയയ്ക്ക് അർത്ഥമുള്ള ശബ്ദസങ്കേതങ്ങൾ മനുഷ്യൻ സ്വീകരിച്ചു. അർത്ഥ സമ്പുഷ്ടമായ ഈ ശബ്ദസങ്കേതമാണ് ഭാഷ. അന്യോന്യമുള്ള ആശയവിനിമയത്തിനെന്നപോലെ സ്വയം ചിന്തിക്കുന്നതിനും പഠിക്കുന്നതിനും മനുഷ്യന് ഭാഷ കൂടിയേ തീരൂ.

ഭാഷതേ ഭാഷ - പറയുന്നതെന്തോ അതാണ് ഭാഷ Lingua എന്ന ലാറ്റിൻ പദത്തിൽ നിന്നാണ് Language എന്ന ഇംഗ്ലീഷ് പദം ഉണ്ടായത് 'ലിഗ്വ' എന്ന പദത്തിന് 'നാവ്' എന്നർത്ഥം. അപ്പോൾ ജിഹ്വ വിഷയകമായത് ഏതോ അതാണ് ഭാഷ എന്നു സിദ്ധിക്കുന്നു. നാവുകൊണ്ട് ഉല്പാദിതമായത് ഭാഷ. 'ഭാഷ്' ധാതുവിൽ നിന്നാണ് ഭാഷ എന്ന പദം ഉണ്ടായത്. വാക്കാണ് മനുഷ്യന്റെ വെളിച്ചമെന്ന് ഉപനിഷത്ത് പറയുന്നു.

മനുഷ്യന് മാത്രം സ്വായത്തമായ ഒന്നാണ് ഭാഷയെന്ന് അവകാശപ്പെടാൻ സാധ്യമല്ല. പക്ഷിമൃഗാദികൾ അവയുടെ വ്യത്യസ്തങ്ങളായ ശബ്ദങ്ങളിലൂടെ ആശയങ്ങളും വികാരങ്ങളും കൈമാറുന്നുണ്ട്. ജന്തുക്കളുടെയും മനുഷ്യരുടെയും ആശയപ്രകാശനരീതി ഒരേ തരത്തിലുള്ളതല്ല. മനുഷ്യനിൽ സഹജമായിക്കാണുന്ന ഉയർന്ന നിലയിലുള്ള ബുദ്ധിവ്യാപാരം, വിവേകം, ഭാവനാശക്തി, വികാരഭാവം ജീവിതത്തെ സംബന്ധിച്ച ലക്ഷ്യബോധം എന്നിവ ബോധപൂർവ്വം ഭാഷ പ്രയോഗിക്കാനും അത് തന്റെ ജീവിതവുമായി ബന്ധപ്പെടുത്തി വികസിപ്പിച്ചെടുക്കാനും അവനെ പ്രാപ്തമാക്കി. മനുഷ്യന്റെ ആശയ പ്രകാശനത്തിന് കൂടുതൽ വൈദഗ്ദ്ധ്യമുണ്ട്., ഭംഗിയുണ്ട്, മിഴിവുണ്ട്. രണ്ടുപേർ ശരിക്കും ഒരുപോലെ സംസാരിക്കുന്നില്ല എന്നത് ഭാഷയും മനുഷ്യനും തമ്മിലുള്ള സവിശേഷബന്ധം വ്യക്തമാക്കുന്നു.

**1. ഭാഷയുടെ ഉൽപ്പത്തി**

ഭാഷ എന്ന മഹത്തായ നന്മ കൊണ്ട് അനുഗ്രഹീതരാണ് മനുഷ്യർ. നിരന്തരമായ ചിന്തയുടെയും ഗവേഷണത്തിന്റെയും അന്വേഷണത്തിന്റെയും ഫലമായി ഭാഷയുടെ ഉൽഭവത്തെപ്പറ്റി അനേകം അഭിപ്രായങ്ങളും അഭ്യൂഹങ്ങളും ഉടലെടുത്തിട്ടുണ്ട്. ഈശ്വരദത്തമാണ് ഭാഷ എന്ന വിശ്വാസവും അടുത്ത കാലം വരെ നിലനിന്ന പോന്നു. ബ്രഹ്മത്തോടാണ് ബ്രഹ്മപത്നിയായ വാക്ക് എപ്പോഴും അധിവസിക്കുന്നത് എന്ന ഭാരതീയ ദർശനം ചിന്തനീയമാണ്.

ശാസ്ത്രീയചിന്ത വളർന്നുവന്നതോടെ ഭാഷയുടെ ഉൽപ്പത്തിയെക്കുറിച്ചുള്ള അന്വേഷണങ്ങൾക്ക് കൂടുതൽ ശക്തി കൈ വന്നു.

മാനവചരിത്രവും അപഗ്രഥനവും ചില ധാരണയിൽ നമ്മെ കൊണ്ട് എത്തിക്കുന്നു. ആദിമ മനുഷ്യൻ മൂകനായി രംഗപ്രവേശനം ചെയ്തതായിക്കരുതാം. എന്നാൽ വ്യത്യസ്തവികാരങ്ങൾക്ക് വിധേയനാണ് മനുഷ്യൻ. അന്തർഗതങ്ങൾ അന്യരെ അറിയിക്കേണ്ട ഘട്ടം വന്നപ്പോൾ ആംഗ്യങ്ങളുടെ സഹായം അവൻ സ്വീകരിച്ചിരിക്കണം. പിൽക്കാലത്ത് അവ്യക്തങ്ങളായ ശബ്ദങ്ങൾ ഉപയോഗിച്ചിരിക്കണം. ആ ശബ്ദങ്ങൾക്ക് കാലാന്തരത്തിൽ മുറയും ചിട്ടയും ഉണ്ടായി. അതാണ് ഭാഷ. പക്ഷേ ശബ്ദവും അത് കുറിക്കുന്ന ശബ്ദവും തമ്മിൽ കാര്യമായ ബന്ധം പലപ്പോഴും കാണുന്നില്ല. പ്രാരംഭഘട്ടത്തിൽ വസ്തുവും അത് കുറിക്കുന്ന ശബ്ദവും തമ്മിൽ അല്പം ബന്ധം ഉണ്ടായിരുന്നതായി അനുമാനിക്കാം. കറുത്തതും 'കാ' 'കാ' എന്ന് ശബ്ദിക്കുന്നതുമായ വസ്തുവിന്റ പേരാണ് കാക്ക.

മൃഗങ്ങളെപ്പോലെ മൂളൽ, അമറൽ, ചീറ്റൽ തുടങ്ങിയ ചില ശബ്ദങ്ങൾ പുറപ്പെടുവിക്കാൻ മനുഷ്യന് കഴിഞ്ഞിരുന്നു. ഈ ശബ്ദങ്ങൾ വ്യത്യസ്തവികാരങ്ങൾക്ക് യോജിച്ചവിധം സന്ദർഭാനുസരണം അവൻ ഉപയോഗിച്ചിരുന്നു. ഇവയുടെ പരിണിത രൂപമാണ് ഭാഷയെന്ന് ചാറൽസ് കലേ അദ്ദേഹത്തിന്റെ 'ഭാഷാരഹസ്യം' എന്ന കൃതിയിൽ സിദ്ധാന്തിക്കുന്നു.

## 2. ആത്മനിഷ്ഠ സിദ്ധാന്തങ്ങൾ

### 1. അനുകരണ സിദ്ധാന്തം. (The Bowvow Theory)

മനുഷ്യന് സഹജമായ അനുകരണ വാസനയെ അടിസ്ഥാനമാക്കി രൂപം കൊണ്ടതാണ് ഈ സിദ്ധാന്തം. പ്രകൃതിയിലുണ്ടാകുന്ന ശബ്ദങ്ങൾ അനുകരിച്ച് ഭാഷയാക്കി എന്നത്രേ ഈ സിദ്ധാന്തത്തിന്റെ സാരം. പതിനെട്ടാം നൂററാണ്ടിലെ തത്വചിന്തകന്മാർക്കിടയിൽ വളരെ പ്രചരിച്ചിരുന്ന ഒരഭിപ്രായമാണിത്. പക്ഷികൾ, നായ്ക്കൾ, പശുക്കൾ തുടങ്ങിയ ജന്തുക്കളുടെ ശബ്ദങ്ങൾ, ഇടിമുഴക്കം, കടലിന്റെ ഇരമ്പൽ കാറ്റിന്റെ മർമ്മരം, ചെറുപുഴകളുടെ കളകളാരവം തുടങ്ങി പ്രകൃതി ശബ്ദങ്ങളാണ് മനുഷ്യൻ അനുകരിച്ചത്. ഒരു വസ്തുവിൽ നിന്നോ ഒരു ജീവിയിൽ നിന്നോ പുറപ്പെടുന്ന ശബ്ദം പിൽക്കാലത്ത് ആ വസ്തുവിനെയോ ജിവിയെയോ കുറിക്കുന്ന ശബ്ദമായി മാറുന്നതിന് ചില ഉദാഹരണങ്ങളുണ്ട്. 'കാ' 'കാ' എന്ന് ശബ്ദിക്കുന്ന പക്ഷിക്ക് കാക്ക എന്ന പേരു നല്കി. ഇംഗ്ലീഷിൽ CROW എന്ന് ശബ്ദം മൃഗങ്ങളുടെ ശബ്ദങ്ങൾ അനുകരിച്ച് അവയ്ക്ക് പേരു നല്ക്കുന്ന സ്വഭാവം കുട്ടികൾക്കുപോലുമുണ്ട്. ചീനഭാഷയിൽ പൂച്ചയെ മ്യോ എന്ന് വിളിക്കുന്നു. ഇംഗ്ലീഷിലെ Cukoo സംസ്കൃതത്തിലെ 'കുഹു' (കുയിൽ) കാക (കാക്ക). പത്രം (ഇല) കുക്കു (പൂവൻകോഴി) തുടങ്ങിയ പദങ്ങൾ. ഇവയിൽ വളരെക്കുറച്ച് ശബ്ദങ്ങൾക്കുമാത്രമേ ഇപ്രകാരം സാദൃശ്യവും അർത്ഥ കൽപ്പനകളും യോജിച്ചു ഇരിക്കുകയുള്ളൂ. അതിനാൽ ഭാഷാസമുത്ഭവത്തിന് തൃപ്തികരമായ ഒരുത്തരം അനുകരണസിദ്ധാന്തം കൊണ്ട് ലഭിക്കുന്നില്ല.

### വ്യാക്ഷേപക സിദ്ധാന്തം (Pooh Pooh Theory)

അനുകരണങ്ങൾക്കും വസ്തുബോധത്തിനും വിഭിന്ന വികാരവിചാരങ്ങൾ മനുഷ്യനുണ്ടാകുന്നു. സന്തോഷം, സന്താപം, സ്നേഹം, ക്രോധം തുടങ്ങിയ വിഭിന്ന വികാരങ്ങൾക്ക് മനുഷ്യൻ വിധേയനാകുമ്പോൾ ചില വ്യാക്ഷേപക ശബ്ദങ്ങൾ സ്വാഭാവികമായി മനുഷ്യൻ

പ്രകടിപ്പിക്കുന്നു. യഥാർത്ഥ ഭാഷയുടെ പ്രാന്തപ്രദേശത്ത് സ്ഥിതിചെയ്യുന്ന ചില ശബ്ദവിശേഷണങ്ങളാണിവ. വ്യാക്ഷേപക ശബ്ദങ്ങൾ അവസാനിക്കുന്നിടത്ത് ഭാഷ ആരംഭിക്കുന്നു. വ്യാക്ഷേപക ശബ്ദങ്ങൾ ഏതെങ്കിലും അർത്ഥത്തോടു ചേർത്ത് പരിഗണിക്കുമ്പോൾ ചില നാമരൂപങ്ങളും ക്രിയാരൂപങ്ങളും ആവിർഭവിക്കുന്നു. ഇംഗ്ലീഷിലെ oh, ah, poovh തുടങ്ങിയ ഇംഗ്ലീഷ് വ്യാക്ഷേപക ശബ്ദങ്ങളെ ഈ വകുപ്പിൽപ്പെടുത്തണം. ഭയത്തിന്റെയോ സംഭ്രമത്തിന്റെയോ ഫലമായുണ്ടാകുന്ന മലയാള ശബ്ദമാണ് 'അയ്യോ' എന്നുള്ളത്. 'ഹാ' എന്നുള്ള സംക്യൃതശബ്ദം വലിയ സംഖ്യയെ സൂചിപ്പിക്കുന്നു. ഈ സൂചനയിൽനിന്നുണ്ടാകുന്നത് അത് മാനസികഭാവത്തിന്റെ ബാഹ്യപ്രകടനമാവാം. ചീനഭാഷയിൽ Hu Fu എന്നീ ശബ്ദങ്ങൾ അതിശയത്തെയും i വ്യാകുലതയേയും Qi അവജ്ഞയേയും uhu വേദനയെയും സൂചിപ്പിക്കുന്നു. വിവിധ വ്യക്തികളിൽ ഒരേ മാതിരി വ്യാക്ഷേപ ശബ്ദങ്ങളല്ല ഉണ്ടാകുന്നത്. ആത്മനിയന്ത്രണ ശക്തിയുടെ തോതനുസരിച്ച് ഭാഷ, നിയതമോ, അനിയതമോ ആയിരിക്കും.

**പ്രതിരണന സിദ്ധാന്തം** (Ding Dong Theory)

മാക്സ് മുള്ളർ ആവിഷ്കരിച്ച സിദ്ധാന്തമാണിത്. അവസാനം അദ്ദേഹം തന്നെ ഇത് നിഷേധിച്ചതായിപ്പറയുന്നു. പ്രകൃതി വസ്തുക്കൾക്ക് വ്യത്യസ്ത പ്രതികരണങ്ങൾ മനുഷ്യരിൽ ഉണ്ടാകാറുണ്ട്. വസ്തുക്കളും അവയുടെ ശബ്ദരൂപമായ പ്രതികരണവും തമ്മിൽ അപഗ്രഥനാതീതമായ ബന്ധമുണ്ടെന്ന് അനുമാനിക്കാം. ഇപ്രകാരമുണ്ടാകുന്ന പ്രതികരണങ്ങൾ ആ വസ്തുക്കുറിക്കുന്ന ശബ്ദങ്ങളായി മാറുന്നു. ചന്ദ്രനെക്കുറിക്കുന്ന ഗ്ലൗ എന്ന സംസ്കൃതപദവും പ്രകാശത്തെക്കുറിക്കുന്ന "Glow' എന്നീ ശബ്ദങ്ങൾ മണിനാദത്തെയും നാഴികമണിയുടെ നാക്കിനെയും സൂചിപ്പിക്കുന്നു. പദാർത്ഥം, അതിന്റെ സ്വഭാവം, അത് മനുഷ്യരിൽ ഉണ്ടാക്കുന്ന പ്രതികരണം, അതിനെക്കുറിക്കുന്ന പദം ഇവ തമ്മിൽ അക്രിത്യമമായ ബന്ധമാണുള്ളത്. പ്രതികരണസിദ്ധാന്തത്തിന്റെ അടിസ്ഥാന തത്വം ഒരേ വസ്തു ഒന്നിലധികം വ്യക്തികളിൽ ഏകസ്വഭാവത്തോടു കൂടിയ പ്രതികരണമല്ല പലപ്പോഴും ഉണ്ടാക്കുക.

**കർമ്മ സഹകാരി സിദ്ധാന്തം** (Yo He Ho Theory)

ഏതെങ്കിലും കായികമായ പ്രവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന മനുഷ്യൻ തന്റെ അദ്ധ്വാനഭാരം ലഘൂകരിക്കാനെന്നോണം ചില ശബ്ദങ്ങൾ സ്വാഭാവികമായി പുറപ്പെടുവിക്കാറുണ്ട്. ഭാരമുള്ള വസ്തുക്കൾ ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേയ്ക്ക് കൊണ്ടുപോകുമ്പോഴും മഞ്ചൽ, പല്ലക്ക് തുടങ്ങിയ വാഹനങ്ങൾ ചുമന്നുകൊണ്ടുപോകുമ്പോഴും കർമ്മകാരന്മാർ, ഏലേലം, ഐലസാ, ആ, ഊ എന്നീ ശബ്ദങ്ങൾ പുറപ്പെടുവിക്കുന്നത് കേൾക്കാവുന്നതാണ്. വസ്ത്രം അലക്കുമ്പോഴും വിറക് വെട്ടുമ്പോഴും മറ്റും ചിലർ ഇശ്ശ്, ശ്ശിയോ, ഊ മുതലായ ശബ്ദങ്ങൾ പുറപ്പെടുവിക്കും. ആംഗലേയരായ നാവികർ നങ്കൂരം പൊക്കുന്ന അവസ്ഥയിൽ യോ -ഹീ-ഹോ എന്നിങ്ങനെ കൂട്ടുചേർന്ന് പുറപ്പെടുവിക്കുന്ന ശബ്ദമാണ് നെടുവീർപ്പിടുക എന്ന അർത്ഥമുള്ള Heave എന്ന ക്രിയാ പദത്തിന് നിദാനമെന്ന് ഊഹിക്കുന്നു. കഥപറയുന്ന അവസരത്തിൽ മ്, ഉം എന്നിങ്ങനെ ശബ്ദം പുറപ്പെടുവിക്കാറുണ്ട്.

**അംഗിക ചേഷ്ടാനുസാരി സിദ്ധാന്തം** (The Ta-Ta Theory)

സർ റിച്ചാർഡ് പഗറ്റ് അവതരിപ്പിച്ച സിദ്ധാന്തപ്രകാര ശരീരാവയവങ്ങൾക്കുണ്ടാകുന്ന ചേഷ്ടകൾക്ക് അനുസരണമായി ഉച്ചാരണാവയവങ്ങളും ചലിക്കുന്നു. കൈമുദ്രകളെയും മറ്റ്

ആംഗ്യങ്ങളേയും തുടർന്ന ഭാഷ്യത്തിനും നാക്കിനും ഉണ്ടാകുന്ന നൈസർഗ്ഗികമായ ചലനങ്ങൾ ചില ശബ്ദങ്ങൾക്ക് കാരണമാകാറുണ്ട്. ഇങ്ങനെയുള്ള ശബ്ദങ്ങൾ ഇതിന് പ്രേരകമായ ആശയങ്ങളെക്കുറിക്കുന്ന സങ്കേതങ്ങളായി മാറുന്നു. യുക്തിക്ക് അത്രയൊന്നും നിരക്കുന്നതല്ല ഈ സിദ്ധാന്തം. പ്രാക്തന ദശയിൽ മനുഷ്യൻ ഹസ്തമുദ്രകളും --മൗഖികാവയവങ്ങളും ആശയവിനിമയത്തിന് ബോധപൂർവ്വം ഉപയോഗപ്പെടുത്തിയിരിക്കുന്നതായി കരുതുക സാധ്യമല്ല.

**സംഗീതക സിദ്ധാന്തം (Musical Theory)**

ഓട്ടോ ജസ് പേഴ്സൺ ഭാഷയുടെ ഉൽപ്പത്തി സംഗീതത്തിൽ കണ്ടെത്തുന്നു. മറ്റ് സിദ്ധാന്തങ്ങൾ ഭാഗികമായി മാത്രമേ ഭാഷയുടെ ഉൽപ്പത്തിയെക്കുറിച്ച് ചിന്തിക്കുന്നുള്ളൂ എന്നത്രേ ജസ്പേഴ്സന്റെ അഭിപ്രായം. പ്രാക്തന ഭാഷ വളരെ ദീർഘമായ വാക്കുകൾ അടങ്ങിയതാണെന്നും അദ്ദേഹം അനുമാനിക്കുന്നു. സംഗീതാത്മകവും കൂടുതൽ വികാര നിർഭരവും ആയിരുന്നു ഈ വാക്കുകൾ. വാക്കുകൾ കൂടാതെയുള്ള ഒരുതരം സംഗീതമായിരുന്നു പ്രാരംഭത്തിലെ ഭാഷ. ആശയവിനിമയമായിരുന്നില്ല അതിന്റെ ലക്ഷ്യം. കേവലമായ വികാരപ്രകടനം മാത്രം.

**സമ്പർക്ക സിദ്ധാന്തം.**

മന:ശാസ്ത്രപ്രൊഫസറായ ജി. റിവീസാണ് ഈ സിദ്ധാന്തത്തിന്റെ ഉപജ്ഞാതാവ്. സഹജീവികളുമായി ബന്ധപ്പെടാനുള്ള മനുഷ്യന്റെ ജന്മസിദ്ധമായ ആവശ്യത്തിലൂടെ ഭാഷ ഉത്ഭവിക്കുകയും വളരുകയും ചെയ്തെന്ന അദ്ദേഹം അഭിപ്രായപ്പെടുന്നു. ഭാഷയുടെ വിവിധ വികസന ഘട്ടങ്ങൾ അദ്ദേഹം എടുത്ത് കാണിക്കുന്നുണ്ട്. സഹജീവികളുമായി ബന്ധപ്പെടാനുള്ള വ്യക്തികളുടെ സമ്പർക്കശബ്ദമാണ് രണ്ടാമത്തേത്. പരിസരത്തിലേയ്ക്ക് നയിക്കപ്പെടുന്നതാണ് അത്. അപകടത്തിൽപെട്ട കിളിക്കുഞ്ഞിന്റെ ശബ്ദവും, ജീവികൾ ഇണയെ വിളിക്കുന്ന ശബ്ദവും ഉദാഹരണങ്ങളാണ്. എന്തെങ്കിലും ആഗ്രഹങ്ങൾ തൃപ്തിപ്പെടുത്താനുള്ള വിളിയാണ് അടുത്തത്. അമ്മയുടെ സാമീപ്യത്തിനുവേണ്ടി കരയുന്ന കുഞ്ഞിന്റെ ശബ്ദവും വളർത്തു മൃഗങ്ങളുടെ ശബ്ദവും ഇതിന് ഉദാഹരണങ്ങളാണ്. ഇവിടെ സംഗീതത്തിന്റെയും ഭാഷയുടെയും തുടക്കം കുറിക്കുന്നു. അവസാനമായി വരുന്നത് വാക്കുകളാണ്. പ്രതിരൂപാത്മകമാണ് അവയുടെ ശബ്ദം. ഇത് മനുഷ്യനിലെ കാണുകയുള്ളൂ. ആജ്ഞാരൂപത്തിലുള്ളതാകുന്നു ഭാഷയെന്ന് റിവീസ് അഭിപ്രായപ്പെടുന്നു. ഉച്ചാരണത്തിന്റെ ഉത്ഭവത്തെക്കുറിച്ച് അദ്ദേഹം ഒന്നും പറയുന്നില്ല. തന്നെയുമല്ല ജന്മസിദ്ധമായ മനുഷ്യാവകാശങ്ങൾക്ക് അദ്ദേഹം അമിതമായ ഊന്നൽ നൽകുകയും ചെയ്യുന്നു.

**3. വസ്തുനിഷ്ഠ സിദ്ധാന്തങ്ങൾ**

വസ്തുനിഷ്ഠ സിദ്ധാന്തങ്ങളിൽ പ്രധാനമായവ ധാതുസിദ്ധാന്തം, ശിശുഭാഷാസിദ്ധാന്തം, അപരിഷ്കൃത ഭാഷാപഠനം, ഭാഷാചരിത്രപഠനം എന്നിവയാണ്. ധാതുസിദ്ധാന്തത്തിന്റെ അവതാരകൻ മാക്സ്മുള്ളറാണ് ഓരോ ശബ്ദത്തിനും മൂലരൂപമുണ്ട്. അതിന് ധാതു എന്നുപറയാനും ഉദാഹരണമായി 'വിദ്' ധാതുവിൽ നിന്നാണ് വിദ്യാ എന്ന പദമുണ്ടായത്. അതായത് കേവലമായ ശബ്ദങ്ങളിൽ ആരംഭിച്ച് നിയതരൂപം കൈക്കൊള്ളുന്നവയാണ് ധാതുക്കൾ. ഇത്തരം ധാതുക്കളിൽ നിന്ന് ആശയവിനിമയത്തിനായി ചില പദങ്ങളും പ്രത്യയങ്ങളും രൂപപ്പെടുത്തി എടുത്തതായി വിശ്വസിക്കുന്നു. ആദ്യമായി പദങ്ങൾ ഉണ്ടായത് പ്രവൃത്തിയെ കുറിക്കാനാണ്. ജസ്പേഴ്സൺ നിർദ്ദേശിച്ച മാർഗ്ഗങ്ങളാണ് ശിശുഭാഷാപഠനം, അപരിഷ്കൃതഭാഷാപഠനം, ഭാഷാചചരിത്രപഠനം എന്നിവ. ശിശു ജനിച്ചാലുടൻ കരയണം. ആ കരച്ചിലാണ് കുട്ടിയുടെ ആദ്യത്തെ ശബ്ദമെന്ന് നാം കരുതുന്നു.

കരച്ചിൽ-അവ്യക്തഭാഷണം ഇവ ശബ്ദങ്ങളിലേയ്ക്ക് വികസിക്കുന്നു എന്നത് ശരിയല്ല. ജനിക്കുന്നതിനുമുമ്പ് തന്നെ ഉച്ചാരണാവയവങ്ങൾ വളർന്നു തുടങ്ങുന്നു. ജനിച്ചശേഷം ചില നിശബ്ദശബ്ദങ്ങൾ ഭാഷയുടെ പൂർവ്വരൂപമായി കരുതാമെന്ന് മാക്സ്മുള്ളർ വാദിക്കുന്നു. അപരിഷ്കൃത ഭാഷകൾക്കും പരിണാമചരിത്രമുള്ളതിനാൽ ആ ഭാഷയുടെ സ്വഭാവം കണക്കാക്കി ഭാഷോല്പത്തികണ്ടെത്തുക വിഷമം. ഭാഷകളുടെ ക്രമാനുസൃതമായ ചരിത്രം പഠിച്ചതുകൊണ്ടുമാത്രം പറയത്തക്ക പ്രയോജനം ലഭിക്കില്ല.

**4. പൊതുനിഗമനങ്ങൾ**

അനേകം കാലങ്ങളിലെ നിരന്തരമായ പരിവർത്തനത്തിന്റ ഫലമായി വളർന്നുവികസിച്ചതാണ് ആധുനിക ഭാഷകൾ. കൈകൊണ്ട് ആയാസകരമായ എന്തെങ്കിലും ജോലികൾ ചെയ്യുമ്പോൾ നാം മനപൂർവ്വം ശ്രമിക്കാതെതന്നെ വാഗിന്ദ്രിയങ്ങൾ സ്വാഭാവികമായി ആ ശബ്ദം അനുകരിച്ചിരിക്കാം. ചില കുട്ടികൾ എഴുതുമ്പോൾ അവരുടെ കരചലനത്തിന് അനുസരണമായി മുഖത്ത് ഭാവഭേദങ്ങൾ ഉണ്ടാകാറുണ്ട്. ചെണ്ടവാദ്യക്കാരന്റെയോ മൃദംഗവായനക്കാരന്റെയോ, വയലിൻ വായനക്കാരന്റെയോ കൈകൾ ചലിക്കുന്നതിനോടൊപ്പം അവരുടെ തലയും വദനഭാഗങ്ങളും ചലിക്കുന്നത് സാധാരണ കാഴ്ചയാണ്. നാവും ചുണ്ടും നടത്തുന്ന ആംഗ്യാനുകരണങ്ങളും കണ്ഠത്തിൽ നിന്ന് പുറപ്പെടുന്ന ശബ്ദങ്ങളും ഒരുമിച്ച് ചേർന്ന് ആംഗ്യത്തിന്റെ സങ്കേതമായിത്തീർന്നു. അങ്ങനെ പുതിയൊരു ആശയപ്രകടനോപാധി മനുഷ്യന് കൈവന്നു. ആംഗ്യങ്ങൾ വെളിച്ചത്തിലേ ഉപകരിക്കുകയുള്ളൂ. എന്നാൽ അതിനുചേർന്ന ശബ്ദസങ്കേതം ഇരുട്ടിലും ഉപകരിക്കുമെന്നായി. കൈയ്യും നാവും തമ്മിലുള്ള ബന്ധമാണ് പ്രധാനം. തുടർന്ന് ശബ്ദോച്ചാരണസമ്പ്രദായം അഭിവൃദ്ധിപ്പെടുകയും ചെയ്തു. കൈയ്യ് മുകളിലേയ്ക്ക് ചൂണ്ടിയാണ് മുകളിൽ എന്ന് സൂചിപ്പിക്കുന്നത്.

ശിശുവിന്റെ കരച്ചിൽ ഭാഷയുടെ ആവിർഭാവത്തെ വെളിപ്പെടുത്താൻ പരിമിതമായി പ്രയോജനപ്പെടും. കുഞ്ഞുങ്ങൾ നൈസർഗ്ഗികമായി ചില ശബ്ദങ്ങൾ പുറപ്പെടുവിക്കുന്നുണ്ട്. ഈ ധ്വനികൾ ഭാഷയുടെ ഉൽപ്പത്തിയെക്കുറിച്ചുള്ള ശാസ്ത്രീയമായ അന്വേഷണത്തിന് ആശ്രയമായി കാണുന്നു. ബുദ്ധിപരമായി ഇത്രയും അഭിവൃദ്ധിപ്പെടാതിരുന്ന കാലത്ത് മനുഷ്യന്റെ ഭാഷ വികാരാധിഷ്ഠിതമായിരുന്നതായി പറയാം. മാനസിക ഭാവങ്ങൾക്ക് യോജിച്ച ചില ശബ്ദങ്ങൾ ഒരാൾ പുറപ്പെടുവിച്ചിരിക്കാം. മറ്റുള്ളവർ അവ ശ്രദ്ധിക്കുകയും അനുകരിക്കുകയും ചെയ്തതാവാം. ഈ ശബ്ദങ്ങൾ പ്രത്യേക അർത്ഥ സങ്കേതങ്ങളായി തീർന്നു. അങ്ങനെ വ്യക്തിയിൽ നിന്ന് വ്യക്തിയിലേയ്ക്കും സമൂഹത്തിൽ പൊതുവെയും ഈ ശബ്ദസങ്കേതങ്ങൾ അർത്ഥവത്തായി തീർന്നു. ചിന്താശക്തി വളർന്നതോടെ ശബ്ദസങ്കേതങ്ങൾ കൂടുതൽ ബുദ്ധിപൂർവ്വം പ്രയോഗിക്കാൻ മനുഷ്യൻ പ്രാപ്തനായി. തുടർന്ന് അന്യോന്യവ്യവഹാരത്തിന്റെ ഫലമായി ഭാഷ വളരുകയും വികസിക്കുകയും ചെയ്തു. ഭൂമിശാസ്ത്രപരവും സാമൂഹികവുമായ സാഹചര്യങ്ങൾ കൊണ്ട് ഒരു ഭാഷ പലതായി മാറുകയും ചെയ്യാറുണ്ട്.

**5. കക്ഷ്യാവിഭജനം.**

മനുഷ്യരെപ്പോലെ ഭാഷകൾക്ക് അവസ്ഥാന്തരങ്ങൾ ഉണ്ട്. ഓരോ അവസ്ഥയിലും ഭാഷയ്ക്ക് മാറ്റം ഉണ്ടാകുന്നു. ഈ മാറ്റങ്ങളെ അടിസ്ഥാനമാക്കി ഭാഷകളെ വിവിധ കക്ഷ്യകളായി വിഭജിക്കാം.

1. പ്രാകൃത കക്ഷ്യ
2. വൈകൃത കക്ഷ്യ

3. സംശ്ലിഷ്ട കക്ഷ്യ
4. സംഘടിത കക്ഷ്യ
5. അപഗ്രഥിത കക്ഷ്യ

ആശയവിനിമയത്തിനായി വാക്കുകളെ വിന്യസിക്കുന്ന സമ്പ്രദായത്തെ ആശ്രയിച്ചുള്ളതാണ് ഈ വിഭജനം. അതായത് രൂപനിഷ്പത്തി അനുസരിച്ചുള്ള വിഭജനം. ആശയവിനിമയത്തിനായി വാക്കുകളെ വിന്യസിക്കുന്ന സമ്പ്രദായത്തെ ആശ്രയിച്ചുള്ളതാണ് ഈ വിഭജനം.

**1. പ്രാകൃത കക്ഷ്യ**

വാക്യത്തിൽ പദങ്ങളുടെ സ്ഥാനം കൊണ്ടുമാത്രം അവയുടെ ബന്ധം പ്രകാശിപ്പിക്കുന്ന ഭാഷകളാണ് പ്രാകൃത കക്ഷ്യയിൽപ്പെടുന്നവ. ഇവിടെ പ്രകൃതി മാത്രമാകുന്നു പദങ്ങൾ. ഓരോ പദവും സ്വതന്ത്രമായിരിക്കും. അവ നിയന്ത്രിതമായ ഒരാശയത്തെക്കുറിക്കുന്നു. ഒരു ധാതു നാമമോ ക്രിയയോ വിശേഷണമോ എന്ന് നിശ്ചയിക്കുന്നത് വാക്യത്തിൽ അതിനുള്ള സ്ഥാനം ആശ്രയിച്ചായിരിക്കും. ടിബറ്റൻ, സയാമീസ്, ബർമ്മീസ് ഭാഷകൾ ഈ വിഭാഗത്തിൽപ്പെടുന്നു.

**2. വൈകൃത കക്ഷ്യ**

ചില ഭാഷകളിൽ ആന്തരവ്യത്യാസം വരുത്തി കാലം, പ്രകാരം, പ്രയോഗം, വചനം, ലിംഗം, വിഭക്തി എന്നീ വ്യത്യാസങ്ങൾ വെളിപ്പെടുത്തുന്നു. ഇത്തരം ഭാഷകളാണ് വൈകൃത കക്ഷ്യയിൽപ്പെടുന്നവ. ഇന്തോ യുറോപ്യൻ ഭാഷകളും സെമിറ്റിക് ഭാഷകളും വൈകൃത കക്ഷ്യയിൽപ്പെടുന്നു.

ഇംഗ്ലീഷിലെ സിറ്റ് (ഇരിക്കുക) സാറ്റ് (ഇരുന്നു) സീ (കാണുക) സാ (കണ്ടു) മേൻ (മനുഷ്യൻ) മെൻ (മനുഷ്യൻ) തുടങ്ങിയവ അനന്തരസ്വരങ്ങൾക്ക് വ്യത്യാസം വരുന്നതിന് ഉദാഹരണങ്ങളാണ്. സംസ്കൃതത്തിലെ പ്രഹരതി (അടിക്കുന്നു) സംഹരതി (കൊല്ലുന്നു) എന്നിവ ഉദാഹരണങ്ങളാണ്.

**3. സംശ്ലിഷ്ട കക്ഷ്യ**

സ്വയം അർത്ഥദ്യോതകങ്ങളായ പദങ്ങളാണ് സംശ്ലിഷ്ട കക്ഷ്യയിൽപ്പെട്ട ഭാഷകൾക്കുള്ളത്. പ്രകൃതിയുടെ പരസ്പര ബന്ധം പ്രകാശിപ്പിക്കുന്നതിന് പ്രയോജനപ്പെടുന്ന പ്രത്യയങ്ങൾക്ക് ഇവിടെ പ്രത്യേകാർത്ഥം നിലനിൽപ്പുമുണ്ട്. ലിംഗം, വചനം, വിഭക്തി, കാലം, പ്രയോഗം മുതലായവ ദ്യോതിപ്പിക്കുന്നതിന് പ്രകൃതിക്ക് ചേർക്കുന്ന ഓരോ ശബ്ദത്തേയും വേർതിരിച്ച് കാണാൻ പ്രയാസമില്ല. ഗുരുഭ്യ: എന്ന സംസ്കൃതപദത്തിന്റെ അർത്ഥം വ്യഞ്ജിപ്പിക്കുന്നതിന് ഗുരുക്കന്മാരിൽ നിന്ന് എന്നുതന്നെ പറയണം. ഇവിടെ ഗുരു എന്ന പ്രകൃതിയോട് കൾ, മാർ, ഇൽ, നിന്നു എന്നീ നാലു പ്രത്യയങ്ങൾ ചേർന്നിരിക്കുന്നു. സംശ്ലിഷ്ട കക്ഷ്യയിൽപ്പെടുന്നവയാണ് ദ്രാവിഡ ഗോത്രത്തിലെ ഭാഷകൾ.

**4. സംഘടിത കക്ഷ്യ**

ഒരു വാക്യത്തിന്റെ പദാംശങ്ങളെ ക്രിയാപദത്തിന്റെ ഇടക്കോ അതിനോട് അനുബന്ധിച്ചോ വാക്കിനെ ഒറ്റപദത്തിന്റെ രൂപത്തിൽ പ്രയോഗിക്കുന്ന ഭാഷകളാണ് സംഘടിത കക്ഷ്യയിൽപ്പെടുന്നത്. ഗ്രീൻലാന്റിലെ ഭാഷ ഉദാഹരണം.

**5. വൈകൃത കക്ഷ്യ**

വൈകൃത കക്ഷ്യയിൽപ്പെട്ട ഭാഷകൾ അഭിവൃദ്ധിയുടെ ദശയിൽ കൂടുതൽ അപഗ്രഥിത സ്വഭാവം

കാണിച്ചെന്നുവരാം. ഇത് ഭാഷയുടെ അനുക്രമമായ വളർച്ചയിൽ സ്വാഭാവികമായും ഉണ്ടാകുന്ന മാറ്റമായതിനാൽ അപഗ്രഥിത കക്ഷ്യയെ ഒരു പ്രത്യേക കക്ഷ്യയായി കരുതേണ്ടതില്ലെന്ന് ഭാഷാശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നു.

**6. ഭാഷാഗോത്രങ്ങൾ**

ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലുമായി 2500 ൽ അധികം ഭാഷകൾ ഇപ്പോൾ പ്രചാരത്തിലുള്ളതായി കാണുന്നു. 2796 ഭാഷകൾ പ്രചാരത്തിലുള്ളതായി കാണുന്നു. ഇവയിൽ ലിപിയുള്ള ഭാഷകളും ലിപിയില്ലാത്ത ഭാഷകളുമുണ്ട്. ഇന്ത്യയിൽതന്നെ 724 ഭാഷകളാണുള്ളത്. ഇവയിൽ 180 ഭാഷകൾക്കേ ലിപിയുള്ളൂ. ഉച്ചാരണം, ലിപി സമ്പ്രദായം തുടങ്ങിയ കാര്യങ്ങളിൽ ഭാഷകൾ തമ്മിൽ സാരമായ വ്യത്യാസമുണ്ട്.

പ്രകൃതി പ്രത്യയങ്ങൾ വാക്യഘടന മുതലായവയെ അടിസ്ഥാനമാക്കി ഭാഷകളെ വിവിധ ഗോത്രങ്ങളാക്കി വിഭജിച്ചിരിക്കുന്നു. ഇരുപതിലേറെ ഭാഷാഗോത്രങ്ങളുണ്ട്. ഈ ഗോത്രങ്ങളിൽ ഏതെങ്കിലും ഒന്നിൽപ്പെട്ടതാണ് ഓരോ ലോകഭാഷയും. ഇൻഡോ, യൂറോപ്യൻ ഗോത്രമാണ് മുഖ്യവിഭാഗം. ഇംഗ്ലീഷ്, ജർമൻ, സ്പാനിഷ്, ഫ്രഞ്ച്, റഷ്യൻ, ഇറ്റാലിയൻ, ലാറ്റിൻ, ഗ്രീക്ക് തുടങ്ങി ഒട്ടേറെ പടിഞ്ഞാറൻ ഭാഷകളും സംസ്കൃതം, ഹിന്ദി, മറാഠി, ഗുജറാത്തി, ബംഗാളി, പഞ്ചാബി, പാലി, നേപ്പാളി തുടങ്ങിയ പതിനാറിലധികം ഇന്ത്യൻ ഭാഷകളും ഇന്തോ യൂറോപ്യൻ ഗോത്രത്തിൽപ്പെടുന്നു. സെമിറ്റിക് ഗോത്രം, ഫ്രീബ്രു, അറബിക്, സിറിയൻ, ഫിനീഷ്യൻ മുതലായവ. ഹൊമിറ്റിക് ഗോത്രം പ്രാചീന ഈജിപ്ഷ്യൻ ഭാഷ, തെക്കുകിഴക്കൻ, ഏഷ്യാറ്റിക് ഗോത്രം, ചീനഭാഷ, അസാമീസ്, ബർമീസ്, സയാമീസ്, ടിബറ്റൻ മുതലായവ. യൂറൽ ആൽറ്റെക് ഗോത്രം മംഗോളിയൻ, ടർക്കിഷ് തുടങ്ങിയവ. ഓസ്ട്രിക് ഗോത്രം മലയൻ ഇൻഡോനേഷ്യൻ, പോളിനേഷൻ മുതലായവ. ബാന്ത് ഗോത്രം, ദക്ഷിണാഫ്രിക്കയിലെ ഭാഷകൾ. ദ്രാവിഡഗോത്രം, മലയാളം, തെലുങ്ക്, കന്നട, തുളു തുടങ്ങിയവ. ഇവയാണ് പ്രധാന ഭാഷാഗോത്രങ്ങൾ.

**7. ഭാഷാശാസ്ത്രം**

വളരെയേറെ വികസിച്ചുകൊണ്ടിരിക്കുന്ന വിജ്ഞാനശാഖയാണ് ഭാഷാശാസ്ത്രം. ഭാഷാധ്യാപനം സംബന്ധിച്ച സാമാന്യബോധം ഭാഷാധ്യാപനത്തിൽ പലവിധത്തിൽ സഹായകമായിത്തീരും. ശബ്ദസങ്കേതങ്ങളാണല്ലോ ഭാഷയുടെ അടിസ്ഥാനസാമഗ്രികൾ. ഭാഷണോപാധികളെ ശബ്ദ, അർത്ഥ, രൂപ മൂലകങ്ങളായി അപഗ്രഥിക്കാം. ഈ അപഗ്രഥനത്തിലൂടെ അവയുടെ പ്രയോഗ വൈവിധ്യങ്ങൾ, വികാസപരിണാമങ്ങൾ എന്നിവ ശാസ്ത്രീയമായി വിശകലനം ചെയ്യുകയാണ് ഭാഷാശാസ്ത്രത്തിന്റെ മുഖ്യധർമ്മം. ഭാഷയുടെ അനന്തരഘടകങ്ങൾ മനസ്സിലാക്കി അതിനെ മനസ്സിലാക്കാൻ ശ്രമിക്കുന്ന ശാസ്ത്രമാണ് ഭാഷാശാസ്തം. ഭാഷാശാസ്ത്രത്തിൽ വരമൊഴിയേക്കാൾ വായ്മൊഴിക്കാണ് പ്രാധാന്യം.

ഭാഷയെ രണ്ടു വിധത്തിൽ ശാസ്ത്രീയപഠനം നടത്താം. ചരിത്രപരമായ പഠനവും വിവരണാത്മക പഠനവും. ഏതെങ്കിലും ഒരു കാലഘട്ടത്തിൽ ഒരു പ്രത്യേക ഭാഷയ്ക്കുണ്ടായിരുന്ന സ്വരൂപം വിശകലനം ചെയ്യുന്നു വിവരണാത്മകപഠനം. ചരിത്രപരമായ പഠനത്തിന് സഹായകമായിരിക്കും, ശബ്ദം, ആശയം എന്നീ രണ്ടു ഘടകങ്ങളുമായാണ് ഭാഷ പ്രവർത്തനപരമായി ബന്ധപ്പെടുന്നത്. ഭാഷാശാസ്ത്രത്തെ സംബന്ധിച്ചിടത്തോളം ഇവ യഥാക്രമം പ്രകടനവും ഉള്ളടക്കവും ആകുന്നു.

യാന്ത്രികമായ വ്യാകരണ പഠനങ്ങളിൽ ഒതുങ്ങാതെ യാന്ത്രികജീവിതത്തിന്റെ അവിഭാജ്യഘടകമായി ഭാഷകളെ വിശകലനം ചെയ്യുന്ന വിവരണാത്മ ഭാഷാശാസ്ത്രം ഇന്ന് വികാസം പ്രാപിച്ചുകൊണ്ടിരിക്കുന്നു.

**8. ലിപി**

ശബ്ദമാണല്ലോ ഭാഷയുടെ സ്വാഭാവികവും അടിസ്ഥാനപരവുമായ രൂപം. ഉച്ചരിക്കുന്ന ശബ്ദമായ വർണ്ണത്തെ സൂചിപ്പിക്കുന്ന രേഖാസങ്കേതമാണ് ലിപി. വായിലൂടെ അക്ഷരത്തിലൂടെ വ്യഞ്ജിപ്പിക്കുന്ന അർത്ഥയുക്തമായ വാക്കാണ് വരമൊഴി. ഈ മൊഴി രേഖപ്പെടുത്താൻ ചില സങ്കേതങ്ങൾ ആവശ്യമാണ്. അങ്ങനെ അക്ഷരം എഴുതാൻ സ്വീകരിക്കുന്ന രേഖയത്രേ ലിപി. മനുഷ്യൻ ഉച്ചരിക്കുന്ന ശബ്ദങ്ങളുടെ ലിഖിതസങ്കേതമാണ് അക്ഷരങ്ങൾ. നഷ്ടമാകാത്തത് അനശ്വരം എന്നൊക്കെ അക്ഷരത്തിന് അർത്ഥമുണ്ട്. അക്ഷരത്തിന്റെ ശരീരം ലിപിയും ആത്മാവ് ഉച്ചാരണവും ആകുന്നു. അക്ഷരങ്ങൾകൊണ്ട് ആശയങ്ങൾ രേഖപ്പെടുത്തുന്ന സമ്പ്രദായത്തിന് നാലായിരം വർഷത്തിലധികം പഴക്കമില്ല. മനുഷ്യന്റെ ദീർഘകാലത്തെ ചിന്താപരവും ക്രിയാപരവുമായ പരിണാമത്തിന്റെ ഫലമാണിത്.

**9. ഉത്ഭവം, വികാസം**

ലിപിയുടെ ഉത്ഭവം, വികാസം എന്നിവയെപ്പറ്റി ഭാഷാശാസ്ത്രജ്ഞൻമാർ ഗവേഷണം നടത്തിയിട്ടുണ്ട്. അതിപ്രാചീനകാലം മുതൽക്കേ മനുഷ്യന് ലിപി വിദ്യ വശമില്ലായിരുന്നു. എന്നാൽ പ്രകൃതി വസ്തുക്കൾ സൃഷ്ടിച്ച രൂപബോധം ചിത്രങ്ങളിലൂടെ ആവിഷ്ക്കരിക്കാൻ മനുഷ്യൻ പ്രാപ്തനായി. അവന്റെ സർഗ്ഗശക്തിയുടെ പ്രതിഫലനം കൂടിയായിരിക്കും ഇത്. പ്രാകൃത മനുഷ്യന്റെ ചിത്രരചനയായിരിക്കും എഴുത്തിന്റെ ഉൽപ്പത്തിസ്ഥാനം. പ്രകൃതിവസ്തുക്കളെ സൂചിപ്പിക്കാൻ വരച്ച ചിത്രങ്ങളായിരിക്കണം എഴുത്തിന്റെ ഉൽപ്പത്തി സ്ഥാനം.

പ്രകൃതി വസ്തുക്കളെ സൂചിപ്പിക്കാൻ വരച്ച ചിത്രങ്ങൾ ലിപികളുടെ പ്രാഥമിക രൂപങ്ങളായിരുന്നു. രണ്ടാമത്തെ ഘട്ടത്തിൽ മനുഷ്യൻ ആശയദ്യോതകങ്ങളായ ചിത്രങ്ങൾ വരച്ചുതുടങ്ങി. ഈജിപ്റ്റ്, ചൈന, ബാബിലോണിയ, അസിരിയ തുടങ്ങി പ്രാചീന രാജ്യങ്ങളിലാണ് ഇത്തരം ചിത്രലേഖനങ്ങൾ ആദ്യം ആരംഭിച്ചത്. സൂര്യന്റെ ചിത്രത്തിൽ നിന്ന് സൂര്യനെ സംബന്ധിച്ച വ്യക്തമായ ആശയബോധം ഉണ്ടാകുന്നു. പിന്നീടാണ് ഏകവർണ്ണ ചിത്രങ്ങളുടെ ആവിർഭാവം. പദങ്ങളെ വർണ്ണങ്ങളാക്കി വേർതിരിച്ച് ഓരോ പ്രത്യേക ചിഹ്നങ്ങൾ ഉപയോഗിക്കാൻ തുടങ്ങി. മനുഷ്യൻ എന്ന പദത്തെ പ്രതിനിധാനം ചെയ്യുന്നു. മ-നു-ഷ്യ-ൻ എന്നീ ഓരോ ശബ്ദത്തിനും പ്രത്യേക ലിപി ഉണ്ടായി. വർണ്ണങ്ങളെ വീണ്ടും വിശ്ലേഷിച്ചതിന്റെ ഫലമായാണ് സ്വരവ്യഞ്ജന വ്യവസ്ഥ ഉണ്ടായത്. ചിത്രരേഖകളിൽ നിന്ന് ശബ്ദങ്ങൾ പ്രതിനിധാനം ചെയ്യുന്ന ലേഖന സമ്പ്രദായത്തിലേയ്ക്കുള്ള പരിവർത്തനം മാനവ പുരോഗതിയുടെ അതിപ്രധാന ഘട്ടത്തെക്കുറിക്കുന്നു. 'ലിപി മാനവ ചരിത്രത്തിന്റെ താക്കോൽ' ആണ് എന്ന് ഡോ. ഡേവിഡ് ഡോറിജറുടെ ഈ പ്രസ്താവന അർത്ഥയുക്തമാണ്.

സിന്ധൂനദീതട നാഗരികതയെക്കുറിച്ച് ഗവേഷണം നടത്തിയ കണ്ണിംഹാം ഹാരപ്പായിൽ ചില മുദ്രകൾ കണ്ടെത്തി. സിന്ധൂനാഗരികതയുടെ മഹത്തായ സംഭാവനയാണിത്. മാർദ്ദവമുള്ള കല്ലിൽ കൊത്തിവച്ച മനുഷ്യരുടെയും മൃഗങ്ങളുടെയും ചിത്രങ്ങളാണവ. ചിത്രങ്ങളുടെ മുകളിൽ കല്ലിൽത്തന്നെ എന്തൊക്കെയോ ആലേഖനം ചെയ്തിട്ടുണ്ട്. ഇവയെ സിന്ധൂലിഖിതങ്ങൾ എന്ന് പേരിട്ടിരിക്കുന്നു.

ഈ ആലേഖനങ്ങൾ ഇതുവരെ വായിക്കാൻ കഴിഞ്ഞിട്ടില്ല. ചിത്രലേഖനത്തിന്റെ വികസിത മാതൃകയാവാം ഇവ. ഭാരതത്തിലെ ഏറ്റവും പ്രാചീന ലിപിയാണ് ബ്രാഹ്മിലിപി. ലഭ്യമായവയിൽ വച്ച് ഏറ്റവും പ്രാചീനമായത് അശോകന്റെ ശിലാശാസനങ്ങളാണ്. ഈ ശാസനങ്ങൾ ബ്രാഹ്മി ലിപി യിലാണ് എഴുതിയിരിക്കുന്നത്. സിന്ധു നാഗരികതയിൽ കാണുന്ന സിന്ധു ലിഖിതങ്ങൾ ലിപികൾ ആയിരിക്കും ബ്രാഹ്മി ലിപിയായി വികസിച്ചതെന്നും അഭിപ്രായമുണ്ട്. ഭാരതീയ ലിപികളുടെ മൂലരൂപം ബ്രാഹ്മിയാണെന്ന് പണ്ഡിതമതം. തെക്കെ ഇന്ത്യയിൽ പ്രചരിച്ചിരുന്ന ലിപി സമ്പ്രദായമായിരുന്ന ഗ്രന്ഥലിപി. സംസ്കൃത രേഖകളും തമിഴ് രേഖകളിൽ കാണുന്ന സംസ്കൃതപദങ്ങളും രേഖപ്പെടു ത്താനാണ് ഈ ലിപി ഉപയോഗിച്ചിരുന്നത്. സംസ്കൃത ഗ്രന്ഥങ്ങൾ എടുത്താൽ ഉപയോഗിച്ചിരുന്ന ലിപിയെ തെക്കേ ഇന്ത്യക്കാർ 'ആര്യ എഴുത്ത്' അഥവാ 'ഗ്രന്ഥാക്ഷരം' എന്ന് വിളിച്ചുപോന്നു. വട്ടെ ഴുത്ത്, കോലെഴുത്ത്, മലയാണ്മ എന്നീ മൂന്നു ലിപി സമ്പ്രദായങ്ങളാണ് പഴയകാലത്തിൽ മലയാള ത്തിൽ നിലനിന്നിരുന്നത്. ബ്രാഹ്മി ലിപിയിൽ നിന്ന് വികാസം പ്രാപിച്ച ലിഖിതരൂപങ്ങളാണ് ഇവ യെന്ന് ഭാഷാശാസ്തജ്ഞൻമാർ അഭിപ്രായപ്പെടുന്നു. ഏകദേശം പതിനെട്ടാം നൂറ്റാണ്ടുവരെ 'വട്ടെ ഴുത്ത്' കേരളത്തിൽ നിലവിലിരുന്നു. വളഞ്ഞ വരകൾ ധാരാളമുള്ളതിനാലാകാം ഈ പേരുണ്ടായത്. ഇതിന് തെക്കൻ മലയാളം,നാനമോന, ചേരപാണ്ഡ്യഎഴുത്ത് എന്നിങ്ങനെ മറ്റുപേരുകളുമുണ്ട്. വട്ടെ ഴുത്തിനെ 'വെട്ടെഴുത്ത്' എന്നാണ് വിളിക്കേണ്ടതെന്ന് ഡോ. എൽ.എ രവിവർമ്മ അഭിപ്രായപ്പെടുക യുണ്ടായി. വെട്ടി എഴുതുന്നതിനാൽ ഈ പേരത്രേ അന്വർത്ഥം. വട്ടെഴുത്തിന്റെ വകഭേദമാണ് കോലെ ഴുത്ത്.കോലുകൊണ്ട് നാരായത്തിൽ എഴുതുന്നതിനാൽ ഈ പേര് കിട്ടി. പനയോലയിലാണ് കോലെ ഴുത്തുള്ള രേഖകൾ അധികവും കാണുന്നത്.

13-ാം നൂറ്റാണ്ട് മുതൽ കോലെഴുത്ത് പ്രചരിച്ചുതുടങ്ങിയിരുന്നു. ഇതിന്റെ വകഭേദമാണ് മല യാണ്മ അഥവാ മലയാന്തമിഴ്. മലയാണ്മയ്ക്ക് തിരുവനന്തപുരത്തിന് തെക്കുള്ള പ്രദേശങ്ങളിലേ പ്രചാരം ഉണ്ടായിരുന്നുള്ളൂ. ഡോ. ബർണൽ എന്ന ഭാഷാശാസ്ത്രജ്ഞന്റെ അഭിപ്രായത്തിൽ ഗുഹാ ലിപികളുടെ പരിണിതരൂപങ്ങളാണ് ദക്ഷിണഭാരതത്തിലെ ലിപി സമ്പ്രദായങ്ങൾ. ആദ്യ എഴുത്തു കാർ, ഗ്രന്ഥാക്ഷരങ്ങൾ, ക്രി.വ. ഏഴാം ശതകം മുതൽ തെക്കെ ഇന്ത്യയിൽ പ്രചരിച്ചിരുന്നതായി വിശ്വസിക്കുന്നു. അത് ക്രമേണ ലിപി സമ്പ്രദായം രൂപപ്പെടുത്തി. പതിമൂന്നാം ശതകത്തോടെ ഗ്രന്ഥാ ക്ഷരങ്ങൾ ലിപിയായി രൂപപ്പെട്ടുവെന്ന് കരുതാം.

മുപ്പത് അക്ഷരങ്ങളേ ദ്രാവിഡഭാഷയ്ക്ക് സ്വന്തമായി ഉണ്ടായിരുന്നുള്ളൂ. 12 സ്വരങ്ങളും 18 വ്യഞ്ജനങ്ങളും. സ്വരങ്ങൾക്ക് തമിഴിൽ ഉയിരെഴുത്തുകൾ– ജീവൻ എന്നും വ്യഞ്ജനങ്ങൾക്ക് മെയ്കൾ -ശരീരം എന്നും പറയുന്നു.

അ ആ ഇ ഈ ഉ ഊ എ ഏ ഐ ഒ ഓ ഔ എന്നിവ സ്വരങ്ങൾ

ക ച ട ത പ ങ ഞ ണ ന മ യ ര ല വ ള റ ന ഇവ വ്യജ്ഞനങ്ങൾ. ഇവയോടുകൂടി സംസ്കൃതത്തിൽ നിന്ന് ഋ - എന്ന സ്വരവും ഖ ഛ ഠ ഥ ഫ ഗ ജ ഡ ദ ബ ഘ ത്സ ഢ ധ ഭ ശ ഷ സ ഹ എന്നീ വ്യഞ്ജ നങ്ങളും സ്വീകരിച്ച് ഇന്നത്തെ അക്ഷരമാല രൂപം കൊണ്ടു. 16 സ്വരങ്ങളും 37 വ്യഞ്ജനങ്ങളും ഉൾപ്പെടെ 53 അക്ഷരങ്ങൾ. എന്നാൽ ദ്രാവിഡത്തിലെ 'ന' എന്ന അക്ഷരം സന്ദർഭാനുസരണം 'ന' കാരമായും 'ന' കാരമായും ഉച്ചരിക്കുന്നു. 'ന' എന്നീ അക്ഷരങ്ങളും ഇന്ന് ഉപയോഗത്തിലില്ല.

## അക്ഷരമാല

| | സമാനാക്ഷരം | സന്ധ്യക്ഷരം |
|---|---|---|
| ഹ്രസ്വം | അ ഇ ഉ ഋ | എ ഒ അം അ: |
| ദീർഘം | ആ ഈ ഊ | ഏ ഐ ഓ ഔ |

വ്യഞ്ജനങ്ങൾ

| ഖരം | അതിഖരം | മൃദു | ഘോഷം | അനുനാസികം |
|---|---|---|---|---|
| ക | ഖ | ഗ | ഘ | ങ - കവർഗ്ഗം |
| ച | ഛ | ജ | ഝ | ഞ- ചവർഗ്ഗം |
| ട | ഠ | ഡ | ഢ | ണ- ടവർഗ്ഗം |
| ത | ഥ | ദ | ധ | ന- തവർഗ്ഗം |
| പ | ഫ | ബ | ഭ | മ- പവർഗ്ഗം |

യ ര ല വ - അന്തസ്ഥം

ശ ഷ സ ഹ - ഊഷ്മാവ്

ഹ - ദ്രാവിഡമാധ്യമം

ള ഴ റ - ദ്രാവിഡ അനുനാസികം

സമാനാക്ഷരം : മറ്റു സ്വരങ്ങളുമായി ഇടകലരാത്തത് സമാനാക്ഷരം

സന്ധ്യക്ഷരം : മറ്റു സ്വരങ്ങളുടെ സംസർഗം കൊണ്ടുണ്ടാകുന്നത് സന്ധ്യക്ഷരം

സ്പർശം : ഉച്ചരിക്കുമ്പോൾ നാവ് വാഗിന്ദ്രിയങ്ങളെ പൂർണ്ണമായി സ്പർശിച്ച് ധ്വനിക്ക് തടസ്സമുണ്ടാക്കുന്ന വണ്ണം, സ്പർശം. ക മുതൽ മ വരെ വ്യജ്ഞനങ്ങൾ സ്പർശങ്ങൾ.

ഊഷ്മാക്കൾ : ഉച്ചരിക്കുമ്പോൾ നാവ് പകുതിമാത്രം സ്പർശിക്കുന്നവ.

മധ്യമങ്ങൾ : ഉച്ചരിക്കുമ്പോൾ അൽപ്പം മാത്രം തടസ്സമുണ്ടാകുന്നവ മധ്യമങ്ങൾ
യ ര ല വ ള ഴ റ

ഖരങ്ങളോട് 'ഹ' കാരം ചേരുമ്പോൾ അതിഖരങ്ങളും മൃദുക്കളോട് 'ഹ' കാരം ചേരുമ്പോൾ ഘോഷങ്ങളും ഉണ്ടാകുന്നു. ക്+ഹ= ഖ ദ്+ഹ=ധ. ഉച്ചാരണാവയവങ്ങളുടെ സ്പർശത്തിൽ ഉണ്ടാകുന്ന ബലത്തിന്റെ ഏറ്റക്കുറച്ചിൽ അനുസരിച്ച് വ്യഞ്ജനങ്ങൾ രണ്ടുവിധം - ദൃഢം, ശിഥിലം.
അനുനാസികങ്ങളും മാധ്യമങ്ങളും ശിഥിലങ്ങൾ, മറ്റുള്ളവ ദൃഢങ്ങൾ.

അദ്ധ്യായം- 23

# ഭാഷയുടെ ധർമ്മങ്ങൾ

**മുഖവുര**

ഭാഷയ്ക്ക് മനുഷ്യജീവിതവുമായി ദൃഢബന്ധമുണ്ട്. ഒരു ജീവൽ ഭാഷയാകുമ്പോൾ ഈ ബന്ധം കൂടുതൽ ശക്തമാകുന്നു. ഭാഷയുടെ സഹായമില്ലാതെയുള്ള ജീവിതത്തെക്കുറിച്ച് ചിന്തിക്കാൻ സാധ്യമല്ല. മനുഷ്യരുടെ വ്യക്തിപരവും സാമൂഹികവുമായ പുരോഗതിയുടെ അടിസ്ഥാനം ഭാഷയാണ്. മനുഷ്യ സമൂഹത്തിന്റെ ഇത:പര്യന്തമുള്ള പുരോഗതി സാധ്യമാക്കിത്തീർത്ത ഉൽകൃഷ്ഠ സിദ്ധിവിശേഷം എന്ന നിലയിൽ ഭാഷയ്ക്ക് മനുഷ്യ ജീവിതത്തിൽ മഹത്തായ സ്ഥാനമാണുള്ളത്. ഭാഷ അർത്ഥയുക്തമായും, യുക്തിപൂർവ്വമായും കൈകാര്യം ചെയ്യാനുള്ള കഴിവാണല്ലോ മനുഷ്യരെ ജന്തുക്കളിൽ നിന്നും വേർതിരിച്ചു നിർത്തുന്ന അതി പ്രധാന ഘടകം.

നാലു വിധത്തിലുള്ള ധർമ്മങ്ങളാണ് ഭാഷ മുഖ്യമായി നിർവ്വഹിക്കുന്നത്.

1. ആശയ സ്വീകരണം
2. ആശയ പ്രകടനം
3. സർഗ്ഗാത്മക വികസനം
4. സൃഷ്ട്യുന്മുഖത്വം

**1. ആശയ സ്വീകരണം**

ആശയങ്ങളും അതിനനുസരിച്ചുള്ള പ്രവർത്തനങ്ങളുമാണ് മനുഷ്യപുരോഗതിക്ക് നിദാനം. ചുറ്റുപാടുകളുമായി ബന്ധപ്പെട്ടു കഴിയുന്ന മനുഷ്യർ ഓരോ നിമിഷവും പുതിയ ആശയങ്ങളേയും അനുഭവങ്ങളേയും നേടിക്കൊണ്ടിരിക്കുന്നു. പഞ്ചേന്ദ്രിയങ്ങളിലൂടെയാണിത് സാധിക്കുന്നത്. ഇന്ദ്രിയ സംവേദനത്തിലൂടെ ലഭിക്കുന്ന വസ്തു ബോധവും ആശയവും ചിട്ടപ്പെടുത്തി വികസിപ്പിക്കുന്നത് ഭാഷയാണ്. ആശയം, അനുഭൂതി, വികാരം, ചിന്ത ഇവയൊക്കെ വഹിക്കുന്നതും വളർത്തുന്നതും ഭാഷ തന്നെ. ആശയങ്ങൾ മനസ്സിൽ കൊണ്ടെത്തിക്കാനും അവ അവിടെ ഉറപ്പിച്ചു നിർത്താനും ഭാഷയുടെ സഹായം കൂടിയേ തീരൂ. ആശയ സ്വീകരണത്തിനുള്ള സുശക്തവും സ്വാഭാവികവുമായ മാധ്യമമാണ് ഭാഷ.

**2. ആശയ പ്രകടനം**

ആശയം സ്വീകരിക്കുന്നതുപോലെ അത് പ്രകടിപ്പിക്കാനും സ്വാഭാവിക താൽപര്യം മനുഷ്യനുണ്ട്. ഒരുവന്റെ അന്തർഗതങ്ങൾ മറ്റുള്ളവരെ അറിയിക്കേണ്ടത് ജീവിതത്തിന്റെ പുരോഗതിക്കും നിലനിൽപ്പിനും ആവശ്യമാണ്. മനുഷ്യന്റെ മാനസിക വ്യാപാരങ്ങളാണ് ഇങ്ങനെ പ്രകടിപ്പിക്കുന്നത്. ആശയ സ്വീകരണം എത്രതന്നെ പ്രധാനപ്പെട്ടതാണോ അത്ര തന്നെ പ്രധാനപ്പെട്ടതാണ് ആശയ

പ്രകടനവും. ഒരനുഭവം ഉണ്ടാകുമ്പോൾ ഒരുപുതിയ ആശയം മനസ്സിൽ രൂപപ്പെടുമ്പോൾ അത് പ്രകടിപ്പിക്കാനുള്ള പ്രേരണ മനുഷ്യനുണ്ടാകുന്നു. സാഹചര്യങ്ങൾക്കും ഇവിടെ സ്ഥാനമുണ്ട്. ആത്മപ്രകാശനം മനുഷ്യരുടെ മാനസികമായ ആവശ്യമാണ്. സ്വാത്മ വാസനയായി ഇതിനെ പരിഗണിക്കാം. സ്വന്തം അനുഭവങ്ങളും വിചാരങ്ങളും മറ്റുള്ളവരെ അറിയിക്കണം. ഈ പ്രവൃത്തിയിലൂടെ സാമൂഹിക ബന്ധം ഉറപ്പിക്കുകയും ചെയ്യുന്നു. അത് ആത്മ സംതൃപ്തിക്ക് കാരണമാവുകയും ചെയ്യുന്നു. രണ്ടു വിധത്തിൽ ആശയ പ്രകടനം സാധിക്കാം. ഭാഷണത്തിലൂടേയും എഴുത്തിലൂടെയും. രണ്ടിനും ഭാഷ വേണം.

**3. സർഗ്ഗാത്മക വികസനം**

വ്യക്തികളുടെ കലാപരമായ കഴിവുകളുമായി ബന്ധപ്പെട്ടതാണ് ഭാഷയുടെ സർഗ്ഗാത്മക ധർമ്മം. ചില വ്യക്തികൾക്ക് കലാസാഹിത്യ വിഷയങ്ങളിൽ നൈസർഗ്ഗിക വാസന ഉണ്ടായിരിക്കും. അന്തഃചേതനയാണിത്. സൃഷ്ടിപരമായ കഴിവുകളെ സംബന്ധിച്ച ബോധം തന്നെയാണിത്. ഉള്ളിൽ ഉറവെടുക്കുന്ന വികാരാനുഭൂതികൾ ഭാവസുന്ദരമായി ആവിഷ്കരിക്കണം. അപ്പോഴാണ് അത് ആസ്വാദ്യമായിത്തീരുക. വചന രൂപത്തിലോ, ലേഖന രൂപത്തിലോ ഈ ആവിഷ്കരണം സാധ്യമാക്കാവുന്നതാണ്. ആവിഷ്കരണത്തിന്റെ സ്വഭാവവും ശൈലിയും സാഹിത്യ കലാസൃഷ്ടികളിൽ വളരെ പ്രധാനമാണ്. ഭാഷയില്ലെങ്കിൽ സാഹിത്യമില്ല. ഇതിൽ നിന്ന് സർഗ്ഗാത്മക പ്രവർത്തനങ്ങളുമായി ഭാഷ എത്രമാത്രം ബന്ധപ്പെട്ടിരിക്കുന്നുവെന്ന് മനസ്സിലാക്കാം. സാഹിത്യത്തിന്റെ മാധ്യമാണ് ഭാഷ.

**4. സൃഷ്ട്യുന്മുഖതയിലൂടെയുള്ള അർത്ഥ വൈശിഷ്ട്യം**

ഭാഷയുടെ ഇതര ധർമ്മങ്ങളാണിവ. സാമൂഹികോൽപ്പന്നമായ ഭാഷ അനുദിനം വികസിച്ചുകൊണ്ടിരിക്കുന്നു. പുതിയ പദങ്ങളും ശൈലികളും അർത്ഥ കൽപ്പനകളുമാണ് ഈ വികസനത്തിന്റെ പ്രകടിത രൂപങ്ങൾ. ഇതിനാധാരമായി വർത്തിക്കുന്നതാകട്ടെ, ചലന നിരതമായ മനുഷ്യ ജീവിതവും. പുതിയ അനുഭവമോ, അനുഭൂതിയോ ആവിഷ്കരിക്കേണ്ട ഘട്ടത്തിൽ അതിനനുസരണമായ അർത്ഥയുക്തമായ പദങ്ങൾ കണ്ടെത്തി പ്രയോഗിക്കാൻ ഭാഷാ സ്നേഹികൾ സന്നദ്ധമാകുന്നു. മനുഷ്യ മനസ്സിന്റെ നിഗൂഢ വ്യാപാരങ്ങൾ വ്യഞ്ജിപ്പിക്കാൻ ഭാഷയ്ക്ക് ശക്തിയുണ്ട്. പ്രത്യേക ശബ്ദവിശേഷം അർത്ഥ സമ്പുഷ്ടമായ പ്രതികരണം ശ്രോതാവിൽ ഉണ്ടാക്കും. ആശയങ്ങൾ താരതമ്യപ്പെടുത്തി അർത്ഥം ക്രമീകരിക്കാനും പൂർവ്വാനുഭവങ്ങളുമായി അവ ബന്ധപ്പെടുത്താനും സാധിക്കുന്നത് അർത്ഥ വൈശിഷ്ഠ്യത്തിന്റെ ഗുണ വിശേഷങ്ങളാകുന്നു.

**1. ഭാഷയും സമൂഹവും**

മനുഷ്യൻ സാമൂഹിക ജീവിയാണ്. ഒരു സാമൂഹിക ജീവി എന്ന നിലയിൽ അനുഭവങ്ങളും ആശയങ്ങളും മനുഷ്യന് പരസ്പരം കൈമാറേണ്ടതുണ്ട്. അവരുടെ സാധാരണ പെരുമാറ്റങ്ങൾ, സാമൂഹികാചാരങ്ങൾ, ശീലങ്ങൾ, വിശ്വാസങ്ങൾ തുടങ്ങി ജീവിതത്തിന്റെ എല്ലാ ഘടകങ്ങളുമായും ഭാഷ ബന്ധപ്പെട്ടിരിക്കുന്നു. ഒരു സമൂഹത്തിന്റെ സംഘടിത പ്രവർത്തനങ്ങളിൽ നിന്ന് രൂപം കൊള്ളുന്ന സാമൂഹിക ഫലമാണ് ഭാഷ. ആ സമൂഹത്തിന്റെ പൊതുവായ ജീവിതം, പ്രത്യേകമായ താൽപര്യ

ങ്ങൾ, ആചാരങ്ങൾ എന്നിവ പ്രതിഫലിപ്പിക്കുന്നത് ഭാഷയിൽ കൂടിയാണ്. സാമൂഹികാവശ്യങ്ങൾ നിറവേറ്റുന്നതിന് വ്യക്തിയെ പരിശീലിപ്പിക്കുന്നതും ഭാഷ തന്നെ. ഭാഷയുടെ ആവിർഭാവത്തോടെ യാണ് സാമൂഹിക ജീവിതത്തിന് ചിട്ടയും ഉറപ്പും ഉണ്ടായത്. അതിനെ തുടർന്നുണ്ടായ ക്രമാനുഗത മായ വളർച്ചയുടെ ഫലമാണ് ഉൽകൃഷ്ടമായ ആധുനിക ജീവിതം. ശരിയായ വിധത്തിൽ ഭാഷ കൈകാര്യം ചെയ്യുന്നവർക്കേ സാമൂഹിക ജീവിതത്തിൽ വിജയം കൈവരിക്കാനാവൂ. വ്യക്തിയും വ്യക്തിയും തമ്മിലുള്ള ബന്ധം, വ്യക്തിയും സമൂഹവും തമ്മിലുള്ള ബന്ധം ഇവയെല്ലാം ഭാഷയെ ആശ്രയിച്ചിരിക്കുന്നു. സ്വന്തം ആശയം വ്യക്തമായും അനായാസമായും അറിയിക്കുന്നു. അവരിൽ നിന്ന് ആശയങ്ങൾ സ്വീകരിക്കാൻ കഴിയാത്തവർ സാമൂഹിക ജീവിതത്തിൽ പരാജയപ്പെടും.

സഹകരണമാണ് സാമൂഹിക പുരോഗതിയുടെ അടിസ്ഥാന ഘടകം. ചിന്താരംഗത്തും ഈ സഹകരണം കൂടിയേതീരൂ. ഒരേ ഭാഷ സംസാരിക്കുന്നവർ ഒരുമിച്ചു കൂടുമ്പോൾ ഒരു പ്രത്യേക സന്തോഷം അനുഭവപ്പെടാറുണ്ട്. ആശയങ്ങളിലോ ചിന്താ രീതികളിലോ സാദൃശ്യമുള്ളവർ ഒരുമിച്ചു ചേരുമ്പോഴും ഇത്തരം അനുഭവം ഉണ്ടാകും. കാരണം അവരുടെ സാമൂഹിക ബോധത്തിന്റേയും ജീവിത വീക്ഷണത്തിന്റേയും ആവിർഭാവവും വികസനവും അവർ സംസാരിക്കുന്ന ഭാഷയുടെ സംഭാ വനയാണ്. ഒരു ഭാഷ, അതു സംസാരിക്കുന്ന ജനസമൂഹത്തിന്റെ സാമൂഹിക ചിന്തയുടെ പ്രകടിതരൂ പമാണെന്നു പറയാം. ഈ വസ്തുത അംഗീകരിക്കുമ്പോൾ രാഷ്ട്രത്തിന് ഒരു പൊതു ഭാഷ വേണ മെന്ന ആശയത്തിന് പ്രധാന്യമേറുന്നു. ജനാധിപത്യത്തിന്റേയും സോഷ്യലിസത്തിന്റേയും കാഴ്ചപാ ടിലൂടെ നോക്കുമ്പോൾ ഈ ആശയത്തിന് കുറേക്കൂടി പ്രാമുഖ്യം നൽകേണ്ടതുണ്ട്. ചലനാത്മക സമൂഹത്തിന്റെ സജീവവും പ്രവർത്തന നിരതവുമായ ഘടകമായി ജനാധിപത്യം വ്യക്തിയെ അംഗീ കരിക്കുന്നു. വ്യക്തികൾ തമ്മിലുള്ള ആശയവിനിമയം ജനാധിപത്യത്തിന്റെ ഉറപ്പിനും ഭദ്രതയ്ക്കും നിലനിൽപ്പിനും പുരോഗതിക്കും ആവശ്യമാണ്. ഭാഷയുടെ സഹായത്തോടുകൂടി നാം ആശയങ്ങളും തിരിച്ചറിയുന്നു, പരസ്പരം സഹകരിക്കുന്നു. ഇപ്രകാരം രൂപം കൊള്ളുന്ന പുതിയ മാനസിക ഭാവ ങ്ങൾ ദേശീയവും സാർവ്വ ദേശീയവുമായ വീക്ഷണം ഓരോരുത്തരിലും വളർത്തിയെടുക്കാൻ സഹാ യിക്കുകയും ചെയ്യുന്നു. മനുഷ്യരാണല്ലോ സാമൂഹിക ചരിത്രത്തിന്റെ യഥാർത്ഥ നിർമ്മാതാക്കൾ. ഈ പ്രവർത്തനം മനുഷ്യന്റെ കായികവും ബുദ്ധിപരവുമായ അദ്ധ്വാനത്തെ ആശ്രയിച്ചിരിക്കുന്നു. ബോധവും ഇച്ഛാശക്തിയുമുള്ള മനുഷ്യരാണ് അദ്ധ്വാനത്തിന്റെ കേന്ദ്രബിന്ദു. കൂട്ടായ അദ്ധ്വാനത്തി ലൂടെ മാത്രമേ അഥവാ അദ്ധ്വാന ഫലങ്ങൾ പരസ്പരം കൈമാറിക്കൊണ്ടു മാത്രമേ ജീവിത പുരോ ഗതി കൈവരിക്കാൻ കഴിയൂ. ഈ കൈമാറ്റത്തിലൂടെ നേടിയ പ്രവർത്തന പരമായ ധാരണകളും വിശ്വാസങ്ങളുമാണ് സാമൂഹിക ബോധത്തിന്റെ അടിത്തറ ഉറപ്പിക്കുന്നത്. ഈ സാമൂഹിക ബോധം വികസ്വരമാക്കുന്നതിൽ ഭാഷ അതിന്റെ ക്രിയാത്മകമായ പങ്ക് നിർവ്വഹിക്കുന്നു. ഭാഷയിലെ പദങ്ങൾക്ക്, ശൈലികൾക്ക് അർത്ഥങ്ങൾക്ക് ഏറെ സാമൂഹികമായ അംഗീകാരം ഉണ്ട്. അപ്പോൾ മാത്രമേ അവയ്ക്ക് മൂല്യമുള്ളൂ. സാമൂഹിക സമ്പർക്കമില്ലാതെ ഭാഷാഭിവൃദ്ധി സാധ്യമല്ല.

സാമൂഹികോൽപ്പന്നമായ ഭാഷ സമൂഹം നിലനിൽക്കുന്നിടത്തോളംകാലം പ്രവർത്തിച്ചു കൊണ്ടിരിക്കും സമൂഹത്തിന്റെ വളർച്ചയോയൊപ്പം ഭാഷ വളരുന്നുണ്ട്. അത് സംസാരിക്കുന്ന ജനത

യുടെ സംസ്കാരവുമായി വേർതിരിക്കാൻ കഴിയാത്തവിധം ബന്ധപ്പെട്ടിരിക്കുന്നു. അതിനാൽ ആ ജനതയോടൊപ്പം ചരിത്രവുമായി ബന്ധപ്പെടുത്തിയ ഭാഷയും അതിന്റെ വികാസ പരിണാമങ്ങളും പഠിക്കാൻ കഴിയൂ. സാമൂഹവും ഭാഷയും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ശാസ്ത്രീയപഠനം നടത്തിയ ഭാഷാ ശാസ്ത്രജ്ഞന്മാർ അവതരിപ്പിച്ച സിദ്ധാന്തങ്ങൾ വിലപ്പെട്ടതാണ്. മേലാളർ, മധ്യമർ, കീഴാളർ എന്നിങ്ങനെ മനുഷ്യസമൂഹത്തെ വർഗ്ഗീകരിക്കാറുണ്ട്. അതുപോലെ വിദ്യാസമ്പന്നരും വിദ്യാഹീനരും സമൂഹത്തിലുണ്ട്. ജീവിത സാഹചര്യങ്ങൾക്കും വിദ്യാഭ്യാസത്തിനും അനുസൃതമായി അവർ ഉപയോഗിക്കുന്ന ഭാഷകൾക്കും വ്യത്യാസം ഉണ്ട്. ബേസിൽബേൺ സ്കെൽ എന്ന ഭാഷാ ശാസ്ത്രജ്ഞന്റെ 'അപര്യാപ്തതാ സിദ്ധാന്തത്തിൽ രണ്ടുതരം ഭാഷാ രീതികളെക്കുറിച്ച് പ്രതിപാദിക്കുന്നു. വിശാല ഭാഷാ രീതിയും, നിയന്ത്രിത ഭാഷാ രീതിയും സമൂഹത്തിലെ ഉന്നതനിലക്കാരായ അഭ്യസ്ഥവിദ്യരുടെ നിലവാരമുള്ള വ്യക്തമായ ഭാഷയാണ് ആദ്യത്തേത്. അനഭ്യസ്ഥവിദ്യരായ ആൾക്കാരുടെ അവ്യക്തഭാഷയാണ് രണ്ടാമത്തേത്. വ്യത്യസ്ഥ ഭാഷകൾ സംസാരിക്കുന്ന സമൂഹങ്ങൾ തമ്മിലുള്ള സമ്പർക്കം ഭാഷകളിൽ മാറ്റം ഉണ്ടാക്കുന്നുണ്ട്.

**2. ഭാഷയും ജീവിത ബന്ധവും**

ബോധനത്തിൽ മാതൃഭാഷയ്ക്കുള്ള നിർണ്ണായകമായ സ്വാധീനത്തെക്കുറിച്ച് വിദ്യാഭ്യാസ ചിന്തകന്മാരെല്ലാം എടുത്തു പറഞ്ഞിട്ടുണ്ട്. ഒരാളുടെ മാതൃഭാഷ അദ്ദേഹത്തിന്റെ ജീവിത പരിസരവുമായി ബന്ധപ്പെട്ടതാണ്. അയാളുടെ മനസ്സിൽ രൂപപ്പെട്ടുവരുന്ന വിചാരവികാരങ്ങളും ആശയ ധാരകളും സ്വഭാഷയിലൂടെ പുറത്തേക്ക് വരുന്നു. ഇവയെല്ലാം പൂർണ്ണമായ അർത്ഥത്തിലും ആശയ വ്യാപ്തിയിലും പ്രകടിപ്പിക്കാൻ കഴിയുന്നത് മാതൃഭാഷയിലൂടെ മാത്രമാണ്.

ആശയവിനിമയത്തിനും സ്വന്തമായി ചിന്തിച്ച് കാര്യങ്ങൾ വിലയിരുത്തുന്നതിനും ഭാഷവേണം. ആംഗ്യങ്ങളിലൂടെ ആശയവിനിമയം ഒരു പരിധിവരെ സാധ്യമാണെങ്കിലും അവയുടെ അർത്ഥത്തിനും പ്രയോഗത്തിനും പരിമിതിയുണ്ട്. പക്ഷിമൃഗാദികൾ പരസ്പരം അന്തർഗതങ്ങൾ പ്രകടിപ്പിക്കുകയും ആശയങ്ങളും വികാരങ്ങളും കൈമാറുകയും ചെയ്യുന്നുണ്ടെങ്കിലും മനുഷ്യരെപ്പോലെ ശബ്ദസങ്കേതങ്ങളെ അർത്ഥ പൂർണ്ണമായി വികസിപ്പിക്കാനോ, പ്രയോഗിക്കുവാനോ അവയ്ക്ക് കഴിയില്ല. മനുഷ്യന് യുക്തിപൂർവ്വം ചിന്തിക്കാനും സംസാരിക്കാനും കഴിയും. മൃഗങ്ങൾക്ക് അവയുടേതായ രീതിയിൽ വികാരങ്ങളും അനുഭവങ്ങളും പ്രകടിപ്പിച്ചാൽ മാത്രമേ സാധ്യമാവൂ. കാര്യക്ഷമമായ ആശയവിനിമയത്തിനുള്ള സമർത്ഥമായ ഉപാധി ഭാഷതന്നെ. ഇന്ന് ഭാഷയുടെ ധർമ്മം കേവലം ആശയവിനിമയമല്ലെന്ന് ഓർക്കണം. സങ്കീർണ്ണമായ മനുഷ്യ ജീവിതത്തിന്റെ എല്ലാ മേഖലകളിലും ഒഴിച്ചുകൂടാനാവാത്ത ഒരുപാധിയായി അത് മാറിക്കഴിഞ്ഞു.

**3. ഭാഷയും സംസ്കാരവും**

സംസ്കാരം എന്നത് ഒറ്റവാക്കിൽ നിർവ്വചിക്കുക സാധ്യമല്ല. ഭാഷയും സംസ്കാരവും തമ്മിലുള്ള ബന്ധം സങ്കീർണ്ണമായ ഒരു പഠനത്തിന് വിഷയമാണ്. നരവംശ ശാസ്ത്രം, സാഹിത്യം, ചരിത്രം, നാട്ടറിവ്, അനുഷ്ഠാനകലകൾ, ദൃശ്യ-ശ്രവ്യ കലാരൂപങ്ങൾ തുടങ്ങിയവയുടെ സഹായം ഈ

പഠനത്തിന് കൂടിയേ തീരൂ. ഒരേ ഭാഷ സംസാരിക്കുന്ന ജനസമൂഹത്തിന് ഒരു സംസ്കാരം എന്ന ധാരണയാണ് പൊതുവേ ഉള്ളത്. ജീവിത രീതിയിൽ പൂർണ്ണമായും കേരളത്തനിമ പിന്തുടരുന്ന ഒരാൾക്ക് ഇംഗ്ലീഷ്, തമിഴ് എന്നീ ഭാഷകൾ അനായാസം കൈകാര്യം ചെയ്യാൻ കഴിവുണ്ടാകാം. മനുഷ്യ ജീവിതത്തിലെ അതി പ്രധാനഘടകങ്ങൾ എന്ന നിലയിൽ ഭാഷയും സംസ്കാരവും പരസ്പ രാശ്രിതങ്ങളും അന്യോന്യപൂരകങ്ങളുമാണ്.

സാധാരണക്കാരെ സംബന്ധിച്ചിടത്തോളം നല്ല പെരുമാറ്റവും സൽസ്വഭാവവുമാണ് സംസ്കാ രം. ദേശകാലസ്ഥിതികൾക്ക് അനുസരണമായി സംസ്കാരത്തെ സംബന്ധിക്കുന്ന ധാരണയ്ക്കും വിശ്വാസത്തിനും വ്യത്യാസം ഉണ്ടാകും. വ്യക്തിയുടേയോ ജനതയുടേയോ സാംസ്കാരിക ബോധം അതേ രൂപത്തിൽ മറ്റൊരു വ്യക്തിയിലോ ജനതയിലോ കണ്ടില്ലെന്നു വരാം. ഭൂമിശാസ്ത്രപരവും, സാമൂഹികവും, സാമ്പത്തികവും ആയ ഒട്ടേറെ വസ്തുതകളെ ആശ്രയിച്ചാണ് സംസ്കാരം ഉരുത്തി രിയുന്നതും വികസിക്കുന്നതും. വ്യക്ത്യധിഷ്ഠിതമായ ചിന്തകളും അനുഭവങ്ങളും ഇവിടെ പ്രധാനം. അതിന് പ്രേരകമായി നിലകൊള്ളുന്നത് സാമൂഹിക ചലനങ്ങളാണ്. സമൂഹവുമായി ബന്ധപ്പെട്ട് പ്രവർത്തന നിരതനായി കഴിയുന്ന മനുഷ്യൻ അറിവ്, അനുഭവങ്ങൾ, പരസ്പര സമ്പർക്കം ഇവയി ലൂടെ നേടിയെടുക്കുന്ന പരിപക്വമായ ജീവിത ബോധമാണ് സംസ്കാരമെന്ന് സാമാന്യമായിപ്പറയാം.

മാനസിക ഉണർവ്വും സംശുദ്ധിയും നല്ല പെരുമാറ്റവും സംസ്കാരത്തിന്റെ ലക്ഷണങ്ങളാണ്. ഹൃദയത്തിന്റെ വിമലീകരണമാണ് സംസ്കാരം. ജീവിതാനുഭവങ്ങളുടെ ആകെത്തുകയാണ് സംസ്കാ രം. ബുദ്ധിപരമായ ജാഗരൂകത, സൗന്ദര്യത്തിന്റെ സ്വീകാര്യത, മാനസികമായ അനുഭൂതി, സാമൂഹിക അത്യുന്നതി എന്നിവയിലൂടെ ഏകീഭാവം കൈകൊണ്ടുണ്ടാക്കുന്ന ജീവിത നന്മയാണ് സംസ്കാരം. മാനുഷിക പരിശീലനപ്രക്രിയയാണ് സംസ്കാരം.

സമൂഹത്തിലെ ഒരംഗമെന്ന നിലയിൽ വ്യക്തികൾ ഉപാർജിക്കുന്ന ശീലങ്ങൾ, ബുദ്ധിപര മായ ഉന്നത കഴിവുകൾ, ജ്ഞാനം, വിശ്വാസം, കല, നാട്ടറിവ്, സദാചാരം, നിയമം, ആചാരം, ശാസ്ത്ര സാങ്കേതിക ബോധം ഇവയെല്ലാം ഉൾക്കൊള്ളേണ്ടതാണ് സംസ്കാരം. ജനസമൂഹത്തിനും രാഷ്ട്ര ത്തിനും അതാതിന്റെ സംസ്കാരിക പാരമ്പര്യം ഉണ്ടായിരിക്കും. ആ നിലയിൽ സംസ്കാരം ആപേ ക്ഷികമാണ്. അതു സംരക്ഷിച്ചു നിലനിർത്താനും അഭിവൃദ്ധിപ്പെടുത്താനുമുള്ള ധാർമ്മിക ബാധ്യത ഓരോ പൗരനും ഉണ്ട്. വ്യക്തികളിൽ നിന്ന് വ്യക്തികളിലേക്കും, തലമുറകളിൽ നിന്ന് തലമുറകളി ലേക്കും സംസ്കാരം കൈമാറുന്നതാകട്ടെ മുഖ്യമായും ഭാഷയിലൂടെയും.

സംസ്കാരത്തിന് പൊതുവെ രണ്ടു ഘടകങ്ങളുണ്ട്. ഭൗതിക ഘടകവും, അഭൗതിക ഘടക വും. മനുഷ്യരുടെ സാമൂഹ്യമായ ജീവിത രീതി, ഉപകരണങ്ങൾ, ആയുധങ്ങൾ, വസ്ത്രധാരണം, അഭ യസ്ഥാനം, യന്ത്രസാമഗ്രികൾ തുടങ്ങിയവ ഭൗതിക സംസ്കാരത്തിൽ ഉൾപ്പെടുന്നു. ഭാഷ, കല, സാഹിത്യം, മതം നൈതികത, നിയമം തുടങ്ങിയവ അഭൗതിക സംസ്കാരത്തിൽ ഉൾപ്പെടുന്നു. താത്വികമായി ചിന്തിക്കുമ്പോൾ കേവലജ്ഞാനം സത്യാന്വേഷണപരവും, സൗന്ദര്യാത്മകവും ആകു മ്പോഴാണ് സംസ്കാരം ഉദയം ചെയ്യുന്നത്. മനുഷ്യന്റെ വികാരം, സൗന്ദര്യ ബോധം ഇവയുമായി ബന്ധപ്പെട്ടുനിൽക്കുന്നു സംസ്കാരം. പ്രപഞ്ച സത്യത്തെ ആരായുന്ന ഉൽകൃഷ്ടചിന്തകൾ മനുഷ്യ വികാരങ്ങളെ ശുദ്ധീകരിക്കുന്നു. ഇത്തരം വികാരങ്ങളിൽ നിന്നാണ് സംസ്കാരം ഉറവെടുക്കുന്നത് എന്ന് ആശയാവാദികൾ സിദ്ധാന്തിക്കുന്നു. ഈ സംസ്കാരത്തിൽ നിന്നാണ് സുന്ദരകലകൾ രൂപം

കൊള്ളുന്നത്. അതുകൊണ്ടാണ് ഒരു ജനതയുടെ സംസ്കാരം അവരുടെ കലാരൂപങ്ങളിൽ പ്രതിഫലിക്കുന്നതായി പറയുന്നത്. സുന്ദരകലകളിൽ ഏറ്റവും പ്രധാനമായത് സാഹിത്യമാണ്. ഒരർത്ഥത്തിൽ ചലനാത്മകമായ മനുഷ്യ ജീവിതം സൗന്ദര്യാത്മകമായ ഭാഷയിലൂടെ ആവിഷ്കരിക്കുന്നതാണ് സാഹിത്യം. മനുഷ്യ സംസ്കാരത്തിന്റെ സൃഷ്ടിയും സൃഷ്ടാവുമാണ് സാഹിത്യം. ഉത്തമസാഹിത്യം ഉൽകൃഷ്ടമായ ജീവിതത്തിന് പ്രേരണ നൽകുന്നു. ജീവിതത്തിന്റെ എല്ലാ മുഖങ്ങളുമായും ബന്ധപ്പെട്ടു നിൽക്കുന്ന സാഹിത്യം മനുഷ്യഹൃദയത്തിന്റെ ആഴത്തിൽ കടന്നുചെന്ന് ചലനങ്ങൾ സൃഷ്ടിക്കുന്നു. സാഹിത്യ ജീവിതത്തിന് ഉത്തേജനം നൽകുന്നത് ഇങ്ങനെയാണ്. കാലഘട്ടത്തിലൂടെ വളർന്നു വികസിച്ച വിശ്വ സംസ്കാരവും നാഗരികതയും അവയുടെ സ്വാഭാവിക ഭാവ സൗന്ദര്യത്തോടുകൂടി നാം കാണുന്നത് വിശ്വസാഹിത്യകൃതികളിലാണ്. ഒരു ജനതയുടെ സാംസ്കാരികവും സാമൂഹികവുമായ അനശ്വര സമ്പത്താണ് ഭാഷ. ഒരു തലമുറയോ, ജനസമൂഹമോ നേടിയ സംസ്കാരം അനന്തരതലമുറയിലേക്കും ഇതര സമൂഹങ്ങളിലേക്കും സംപ്രേക്ഷണം ചെയ്യുന്നത് ഭാഷയിലൂടെയാണ്.

**4. ഭാഷയും വിദ്യാഭ്യാസവും**

വിദ്യാഭ്യാസം ഏറ്റവും പ്രധാനപ്പെട്ട ജീവിതാവശ്യമാണ്. മനുഷ്യ ജീവിതം ക്രമീകരിക്കുന്നതും അഭിവൃദ്ധിപ്പെടുത്തുന്നതും വിദ്യാഭ്യാസമാണ്. വിദ്യാവിഹീനത സാമൂഹിക പുരോഗതിയെ വിഘാതപ്പെടുത്തുന്നു. ഏതെങ്കിലും വിഷയങ്ങളെ സംബന്ധിച്ച അറിവില്ലായ്മ യഥാർത്ഥ വിദ്യാഭ്യാസ അറിവും അനുഭവവും പ്രവർത്തനവുമാണ്. വിദ്യാഭ്യാസത്തിന്റെ സജീവ ഘടകങ്ങൾ നേടിയ അറിവും പ്രായോഗിക ജ്ഞാനവും ജീവിതവുമായി ബന്ധപ്പെട്ടിരിക്കേണ്ടതുണ്ട്. ഫലപ്രദമായ ഉൽകൃഷ്ട ജീവിതത്തിന് ഇത് സഹായകം ആകണം. ബുദ്ധിയുടേയും ഇച്ഛാശക്തിയുടേയും വികാസം കൊണ്ടാണ് മനുഷ്യൻ സൃഷ്ടിയിൽ അഗ്രിമസ്ഥാനത്ത് എത്തിയത്. ഇതര ജീവജാലങ്ങൾ ശൈശവത്തിൽ തന്നെ ഏതാണ്ട് സ്വതന്ത്രങ്ങളും സ്വാശ്രയികളുമാണ്. വാസനാബലത്താൽ അനുകൂല-പ്രതികൂല പരിസരങ്ങളുമായി ഇടപഴകി പരാശ്രയം കൂടാതെ ജീവിക്കാൻ അവയ്ക്ക് സാധിക്കുന്നു. ഇതിൽ നിന്ന് തുലോം വിഭിന്നമാണ് മനുഷ്യ ശിശുവിന്റെഅവസ്ഥ.

ജനനാനന്തരം ഏതാനും വർഷം കഴിഞ്ഞാലും പരാശ്രയം കൂടാതെ ജീവിതം നയിക്കാനുള്ള കെല്പ്പും അതിനനുകൂലമായ പ്രവർത്തന ശേഷിയും കുട്ടികൾക്കില്ല. കുട്ടികൾക്ക് ചില ജന്മവാസനകൾ ഉണ്ടായിരിക്കുമെന്നത് തീർച്ച. ബുദ്ധിയുടേയും ഇച്ഛാശക്തിയുടേയും ഉണർന്ന പ്രവർത്തനത്തോടൊപ്പം മുതിർന്നവരുടെ ബോധപൂർവ്വമായ സഹായവും ആവശ്യമാണ്. തന്നെയുമല്ല മനുഷ്യനെ വലയം ചെയ്യുന്ന പരിതഃസ്ഥിതി എപ്പോഴും സ്വാഭാവികമായിരിക്കുകയില്ല. മനുഷ്യസൃഷ്ടവും കൃത്രിമവുമായ ചുറ്റുപാടിൽ അവൻ കഴിയേണ്ടി വരുന്നു. ചുറ്റുപാടുകളെ തന്റെ സ്വാധീനത്തിലാക്കുന്നതിനും അവയെ അതിജീവിക്കുന്നതിനും നൈസർഗ്ഗികമായ ശക്തി ഒരുപരിധിവരെ മാത്രമേ മനുഷ്യ സഹായകമാവുകയുള്ളു. അതിനപ്പുറമുള്ള പ്രവർത്തനങ്ങൾക്ക് ആവശ്യമായ ബുദ്ധിവികാസവും പ്രായോഗിക ജ്ഞാനവും പ്രയത്നിച്ച് സമ്പാദിക്കേണ്ടതാണ്. ഈ പരിശീലനം തന്നെയാണ് വിദ്യാഭ്യാസം. ഔപചാരികമോ അനൗപചാരികമോ ആയ വിദ്യാഭ്യാസത്തിന്റെ അടിസ്ഥാന ഘടകം ഭാഷയാണ്.

വിദ്യാലയങ്ങളിൽ അനേക വിഷയങ്ങൾ പഠിപ്പിക്കുന്നുണ്ട്. അവയെല്ലാം വിജ്ഞാനശാഖക ളാണ്. ഒരാധുനിക മനുഷ്യന്, തന്റെ ജീവിതം ഫലപ്രദമായി മുന്നോട്ടുനയിക്കാൻ വിവിധ വിഷയങ്ങ ളിൽ സാമാന്യ ജ്ഞാനം അത്യന്താപേക്ഷിതമാണ്. ഏതു വിഷയവും ഭാഷയിൽക്കൂടിയേ പഠിക്കാനും പഠിപ്പിക്കാനും കഴിയൂ. അറിവ് വർദ്ധിപ്പിച്ച് മനുഷ്യ ഹൃദയങ്ങളിലും ബുദ്ധിയിലും എത്തിക്കുന്നത് ഭാഷയാണ്. ഭാഷ വ്യക്തമായും ഫലപ്രദമായും കൈകാര്യം ചെയ്യാൻ പ്രാപ്തി ഇല്ലാത്ത ഒരാൾ ജീവിതത്തിൽ വിജയിക്കുകയില്ല. ഭാഷ ഫലപ്രദമായി കൈകാര്യം ചെയ്യുന്ന അദ്ധ്യാപകനു മാത്രമേ ഫലപ്രദമായി അധ്യാപനവും നടത്താൻ സാധിക്കൂ. അതായത് അധ്യാപനത്തിന്റെയും അധ്യയനത്തി ന്റേയും പൂർണ്ണ വിജയം ഭാഷയെ ആശ്രയിച്ചിരിക്കുന്നു.

അദ്ധ്യായം 24

# ഭാഷാധ്യാപനം ദൈനംദിന ജീവിതത്തിൽ

**വിദ്യാഭ്യാസത്തിൽ മാതൃഭാഷയ്ക്കുള്ള സ്ഥാനം**

മറ്റു വിഷയങ്ങളെ അപേക്ഷിച്ച് മാതൃഭാഷയ്ക്കാണ് വിദ്യാഭ്യാസത്തിൽ കൂടുതൽ പ്രാധാന്യം. കാരണം വിദ്യാഭ്യാസത്തിന്റെ അടിസ്ഥാന ശിലയാണ് മാതൃഭാഷ. ഇപ്പോൾ സെക്കന്ററി തലം വരെ പാഠ്യവിഷയങ്ങളിൽ പ്രഥമസ്ഥാനമാണ് മാതൃഭാഷയ്ക്ക് നൽകിയിരിക്കുന്നത്. ഒന്നാം ഭാഷയാണ് മലയാളം. ഇതര വിഷയങ്ങളിലുള്ള അവഗാഹവും, വിദ്യാഭ്യാസത്തിന്റെ ആകെ മൂല്യവും മാതൃഭാഷയെ ആശ്രയിച്ചിരിക്കുന്നു. മാതൃഭാഷയ്ക്ക് ജീവിതത്തിലുള്ള അതിപ്രധാനസ്ഥാനം വിദ്യാഭ്യാസത്തിന്റെ യഥാർത്ഥ പുരോഗതിയിൽ താൽപര്യമുള്ളവർ അറിഞ്ഞിരിക്കേണ്ടതുണ്ട്. മാതൃഭാഷയിൽ ശരിയായ അറിവ്  ഉണ്ടാകാത്തിടത്തോളം വിദ്യാഭ്യാസം പൂർണ്ണമായി എന്നു കരുതാൻ സാധ്യമല്ല.

മിണ്ടിത്തുടങ്ങാൻ ശ്രമിക്കുന്ന പിഞ്ചിളം

ചുണ്ടിലമ്മിഞ്ഞപ്പാലോടൊപ്പം

അമ്മയെന്നുള്ള  രണ്ടക്ഷരമല്ലയോ

സമ്മേളിച്ചീടുന്നതൊന്നാമതായ്

മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ

മർത്യനു പെറ്റമ്മ തൻ ഭാഷതാൻ

എന്നിപ്രകാരമാണ് മാതൃഭാഷയുടെ മഹത്വം മഹാകവി വള്ളത്തോൾ ഉദ്ഘോഷിച്ചിരിക്കുന്നത്. ബോധന വിഷയം എന്നതിൽക്കവിഞ്ഞ് ജീവിതത്തിന്റെ നിലനിൽപ്പിനും വികസനത്തിനും അനിവാര്യമാണ് മാതൃഭാഷ.

മലയാളമാണ് നമ്മുടെ മാതൃഭാഷ. സാഹിത്യ പുരോഗതി പരിശോധിച്ചാൽ മറ്റു ഭാരതീയ ഭാഷകൾക്ക് മുന്നിലാണ് മലയാളം. മലയാളം അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുന്നു. ഒരു ഭാഷ പഠിപ്പിക്കാൻ സന്നദ്ധനാകുന്ന അധ്യാപകൻ ആ ഭാഷയുടെ പ്രകൃതിയും പ്രത്യേകതയും മനസ്സിലാക്കിയിരിക്കണം. മലയാളം നമ്മുടെ മാതൃഭാഷയായതിനാൽ അതിന്റെ പ്രത്യേകതകൾ നമ്മുടെ ശ്രദ്ധയെ ആകർഷിച്ചില്ലെന്ന് വരാം. ഇപ്പോൾ സെക്കന്ററി വിദ്യാഭ്യാസത്തിന്റെ അവസാനഘട്ടംവരെ ബോധന മാധ്യമം മലയാളമാണ്. വളരെയധികം കാലം മാതൃഭാഷ അവഗണിക്കപ്പെട്ടിരുന്നു. ഈ അവഗണന ഇപ്പോഴും അവസാനിച്ചിട്ടില്ല. കുറച്ചധികം കാലം ബ്രിട്ടന്റെ ആധിപത്യത്തിലായിരുന്നല്ലോ ഭാരതം. ബ്രിട്ടീഷുകാർ ഇംഗ്ലീഷിനാണ് പ്രാമുഖ്യം നൽകിയത്. അക്കാരണത്താൽ ഭാരതീയ ഭാഷകൾക്ക് വിദ്യാഭ്യാസത്തിൽ അർഹിക്കുന്ന സ്ഥാനം ലഭിച്ചില്ല. കാലം മാറി. വിദ്യാഭ്യാസത്തിന് സമൂലമായ മാറ്റം കൈവന്നു. പ്രധാനമായത് മാതൃഭാഷയ്ക്ക് വിദ്യാഭ്യാസത്തിൽ നൽകിയ മഹനീയ സ്ഥാനമാണ്.

**ജീവിത ബന്ധം**

നാം ജീവിക്കുന്ന പരിസരവുമായി ഇണങ്ങിച്ചേർന്നു വളർന്നതാണ് നമ്മുടെ മാതൃഭാഷ. സ്വാഭാവിക സാഹചര്യത്തിൽ പഠിക്കുന്ന മാതൃഭാഷയാണ് ഒരുവന്റെ പെറ്റമ്മ. ഇതര ഭാഷകൾ വളർത്ത

മ്മമാരും. നാം ജീവിക്കുന്ന പരിസരത്തിന്റെ ചൈതന്യവും ഊർജ്ജവും നിറഞ്ഞു നിൽക്കുന്നത് മാതൃ ഭാഷയിലാണ്. നമ്മുടേതായ ഭാഷയിൽ നാം ചിന്തിക്കുന്നു. ഒരു ശിശുവിനെ പൂർണ്ണ മനുഷ്യനായി വളർത്തുന്നതിൽ മാതൃഭാഷ വഹിക്കുന്ന പങ്ക് വലുതാണ്. ഒരുവന്റെ ജീവിതം തന്നെയാണ് മാതൃ ഭാഷ.

**മാനസിക വികസനം**

ആശയങ്ങൾ വെളിപ്പെടുത്താനുള്ള കേവലോപാധിയായി ആദ്യകാലത്ത് ഭാഷയെ കണ്ടിരുന്നു. ഇത് തികച്ചും ശരിയല്ല. ഭാഷ വിചാരമാണ്. ഒരാൾ തന്റെ ആശയങ്ങൾ ജ്ഞാനേന്ദ്രിയങ്ങൾ വഴി വെളിപ്പെടുത്താൻ കഴിയാതെ വരുമ്പോൾ വാക്കുകൾ അത്യന്താപേക്ഷിതമായിത്തീരുന്നു. അങ്ങനെ വിചാരത്തിൽ നിന്ന് വാക്കുകൾ ഉണ്ടാകുന്നു. കുട്ടികളുടെ മാനസിക വികസനത്തിന് അടിത്തറപാകുന്നത് മാതൃഭാഷയാണ്. ഒരുവന്റെ ചിന്തയുമായി ഏറ്റവും കൂടുതൽ ബന്ധപ്പെട്ടിരിക്കുന്നതും മാതൃ ഭാഷ തന്നെ. ഏതാശയവും ആദ്യം മനസ്സിൽ ഉറവെടുക്കുന്നത് മാതൃഭാഷയിൽ കൂടിയാണ്. ജീവിതത്തിന്റെ തുടക്കം മുതൽ അവസാനം വരെ ഒരുവനെ നയിക്കുന്നതും നിയന്ത്രിക്കുന്നതും പ്രചോദിപ്പിക്കുന്നതും മാതൃഭാഷയാണ്. മാതൃഭാഷാഭ്യാസനം തൃപ്തിയാകാതിരുന്നാൽ ചിന്താ വൈകല്യം ഉണ്ടാകാം. യുക്തിയുക്തമായ ചിന്തയാണല്ലോ മനുഷ്യരെവിവേകികളാക്കുന്നത്. മാനസിക വികാസവുമായി ബന്ധപ്പെട്ടിരിക്കുന്നു കുട്ടികളുടെ ഭാഷണം. സംപ്രത്യയ രൂപവൽക്കരണം മാനസിക വികസനത്തിന്റെ അടിസ്ഥാനമാണ്. ഇതിന് ഭാഷയുടെ പ്രത്യേകിച്ച് മാതൃഭാഷയുടെ സഹായം വേണം.

**സംസ്കാരിക വികസനം**

ഏതു ജനവിഭാഗത്തിന്റേയും സാംസ്കാരികവും സാമൂഹിക ജീവിതവുമായി ഏറെ ബന്ധപ്പെട്ടിക്കുന്ന മാതൃഭാഷ പലസംസ്ഥാനങ്ങൾ ചേർന്ന സംയുക്തരാഷ്ട്രമാണ് ഇന്ത്യ ഓരോ സംസ്ഥാനത്തിനും അതിന്റേതായ സംസ്കാരവും സാമഹൂഹിക ബോധവും ഉണ്ട്. ഇവയുടെ ആകെത്തുകയാണ് ഭാരതീയ സംസ്കാരവും സാമൂഹിക ബോധവും. ഒരു പ്രദേശത്തിന്റെ സംസ്കാരവും പൈതൃകവും കുട്ടികൾ അറിയുകയും മനസ്സിലാക്കുകയും ചെയ്യുന്നത് ആ പ്രദേശത്തെ ഭാഷയിലൂടെയാണ്. മാതൃഭാഷ അത് സംസാരിക്കുന്ന ജനങ്ങളുടെ സാമൂഹിക ക്രമവും പ്രാദേശിക സംസ്കാരവും പ്രതിഫലിപ്പിക്കുന്ന കണ്ണാടിയാണെന്ന് പറയാം. സംസ്കാരം വ്യക്തികളുടെ ആന്തരിക സ്വഭാവത്തിന്റെ പ്രകടനമാണെങ്കിൽ അവ ആവിഷ്കരിക്കാൻ ആ സംസ്കാരം ഉൾക്കൊള്ളുന്ന ജനങ്ങളുടെ ഭാഷയാണ് പ്രയോജനകരം.

**സാഹിത്യ സ്വഭാവവും സാഹിത്യ സൃഷ്ടിയും**

കുട്ടികളുടെ സർഗ്ഗാത്കമമായ കഴിവുകൾ മാതൃഭാഷയിലൂടെയാണ് വികസിക്കുന്നത്. ഹൃദയാനുഭൂതികളുടെ സുന്ദരമായ ആവിഷ്കരണമാണ് സാഹിത്യവും ഇതര കലകളും. കലകൾക്ക് മനുഷ്യരുടെ വൈകാരിക ജീവിതവുമായി കൂടുതൽ ബന്ധമുണ്ട്. വികാരംകലകൾക്ക് ശക്തിയും ചൈതന്യവും പകരുന്നു. സൗന്ദര്യം ആകർഷകത്വവും. ആശയങ്ങളും ചിന്തകളും പ്രകടിപ്പിക്കുന്നതുപോലെ അനുഭൂതികളും വികാരങ്ങളും ആവിഷ്കരിക്കേണ്ടതുണ്ട്. മാതൃഭാഷയെ ആശ്രയിച്ചാണ് കുട്ടികളുടെ വൈകാരിക ജീവിതം വളരുന്നതും വികസിക്കുന്നതും. സാഹിത്യത്തിന്റെ വൈകാരിക ശക്തി കുട്ടികളുടെ വ്യക്തിത്വ വികസനത്തെ വളരെയേറെ സഹായിക്കുന്നു. ഭാഷശരിയായി പ്രയോഗിക്കാൻ കഴിയുന്നവർക്കേ തെളിവും സൗന്ദര്യാത്മകമായും ഹൃദയാനുഭൂതികൾ ആവിഷ്കരിക്കാൻ കഴിയൂ. കുട്ടികളുടെ രചനാത്മക കഴിവുകൾ വികസിപ്പിക്കുക വിദ്യാഭ്യാസത്തിന്റെ മുഖ്യലക്ഷ്യങ്ങളിൽ ഒന്നാ

ണ്. ഒരുവന്റെ ഹൃദയാനുഭൂതികൾ, വികാരങ്ങൾ, ചിന്തകൾ, ഇവയുമായി ഉൾച്ചേർന്നിരിക്കുന്ന മാതൃ ഭാഷയ്ക്കേ ഈ കഴിവുകൾ പോഷിപ്പിക്കാൻ സാധിക്കുകയുള്ളു.

**ഭാഷാ പരിചയവും ഭാഷാപഠനവും**

പൊതുവേ പറഞ്ഞാൽ സ്വാതന്ത്ര്യപൂർവ്വ കാലഘട്ടത്തിൽ വിദ്യാഭ്യാസത്തിൽ ഭാഷയ്ക്ക് പരമപ്രാധാന്യമുണ്ടായിരുന്നു. ഇംഗ്ലീഷിനും മലയാളത്തിനും മറ്റുവിഷയങ്ങളെ അപേക്ഷിച്ച് കാര്യമായ പരിഗണന ലഭിച്ചുപോന്നു. വിദ്യാഭ്യാസത്തിന്റെ മാധ്യമം എന്ന നിലയ്ക്കും ഭരണഭാഷ എന്ന നിലയ്ക്കും ഇംഗ്ലീഷിന് തന്നെയായിരുന്നു പ്രഥമ പരിഗണന. എങ്കിലും രണ്ടാം ഭാഷയായ മലയാളവും തികച്ചും ഗൗരവത്തോടെ തന്നെ അഭ്യസിച്ചുപോന്നു. ബോധന രീതികൾ എന്തുതന്നെയായാലും മലയാളാധ്യാപനത്തിന്റെ നിലവാരം മോശമാകുന്നില്ല. ഭാഷയിൽ മാത്രമല്ല സാഹിത്യത്തിലും വ്യാകരണത്തിലും തൃപ്തികരമായ അവബോധം ഉണ്ടാക്കാൻ പര്യാപ്തമായ വിധത്തിലായിരുന്നു പാഠ്യപദ്ധതി തയ്യാറാക്കിയിരിക്കുന്നത്. അന്നത്തെ മിഡിൽ സ്കൂളിന്റെ അവസാന വർഷം ഒരു പൊതു പരീക്ഷയുണ്ടായിരുന്നു. നല്ല നിലവാരമുള്ള പുസ്തകങ്ങളാണ് താഴ്ന്ന ക്ലാസ്സുകളിൽ ഏർപ്പെടുത്തിയിരുന്നത്. കേരളവർമ്മ, ഏ.ആർ രാജരാജവർമ്മ, പി.കെ. നാരായണപിള്ള എന്നിങ്ങനെ ആ കാലഘട്ടത്തിലെ പ്രഗത്ഭന്മാരുടെ ലേഖനങ്ങളും എഴുത്തച്ഛൻ, കുഞ്ചൻനമ്പ്യാർ, മഹാകവിത്രയം തുടങ്ങിയവരുടെ കവിതകളുമെല്ലാം പാഠപുസ്കതകത്തിൽ സ്ഥാനം പിടിച്ചിരുന്നു.

സ്വാതന്ത്ര്യാനന്തരം സെക്കന്ററി സ്കൂളിൽ ഒന്നാം ഭാഷയായി മലയാളം ഉയർന്നു. പാഠ്യപദ്ധതിയിൽ സാഹിത്യത്തിന് പ്രാധാന്യം കൊടുത്തു തുടങ്ങി. പ്രധാന പാഠപുസ്തകത്തിനുപുറമേ ഉപപാഠപുസ്തകം കൂടി ഏർപ്പെടുത്തി. പദ്യപാഠങ്ങൾക്ക് പ്രധാന്യം കൽപ്പിച്ചുകൊണ്ട് പ്രത്യേകമായി പദ്യപാഠാവലികൾകൂടി പഠിക്കണമെന്ന നിഷ്കർഷ ഉണ്ടായി. ഇന്ന് ബിരുദവും, ബിരുദാനന്തരബിരുദവും നേടാം. കുറച്ചു വർഷങ്ങൾക്ക് മുമ്പവരെ അതുണ്ടായിരുന്നില്ല. മലയാളം വിദ്വാൻ പരീക്ഷ നിലവിലുണ്ടായിരുന്നു. അതിനു മുമ്പ് ശാസ്ത്രി, പണ്ഡിറ്റ്, മുൻഷി തുടങ്ങിയ പരീക്ഷകൾ പാസ്സായി ഭാഷാദ്ധ്യാപകനാകാനുള്ള അവസരവും ഉണ്ടായിരുന്നു. പക്ഷേ ഇക്കൂട്ടർക്ക് ബിരുദധാരികളുടെ ഇടയിൽ അല്പം അപകർഷത കൽപ്പിച്ചുപോന്നു. പക്ഷേ വ്യുൽപത്തിയിൽ അവർ ഒട്ടും പിറകിലായിരുന്നില്ല.

**ജനാധിപത്യത്തിന്റെ അടിത്തറ**

സാമൂഹിക ജീവി എന്ന നിലയിൽ ഒരോ വ്യക്തിക്കും ജനാധിപത്യത്തിന്റെ സംവിധാനത്തിൽ തന്റേതായ ഉത്തരവാദിത്വങ്ങളുണ്ട്. എല്ലാ വിഭാഗം ജനങ്ങൾക്കും തുല്യ അവസരവും അവകാശവും നൽകുകയാണ് ജനാധിപത്യത്തിന്റെ അടിസ്ഥാന പ്രമാണം. ജനാധിപത്യമൂല്യങ്ങൾക്ക് അനുസരണമായി ആരോഗ്യകരമായ വിധം വ്യക്തികളുടെ ചിന്തയും വികാരവും അനുഭൂതിയും വളർത്തിയെടുക്കാൻ മാതൃഭാഷയ്ക്ക് കഴിയുന്നു. തെളിഞ്ഞ ചിന്ത, വ്യക്തമായ പ്രകടനം, ആത്മാർത്ഥത, പ്രവർത്തന സ്വാതന്ത്ര്യം, സഹകരണ മനോഭാവം, വൈകാരികവും ക്രിയാത്മകവുമായ ജീവിത മികവ് തുടങ്ങിയവയാണ് ഒരുത്തമ പൗരനുണ്ടായിരിക്കേണ്ട നന്മകൾ. മാതൃഭാഷയിലൂടെ ഈ നന്മകൾ വളർത്താൻ സാധിക്കും. എല്ലാ വിഭാഗം ജനങ്ങളുടേയും പൂർണ്ണമായ സഹകരണവും പങ്കാളിത്തവും ജനാധിപത്യത്തിന്റെ വിജയത്തിന് അത്യാന്താപേക്ഷിതമാണ്. ജനാധിപത്യമൂല്യങ്ങളെക്കുറിച്ച് ശരിയായ അറിവു നൽകുക, വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമാകുന്നു. ഈ മൂല്യങ്ങൾ ഉൾക്കൊള്ളാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നത് ശരിയായ രീതിയിലുള്ള മാതൃഭാഷ പഠനമാണ്.

## 8. ഇതര വിഷയങ്ങളുമായുള്ള ബന്ധം

മലയാളം കൂടാതെ മറ്റുപല ഭാഷകളും വിദ്യാർത്ഥികൾ പഠിക്കേണ്ടതുണ്ട്. ഇംഗ്ലീഷ്, ഹിന്ദി, ഗണിതശാസ്ത്രം, സയൻസ്, സാമൂഹികപാഠം തുടങ്ങിയവ. സർവ്വദേശീയ ഭാഷയാണ് ഇംഗ്ലീഷ്. രാഷ്ട്രഭാഷയാണ് ഹിന്ദി. ഈ ഭാഷകൾ നിർബ്ബന്ധമായും പഠിക്കണം. മറ്റുള്ളവ പ്രധാന പൊതു വിഷയങ്ങളാകുന്നു. മാതൃഭാഷയിൽ അടിസ്ഥാനപരമായ അറിവുണ്ടെങ്കിലേ ഈവിഷയങ്ങൾ ശരിയായി പഠിക്കാൻ കഴിയൂ. മാതൃഭാഷ മൗലികമാണ്. കേവലമായ ഒരു വിഷയമല്ല. ഓരോ വിഷയത്തിന്റേയും അടിത്തറയാണ്. ഒരു വിദ്യാർത്ഥിക്ക് ശരിയായും വ്യക്തമായും ചിന്തിക്കാനും പ്രകടിപ്പിക്കാനും പ്രാപ്തിയില്ലെങ്കിൽ അവന് ചരിത്രം, ശാസ്ത്രം തുടങ്ങിയ വിഷയങ്ങൾ ഫലപ്രദമായി പഠിക്കാൻ സാധ്യമല്ല. എല്ലാ വിഷയം പഠിപ്പിക്കുന്ന അധ്യാപകനും മാതൃഭാഷയിൽ സാമാന്യപരിജ്ഞാനം കൂടിയേ തീരൂ.

## 9. മലയാളവും സംസ്കൃതവും

മലയാളത്തിന് സംസ്കൃതത്തോട് വളരെയേറെ ആധമർണ്യം ഉണ്ട്. മലയാളത്തിന്റെ അക്ഷരമാല ഏറിയകൂറും സംസ്കൃതത്തിന്റേതാണ്. ഇന്ന് വ്യവഹാരത്തിലിരിക്കുന്ന പദങ്ങൾ പരിശോധിച്ചാൽ ബഹുഭൂരിപക്ഷവും സംസ്കൃതത്തിന്റെ തൽസമങ്ങളോ തൽഭവങ്ങളോ ആണെന്ന് കാണാം. ആധുനിക ഘട്ടംവരെയുള്ള മലയാള സാഹിത്യത്തിൽ സംസ്കൃത സ്വാധീനം വളരെ കൂടുതലാണ്. മലയാള ഭാഷയുടെ ഘടനയേയും ഒരു പരിധിവരെ സംസ്കൃതം സ്വാധീനിച്ചിട്ടുണ്ട്. പല സാഹിത്യ പ്രസ്ഥാനങ്ങളും നമ്മുടെ ഭാഷയിലേക്ക് സ്വരൂപിച്ചത് സംസ്കൃതത്തിൽ നിന്നാണ്.

സംസ്കൃതത്തിൽ സംഭാഷണം ചെയ്യുന്നവരുടെ എണ്ണം ഇന്ന് പരിമിതമാണ്. അതുകൊണ്ടു തന്നെ മാതൃഭാഷയായി സംസ്കൃതത്തെ വിശേഷിപ്പിക്കാറുണ്ട്. എന്നാൽ വിജ്ഞാനത്തിന്റേയും സാഹിത്യത്തിന്റേയും കാര്യത്തിൽ സമ്പന്നമാണ് സംസ്കൃതം. നമ്മുടെ സാഹിത്യത്തിന്റേയും സംസ്കാരത്തിന്റേയും വേരുകൾ സംസ്കൃതത്തിലാണ് ഊന്നി നിൽക്കുന്നത്. വേദങ്ങൾ, പുരാണങ്ങൾ, ഇതിഹാസങ്ങൾ ഇവയെല്ലാം സംസ്കൃത ഭാഷയിലാണ് വിരചിതമായിരിക്കുന്നത്. വിശ്വപ്രസിദ്ധമായ പല കൃതികളും സംസ്കൃതത്തിന്റെ ഉൽകൃഷ്ഠ സംഭാവനകളാണ്. മലയാള ഭാഷയുടെ വ്യാകരണ നിയമങ്ങളിൽ പലതും വൃത്താലങ്കാരങ്ങളിൽ മിക്കവയും സംസ്കൃതത്തിൽനിന്ന് സ്വീകരിച്ചവ തന്നെ.

മലയാള ഭാഷാധ്യാപനവും അധ്യയനവും ശരിയായി നിർവ്വഹിക്കണമെങ്കിൽ സംസ്കൃത ഭാഷയിലും സാഹിത്യത്തിലുമുള്ള സാമാന്യമായ അവലോകനം അത്യാവശ്യമാണ്. നമ്മുടെ സാംസ്കാരിക പൈതൃകം കുടികൊള്ളുന്നത് ദേവഭാഷയെന്നു പ്രകീർത്തിക്കപ്പെടുന്ന സംസ്കൃതത്തിലാണ്. നമ്മുടെ പാരമ്പര്യവും ഐക്യവും നിലനിർത്തുന്നത് സംസ്കൃത ഭാഷയും സാഹിത്യവുമെന്ന് പറഞ്ഞാൽ തെറ്റില്ല.

## 10 മലയാളവും ഇഗ്ലീഷും

മലയാളത്തിൽ ഇന്നു കാണുന്ന എല്ലാ നൂതന സാഹിത്യശാഖകളും പ്രവണതകളും വിദേശ ഭാഷകളിൽ നിന്ന് പ്രത്യേകിച്ച് ഇംഗ്ലീഷിൽ നിന്ന് കടമെടുത്തവയാണ്. നോവൽ, ചെറുകഥ, നാടകം ഉപന്യാസം, നിരൂപണം, യാത്രാവിവരണം ഭാവഗീതങ്ങൾ തുടങ്ങിയവയെല്ലാം ഈ സ്വാധീനത്തിന്റെ നിദർശനങ്ങളാണ്. വിശ്വസാഹിത്യവുമായി നമ്മെ അടുക്കാൻ പ്രേരിപ്പിച്ചത് ഇംഗ്ലീഷുമായുള്ള അടുപ്പമാണ്. ചിഹ്നം, അപോദ്ധാരം, കർത്തരി-കർമ്മണി പ്രയോഗങ്ങൾ, സാക്ഷാൽ സംഭാഷണം, അന്വാ

ഖ്യാന സംഭാഷണം ഇവയെല്ലാം അംഗലേയപ്രഭാവം കൊണ്ട് കൈവന്നതാണ്.

വർണതലത്തിൽ ദ്യോതകങ്ങളുടെ പ്രയോഗത്തിൽ പദവിന്യാസക്രമത്തിൽ, ചിഹ്നസമ്പ്രദായത്തിൽ, സംക്ഷിപ്ത രൂപങ്ങളുടെ പ്രയോഗത്തിൽ, ശൈലികളിൽ ഒക്കെ ഇംഗ്ലീഷ് ചെലുത്തിയ സ്വാധീനം വിപുലമാണ്. ഇംഗ്ലീഷ് ഭാഷാ പഠനങ്ങളെ പൂർണ്ണമായി നിരാകരിച്ചുകൊണ്ടുള്ള ഭാഷാരീതി ഇക്കാലത്ത് കൃത്രിമമായി അനുഭവപ്പെടും. മാത്രമല്ല ഉദ്ദിഷ്ടം അന്യന് മനസ്സിലാകാതിരിക്കാനും അവിഷ്കരണത്തിന് ശക്തിയും വ്യക്തതയും കുറഞ്ഞുപോകാനും അത് ഇടയാക്കുകയും ചെയ്യും. പ്രഭാതം മുതൽ പ്രദോഷം വരെ നമ്മുടെ വ്യവഹാരങ്ങളുമായി ബന്ധപ്പെട്ട് കാര്യങ്ങൾ അന്യരെ പറഞ്ഞു മനസ്സിലാക്കാൻ ശുദ്ധ മാതൃഭാഷാപദങ്ങൾ മാത്രം ഉപയോഗിച്ചുനോക്കിയാലറിയാം, നമ്മുടെ ഭാഷണത്തിൽ ഇംഗ്ലീഷ് വാക്കുകൾ ചെലുത്തുന്ന സ്വാധീനം ഇത്രയേറെ നമ്മുടെ ഭാഷയുമായി, ജീവിതവുമായി ബന്ധമുള്ള ഇംഗ്ലീഷ് ഭാഷയിൽ സാമാന്യമായ പരിജ്ഞാനം ആർജ്ജിച്ചിട്ടില്ലാത്തവന് നല്ല മലയാള ഭാഷാദ്ധ്യാപകനായി പ്രശോഭിക്കാൻ കഴിയില്ല എന്നകാര്യം ഓർക്കേണ്ടിയിരിക്കുന്നു.

### 11 മലയാളവും ഹിന്ദിയും

ഇന്ത്യയുടെ പുരോഗതിക്കും കെട്ടുറപ്പിനും ഒരു പൊതുഭാഷ ആവശ്യമാണ്. ഹിന്ദിയാണ് നമ്മുടെ രാഷ്ട്രഭാഷയായി അംഗീകരിച്ചിട്ടുള്ളത്. ഇന്ത്യയുടെ ജനസംഖ്യയിൽ മൂന്നിലൊരു ഭാഗം സംസാരിക്കുന്നത് ഹിന്ദിയാണ്. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ പലതിലും മാതൃഭാഷ ഹിന്ദിയാണ്. ഹിന്ദിയുമായി ബന്ധമുള്ള ഉർദ്ദു, പഞ്ചാബി തുടങ്ങിയവയും നല്ലൊരു ശതമാനം ആളുകളുടേയും മാതൃഭാഷയാണ്. ഇതെല്ലാം അംഗീകരിച്ചുകൊണ്ടാണ് ഹിന്ദി നമ്മുടെ രാഷ്ട്രഭാഷയായി സ്വീകരിക്കാൻ തീരുമാനിച്ചത്. മാതൃഭാഷ, പ്രദേശികഭാഷ, ഇംഗ്ലീഷ്, ഹിന്ദി എന്നിവ സ്കൂൾ തലത്തിൽ ഒഴിവാക്കുവാൻ സാധ്യമല്ല. അതുകൊണ്ടാണ് ഭാരതത്തിൽ ത്രിഭാഷാ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. പ്രൈമറി തലത്തിൽ മാതൃഭാഷയിലൂടെ തന്നെ അധ്യയനം നടക്കണം. അപ്പർപ്രൈമറി തലത്തിൽ ഇംഗ്ലീഷ് ഭാഷയുമാകാം.

മാതൃഭാഷ കഴിഞ്ഞാൽ പഠ്യപദ്ധയിയിൽ അടുത്ത സ്ഥാനം അർഹിക്കുന്നത് രാഷ്ട്രഭാഷയ്ക്കാണ്. ഹിന്ദിയുടെ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. മലയാളത്തെ സംബന്ധിച്ചിടത്തോളം അക്ഷരമാല ഹിന്ദിയുടേതുതന്നെ. മലയാളം അക്ഷരമാല കൃത്യമായി പഠിച്ച കുട്ടികൾക്ക് ഹിന്ദിയിലെ അക്ഷരമാല പഠിക്കാൻ പ്രയാസപ്പെടേണ്ടതില്ല. ലിപി വ്യത്യാസം മാത്രമേയുള്ളു. വാക്യഘടനയിൽ പ്രധാനതലമായ പദവിന്യാസത്തിലും ഹിന്ദിയോടാണ് മലയാളം അടുത്തു നിൽക്കുന്നത് ഇംഗ്ലീഷിൽ കർത്താവ് ക്രിയ, കർമ്മം എന്ന ക്രമത്തിലാണെങ്കിൽ ഭാരതീയ ഭാഷകളിൽ കർത്താവ്, കർമ്മം, ക്രിയ എന്ന ക്രമത്തിലാണ് പിന്തുടരുന്നത്. അതുകൊണ്ട് മലയാള അക്ഷരമാല ഹൃദിസ്ഥമാക്കിയ ഒരു കുട്ടിക്ക് ഹിന്ദി പഠിക്കാൻ എളുപ്പമാണ്. ലിപിയുടെ കാര്യത്തിൽ മാത്രമേ ശ്രദ്ധിക്കേണ്ടതുള്ളു.

### 12 മലയാളവും തമിഴും

മലയാളത്തിന്റെ ഉൽപ്പത്തിയെക്കുറിച്ചുള്ള സിദ്ധാന്തങ്ങൾ എന്തായാലും മലയാളത്തെ ദ്രാവിഡ ഭാഷകളുമായി പ്രത്യേകിച്ച് തമിഴുമായി വളരെയേറെ അടുപ്പമുണ്ട്. മലയാളത്തിലുള്ളത്രയും അക്ഷരങ്ങൾ തമിഴിലില്ല. അതിഖരമൃദു ഘോഷങ്ങളൊന്നും തമിഴിലില്ല. തമിഴ് ലിപികൾ മലയാളത്തോട്

വളരെ അടുത്തു നിൽക്കുന്നവയാണ്. സംസാരഭാഷയിൽപ്പോലും തമിഴ് കേട്ടാൽ അർത്ഥ ഗ്രഹണ ത്തിന് മലയാളിക്ക് വലിയ പ്രയാസമൊന്നും തോന്നുകയില്ല. മലയാളികളുടെ സംസാരം തമിഴ് സംസാ രിക്കുന്നവർക്കും മനസ്സിലാകും. മലയാളത്തിലെ പ്രാചീന കൃതികളിൽ തമിഴ് ചുവപ്രകടമാണ്. രാമച രിതം, ഇരവിക്കുട്ടിപ്പിള്ളപ്പാട്ട് തുടങ്ങിയവ തമിഴിന്റെ പ്രത്യേകത പുലർത്തുന്നു. ഭൂമിശാസ്ത്രപരമായ അടുപ്പവും, ജനവിഭാഗങ്ങൾ തമ്മിലുള്ള സമ്പർക്കവും ഈ രണ്ടു ഭാഷകളിലും അന്യമല്ല. പാലക്കാ ട്, തിരുവനന്തപുരം തുടങ്ങിയ ജില്ലകളിൽ തമിഴ് മാധ്യമത്തിന്റെ വിദ്യാലയങ്ങളുണ്ട്. തമിഴ്നാടിനോട് വളരെ അടുത്തുകിടക്കുന്ന ജില്ലകളിലെ ജനങ്ങൾ ഭാഷയുടെ വ്യത്യാസം കണക്കാക്കാതെ സാമൂഹി കമായും  മറ്റു നിലകളിലും സമ്പർക്കം പുലർത്തുന്നു. ഇങ്ങനെയുള്ള കാര്യം പരിശോധിക്കുമ്പോൾ മലയാളവും തമിഴും തമ്മിലുള്ള ബന്ധത്തിന്റെ ദാർഢ്യം വ്യക്തമാകും.

## 1. മലയാള ഭാഷാപഠനത്തിന്റെ ലക്ഷ്യങ്ങൾ

വിദ്യാഭ്യാസത്തിന്റെ അടിസ്ഥാന ഘടകം ഭാഷയാണല്ലോ. അതിനനുസരണമായി ഭാഷാധ്യ പനത്തിന് വ്യക്തമായ ചില ലക്ഷ്യങ്ങളുണ്ട്. എല്ലാ പ്രവർത്തനങ്ങളുടേയും വിജയത്തിന് ലക്ഷ്യ ബോധം ആവശ്യമാണ്. വിദ്യാഭ്യാസത്തെ സംബന്ധിക്കുമ്പോൾ ഇതിന് പ്രാധാന്യമേറുന്നു. വിദ്യാ ഭ്യാസം കൊണ്ട് എന്താണോ ലക്ഷ്യമാക്കുന്നത് ആ ലക്ഷ്യം നേടാൻ പ്രയോജനപ്പെടുന്ന മാർഗ്ഗങ്ങൾ അദ്ധ്യാപന സമ്പ്രദായത്തിൽ സ്വീകരിക്കേണ്ടതുണ്ട്. ഭാഷ, വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനഘടക മെന്ന നിലയിൽ ഭാഷാധ്യാപനത്തിന്റെ ലക്ഷ്യങ്ങൾ ചുവടെ വിവരിക്കുന്നു.

**1. അന്യരുടെ ഭാഷണം വ്യക്തമായും അനായാസമായും ഗ്രഹിക്കാൻ കഴിവ് നേടുക**

ഭാഷണം പലതരത്തിലാകാം. ഭാഷണം ചെയ്യാനുള്ള കഴിവ് വ്യക്തികൾക്ക് പലതരത്തിലാ കാം. ഒരാൾ ലളിത ഭാഷയിൽ സംസാരിച്ചേക്കാം. മറ്റൊരാളിന്റെ ഭാഷ ഗഹനമായിരിക്കാം. ഒരാൾക്ക് ഗ്രാമ്യഭാഷയാണ് വശമെങ്കിൽ മറ്റൊരാൾക്ക് നാഗരികഭാഷയാണ് വശം. ദൈനംദിന ഭാഷണത്തിന് ഉപയോഗിക്കുന്ന ഭാഷ മനസ്സിലാക്കാൻ അധിക ശിക്ഷണം വേണ്ടി വരികയില്ല. എന്നാൽ ഭാഷാ ഭ്യസനം കൊണ്ട് ഇതിൽ കവിഞ്ഞ കഴിവാണ് ലക്ഷ്യമിടുന്നത്.

**2. നല്ല ഭാഷയിൽ സ്പഷ്ടമായും അനായാസമായും സ്വന്തം ആശയങ്ങൾ അന്യനെ ധരിപ്പി ക്കാൻ ആവശ്യമായ കഴിവ് നേടുക**

അന്യർ പറയുന്നത് മനസ്സിലാക്കിയാൻ മാത്രം പോര, നമ്മുടെ ആശയങ്ങൾ അന്യരെ ധരിപ്പി ക്കുകയും വേണം. നല്ല ഭാഷയിൽ ആയിരിക്കണം അത് പ്രകിടപ്പിക്കേണ്ടത്.  നമ്മുടെ ചിന്തയും വികാരങ്ങളും അനുഭൂതികളും ഉത്തമമായും ശുദ്ധമായും ഭാഷയിൽ അന്യരെ അറിയിക്കാൻ കഴിയു ന്നത് വലിയ നേട്ടമാണ്. മാനസികവും ഹൃദയംഗവുമായ സംതൃപ്തി കൂടിയാണിത്. ഭാഷാഭ്യാസന ത്തിലൂടെ ഇത് സാധിക്കണം.

**3. ലിഖിത ഭാഷയിൽ പ്രകടിപ്പിച്ച ആശയങ്ങൾ വായിച്ചു മനസ്സിലാക്കുന്നതിനും അന്യർക്ക് ഗ്രഹിക്കത്തകവിധം അർത്ഥ സ്ഫുരണത്തോടെ വായിക്കുന്നതിനുള്ള പ്രാപ്തി നേടുക**

വിദ്യാഭ്യാസത്തിന്റെ മുഖ്യഘടകമാണ് വായന. ഭാഷയുടെ ലിഖിത രൂപവുമായി ബന്ധപ്പെട്ടാൽ മാത്രമേ വായിക്കാൻ കഴിയൂ. വായനയാണ് ഒരുവനെ പൂർണ്ണനാക്കുന്നത്. മാനസികമായ പ്രക്രിയയാ ണിത്. വായിക്കാൻ സമയമില്ലാത്ത ജീവിതം ജീവിക്കാൻ കഴിവില്ലാത്ത ശരീരംപോലെയാണെന്ന് ലെനിൻ പറഞ്ഞിട്ടുണ്ട്. അന്യർക്കു കൂടി അർത്ഥം മനസ്സിലാക്കാൻതക്കവിധം വായിക്കാൻ കഴിവുനേ

ടണം. അധ്യാപകനെ സംബന്ധിച്ചിടത്തോളം മറ്റുള്ളവരുടെ പ്രത്യേകിച്ച് അധ്യേതാക്കളുടെ വായനാഭിരുചി പരിപോഷിപ്പിക്കാനും വായന പ്രയോജനപ്പെടണം. ലിഖിതഭാഷയിലുള്ള കഴിവിനെ അടിസ്ഥാനമാക്കിയാണ് ഇതെല്ലാം സാധിക്കേണ്ടത്.

**4. സ്വന്തം ആശയങ്ങൾ നല്ല ഭാഷയിൽ വ്യക്തമായി എഴുതി പ്രകാശിപ്പിക്കാൻ സാമർത്ഥ്യം നേടുക**

നമ്മുടെ ആശയങ്ങൾ എഴുതി പ്രകടിപ്പിക്കേണ്ട സന്ദർഭങ്ങൾ ഉണ്ടാകും. നല്ല ആശയങ്ങൾ എഴുതി പ്രകാശിപ്പിക്കാൻ കഴിവ് നേടണം. സ്വന്തം വ്യക്തിത്വം അന്യരെ ധരിപ്പിക്കാനുള്ള അവസരം കൂടിയാണിത്. സർഗ്ഗാത്മകമായ കഴിവുകളുടെ വികസനവും ഇതിനെ ആശ്രയിച്ചിരിക്കുന്നു. സുവ്യക്തങ്ങളായ ആശയങ്ങളാണ് മനസ്സിൽ ഉള്ളതെങ്കിൽ അതിനനുസരണമായ ഭാഷയും സ്വാഭാവികമായി കൈവരും. തെളിവുള്ള ആശയങ്ങളാണെങ്കിൽ തെളിവും മിഴിവുമുള്ള ഭാഷയിൽ എഴുതാൻ കഴിയും.

**5. സാഹിത്യം ആസ്വദിക്കാൻ ആവശ്യമായ കഴിവ് സമാർജ്ജിക്കുക.**

സാഹിത്യ പഠനത്തിനും സാഹിത്യാസ്വാദനത്തിനും ഭാഷാഭ്യസനത്തിൽ വലിയ സ്ഥാനമുണ്ട്. മനുഷ്യരുടെ ജന്മസിദ്ധമായ കലാഭിരുചിയുമായി ആസ്വാദനം ബന്ധപ്പെട്ടിരിക്കുന്നു. തന്നെയുമല്ല, സാഹിത്യാസ്വാദന ശേഷി വ്യക്തിസത്തയുടെ പ്രധാനഘടകമാണ്. എന്നാൽ കേവലമായ ആസ്വാദനം മാത്രമല്ല, സാഹിത്യത്തിന്റെ ലക്ഷ്യം, സാംസ്കാരികവും സാമൂഹികവുമായ പുരോഗതിക്കുകൂടി ഇത് പ്രയോജനപ്പെടണം. അതിനുള്ള മാർഗ്ഗമായി ആസ്വാദനത്തെ കരുതണം. ആസ്വാദനത്തിലൂടെ ലഭിക്കുന്ന വികാരപരമായ ഉണർവ്വ് സാംസ്കാരികപരമായ പുതിയ വെളിച്ചത്തിലേക്ക് അനുവാചകരെ നയിക്കുന്നു. കലകളുടെ വിശാലാന്തരീക്ഷത്തിലേക്ക് നമ്മെ നയിക്കാനും സാഹിത്യാസ്വാദനം പ്രയോജനപ്പെടുന്നു.

**6 സന്ദർഭാനുസരണം പുതിയ പദങ്ങളും ശൈലികളും ഉപയോഗിക്കാനും തനതായ ഭാഷാശൈലി രൂപപ്പെടുത്താനുമുള്ള കഴിവ് നേടുക**

വാചികവും, ലിഖിതവുമായ ഭാഷയുമായി നിരന്തര സമ്പർക്കം ഉണ്ടാകുമ്പോൾ ഏതാശയവും ഗ്രഹിക്കാനുള്ള പ്രായോഗിക കഴിവ് നാം നേടുന്നു. എന്നാൽ ഭാഷാപഠനം ഇവിടെ പൂർണ്ണമാകുന്നില്ല. പരിചിത പദങ്ങളും ശൈലികളും സന്ദർഭാനുസരണം ഉപയോഗിച്ച് സ്വന്തം വ്യക്തിത്വം പ്രതിഫലിപ്പിക്കുന്ന ശൈലി സ്വായത്തമാക്കണം. വിപുലമായ ഗ്രന്ഥപരിചയവും വായനയും ഇതിനാവശ്യമാണ്.

## 2. വിദ്യാലത്തിലേക്ക് ആദ്യമായി വരുന്ന വിദ്യാർത്ഥികളുടെ മാതൃഭാഷ നൈപുണ്യം

മറ്റുള്ളവർ പറയുന്നത് കേട്ട് മനസ്സിലാക്കുക അവനവന്റെ മനസ്സിൽ തോന്നുന്ന കാര്യങ്ങൾ മറ്റുള്ളവരെ പറഞ്ഞ് മനസ്സിലാക്കുക ഇതു രണ്ടുമാണ് നിത്യ ജീവിതത്തിൽ എല്ലായ്പ്പോഴും പ്രായോഗികമാക്കേണ്ടി വരുന്ന ഭാഷാ നൈപുണികൾ. കാര്യങ്ങൾ ശരിയായ അർത്ഥസ്ഫുരണത്തോടെ ആകർഷകമാം വിധം പറഞ്ഞു ഫലിപ്പിക്കാനുള്ള ശേഷി ഒരു വ്യക്തിയുടെ ജീവിത വിജയത്തിന് വളറെയേറെ സഹായകമായിരിക്കണം. വായ്മൊഴി ഭാഷയുടെ സ്വാഭാവിക രൂപവും വരമൊഴി ക്രിത്രിമ രൂപവുമാണ്.

വിദ്യാലയത്തിലെത്തുന്ന കുട്ടികൾ വ്യത്യസ്ഥ സാഹചര്യങ്ങളിൽ നിന്ന് വരുന്നവരാണ്. അവ

രുടെ സാമൂഹിക സാമ്പത്തിക സാംസ്കാരിക പശ്ചാത്തലം വിഭിന്നമായിരിക്കും. അത് അവരുടെ ഭാഷണത്തിലും നിഴലിക്കും. ഓരോരുത്തരുടേയും ഭാഷണത്തിന്റെ നിലവാരം മനസ്സിലാക്കുകയാണ് അദ്ധ്യാപകന്റെ ആദ്യത്തെ കർത്തവ്യം. അതിനുവേണ്ടത് ഓരോ കുട്ടിയെക്കൊണ്ടും സംസാരിപ്പിക്കുകയാണ്. ആദ്യമായി സ്കൂളിലേക്ക് വരുന്ന കുട്ടി ഒട്ടൊക്കെ ഭയാശങ്കകളോടെയാണ് സ്കൂളിനേയും അദ്ധ്യാപകരേയും സമീപിക്കുന്നത്. അതുകൊണ്ടുതന്നെ വളരെ അനുകൂലമായ ഒരഭിഭാവം അധ്യാപകന്റെ ഭാഗത്തുനിന്ന് ഉണ്ടാവണം. കുട്ടികളെ സ്നേഹിക്കാനും, അവന്റെ പ്രയാസങ്ങൾ മനസ്സിലാക്കിക്കൊണ്ട് സഹതാപത്തോടെ പെരുമാറാനും കഴിവുള്ള ആളായിരിക്കണം അധ്യാപകൻ. അസ്വാഭാവികമായ അന്തരീക്ഷം മാറ്റിയെടുത്ത് സ്വതന്ത്രമായി പെരുമാറാനുള്ള ഒരിടമാണ് വിദ്യാലയം എന്ന ബോധം അവനിൽ ഉണ്ടാക്കിയെടുക്കണം. അപ്പോൾ മാത്രമേ കുട്ടികൾ ഭയാശങ്കകൾ വെടിഞ്ഞ് സ്വാഭാവികമായ രീതിയിൽ സംസാരിക്കുകയുള്ളു. അവർക്ക് നിത്യപരിചയമുള്ള വസ്തുക്കളെപ്പറ്റിയും താൽപര്യമുള്ള വിഷയങ്ങളെപ്പറ്റിയും ചോദിച്ചുകൊണ്ട് സംഭാഷണംതുടങ്ങാം. ഓരോ കുട്ടിയുമായും ഗാഢ പരിചയം ഉണ്ടാകാനും ഓരോരുത്തന്റെ ദൗർബല്യവും ശക്തിവിശേഷങ്ങളും അറിയാനും ഇതുവഴി സാധിക്കുമെന്നതാണ് നേരത്തേ സ്വായത്തമാക്കിയിട്ടുള്ള ഭാഷാപരിജ്ഞാനത്തിൽ വന്നു പോയിട്ടുള്ള ന്യൂനതകൾ, ഭാഷാ പ്രയോഗത്തിൽ വശമാക്കിയിട്ടുള്ള ദുശ്ശീലങ്ങൾ, എന്നിവ അവരറിയാതെ തന്നെ പരിഹരിക്കാൻ അധ്യാപകന് സാധിക്കണം. അവരുടെ ഉച്ചാരണ വൈകല്യങ്ങൾ കണ്ടറിയണം. ഇതിന്റെ കാരണം കണ്ടെത്താനും അധ്യാപകന് കഴിയണം. വാഗിന്ദ്രിയങ്ങൾക്കുള്ള തകരാറാണ് ഉച്ചാരണം വികലമാകുന്നതിന് കാരണമെങ്കിൽ അധ്യാപകൻ പ്രത്യേകം ശ്രദ്ധിക്കുകയും രക്ഷിതാക്കളെ ആ വിവരം അറിയിക്കുകയും വേണം. മറിച്ച്, തെറ്റായ മാതൃകയാണ് ഉച്ചാരണത്തെറ്റുകൾക്ക് കാരണമെങ്കിൽ നല്ല മാതൃകകൾ സ്വാഭാവിക സന്ദർഭത്തിൽ നൽകണം.

ശ്രവണമാണ് ഭാഷണത്തിന് അടിസ്ഥാനം എന്ന തത്വം പരിഗണിച്ചുകൊണ്ട് കുട്ടികൾക്ക് ഭാഷ ശ്രവിക്കാനുള്ള ധാരാളം അവസരങ്ങൾ ഉണ്ടാക്കിക്കൊടുക്കണം. അധ്യാപകന്റെ ഭാഷണം കുട്ടികൾ കേൾക്കണം. അദ്ദേഹത്തിന്റെ ഭാഷഅന്യൂനവും, അവികലവുമായിരിക്കണം. സ്പഷ്ടവും ശുദ്ധവുമായിരിക്കണം. ആ മാതൃക അധ്യാപകന്റെ ഭാഷയിൽ കൃത്രിമത്വം നിഴലിക്കരുത്. അത് തീർത്തും സ്വാഭാവികമായിരിക്കണം. കുട്ടികൾക്കു താൽപര്യമുള്ള വിഷയത്തെ ആസ്പദമാക്കിയാവണം അധ്യാപകന്റെ സംഭാഷണം. പ്രാരംഭഘട്ടത്തിൽ കഥാകഥനത്തിലൂടെയാവണം ഭാഷാ പരിചയം നൽകുന്നത്. കഥകൾ പരിമിതമായ വിഷയങ്ങൾ പ്രതിപാദിക്കുന്നതാവാൻ പ്രത്യേകം ശ്രദ്ധിക്കണം.

കഥാകഥന രൂപത്തിൽ താൻ പറഞ്ഞത് കുട്ടികൾവേണ്ടപോലെ ഗ്രഹിച്ചോ എന്ന് പരിശോധിക്കണം. ശ്രദ്ധയും ആശയഗ്രഹണ ശേഷിയും ഉറപ്പുവരുത്താൻ ഇത് സഹായകമാണ്. ആദ്യം പ്രതിപാദ്യവിഷയവുമായി ബന്ധപ്പെട്ട സ്ഥൂലാശയങ്ങളും സൂക്ഷ്മവിവരങ്ങളും പറയിക്കാം. ആശയഗ്രഹണത്തിലും, ആശയപ്രകടനത്തിലും തെറ്റുകൾ കണ്ടാൽ ശ്രദ്ധിക്കണം. അവർക്ക് പരാജയബോധം തോന്നാത്ത വിധത്തിൽ സൗഹൃദത്തോടെ സ്വാഭാവികമായ രീതിയിൽ യഥാസമയം അവയ്ക്ക് പരിഹാരമാർഗ്ഗങ്ങൾ സ്വീകരിക്കുകയാണ് വേണ്ടത്. തെറ്റിനെപ്പറ്റി കുറ്റപ്പെടുത്തുകയല്ലാ ശരിയായി ചെയ്യിച്ച് പ്രബലനം ചെയ്യിപ്പിക്കുകയാണ് അഭികാമ്യം. കുട്ടികളുടെ ഉത്തരങ്ങൾ കഴിയുന്നത്ര പൂർണ്ണവാക്യത്തിൽ പ്രകടിപ്പിക്കാൻ അവരെ സജ്ജരാക്കണം.

എപ്പോഴും ശിക്ഷണം കഥകളിലൂടെ ആവണമെന്നില്ല. തുടക്കത്തിൽ കഥകളായിരിക്കും നന്ന് എന്നേയുള്ളു. വേറെ എന്തെങ്കിലും കാര്യങ്ങൾ പറയാൻ കുട്ടികളോട് നിർദ്ദേശിക്കാം. ഓരോ കുട്ടിയു

ടേയും ശ്രദ്ധയിൽപ്പെട്ട വിഷയങ്ങൾ മറ്റുള്ളവരോട് പറയട്ടെ. ഈ പറച്ചിൽ ശരിയായ ദിശയിലാവാൻ അദ്ധ്യാപകന്റെ ശ്രമം വേണം. അതുപോലെ ഏതെങ്കിലും കളികളിൽ ഏർപ്പെടാൻ അവരെ നിർദ്ദേശിക്കുകയും വേണം. അപൂർണ്ണതകളോ തെറ്റുകളോ ഉണ്ടെന്ന് കണ്ടാൽ അത് തിരുത്താനുള്ള സഹായവും സന്ദർഭവും നൽകണം.

മറ്റൊരു രീതി ചിത്രങ്ങളുപയോഗിച്ച് സംഭാഷണത്തിൽ ഏർപ്പെടുകയാണ്. ചോദ്യോത്തരരീതിയിൽ പലകാര്യങ്ങളും കുട്ടികളെക്കൊണ്ട് പറയിപ്പിക്കണം. അവസാനം ക്രമീകൃതമായി വിവരങ്ങൾ സമാഹരിക്കണം. ചിത്രങ്ങളില്ലെങ്കിൽ അവർക്ക് പരിചിതമായ ഏതുമാവാം. സംഭാഷണ വിഷയം. മൃഗങ്ങൾ, ചെടികൾ, വിദ്യാലയം, വീട്ടുപകരണങ്ങൾ, ആഘോഷങ്ങൾ എന്നിങ്ങനെ ആവശ്യം വിഷയങ്ങളെ ആസ്പദമാക്കി മാതൃഭാഷ നൈപുണി വളർത്തിയെടുക്കാവുന്നതാണ്. ഇതിന് മറ്റൊരുപായമാണ് നാടകാഭിനയം. പരിചിതമായ കഥകൾ, നാടകരൂപത്തിൽ അധ്യാപകൻ പറഞ്ഞു കേൾപ്പിക്കണം.

മനസ്സിലുള്ള ആശയങ്ങളാണ് ഭാഷാ രൂപത്തിൽ പ്രകടിപ്പിക്കുന്നത്. അതുകൊണ്ട് ആശയങ്ങൾ സ്പഷ്ടവും ക്രമീകൃതവുമാകണം. അന്യോന്യബന്ധമില്ലാത്ത ക്രമീകരണമില്ലാതെ കിടക്കുന്ന ചിന്തകളെ ക്രമീകരിക്കാൻ പറ്റിയ  ചോദ്യങ്ങൾ ചോദിച്ചായിരിക്കണം അവരുടെ പ്രകടനം കുറ്റമറ്റതാക്കേണ്ടത്.

അതിഖരം, മൃദു, ഘോഷം, കൂട്ടക്ഷരം ഇവയാണ് കുട്ടികളെ പ്രായേണ വിഷമിപ്പിക്കുന്നത് പലപ്പോഴും തെറ്റായ ഉച്ചാരണ മാതൃകകൾ ആദ്യമേ സ്വീകരിച്ചതാവണം ഇതിനു കാരണം. ഈ അക്ഷരങ്ങളുടെ ഉച്ചാരണം കുറ്റമറ്റതാക്കാൻ ശരിയായ മാതൃകകളുടെ അടിസ്ഥാനത്തിൽ ധാരാളം അഭ്യാസങ്ങൾ നൽകണം.

മുഖം - മുകം
പീഠം - പീടം
രഥം - രതം
ഫലം - പലം

**അഭ്യാസങ്ങൾ**

1. കുട്ടികളോട് അനുഭാവത്തോടെ സംസാരിക്കുക.
2. താൽപര്യമുള്ള വിഷയത്തെക്കുറിച്ച് ചോദിച്ച് മറുപടി പറയിക്കുക.
3. വ്യക്തിപരമായ അനുഭവങ്ങൾ പറയിക്കുക
4. നിർദ്ദേശങ്ങൾ പറയിച്ചുകൊണ്ട് ക്രീഡകളിൽ ഏർപ്പെടുക.
5. ചിത്രങ്ങളെ ആധാരമാക്കിയുള്ള സംഭാഷണം
6. നാടകീയ സംഭാഷണം
7. ലഘുഗാനങ്ങൾ, കവിതകൾ.

അദ്ധ്യായം 25

# ഭാഷാധ്യാപനം പൊതു തത്വങ്ങൾ

**മുഖവുര**

ഇതര വിഷയങ്ങളിൽ നിന്ന് വ്യത്യസ്ഥ സമീപനമാണ് ഭാഷാധ്യാപനത്തിൽ സ്വീകരിക്കേണ്ടത്. ആശയ വിനിമയോപാധി, സാഹിത്യമാധ്യമം എന്നീ നിലവിട്ട് എത്രയോ ഉയർന്നിരിക്കുന്നു മലയാള ഭാഷ. ഭാഷാപ്രയോഗക്ഷമതയാണ് എല്ലാ ഘട്ടങ്ങളിലും ബോധനത്തിന്റെ ആത്യന്തിക ലക്ഷ്യം. ഈ ലക്ഷ്യത്തിൽ എത്താനുള്ള ചതുർവിധ സോപാനങ്ങളാണ് ശ്രവണം, ഭാഷണം, വായന, ലേഖനം എന്നീ നൈപുണികൾ. ഇവ അനുക്രമം സ്വായത്തമാക്കി ഭാഷയിൽ പ്രാവീണ്യം നേടിയെടുക്കാൻ സാധിക്കുന്ന വിധമായിരിക്കണം ബോധനം. ഭാഷ പഠിക്കാനുള്ള പ്രത്യേകമായ കഴിവുകൾ മനുഷ്യർക്കുണ്ട്. മനുഷ്യരുടെ മാനസികവും, ശാരീരികവുമായ ഘടന അത്തരത്തിലാകുന്നു. മനുഷ്യരുടെ ജന്മവാസനകളിൽ അതിപ്രധാന ഘടകമാണ് അനുകരണം. മാതാപിതാക്കളെ അനുകരിച്ചാണ് ശിശു ആദ്യം ഭാഷ വശമാക്കുന്നത്. ശബ്ദം കേട്ട് മനസ്സിലാക്കുകയും ക്രമേണ ശബ്ദത്തിൽ ഉൾക്കൊണ്ടിരിക്കുന്ന ആശയം ശിശു ഗ്രഹിക്കുകയും ചെയ്യുന്നു. ഭാഷ പഠിക്കാനും കൈകാര്യം ചെയ്യാനും സഹായകമായ വിധമാണ് മനുഷ്യരുടെമൗഖികാവയവങ്ങളുടെ ഘടന. മനുഷ്യരുടെ ചിന്താപരമായ കഴിവാണ് ഭാഷയുടെ വികസനത്തിന് കാരണമാകുന്നത്.

**1 ഭാഷ ഒരു കല**

ഭാഷ ഒരു കലയാണ്, ശാസ്ത്രമല്ല, ഹൃദയാഹ്ലാദമാണ് കലയുടെ പ്രഥമ ധർമ്മം. ആത്യന്തിക ധർമ്മം ഹൃദയസംസ്കരണവും. ശാസ്ത്രത്തിന്റെ ലക്ഷ്യം ബുദ്ധി വികസനവുമാണ്. കല ഹൃദയത്തോടും ശാസ്ത്രം തലച്ചോറിനോടുമാണ് സംവദിക്കുന്നത്. കല വികാരത്തോടടുത്തു നിൽക്കുമ്പോൾ ശാസ്ത്രം ബുദ്ധിയോട് അടുത്ത് നിൽക്കുന്നു. കല ആർജ്ജിച്ചെടുക്കുന്നതും നിരന്തരമായ പരിശീലനം കൊണ്ടാണ്. ശാസ്ത്രത്തിന് ചില നിയമങ്ങളും സംഹിതകളുമുണ്ട്. യുക്തി കൊണ്ടാണ് ശാസ്ത്ര തത്വങ്ങളിൽ എത്തിച്ചേരുന്നതും പ്രവർത്തനക്ഷമമാകുന്നതും.

കലകൾക്കെല്ലാം ആധാരമായി ചില ശാസ്ത്രങ്ങളുണ്ട്. ഭാഷാ പ്രയോഗങ്ങൾക്കുമുണ്ട് ശാസ്ത്രം. പക്ഷേ നിയമങ്ങൾ ഉരുവിട്ടു പഠിച്ചതുകൊണ്ടുമാത്രം ഭാഷാ പ്രയോഗ സാമർത്ഥ്യം കൈവരില്ല. ചിത്രരചനയ്ക്കാധാരമായ തത്വം പഠിച്ചാൽ നല്ല ചിത്രം വരയ്ക്കാൻ സാധ്യമല്ല. ഭാഷാ ഭൂഷണവും വൃത്തമഞ്ജരിയും പഠിച്ചാൽ ഒരുവന് കവിത എഴുതാൻ കഴിഞ്ഞു എന്നു വരില്ല. ഒരു പ്രവൃത്തി അതേ വിധം ആവർത്തിക്കാനുള്ള പ്രവണതയാണ് ശീലം. നിരന്തരമായ അഭ്യാസം കൊണ്ടു മാത്രമേ ശീലം രൂഢമൂലമാവുകയുള്ളു. ധാരാളം ചിത്രങ്ങൾ വരച്ചു ശീലിച്ചാണ് ഒരാൾ നല്ല ചിത്രകാരനാകുന്നത്. ധാരാളം കവിതകൾ രചിച്ചു പരിചയിച്ചാണ് ഒരാൾ നല്ല കവിയാകുന്നത്. ഇതുപോലെ ഭാഷ നിപുണമായി കൈകാര്യം ചെയ്യാനുള്ള കഴിവ് നേടണമെങ്കിൽ ശ്രവണത്തിലും ഭാഷണത്തിനും വായനയിലും ലേഖനത്തിലും നിരന്തര പ്രയോഗവും അഭ്യാസവും കൂടിയേ തീരൂ. ഇക്കാര്യം ഭാഷാദ്ധ്യാപകൻ മനസ്സിലാക്കുകയും വിദ്യാർത്ഥികൾക്ക് ശരിയായ ഭാഷാ പ്രയോഗത്തിൽ നിരന്തരം അഭ്യസനം നൽകുകയും വേണം. ധാരാളം കേൾക്കാനും പറയാനും വായിക്കാനും എഴുതാനും അവസരമുണ്ടാകണം. ഈ അവസരത്തിൽ കാണുന്ന കുറവുകൾ മാതൃകകളുടെ അടിസ്ഥാനത്തിൽ യഥായോഗ്യം പരിഹരിച്ച് നൈപുണികൾ കുറ്റമറ്റതാക്കണം.

നല്ല ശീലം മനുഷ്യന് ഗുണകരമാണെങ്കിൽ ചീത്തശീലം മനുഷ്യന് ആപത്കരമാണ്. പലശീലങ്ങളും ഉറച്ചു കഴിഞ്ഞാൽ മാറ്റാൻ വലിയ പ്രയാസമാണ്. അതുകൊണ്ടുതന്നെ തെറ്റായശീലങ്ങൾ കുട്ടികളിൽ ബലപ്പെടാതിരിക്കാൻ ശ്രമിക്കണം. മനുഷ്യ മനസ്സിന്റെ പ്രത്യേകത മൂലം സത്ശീലത്തേക്കാൾ ദുശ്ശീലങ്ങൾക്കാണ് നാം വേഗത്തിൽ അടിമപ്പെടുന്നത്. ഭാഷാ പ്രയോഗശീലങ്ങൾ ഉറയ്ക്കുന്ന പ്രഥമിക ഘട്ടത്തിൽ നല്ല ശീലങ്ങൾ വേരുറയ്ക്കാൻ അധ്യാപകൻ ശ്രമിക്കേണ്ടതാണ്. പിൽക്കാലത്ത് കുട്ടികളിൽ വളരുന്ന പല ഭാഷാ പ്രയോഗങ്ങളുടേയും അടിസ്ഥാന കാരണം തെറ്റായ മാതൃകകളും തെറ്റായ ശീലങ്ങളുമാണ്.

## 2 അടിസ്ഥാന തത്വങ്ങൾ:

വിദ്യാഭ്യാസത്തിന്റെ കേന്ദ്രസ്ഥാനം ഭാഷയാണെന്ന് സാർവ്വത്രികമായി അംഗീകരിച്ചിരിക്കുന്നു. കുട്ടികളുടെ സാമൂഹികവും വൈകാരികവും വൈജ്ഞാനികവുമായ വികസനത്തിന്റെ കേന്ദ്രവും ഭാഷയാണ്. സാമൂഹിക ബന്ധം, അനുകരണം, പ്രതിസ്പന്ദം ഇവയിലൂടെ ഭാഷ വികാസം പ്രാപിക്കുന്നുവെങ്കിലും അത് വശമാക്കാനുള്ള ശാരീര ക്രിയാത്മക മസ്തിഷ്ക ഘടന സിദ്ധമാക്കുന്നു. ഏതു സമൂഹത്തിൽപ്പെട്ട കുട്ടിയും ഭാഷണ സംബന്ധമായ വൈകല്യം ഇല്ലെങ്കിൽ ആ സമൂഹത്തിന്റെ ഭാഷ സ്വാഭാവികമായി പഠിക്കുന്നു. അറിവു നേടാനുള്ള ഒരു ഉപകരണമായി മാത്രം ഭാഷയെ കാണരുത്. ഭാഷണമായി മാറുന്നതിനു മുമ്പ് ചിന്ത പല മാറ്റങ്ങൾക്കും വിധേയമാകുന്നു. ഭാഷണ പ്രകടനത്തിൽ അത് കണ്ടെത്താൻ സാധിക്കില്ല. അമേരിക്കൻ ചിന്തകനും ഭാഷാ ശാസ്ത്രജ്ഞനുമായ നോം ചോംസ്കിയുടെ അഭിപ്രായത്തിൽ മനുഷ്യന്റെ മാനസിക ഘടനയിൽ ഒരു ഭാഷാ ഫാക്കൽറ്റിയുണ്ട്. ജൈവ ശാസ്ത്ര ക്രിയയിലൂടെ രൂപം കൊണ്ടതാണ് ഇത്. ഈ ഫാക്കൽറ്റിയെ ആശ്രയിച്ചിരിക്കുന്നു ഭാഷാ പഠനം.

ഒരു ശിശു ജനിച്ചതുമുതൽ ഈ പ്രപഞ്ചത്തിൽ അവന് അനുഭവവേദ്യമാകുന്ന ദൃശ്യങ്ങളും ശബ്ദങ്ങളും കണ്ണ്, ചെവി മുതലായ ഇന്ദ്രിയങ്ങൾ വഴി അവന്റെ മനസ്സിൽ പതിയുന്നു. മറ്റുള്ളവരുടെ സംഭാഷണങ്ങൾ വഴി അവൻ പരിചയിച്ചിട്ടുള്ള വസ്തുക്കളും ശബ്ദങ്ങളും തമ്മിലുള്ള ബന്ധം അവൻ മനസ്സിലാക്കുന്നു. ആദ്യമാദ്യം അവന് നിത്യപരിചയമുള്ള അമ്മ, അച്ഛൻ, മറ്റ് കുടുംബാംഗങ്ങൾ, വീട്, പരിസരം, കളിക്കോപ്പുകൾ ഇവയാണ് അവന്റെ ശ്രദ്ധയിൽപെടുന്നത്. ക്രമത്തിൽ അവരുടെ ശബ്ദം അവ്യക്തമായെങ്കിലും അനുകരിക്കാൻ അവൻ ശ്രമിക്കുന്നു. ശിശുവിന് നൈസർഗ്ഗികമായുള്ള ഈ കഴിവിനെ പരമാവധി പോഷിപ്പിക്കാനാണ് മാതാപിതാക്കൾ ശ്രമിക്കേണ്ടതാണ്. പക്ഷേ ഇങ്ങനെ ലഭിക്കുന്ന ഭാഷാ ജ്ഞാനം മിക്കപ്പോഴും പല ന്യൂനതകളും നിറഞ്ഞതായിരിക്കും. ഇത് കണ്ടറിഞ്ഞ് പരിഹരിക്കാൻ പ്രാരംഭഘട്ടത്തിൽ അദ്ധ്യാപകൻ ശ്രദ്ധിക്കേണ്ടതാണ്.

ഭാഷാഭ്യാസനത്തിലെ മറ്റു ഘടകങ്ങളാണ് ആശയസ്വീകരണവും, ആശയ പ്രകടനവും. ഇവ അന്യോന്യം ബന്ധപ്പെട്ടിരിക്കുന്നു. ഭാഷ വശമാക്കുന്നതിൽ ശിശുക്കൾക്ക് ഇത് കൂടുതൽ സഹായകമാവുന്നു. ആശയ പ്രകാശനത്തെ പ്രകടനം പിന്തുടരുന്നു. അങ്ങനെ പ്രകടിതമായ ആശയം കൂടുതൽ ശക്തമാകുന്നു. ഉൾക്കൊണ്ട ആശയം മനസ്സിൽ ഉറപ്പിച്ചു നിർത്തുക വിഷമകരമാണ്. ആവർത്തനമാണ് ഇതിന് സഹായിക്കുന്നത്. ആശയം ശരിയായി മനസ്സിൽ ഉറച്ചുകഴിഞ്ഞാൽ പ്രകടനത്തിനുള്ള സന്ദർഭം കുട്ടികൾക്ക് ഉണ്ടാക്കിക്കൊടുക്കണം. ഇങ്ങനെ ആശയം ഉൾക്കൊള്ളാനും അവ പ്രകടിപ്പിക്കാനുമുള്ള കഴിവ് വികസിക്കുന്നതോടെ ഭാഷഭ്യാസനത്തിൽ കുട്ടികൾ കൂടുതൽ താൽപര്യം കാണിച്ച് തുടങ്ങും.

**3. വസ്തു ബോധം, അനുകരണം, സഹബന്ധം**

വസ്തുബോധമാണ് ആദ്യമായി കുട്ടികൾക്കുണ്ടാകുന്നത്. വസ്തുബോധ പ്രധാനമായ അനുഭൂതികൾ കുട്ടികളുടെ ഭാഷാഭ്യസനത്തിൽ കൂടുതൽ പ്രധാന്യം വഹിക്കുന്നു. കേട്ടുപഠിക്കുന്നതിനേക്കാൾ ഏറെ പ്രയോജനപ്രദം നേരിട്ട് കണ്ടുപഠിക്കുന്നതാണ്. വസ്തുക്കൾ നേരിൽ കാണുമ്പോൾ അതുടനെ മനസ്സിൽ ശരിയായി പതിയുന്നു. മാഞ്ഞു പോകുന്നില്ല. ആധുനിക വിദ്യാഭ്യാസ മനഃശാസ്ത്രജ്ഞന്മാർ ഇക്കാര്യം ശരിയായി മനസ്സിലാക്കിയിട്ടുണ്ട്. ഇതിന്റെ ഫലമാണ് വാക്കുകൾക്ക് മുമ്പ് വസ്തുക്കൾ എന്ന നൂതന സിദ്ധാന്തം ആവിർഭവിച്ചത്. പദപരിചയം ഉണ്ടാകുന്നതിനുമുമ്പ് പദത്താൽ സൂചിതമാകുന്ന വസ്തുവിനെക്കുറിച്ചുള്ള ബോധം കുട്ടികൾക്കുണ്ടാകണം. വസ്തുക്കൾ നയനഗോചരമാക്കി അവയുടെ പ്രതിച്ഛായകൾ മനസ്സിൽ ശരിയായി ഉറപ്പിച്ചതിനു ശേഷം മാത്രമേ പദങ്ങൾ പഠിപ്പിക്കാവൂ. ശിശുക്കൾ ആദ്യം മനസ്സിലാക്കുന്നത് നാമപദങ്ങളാണ്. അതിനു ശേഷമാണ് ക്രിയാപദങ്ങളും വിശേഷണങ്ങളും മനസ്സിലാക്കുന്നത്. പദങ്ങൾ അവതരിപ്പിക്കുമ്പോൾ ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്. നാമം, ക്രിയാ വിശേഷണം എന്നീ ക്രമത്തിലായിരിക്കണം പദങ്ങൾ അവതരിപ്പിക്കേണ്ടത്. ഓരോ ക്ലാസ്സിനും യോജിച്ച വിധം പദങ്ങൾ തെരഞ്ഞെടുക്കേണ്ടതുണ്ട്.

**4. അനുകരണം**

ഭാഷാബോധത്തിൽ അനുകരണത്തിന് വളരെ പ്രാധാന്യമുണ്ട്. മറ്റുള്ളവരുടെ ഭാഷണം കുട്ടികൾ അനുകരിക്കുന്നു. പക്ഷികളുടേയും മൃഗങ്ങളുടേയും ശബ്ദങ്ങൾ അവർ അനുകരിക്കാറുണ്ട്. കുട്ടികൾ അനുകരണ സ്വഭാവത്തോടുകൂടിയവരാകയാൽ മുതിർന്നവർ കൂടുതൽ ശ്രദ്ധിക്കണം. എപ്പോഴും ശുദ്ധമായ ഭാഷയേ സംസാരിക്കാവൂ. തെറ്റായ ഭാഷ സംസാരിച്ചാൽ അവർ അത് അനുകരിക്കും. പിന്നീട് ഈ തെറ്റുകൾ തിരുത്തുക എളുപ്പമല്ല. അദ്ധ്യാപകൻ ശരിയായി പറഞ്ഞു കൊടുക്കുക, വിദ്യാർത്ഥികൾ അത് ആവർത്തിക്കണം. വീണ്ടും ആവർത്തിക്കണം. ഇങ്ങനെ ഭാഷ ശരിയായി ഉറപ്പിക്കാൻ കഴിയും. ഭാഷാധ്യാപനത്തിലെ പ്രധാന ഘടകമാണ് സഹബന്ധം. ഭാഷയ്ക്ക് ജീവിതവുമായി എപ്പോഴും ബന്ധമുണ്ട്. അതുപോലെ ഇതര പഠന വിഷയങ്ങളുമായും ജീവിതവുമായി ബന്ധപ്പെടുത്തി ഭാഷ പഠിപ്പിക്കുമ്പോഴേ അത് ശരിയായി ഉൾക്കൊള്ളാൻ വിദ്യാർത്ഥികൾക്ക് കഴിയൂ. ഇതോടൊപ്പം ആവശ്യ ബോധവും കുട്ടികൾക്കുണ്ടാവണം. ബുദ്ധിപരമായ സമീപനം കൊണ്ട് കുട്ടികളിൽ ആവശ്യബോധം വരുത്തിയും അതോടൊപ്പം ഇതര വിഷയങ്ങളുമായി ബന്ധപ്പെടുത്തിയും ഭാഷ പഠിപ്പിക്കുന്നത് പ്രയോജനകരമാണ്.

**5 സഹബന്ധം**

കുട്ടികൾ ഗ്രഹിക്കാനുള്ള പുതിയ ആശയം മുന്നറിവുമായി ബന്ധപ്പെടുത്തേണ്ടതിന്റെ ആവശ്യം വ്യക്തമാക്കിയത് ഹെർബർട്ടാണ്. ഇതിന്റെ അടിസ്ഥാനത്തിലാണ് സഹബന്ധം അധ്യാപനത്തിലെ പ്രധാന ഘടകമാണ്. പാഠ്യ പദ്ധതിയിലെ വിവിധ വിഷയങ്ങൾ തമ്മിൽ സഹബന്ധം ഉണ്ടാവും. രണ്ടു തരത്തിലാണ് ഈ ബന്ധം. ലംബീയ സഹബന്ധവും, സമാന്തര സഹബന്ധവും.

**സമാന്തര സഹബന്ധം**

ചരിത്രം, തത്വശാസ്ത്രം, സയൻസ്, രാഷ്ട്രമീമാംസ, മതം തുടങ്ങിയ അന്യവിഷയങ്ങളുമായി ഭാഷയ്ക്കുള്ള സഹബന്ധമാണ് സമാന്തര സഹബന്ധം.

**ലംബീയ സഹബന്ധം**

വ്യാകരണം, വൃത്തം, അലങ്കാരം തുടങ്ങിയ ഭാഷയിലെ വിവിധ ഉപവിഭാഗങ്ങളുമായുള്ള

ബന്ധമാണ് ലംബീയ സഹബന്ധം.

## 4. പ്രാഥമികഘട്ടത്തിന്റെ പ്രാധാന്യം

വിദ്യാഭ്യാസത്തിലെ പ്രധാന ഘട്ടമാണ് പ്രാഥമിക ഘട്ടം. പ്രൈമറി വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം ഈ ഘട്ടത്തിന്റെ പ്രാധാന്യം എടുത്തു പറയേണ്ടതുണ്ട്. കോമീനീയൻസ്, റൂസ്സോ, ടാഗോർ, ഗാന്ധിജി തുടങ്ങി ലോക വിദ്യാഭ്യാസ ചിന്തകർ പ്രാഥമിക ഘട്ടത്തിന്റെ പ്രാധാന്യം എടുത്തു പറഞ്ഞവരാണ്. ശിശു ഒന്നാമത്തെ വയസ്സുമുതൽ മാതൃഭാഷ വശമാക്കാൻ ശ്രമിക്കുന്നു. മാതാപിതാക്കന്മാരോ വീട്ടിലെ മറ്റംഗങ്ങളോ സംസാരിക്കുന്നത് കേട്ടാണ് അവർ ഭാഷ വശമാക്കുന്നത്. മറ്റുള്ളവർ പറയുന്നത് അനുകരിച്ചും ഭാഷ പഠിക്കുന്നു. രണ്ട് വയസ്സാകുമ്പോൾ ഭാഷാപരമായ അഭിവൃദ്ധി വ്യക്തമായിക്കാണാം. ആശയങ്ങളും ശബ്ദങ്ങളും പരിമിതവും അസ്ഫുടവും ആയിരിക്കും. അന്തരീക്ഷത്തിൽ കേൾക്കുന്ന ഭാഷയുടെ ഗുണദോഷങ്ങൾ കുട്ടിയുടെ ഭാഷയിലും പ്രതിഫലിക്കുക സ്വാഭാവികം. ഒരേപരിസരത്തിലല്ല കുട്ടികൾ ജീവിക്കുന്നത്. അതിനനുസരണമായി അവരുടെ ഭാഷാ പ്രയോഗത്തിലും വ്യത്യാസങ്ങൾ ഉണ്ട്.

ബാല്യകാലത്ത് ശീലിക്കുന്നതെന്തും കുട്ടികളുടെ മാനസിക ഭാവങ്ങളുമായി അതിവേഗം ബന്ധപ്പെടുന്നു. ഇങ്ങനെ ഉറച്ചുപോയ ശീലങ്ങൾ പിന്നീട് മാറ്റിയെടുക്കുക വിഷമം. 'ചൊട്ടയിലെ ശീലം ചുടലവരെ' എന്ന ചൊല്ല് സാർത്ഥകമാണ്. ഈ പ്രായത്തിൽ കുട്ടികളുടെ മനസ്സ് എന്തും സ്വീകരിക്കത്തക്ക പാകത്തിലാണ്. അതിനാൽ ഭാഷയുടെ ശരിയായ രൂപങ്ങൾ മനസ്സിൽ ഉറപ്പിക്കണം. പ്രഥമിക വിദ്യാഭ്യാസം പൂർത്തിയാകുന്നതോടെ മാതൃഭാഷ തെറ്റുകൂടാതെ വായിക്കാനും എഴുതാനുമുള്ള ശീലങ്ങൾ കുട്ടികളിൽ വളർത്തിയെടുക്കണം. ഈ പ്രധാന കർത്തവ്യം നിർവ്വഹിക്കാൻ പഠിതാക്കളെ പ്രാപ്തരാക്കേണ്ടത് ഭാഷാധ്യാപകനാണ്. അതുകൂടാതെ ആസ്വാദനത്തിനുള്ള പ്രാരംഭ പരിശീലനവും നേടണം. കവിതകളും കഥകളുമാണ് ഇതിന് പ്രയോജനപ്പെടുന്നത്. പ്രാഥമിക ഘട്ടത്തിൽ മാതൃഭാഷയ്ക്കുള്ള സ്ഥാനം മനസ്സിലാക്കിയാണ് മാതൃഭാഷ കുട്ടികളെ പഠിപ്പിക്കണം എന്ന് കോത്താരി കമ്മീഷൻ നിർദ്ദേശിച്ചത്. മാതൃഭാഷയിൽ ശരിയായ അടിസ്ഥാനം ഉറപ്പിക്കുകയാണ് ഇതിന്റെ ഉദ്ദേശം.

## 5 ശീല രൂപവൽക്കരണവും അനുകരണവും

ഭാഷ ഒരു കലയാണ്. കലാപരമായ കഴിവ് ജന്മസിദ്ധമാണ്. എന്നാൽ അനുകൂലമായ സാഹചര്യങ്ങൾ വരുമ്പോൾ മാത്രമേ ഇത് വികസിക്കുകയുള്ളു. കലാപരമായ കഴിവുകൾ വികസിക്കുന്നതിന് നിരന്തരമായ അഭ്യാസം ആവശ്യമാണ്.

ഭാഷാപരമായ കഴിവ് വളർത്തുന്നതിന് നിരന്തരമായ ആഭ്യാസമാണ് ആവശ്യം. അസംഖ്യം ചിത്രങ്ങൾ വരച്ചു ശീലിച്ചാലേ ഒരാൾ നല്ല ചിത്രകാരനാവുകയുള്ളൂ. അസംഖ്യം കവിതകൾ രചിച്ച് പരിശീലനം നേടിയാലേ ഒരാൾ ഉത്തമനായ കവിയാവുകയുള്ളു. മാത്രമല്ല ശരിയായ ഭാഷാപരമായ ചാതുര്യവും ഉണ്ടാവുകയുള്ളു. അതിനാൽ ഭാഷ ധാരാളം പ്രയോഗിച്ച് ശീലിക്കുകയാണ് ഭാഷയിൽപ്രാവീണ്യം നേടാനുള്ള പ്രധാനമാർഗ്ഗം. ഭാഷാ ശാസ്ത്രം ഹൃദിസ്ഥമാക്കിയാൽ ഭാഷാപരമായ കഴിവുകൾ വർദ്ധിക്കുകയില്ല. ഇതിന് ഭാഷ തെറ്റുകൂടാതെ പ്രയോഗിച്ച് ശീലിക്കണം. ശരിയായ ഭാഷാ പ്രയോഗത്തിൽ നിരന്തരമായി അഭ്യാസം നൽകുന്നതിന് അദ്ധ്യാപകർ ശ്രദ്ധിക്കണം. തെറ്റില്ലാത്ത ഭാഷയിൽ കുട്ടികളെക്കൊണ്ട് പറയിക്കുകയും എഴുതിക്കുകയും വേണം.

നല്ലശീലം ഏറ്റവും വലിയ അനുഗ്രഹമാണ്. തെറ്റായ ശീലം കടുത്ത ശാപവും. വിദ്യാഭ്യാസത്തിന്റെ പ്രാരംഭ ദശയിൽ ശീലരൂപവൽക്കരണത്തിന് വളരെയേറെ പ്രധാന്യമുണ്ട്. ഒരു പ്രവൃത്തി അതേ രൂപത്തിൽ അവർത്തിക്കാനുള്ള താൽപര്യമാണ് ശീലം. ഒരേ പ്രവൃത്തി വീണ്ടും ആവർത്തിക്കുമ്പോൾ അത് നമ്മുടെ മനസ്സിൽ ശരിയായിപതിയുന്നു. അങ്ങനെ അതൊരു ശീലമായി മാറുന്നു. ജീവിതത്തിന്റെ അംശമായി മാറിയ ശീലങ്ങൾ പിന്നീട് മാറ്റുക വിഷമകരമാണ്. ഒരു വിദ്യാർത്ഥി ശീലിക്കുന്ന തെറ്റായ ഭാഷാ പ്രയോഗങ്ങൾ പ്രായമാകുമ്പോൾ എത്ര ശ്രമിച്ചാലും മാറ്റാൻ കഴിയില്ലെന്നുവരും. നല്ല ശീലങ്ങൾ നമ്മുടെ മാനസിക ശക്തിയെ പോഷിപ്പിക്കുന്നു. നമ്മുടെ ആത്മധൈര്യം വർദ്ധിപ്പിക്കാനും ഉത്തമമായ ജീവിതത്തിൽ താൽപര്യം ജനിപ്പിക്കാനും ശീലങ്ങൾ സഹായകമാകുന്നുണ്ട്.

സുശീലങ്ങളെ നാംബഹുമാനിക്കുന്നു. അതേ അവസരത്തിൽ ദുശ്ശീലങ്ങളെ വെറുക്കുന്നു. ദുശ്ശീലങ്ങൾ കുട്ടികളിൽ വളരാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. ഉയർന്ന ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾ ഭാഷാപരമായ തെറ്റുകൾ വരുത്തുന്നുണ്ട്. പ്രാരംഭ കാലത്ത് തെറ്റായ ശീലങ്ങൾ അഭ്യസിച്ചതിന്റെ പരിണതഫലമാണ്. ഭാഷാ പ്രയോഗത്തിൽ അധ്യാപകൻ എപ്പോഴും മാതൃകയായിരിക്കണം. വളരെ സൂക്ഷ്മതയോടുകൂടി മാത്രമേ അധ്യാപകർ സംഭാഷണം ചെയ്യാവൂ. അതുപോലെ എഴുതുകയും അദ്ധ്യാപകരെ എല്ലാ വിധത്തിലും അനുകരിക്കുന്ന പ്രവണത കുട്ടികൾക്കുണ്ട്. ദുശ്ശീലങ്ങളുണ്ടെങ്കിൽ അതുടനെ തിരുത്തണം. തെറ്റുണ്ടാകാൻ അവസരം നൽകാതിരിക്കുന്നതാണ് ഉത്തമം.

**6 പ്രധാന അനുക്രമീകരണ തത്വങ്ങൾ**

ഏതു വിഷയം പഠിപ്പിക്കുന്നതിനും ശ്രേണീകരണം അഥവാ അനുക്രമീകരണം അത്യന്താപേക്ഷിതമാണ്. ആധുനിക മനഃശാസ്ത്ര സിദ്ധാന്തമനുസരിച്ച് അനുക്രമീകരണത്തിന് പ്രാധാന്യം നൽകിയിരിക്കുന്നു. കുട്ടികളുടെ മാനസിക വളർച്ചയ്ക്ക് യോജിച്ച അറിവേ നാം നൽകാവൂ.

ഏതെങ്കിലും വിഷയം പഠിപ്പിക്കുന്നതിനു മുമ്പ് കുട്ടികളുടെ പ്രായം, മാനസിക വളർച്ച, പുതിയ ആശയം സ്വീകരിക്കാനുള്ള അവരുടെ നിലവാരം, കുട്ടികളുടെ താൽപര്യം ഇത്രയും കാര്യങ്ങൾ പരിഗണിക്കേണ്ടതാണ്. ഇവയുടെ അടിസ്ഥാനത്തിലായിരിക്കണം പുതിയ വസ്തുതകൾ പഠിപ്പിക്കേണ്ടത്.

അറിയാവുന്നതിൽ നിന്ന് അറിയാത്തതിലേക്ക്, ലഘുവായതിൽ നിന്ന് സങ്കീർണ്ണമായതിലേക്ക് തുടങ്ങി ബോധന പ്രമാണങ്ങൾ അനുക്രമീകരണത്തിന്റെ അടിസ്ഥാന ഘടകങ്ങളാണ്. ആദ്യം പഠിച്ചതിന്റെ തുടർച്ചയായിരിക്കണം രണ്ടാമത്തേത്. ആശയങ്ങൾ പരസ്പരം ബന്ധപ്പെട്ടിരിക്കണം.

നല്ല അടിത്തറ കൂടാതെ കെട്ടിടം പണിയുക സാധ്യമല്ല. അതുപോലെ ശരിയായ അടിസ്ഥാനം ഉണ്ടെങ്കിലേ പഠനം വിജയപ്രദമാകുകയുള്ളു. ശബ്ദപരിചയം, സംഭാഷണം, വായന, ലേഖനം എന്നീ ക്രമത്തിലാണ് ഭാഷാഭ്യസനം നടത്തേണ്ടത്.

**പ്രധാന അനുക്രമീകരണ തത്വങ്ങൾ**

**1. പ്രകടനത്തിന് മുമ്പ് സ്വീകരണം**

കുട്ടിയുടെ മനസ്സിൽ ശരിയായി പതിഞ്ഞിട്ടുള്ള ശബ്ദമേ അവൻ ഉച്ചരിക്കുകയുള്ളു. അതിനാൽ ഏതെങ്കിലും തരത്തിൽ ഭാഷ പ്രകടിപ്പിക്കാൻ തുടങ്ങുന്നതിനുമുമ്പ് അതിന്റെ ശരിയായ രൂപം കുട്ടിയുടെ മനസ്സിൽ പതിയുന്നതിന് ഇടവരണം. ആശയം ശരിയായി സ്വീകരിച്ചാൽ മാത്രമേ വ്യക്ത

മായി പ്രകടിപ്പിക്കാൻ കഴിയുയുള്ളു. പ്രകടിപ്പിക്കേണ്ട വസ്തുവിന്റെ യഥാർത്ഥ രൂപം ആദ്യം മനസ്സിൽ ഉറയ്ക്കണം. ഇതാണ് പ്രകടനത്തിന് ആധാരം. അപ്പോഴെ പ്രകടനം സ്വാഭാവികവും ശക്തവും ആവുകയുള്ളു.

ആശയ സ്വീകരണത്തിനുള്ള മാർഗ്ഗങ്ങൾ കുട്ടികൾക്ക് നൽകണം. അധ്യാപകന്റെ ലളിതവും ശുദ്ധവും ആകർഷകവും ആയ സംഭാഷണമാണ് ഇതിന് ആധാരം. ഇതിൽ നിന്ന് കുട്ടികൾ ആശയങ്ങൾ ഉൾക്കൊള്ളുന്ന ഭാഷയുണ്ടെങ്കിലും ആശയമില്ലെങ്കിൽ പ്രകടനം സാധ്യമല്ല.

കുട്ടികളുടെ മനസ്സിൽ ആശയങ്ങൾ രൂപവൽക്കരിക്കാനുള്ള സന്ദർഭങ്ങൾ അധ്യാപകൻ വേണ്ട വിധം ഒരുക്കിക്കൊടുക്കേണ്ടതാണ്.

സംഭാഷണം ആരംഭിക്കുന്നതിനുമുമ്പ് സംഭാഷണം ചെയ്യുന്നരീതിയും വായിക്കുന്നതിനുമുമ്പ് വായിക്കുന്ന രീതിയും എഴുതുന്നതിനു മുമ്പ് എഴുതുന്ന രീതിയും കുട്ടികൾക്ക് വ്യക്തമായി മനസ്സിലാക്കി കൊടുക്കണം. ഇവയുമായി ബന്ധപ്പെട്ട അനേകം മാതൃകകൾ കുട്ടികൾക്ക് കാണിച്ചുകൊടുക്കേണ്ടത് അധ്യാപകന്റെ കർത്തവ്യമാണ്.

**1. കാഴ്ചയ്ക്ക് മുമ്പ് കേഴ്‌വി**

ഭാഷയുടെ യഥാർത്ഥ രൂപം വായ്മൊഴിയാണ്. വരമൊഴി ക്രിത്രിമമാണ്. അതുകൊണ്ട് വായ്മൊഴിയിയിൽവേണം ഭാഷാഭ്യസനം ആരംഭിക്കാൻ. ശ്രവണേന്ദ്രിയത്തിന്റെ പ്രവർത്തനമാണ് ഇവിടെ ആവശ്യം. ഒരു കുട്ടി ആദ്യം വായ്മൊഴി കേട്ടു ധരിക്കുകയും പിന്നീട് വരമൊഴി കാണുകയും ചെയ്യുന്നു. വായ്മൊഴിയിലൂടെ ശ്രവണേന്ദ്രിയം വഴി അഭ്യസനം നൽകിയതിനു ശേഷം ദർശനേന്ദ്രിയം വഴി വരമൊഴിയിലേക്ക് കടക്കണം. ഇതാണ് സ്വാഭാവിക രീതി.

**2. വായനയ്ക്ക് മുമ്പ് വചനശിക്ഷണം**

വായിക്കുന്നതിനുമുമ്പ് കുട്ടികളെക്കൊണ്ട് ധാരാളം സംസാരിപ്പിക്കണം. ഒരുവസ്തുവും അതിന്റെ ചിത്രവും തമ്മിൽ ബന്ധമുണ്ട്. എന്നാൽ ശബ്ദവും അതിന്റെ ലിഖിത രൂപവും തമ്മിൽ ബന്ധമില്ല. ശബ്ദങ്ങൾക്ക് നാം നൽകുന്ന ചിത്രങ്ങളാണ് ലിഖിത ഭാഷ. ശബ്ദങ്ങൾ ശരിയായി ഗ്രഹിച്ചിട്ടുവേണം അവയുടെ ലിഖിത രൂപങ്ങളുമായി കുട്ടികളെ പരിചയപ്പെടുത്താൻ. ശബ്ദങ്ങൾ ഉച്ചരിക്കുന്നതിന് മുമ്പ് അവയുടെ ലിഖിത രൂപങ്ങൾ പഠിപ്പിക്കാൻ കുട്ടികളെ നിർബ്ബന്ധിക്കരുത്. ക്ലേശകരമായ കൃത്യങ്ങളാണ് ഇവരണ്ടും. ഉച്ചാരണത്തിൽ വേണ്ടത്ര ശ്രദ്ധിക്കാത്തതുകൊണ്ടാണ് കുട്ടികൾ എഴുത്തിലും വായനയിലും തെറ്റുകൾ വരുത്തുന്നത്. അതിനാൽ വായിപ്പിക്കുന്നതിന് മുമ്പ് കുട്ടികളെക്കൊണ്ട് ധാരാളംസംസാരിപ്പിക്കണം. ഉദാഹരണമായി കുട്ടികൾ സംവൃതോകാരവും 'എ'കാരവും തെറ്റായി ഉച്ചരിക്കുന്നു.

**4. അകന്ന സ്മൃതിക്കു മുമ്പ് നിരന്തര സ്മൃതി**

കുട്ടികളുടെ മാനസിക ശക്തി വളരെ കുറവാണ്. ഒരാശയം ഒരു തവണ മാത്രം പറഞ്ഞാൽ അത് അവരുടെ മനസ്സിൽ എക്കാലവും ഉറപ്പിച്ചു നിർത്തുക പലപ്പോഴും വിഷമകരമാണ്. ഇത്തരത്തിൽ ആശയം ഉറപ്പിക്കാൻ പറഞ്ഞു കൊടുക്കുന്ന കാര്യം അപ്പോൾ തന്നെ കുട്ടികളെക്കൊണ്ട് പറയിപ്പിക്കണം. അടുത്ത ദിവസത്തേക്ക് മാറ്റിവച്ചാൽ ആശയം കുട്ടികളുടെ മനസ്സിൽ നിന്ന് മാഞ്ഞുപോയെന്ന് വരും. അപ്പോൾതന്നെ പറയിപ്പിച്ചാൽ കുട്ടികൾക്ക് നിരന്തരമായ സ്മൃതി ഉണ്ടാകുന്നു.

തുടരെ വായിപ്പിച്ച് ആശയം മനസ്സിൽ ഉറപ്പിച്ച് നിർത്തുക. അപ്പോൾ ആശയം മനസ്സിൽ നിന്ന് മായുകയില്ല. വിദ്യാർത്ഥികൾക്ക് ധാരാളം മാതൃകകൾ നൽകുകയും അവ അനുകരിക്കുകയും ആവർത്തിക്കുകയും വേണം.

### 5. വ്യക്തിയത്നത്തിനു മുമ്പ് സംഘയത്നം

വാങ്മൂല പ്രകടനത്തെ സംബന്ധിക്കുന്ന നിർദ്ദേശമാണിത് അദ്ധ്യാപകൻ ഉച്ചരിക്കുന്ന ശബ്ദം കുട്ടികൾ സ്വയം ഉച്ചരിക്കണം. ഏതെങ്കിലും കുട്ടിയോട് വാങ്മൂല പ്രകടനത്തിന് ആവശ്യപ്പെട്ടാൽ അവൻ ചിലപ്പോൾ തയ്യാറായെന്ന് വരില്ല. ലജ്ജയോ അധൈര്യമോ ആകാം ഇതിന് കാരണം. ഏതെങ്കിലും സംഗതി തനിയെ പറയുന്നതിന് ആരംഭകാലത്ത് വിദ്യാർത്ഥികൾ മടി കാണിക്കുക സാധാരണയാണ്. അതുകൊണ്ട് കുട്ടികളെക്കൊണ്ട് ഒരുമിച്ച് പറയിക്കണം. കുട്ടികൾക്ക് രസകരമായ അഭ്യാസമാണ് ഇത്. അവരിൽ കൂടുതൽ വിശ്വാസം ആർജ്ജിക്കാൻ സഹായകമാണിത്. പിന്നീട് ഒരോരുത്തരെ കൊണ്ടും പറിയിക്കണം. തെറ്റുകൾ ഉണ്ടായാൽ തിരുത്തി കൊടുക്കണം. ഓരോ കുട്ടിയേയും ശരിയായി മനസ്സിലാക്കാൻ ഈ യത്നം സഹായിക്കുന്നു.

### 6. സ്വതന്ത്രയത്നത്തിനു മുമ്പ് ശിക്ഷണം

സ്വതന്ത്രമായി ചെയ്യുന്നതിനും കുട്ടികളോട് ആവശ്യപ്പെടുന്നതിനു മുമ്പ് ചെയ്യേണ്ടതിന്റെ ശരിയായ രൂപം അവരെ വ്യക്തമായി ബോധ്യപ്പെടുത്തണം. ഇതിന് ഉത്തമമായ ചില മാതൃകകൾ കാണിച്ചുകൊടുക്കാം. ഉച്ചാരണത്തിലും സംഭാഷണത്തിലും വായനയിലും ലേഖനത്തിലും എല്ലാം ഉത്തമമായ മാതൃകകൾ കാണിച്ചുകൊടുക്കുക. അവ അനുകരിക്കാനുള്ള പരിശീലനവും നൽകേണ്ടതാണ്. ഏതാനും പ്രാവശ്യമെങ്കിലും അധ്യാപകരുടെ സഹായത്തോടെയും മേൽനോട്ടത്തിലും കുട്ടികളെക്കൊണ്ട് ചെയ്യിക്കണം. അനന്തരം സ്വതന്ത്രമായി ചെയ്യാൻ ആവശ്യപ്പെടാം.

# 1. ശ്രവണം

**മുഖവുര**

**ശ്രവണം ഭാഷാ പഠനത്തിന് അടിസ്ഥാനം**

ഭാഷാഭ്യാസനം ഒരു പരിധിവരെ നൈസർഗ്ഗികമാണ്. കുട്ടികളിലെ നൈസർഗ്ഗികമായ കഴിവുകൾ ഭാഷ സ്വാഭാവികമായിത്തന്നെ പഠിക്കുന്നതിന് സഹായകമാകുന്നു. ആദ്യമായി ശിശു മറ്റുള്ളവരുടെ സംസാരം കേൾക്കുന്നു. മറ്റുള്ളവരുടെ സംസാരം കേൾക്കുമ്പോൾ ആദ്യം കുട്ടികൾക്ക് മനസ്സിലാവുകയില്ല. ശബ്ദം കേൾക്കുകയും അതോടൊപ്പം അതിനാസ്പദമായ വസ്തുക്കളോ ക്രിയകളോ കാണുകയും ചെയ്യുമ്പോൾ ശബ്ദങ്ങളും അവ തമ്മിലുള്ള ബന്ധവും കുട്ടികൾ മനസ്സിലാക്കുന്നു. കേൾക്കുന്നതോടൊപ്പം ദൃശ്യപരമായ ബിംബവും മനസ്സിൽ പതിയണം ദൃശ്യ രൂപം കാണിച്ചുകൊണ്ട് കേൾക്കാൻ അവസരം നൽകാം.

സ്ലൈഡ് പ്രോജക്ടറിൽ സ്ലൈഡുകൾ കാണിച്ചുകൊണ്ട് അതിലെ ആശയം അധ്യാപകൻ പറയുന്നത് കുട്ടികൾ കേൾക്കണം. ഈ അഭ്യാസം ആവർത്തിക്കണം.

ചാർട്ടുകൾ, ഫ്ളാഷ് കാർഡുകൾ എന്നിവ കാണിച്ച്കൊണ്ട് അതിൽ രേഖപ്പെടുത്തിയ കാര്യങ്ങൾ അധ്യാപകൻ പറയണം. കാണാനും കേൾക്കാനും ഒരേ സമയത്ത് അവസരമൊരുക്കുമ്പോൾ വസ്തുബോധം മനസ്സിൽ പതിയുന്നു.

ഉദാഹരണമായി 'മുഖം' എന്ന പദമെടുക്കാം. മുഖത്തിന്റെ ചിത്രം കാണിച്ച് പദം അധ്യാപകൻ ഉച്ചരിക്കുന്നു. ഇത് പലതവണ ആവർത്തിക്കുന്നു. വസ്തുവും ശബ്ദവും തമ്മിലുള്ള ബന്ധം കുട്ടി മനസ്സിലാക്കുന്നു. ഇന്ദ്രിയ ഗോചരമായ ഇത്തരം അഭ്യാസങ്ങൾ ധാരാളം ചെയ്യുമ്പോൾ യത്ന രഹിതമായ ഭാഷാഭ്യാസനം നടക്കുന്നു.

ജനനസമയം മുതൽ തന്നെ തന്റെ ചുറ്റും നടക്കുന്ന സംഭാഷണങ്ങൾ കേട്ട് കാര്യങ്ങൾ മനസ്സിലാക്കാനുള്ള വ്യഗ്രത മനുഷ്യ ശിശുവിനുണ്ട്. പക്ഷേ ഈ ശ്രവണം കാര്യക്ഷമമായിരിക്കില്ല. കാരണം, ശ്രവണത്തിലൂടെ മനസ്സിൽപതിയുന്ന കാര്യങ്ങൾ ബന്ധപ്പെടുത്താൻ അവന്റെയുള്ളിൽ പൂർവ്വാനുഭവങ്ങൾ ഉണ്ടാവില്ല. ശിശു വളരുന്നതിനനുസരിച്ച് ശ്രവണം ഫലപ്രദമാവുകയും. അതിനനുസരിച്ച് കുട്ടി പ്രതികരിക്കാൻ തുടങ്ങുകയും ചെയ്യുന്നു.

ഇന്നത്തെ അന്തരീക്ഷത്തിൽ കുട്ടികൾക്ക് ശ്രവിക്കാനുള്ള അവസരം കുറവാണ്. കുട്ടികളും മുതിർന്നവരും ഒന്നിച്ചു ചേരുമ്പോഴാണ് ശ്രവണവും ഭാഷണവും ധാരാളം നടക്കുന്നത്. അതിനു കിട്ടുന്ന അവസരങ്ങൾ സ്വതന്ത്രമായി ഉപയോഗപ്പെടുത്തേണ്ടതുണ്ട്. ഇന്ന് കുട്ടികൾ റേഡിയോയും ടെലിവിഷനുമാണ് കൂടുതൽ ശ്രവിക്കാനും ശ്രദ്ധിക്കാനും മുതിരുന്നത്.

ശ്രവണവും ശ്രദ്ധയും ഒരേ സാങ്കേതികാർത്ഥത്തിൽ ഉപയോഗിക്കാറുണ്ടെങ്കിലും ശബ്ദവും ശ്രവണവും തമ്മിൽ അൽപം വ്യത്യാസമുണ്ട്. ശബ്ദതരംഗങ്ങൾ ശ്രവണേന്ദ്രിയത്തിലൂടെ സ്വീകരിക്കുക മാത്രമാണ് ശ്രവണം കൊണ്ടുദ്ദേശിക്കുന്നത്. ഇത് വെറുംകേൾക്കൽമാത്രമാണ്. അതുകൊണ്ട്

എന്താണോ വിവക്ഷിക്കപ്പെടുന്നത് അത് മനസ്സിൽപതിയണം എന്ന് നിർബ്ബന്ധമില്ല. എന്നാൽ ശ്രവിക്കുന്നതിനോടൊപ്പം മാനസിക പ്രതികരണവും കൂടിയാവുമ്പോൾ ശ്രദ്ധയായി. ശ്രവണത്തിനോടൊപ്പം അവധാരണവും കൂടി നടന്നാലേ ശ്രദ്ധിച്ചു എന്ന് പറയാൻ കഴിയൂ. ശ്രവണം ശ്രദ്ധയുമായി ബന്ധപ്പെട്ടിരിക്കുന്നു. ചിലപ്പോൾ ഗാഢമായി ശ്രദ്ധിക്കുന്നവർ ഒന്നും ശ്രവിക്കുന്നില്ല. ഇവിടെ ശ്രദ്ധിക്കുന്നു എന്നതിനർത്ഥം സൂക്ഷ്മമായി നിരീക്ഷിക്കുന്നു എന്നതാണ്.

ഭാഷ സംസാരിച്ചു തുടങ്ങുന്ന ശൈശവ ദശയിലും, നിത്യ ജീവിതത്തിലും ശ്രവണം ഒരുപോലെ പ്രധാനമാണ്. ആശയ ഗ്രഹണം നടക്കുന്നതും ശ്രവണത്തിലൂടെയാണ്. അതിനാൽ ശബ്ദങ്ങളുടെ ശ്രവണത്തിനുള്ള ധാരാളം സന്ദർഭങ്ങൾ ഭാഷാദ്ധ്യാപകൻ സൃഷ്ടിക്കണം. അദ്ധ്യാപകന്റെ സംസാരം മാതൃകാപരമായിരിക്കണം. അത് ശ്രവിക്കാനും ശ്രദ്ധയോടെ ആശയം ഉൾക്കൊള്ളാനും കുട്ടികൾക്ക് കഴിയണം. പ്രാഥമിക ക്ലാസ്സുകളിൽ കൂടുതൽ സമയം ഇത്തരം അഭ്യാസങ്ങൾക്ക് വിനിയോഗിക്കണം.

ഗദ്യപാഠത്തിന്റെ അവതരണ സമയത്ത് അധ്യാപകന്റെ മാതൃക വായന ശ്രവണത്തിന് ഉചിതമാകണം. ഉച്ചാരണം, ശബ്ദവൈവിദ്ധ്യം, വികാരസ്ഫുരണം, സംഭാഷണവേഗം, പദങ്ങളുടെ ക്രമീകരണം തുടങ്ങി എല്ലാ കാര്യങ്ങളിലും വായന മാതൃകാപരമാവണം. മറ്റ് അവസരങ്ങളിൽ അയത്ന ലളിതമായി അധ്യാപകൻ സംസാരിക്കണം. കുട്ടികൾ എന്താണ് ചെയ്യേണ്ടതെന്ന നിർദ്ദേശം മുൻകൂട്ടി കൊടുക്കേണ്ടതാണ്.

കുട്ടികളിൽ ശ്രവണവും ശ്രദ്ധയും ആഗ്രഹിക്കുന്ന അധ്യാപകൻ നല്ലൊരു ശ്രദ്ധാലുവായിരിക്കണം. ശ്രവണത്തിന്റെ കാര്യക്ഷമത തുടർന്നുള്ള പഠനത്തേയും, പ്രവർത്തനത്തേയും ബാധിക്കുമെന്നുള്ളതുകൊണ്ട് അദ്ധ്യാപകന്റെ നിഷ്കർഷ വേണ്ടത്ര ഇക്കാര്യത്തിൽ ഉണ്ടാകണം.

**1 ശ്രവണത്തിനുള്ള വ്യത്യസ്ത പ്രവർത്തനങ്ങൾ**

1. കളിരീതിയിൽ ശബ്ദം ശ്രവണത്തിനുള്ള സന്ദർഭങ്ങൾ സൃഷ്ടിക്കുക

ശബ്ദം പുറപ്പെടുവിക്കാനുള്ള ഏതാനും ഉപകരണങ്ങൾ ക്ലാസ്സ് മുറിയിൽ പ്രവർത്തിപ്പിക്കുക. അവയുടെ ശബ്ദം ശ്രദ്ധിക്കാൻ അവസരം നൽകുക. പിന്നീട് കുട്ടികളിൽ നിന്ന് മറച്ചുവെച്ച് ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുക. ഏതു ഉപകരണമാണ് ശബ്ദമുണ്ടാക്കിയതെന്ന് ശ്രദ്ധിച്ച് കുട്ടികൾ പറയണം.

2 പദശൃംഖലകൾ

പരസ്പരം ബന്ധപ്പെട്ട ഏതാനും പദങ്ങൾ അദ്ധ്യാപകൻ പറയുന്നു. അത് ആവർത്തിക്കാൻ കുട്ടികളോട് ആവശ്യപ്പെടുന്നു. ഏതാനും അഭ്യാസങ്ങൾ കഴിയുമ്പോൾ പദങ്ങളുടെ എണ്ണം ക്രമത്തിൽ കൂട്ടാവുന്നതാണ്.

3. കഥകൾ പറയൽ

കഥ അധ്യാപകൻ പറയുകയോ ഏതെങ്കിലും സാഹിത്യ കൃതികളിൽ നിന്ന് വായിച്ചുകേൾപ്പിക്കുകയോ ആവാം. കഥകൾ ദീർഘങ്ങളാകരുത്. കഥ അവസാനിച്ചു കഴിഞ്ഞാൽ ചിന്താ പ്രധാനങ്ങ

ളായ ചോദ്യങ്ങൾ ചോദിക്കാം. നല്ല ശ്രദ്ധാലുവായ കുട്ടിക്ക് എളുപ്പത്തിൽ ഉത്തരം പറയാൻ സാധിക്കും.

ശ്രദ്ധിക്കുക എന്നുവച്ചാൽ പ്രഭാഷകനെ നോക്കിയിരിക്കുക എന്ന് അർത്ഥമില്ല. ഇപ്രകാരം ഇരിക്കുമ്പോൾ തന്നെ ശ്രദ്ധ മറ്റു കാര്യങ്ങളിൽ വ്യാപരിക്കും. അപ്പോൾ ഭൗതിക സാന്നിദ്ധ്യം മാത്ര മല്ല. മനഃശാസ്ത്രപരമായ സാന്നിദ്ധ്യം കൂടി കണക്കിലെടുക്കേണ്ടതുണ്ട്. ഈയൊരു നിലവാരത്തി ലേക്ക്  കുട്ടികളുടെ ശ്രവണവും ശ്രദ്ധയും എത്തിക്കാനാണ് അധ്യാപകൻ ശ്രമിക്കേണ്ടത്.

**ഉപസംഹാരം**

നിത്യ ജീവിതത്തിൽ ഏറ്റവുംകൂടുതൽ ഉപയോഗിക്കേണ്ടി വരുന്ന ഭാഷാ നൈപുണി, ശ്രവ ണമത്രേ. ഇത് പരീക്ഷയ്ക്ക് വേണ്ടാത്തതുകൊണ്ടാവാം അധ്യാപകർ ഇതിൽ കൂടുതൽ താൽപര്യം പ്രകടിപ്പിക്കാത്തത്. പക്ഷേ ഇത് ഒട്ടും അഭികാമ്യമല്ല.

# II ഭാഷണ നൈപുണി

**മുഖവുര**

മറ്റുള്ളവർ പറയുന്നതുകേട്ട് മനസ്സിലാക്കുക, അവനവന്റെ മനസ്സിൽ തോന്നുന്ന കാര്യങ്ങൾ മറ്റുള്ളവരെ പറഞ്ഞു മനസ്സിലാക്കുക ഇതു രണ്ടുമാണ് നിത്യജീവിതത്തിൽ എല്ലായ്പ്പോഴും പ്രയോഗിക്കേണ്ടി വരുന്ന ഭാഷണ നൈപുണികൾ. അതിനാൽ ഭാഷാഭ്യാസനത്തിൽ ഭാഷണത്തിന് വളരെയേറെ പ്രധാന്യം നൽകിയിരിക്കുന്നു.

**ഭാഷണ നൈപുണി വിവിധ തലങ്ങൾ**

വിദ്യാലയത്തിലേക്ക് വരുന്ന കുട്ടികൾ വ്യത്യസ്ത സാഹചര്യങ്ങളിൽ പെട്ടവരാണ്. അവരുടെ സാമൂഹിക സാമ്പത്തിക സാംസ്കാരിക പശ്ചാത്തലം വിഭിന്നമായിരിക്കും. അത് അവരുടെ ഭാഷണത്തിലും പ്രതിഫലിക്കും. കുട്ടികളുടെ ഭാഷണ ശേഷി പരിശോധിച്ച് ഒരോരുത്തരുടേയും നിലവാരം മനസ്സിലാക്കുകയാണ് അധ്യാപകന്റെ ആദ്യത്തെ കർത്തവ്യം. അതിന് വേണ്ടത് ഓരോ കുട്ടിയെക്കൊണ്ടും സംസാരിപ്പിക്കുകയാണ്.

ആദ്യമായി വിദ്യാലയത്തിലേക്ക് വരുന്ന കുട്ടി ഒട്ടേറെ ഭയാശങ്കയോടുകൂടിയാണ് അധ്യാപകനേയും വിദ്യാലയത്തേയും സമീപിക്കുന്നത്. അതുകൊണ്ടുതന്നെ ഒരനുകൂലമായ ഒരഭിഭാവം അധ്യാപകന്റെ ഭാഗത്തുനിന്നുണ്ടാവണം. കുട്ടികളെ സ്നേഹിക്കാനും അവന്റെ പ്രയാസങ്ങൾ മനസ്സിലാക്കി സഹതാപത്തോടെ വീക്ഷിക്കാനുമുള്ള കഴിവുള്ള ആളായിരിക്കണം അധ്യാപകൻ

അസ്വഭാവികമായ അന്തരീക്ഷം മാറ്റിയെടുത്ത്, സ്വതന്ത്രമായി പെരുമാറാനുള്ള ഒരിടമാണ് വിദ്യാലയം എന്ന ബോധം കുട്ടിയിൽ ജനിപ്പിക്കണം. അപ്പോൾ മാത്രമേ കുട്ടികൾ ഭയാശങ്കകൾ മറന്ന് സ്വാഭാവികമായ രീതിയിൽ സംസാരിക്കുകയുള്ളു. അവർക്ക് നിത്യപരിചയമുള്ള വസ്തുക്കളെപ്പറ്റിയും താൽപര്യമുള്ള വിഷയങ്ങളെപ്പറ്റിയും ചോദിച്ചുകൊണ്ട് സംഭാഷണം തുടങ്ങാം.

ഒരോ കുട്ടിയോടും ഗാഢപരിചയം ഉണ്ടാകാനും ഓരോരുത്തരുടേയും ശക്തിയും ദൗർബല്യങ്ങളും അറിയാനും ഇതുവഴി സാധിക്കുന്നതാണ്. ഭാഷാ പ്രയോഗത്തിൽ വശമാക്കിയിട്ടുള്ള ദുശ്ശീലങ്ങൾ നേരത്തേ സ്വായത്തമാക്കിയ ഭാഷാപരിജ്ഞാനത്തിൽ വന്നു പോയിട്ടുള്ള ന്യൂനതകൾ. ഇവ അറിയാതെ പരിഹരിക്കാൻ അധ്യാപകനു കഴിയണം. വാഗിന്ദ്രീയങ്ങൾക്കുള്ള തകരാറാണ് കാരണമെങ്കിൽ അദ്ധ്യാപകൻ ഇത് പ്രത്യേകം ശ്രദ്ധിക്കുകയും രക്ഷിതാക്കളെ അറിയിക്കുകയും വേണം.

ഭാഷണത്തിന് ആവശ്യമായ മറ്റൊരു സംഗതി ശ്വാസോച്ഛ്വാസം നിയന്ത്രിക്കാനുള്ള കഴിവുണ്ടാക്കലാണ്. ശ്വാസം ശരിയായി നിയന്ത്രിച്ചുനിർത്താനും ആവശ്യാനുസരണം പുറത്തുവിടാനും അവരെ ശീലിപ്പിക്കണം.

ഭാഷണത്തിന്റെ അടിസ്ഥാനം ഭാഷാ ശ്രവണമാണ്. കുട്ടികൾക്ക് ഭാഷ ശ്രവിക്കാനുള്ള ധാരാളം അവസരം ഉണ്ടാക്കിക്കൊടുക്കണം. അധ്യാപകന്റെ ഭാഷണം കുട്ടികൾ കേൾക്കണം. അദ്ദേഹത്തിന്റെ ഭാഷ അന്യൂനവും അവികലവും ശുദ്ധവും ആയിരിക്കണം. അധ്യാപകന്റെ ഭാഷയിൽ കൃത്രിമത്വം നിഴലിക്കരുത്. അത് തീർത്തും സ്വാഭാവികമായിരിക്കണം.

കുട്ടികൾക്കു താൽപര്യമുള്ള വിഷയത്തെ ആസ്പദമാക്കിയായിരിക്കണം അധ്യാപകന്റെ സംഭാ

ഷണം. പ്രാരംഭഘട്ടത്തിൽ കഥാകഥനത്തിലൂടെയാവാം. ഭാഷണം. കഥകൾ പരിചിതമായിരിക്കണം.

കഥനരൂപത്തിൽ താൻ പറഞ്ഞത് കുട്ടികൾ വേണ്ടപോലെ ഗ്രഹിച്ചോ എന്ന് പരിശോധിക്കണം. ശ്രദ്ധയും അശയഗ്രഹണശേഷിയും ഉറപ്പുവരുത്താൻ ഇത് കൂടിയേ തീരൂ. ആശയഗ്രഹണത്തിലും ആശയ പ്രകാശനത്തിലും തെറ്റുകൾ കണ്ടാൽ അവ ശ്രദ്ധിച്ച് കേൾക്കണം. അവർക്ക് പരാജയബോധം തോന്നാത്ത രീതിയിൽ യഥാസമയം അവയ്ക്കുള്ള പരിഹാരമാർഗ്ഗങ്ങൾ സ്വീകരിക്കുകയാണ് വേണ്ടത്.

ഭാഷാനൈപുണി സ്വീകരിക്കുന്നതിനുള്ള മറ്റൊരു രീതി ഏതെങ്കിലും കളികളിൽ ഏർപ്പെടാൻ കുട്ടികളെ നിർദ്ദേശിക്കുകയാണ്. അധ്യാപകർ പറഞ്ഞ കാര്യങ്ങൾ വിവരിക്കാൻ അവനോട് ആവശ്യപ്പെടണം. അപൂർണ്ണതകളോ തെറ്റുകളോ ഉണ്ടെന്നു കണ്ടാൽ അവ തിരുത്താനുള്ള സഹായവും നൽകണം. നിർദ്ദേശങ്ങൾ പൂർണ്ണമായി ഗ്രഹിച്ചു എന്ന് ബോധ്യം വന്നാൽ കളി ആരംഭിക്കാവുന്നതാണ്.

മറ്റൊരു രീതി ചിത്രങ്ങളുപയോഗിച്ച് സംഭാഷണങ്ങളിൽ ഏർപ്പെടുകയാണ്. ഒറ്റ ചിത്രമോ, കഥകളോ, ആവാം.ചോദ്യോത്തര രീതിയിൽ പല കാര്യങ്ങളും കുട്ടികളെക്കൊണ്ട് പറയിക്കണം. അവസാനം ഈ വിവരങ്ങൾ ക്രമീകൃതമായി സമാഹരിച്ച് ഒരു സമഗ്രവിവരണം നൽകണം.

ചിത്രങ്ങളില്ലെങ്കിൽ സുപരിചിതമായ ഏതുമാവാം സംഭാഷണ വിഷയം. മൃഗങ്ങൾ, ചെടികൾ, വിദ്യാലയം, വീട്ടുപകരണങ്ങൾ, ആഘോഷങ്ങൾ, ആചാരങ്ങൾ എന്നിങ്ങനെ അസംഖ്യം വിഷയങ്ങളെ ആസ്പദമാക്കി വചനശിക്ഷണം നൽകണം.

**ഉപസംഹാരം**

മനസ്സിലുള്ള ആശയങ്ങളാണ് ഭാഷാരൂപത്തിൽ പ്രകടിപ്പിക്കുന്നത്. അതുകൊണ്ട് ആശയങ്ങൾ, ക്രമീകൃതമാവും. സ്പഷ്ടവുമാണ് എന്നുറപ്പുവരുത്തിയാലേ പ്രകടനം അന്യൂനമായിരിക്കുകയുള്ളു. അന്യോന്യ ബന്ധമില്ലാത്ത ശിഥിലമായ ചിന്തകളെ ക്രമീകരിക്കാൻ പറ്റിയ ചോദ്യങ്ങൾ ചോദിച്ചായിരിക്കണം പ്രകടനം കുറ്റമറ്റതാക്കേണ്ടത്. ഇങ്ങനെ ചെയ്യുന്നതിലൂടെ യഥാർത്ഥത്തിൽ ഊന്നൽ നൽകുന്നത് ഖണ്ഡികാകരണത്തിനാണ്.

ഭാഷാ നൈപുണിക്കുവേണ്ടി നൽകാവുന്ന അഭ്യാസങ്ങൾ

1. കുട്ടികളോട് അനുഭാവത്തോടെ സംസാരിക്കുക.
2. താൽപര്യമുള്ള വിഷയത്തെക്കുറിച്ച് സംസാരിക്കുക.
3. വ്യക്തിപരമായ അനുഭവങ്ങൾ പറയിക്കുക
4. നിർദ്ദേശങ്ങൾ നൽകി ക്രീഡകളിൽ ഏർപ്പെടുക.
5. ചിത്രങ്ങളെ ആധാരമാക്കിയുള്ള സംഭാഷണം
6. നാടകീയ സംഭാഷണം
7. ലഘുഗാനങ്ങൾ, കവിതകൾ
8. ആംഗ്യപ്പാട്ടുകൾ അവതരിപ്പിക്കുക.
9. കഥാകഥനം, പുരാണ കഥകൾ, മൃഗകഥകൾ, യക്ഷികഥകൾ തുടങ്ങിയവ

# III. വായന

**മുഖവുര**

അന്യരുടെ ഭാഷണം അർത്ഥബോധത്തോടെ ഗ്രഹിച്ചാൽ മാത്രംപോര അത് പ്രകടിപ്പിക്കുകയും വേണം. അതോടൊപ്പം ലിഖിത രൂപങ്ങൾ വായിച്ച് കാര്യങ്ങൾ ഗ്രഹിക്കാനുള്ള നൈപുണി വളർത്തുക.

വായനയുടെ സ്വാധീനത്തെക്കുറിച്ച് ധാരാളം പഠനങ്ങൾ നടന്നിട്ടുണ്ട്. വായിക്കുന്ന രാഷ്ട്രങ്ങളാണ് ലോകത്തെ നയിക്കുന്നത്. അറിവിന്റെ വിശാലമണ്ഡലങ്ങളിലേക്ക് നമ്മെ നയിക്കുന്നത് വായനയാണ്. പുതിയ ആശയം ഉൾക്കൊള്ളുവാനും പഴയവയിൽ ആവശ്യമെങ്കിൽ മാറ്റങ്ങൾ വരുത്താനും സഹായിക്കുന്നത് വായനയാണ്. ജിജ്ഞാസ ശമിപ്പിക്കാനും, സന്തോഷിക്കാനും കർമ്മോത്സുകരാകാനും വായന അത്യാവശ്യമാണ്.

വായനയുടെ മുഖ്യധർമ്മത്തെക്കുറിച്ച് ഗവേഷണം നടത്തിയവർക്കു ലഭിച്ചിട്ടുള്ള മറുപടികൾ രസകരങ്ങളാണ്.

1. ചിരിക്കാൻ (2) യഥാർത്ഥ ജീവിതത്തിൽ നിന്ന് രക്ഷപ്പെടാൻ (3) മറ്റുള്ളവരുടെ വൈകാരിക ജീവിതം ആസ്വദിക്കാൻ (4) ജിജ്ഞാസ ശമിപ്പിക്കാൻ (5) നാം ജീവിക്കുന്ന ലോകത്തെപ്പറ്റി പറയാനും, അറിയാനും (6) കണ്ടിട്ടില്ലാത്ത സ്ഥലങ്ങളേയും ജനങ്ങളെയും കുറിച്ചറിയാൻ ഹാത്തവേ എന്ന ചിന്തകൻ വായനയ്ക്ക് ആയിരത്തിൽപരം ഉദ്ദേശങ്ങൾ കണ്ടെത്തി വർഗ്ഗീകരിച്ചിട്ടുണ്ട്.

1. ധനസമ്പാദനത്തിന്
2. ജ്ഞാനസമ്പാദനത്തിന്
3. പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കാൻ
4. മൂല്യങ്ങൾ കണ്ടെത്താൻ
5. പ്രശ്നങ്ങൾ പരിഹരിക്കാൻ
6. ആഹ്ലാദിക്കാൻ

**1 വായനയുടെ പ്രത്യേകതകൾ**

മാനസികവും കായികവുമായ പ്രവർത്തനമാണ് വായന. കണ്ണുകളാണ് വായനയ്ക്ക് സഹായിക്കുന്നമുഖ്യാവയവം. കണ്ണുകൾ ഒരുവാക്കിൽ നിന്ന് മറ്റൊരുവാക്കിലേക്ക് എന്ന ക്രമത്തിൽ അതിവേഗം നീങ്ങണം. കണ്ണുകൾ ഒരു തവണ തരണം ചെയ്യുന്ന ദൈർഘ്യത്തിന് നയന വിസ്തൃതി എന്നും തുടർന്നുള്ള നിർത്തലിന് നയനസ്ഥിരണം (eye fixation) എന്നും പറയുന്നു.

നയനവിസ്തൃതി ദീർഘിപ്പിക്കുകയും നയനസ്ഥിരണം ചുരുക്കുകയുമാണ് വായനയുടെ വേഗം വർദ്ധിപ്പിക്കാൻ ചെയ്യേണ്ടത്. ഐ സ്പാൻ (നയന വിസ്തൃതി) പരമാവധി വർദ്ധിപ്പിച്ചാൽ മിനിട്ടിൽ 400 വാക്കുകൾ വരെ വായിക്കാൻ കഴിയുമെന്ന് പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. മിനിട്ടിൽ 300 വാക്കുകൾ മാത്രമേ ഒരു സാധാരണ വായനക്കാരന് വായിക്കാൻ കഴിയുകയുള്ളു.

**2 വായനയുടെ ലക്ഷ്യങ്ങൾ**

1. ആശയം മനസ്സിലാക്കുക

2. പഠനത്തിൽ താൽപര്യം വളർത്തുക

3. ജ്ഞാന സമ്പാദനം

4. ചിന്തയുടെ വികസനം

5. ഭാഷാപോഷണവും സ്വാധീനവും

6. സാഹിത്യാസ്വാദനം

7. സാംസ്കാരിക വികസനം

8. ഉത്തമ സാഹിത്യ കൃതികളുടെ തെരഞ്ഞെടുപ്പ്

9. ലിഖിത കാര്യങ്ങൾ അർത്ഥവും ശബ്ദശുദ്ധിയും വൈകാരിക സവിശേഷതകളും പാലിച്ചു കൊണ്ട് മറ്റുള്ളവരെ വായിച്ചു കേൾപ്പിക്കുക.

**3. വായനയ്ക്ക് തടസ്സം നിൽക്കുന്ന ഘടകങ്ങൾ**

1. കാഴ്ച ശക്തിയുടെ വൈകല്യം

2. ശ്രവണക്കുറവ്

3. ഭാഷണ വൈകല്യങ്ങൾ

4. പദാനുപദവായന പോലുള്ള അശാസ്ത്രീയ രീതികൾ

5. അപരിചിത പദങ്ങൾ വരുത്തുന്ന തടസ്സം

6. ശബ്ദ മുയർത്തിയുള്ള വായന

**4 വായന അഭ്യസിപ്പിക്കാനുള്ള രീതികൾ**

1. അക്ഷരാവതരണ രീതി

2. പദാവതരണ രീതി

3. വാക്യാവതരണ രീതി

4. കഥാവതരണ രീതി

5. മിശ്ര രീതി

വായന അഭ്യസിപ്പിക്കുന്നതിനുള്ള സാമഗ്രികൾ

1) ചിത്രങ്ങൾ : വസ്തുക്കളുടെ ചിത്രങ്ങളും അവയ്ക്കു നേരെ പേരെഴുതിയ കാർഡുകളും വയ്ക്കുക. കഴിയുന്നതും പരിചിതമായ വസ്തുകളിൽ തുടങ്ങാം. ആവശ്യാനുസരണം അപരിചിതമായവ ക്രമേണ അവതരിപ്പിക്കാം. ചിത്രവും പദവുമായുള്ള ബന്ധം ഉറപ്പിച്ചതിനു ശേഷം ചിത്രം ക്രമേണ നീക്കംചെയ്ത് തുടർന്ന് പദങ്ങൾ കുട്ടികളോട് വായിക്കാൻ പറയുക.

**2. ഫ്ളാഷ് കാർഡുകൾ**

ഭിത്തിയിൽ വെച്ചിട്ടുള്ള ഫ്ളാനൽ ബോർഡിൽ അധ്യാപകൻ പറയുന്ന പദങ്ങളുടെ കാർഡുകൾവെയ്ക്കാൻ കുട്ടികളോട് ആവശ്യപ്പെടുക.

3. ചാർട്ടുകൾ: പദങ്ങൾ എഴുതിയ ചാർട്ടുകൾ പ്രദർശിപ്പിക്കുക. നിർദ്ദേശിക്കുന്ന പദങ്ങൾ വായിക്കാൻ ആവശ്യപ്പെടുക.

4. അക്ഷരകാർഡുകൾ : പദങ്ങൾ എഴുതിയ കാർഡുകൾ ക്രമത്തിലടുക്കി അധ്യാപകൻ പറയുന്ന വാക്യങ്ങൾ നിർമ്മിക്കുക.

5. വാക്യങ്ങൾ എഴുതിയ കാർഡുകൾ

ചെറിയ വാക്യങ്ങൾ കാർഡുകളിൽ എഴുതിയത് അധ്യാപകന്റെ നിർദ്ദേശമനുസരിച്ച് തെരഞ്ഞെടുക്കുകയും വായിക്കുകയും ചെയ്യുക. മൂന്നോ നാലോ വാക്യങ്ങൾ യുക്തിപൂർവ്വം അടുക്കി ഒരു കഥയോ സംഭവമോ സൃഷ്ടിക്കാൻ ആവശ്യപ്പെടുക.

**5 ശ്രാവ്യ വായന**

ആശയംസ്വയം ഗ്രഹിക്കുന്നതിനും മറ്റുള്ളവരെ ഗ്രഹിപ്പിക്കുന്നതിനും ശ്രാവ്യ വായന സഹായിക്കുന്നു. ഉറക്കെ വായിക്കുന്നത് കുട്ടികൾക്ക് ആഹ്ലാദകരമാണ്. ഉച്ചാരണവായവങ്ങളുടെ ശരിയായ പരിശീലനത്തിനും മാംസ പേശികളുടെ ചലനത്തിനും ശ്രാവ്യവായന പ്രയോജനപ്പടുന്നു. കുട്ടികളുടെ ശ്രദ്ധ ഏകാഗ്രമാക്കാനും അവർക്ക് ഉച്ചാരണ പരിശീലനം നൽകാനും ശ്രാവ്യവായന പ്രയോജനപ്പെടുത്താം. ഉറക്കെ വായിക്കുമ്പോൾ അർത്ഥബോധത്തോടെയാണോ യാന്ത്രികമായാണോ വായിക്കുന്നത് എന്ന് പെട്ടെന്ന് മനസ്സിലാക്കാം. തുടർച്ചയായ ശ്രാവ്യവായന ആശയങ്ങളുടെ യഥാർത്ഥാവിഷ്കരണത്തിനും പ്രസംഗകല പരിശീലിപ്പിക്കാനും സാഹിത്യാസ്വാദനക്ഷമത വളർത്താനും പര്യാപ്തമാണ്. ഗ്രന്ഥങ്ങളോ ലേഖനങ്ങളോ മറ്റുള്ളവർക്ക് മനസ്സിലാക്കുമാറ് വായിച്ചു കേൾപ്പിക്കാനുള്ള ശേഷി വളർത്താനും ശ്രാവ്യവായന സഹായിക്കും.

**നേട്ടങ്ങൾ**

1. ആശയം ഗ്രഹിച്ചും ആവശ്യമായിടത്ത് നിർത്തിയും വായിക്കുന്നുണ്ടോ എന്ന് പരിശോധിക്കാം.
2. കുട്ടിക്ക് വായിക്കാനുള്ള കഴിവും പ്രയാസങ്ങളും മനസ്സിലാക്കാം.
3. ശരിയായ ഉച്ചാരണത്തോടെ ആവശ്യാനുസരണമുള്ള ശബ്ദ വൈവിദ്ധ്യം വരുത്തി നിർത്തേണ്ടിടത്ത് നിർത്തി അനസ്യൂതം വായിക്കാനുള്ള കഴിവ് വിലയിരുത്താം.
4. അസ്വദിച്ചാണോ വായിക്കുന്നത് എന്ന് വിലയിരുത്താം.
5. ഉച്ചാരണാവയവങ്ങളുടെ വൈകല്യങ്ങൾ കണ്ടെത്താനും പരഹരിക്കാനും സഹായിക്കും.

**കോട്ടങ്ങൾ**

1. ശ്രദ്ധ കൂടുതലും ഉച്ചാരണത്തിലായിരിക്കും

2. ആശയം വേണ്ടത്ര ഗ്രഹിക്കാനുള്ള ഉദ്യമം ഉണ്ടാകണമെന്നില്ല.

3. ഇത് മൗനവായനയെ അപേക്ഷിച്ച് ആയാസകരമാണ്. അധിക നേരം തുടർച്ചയായി വായിക്കാൻ കഴിയില്ല.

4. അപരിചിതങ്ങളായ പദങ്ങൾ വായനയുടെ അനർഗ്ഗളതയെ തടസ്സപ്പെടുത്തുന്നു.

5. വായനയ്ക്ക് താരതമ്യേന കൂടുതൽ സമയം വേണ്ടി വരുന്നു.

**മൗനവായന**

ദൈനംദിന ജീവിതത്തിൽ മൗനവായനയ്ക്കാണ് കൂടുതൽ പ്രാധാന്യം. കുറഞ്ഞ സമയം കൊണ്ട് കൂടുതൽ കാര്യക്ഷമമായി വായിക്കാൻ കഴിയുന്നത് മൗനവായന വഴിയാണ്. മൂന്നാം ക്ലാസ്സ് മുതൽ മൗനവായന പരിശീലിപ്പിക്കണം. അധ്യാപകൻ മാതൃകയായി വായിക്കുമ്പോൾ അതിനെ മൗനമായി പിന്തുടരാൻ കുട്ടികളോട് ആവശ്യപ്പെടാം. ചെറിയ ക്ലാസ്സുകളിൽ കാർഡുകൾ കാണിച്ച് വായന പരിശീലിപ്പിക്കുമ്പോൾ യഥാർത്ഥത്തിൽ മൗനവായനയാണ് നടക്കുന്നത്.

ആശയ ഗ്രഹണത്തോടെ വേഗത്തിൽ മൗനവായന നടത്തുക എന്നതാണ് പരിശീലനം വഴി ലഭിക്കേണ്ട ഒരു ഭാഷാ നൈപുണി. ക്രമമായി സംവിധാനം ചെയ്ത അഭ്യാസമുറകൾ ഇതിനായി ഉപയോഗിക്കണം.

**ശരിയായ മൗനവായന പരിശീലിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ**

1. അധ്യാപകൻ മാതൃകാവായന നടത്തുമ്പോൾ മൗനമായിരുന്ന് പാഠഭാഗം കണ്ണോടിക്കുക.

2. പദങ്ങളും വാക്യങ്ങളും എഴുതിയ കാർഡുകൾ കാണിച്ച് വായിപ്പിക്കുക.

3. ആജ്ഞകൾ എഴുതിയ കാർഡുകൾ കാണിച്ച് അതിനനുസരിച്ച് പ്രവർത്തിക്കാൻ ആവശ്യപ്പെടുക.

4. മൗനവായനയ്ക്കുള്ള പാഠഭാഗങ്ങൾ നൽകിയ ശേഷം ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താൻ ആവശപ്പെടുക.

5. വായനയുടെ വേഗം വർദ്ധിപ്പിക്കാൻ പ്രേരണ നൽകുമാറ് നിശ്ചിത സമയം നിർദ്ദേശിക്കുക.

6. ഇഷ്ടപ്പെട്ട പുസ്തകം വായിച്ച് നോട്ടെഴുതാൻ ആവശ്യപ്പെടുക.

**ഉപസംഹാരം**

വായന പ്രത്യേക നൈപുണിയാണ്. ഇത് വളർത്തുന്നതിന്റെ ലക്ഷ്യം വ്യാപകമായ ഗ്രന്ഥപാരായണത്തിൽ താൽപര്യം വളർത്തുക എന്നതാണ്. അത് ഒരു ശീലമായി വികസിപ്പിക്കുകും ചെയ്യുക. ഭാഷാപഠനം പാഠപുസ്തകങ്ങളിലും ക്ലാസ്സ് മുറികളിലും ഒതുക്കാൻ പറ്റുകയില്ല. താത്പര്യപൂർവ്വം നടത്തിക്കൊണ്ടിരിക്കുന്ന ആഹ്ലാദകരമായ ഒരു പ്രവർത്തനമായി വായനയെ മാറ്റിയെടുക്കാൻ പഠിതാവിനെ ഉത്തേജിപ്പിക്കണം.

# IV. ലേഖനം

**മുഖവുര**

വായനയ്ക്കു ശേഷം ലേഖനം ആരംഭിക്കണം. ആശയപ്രകടനത്തിനും ആശയ വിനിമയത്തിനുമുള്ള ഉപാധിയാണ് ലേഖനം. പ്രത്യേക ശിക്ഷണവും നിരന്തരമായ അഭ്യാസവും ലേഖനത്തിന് ആവശ്യമാണ്. ശരീരത്തിന്റേയും മനസ്സിന്റേയും ശ്രദ്ധാപൂർവ്വമായ ഇണങ്ങിച്ചേരൽ ഇതിനാവശ്യമാണ്.

**1. ലേഖന പരിശീലനം**

ശരീരത്തിലെ പേശികളുടെ നിയന്ത്രണം ലേഖന വിദ്യയ്ക്ക് ആവശ്യമാണ്. കടലാസ്സിലോ, സ്ലേറ്റിലോ എഴുതുന്നതിന് പ്രധാനമായി പ്രവർത്തിക്കേണ്ടത് കൈ വിരലുകളിലെ സൂക്ഷ്മപേശികളാണ്. ലേഖനാഭ്യാസത്തിന്റെ പ്രാരംഭമായി. . ചിത്രരചനാ ശിക്ഷണം നൽകണം. ചിത്രരചന എന്നതുകൊണ്ട് ഉദ്ദേശിച്ചത് അക്ഷരങ്ങളിലേക്ക് നയിക്കുന്ന രൂപങ്ങളുടെ ചിത്രീകരണമാണ്. അക്ഷരങ്ങൾ അഭ്യസിക്കുകയാണെന്ന ബോധം നൽകാതെ തന്നെ അക്ഷരങ്ങളിലേക്ക് നയിക്കുന്ന രൂപങ്ങളുടെ ചിത്രീകരണമാണ് പരിശീലിക്കേണ്ടത്. ഈ ലേഖന വിദ്യ വായുവിലും മണലിലും ആകാം. അവികലങ്ങളായ ചിത്രങ്ങൾ വരപ്പിക്കുകല്ല. ലക്ഷ്യം, അത് അസാധ്യവുമാണ്. ഉദ്ദേശിക്കുന്ന രൂപത്തിൽ കരം ചലിപ്പിക്കാനും കരചലനത്തിനുമേൽ നിയന്ത്രണം സമ്പാദിക്കാനും ഈ അഭ്യാസം കൊണ്ട് കഴിയണം.

1. പല ദൈർഘ്യത്തിലുള്ള രേഖകൾ ഇടത്തുനിന്ന് വലത്തോട്ടും വലത്തു നിന്ന് ഇടത്തോട്ടും കുറുകെയും താഴെ നിന്ന് മുകളിലോട്ടും താഴോട്ടം വരയ്ക്കുക

2. റ, ന എന്നീ അക്ഷരങ്ങളുടെ രൂപം വരച്ച് ത എന്ന അക്ഷരം രൂപം ഉണ്ടാക്കുക.

ഈ മാതൃകളെല്ലാം വായുവിലും തുടർന്ന് മണലിലും എഴുതി പരിശീലിപ്പിക്കണം. അക്ഷരങ്ങൾ മണൽക്കടലാസിൽ വെട്ടിയെടുത്ത് അവയുടെ മുകളിൽ കൂടി വിരൽ നടത്തിച്ച് ലേഖന ശിക്ഷണം ആരംഭിക്കുന്നത് പ്രയോജനപ്രദമാണ്. മണലിൽ നിന്ന് സ്ലേറ്റിലേക്കും പിന്നീട് കടലാസ്സിലേക്കും ലേഖനം വ്യാപിപ്പിക്കാം.

ലേഖന പരിശീലനത്തിൽ ആദ്യം ചലനത്തിന് പ്രാധാന്യം നൽകാം. ക്രമേണ അക്ഷരങ്ങളുടെ വലിപ്പവും രൂപഭംഗിയും ശ്രദ്ധിക്കാം. കടലാസിൽ ആദ്യം എഴുതുന്നത് പെൻസിൽ പിടിച്ചാവണം. പെൻസിൽ പിടിക്കാനും ശരിയായ രൂപത്തിൽ ചലിപ്പിക്കാനും അഭ്യസിച്ചതിനു ശേഷമേ പേനയും മഷിയും ഉപയോഗിക്കാവൂ.

അക്ഷരങ്ങളുടെ രൂപവും വലിപ്പവും ശരിയായി എഴുതാൻ കോപ്പി പുസ്തകം ഉപയോഗിക്കാം. മാതൃകകളെ അനുകരിച്ചുള്ള ലേഖനാഭ്യാസമാണ് ആദ്യം നാലുവരയിലും പിന്നീട് രണ്ടു വരിയിലും തുടർന്ന് ഒറ്റ വരിയിലുമാണ് കോപ്പി പുസ്തകങ്ങൾ ക്രമീകരിക്കേണ്ടത്. അതിനു ശേഷം വരയില്ലാതെ തന്നെ കൃത്യമായും ഋജുവായും എഴുതാൻ അഭ്യസിക്കണം. കുട്ടികളുടെ എഴുത്ത് യഥാവസരം പരിശോധിക്കുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്താൽ മാത്രമേ ഉദ്ദേശിക്കുന്ന പ്രയോജനം ലഭിക്കുകയുള്ളു.

കയ്യക്ഷരം നന്നാക്കുന്നതിന് കോപ്പി എഴുത്ത് പരിശീലിക്കാവുന്നതാണ്. കയ്യക്ഷരം നന്നാവുന്നതിനു പുറമേ പാഠ്യഭാഗങ്ങൾ മനസ്സിൽ ഉറയ്ക്കാൻ കൂടി ഇത് സഹായകമാകും. അന്യർക്ക് ആയാസം കൂടാതെ വായിച്ചെടുക്കാൻ പാകത്തിൽ വ്യക്തമായി എഴുതാൻ കുട്ടികളെ പരിശീലിപ്പിക്കണം.

**2. അഭ്യാസങ്ങൾ**

ലേഖനാഭ്യാസനത്തിന് താഴ്ന്ന ക്ലാസ്സുകളിൽ കളിരീതി ഉപയോഗിക്കാം. അക്ഷരങ്ങളുടെ ഭാഗങ്ങൾ നൽകി അവയെക്കൊണ്ട് അക്ഷരം ഉണ്ടാക്കിക്കുക.

കട്ടിയുള്ള കടലാസിൽ അക്ഷരങ്ങൾ നിർമ്മിക്കുക, പൂവുകൾ, മഞ്ചാടിക്കുരു, പൊടിക്കല്ലുകൾ എന്നിവ നിരത്തി അക്ഷരങ്ങൾ നിർമ്മിക്കുക. അക്ഷരങ്ങൾ വിട്ടെഴുതിയ വാക്കുകൾ നിർമ്മിക്കുക.

ഒരു വാക്കിലെ അക്ഷരങ്ങൾ ഉപയോഗിച്ച് മറ്റ് വാക്കുകൾ എഴുതുക

**അക്ഷര വിന്യാസത്തിലെ പോരായ്മകൾ**

1. അക്ഷരങ്ങൾക്ക് വേണ്ടത്ര വടിവില്ലായ്മ
2. തുല്യവലിപ്പം പാലിക്കാതിരിക്കുക.
3. വള്ളി, പുള്ളി, ദീർഘം ഇവയിൽ ശ്രദ്ധിക്കാതിരിക്കൽ
4. ചരിച്ചെഴുതൽ
5. അക്ഷരങ്ങൾ തമ്മിലും പദങ്ങൾ തമ്മിലുമുള്ള അകലം പാലിക്കാതിരിക്കുക.
6. ചിഹ്നത്തിന്റെ അഭാവം

**3 അക്ഷരത്തെറ്റിനുള്ള കാരണങ്ങൾ**

1. ശരിയായ വചന ശിക്ഷണത്തിന്റെ അഭാവം
2. തെറ്റായ മാതൃകകൾ
3. അനവധാനത

**4. വായനയിൽ ഉറച്ചുപോയ തെറ്റായ ഉച്ചാരണം**

കൈയ്യക്ഷരത്തിന്റെ സവിശേഷതകൾ

നല്ല കൈയ്യക്ഷരത്തിൽ എഴുതാനുള്ള കഴിവ് ഒരു സിദ്ധിയാണ്. എഴുതുന്ന ആളിന്റെ സ്വഭാവവും വ്യക്തിത്വവും കൈയ്യക്ഷരത്തിൽ നിന്ന് മനസ്സിലാക്കാമെന്ന് പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്

1. വ്യക്തത (Legibility)

വ്യക്തതയാണ് എഴുത്തിനുണ്ടായിരിക്കേണ്ട പ്രഥമ ഗുണം. അന്യർക്ക് വായിച്ചു മനസ്സിലാക്കാനാണ് നാം എഴുതുന്നത്.

2. ഭംഗി (Beauty) ഭംഗിയായി എഴുതാൻ കഴിയണം. ആരേയും ആകർഷിക്കത്തക്ക മനോഹാരിത എഴുത്തിനുണ്ടായിരിക്കണം.

3. അനുപാതക്രമം: അക്ഷരങ്ങളെല്ലാം ഒരേ വലിപ്പത്തിൽ എഴുതണം. വള്ളിയും പുള്ളിയും നീട്ടി വികൃതപ്പെടുത്താൻ പാടില്ല. വരികൾ തമ്മിലുള്ള അകലം, പദങ്ങൾ തമ്മിലുള്ള അകലം ഇവ പാലിക്കണം.

4. വേഗം (Speed)

വേഗത്തിൽ എഴുതണമെങ്കിൽ കയ്യിലെ പേശികൾ വേഗം ചലിക്കണം. പരിശീലനം കൊണ്ടാണ് ഇതിനുള്ള ശേഷി നേടേണ്ടത്. മറ്റെല്ലാ ഗുണങ്ങളുമുണ്ടെങ്കിലും വേഗതയില്ലെങ്കിൽ നിർദ്ദിഷ്ടഭാഗം നിർദ്ദിഷ്ട സമയത്ത് പൂർത്തിയാക്കാൻ കഴിയാതെ വരും.

അദ്ധ്യായം 26

# 1. ഗദ്യബോധനം

**മുഖവുര**

ഭാഷാ പാഠങ്ങൾ രണ്ടു വിഭാഗത്തിൽപ്പെടുന്നു. ഗദ്യവും - പദ്യവും. രചനാ രൂപത്തിലും ആശയാവിഷ്കരണത്തിലും ഗദ്യവും പദ്യവും തമ്മിൽ വ്യത്യാസമുണ്ട്. വൃത്തരഹിതമാണ് ഗദ്യം. വൃത്തനിബന്ധവും താളപ്രദാനവുമാണ് പദ്യം. ഈ വ്യത്യാസം കേവലം ബാഹ്യമാകുന്നു. ആശയാവിഷ്കരണത്തിലും പ്രതിപാദനത്തിലും ഗദ്യവും പദ്യവും തമ്മിലുള്ള ബന്ധം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. കാരണം വ്യത്യസ്തങ്ങളായ ബോധനോദ്ദേശ്യങ്ങളാണ് ഗദ്യത്തിനും കവിതയ്ക്കുമുള്ളത്.

**1 പ്രധാന ഗദ്യ ബോധന ലക്ഷ്യങ്ങൾ**

ചിന്തയുടെ ഭാഷയാണ് ഗദ്യം. യുക്തിയുടേയും. ആശയമാണ് ചിന്തകളുടെ ഏകകം. ചിന്താശക്തി വികസിക്കണമെങ്കിൽ ആശയ ബോധം ഉണ്ടാകണം. അതായത് അറിവില്ലാതെ ചിന്താശക്തി വികസിക്കുകയില്ല. ഗദ്യപാഠങ്ങളാണ് പുതിയ അറിവ് പ്രദാനം ചെയ്യുന്നത്. ആശയ സ്വീകരണത്തിനും പ്രകടനത്തിനും, വാചികവും, ലിഖിതവും, അധ്യേതാക്കളെ പ്രാപ്തരാക്കുയാണ് ഗദ്യ ബോധനത്തിന്റെ പ്രധാന ലക്ഷ്യം.

ആശയ നിഷ്ഠമായ ഗദ്യം ചിന്തയുടെ ഫലമായതിനാൽ കുട്ടികളുടെ ക്രിയാത്മകമായ ചിന്ത, ഗദ്യപഠനം കൊണ്ട് ഉദ്ദീപിപ്പിക്കപ്പെടുന്നു. ശബ്ദാവലിയുടെ പരിശീലനം ഉത്തമമായ വാക്യരൂപങ്ങളുടെ അനുവർത്തനം, വ്യാകരണ പഠനം സാഹിത്യ സംബന്ധമായ വിവിധ രചനാരീതികളുടെ രൂപഭാവങ്ങളെക്കുറിച്ചുള്ള അറിവ്, രചനയുടെ അടിസ്ഥാന തത്വങ്ങളിൽ പ്രയോഗികമായ പരിജ്ഞാനം തുടങ്ങിയവ ഗദ്യബോധനത്തിലൂടെ നേടേണ്ടവയാണ്.

ഗദ്യപാഠങ്ങൾ ശരിയായി പഠിച്ചാൽ മാത്രമേ ഉത്തമമായ ഗദ്യശൈലി സ്വായത്തമാക്കാൻ കഴിയൂ. ചിന്തയും ആശയവും പ്രകടിപ്പിക്കാൻ ശക്തമായും വ്യക്തമായും പ്രകടിപ്പിക്കാൻ കൂടുതൽ പ്രയോജനകരമായത് ഗദ്യമാണ്.

ഗദ്യബോധനത്തിന്റെ ലക്ഷ്യങ്ങളെ ഇങ്ങനെ സംഗ്രഹിക്കാം.

1. അധ്യേതാക്കളുടെ ഭാഷാപരമായ കഴിവ് വികസിപ്പിക്കുക.
2. അറിവ് നൽകുകയുംചിന്താശക്തി വികസിപ്പിക്കുകയും ചെയ്യുക.
3. വ്യാകരണ സംബന്ധമായ കാര്യങ്ങൾ ഗ്രഹിക്കുന്നതോടൊപ്പം അതിൽ പ്രായോഗിക പരിശീ

ലനവും നേടുക.

4. സ്വന്തമായ ഭാഷാശൈലി വികസിപ്പിച്ചെടുക്കാൻ ആവശ്യമായ പ്രേരണയും പ്രായോഗിക പരിശീലനം നേടുക.

5. പുതിയ ആശയ ലോകത്തിലേക്ക് കടന്നു ചെല്ലാൻ സഹായകമാം വിധം ഗൗരവമായ വായ നാശീലം വളർത്തുക.

6. ഗദ്യ സാഹിത്യത്തിലെ ശാഖകളെക്കുറിച്ചും വിവിധ സാഹിത്യ പ്രസ്ഥാനങ്ങളെക്കുറിച്ചും സാമാന്യ അറിവ് നേടുക.

7. വിവിധ വിഷയങ്ങളെ ആസ്പദമാക്കി ഉപന്യാസവും ലഘു പ്രബന്ധവും രചിക്കുക.

8. സാഹിത്യ നിരൂപണത്തിൽ ചില പ്രാഥമിക തത്വങ്ങൾ മനസ്സിലാക്കുന്നതോടൊപ്പം സാഹിത്യ കൃതികൾ വായിച്ച് പരിശീലനം നേടുക.

9. അധ്യേതാക്കളുടെ സർഗ്ഗാത്മക കഴിവുകൾ ഭാവസുന്ദരമായി ആവിഷ്കരിക്കാനുള്ള പ്രാപ്തി കൈവരുത്തുക.

## 2 വിവിധതരം ഗദ്യപാഠങ്ങൾ

രൂപത്തിലും ഭാവത്തിലും പ്രതിപാദനത്തിലും ഗദ്യപാഠങ്ങൾ തമ്മിൽ വൈരുദ്ധ്യമുണ്ട്. ഇതിനനുസരണമായി അധ്യാപന രീതിയിലും മാറ്റമുണ്ടാകും.

പൊതുവെ ഗദ്യപാഠങ്ങളെ സാഹിത്യപ്രദാനങ്ങളെന്നും വിജ്ഞാന പ്രദങ്ങളെന്നും രണ്ടായി തിരിക്കാം. അസ്വാദനം ലക്ഷ്യമാക്കിയുള്ളതാണ് സാഹിത്യ പ്രദാനങ്ങളായ പാഠങ്ങൾ. ആഖ്യാനം, വിവരണം, സംഭാഷണം, നാടകം, ചെറുകഥ, നോവൽ, കത്തുകൾ, ജീവചരിത്രം എന്നീ വിഭാഗങ്ങളിൽപ്പെടുന്ന പാഠങ്ങൾ സാഹിത്യ പ്രദാനങ്ങളാണ്. കുട്ടികളുടെ ആസ്വാദന ശീലം വളർത്തക്കവിധത്തിലും പാഠത്തിന്റെ സാരസ്യം നഷ്ടപ്പെടാത്ത വിധത്തിലുമായിരിക്കണം. ഇത്തരത്തിലുള്ള പാഠങ്ങൾ പഠിപ്പിക്കേണ്ടത്.

കുട്ടികളുടെ അറിവ് വികസിക്കേണ്ടത് വിജ്ഞാനപ്രദങ്ങളായ പാഠങ്ങളുടെ പഠനം കൊണ്ടാണ്. ചരിത്രം, ശാസ്ത്രം, ഗണിതം, കല, സാമൂഹ്യ ശാസ്ത്രം തുടങ്ങിയ വിവിധ വിഷയങ്ങൾ അടിസ്ഥാനമാക്കിയുള്ള ലേഖനങ്ങളാണ് വിജ്ഞാനപ്രദമായ പാഠങ്ങൾ. പാഠങ്ങൾ അറിവ് വിപുലപ്പെടുത്തുന്നതിനും ചിന്താശക്തിയെ വികസിപ്പിക്കുന്നതിനും ഇത്തരം പാഠങ്ങൾ ഉപകരിക്കുന്നു.

ഓരോ വിധത്തിലുള്ള പാഠം പഠിപ്പിക്കുമ്പോഴും അതിന്റെ പ്രത്യേകതകൾ അധ്യാപകൻ ഊന്നിപ്പറയണം. ഒരു കഥയാണ് പഠിപ്പിക്കുന്നതെന്ന് കരുതുക, അത് കേട്ട് ആനന്ദിക്കാനുള്ള മാനസികാവസ്ഥ കുട്ടികൾക്കുണ്ടാവണം. ഭാവസുന്ദരമായ അനുഭൂതിമണ്ഡലത്തിലേക്ക് സ്വയം കടന്നു ചെല്ലാനുള്ള മാനസികാവസ്ഥ ഒരുക്കിക്കൊടുക്കുക. ഗ്രഹിച്ച വസ്തുതകൾ കുട്ടികളുടെ ഭാവനയിൽ വളരെക്കാലം തങ്ങിനിൽക്കുന്നു.

കഥയിലെ കഥാപാത്രങ്ങളായി സ്വയം സങ്കൽപ്പിച്ച് അവരുടെ വാക്യങ്ങളിൽ കഥപറയാൻ കുട്ടികളോട് ആവശ്യപ്പെടാം. ഈ കഥ തന്നെ നാടകമായി അവതരിപ്പിക്കുകയും ചെയ്യാം.

സംഭാഷണ പ്രധാനമായ പാഠങ്ങളിൽ സംഭാഷണത്തിന്റെ സ്വാഭാവികവും ഗ്രാമ്യവുമായ ശൈലി ശ്രദ്ധിക്കണം. മാനസികാനുഭവങ്ങളുടെ ക്രമാനുഗതമായ പുരോഗതിയും ശ്രദ്ധിക്കേണ്ടതുണ്ട്.

ഭാഷാ രീതിയിലും ഗദ്യപാഠങ്ങൾ വൈവിദ്ധ്യം പുലർത്തുന്നുണ്ട്. ചിലതിൽ ഭാഷ ഗഹനമായിരിക്കും. ആശയം സരളവും. ഭാഷയും ആശയവും ഒരുപോലെ സരളമായ പാഠങ്ങളും ഉണ്ടാകും. ഓരോന്നിന്റേയും സ്വാഭവത്തിനനുസരണമായി അദ്ധ്യാപനം നിർവ്വഹിക്കേണ്ടതാണ്.

**ഗദ്യബോധന ലക്ഷ്യങ്ങൾ - പ്രാഥമിക തലം**

1. അന്യർ പറയുന്ന ആശയങ്ങൾ ഗ്രഹിക്കാനുള്ള കഴിവ് നേടുക

2. സ്വന്തം ആശയങ്ങൾ അന്യരെ അറിയിക്കാൻ - വാചികമായും ലിഖിതമായും ആവശ്യമായ ഭാഷാ പരിജ്ഞാനം നേടുക.

3. മാതൃഭാഷ എഴുതാനും വായിക്കാനുമുള്ള കഴിവ് നേടുക.

4. പദാവലി പോഷിപ്പിക്കുക.

5. വ്യാകരണ സംബന്ധമായ പ്രാഥമിക കാര്യങ്ങൾ പറയിക്കുക.

6. ഭാഷാപഠനത്തിൽ താൽപര്യം ജനിപ്പിക്കുക.

7. അറിവ് വികസിപ്പിക്കുകയും ചിന്താശക്തി വളർത്തുകയും ചെയ്യുക.

ഭാഷാനൈപുണികളുടെ വികസനം

ഗദ്യപഠനത്തിലൂടെ ശ്രവണ നൈപുണിയും ഗദ്യബോധനവും.

ആദ്യത്തെ പ്രധാന നൈപുണിയായ അർത്ഥ ബോധത്തോടെയുള്ള ശ്രവണം ഏതു തരത്തിലാണ് ഗദ്യപഠനത്തിലൂടെ സാധിക്കുക എന്ന സംശയം തോന്നാം. എന്നാൽ അധ്യാപകൻ ഇതിനായി വേണ്ടത് ചെയ്യുക തന്നെ വേണം. അതിനുവേണ്ടിയുള്ള സൂചനകൾ ചുവടെ കൊടുക്കുന്നു.

1) ഗദ്യപാഠം അവതരിപ്പിക്കാനുള്ള ആമുഖ സൂചനകൾ നൽകിക്കഴിഞ്ഞാൽ പാഠം ഉറക്കെ വായിച്ചുകൊണ്ട് അധ്യാപനം തുടങ്ങുന്നതാണ് നല്ലത്. ശ്രദ്ധാപൂർവ്വം കേൾക്കണമെന്നും വായിച്ചുകഴിഞ്ഞാൽ കേട്ട പാഠഭാഗത്തെ ആസ്പദമാക്കി ചോദ്യങ്ങൾക്ക് ഉത്തരം പറയേണ്ടതുമാണെന്ന് മുൻകൂട്ടി അറിയിക്കണം. ആദ്യമേ ഇത്തരത്തിലുള്ള ശീലം ഉണ്ടാക്കിയാൽ ക്രമേണ കുട്ടികൾ ശ്രദ്ധാപൂർവ്വം കേട്ടുകൊള്ളും. അദ്ധ്യാപകന്റെ ഈ വായന നല്ല മാതൃകയാവണം. ഉച്ചാരണത്തിൽ, വേഗത്തിന്റെ ക്രമീകരണത്തിൽ, സന്ദർഭത്തിനനുസരണമുള്ള ശബ്ദക്രമീകരണത്തിൽ ഒക്കെ അദ്ധ്യാപകൻ ശ്രദ്ധവയ്ക്കണം.

2. അധ്യാപകന്റെ മാതൃകാ വായനയ്ക്കു ശേഷം പാഠഭാഗത്തെ ആസ്പദമാക്കി ചോദ്യങ്ങൾ ചോദിക്കാം. ചോദ്യങ്ങൾ പലതരത്തിലാകാം. കേട്ടഭാഗത്തിന്റെ മൊത്തത്തിലുള്ള ആശയത്തെ കുറിക്കാൻ പറ്റിയ ശീർഷകം നൽകാനാവശ്യപ്പെടാം. ക്രമേണ പ്രധാന ആശയങ്ങൾ പറയാനും വിശദാംശങ്ങൾ പറയാനും നിർദ്ദേശിക്കാം.

3. കുട്ടികളുടെ ശ്രവണ ശൈലിയിലുള്ള പൊതുവായ ദൗർബല്യങ്ങൾ അധ്യാപകൻ ഈ സന്ദർഭത്തിൽ ശ്രദ്ധിക്കണം. തെറ്റുകൾ വന്നാൽ നിരുത്സാഹപ്പെടുത്തേണ്ടതില്ല. മറ്റു കുട്ടികളെക്കൊണ്ട് ശരി

യായി ഉത്തരം പറയിച്ച് തെറ്റുകൾ തിരുത്താൻ സഹായിക്കുകയും അതുവഴി പ്രബലനം സാധിക്കുകയുമാണ് നന്ന്.

4. താരതമ്യേന കഠിനമാണ് പാഠമെങ്കിൽ പ്രാരംഭഘട്ടത്തിലെ ശ്രവണത്തെ അടിസ്ഥാനമാക്കിയുള്ള ചോദ്യങ്ങൾ സാമാന്യരൂപത്തിലുള്ളതാകാം. യാന്ത്രികമായ ചിട്ടയെക്കാളേറെ സന്ദർഭത്തിനൊത്ത് അധ്യാപകന്റെ യുക്തിക്കനുസരിച്ച് ശ്രവണ പരിശീലനം നൽകുകയാണ് വേണ്ടത്.

**3. ഭാഷാ നൈപുണിയും ഗദ്യബോധനവും**

ഭാഷാ നൈപുണി എന്നു പറയുന്നത് നല്ല ഭാഷ നല്ല രീതിയിൽ പറയാനുള്ള ശേഷിയാണ്.

1) ശ്രവണ പരിശീലനത്തോടനുബന്ധിച്ച് ചോദ്യങ്ങൾക്ക് ഉത്തരം പറയാൻ ആവശ്യപ്പെടുമല്ലോ. അപ്പോൾ ചോദിക്കുന്ന ചോദ്യങ്ങൾക്ക് അനസ്യൂതമായി ഏതാനും വാക്കുകളിൽ സംസാരിക്കാൻ ആവശ്യപ്പെടുന്ന ചോദ്യങ്ങളുമുണ്ടാകും. ഇത് ഭാഷണ നൈപുണിക്കുള്ള പരിശീലനമായി മാറുന്നു.

2 ഓരോ കുട്ടിയുടേയും ഭാഷണ ശേഷി ഏതു നിലവാരത്തിലാണ് എന്ന് കണ്ടെത്തുന്നതിനും വൈകല്യങ്ങൾ ഉണ്ടെങ്കിൽ തിരുത്താനും അദ്ധ്യാപകൻ ശ്രദ്ധിക്കണം.

**3. വായനാ നൈപുണിയും ഗദ്യബോധനവും**

1. ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താനായി നിശ്ചിതഭാഗം മൗനമായി വായിച്ച് സാമാന്യാശയവും വിശദാംശങ്ങളും കണ്ടുപിടിക്കാൻ സന്ദർഭം നൽകാം. നേരത്തേ തന്നെ ചോദ്യങ്ങൾ നൽകി അവയ്ക്ക് ഉത്തരം കണ്ടു പിടിക്കാനും ഈ ഘട്ടത്തിൽ നൽകാവുന്നതാണ്.

2. പാഠഭാഗം പഠിപ്പിച്ചുകഴിഞ്ഞ ശേഷം കുട്ടികളെക്കൊണ്ട് ഉച്ചത്തിൽ വായിപ്പിക്കാം. അവരുടെ വായനാ ശൈലിയിലുള്ള പോരായ്മകൾ കണ്ടെത്തിപരിഹരിക്കുന്നതിനുള്ള സന്ദർഭം ഇതുവഴി ലഭിക്കുന്നു.

**4. ലേഖന നൈപുണിയും ഗദ്യപഠനവും**

1 ചോദ്യങ്ങളുടെ ഉത്തരം പറയുന്നതുപോലെ തന്നെ പ്രധാനമാണ് പാഠഭാഗത്തെ ആസ്പദമാക്കിയുള്ള ചോദ്യങ്ങൾക്ക് സ്വയം ഉത്തരം എഴുതുന്നതും.

2. ചോദ്യങ്ങൾ പലതരത്തിലുള്ളതാവാം. പാഠഭാഗത്തിലെ ആശയങ്ങൾ കേന്ദ്രീകരിച്ചുള്ള ചോദ്യങ്ങൾക്കു പുറമേ സാഹിത്യസംബന്ധിയായ ചോദ്യങ്ങളും സർഗ്ഗശക്തിയെ വളർത്താൻ ഉന്നമാക്കിയുള്ള രചനകളും നൽകാവുന്നതാണ്. നല്ല സർഗ്ഗസൃഷ്ടികൾ ഉണ്ടെങ്കിൽ അവ മറ്റു കുട്ടികൾക്ക് വായിക്കാനും കേൾക്കാനും അവസരം നൽകി പ്രബലനം സാധ്യമാക്കാം.

ഗദ്യബോധനത്തിൽ ഉന്നമാക്കേണ്ട ഭാഷാകാര്യങ്ങൾ

1. പദസമ്പത്ത്
2. വൈവിദ്ധ്യമാർന്ന വാക്യമാതൃകകൾ
3. ശുദ്ധമായ ഭാഷ കൈകാര്യം ചെയ്യാൻ അവശ്യം അറിഞ്ഞിരിക്കേണ്ട വ്യാകരണ കാര്യങ്ങൾ
4. സമർത്ഥമായ ആശയ പ്രകടനത്തിന് ആവശ്യം വേണ്ട രചനാ ബോധം.

**1. പദസമ്പത്തിന്റെ വളർച്ച**

പദസമ്പത്താണ് ഭാഷ സമർത്ഥമായി കൈകാര്യം ചെയ്യുന്നതിന് ഏറ്റവുംസഹായകമായ ഘടകം. വാക്യമാതൃകകളും വ്യാകരണ കാര്യങ്ങളും നന്നായി അറിഞ്ഞില്ലെങ്കിൽപ്പോലും പദസമ്പത്തുണ്ടെങ്കിൽ ആശയവിനിമയം ഒട്ടൊക്കെ സാധിക്കാം. ശാസ്ത്ര വിഷയങ്ങൾക്ക് അടിസ്ഥാനാശയങ്ങൾ പോലെയാണ് ഭാഷയ്ക്ക് പദങ്ങൾ. പദദാരിദ്ര്യം ഭാഷാ ദാരിദ്ര്യത്തിന് കാരണമാകുന്നു.

പദസമ്പത്ത് രണ്ടു തരത്തിലുണ്ട്. ആശയഗ്രഹണത്തിന് വേണ്ടി മാത്രം ഉപയോഗിക്കുന്നവയും സംഭാഷണത്തിലും എഴുത്തിലും വ്യക്തി സജീവമായി ഉപയോഗിക്കുന്നവയും. രണ്ടിനും അതാതിന്റെ ധർമ്മം നിർവ്വഹിക്കുവാനുണ്ട്. അതുകൊണ്ട് രണ്ടും പ്രധാനം തന്നെ. പദബോധത്തിന്റെ സൃഷ്ടിക്കും പ്രയോഗത്തിനും ചുവടെ പറയുന്ന നടപടികൾ സ്വീകരിക്കുക.

1. ഒരു പദം അറിയാം എന്ന് നാം എപ്പോഴാണ് പറയുന്നത്. ആദ്യമായി അതിന്റെ രൂപം അറിയുക തന്നെ. ശരിയായ ലിഖിത രൂപവും ഉച്ചാരണ രൂപവും അറിയണം. മലയാളം അക്ഷരോച്ചാരക ഭാഷയായതിനാൽ എങ്ങനെ സംസാരിക്കുന്നുവോ അങ്ങനെ തന്നെ എഴുതും.

2. ഇത് പദസമ്പത്തായി മാറണമെങ്കിൽ പദത്തിന്റെ ശരിയായ അർത്ഥം അറിയണം. കൂടാതെ സമാനാർത്ഥത്തിലുള്ള പദങ്ങളും വിപരീതാർത്ഥത്തിലുള്ള പദങ്ങളും അറിയുമ്പോൾ പദബോധം വർദ്ധിക്കുന്നു

3. സന്ദർഭാനുസരണം ഒരു പദ രൂപത്തിൽ നിന്ന് മറ്റു പദങ്ങൾ സൃഷ്ടിച്ചെടുക്കാൻ കഴിഞ്ഞാൽ ആ പദം അർത്ഥവത്താകുന്നു എന്നും മാത്രമല്ല പദ സമ്പത്ത് വർദ്ധിക്കുകയും ചെയ്യും. ഉദാഹരണമായി വിദേശം എന്ന പദത്തിനൊപ്പം വിദേശി, വൈദേശികം എന്നീ രൂപങ്ങൾ കൂടി പരിചയപ്പെടുമ്പോൾ സന്ദർഭത്തിനൊത്ത് ശരിയായ രൂപം പ്രയോഗിക്കാനാവും.

4. ഗദ്യപാഠം പഠിപ്പിക്കാൻ തുടങ്ങുന്നതിനുമുമ്പ് സാമാന്യ പദങ്ങളും സജീവ പദങ്ങളും ഏവയെന്ന് അപഗ്രഥിച്ച് മനസ്സിലാക്കണം. എന്നിട്ട് അവയുടെ പദരൂപം, ഉച്ചാരണം, സമാനാർത്ഥത്തിലുള്ള പദങ്ങൾ, വിപരീതാർത്ഥമുള്ള പദങ്ങൾ എന്നിവയുമായി പരിചയപ്പെടാൻ അവസരമൊരുക്കണം.

**2. വിവിധതരം വാക്യമാതൃകകളുടെ പരിചയവും അവയുടെ പ്രയോഗവും**

നന്നായി രചിച്ച ഏതൊരു ഗദ്യഭാഗത്തിലും വിവിധ തരത്തിലുള്ള വാക്യമാതൃകകൾ ഉപയോഗിച്ചിട്ടുണ്ടാവും. അർത്ഥവ്യത്യാസവും സന്ദർഭത്തിന്റെ പ്രത്യേകതയും വ്യക്തമാക്കാൻ ഈ വൈവിധ്യം കൂടിയേ തീരൂ.

4. പാഠം അപഗ്രഥിക്കുമ്പോൾ, പ്രത്യേക ശ്രദ്ധേയ്ക്ക് വിഷയീഭവിക്കേണ്ട വാക്യമാതൃകകൾ കണ്ടെത്തണം. സന്ദർഭത്തിൽ അവയുടെ പ്രസക്തിയും  അവയിലൂടെ സൂചിതമാകുന്ന അർത്ഥഭേദവും അദ്ധ്യാപകൻ വ്യക്തമായി മനസ്സിലാക്കണം.

**3. വ്യാകരണ കാര്യങ്ങളുമായുള്ള പരിചയവും അവയുടെ പ്രയോഗവും**

അക്ഷര ശുദ്ധി, പദശുദ്ധി, വാക്യശുദ്ധി എന്നിങ്ങനെ നല്ല ഗദ്യം പറയുമ്പോഴും എഴുതുമ്പോഴും പാലിക്കേണ്ട നിരവധി ചിട്ടകളുണ്ട്. സമൂഹത്തിലെ വിവിധ വ്യക്തികളുമായി നന്നായി ആശയവിനി

മയം നടത്താനും അതുവഴി ഉദ്ദേശിക്കുന്നയഥാർത്ഥ കാര്യങ്ങൾ തന്നെ പരസ്പരം മനസ്സിലാക്കാനും ആണ് ഭാഷ പ്രയോഗിക്കുന്നത്. അതുകൊണ്ട് എല്ലാവരും അംഗീകരിക്കുന്ന ഉച്ചാരണവും രൂപവും പ്രയോഗക്രമവുമൊക്കെ പാലിക്കപ്പെടണം എന്ന് നിർബ്ബന്ധിക്കുന്നത്. ഒരേകാര്യം വ്യക്തമാക്കാൻ പലരും പലരീതിയിൽ ഉപയോഗിച്ചാൽ ആശയവിനിമയം അസാധ്യമാകും. ഇക്കാരണത്താലാണ് ആവശ്യം വേണ്ട വ്യാകരണ കാര്യങ്ങളിലുള്ള ധാരണയും അവ ഭാഷയിൽ പ്രതിഫലിപ്പിക്കാനുള്ള ശേഷിയും ഓരോ പഠിതാവും ആർജ്ജിക്കണം എന്നു പറയുന്നത്. അതിന് പരിശീലനം നൽകാൻ ഏറ്റവുമധികം സന്ദർഭം ലഭിക്കുക ഗദ്യ ബോധനത്തിലാണ്.

**രചനാബോധം**

ആശയങ്ങളെ സന്ദർഭത്തിനൊത്ത് സംഗ്രഹിച്ചോ, വിപുലപ്പെടുത്തിയോ മറ്റുള്ളവരുടെ മുമ്പിൽ പറഞ്ഞും എഴുതിയും ആവിഷ്കരിക്കുകയെന്നത് ആശയ വിനിമയത്തിന്റെ ഭാഗമാണ്. കത്തെഴുതിയും സംഗ്രഹിച്ചും കഥപറഞ്ഞും, ഒക്കെ ഇത് സാധിക്കാറുണ്ട്. ഇത്തരത്തിൽ ആശയ പ്രകാശനത്തിന് സന്ദർഭാനുസരണം ഉപയോഗപ്പെടുത്തുന്ന പ്രതിപാദന രീതിയാണ് 'രചന ഗദ്യഭാഗങ്ങളുടെ കൂട്ടത്തിൽ വിവിധതരം രചനകൾ ഉൾപ്പെടുത്താവുന്നതാണ്. ലേഖനങ്ങളും ചെറുകഥകളും സ്മരണകളും, യാത്രാവിവരണങ്ങളും ഇവയുടെ അഭ്യാസത്തിനിടയ്ക്ക് രചനാ തന്ത്രങ്ങളെക്കുറിച്ചും ഓരോ രചനാ രൂപത്തിനുള്ള സവിശേഷതകളെക്കുറിച്ചും മനസ്സിലാക്കാൻ സാധിക്കും.

4. സാഹിത്യ സൃഷ്ടികൾ ആസ്വദിക്കാൻ സഹായകമായ അടിസ്ഥാന വിജ്ഞാനവും ആസ്വാദന ശേഷിയും

വ്യത്യസ്ത സാഹിത്യ രൂപങ്ങളുമായുള്ള പരിചയം വിപുലമാക്കുക, ഉദാത്ത മാതൃകകൾവായിക്കാൻ പ്രേരിപ്പിക്കുയും അവയെപ്പറ്റി ചെറിയ കുറിപ്പുകൾ - ആസ്വാദനപരമായോ നിരൂപണമായോ ആയി തയ്യാറാക്കാൻ പ്രോത്സാഹിപ്പിക്കുക.

**4. <u>ഭാഷയോടും സാഹിത്യത്തോടുമുള്ള ഉദാരമനോഭാവം.</u>**

സാഹിത്യ രചനകൾ വായിച്ച് ആസ്വദിക്കുമ്പോൾ അതിനോട് ഒരടുപ്പം തോന്നുമല്ലോ. ഇത്തരം നിരവധി അനുഭവങ്ങൾ ഉണ്ടാകുന്നതിനിടയ്ക്കും സാഹിത്യ കൃതികളോടും സാഹിത്യകാരന്മാരോടും ഒരു പ്രത്യേക അടുപ്പവും ആദരവും വളർന്നുവരും. ഈ ഉദാത്തമനോഭാവം വ്യാപകമായ വായനയ്ക്കും ആസ്വാദനത്തിനുമൊക്കെ പ്രേരണ നൽകും പാഠ്യാനുബന്ധ പ്രവർത്തനങ്ങളുടെ ഭാഗമായി ഇത്തരം കൃതികളുമായും കർത്താക്കളുമായും പരിചയം വളർത്താനും അവയുടെ ആസ്വാദനത്തിലൂടെ അവരെ ആരാധിക്കാനുള്ള അവസരങ്ങൾ ഒരുക്കുകയുമാവാം. ക്ലാസ്സുകളുടെ നിലവാരം ഉയരുന്തോറും ഇത്തരം പ്രവർത്തനങ്ങളുടെ വ്യാപ്തിയും ആഴവും വർദ്ധിപ്പിക്കണം.

### ഗദ്യപാഠങ്ങളുടെ അദ്ധ്യാപന രീതി

1. അദ്ധ്യാപനത്തിന് പൊതുവായ ചില രീതികളുണ്ട്. അദ്ധ്യാപകന്റെ യുക്തിപൂർവ്വമായ സമീപനമാണ് ബോധനത്തിന്റെ വിജയത്തിന് വഴിതെളിക്കുന്നത്. അതിനാൽ അദ്ധ്യാപകന്റെ കഴിവുകൾ ഒരു പരിധിക്കുള്ളിൽ ഒതുക്കി നിർത്തുന്നത് ശരിയല്ല. ഒരു പാഠം വിജയകരമായും ഫലപ്രദമായും

ആകുന്നതിന് താഴെ വിവരിക്കുന്ന രീതി സ്വീകരിക്കുന്നത് ഉത്തമമാണ്.

**പഠന സന്നദ്ധത ജനിപ്പിക്കുക (സജ്ജീകരണം)**

ഒരുപാഠം അവതരിപ്പിക്കുന്നതിനു മുമ്പ് അത് സ്വീകരിക്കാൻ കുട്ടികളുടെ മനസ്സിനെ സന്നദ്ധമാക്കുക. ഏതൊരു പുതിയകാര്യം ആരംഭിക്കുന്നതിനും സന്നദ്ധത ആവശ്യമാണ്. പുതിയ പാഠത്തെപ്പറ്റി പല കാര്യങ്ങളിലും കുട്ടികൾക്ക് അറിവുണ്ടായിരിക്കും. ഇങ്ങനെ അറിവിൽപ്പെട്ട കാര്യങ്ങളെപുതിയ വിജ്ഞാനവുമായി ബന്ധിപ്പിക്കുമ്പോഴാണ് ധാരണ അർത്ഥപൂർണ്ണമാകുന്നത്. പൂർവ്വവിജ്ഞാനത്തിൽ നാം അവതരിപ്പിക്കുന്ന പാഠഭാഗവുമായി ഏതംശത്തിനാണോ ബന്ധമുള്ളത് അത് തട്ടിയുണർത്തി നൂതന വിജ്ഞാനവുമായി ഘടിപ്പിക്കുകയാണ് അദ്ധ്യാപകന്റെ പ്രഥമ കർത്തവ്യം. കഥയോ സംഭാഷണ പാഠമോ, വിവരണമോ എന്തും ആയിക്കൊള്ളട്ടെ. പാഠഭാഗത്തിന്റെ പ്രത്യേക സ്വരൂപം നന്നായി ഗ്രഹിച്ച് കുട്ടികളുടെ മനസ്സ് സന്നദ്ധമാക്കുകയാണ് പ്രാരംഭത്തിൽ ചെയ്യാനുള്ളത്.

പ്രഭാഷണ രൂപത്തിലോ, സംഭാഷണത്തിൽ ഏർപ്പെട്ടോ ചോദ്യോത്തര രീതിയിലോ ഇത് നിർവ്വഹിക്കാം. പ്രഭാഷണമാകുമ്പോൾ കുട്ടികൾ വെറും ശ്രോതാക്കളായി മാറും എന്ന ദോഷമുണ്ട്. അവരെ പ്രതികരണ നിരതരാക്കുവാൻ ചോദ്യോത്തര രീതിയായിരിക്കും നന്ന്. പ്രാരംഭം പര്യവസാനിക്കേണ്ടത് പുതിയ പാഠത്തിന്റെ ഉദ്ദേശ്യം സമാന്യം വ്യക്തമാക്കിക്കൊ ാ ണ്.

**2. പാഠാവതരണം (Presentation)**

പഠനത്തിന് കുട്ടികളെ മാനസികമായി സന്നദ്ധരാക്കി കഴിഞ്ഞാൽ പാഠം അവതരിപ്പിക്കാം. പാഠം അധ്യാപകൻ വായിക്കണം. പാഠം ദീർഘമാണെങ്കിൽ ഓരോ ഭാഗങ്ങളായി അവതരിപ്പിക്കാം. ആശയം ആസ്പദമാക്കിയായിരിക്കണം ഈ വിഭജനം. അധ്യാപകന്റെ വായന മാതൃകയാവണം. അർത്ഥ വ്യക്തത ഉണ്ടാകത്തക്കവിധമാകണം വായന. അതിൽ നിന്ന് പാഠം സംബന്ധിച്ച സാമാന്യ ബോധം കുട്ടികൾക്ക് ലഭിക്കേണ്ടതാണ്.

**3. സ്ഥൂലപഠനം (General Study)**

പാഠം അധ്യാപകൻ അവതരിപ്പിച്ചുകഴിഞ്ഞാൽ മൗനമായി വായിക്കാൻ കുട്ടികൾക്ക് അവസരം നൽകണം. ഇതിന് നിശ്ചിതമായ സമയം മാത്രമേ അനുവദിക്കാവൂ. ഈ വായന ശ്രദ്ധാപൂർവ്വം നടത്താൻ പ്രേരണ നൽകുന്ന ഒരു രീതി അദ്ധ്യാപകൻ അവലംബിക്കണം. തുടർന്ന് പാഠത്തിലെ കേന്ദ്രാശയം മാനസ്സിലായോ എന്ന് പരിശോധിക്കാനായി ഏതാനും ചോദ്യങ്ങൾ ചോദിക്കാം. സ്ഥൂലമായ അംശങ്ങളെ മുൻനിർത്തിയാവണം ഈ ഘട്ടത്തിലെ ചോദ്യങ്ങൾ. പാഠഭാഗത്തിന്റെ ഏതംശമാണ് കുട്ടികൾക്ക് കൂടുതൽ ദുർഗ്രാഹ്യമെന്ന് കണ്ടെത്താനും ആ ഭാഗം കൂടുതൽ വിശദീകരിക്കാനും സ്ഥൂലപഠനത്തിലെ പ്രതികരണങ്ങൾ വഴി നൽകുന്നതാണ്.

**4. സൂക്ഷ്മപഠനം.**

അദ്ധ്യാപനത്തിലെ ഏറ്റവും പ്രധാനഘട്ടമാണ് ഒരാവൃത്തികൂടി അധ്യാപകൻ പാഠഭാഗം വായിക്കണം, പാഠത്തിന്റെ ഓരോ അംശവും പ്രത്യേകം പ്രത്യേകം അവതരിപ്പിക്കുകയും വിശദീകരിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുന്നു. ഭാഷാപഠനം വ്യാകരണ സംബന്ധവുമായ കാര്യങ്ങൾ വിശദമായി പഠിപ്പിക്കേണ്ടത് ഈ ഘട്ടത്തിലാണ്. പാഠഭാഗത്തിന്റെ പ്രത്യേക സ്വഭാവം ഓർത്തുകൊണ്ട് അനുയോജ്യമായവ തെരഞ്ഞെടുത്ത് പ്രവർത്തനങ്ങളും വിശദീകരണങ്ങളും നൽകുകയാണ് വേണ്ടത്.

കുട്ടികളുടെ വികസന നിലവാരത്തിനൊത്ത് പഠന പ്രവർത്തനങ്ങൾ ക്രമീകരിക്കണം.

**5. പുനരവലോകനം**

ഈ ഘട്ടത്തിൽ പാഠഭാഗം ഏതാനും കുട്ടികളെക്കൊണ്ട് ശ്രാവ്യമായി വായിപ്പിക്കാവുന്നതാണ്. അതിനു ശേഷം പ്രധാനാംശങ്ങൾ ചോദ്യോത്തര രൂപത്തിലോ സംഗ്രഹിച്ചോ കുട്ടികളെക്കൊണ്ട് പറയിപ്പിക്കണം.

**6. നിയോഗാഭ്യാസം**

പഠിച്ചകാര്യങ്ങൾ ആവർത്തിച്ചുറപ്പിക്കാനുള്ള അഭ്യാസങ്ങൾ കുട്ടികൾക്ക് നൽകണം. ഗൃഹപഠനം തന്നെയാണിത്. കേവലം പാഠ്യവസ്തുക്കളിൽ ഒതുക്കാതെ പഠാനുബന്ധ പ്രവർത്തനങ്ങൾങ്ങൾക്കുള്ളനിർദ്ദേശങ്ങൾ കൂടി ഉൾക്കൊള്ളുന്നതായിരിക്കണം ഗൃഹപാഠം. നിയോഗാഭ്യാസം പഠിച്ചതിന്റെ അനുബന്ധ പ്രവർത്തനമാകാം. ഗൃഹപാഠം എല്ലാവരും ചെയ്യാൻ നിഷ്കർഷിക്കണം.

സാഹിത്യ പ്രസ്ഥാനത്തേയും സാഹിത്യകാന്മാരേയും സംബന്ധിച്ച വിവരങ്ങൾ പ്രാരംഭത്തിലോ പാഠാവസാനത്തിലോ നൽകാം.

# 2. കവിതാബോധനം

വികാരത്തിന്റെ ഭാഷയായ കവിതയും ചിന്തയുടെ ഭാഷയായ ഗദ്യവും തമ്മിൽ ആന്തരികമായും ബാഹ്യമായും വ്യത്യാസമുണ്ട്. വ്യത്യസ്ത ധർമ്മങ്ങളാണ് ഓരോന്നും നിർവ്വഹിക്കുന്നത്. ഗദ്യത്തിന്റെ ലക്ഷ്യം ആശയ വൈശദ്യമാണെങ്കിൽ കവിതയുടേത് ആസ്വാദനവും വികാര പ്രചോദനവുമാണ്. വികാരത്തെ പ്രചോദിപ്പിച്ച് പുതിയ അനുഭൂതി മണ്ഡലങ്ങിൽ വ്യാപരിക്കാനുതകുന്ന ഭാവനാത്മകവും സൗന്ദര്യാത്മകവുമായ അന്തരീക്ഷം ഒരുക്കിയെടുക്കുകയാവണം കവിതാ ബോധനത്തിൽ നിർവ്വഹിക്കേണ്ടത്. ഗദ്യം ചിന്തയുമായും യുക്തിബോധവുമായും ബന്ധപ്പെടുമ്പോൾ കവിത ഹൃദയ വികാരങ്ങളുമായി ബന്ധപ്പെടുന്നു. കവിതയെക്കുറിച്ചുള്ള അടിസ്ഥാനപരമായ ചില വസ്തുതകൾ മനസ്സിലാക്കിയാൽ മാത്രമേ കവിതാ അധ്യാപനം വിജയകരമായി നടത്താൻ കഴിയൂ.

**എന്താണ് കവിത**

ഒരു നിർവ്വചനത്തിൽ ഒതുക്കി നിറുത്താവുന്നതല്ല കവിതയുടെ രൂപഭാവങ്ങളും ധർമ്മങ്ങളും. പാശ്ചാത്യ മീമാംസകരും പൗരസ്ത്യ കാവ്യമീമാംസകരും കവിതയെ പലതരതത്തിൽ നിർവ്വചിച്ചിട്ടുണ്ട്. എങ്കിലും ഈ നിർവ്വചനങ്ങളൊന്നും പൂർണ്ണമല്ല. വികാരത്തിന്റെ ഭാഷയും സൗന്ദര്യത്തിന്റെ ആവിഷ്കാരവുമാണ് കവിതയെന്ന് സാമാന്യമായിപറയാം. കവിയുടെ വൈകാരികമായ ഉദ്വേഗത്തിൽ നിന്നാണ് കവിത ജനിക്കുന്നത്. കവിയുടെ ലാവണ്യബോധം അതിനെ ആകർഷകവും സൗന്ദര്യാത്മകവും ആക്കുന്നു. ഭാവനയും വികാരവും ഒത്തിണങ്ങുമ്പോഴാണ് സൗന്ദര്യം ആസ്വാദ്യമായ അവസ്ഥയിൽ എത്തുന്നത്.

“ശക്തമായ വികാരങ്ങളുടെ നൈസർഗ്ഗികമായ കവിഞ്ഞൊഴുകലാണ് കവിതയെന്ന് വേർഡ്സ് വർത്ത് കവിതയെ നിർവ്വചിച്ചിരിക്കുന്നു. “സംഗീതാത്മകമായ ചിന്തയാണ് കവിതയെന്ന് കാർലൈൻ” പ്രഖ്യാപിക്കുന്നു. ഭാവനയുടെ പ്രകടനമാണ് കവിത എന്ന് ഷെല്ലി കവിതയെ നിർവ്വചിച്ചിരിക്കുന്നു. ജീവിത വിമർശനമാണ് കവിതയെന്ന് എഡ്ഗാർ അല്ലൻപോ പ്രസ്താവിക്കുന്നു.

വാക്യം രസാത്മകം കാവ്യം എന്ന് വിശ്വനാഥ കവിരാജൻ പ്രസ്താവിക്കുന്നു.

രമണീയാർത്ഥ പ്രതിപാദകം വാക്യം കാവ്യം എന്ന് ജഗനാഥ പണ്ഡിതർ കാവ്യത്തെ നിർവ്വചിച്ചിരിക്കുന്നു.

ശബ്ദാർത്ഥൌ സാഹിതൌ കാവ്യം എന്ന് ഭാമഹൻ കാവ്യത്തെ നിർവ്വചിച്ചിരിക്കുന്നു.

മേൽ വിവരിച്ച നിർവ്വചനങ്ങൾ കവിതയെ സംബന്ധിച്ച ചില പൊതുതത്വങ്ങളിൽ ചെന്നെത്താൻ സഹായിക്കുന്നു ആത്മാവിഷ്കരമാണ് കവിത. ഈ ആത്മാവിഷ്കരണത്തിന് പ്രേരകമായി വർത്തിക്കുന്നത് വികാരവും, സൗന്ദര്യബോധവും ആകുന്നു.

കവിതയുടെ പിറവിക്കുമുമ്പ് കവി അതിശക്തമായ മാനസിക ഉദ്വേഗത്തിന് വിധേയനാകുന്നു. രചനാ പ്രക്രിയ്ക്കു മുമ്പ് കവി അനുഭവിക്കുന്ന പിരിമുറുക്കമാണിത്. ഈ തീവ്രഭാവമാണ് കവിയുടെ ശക്തിക്കും വീര്യത്തിനും ആധാരം.

സൗന്ദര്യത്തിന്റെ ആവിഷ്കരണത്തിന് കലാകാരൻ ഭാഷയെ മാധ്യമാക്കുമ്പോഴാണ് അത് കവിതയായി രൂപപ്പെടുന്നത്. ഭാഷയ്ക്ക് ബാഹ്യവും ആന്തരികവുമായ രണ്ടുഭാവങ്ങളുണ്ട്. ഒന്ന് ശബ്ദ

രൂപവും മറ്റേത് ആശയ രൂപവും അപ്പോൾ കവിതയിലെ ഭാഷ സാമാന്യമായി ശബ്ദ സുന്ദരവും ആശയ സുന്ദരവുമായിരിക്കും. ശബ്ദഘടനയിലൂടെ പ്രകടമാവുന്ന ഗാനാത്മകതയും താളാത്മകതയും ആസ്വദിപ്പിക്കാൻ കുട്ടികൾ പ്രാപ്തരാകണം.

കവിതയെ ഒന്നാകെ പരിഗണിക്കുമ്പോൾ വികാരം, സൗന്ദര്യാത്മകത, ഭാവന, ഭാഷ, ഗാനാത്മകത, താളാത്മകത, ആശയം ഉക്തി  വൈചിത്ര്യം തുടങ്ങിയവയാണ് കവിതയുടെ പ്രധാനാശയങ്ങൾ.

വികാരത്തിനാണ് കവിതയിൽ പ്രഥമസ്ഥാനം വികാരം ജീവിതത്തിന്റെ അടിസ്ഥാന ഘടകമാണ്. ഹൃദയവുമായാണ് ഇത് കൂടുതൽ ബന്ധപ്പെട്ടിരിക്കുന്നത്.  ശുദ്ധമായ വികാരം ഹൃദയാനുഭവങ്ങളെ വിമലീകരിക്കുന്നു. വികാരമാണ് മനുഷ്യനെ ആവേശം കൊള്ളിക്കുന്നതും പ്രബുദ്ധനാക്കുന്നതും. കവി വികാരജീവിയാണെന്ന് പറയാറുണ്ട്. വികാരം വെറും പ്രലപനമായാൽ കവിതയാവില്ല. വികാരം ഭാഷയിലൂടെ അർത്ഥയുക്തമായി ആവിഷ്കരിക്കുമ്പോഴാണ് കവിതയാകുന്നത്. കവിയുടെ ബാഹ്യവും ആന്തരികവുമായ ജീവിതാനുഭവങ്ങളാണ് വികാരത്തിനാധാരം. 'വീണപൂവിനെ കണ്ടപ്പോൾ കവിമനസ്സ് ഉണർന്നു. വാഴക്കുലയിൽ കവിയുടെ ധർമ്മരോഷം ജ്വലിച്ചു. കർണ്ണന്റെ ജീവിതം ഭാരതീയ ജീവിത ബോധത്തിന്റെ മാറ്റുരച്ചു നോക്കാൻ കവിയെ പ്രേരിപ്പിച്ചു.

ഇതോടൊപ്പം തന്നെ മറ്റൊരു വാദഗതി നിലവിലുണ്ട്. കവിത ജീവിതത്തിന്റെ വ്യാഖ്യാനമാണ്. ജീവിതാനുഭവങ്ങളാണ് കവിതയിലൂടെ ആവിഷ്കരിക്കപ്പെടുന്നത്. ആശയപരമായി ഉള്ളടക്കം കവിതയിൽ അനിവാര്യമാണ്. ഇതു പ്രകാരം കവിത ജീവിതമല്ല. ഉദ്ബോധനം കൂടിയാണ് എന്നുവരുന്നു.

കവിതയെ ശക്തവും സുന്ദരവും ആലോചനാപരവുമാക്കാൻ ഭാവന സഹായിക്കുന്നു. സാങ്കൽപ്പികമായ അന്തരീക്ഷം സൃഷ്ടിച്ചെടുക്കാൻ ഭാവനയ്ക്ക് കഴിയും. ഇതിന്റെ അഭാവം കവിതയെ നിർജ്ജീവമാക്കും. ഭാവനാപൂർണ്ണമായ കവിതകൾക്കു മാത്രമേ വിദ്യാർത്ഥികളുടെ ഭാവനാ ശക്തിയെ പോഷിപ്പിക്കാൻ കഴിയുകയുള്ളു.

കവിതയിലെ സൗന്ദര്യവും ഭാവനയും ഭാഷാ രൂപത്തിലാണ് ആവിഷ്കൃതമായിരിക്കുന്നത്. ഭാഷയ്ക്ക് ആന്തരികം, ബാഹ്യം എന്നിങ്ങനെ രണ്ട് ഘടകങ്ങളുണ്ട്. ഒന്ന് ആശയപരവും, മറ്റേത് ശബ്ദരൂപവും ആകുന്നു. അതിനാൽ കവിതയിലെ ഭാഷ ആശയ സുന്ദരവും ശബ്ദ സുന്ദരവും ആയിരിക്കണം.

എത്ര ഉത്കൃഷ്ഠമായ ആശയമായിരുന്നാലും ആശയം ആവിഷ്കരിക്കുന്ന ഭാഷ ശുദ്ധവും ചൈതന്യവത്തും അല്ലെങ്കിൽ ഫലപ്രദവുമാവില്ല. ഭാഷയാകുന്ന മാധ്യമത്തിലൂടെയാണ് കവി തന്റെ അനുഭൂതിയും വികാരവും ചിന്തയും, സൗന്ദര്യ ബോധവും അനുവാചക  ഹൃദയങ്ങളിലേക്ക് പകരുന്നത്. കവിയുടെ വികാര നിർഭരമായ അനുഭൂതികൾ അനുവാചകരിലേക്ക് സംക്രമിപ്പിക്കുന്നത് ഭാഷയിലൂടെയാണ്.  വാക്കുകൾ കൊണ്ട് ചിത്രം വരയ്ക്കുന്ന കലാകാരനാണ് കവി. ഈ വാങ്മയ ചിത്രങ്ങൾ കവി ഭാവനയുടെ സംഭാവനയാണ്. മൂകമായ കവിതയാണ് ചിത്രകല. കവിത സംസാരിക്കുന്ന ചിത്രവും എന്ന് ഗ്രീക്ക് തത്വചിന്തകനായ സിമോനി ദസി അഭിപ്രായപ്പെടുന്നു.

ഭാഷാപരമായി ബന്ധപ്പെട്ടതാണ് കവിത. കവിത വികാരത്തിന്റെ പ്രകടനമാണെന്ന് സൂചിപ്പി

ച്ചുവല്ലോ.അതിനാൽ വികാരത്തിന്റെ ഭാഷ സ്വാഭാവികവും സംഗീതാത്മകവുമായിരിക്കണം. താള മാണ് ഗാനാത്മകതയ്ക്ക് ആധാരം. തന്റെ ഹൃദയത്തിൽ നിറഞ്ഞിരിക്കുന്ന ആശയങ്ങൾ പ്രകടിപ്പിക്കാൻ കവി തെരഞ്ഞെടുക്കുന്ന പദങ്ങളിലൂടെ കവി ഹൃദയം അനുവാചക ഹൃദയവുമായി ബന്ധപ്പെടുന്നു. കാരണം, ഗാനത്തിന് ഹൃദയത്തിലേക്ക് അതിവേഗം ആഴത്തിൽ കടന്നു ചെല്ലാൻ സാധിക്കുന്നു. കവി തയിലെ ഗാനാത്മകത ഹൃദയത്തെ ആർദ്രമാക്കുന്നു. ഭാവനയെ ഉത്തേജിപ്പിക്കുന്നു. കവിത ആസ്വദി ക്കണമെങ്കിൽ അത് ഗാനാത്മകമായിരിക്കണം. കലയുടെ അടിസ്ഥാനമാണ് താളം. കവിത താള നിബദ്ധമായതുകൊണ്ടാണ് ഈണത്തിൽ ചൊല്ലാൻ സാധിക്കുന്നത്.

കവിതയിൽ ബുദ്ധിക്കും യുക്തിക്കും തീരെ സ്ഥാനമില്ല എന്ന് കരുതരുത്. കവിയുടെ ചിന്താ പരമായ കഴിവുകൾ കവിതയിൽ പ്രത്യക്ഷപ്പെടാറുണ്ട്. ഉത്തമ കവിതകൾപലതും ഉദാത്ത സന്ദേശ ങ്ങൾ ഉൾക്കൊള്ളുന്നു. യുക്തിയുടേയും സമൂഹത്തിന്റേയും ഉൽക്കർഷമാവാം ഈ സന്ദേശത്തിന്റെ അടിസ്ഥാനം. പക്ഷേ കവിതയിൽ ആസ്വാദനത്തിനാണ് ഒന്നാംസ്ഥാനം. താൽപര്യങ്ങളുടെയും മൂല്യ ബോധത്തിന്റേയും വികസനം അതിനോടൊപ്പം ഉണ്ടാകണം എന്നു മാത്രം.

**കവിതയുടെ വ്യത്യസ്ഥ രൂപഭാവങ്ങൾ**

ആവിഷ്കരണത്തെ മുൻനിർത്തി സാഹിത്യത്തെ പൊതുവെ രണ്ടായി തിരിക്കാം. ആത്മനി ഷ്ഠമെന്നും, വസ്തു നിഷ്ഠമെന്നും വൈകാരിക അനുഭവങ്ങളാണ് ആത്മ നിഷ്ഠ കവിതകൾക്ക് വിഷയമാകുന്നത്.

അന്യരുടെ അനുഭവങ്ങളോ, സാമൂഹിക സംഭവങ്ങളെയും പ്രമേയമാക്കി എഴുതുന്നവയാണ് വസ്തുനിഷ്ഠ കവിതകൾ.

ബോധന സമ്പ്രദായത്തെ ലക്ഷ്യമാക്കി ഉദ്ബോധന പ്രധാനമായ കവിതയും ഹൃദയഹാരി യായ കവിതയും ഉണ്ട്. ജീവിതത്തെ അതിന്റെ ആഴത്തിൽ സ്പർശിച്ച് ജീവിത ബോധവും മനുഷിക മൂല്യങ്ങളും അനുവാചകരെ ബോദ്ധ്യപ്പെടുത്തുകയാണ് ഉദ്ബോധന പ്രദങ്ങളായ കവിതകളുടെ ലക്ഷ്യം. ഉദാ. കുടിയൊഴിപ്പിക്കൽ, മഗ്ദലന മറിയം, ദുരവസ്ഥ.

ഹൃദയ ഹാരികളായ കവിതകളിൽ പ്രധാനം ചന്ദനക്കട്ടിൽ, കേരളം വളരുന്നു, മനസ്വിനി, തുടങ്ങിയവയാണ്.

ആശയാവിഷ്കാര ത്തിന്റെ സ്വഭാവം അനുസരിച്ച് കവിതയെ വീണ്ടും ഐന്ദ്രിക കവിത, സൈദ്ധാന്തിക കവിത, ദാർശനിക കവിത, എന്നിങ്ങനെ വിഭജിക്കാം.

**3. കവിതയുടെ ധർമ്മം**

കലയുടെ അഥവാ സാഹിത്യത്തിന്റെ പരമമായ ധർമ്മം ഹൃദയ സംസ്കരണമാണ്. ആനന്ദാ നുഭൂതിയോടൊപ്പം ഉൽക്കൃഷ്ട ജീവിത മൂല്യങ്ങളും കവിതാ പാരായണത്തിൽ നിന്ന് ലഭിക്കുന്നു. ആ ജീവിത മൂല്യങ്ങൾ ഹൃദയ ഭാവങ്ങളെ ശക്തമാക്കുന്നു, സംസ്കരിക്കുന്നു. യഥാർത്ഥ ജീവിത ത്തിലെ അനുഭവങ്ങളിൽ അഹിതമായ അംശങ്ങളും ഉൾപ്പെടുന്നു. കവിതാ പാരായണത്തിൽ ഹൃദയം ഉത്തേജിതമാവുന്നു. ഹൃദയത്തിന്റെ ഈ പരിണാമത്തിന് വിമലീകരണം (Purification) എന്നു പറയുന്നു. ഇങ്ങനെ വിമലീകരിച്ച ഹൃദയത്തിൽ മാത്രമേ സ്നേഹത്തിന്റെയും സംസ്കരണത്തി ന്റെയും വിത്തുകൾ മുളപ്പിച്ചെടുക്കാൻ കഴിയൂ.

കവിത ഉത്തേജകമാണ്. കവിതയിലൂടെ കൈവരുന്ന ഉത്തേജകം ജീവിതപുരോഗതി ത്വരിതപ്പെടുത്തുന്നു. നമ്മെ കർമ്മോത്സുകരാക്കാനും ഇത് സഹായിക്കുന്നു. കലാസ്വാദന താൽപര്യം ജനിപ്പിക്കുക എന്നത് കവിതയുടെ മറ്റൊരു ധർമ്മമാണ്. കവിതയുടെ ഘടകങ്ങളായ, സൗന്ദര്യം, ഭാവന, ഭാഷ, ഗാനാത്മകത, ആശയം, ഉക്തിവൈചിത്ര്യം ഇവ യഥാവിധി യോജിച്ച് ഈ ഗുണം ഉണ്ടാക്കണം.

**4. കവിതയ്ക്ക് പ്രാധാന്യം**

1. വ്യക്തിത്വത്തിന്റെ സൗന്ദര്യാത്മകവും അന്തർജ്ഞാനപരവുമായ ഭാവങ്ങൾ പോഷിപ്പിക്കാനും പ്രകടിപ്പിക്കാനും കവിത സഹായകമാകുന്നു.
2. ഉൽകൃഷ്ടവികാരത്തോടെ ജീവിതത്തെ അഭിമുഖീകരിക്കാനുള്ള മാർഗ്ഗമാണ് കവിത.
3. താള പ്രധാനമായതിനാൽ ഗദ്യത്തേക്കാൾ ഹൃദിസ്ഥമാക്കാൻ എളുപ്പമാണ് കവിത.
4. കവിതയുടെ ഗാനാത്മകത പ്രഭാഷണത്തിൽ സ്വാഭാവികമായ ശൈലി കൈവരുത്താൻ സഹായിക്കുന്നു.
5. കവിതയുടെ ആവർത്തനം വാക്യമാതൃകകൾ മനസ്സിൽ സംഭരിച്ച് വയ്ക്കാൻ സഹായിക്കുന്നു.
6. കലാഭിരുചിയും സർഗ്ഗാത്മക വാസനയും വികസിക്കുന്നു.
7. സാംസ്കാരിക പുരോഗതി കൈവരിക്കുന്നു.

**5. കവിതാ ബോധന ലക്ഷ്യങ്ങൾ**

കുട്ടികളുടെ പദാവലി വികസിപ്പിക്കുന്നതിനോ സാമാന്യ വിജ്ഞാനം, ആശയ പ്രകടന ശേഷി ഇവ അഭിവൃദ്ധിപ്പെടുത്തുന്നതിനോ കവിതാ പാഠത്തിൽ ഒരിക്കലും പ്രത്യക്ഷമായി ഉദ്യമിക്കരുത്. കഠിന പദങ്ങൾ യഥാവസരം വ്യാഖ്യാനിച്ചുകൊടുക്കണം. എന്നാൽ ഇതല്ല കവിതാദ്ധ്യാപനത്തിന്റെ ലക്ഷ്യം. കവിതാദ്ധ്യാപനത്തിന്റെ ഉദ്ദേശ്യം ഓരോ പഠിതാവിനും പുതിയ അനുഭൂതിയുടെ തീക്ഷണവും യഥാർത്ഥവുമായ ആനന്ദം അനുഭവപ്പെടുത്തി കൊടുക്കുക എന്നതാണ്. കവിതാദ്ധ്യാപനത്തിന്റെ ലക്ഷ്യങ്ങൾ താഴെ കാണുന്ന വിധം സംഗ്രഹിക്കാം.

**1. വിദ്യാർത്ഥികളുടെ സൗന്ദര്യ ബോധം വികസിപ്പിക്കുക**

സൗന്ദര്യം ആസ്വദിക്കാനും കലയുടെ താള ലയങ്ങൾ മനസ്സിലാക്കി ആനന്ദിക്കാനും അവരെ പ്രാപ്തരാക്കുക. സൗന്ദര്യം ആസ്വദിക്കാൻ കഴിയാതിരുന്നാൽ, കലാ പ്രകടനത്തിന്റെ ചാരുത കണ്ടെത്താനുള്ള ഈ പ്രാപ്തി നേടാതിരിക്കാൻ, കലാപരമായി നേടിയ നൈപുണ്യമോ അറിവോ സ്വയം മനസ്സിലാക്കി ആസ്വദിക്കാൻ കഴിയാതെ വന്നാൽ വിദ്യാഭ്യാസ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കാനാവില്ല.

**2. വൈകാരികാനുഭവങ്ങൾ നൽകുക**

അനുഭവങ്ങളിലൂടെ വൈകാരിക പരിശീലനം വിദ്യാർത്ഥികൾക്ക് ലഭിക്കുന്നു. വൈകാരിക വികസനവും സാധിക്കുന്നു. വ്യക്തി സത്തയുടെ മുഖ്യാംശമാണിത്.

**3. വിദ്യാർത്ഥികളുടെ സർഗ്ഗാത്മകമായ കഴിവുകൾ പോഷിപ്പിക്കുക.**

**കവിതാസ്വാദനം**

ആസ്വാദനം മുൻ നിർത്തിയാണ് കവിതാദ്ധ്യാപനം നടത്തേണ്ടത്. കവിയുടെ അനുഭൂതി മണ്ഡല

ത്തിലേയ്ക്ക് അനുവാചക ഹൃദയം നടത്തുന്ന കാവ്യാത്മകമായ തീർത്ഥാടനമാണ് ആസ്വാദനം. മഹത്തായ ഒരു പ്രക്രിയയാണിത്. ഉദാത്തമായ കവി ഭാവനയിൽ വിളഞ്ഞു നിൽക്കുന്ന ഉൽക്കടവും ഉൽകൃഷ്ടവുമായ വികാരങ്ങൾ ഹൃദയത്തിന് അനുഭവപ്പെടുത്തികൊടുക്കുന്നത് ആസ്വാദനമാകുന്നു. കവിതാ രചനയിൽ കവിയ്ക്ക് പ്രേരകമായി നിന്ന ഹൃദയ ഭാവങ്ങളും മാനസിക ഭാവങ്ങളും മാനസി കവൃത്തികളും അതേ രൂപത്തിൽ തന്നെ അനുവാചക ഹൃദയത്തിൽ പകരുമ്പോഴേ കവിതയുടെ ആസ്വാദനം പൂർണ്ണമാവൂ. ചുരുക്കത്തിൽ കവി കണ്ടതും അനുഭവിച്ചതും ചിന്തിച്ചതും അതേ ഭാവ തീവ്രതയോടെ അനുവാചകൻ സ്വയം അനുഭവിച്ചറിയുന്നു. ആസ്വാദനത്തിലൂടെ കവി ഹൃദയം അനു വാചക ഹൃദയവുമായി താദാത്മ്യം പ്രാപിച്ചാണ് ഈ പ്രക്രിയ പൂർണ്ണമാവുന്നത്.

**6. അദ്ധ്യാപന സമ്പ്രദായം**

മുമ്പ് കവിത അഭ്യസിപ്പിച്ചിരുന്നത് ആശയം വിശദീകരിക്കുന്ന രീതിയിലായിരുന്നു. കവിതയെ സമീപിച്ചിരുന്നതും തന്നെ ബുദ്ധി കൊണ്ടായിരുന്നു. അദ്ധ്യാപകൻ കവിത ചൊല്ലി കഠിന പദങ്ങ ളുടെ അർത്ഥം പറഞ്ഞു കൊടുക്കും. പിന്നീട്, സന്ധി, സമാസം, വ്യാകരണ കാര്യങ്ങൾ ഇവ വിശദീ കരിക്കുകയായി. കാവ്യ ഭാഗത്തെ ആസ്പദമാക്കി ചില ചോദ്യങ്ങൾ ചോദിക്കുന്നു. നിശ്ചിത വരികൾ ഹൃദിസ്ഥമാക്കാൻ ആവശ്യപ്പെടുന്നു. ഇത്രയും കൊണ്ട് അദ്ധ്യാപകൻ തൃപ്തനായാൽ കവിതയുടെ ജീവനും സൗന്ദര്യവും പഠിതാക്കൾക്ക് അന്യമാവുന്നു.

കവിതാഭാഗം വാസ്തവത്തിൽ വ്യാകരണ കാര്യങ്ങളുടെ ശിക്ഷണത്തിനോ യുക്തി വിചാരണ ത്തിനോ ഉള്ളതല്ല. പരോക്ഷമായി ഇവ പലതും നടക്കുമെങ്കിലും പ്രത്യക്ഷത്തിൽ ഇത് ഹൃദയ സംസ്ക രണത്തിനുള്ള പാഠമാണ്. തന്മൂലം വൈകാരിക മേഖലയുടെ വികസനത്തിനായുള്ള പഠന ബോധന ശൈലിയാണ് കവിതാ ബോധനത്തിൽ സ്വീകരിക്കേണ്ടത്. അല്ലാതെ ബൗദ്ധിക വികസനത്തിന്റെത ല്ല. ജന്മ സിദ്ധമായ കഴിവുകൾക്കൊപ്പം കർമ്മ സിദ്ധമായ കഴിവുളും കവിത പഠിപ്പിക്കുന്ന അദ്ധ്യാപ കൻ കൈവരിക്കണം.

**1. സജ്ജീകരണം (പശ്ചാത്തല സൃഷ്ടി)**

കവിത അവതരിപ്പിക്കുന്നതിനു മുമ്പ് അതിന്റെ പശ്ചാത്തലം അഥവാ കവി ആ കവിത രചിക്കാ നുണ്ടായ സാഹചര്യം വിദ്യാർത്ഥികൾക്ക് പരിചിതമാകണം. ഇതിന് ചിലപ്പോൾ പ്രതിപാദ്യവസ്തു വിന്റെ വ്യഖ്യാനം വേണ്ടി വരും. അതുമായി ബന്ധപ്പെട്ട് അദ്ധ്യാപകന്റെ ധാരണകളും അനുഭൂതി കളും വിദ്യാർത്ഥികളിലേയ്ക്ക് പകരണം. പൂർവ്വ വിജ്ഞാനവുമായി ബന്ധപ്പെടുത്തി കവിതയിലെ ഭാവം അറിയാനുള്ള സന്നദ്ധത വളർത്തണം. അതിനായി അദ്ധ്യാപകന് സ്വന്തം സൂചനകൾ നൽകു കയും ആവാം.

**2. പാഠാവതരണം**

കവിതാ ഭാഗം സ്വീകരിക്കുന്നതിന് കുട്ടികളുടെ മനസ്സിനെ സന്നദ്ധമാക്കി കഴിഞ്ഞാൽ കവിത ചൊല്ലി അവതരിപ്പിക്കാം. വ്യക്തമായും സ്ഫുടമായും ഭാവാനുസൃതമായും കഴിയുമെങ്കിൽ സ്വരമധു രമായും കവിത ചൊല്ലേണ്ടതാണ്. അദ്ധ്യാപകൻ കാവ്യഭാഗം ഹൃദിസ്ഥമാക്കി കുട്ടികളെ ചൊല്ലി കേൾപ്പിക്കുന്നത് അഭികാമ്യമാണ്. ഈ സമയത്ത് കുട്ടികൾ കേട്ട് രസിച്ചാൽ മതി, കവിതയുടെ വൈകാ രിക ഭാവം ചോർന്നു പോകാതെ വേണം കവിത ആലപിക്കേണ്ടത്. വൃത്തത്തിലെ ഈണത്തിന് അമിത പ്രാധാന്യം നൽകരുത്. ഈണത്തിന് പ്രാധാന്യം നൽകുന്നതിനോടൊപ്പം പ്രാധാന്യം ഭാവ ത്തിനും നൽകേണ്ടതാണ്.

അദ്ധ്യാപകന് മധുരമായി ചൊല്ലാൻ കഴിയില്ലെങ്കിൽ കാസറ്റുകളുടെ സഹായം അവലംബിക്കാവുന്നതാണ്. വായനയിൽ കവിതയുടെ സൗന്ദര്യം, വൃത്തം, ശയ്യാഗുണം, ആശയം, ചമൽക്കാര ഭംഗി ഇവയെല്ലാം സ്ഫുരിക്കണം. ഒന്നോ രണ്ടോ തവണ കവിത ഭംഗിയായി ചൊല്ലണം. അപ്പോൾ കുട്ടികൾക്ക് പുസ്തകം നോക്കാം. ചിലരെക്കൊണ്ടെങ്കിലും കവിതാഭാഗം ഉറക്കെ വായിപ്പിക്കേണ്ടതാണ്. ചെറിയ കവിതകളാണെങ്കിൽ മുഴുവൻ കവിതയും ഒന്നാകെ അവതരിപ്പിക്കാം. ദീർഘങ്ങളാണെങ്കിൽ സൗകര്യ പ്രദമായ ഖണ്ഡങ്ങളാക്കാവുന്നതാണ്.

**3. സ്ഥൂല പഠനം**

കവിതാദ്ധ്യാപനത്തിൽ മൗന വായനയ്ക്ക് വലിയ സ്ഥാനമില്ല. വാചിക വായന നടത്തി സ്ഥൂല പഠനം ആരംഭിക്കാവുന്നതാണ്. ആശയത്തിൽ കേന്ദ്രീകരിക്കുന്ന ഉത്തരം ലഭിക്കത്തക്ക വിധം ചോദ്യങ്ങൾ ചോദിക്കണം. ഭാഷാപരമായോ വ്യാകരണപരമായോ ഉള്ള ചോദ്യങ്ങൾക്ക് സ്ഥാനമില്ല. ആസ്വാദനത്തിലേയ്ക്ക് നയിക്കുന്ന ചോദ്യങ്ങൾക്കാണ് പ്രാമുഖ്യം. കവിതയുടെ സൗന്ദര്യാംശം നഷ്ടപ്പെടാത്തവിധത്തിൽ കവിതാ ഭാഗം ഉദ്ധരിച്ചുകൊണ്ടുള്ള ചോദ്യങ്ങളാണ് അഭികാമ്യം. കഴിയുന്നതും കവിതാഭാഗങ്ങൾ തന്നെ ഉദ്ധരിച്ച് ഉത്തരം പറയാൻ പ്രോത്സാഹിപ്പിക്കണം. ചമൽക്കാരപ്രധാനമായ വരികൾ ശ്രദ്ധയിൽ കൊണ്ടു വരാനും ഈ ഘട്ടത്തിൽ ശ്രമിക്കേണ്ടതാണ്.

**4. സൂക്ഷ്മ പഠനം**

കവിത വീണ്ടും വായിച്ച് ആസ്വാദനപരമായ ചോദ്യങ്ങൾക്ക് ഉത്തരം പറയിക്കണം. ആസ്വാദ നത്തിന് തടസ്സം നിൽക്കുന്ന പദങ്ങളോ സംഘാതങ്ങളോ ഉണ്ടെങ്കിൽ അർത്ഥ ബോധം നൽകാം. ഏതെങ്കിലുമൊരു ഭാഗം വിശദീകരണം.അർഹിക്കുന്നുവെങ്കിൽ അദ്ധ്യാപകൻ അത് നിർവ്വഹിക്കണം. വ്യാഖ്യാനമോ വിശദീകരണമോ അധികമാവരുത്. വിശദീകരണ സമയത്ത് ഓരോ പ്രയോഗത്തിന്റെയും ഔചിത്യവും പ്രസക്തിയും സാരസ്യവും കുട്ടികളുടെ ശ്രദ്ധയിൽ കൊണ്ടു വരണം. എന്തുകൊണ്ട് കവി ഈ പ്രയോഗം നടത്തി, അഥവാ ഈ ശീർഷകം കൊടുത്തു എന്ന നിലയിൽ ചിന്തിക്കാൻ കുട്ടികളെ പ്രേരിപ്പിക്കണം. അപ്പോൾ മാത്രമേ ആസ്വാദന തലത്തിലേയ്ക്ക് കുട്ടികളുടെ ചിന്തയും മനസ്സും വ്യാപരിക്കുകയുള്ളൂ.

കവിയുടെ വിഭാവനകൾ പ്രതിവിഭാവനം ചെയ്യണം. വിവരിച്ചുകാണിക്കുന്ന സങ്കല്പ ചിത്രങ്ങൾ കണ്ണടച്ചു സങ്കൽപ്പിക്കാനും അത് വർണ്ണിക്കാനും ആവശ്യപ്പെടാം. കവിയുടെ സങ്കല്പങ്ങൾ അനുകരിക്കുന്നതും ഒരേ വിഷയം പ്രമേയമാക്കി പല കവികൾ എഴുതിയ ഭാഗങ്ങൾ അവതരിപ്പിച്ച് അവയുടെ സാമ്യ വ്യാഖ്യാനങ്ങൾ കാട്ടി കൊടുക്കുന്നതും നല്ലതാണ്. കവിതയുടെ സാരം സ്പഷ്ടമാവണമെന്നില്ല. എന്തുകൊണ്ടെന്നാൽ സാരം കവിതയല്ല. യഥാർത്ഥത്തിൽ കവിതയുടെ സാരം അതിന്റെ സൗന്ദര്യമാണ്. കവിതയുടെ സാരമായ സൗന്ദര്യം അനുഭവവേദ്യമാക്കിക്കൊടുക്കുകയാണ് വ്യാഖ്യാനത്തിന്റെ ലക്ഷ്യം. അലങ്കാരങ്ങൾ പ്രത്യേകമായി പഠിപ്പിക്കാതെ കവിതയുമായി ബന്ധപ്പെടുത്തി പഠിപ്പിച്ചാൽ മതി.

സൂക്ഷ്മ പഠന സമയത്ത് തങ്ങളുടെ മനോഗതിയും അഭിപ്രായവും തുറന്നറിയിക്കാൻ പഠിതാക്കൾക്ക് അവസരം കൊടുക്കണം. കവിതാഭാഗം കുട്ടികളിൽ ഏതുവിധത്തിലുള്ള ചലനങ്ങൾ സൃഷ്ടിച്ചു എന്നതാണ് വ്യക്തമാക്കേണ്ടത്. കവിതയിലെ ഏതെങ്കിലും ഒരു പ്രത്യേക ഭാഗമാവാം ചില കുട്ടികളുടെ ഹൃദയത്തെ സ്പർശിച്ചത്. അത് വ്യക്തമാക്കാനുള്ള സ്വാഭാവിക താത്പര്യം കുട്ടികൾക്ക്

ഉണ്ടായേ മതിയാവൂ. കവിതാ ബോധം സംബന്ധിച്ച കുട്ടികളുടെ പ്രാഥമിക പ്രതികരണമാണിത്.

**7. കവിതാദ്ധ്യാപനം ലോവർ പ്രൈമറി തലം**

പ്രാഥമിക തലത്തിലെ കവിതാദ്ധ്യാപനം കേവലമായ ആസ്വാദനത്തിനപ്പുറത്തേയ്ക്ക് കടക്കേണ്ടതില്ല. കുട്ടികളുടെ ലോല ഭാവനകൾക്കും കിശോര സങ്കൽപ്പങ്ങൾക്കും യോജിച്ച കവിതകളാണ് പ്രാഥമിക തലത്തിൽ നൽകേണ്ടത്. താള പ്രധാനമായി, ഗാനാത്മകമായി കവിത ചൊല്ലാനും അതിന്റെ താള രൂപഭംഗി ആസ്വദിക്കാനും ഉള്ള കഴിവാണ് കുട്ടികൾക്കുണ്ടാവേണ്ടത്. ഇതിന് സഹായകമായ അദ്ധ്യാപന രീതിയാണ് അദ്ധ്യാപകർ അവലംബിക്കേണ്ടത്. കവിത വ്യാഖ്യാനിച്ച് വിലയിരുത്താനോ വൈചിത്ര്യം വിശദീകരിക്കാനോ അദ്ധ്യാപകർ തയ്യാറാക്കേണ്ടതില്ല.

ആസ്വാദനത്തിനും, ആശയ ഗ്രഹണത്തിനും തടസ്സം നിൽക്കുന്ന ഭാഷാ പ്രയോഗങ്ങളോ സൂചിത കഥകളോ ഉണ്ടെങ്കിൽ അവ അദ്ധ്യാപകൻ വിശദീകരിച്ചുകൊടുക്കണം. കവിത ഈണത്തിൽ ചൊല്ലാൻ കുട്ടികളെ പരിശീലിപ്പിക്കുന്നതിനോടൊപ്പം കവിത ഹൃദിസ്ഥമാക്കാൻ അവരെ പ്രേരിപ്പിക്കുകയും ചെയ്യണം.

ലാളിത്യവും ആവിഷ്ക്കരണ സൗകുമാര്യവും പ്രാസഭംഗിയുമെല്ലാം പ്രാരംഭതലത്തിലെ കവിതാപാഠങ്ങൾക്കുണ്ടായിരിക്കേണ്ടതാണ്. കുട്ടികളുടെ സൗന്ദര്യബോധവും ഭാവനാ ശക്തിയും വികസിപ്പിക്കുന്നതിനോടൊപ്പം അവരിൽ സഹജമായി കാണുന്ന കലാപരമായ സൃഷ്ടിയെ വളർത്തിയെടുക്കാൻ ഉതകും വിധം അദ്ധ്യാപകൻ തന്റെ ബോധന രീതി ക്രമീകരിക്കണം.

**അപ്പർപ്രൈമറി**

ലോവർ പ്രൈമറി തലത്തെ അപേക്ഷിച്ച് കൂടുതൽ അർത്ഥപുഷ്ടവും, ആശയാവിഷ്ക്കരണ പ്രധാനവുമാകും ഈ ഘട്ടത്തിൽ എടുത്തു ചേർത്ത കവിതാ ഭാഗങ്ങൾ. കുട്ടികളുടെ സ്വയം പ്രകടനത്തിന് ഈ ഘട്ടത്തിൽ കൂടുതൽ സന്ദർഭങ്ങൾ സൃഷ്ടിക്കേണ്ടതുണ്ട്. താഴ്ന്ന ക്ലാസ്സുകളിൽ പഠിച്ച കവിതാഭാഗവുമായി താരതമ്യം ചെയ്യാനും സമാനകവിതകൾ കണ്ടെത്താനുമുള്ള പരിശീലനം ആരംഭിക്കേണ്ടതാണ്. പഠിച്ച കവിതാ ഭാഗത്തെ അനുകരിച്ചുകൊണ്ട് കവിതയെഴുതാൻ കുട്ടികൾക്ക് പ്രേരണ നൽകുകയുമാവാം. മുൻ ക്ലാസ്സുകളിൽ പഠിച്ച അതേ കവിയുടെ തന്നെ കവിതാ ഭാഗമാണ് പഠിക്കാനുള്ളതെങ്കിൽ രണ്ടിന്റെയും ആശയവും രചനാ രീതിയും എത്ര കണ്ട് വ്യത്യസ്ഥമായിരുന്നുവെന്ന് ചൂണ്ടിക്കാട്ടാവുന്നതാണ്.

**താരതമ്യം**

കവിതാദ്ധ്യാപനം പൂർണ്ണതയിൽ എത്തുന്നത് താരതമ്യ പഠനത്തോടെയാണ്. പഠിക്കുന്ന കവിതകളുമായി ആശയ സാദൃശ്യമോ വ്യതിരിക്തതയോ ഉള്ള ഇതര കവിതകളുമായി അദ്ധ്യേതാക്കളെ പരിചയപ്പെടുത്തണം. ഒരേ പ്രമേയം തന്നെ പല കവികൾ എങ്ങനെയാണ് ആവിഷ്ക്കരിച്ചിരിക്കുന്നതെന്ന് ഉദാഹരണ സഹിതം വ്യക്തമാക്കണം. കേരളത്തിന്റെ പ്രകൃതി സൗന്ദര്യം ഉള്ളൂർ, വള്ളത്തോൾ, ചങ്ങമ്പുഴ എന്നീ കവികൾ എങ്ങനെയാണ് ആവിഷ്ക്കരിച്ചിരിക്കുന്നതെന്ന് അവരുടെ കവിതകൾ ഉദ്ധരിച്ച് വ്യക്തമാക്കാം. കാളിയ മർദ്ദനം പ്രമേയമാക്കി വള്ളത്തോൾ, ചങ്ങമ്പുഴ എന്നീ കവികൾ എങ്ങനെയാണ് ആവിഷ്ക്കരിച്ചിരിക്കുന്നതെന്ന് അവരുടെ കവിതകൾ ഉദ്ധരിച്ച് വ്യക്തമാക്കാം. ഇതേ പ്രമേയം കൃഷ്ണഗാഥയിലും ശ്രീ കൃഷ്ണചരിതം മണി പ്രവാളത്തിലും (കുഞ്ചൻ നമ്പ്യാർ) കാണാം. ഓരോ കവിയും ഈ പ്രമേയം എപ്രകാരമാണ് കൈകാര്യം ചെയ്തിരിക്കുന്നതെന്ന് മനസ്സി

ലാക്കുന്നത് പല വിധത്തിൽ ഗുണകരമാണ്.

**പുനരവലോകനം**

കുട്ടികളുടെ ആസ്വാദന ശേഷിയും ആശയ ശ്രവണ സാമർത്ഥ്യവും മനസ്സിലാക്കാൻ ഉതകുന്ന തായിരിക്കണം പുനരവലോകന ചോദ്യങ്ങൾ. വിദ്യാർത്ഥികൾ എത്രത്തോളം ആസ്വദിച്ചു എന്ന പരിശോധനയാണ് മുഖ്യമായും നടത്തേണ്ടത്. ചോദ്യങ്ങൾ യാന്ത്രികമായാൽ പ്രതീക്ഷിക്കുന്ന പ്രയോജനം ലഭിക്കുകയില്ല. കവിതയിൽ പഠിതാവ് ഉൾക്കൊണ്ട വൈകാരികവും സൗന്ദര്യാത്മകവുമായ അനുഭൂതികളാണ് പരിശോധിക്കുന്നത്.

**പഠിതാവിന്റെ ഭാവന ഉദ്ദീപിപ്പിക്കാൻ കൂടി പര്യാപ്തമാവണം ചോദ്യങ്ങൾ**

**നിയോഗാഭ്യാസങ്ങൾ**

കുട്ടികളുടെ സർഗ്ഗാത്മക പ്രവർത്തനങ്ങൾക്ക് സഹായകമായ വിധത്തിലായിരിക്കണം നിയോഗാഭ്യാസങ്ങൾ. സാരസ്യം വ്യക്തമാക്കാൻ,പദ പ്രയോഗത്തിന്റെ ഔചിത്യം വ്യക്തമാക്കാൻ, ശീർഷകം നിർദ്ദേശിക്കാൻ എന്നിവ ആവശ്യപ്പെടാം. കവിതയെപ്പറ്റി ആസ്വാദനം തയ്യാറാക്കാൻ നിർദ്ദേശിക്കാവുന്നതാണ്.കവിയുടെ ഇതരകവിതകൾ വായിക്കാൻനിർദ്ദേശിക്കാവുന്നതാണ്.കവിത ഹൃദിസ്ഥമാക്കാൻ കുട്ടികളോട്ആവശ്യപ്പെടാം.കവിതരൂപാന്തരപ്പെടുത്തി നാടകമോ കഥയോ കഥാപ്രസംഗമോ എഴുതാൻ കുട്ടികളോട് ആവശ്യപ്പെടാം. പ്രത്യേകിച്ചും വൈകാരികാനുഭൂതിക്കും വൈകാരിക സംസ്ക്കരണത്തിനു മറ്റും ബന്ധപ്പെട്ട മറ്റു വ്യവഹാരങ്ങളുടെ വികസനത്തിനും സഹായകമായ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകുന്ന ഒരു ശൈലിയാണ് കവിതാ ബോധനത്തിൽ അവലംബിക്കേണ്ടത്.

# 3. ഉപപാഠബോധനം

**മുഖവുര**

വിദ്യാർത്ഥികളുടെ സാഹിത്യാഭിരുചി വർദ്ധിപ്പിക്കുന്നതിനും സ്വതന്ത്രവും വ്യാപകവുമായ ഗ്രന്ഥപാരായണത്തിൽ താത്പര്യം വളർത്തുന്നതിനും വേണ്ടി സൂക്ഷ്മപഠനത്തിനുള്ള പുസ്തകങ്ങൾ കൂടാതെ ഉപപാഠപുസ്തകങ്ങൾ കൂടി പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ചിരിക്കുന്നു. വിദ്യാർത്ഥികളുടെ സ്വതന്ത്രമായ പഠനത്തിന് വിട്ടുകൊടുക്കേണ്ടവയാണ് ഉപപാഠപുസ്തകങ്ങൾ. പക്ഷേ അങ്ങനെ വിട്ടുകൊടുത്താൽ അവർ അനാസ്ഥ കാണിക്കും. അതിനാൽ ഉപപാഠപുസ്തകങ്ങളെ ആസ്പദമാക്കിയും പരീക്ഷകൾ നടത്തി. അപ്പോൾ ഉപപാഠപുസ്തകവും വിശദമായി പഠിപ്പിക്കാൻ അദ്ധ്യാപകർ നിർബന്ധിതരായി

പ്രധാനമായും മൂന്നു ലക്ഷ്യങ്ങളെ ആസ്പദമാക്കിയാണ് ഉപപാഠ പുസ്തകം പഠിപ്പിക്കുന്നത്.

1. ഭാഷാപരം
2. ബുദ്ധിപരം
3. സാഹിത്യപരം

**1. ഭാഷാപരമായ ലക്ഷ്യം**

പ്രധാന പാഠപുസ്തകങ്ങളിൽ നിന്നും നേടിയ ഭാഷാപരമായ കാര്യങ്ങൾ കൂടുതൽ വിപുലമാക്കാനും പ്രയോഗിക്കാനുമുള്ള പരിശീലനം ലഭിക്കുന്നത് ഉപപാഠ പുസ്തകം വഴിയാണ്. പ്രധാന പാഠപുസ്തകത്തിൽ പരിചയപ്പെട്ട പദാവലി ഉപപാഠപുസ്തകത്തിലൂടെ നിത്യ സുഹൃത്തുക്കളായി മാറുന്നു. പാഠപുസ്തകത്തിൽ സൂക്ഷ്മ പഠനത്തിലുൾപ്പെടാത്ത പദങ്ങളോ ശൈലിയോ ഒന്നും തന്നെ ഉപപാഠപുസ്തകത്തിൽ കടന്നു വരാൻ പാടില്ല. അങ്ങനെ പറയാറുണ്ടെങ്കിലും ഉപപാഠ പുസ്തകത്തിന്റെ തരമനുസരിച്ച് ഈ നിബന്ധന അതേപടി പാലിക്കപ്പെടാൻ കഴിയാറില്ല.

**2. ബുദ്ധിപരമായ ലക്ഷ്യം**

പ്രായോഗിക ജീവിതത്തിൽ ഏറ്റവും പ്രയോജനപ്രദമായ ഒന്നാണ് മൗനവായന. ഭാഷാപരമായ ഈ നൈപുണിക്ക് അവസരം നൽകുക വഴി ബുദ്ധിയുടേയും ചിന്തയുടേയും ക്രമാനുഗതമായ വളർച്ചയ്ക്ക് ഉപപാഠ പുസ്തകം പ്രയോജനപ്പെടുന്നു. ഉപപാഠപുസ്തകത്തിൽ പ്രകടിപ്പിക്കപ്പെട്ട ആശയങ്ങളും ചിന്തകളും കൂടുതൽ ആഴത്തിലും പരപ്പിലും മനസ്സിലാക്കാനും അതിനെ ഉപജീവിച്ച് തന്റെ വിജ്ഞാന മണ്ഡലം വിപുലമാക്കാനും വിദ്യാർത്ഥികൾക്ക് അവസരം ലഭിക്കുന്നു.

**3. സാഹിത്യപരമായ ലക്ഷ്യം**

വിദ്യാസമ്പന്നനായ ഒരാൾക്ക് പുസ്തകങ്ങളുമായുള്ള ആത്മാർത്ഥബന്ധം ശരിയായ ആനന്ദം നൽകുന്നു. വിശ്രമ വേളകൾ ശരിയായി വിനിയോഗിക്കാനും സാഹിത്യാഭിരുചി വളർത്താനും വായന പ്രയോജനപ്പെടുന്നു. അതിനാൽ പുസ്തക പാരായണത്തിൽ താത്പര്യം വളർത്തേണ്ടത് അദ്ധ്യാപകന്റെ കർത്തവ്യമാണ്. ഇങ്ങനെ പുസ്തകത്തിൽ മറഞ്ഞു കിടക്കുന്ന ആനന്ദാനുഭൂതി ബോധപൂർവ്വം അനുഭവിക്കാൻ ഒരു തവണ ഇട വന്നാൽ കുട്ടികൾ സ്വയം പ്രചോദിതരായി പുസ്തകം വായിക്കുകയും ആനന്ദത്തിന്റെയും വിജ്ഞാനത്തിന്റെയും പുതിയ മേച്ചിൽ സ്ഥലങ്ങൾ കണ്ടെത്തുകയും ചെയ്യും. പാഠ്യ വസ്തുക്കൾ, വിവിധ ഭാഷാ പ്രയോഗങ്ങൾ, മുതലായവ കൊണ്ട് പ്രധാന പാഠപുസ്തകം നിറ

ഞ്ഞിരിക്കുന്നതിനാൽ ആനന്ദകരമായ വായനയ്ക്ക് യോജിച്ചതല്ല. ഒരു നല്ല ഉപപാഠ പുസ്തകം ഈ കുറവ് പരിഹരിക്കുന്നു. ഗ്രന്ഥശാലകൾ വേണ്ട വിധം പ്രയോജനപ്പെടുത്താൻ വഴി തെളിക്കുന്നതും ഉപപാഠപുസ്തകങ്ങളാണ്. ഇങ്ങനെ കുട്ടികളുടെ വായനാശീലവും സാഹിത്യാഭിരുചിയും പോഷിപ്പിക്കാൻ ഉപപാഠപുസ്തകം സഹായിക്കുന്നു.

**2. ഉപപാഠപുസ്തകത്തിന്റെ ലക്ഷണങ്ങൾ**

കുട്ടികളുടെ ഭാഷാ പരിചയം, സാമാന്യജ്ഞാനം, മാനസിക വികസനം ഇവയ്ക്ക് യോജിച്ചതാകണം ഉപപാഠ പുസ്തകം. അപരിചിതമായ ഭാഷാ പ്രയോഗങ്ങൾ ഉപപാഠ പുസ്തകത്തിൽ അധികം ഉണ്ടാവരുത്. തൊട്ടുമുമ്പുള്ള ക്ലാസ്സിൽ പഠിച്ച പ്രധാന പാഠപുസ്തകത്തിൽ നിന്ന് മനസ്സിലാക്കിയ പ്രായോഗിക രീതികളും ശൈലികളും ആവർത്തിക്കത്തക്കവിധം തെരഞ്ഞെടുത്തതാവണം അടുത്ത ക്ലാസ്സിലെ ഉപപാഠ പുസ്തകം. സന്ദർഭാനുസരണമേ പുതിയ പ്രയോഗങ്ങൾ അവതരിപ്പിക്കാവൂ. സ്വയം പഠിക്കാനുള്ളതാണ് ഉപപാഠ പുസ്തകം. കൂടുതൽ വ്യാഖ്യാനമോ വിശദീകരണമോ വേണ്ട ഭാഗങ്ങൾ പുസ്തകത്തിൽ കടന്നു കൂടിയാൽ ഈ ലക്ഷ്യം സാധിക്കുകയില്ല. ഉപപാഠപുസ്തകത്തിലെ ഉള്ളടക്കം രസകരമായിരിക്കണം, അതോടൊപ്പം അറിവ് നൽകുന്നതും. വിജ്ഞാനദായകത്വത്തേക്കാൾ മുൻതൂക്കം നൽകേണ്ടത് രസത്തിനാണ്. താഴ്ന്ന ക്ലാസ്സുകളിൽ കഥാ ഗ്രന്ഥങ്ങളാണ് നല്ലത്. ജീവചരിത്രം, നോവൽ, ആത്മകഥ, നാടകം, യാത്രാവിവരണം, സാഹസിക യാത്ര, ലഘു ഉപന്യാസങ്ങൾ. ഇവ പാഠപുസ്തകങ്ങൾക്ക് യോജിച്ച സാഹിത്യ ശാഖകളാണ്. ശാസ്ത്ര സംബന്ധമായ വിഷയങ്ങൾ രസകരമായും ലളിതമായും പ്രതിപാദിക്കുന്ന പുസ്തകങ്ങളും സ്വീകാര്യമാണ്. ശാസ്ത്രകാര്യങ്ങൾ കഥാരൂപത്തിൽ അവതരിപ്പിച്ചാൽ ഏറെ നന്ന്, പ്രത്യേകിച്ച് താഴ്ന്ന ക്ലാസ്സുകളിൽ. ഏതായാലും ഉത്തമ സാഹിത്യ കൃതിയായിരിക്കണം ഉപപാഠ പുസ്തകം.

**3. ബോധന രീതി**

ഉപപാഠത്തിന്റെ ബോധനം കഴിവതും കുട്ടികൾക്ക് വിട്ടുകൊടുക്കണം. അതിനുള്ള മാർഗ്ഗം അദ്ധ്യാപകൻ നിർദ്ദേശിക്കേണ്ടതാണ്.

ശ്രാവ്യവായന ഫലപ്രദമായി നടത്താൻ കഴിവുണ്ടായതിനുശേഷം മാത്രമേ ഉപപാഠപുസ്തകത്തിന്റെ പഠനം ആരംഭിക്കാവൂ. ഉപപാഠപുസ്തകത്തിന്റെ ബോധനത്തിൽ അദ്ധ്യാപകന്റെ ചുമതല പഠിപ്പിക്കുകയല്ല കുട്ടികൾ വായിച്ചു മനസ്സിലാക്കിയ കാര്യങ്ങൾ പരിശോധിക്കുകയാണ്. താഴ്ന്ന ക്ലാസ്സുകളിൽ അദ്ധ്യാപകന്റെ നിയന്ത്രണവും മാർഗ്ഗ നിർദ്ദേശവും ആവശ്യമായി വരും. ക്രമേണ ഈ കാര്യത്തിൽ നിന്ന് പിൻതിരിയണം. ക്ലാസ്സ് അദ്ധ്യാപനം (class teaching), സുശിക്ഷിതാഭ്യാസം (supervised study) നിയോഗഭ്യാസന രീതി (assignment method) ഈ രീതികളിൽ ഉപപാഠപുസ്തകത്തിന്റെ ബോധനം നിർവ്വഹിക്കണം.

**1. ക്ലാസ്സ് അദ്ധ്യാപനം**

അദ്ധ്യാപകരും അദ്ധ്യേതാക്കളും ക്ലാസ്സിൽ വച്ചു തന്നെ ഉപപാഠ പുസ്തകം പഠിപ്പിക്കുകയും പഠിക്കുകയും ചെയ്യുന്ന രീതിയാണിത്. പാഠത്തിന്റെ ഉപക്രമം എന്ന നിലയിൽ പാഠവുമായി ബന്ധപ്പെട്ട ചില വസ്തുക്കൾ അദ്ധ്യാപകൻ പറയണം. നോവലാണെങ്കിൽ ഒരദ്ധ്യായമോ നാടകമാണെങ്കിൽ ഒരു രംഗമോ വായിക്കാം. അദ്ധ്യായങ്ങൾ ദീർഘങ്ങളാണെങ്കിൽ വിഭജിച്ച് വായിക്കാം. തുടർന്ന് പാഠ ഭാഗം തുടർച്ചയായി അദ്ധ്യാപകൻ വായിക്കണം. വായിക്കുന്നതിനിടയിൽ ആവശ്യമെന്ന് തോന്നി

യാൽ ചെറിയ വിശദീകരണം നൽകണം. പ്രധാനാശയങ്ങൾ ആസ്പദമാക്കി യുക്തിയുക്തമായ ചോദ്യ ങ്ങളാണ് ചോദിക്കേണ്ടത്. ഉത്തരങ്ങൾ ഒരുമിച്ചു ചേർത്താൽ പ്രധാനാശയം ലഭിക്കണം. പുതിയ പ്രയോഗങ്ങളും ശൈലികളും പരിചയപ്പെടുത്തികൊടുക്കണം. ആശയ സംഗ്രഹം കുട്ടികളുടെ സഹാ യത്തോടെ ബോർഡിൽ എഴുതാം. ആവർത്തന ഘട്ടത്തിലാണിത് ചെയ്യേണ്ടത്. ബോർഡു ചുരുക്കം എഴുതാൻ കുട്ടികളോട് ആവശ്യപ്പെടാം. താഴ്ന്ന ക്ലാസ്സുകളിലാണ് ഈ രീതി കൂടുതൽ സ്വീകാര്യം.

**2. സുശിക്ഷിതാഭ്യാസം**

പഠിക്കാനുള്ള വസ്തുവിന്റെ ഏകദേശ രൂപം കിട്ടത്തക്കവിധം ഒരു ലഘു പ്രഭാഷണത്തോടു കൂടി അദ്ധ്യാപകൻ പാഠം അവതരിപ്പിക്കുന്നു. പാഠത്തിന്റെ സംഗ്രഹം ലഭിക്കത്തക്കവിധം ചില ചോദ്യ ങ്ങൾ ചോദിക്കുന്നു. ചിന്തോദ്ദീപകവും ബുദ്ധിപൂർവ്വകവും ആയിരിക്കണം ചോദ്യങ്ങൾ. കുട്ടികൾ പാഠ ഭാഗം മൗനമായി വായിച്ച് നിശ്ചിത സമയത്തിനുള്ളിൽ ഉത്തരം കണ്ടുപിടിക്കേണ്ടതാണ്. വളരെ വേഗം ഈ കൃത്യം നിർവ്വഹിക്കണം. പാഠ ഭാഗത്തിലൂടെ കണ്ണോടിച്ച് ആശയം വേഗം മനസ്സിലാ ക്കുള്ള കഴിവ് ഇത് മൂലം ലഭിക്കുന്നു. പുസ്തകത്തിന്റെ പേജുകൾ അതിവേഗം വായിച്ചുതീർക്കാ നുള്ള വൈദഗ്ധ്യം ഈ പ്രവർത്തനം കൊണ്ടുണ്ടാകുന്നു. കുട്ടികൾ നൽകിയ ഉത്തരങ്ങൾ ചർച്ച ചെ യ്യണം. തെറ്റുകൾ തിരുത്തി അവ ബോർഡിൽ എഴുതുകയും വേണം. തിരുത്തി ശരിയായി എഴു തിയ ഭാഗങ്ങൾ എഴുതിയെടുക്കാൻ കുട്ടികളോട് ആവശ്യപ്പെടാം.

**നിയോഗാഭ്യാസന രീതി**

പാഠ ഭാഗം വായിക്കാനുള്ള താത്പര്യം ക്ലാസ്സ് മുറിയിൽ വച്ചുതന്നെ നൽകണം. അതിനു ശേഷം പഠന നിർദ്ദേശം നൽകാം. അദ്ധ്യാപകന്റെ ചോദ്യങ്ങൾ, പാഠത്തിന്റെ ആശയം സംക്ഷേപി ക്കാനും പുതിയ ശൈലികളേയും ഭാഷാ പ്രയോഗങ്ങളേയും വേണ്ട വിധത്തിൽ ഉപയോഗപ്പെടു ത്താനും പര്യാപ്തമാവണം. ആശയ പ്രകടനശേഷി വളർത്താനാണ് ഇവിടെ ശ്രമിക്കേണ്ടത്. ഉപ പാഠ പുസ്തകം പകർത്തി എഴുതികൊണ്ടു വരുന്ന രീതിയിലാവരുത് അഭ്യാസങ്ങൾ. നിഘണ്ടു, വിശ്വവിജ്ഞാന കോശം തുടങ്ങിയവ ആവശ്യാനുസരണം ഉപയോഗിക്കാനുള്ള പരിശീലനം ഈ അവസരത്തിൽ നൽകേണ്ടതുണ്ട്. ഈ വിധത്തിലായിരിക്കണം പുതിയ പദങ്ങളുടെ അർത്ഥവും പ്രയോ ഗവും മറ്റും മനസ്സിലാക്കേണ്ടത്.

ഉപപാഠപുസ്തകത്തിന്റെ തരവും ഗുണവുമനുസരിച്ച് അതിന്റെ അദ്ധ്യാപന രീതിയിലും വൈവി ദ്ധ്യമുണ്ടാവുന്നതാണ്. അനുയോജ്യമായ ആമുഖം, ഉചിതമായ ചോദ്യങ്ങൾ ഇവ ഏതു രീതി അവലം ബിച്ചാൽ ആവശ്യമായി വരും. നാടകമാണെങ്കിൽ, വെറുതെ വായിച്ചു വരാൻ പറഞ്ഞതു കൊണ്ടു മാത്രമായില്ല. നാടക രൂപത്തിൽ തന്നെ വായിച്ച് അഭിനയിക്കാനുള്ള അവസരമൊരുക്കണം. അതോ ടൊപ്പം പാഠ ഭാഗത്തുള്ള ആശയങ്ങൾ ചോദ്യരൂപത്തിലാക്കി ഉത്തരങ്ങൾ കണ്ടെത്തി എഴുതുകയും വേണം.

**ഉപസംഹാരം**

സർഗ്ഗശേഷിയുടെ വികസനത്തിനു സഹായകമായ നിയോഗാഭ്യാസങ്ങൾ നൽകുകയും പാഠാ നുബന്ധ പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കുകയും ചെയ്യാം. ഉപപാഠ പുസ്തകത്തിലെ പ്രതിപാദ്യം അതിനു പറ്റിയ രീതിയിൽ ഉപയോഗിക്കണം. ഉദാഹരണമായി ഒരു കഥയെ നാടക രൂപത്തിലാക്കുക. ഒരു സംഭവം പ്രത്യേക രീതിയിൽ മാറ്റി എഴുതുക എന്നിങ്ങനെ ഭാവനയ്ക്കൊത്ത് പല അഭ്യാസങ്ങൾ നൽകാം.

അദ്ധ്യായം 27

# വ്യാകരണാദ്ധ്യാപനം

**ആമുഖം**

ആശയ വിനിമയോപാധിയായ ഭാഷയുടെ ഉപയോഗം വിവിധ രീതിയിൽ പ്രചരിച്ചപ്പോൾ ഉണ്ടായ സ്ഥായിയായ ലക്ഷണങ്ങൾക്ക് ഏകീകരണവും ദൃഢതയും വരുത്തുന്നതിന് രൂപപ്പെടുത്തിയ നിയമസംഹിതയാണ് വ്യാകരണം. വ്യാകരണം ഭാഷയ്ക്ക് മുമ്പല്ല, ശേഷമാണ് ഉണ്ടായത്. അതിനാൽ ഭാഷ അൽപ്പമെങ്കിലും അഭ്യസിച്ചിട്ടേ വ്യാകരണം പഠിക്കാവൂ.

വ്യാകരണം ഭാഷാ ശരീരത്തിൽ ലയിച്ചു കിടക്കുന്നു. ഭാഷയുടെ ശാസ്ത്രമാണ് വ്യാകരണം. അത് വാക്യഘടനയെ പ്രായോഗികമായി അപഗ്രഥിക്കുന്നു.

മുൻകാലത്ത് വ്യാകരണത്തിൽ അവഗാഹം നേടിയതിനുശേഷമായിരുന്നു ഭാഷാ പഠനം. എന്നാലിന്ന് വിദ്യാലയങ്ങളിൽ വ്യാകരണം ഒരു പ്രത്യേക വിഷയമായിപ്പോലും പഠിക്കുന്നില്ല. ഭാഷാപഠനത്തോടൊപ്പം തന്നെ വ്യാകരണ പഠനവും സ്വാഭാവികമായി നടക്കണം.

**1. സാർവ്വലൗകിക വ്യാകരണം**

ഭാഷ സ്വയം ഉൽപ്പാദിപ്പിക്കാനുള്ള നൈസർഗ്ഗികശേഷി ജന്മ സിദ്ധമാണ്. എന്നാണ് പ്രസിദ്ധ ഭാഷാ ശാസ്ത്രജ്ഞനായ നോം ചോംസ്കിയുടെ സിദ്ധാന്തം. കാരണം, സാമൂഹിക ജിവിയെന്ന നിലയിൽ സമൂഹത്തിലെ മററംഗങ്ങളുമായി സംവദിക്കുക മൗലികമായ ഒരാവശ്യമാണ്. അതിനുള്ള ഉപാധിയെന്ന നിലയിൽ മറ്റു ശേഷികളെപ്പോലെ ഭാഷാ ശേഷിയും വികസിക്കണം. ഇക്കാരണങ്ങളാലാണ് എല്ലാ ഭാഷകൾക്കും ഭാഷാ പ്രയോഗ നിയമങ്ങൾ സാധർമ്മ്യം കാണിക്കുന്നത്. അതാണ് സാർവ്വലൗകിക വ്യാകരണം. മനുഷ്യന്റെ മൗലികമായ ചിന്തയും വ്യാപാരങ്ങളും ഏതാണ്ട് ഒന്നാണല്ലോ. ആ ചിന്തയുടെ പ്രകടനമാണ് ഭാഷ. അപ്പോൾ ഭാഷാ ഘടനയും ഒട്ടൊക്കെ സാർവ്വലൗകികമാണെന്ന് വരുന്നു.

കർത്താവ്, കർമ്മം, ക്രിയ ഇവ തമ്മിലുള്ള ബന്ധം എല്ലാ ഭാഷകളിലും പ്രായേണ ഒരുപോലെയാണ്. അതിനാൽ വിവിധ ഭാഷകളിലെ വ്യാകരണ നിയമങ്ങൾ താരതമ്യം ചെയ്ത് പഠിക്കുന്നതാണ് നല്ലത്.

**2. വ്യാകരണത്തിന്റെ പ്രാധാന്യം**

ഭാഷാദ്ധ്യാപനത്തിൽ വ്യാകരണത്തിനുള്ള പ്രാധാന്യം പണ്ടു മുതൽക്കേ ചർച്ചയ്ക്ക് വിഷയമാണ്. പ്രത്യക്ഷ ബോധന രീതി നടപ്പാക്കുന്നതിനു മുമ്പ്, ഭാഷ ശരിയായി സംസാരിക്കാനും എഴുതാനുമുള്ള കഴിവ് നേടുന്നതിന് പ്രാരംഭമായി വ്യാകരണ നിയമങ്ങൾ പഠിപ്പിച്ചു പോന്നു. വ്യാകരണ നിയമങ്ങളിൽ അവഗാഹം നേടിയവർ പിൽക്കാലത്ത് ഭാഷണത്തിനും, എഴുത്തിനും അത് ഫലപ്രദമായി പ്രയോജനപ്പെടുത്താം എന്നതായിരുന്നു അന്നത്തെ വിശ്വാസം. വ്യാകരണനിഷ്ടമായ ഭാഷ ഉറപ്പിക്കാൻ ഇത് കാരണമാവുകയും ചെയ്തു. അതിനാൽ പണ്ടുള്ള വ്യാകരണാദ്ധ്യാപകർ വ്യാകരണവും സ്വതന്ത്രവിഷയമായി പഠിപ്പിച്ചു പോന്നു.

പ്രത്യക്ഷ രീതി പ്രായോഗികമായതോടെ വ്യാകരണത്തിന് ഭാഷയിലുള്ള സ്ഥാനം വളരെ കുറ

ഞ്ഞിരിക്കുന്നു. ഭാഷ ഒരു കലയായതിനാൽ നിയമങ്ങൾ കൊണ്ടല്ല. പ്രയോഗം കൊണ്ടാണ് അത് വശമാക്കേണ്ടത് എന്ന അഭിപ്രായം ഉയർന്നു വന്നു. അനുകരണം, ബോധപൂർവ്വമല്ലാത്ത സ്വാംശീകരണം ഇവയിലൂടെ കുട്ടി ഭാഷ വശമാക്കുന്നുണ്ട്. പ്രത്യേകിച്ച് മാതൃഭാഷ. വ്യാകരണ പരവും യുക്തി പൂർവ്വകവുമായ സമീപനം ഭാഷയുടെ നൈസർഗ്ഗികതയെ ബാധിക്കുമെന്ന് വിദ്യാഭ്യാസ ചിന്തകന്മാർ അഭിപ്രായപ്പെടുന്നു.

ഭാഷാ പഠനത്തിൽ ന്യായമായ സ്ഥാനം വ്യാകരണത്തിന് നൽകണം. ആശയ പ്രകടനത്തിനുള്ള ഉപകരണം എന്ന നിലയിൽ ഭാഷയുടെ ഘടന, ശരിയായ പ്രയോഗം, വാക്കുകളുടെ വ്യാപാരം, വാക്കുകളുടെ പരസ്പര ബന്ധം ഇവ മനസ്സിലാക്കാൻ വ്യാകരണം ഉപകരിക്കുന്നു. നമ്മുടെ ഭാഷണവും എഴുത്തും ഭാഷാപരമായി ശരിയാണോ എന്ന് പരിശോധിക്കാൻ നമ്മെ പ്രാപ്തരാക്കുന്നത് വ്യാകരണമാണ്. ഭാഷാബോധനം പരാജയപ്പെടുന്ന ഘട്ടത്തിൽ നമുക്ക് മാർഗ്ഗ നിർദ്ദേശം നൽകാൻ വ്യാകരണ നിയമങ്ങൾ സഹായകമാവുന്നു.

**3. ഭാഷാബോധനത്തിൽ വ്യാകരണത്തിന് സ്ഥാനം കുറയാനുള്ള കാരണങ്ങൾ**

1. ഭാഷ ഒരു കലയാണ്. കല സ്വാധീനമാക്കുന്നത് പ്രധാനമായും ശാസ്ത്ര പരിജ്ഞാനം കൊണ്ടല്ല, അഭ്യാസം കൊണ്ടാണ്.
2. വ്യാകരണ പരിജ്ഞാനം കൊണ്ട് ഭാഷാപ്രയോഗ സാമർത്ഥ്യം ഉണ്ടാവണമെന്നില്ല.
3. വികലമായ ഭാഷാ പ്രയോഗ ശീലങ്ങളാണ് വ്യാകരണതെറ്റുകൾ വരുത്തുന്നത്.
4. വ്യാകരണ വിധികൾ ഭാഷയിൽ അന്തർലീനങ്ങളാണ്. ഭാഷേതരമായ സത്ത അതിനില്ല. അതിനാൽ ഭാഷ സാമാന്യം സ്വാധീനമാക്കുന്നതിനു മുമ്പ് വ്യാകരണ നിയമങ്ങൾ പഠിച്ചാൽ പ്രയോജനമില്ല.

**4. വ്യാകരണ ബോധന ലക്ഷ്യങ്ങൾ**

ഹൃദയാനന്ദത്തിനു വേണ്ടിയല്ല വ്യാകരണം പഠിക്കുന്നത്. ഭാഷാ പ്രയോഗത്തിൽ വരുത്തുന്ന വൈകല്യങ്ങൾ സ്വയം പരിശോധിക്കാനാണ് ഭാഷാപരമായ തെറ്റുകൾ സ്വയം തിരുത്താനും തെറ്റുകൾ ഉണ്ടാകാതിരിക്കാനും വ്യാകരണ നിയമങ്ങൾ മനഃപാഠമാക്കിയാൽ വലിയ പ്രയോജനം ഉണ്ടാവുകയില്ല. ഓരോ നിയമവും പ്രയോഗത്തിലൂടെ പഠിക്കണം. മലയാളം വ്യാകരണം ശരിക്കും പഠിച്ചാൽ ഇംഗ്ലീഷ് വ്യാകരണ പഠനവും കൂടുതൽ എളുപ്പമാവുന്നു.

വാക്യഘടന, കർത്തരി - കർമ്മണി പ്രയോഗങ്ങൾ, വിഭക്തി, ലിംഗം, വചനം ഗതി, ഘടകം, സമുച്ചയം, ചിഹ്നം, സാക്ഷാൽ സംഭാഷണം, അന്വാഖ്യാന സംഭാഷണം ഇവയിലാണ് പഠിതാക്കൾ സാധാരണ തെറ്റ് വരുത്തുന്നത്. സന്ധി, അപോദ്ധാരം, വ്യാകരിപ്പ് തുടങ്ങി വ്യാകരണ സംബന്ധമായ ഉപരിപാഠങ്ങൾ വിദ്യാർത്ഥികളുടെ ഗ്രഹണ ശേഷിയിൽ ഒതുങ്ങി നിൽക്കുന്നില്ല. ഇവയെല്ലാം ശരിയായി മനസ്സിലാക്കാൻ പ്രായോഗിക പരിശീലനം നൽകേണ്ടത് വ്യാകരണാദ്ധ്യാപനത്തിലൂടെയാവുന്നു.

**വ്യാകരണാദ്ധ്യാപനം പാഠ പുസ്തകം - രചന ഇവയുമായി ബന്ധപ്പെടുത്തുക**

വ്യാകരണാദ്ധ്യാപനം പൂർണ്ണമായും പാഠപുസ്തകത്തെ ആധാരമാക്കിയിരിക്കണം. അവഗാഢമായ പഠനത്തിനുള്ള പാഠപുസ്തകത്തിലെ ഗദ്യപാഠങ്ങൾ പഠിപ്പിക്കുമ്പോൾ വ്യാകരണ കാര്യങ്ങൾ

ബന്ധപ്പെടുത്തി പഠിപ്പിക്കണം. ഉദാഹരണങ്ങൾ വളരെയധികം പരിചയിച്ചു കഴിഞ്ഞാൽ അതിനാധാരമായ വ്യാകരണ നിയമങ്ങൾ പരാമർശിക്കാം.

ഉദാഹരണത്തിൽ നിന്ന് പൊതു നിയമങ്ങൾ കണ്ടെത്താം ഇങ്ങനെ ഗദ്യപാഠങ്ങളുമായി ബന്ധപ്പെടുത്തി ഉദാഹരണങ്ങളിലൂടെ വ്യാകരണ നിയമങ്ങൾ പഠിപ്പിക്കുന്നതിനാൽ വിദ്യാർത്ഥികളുടെ മനസ്സിൽ നിന്ന് അവ വേഗം മാഞ്ഞു പോകുന്നില്ല.

രചാഭ്യാസങ്ങളോട് ബന്ധപ്പെടുത്തി, ചിഹ്നം, ഖണ്ഡികാകരണം, മുതലായവിൽ ശരിയായ പരിശീലനം നൽകണം. ഫലപ്രദമായി വ്യാകരണം പഠിക്കുന്നതിന് ആഴ്ചയിൽ ഒരു പിരീഡ് നീക്കി വയ്ക്കുന്നത് നല്ലതാണ്. പദങ്ങളുമായി ബന്ധപ്പെടുത്തി പഠിപ്പിച്ച വ്യാകരണത്തിന് ചിട്ടയോ ക്രമീകരണമോ ഒന്നും ഉണ്ടായെന്ന് വരില്ല. അവയെല്ലാം ക്രമീകരണത്തോടെ ഒരു പ്രത്യേക ക്ലാസ്സിൽ പഠിപ്പിക്കാം.

**5. ബോധന രീതികൾ**

വ്യാകരണ നിയമങ്ങൾ വ്യക്ത്യാധിഷ്ടിതങ്ങളാണ്. ഭാഷാ പ്രയോഗത്തിന്റെ സ്വാഭാവികമായ രൂപഭദ്രത യുക്തിസഹമായ രീതിയിൽ വ്യാഖ്യാനിക്കുകയാണ് വ്യാകരണം ചെയ്യുന്നത്. യുക്തി ഭദ്രമായ ചിന്തനത്തിനുള്ള ശേഷി മനുഷ്യന് സഹജമാണ്. ഈ സഹജശേഷിയെ പ്രയോജനപ്പെടുത്തി വ്യാകരണ നിയമങ്ങൾ സ്വയം കണ്ടെത്താനും രൂപപ്പെടുത്താനും പഠിതാവിന് കഴിയും. ഈ കഴിവ് രൂപപ്പെടുത്തുകയാണ് അദ്ധ്യാപകൻ സ്വീകരിക്കേണ്ട ബോധന ശൈലി. അതിന് സഹായകമായ രണ്ടു രീതികൾ ചുവടെ ചേർക്കുന്നു.

**1. ആഗമനരീതി** (Inductive method)

ഇന്ന് വ്യാകരണദ്ധ്യാപനത്തിന് പൊതുവെ സ്വീകരിച്ചിരിക്കുന്നത് ആഗമന രീതിയാണ്. പ്രത്യക്ഷമായ ഒന്നിനെ ഊഹിച്ചെടുക്കുക എന്ന സിദ്ധാന്തത്തെ അവലംബിച്ചുള്ളതാണ് ആഗമന രീതി. സ്വാഭാവികമായ രീതിയാണിത്. വിശേഷത്തിൽ നിന്ന് സാമാന്യത്തിലേയ്ക്ക് എന്ന വിദ്യാഭ്യാസ തത്വം ഇവിടെ പിന്തുടരുന്നു. ധാരാളം ഉദാഹരണങ്ങൾ നൽകി അവയ്ക്ക് പ്രമാണങ്ങൾ കണ്ടെത്തുകയാണ് ഈ രീതിയിലെ പൊതു തത്വം.

ഉദാഹരണമായി നാമം എന്തെന്ന് പഠിപ്പിക്കണമെന്നിരിക്കട്ടെ, ആദ്യം ചില നാമ പദങ്ങൾ അദ്ധ്യാപകൻ അവതരിപ്പിക്കുകയോ കുട്ടികളെ കൊണ്ട് പറയിക്കുകയോ ചെയ്യുന്നു. ഇങ്ങനെ ഉദാഹരണങ്ങളുമായി ബന്ധപ്പെട്ടശേഷം ഉദാഹരണങ്ങളിൽ അടങ്ങിയിരിക്കുന്ന പൊതു തത്വം ഊഹിച്ചെടുക്കുന്നു. അതിന് ചിലപ്പോൾ അദ്ധ്യാപകന്റെ സഹായം വേണ്ടി വരും. പ്രമാണങ്ങൾ സ്വയം കണ്ടുപിടിക്കുന്നതിന് കുട്ടികളെ സഹായിക്കേണ്ടത് അദ്ധ്യാപകനാണ്. ഇങ്ങനെ നിരീക്ഷണം താരതമ്യപ്പെടുത്തൽ, പ്രമാണ രൂപവൽക്കരണം, അഭ്യാസങ്ങൾ എന്നീ ഘട്ടങ്ങൾ തത്വാനുമാനരീതിയ്ക്കുണ്ട്.

യുക്തമായ കുറെ ഉദാഹരണങ്ങൾ നൽകി അവ നിരീക്ഷിക്കാനുള്ള അവസരം ആദ്യം കുട്ടികൾക്ക് നൽകുന്നു. അവ പരിശോധിച്ച് താരതമ്യം നടത്തുന്നു. താരതമ്യപ്പെടുത്തുന്നതിലൂടെ പ്രമാണത്തിൽ എത്തിച്ചേരണം. അവസാനം പ്രമാണങ്ങളും പ്രയോഗങ്ങളും ഉറപ്പിക്കാൻ ധാരാളം അഭ്യാസങ്ങൾ നൽകണം. തത്വാനുമാന രീതിയുടെ അവസാന ഘട്ടത്തിൽ തത്വസമർത്ഥന രീതിയും പ്രയോഗിക്കാം. അപ്പോഴേ പ്രയോഗങ്ങൾ ഉറപ്പിക്കാൻ കഴിയൂ. വ്യാകരണാദ്ധ്യാപനത്തിൽ സർവ്വ സാധാരണയായി ഈ സമ്പ്രദായം സ്വീകരിച്ചിരിക്കുന്നു. ഈ രീതിതന്നെയാണ് വൃത്താലങ്കാരങ്ങളുടെ അദ്ധ്യാപനത്തിലും സ്വീകരിക്കേണ്ടത്.

**2. നിഗമനരീതി** (Deductive Method)

വ്യാകരണാദ്ധ്യാപനത്തിന് മുമ്പ് സ്വീകരിച്ചു പോന്നിരുന്ന രീതിയാണിത്. പ്രയോഗങ്ങൾ അവതരിപ്പിക്കുകയോ ചൂണ്ടിക്കാണിക്കുകയോ ചെയ്യാതെ ആദ്യം പ്രമാണങ്ങൾ അവതരിപ്പിക്കുകയത്രേ നിഗമന രീതിയുടെ സ്വഭാവം. വ്യാകരണ സംബന്ധമായ നിർവ്വചനങ്ങൾ അദ്ധ്യാപകൻ ആദ്യം നൽകുന്നു. തുടർന്ന് പ്രമാണങ്ങൾ ശരിയാണെന്ന് തെളിയിക്കാൻ ഉതകുന്ന ഉദാഹരണങ്ങൾ നൽകുന്നു. നിർവ്വചനം പറഞ്ഞു കൊടുത്താൽ അത് മനഃപാഠമാക്കാനുള്ള നിർദ്ദേശം നൽകും.

ഉദാ. നാമം എന്തെന്ന് പഠിപ്പിക്കാൻ എന്തിന്റെ എങ്കിലും പേരായ ശബ്ദം നാമം എന്ന് പറയണം. ഈ നിർവ്വചനം ആദ്യം കൊടുത്ത് ഉദാഹരണങ്ങൾ പിന്നീട് നൽകുകയാണ് പതിവ്. ഉദാഹരണങ്ങൾ വിശദീകരിച്ച് നിർവ്വചനത്തിൽ അടങ്ങിയ തത്വം സമർത്ഥിക്കേണ്ട ചുമതല അദ്ധ്യാപകനാണ്. ഒടുവിൽ ധാരാളം അഭ്യാസങ്ങൾ ചെയ്യിച്ച് പ്രമാണവും അതിന്റെ പ്രയോഗവും ഉറപ്പിക്കണം. ഈ രീതി അവലംബിക്കുമ്പോൾ കുട്ടികളേക്കാളേറെ പ്രവർത്തിക്കുന്നത് അദ്ധ്യാപകനാണ്. കുട്ടികളിൽ അധികവും കേൾവിക്കാർ മാത്രമായിരിക്കും. തത്വങ്ങളിൽ നിന്ന് ഉദാഹരണം കണ്ടെത്തി അത് സമർത്ഥിക്കുന്നതിനാൽ ഈ രീതിയ്ക്ക് നിഗമന രീതി അഥവാ തത്വ സമർത്ഥന രീതി എന്നു പറയുന്നു. നിർവചനം, ഉദാഹരണം, വിശദീകരണം, പരീക്ഷണം എന്നീ ഘടകങ്ങളാണ് ഈ രീതിയ്ക്കുള്ളത്. പൊതുവെ ഈ രീതി ഇപ്പോൾ പിൻതുടരാറില്ല.

**വ്യാകരണദ്ധ്യാപനം വിവിധ ഘട്ടങ്ങളിൽ**

**1. പ്രാഥമിക ഘട്ടം (ഒന്നാം ഘട്ടം)**

പ്രാരംഭ ഘട്ടത്തിൽത്തന്നെ ശരിയായ ഭാഷാ പ്രയോഗശീലങ്ങൾ ഉറപ്പിക്കണം. പ്രാഥമിക കാര്യങ്ങൾ ബോധപൂർവ്വമല്ലാതെ തന്നെ കുട്ടികൾ മനസ്സിലാക്കണം. ഉയർന്ന ക്ലാസ്സിലെത്തുമ്പോൾ ഭാഷാപഠനവും വ്യാകരണ പഠനവും കൂടുതൽ എളുപ്പമാക്കാൻ ഇത് സഹായകമാകും. കർത്താവ്, കർമ്മം, ക്രിയ, വിശേഷണം തുടങ്ങിയ പ്രാഥമിക പാഠങ്ങൾ പ്രൈമറി ഘട്ടത്തിൽ തന്നെ ഉറപ്പിക്കേണ്ടതാണ്. ചോദ്യങ്ങൾക്കുള്ള ഉത്തരം പൂർണ്ണ വാക്യങ്ങളിൽ പറയിക്കാനും സ്വന്തമായി വാക്യം രചിക്കാനും പരിശീലനം നൽകണം.

**2. രണ്ടാം ഘട്ടം**

പ്രാഥമികമായ വ്യാകരണ കാര്യങ്ങൾ ഈ ഘട്ടത്തിൽ അവതരിപ്പിച്ച് തുടങ്ങാം. തത്വാനുമാന രീതിയാണ് ഇവിടെ അവലംബിക്കേണ്ടത്. ലിംഗം, വചനം, വിഭക്തി, തുടങ്ങിയ ആശയങ്ങളെ സംബന്ധിച്ച് അടിസ്ഥാനപരമായ ജ്ഞാനം ഈ ഘട്ടത്തിൽ നൽകേണ്ടതാണ്. ഗദ്യപാഠങ്ങളുമായി ബന്ധപ്പെടുത്തിയും ധാരാളം ഉദാഹരണം നൽകിയുമാണ് അദ്ധ്യാപനം നിർവഹിക്കേണ്ടത്. വൃത്താലങ്കാരങ്ങളെക്കുറിച്ച് പ്രാഥമിക ജ്ഞാനം ഈ ഘട്ടത്തിന്റെ അവസാനത്തിൽ നൽകാവുന്നതാണ്.

**3. മൂന്നാം ഘട്ടം (ഹൈസ്കൂൾ ഘട്ടം)**

വ്യാകരണത്തിന്റെ വിപുലമായ പഠനമാണ് ഈ ഘട്ടത്തിൽ നടത്തേണ്ടത്. അപ്പർ പ്രൈമറി ഘട്ടത്തിൽ പഠിച്ച കാര്യങ്ങൾ കൂടുതൽ ആഴത്തിലും പരപ്പിലും മനസ്സിലാക്കാനുള്ള അവസരങ്ങളുണ്ടാവണം. കൂടാതെ സന്ധി, സമാസം, വാക്യപരിവർത്തനം, ആഖ്യാന സംഭാഷണം, അന്വാഖ്യാനം, ചിഹ്നം ഇവയിലും വിശദമായ ഉൾക്കാഴ്ച വളർത്തണം. പാഠ പുസ്തകങ്ങളുമായി ഇവയുടെ പഠനവും പരിശീലനവും ബന്ധപ്പെടുത്തുകയും കുട്ടികളുടെ രചനാഭ്യാസങ്ങളിൽ പ്രയോജനപ്പെടുത്തുകയും വേണം.

വൃത്താലങ്കാരങ്ങളെക്കുറിച്ചുള്ള കൂടുതൽ പഠനം ഈ ഘട്ടത്തിൽ നടത്താം. ലക്ഷ്യ ലക്ഷണങ്ങൾ അദ്ധ്യാപകൻ വിശദീകരിച്ചശേഷം മറ്റുദാഹരണങ്ങൾ കുട്ടികൾ കണ്ടെത്തണം. പ്രായോഗികപരിശീലനത്തിന് ധാരാളം അഭ്യാസങ്ങൾ നൽകണം. പരിചയമില്ലാത്ത കാവ്യഭാഗങ്ങൾ കൊടുത്തുകൊണ്ട് വൃത്തം, അലങ്കാരം ഇവ കണ്ടെത്താനും നിഗമനങ്ങൾ സമർത്ഥിക്കാനും ആവശ്യപ്പെടാം.

**അദ്ധ്യാപകന്റെ കർത്തവ്യം**

വ്യാകരണം പഠിക്കാൻ സ്വാഭാവികമായ താത്പര്യം കുട്ടികൾക്കില്ല. നിർജ്ജീവവും രസഹീനവുമായ അദ്ധ്യാപനമാണ് ഇതിന് കാരണം. ഈ തകരാറ് ബുദ്ധിപൂർവ്വകവും രസകരവുമായ സമീപനത്തിലൂടെ അദ്ധ്യാപകന് പരിഹരിക്കാം. വ്യാകരണ നിയമങ്ങൾ തത്വാനുമാന രീതിയിൽ പഠിപ്പിക്കണം. തുടർന്ന് തത്വസമർത്ഥന രീതി അവലംബിച്ച് അഭ്യാസങ്ങൾ നൽകാം. അപ്പോൾ കുട്ടികൾ ശ്രദ്ധിക്കും. അവർക്ക് താത്പര്യം ഉണ്ടാകും. വ്യാകരണം ഫല പ്രദമായി പഠിക്കാൻ അദ്ധ്യാപകന്റെ ആത്മാർത്ഥമായ പ്രയത്നം ആവശ്യമാണ്. മാത്രമല്ല, വ്യാകരണത്തിൽ തികഞ്ഞ അവഗാഹം ഉണ്ടായിരിക്കണം. അദ്ധ്യാപകന്റെ സൂക്ഷ്മതയും സഹിഷ്ണുതയും ബോധപൂർവ്വമായ സമീപനവും ഉണ്ടെങ്കിലേ പഠനം വിജയിക്കുകയുള്ളൂ.

മലയാള വ്യാകരണത്തിന് ഇംഗ്ലീഷ് വ്യാകരണവുമായി അടുപ്പമുള്ളതിനാൽ മലയാളാദ്ധ്യാപകന് ഇംഗ്ലീഷ് വ്യാകരണത്തിൽ സാമാന്യ ജ്ഞാനം ഉണ്ടായിരിക്കും. ആവശ്യം വരുമ്പോൾ ഇതര ഭാഷകളിലെ വ്യാകരണ നിയമങ്ങൾ പരിചയപ്പെടുത്താം. മറ്റൊന്ന് സംസ്കൃത വ്യാകരണത്തിലേക്കുള്ള അറിവാണ്. തൽഭവങ്ങളായും തത്സമങ്ങളായും ഒട്ടനവധി പദങ്ങൾ മലയാളത്തിൽ നിലവിലുണ്ട്. സംസ്കൃത വ്യാകരണത്തിന്റെ പ്രാഥമിക പാഠങ്ങളെങ്കിലും വശമില്ലെങ്കിൽ അദ്ധ്യാപകന് പ്രയാസം അനുഭവപ്പെടും. പ്രമേയങ്ങൾ ചേർക്കുക, പദങ്ങൾ സമാസിക്കുക, പദങ്ങൾ സന്ധി ചെയ്യുക തുടങ്ങിവയിൽ പ്രത്യേകിച്ചും. വൃത്താലങ്കാരങ്ങളെ സംബന്ധിച്ച് മലയാളം സംസ്കൃതവുമായി വളരെയേറെ ബന്ധപ്പെട്ടിരിക്കുന്നു. സംസ്കൃതത്തിലെ അലങ്കാരങ്ങളാണ് മലയാളത്തിലുള്ളത്. മലയാള മഹാകാവ്യങ്ങളും ഖണ്ഡകാവ്യങ്ങളിൽ പലതും സംസ്കൃത വൃത്തത്തിൽ രചിച്ചിരിക്കുന്നു. അതിനാൽ സംസ്കൃത വൃത്തങ്ങളിലും അലങ്കാരങ്ങളിലും ഭാഷാദ്ധ്യാപകന് ആവശ്യമായ അറിവ് ഉണ്ടായിരിക്കണം.

## അദ്ധ്യായം - 28

# പാഠ്യാനുബന്ധ പ്രവർത്തനങ്ങളും ഭാഷാപഠനവും

**മുഖവുര**

വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം വ്യക്തിയുടെ സമഗ്രവും ഒത്തിണക്കമുള്ള വ്യക്തിത്വ വികസനം സാദ്ധ്യമാക്കാൻ സഹായിക്കുമാറ് അയാളുടെ ആന്തരിക ശേഷി വികസിപ്പിക്കുക എന്നതാണ് എന്ന് രവീന്ദ്രനാഥ ടാഗോർ അഭിപ്രായപ്പെടുന്നു.

എത്ര നന്നായി ആസൂത്രണം ചെയ്ത് എത്ര കാര്യക്ഷമമായി നടപ്പിലാക്കിയാലും ഒരു പാഠ്യ പദ്ധതിയിലൂടെ മാത്രം വിദ്യാഭ്യാസ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കാൻ കഴിയില്ല. നമ്മുടെ വിദ്യാലയങ്ങളിൽ ഇപ്പോൾ നിലവിലിരിക്കുന്ന ഭാഷാ ബോധന ശൈലി പരിശോധിച്ചാൽ ഏറിയാൽ ബൗദ്ധിക മേഖലയുമായി ബന്ധപ്പെട്ട അഭ്യസനം നൽകാൻ കഴിഞ്ഞേക്കാം. ആ അറിവ് ഭാവി ജീവിതത്തിലോ വർത്തമാന ദൈനംദിന പ്രവർത്തനങ്ങളിൽ പോലുമോ പ്രയോഗിക്കാനുള്ള ശേഷി അവർ ആർജ്ജിക്കുന്നില്ല.

അനുഭവത്തിൽ നിന്ന് മനസ്സിലാവുന്നത് പാഠ്യപ്രവർത്തനങ്ങൾകൊണ്ടു മാത്രം പഠിതാവിന്റെ സർവ്വതോന്മുഖമായ വികസനം സാദ്ധ്യമാവില്ലെന്നാണ്. അതുകൊണ്ട് ഈ ഉദ്ദേശ്യത്തെ ഗുണമാക്കി ചില ചലനാത്മക പരിപാടികൾ കുട്ടികൾക്ക് നൽകേണ്ടി വരും. ഭാഷാ പഠനത്തിലും സാഹിത്യ പഠനത്തിലും അതിനുള്ള സാദ്ധ്യത ഏറും. അത്തരം പ്രവർത്തനങ്ങളെ പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ എന്നാണ് വിശേഷിപ്പിക്കാറ്. കാരണം അവ പ്രത്യക്ഷത്തിൽ ക്ലാസിൽ നടക്കുന്ന സാധാരണ പഠന പ്രവർത്തനത്തിന്റെ ഭാഗമല്ല, അതേ സമയം അവ പഠന പ്രവർത്തനങ്ങൾക്ക് അനുബന്ധം ആയി പ്രവർത്തിക്കുകയും ചെയ്യുന്നു.

**1. പാഠ്യാനുബന്ധ പ്രവർത്തനങ്ങളുടെ വർഗ്ഗീകരണം**

**പാഠ്യാനുബന്ധ പ്രവർത്തനങ്ങളെ വിശാലമായ അടിസ്ഥാനത്തിൽ രണ്ടായി തിരിക്കാം**

ഒന്നാമത്തെ വിഭാഗത്തിൽ സാഹിത്യപരവും സാംസ്കാരികവുമായ വിവിധ സമിതികളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഉൾപ്പെടുന്നു. ഇവ കുട്ടികളുടെ സർഗ്ഗപരമായ പ്രകടനത്തിനും ഓരോ വ്യക്തിയിലും ലീനമായ പ്രത്യേക വാസനകളുടേയും താൽപര്യങ്ങളുടേയും വികസനത്തിന് അവസരം നൽകുന്നു.

കൈയ്യെഴുത്തു മാസിക, സംവാദം, പ്രഭാഷണം, എന്നിവ സാഹിത്യപരം, നാടകം, സംഗീതം, നൃത്തം, ചിത്രരചന, പ്രതിമാ നിർമ്മാണം, ചിത്ര തുന്നൽ എന്നിവ സാംസ്കാരികവും സാഹിത്യ സമാജം, കലാസമിതി തുടങ്ങിയവ ഭാഷാ സംബന്ധിയായ സമിതികളുമായും ബന്ധപ്പെട്ട പ്രവർത്തനങ്ങളാണ്.

**1. കൈയ്യെഴുത്തു മാസിക**

വളരെ പ്രയോജനകരമായ ഒരു പാഠ്യാനുബന്ധ പ്രവർത്തനമാണ് കൈയ്യെഴുത്തു മാസിക. സ്കൂളിന് പൊതുവായും ഓരോ ക്ലാസിനും പ്രത്യേകമായും കൈയ്യെഴുത്തു മാസിക തയ്യാറാക്കണം.കൈയ്യെഴുത്തു മാസികയുടെ പത്രാധിപർ ഒരു വിദ്യാർത്ഥി ആയിരിക്കണം. പത്രാധിപരെ സഹായിക്കാൻ കലാതാൽപര്യമുള്ള വിദ്യാർത്ഥികളുടെ ചെറിയ സമിതിയും ഉണ്ടായിരിക്കണം. കൂടാതെ

പ്രഥമാദ്ധ്യാപകൻ, അദ്ധ്യാപകരടങ്ങുന്ന ഒരു ഉപദേശകസമിതിയും അത്യന്താപേക്ഷിതമാണ്. കുട്ടികൾ സ്വയം തയ്യാറാക്കുന്ന ലേഖനങ്ങൾ, കവിതകൾ, കഥകൾ, ലഘു നാടകങ്ങൾ, യാത്രാവിവരണം. ചോദ്യോത്തരങ്ങൾ എന്നിവയാണ് കയ്യെഴുത്തു മാസികയിൽ പ്രസിദ്ധീകരിക്കുന്നത്. കുട്ടികളുടെ കലാപരവും, ഭാഷാപരവും ഭാവനാപരവുമായ കഴിവുകളെ പ്രോത്സാഹിപ്പിക്കാനും, വികസിപ്പിക്കാനും ഈ പ്രവർത്തനം വളരെ ഉപകാരപ്രദമാണ്.

**2. സാഹിത്യസമാജം**

സാഹിത്യസമാജം ഓരോ ക്ലാസിലും ഒരാഴ്ചയിൽ ഒരു ദിവസമെങ്കിലും സംഘടിപ്പിക്കണം. വിവിധ കലാരൂപങ്ങളായ പ്രസംഗം, പദ്യപാരായണം, കഥാകഥനം, സംഗീതം, ഹാസ്യപ്രകടനം, നൃത്തം ഇവയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള പരിപാടികളായിരിക്കണം. സാഹിത്യസമാജത്തിൽ അവതരിപ്പിക്കേണ്ടത്. സാഹിത്യവാസനയും നേതൃഗുണവുമുള്ള ഒരു വിദ്യാർത്ഥിയെ സാഹിത്യ സമാജത്തിന്റെ സെക്രട്ടറിയായി നിയോഗിക്കണം.

**3. കലാസമിതി**

വിദ്യാലയങ്ങളിൽ കലാസമിതികൾ രൂപവൽക്കരിച്ച് പ്രവർത്തനം നടത്തുക എന്നത് മറ്റൊരു പാഠ്യാനുബന്ധ പ്രവർത്തനമാണ്. കുട്ടികളുടെ കലാപരമായ കഴിവുകളെ വികസിപ്പിക്കാൻ ഇത്തരം സമിതികൾ ഉപകരിക്കും. കലാസമിതിയ്ക്ക് ഒരു കൺവീനർ വേണം. അയാൾ കലാസമിതിയുടെ പ്രവർത്തനങ്ങൾ അദ്ധ്യാപകരുമായി ചർച്ച നടത്തി രൂപകൽപ്പന ചെയ്യണം. കലാസമിതിയുടെ ആഭിമുഖ്യത്തിൽ നാടകാഭിനയം, ചിത്രമെഴുത്ത്, ഹാസ്യപ്രകടനം, കഥാപ്രസംഗം, പ്രഭാഷണം, സംഗീതം തുടങ്ങിയ പരിപാടികൾ മാസത്തിലൊരിക്കലെങ്കിലും സംഘടിപ്പിക്കണം. എല്ലാ കുട്ടികളുടേയും പങ്കാളിത്തം കലാസമിതിയ്ക്ക് ഉറപ്പു വരുത്തേണ്ടതും ആവശ്യമാണ്.

**പാഠ്യാനുബന്ധ പ്രവർത്തനങ്ങളുടെ സംഘാടനം**

പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ പാഠ്യപ്രവർത്തനങ്ങൾ പോലെ നടന്നുകൊള്ളണമെന്നില്ല. താൽപര്യമുള്ളവരുടെ പിൻബലമുണ്ടെങ്കിലേ ഇത് നടപ്പാവൂ. അതിനാൽ പാഠ്യാനുബന്ധ പ്രവർത്തനങ്ങളുടെ ആസൂത്രണത്തിലും, നടപ്പാക്കലിലും മൂല്യ നിർണ്ണയത്തിലും പ്രത്യേക ഊന്നൽ നൽകണം.

**ആസൂത്രണത്തലം**

പാഠ്യാനുബന്ധപ്രവർത്തനങ്ങൾ കാര്യക്ഷമമായി സംഘടിപ്പിക്കുന്നതിന് ശ്രദ്ധയോടെയുള്ള ആസൂത്രണം ആവശ്യമാണ്. ആസൂത്രണം വിദ്യാലയ വർഷം ആരംഭിക്കുമ്പോൾ തന്നെ തുടങ്ങണം. പ്രാഥമികാദ്ധ്യാപകൻ സഹപ്രവർത്തകരുടെ യോഗം വിളിച്ചു കൂട്ടി വിശദമായി ചർച്ച ചെയ്യണം. ഇതിന്റെ അടിസ്ഥാനത്തിൽ ആ വർഷം മുകളിൽ വിവരിച്ച രണ്ടു വിഭാഗങ്ങളിൽ നിന്നും ഏതേത് ഇനങ്ങളാണ് സംഘടിപ്പിക്കേണ്ടതെന്ന് തീരുമാനിക്കേണ്ടതാണ്. ഇത് ചെയ്യുന്നത് അവിടെ ലഭ്യമായ വിഭവങ്ങളും സൗകര്യങ്ങളും വിദ്യാർത്ഥികളുടെ താൽപര്യങ്ങളും ഒരേ സമയം പരിഗണിച്ചുകൊണ്ടാവണം.ഒരു സീനിയർ അദ്ധ്യാപകനെ പാഠ്യാനുബന്ധ പ്രവർത്തനങ്ങളുടെ മൊത്തത്തിലുള്ള ചുമതല ഏൽപ്പിക്കണം. ഓരോ പ്രവർത്തനത്തിന്റെയും ചുമതല വഹിക്കാനുള്ള അദ്ധ്യാപകരേയും ഇതേ യോഗത്തിൽ വച്ചു തന്നെ തെരഞ്ഞെടുക്കണം. മലയാളഭാഷാ പഠനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ മലയാളാദ്ധ്യാപകന് ഒരുക്കാം. ഓരോ നിർദ്ദിഷ്ട പരിപാടികളുടെ പദ്ധതിയും പ്രവർത്തന

ക്രമങ്ങളും ആവിഷ്ക്കരിക്കുന്ന ചുമതല അവർക്കായിരിക്കും. ഓരോ ഇനത്തിലും സംഘടിപ്പിക്കേണ്ട പ്രധാന പരിപാടികളുടെ ഒരു പ്രാരംഭ സമയ വിവരപട്ടികയും തയ്യാറാക്കണം. വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നതിന് അവലംബിക്കേണ്ട രീതി, ഓരോ പരിപാടിയും ഉൾപ്പെടുത്തേണ്ട കുട്ടികളുടെ പരമാവധി എണ്ണം, ഓരോ പരിപാടിയുടേയും സമയ ക്രമം തുടങ്ങിയവയെക്കുറിച്ചുള്ള സാമാന്യ മാർഗ്ഗ രേഖകളും തയ്യാറാക്കാം.

**പ്രാവർത്തികമാക്കൽ**

ഓരോ പ്രവർത്തിക്കും ചുമതലപ്പെട്ട അദ്ധ്യാപകർ ഉദ്ദേശ്യത്തിനനുസരണമായ മാനദണ്ഢങ്ങളുടെ അടിസ്ഥാനത്തിൽ കുട്ടികളെ തെരഞ്ഞെടുക്കണം. കുട്ടികളുടെ കഴിവുകളും താൽപര്യങ്ങളുമാണ് തെരഞ്ഞെടുപ്പിൽ മുഖ്യമായും പരിഗണിക്കേണ്ടത്. ഓരോ പരിപാടിക്കും ഓരോവിദ്യാർത്ഥി നേതാവ് ആകാം. സാഹിത്യപരവും സാംസ്കാരികവും സമിതികളുമായി ബന്ധപ്പെട്ടതുമായ പ്രവർത്തനങ്ങൾ വിദ്യാലയ പ്രവർത്തന സമയത്തും സംഘടിപ്പിക്കാവുന്നതാണ്. മറ്റു പ്രവർത്തനങ്ങൾ വിദ്യാലയ സമയം കഴിഞ്ഞാവാം.

**മൂല്യ നിർണ്ണയം**

ഓരോ ഇനത്തിലും പങ്കെടുക്കുന്ന ഓരോ കുട്ടിയുടേയും പങ്കാളിത്തവും നൈപുണിയും ഒരു ടേമിൽ ഒരു പ്രാവശ്യമെങ്കിലും വിലയിരുത്തുകയും നൽകുന്ന ഗ്രേഡുകളുടെ രേഖ വേണ്ടപോലെ സൂക്ഷിക്കുകയും വേണം. നിരീക്ഷണം, പ്രായോഗിക പരീക്ഷ ഏർപ്പെടുന്ന പ്രോജക്ടുകളുടെ വിലയിരുത്തൽ തുടങ്ങിയ ഉപാധികളും ചെക്ക് ലിസ്റ്റ്, റേറ്റിംഗ് സ്കെയിൽ തുടങ്ങിയ മൂല്യ നിർണ്ണയോപകരണങ്ങളും കുട്ടികളുടെ സിദ്ധികളും നൈപുണിയും ഒക്കെ വിലയിരുത്താനായി ഉപയോഗിക്കാം.

**2. സാഹിത്യ പഠനത്തിനും ഭാഷാ പഠനത്തിനും ഗ്രന്ഥ ശാലകളുടെ പ്രാധാന്യം**

**മുഖവുര**

കുട്ടികളുടെ സ്വതന്ത്രവും വ്യാപകവുമായ പഠനത്തിന് സ്കൂൾ ഗ്രന്ഥശാല അത്യന്താപേക്ഷിതമാണ്. പാഠ പുസ്തകങ്ങളെ അടിസ്ഥാനമാക്കി കുട്ടികൾക്ക് ക്ലാസ്സുകളിൽ നിന്ന്ലഭിക്കുന്ന അറിവ് പരിമിതമാണ്. ഇത് പലപ്പോഴും അവരുടെ അഭിരുചിയ്ക്ക് ഇണങ്ങിയതാവണമെന്നില്ല.

കുട്ടികളുടെ ആവശ്യങ്ങൾക്കും താത്പര്യങ്ങൾക്കും അനുസരിച്ചുള്ള പുസ്തകങ്ങളും അനുകാലിക പ്രസിദ്ധീകരണങ്ങളും വ്യാപകമായ പാരായണത്തിൽ താത്പര്യം വർദ്ധിപ്പിക്കുകയും അതുവഴി വിജ്ഞാനവ്യാപനവും ആസ്വാദനത്തിലൂടെയുള്ള വൈകാരിക വികസനവും ആനന്ദവും നൽകുകയും ചെയ്യുന്നു. ഉത്തമ ഗ്രന്ഥങ്ങൾ കുട്ടികളുടെ കലാപരവും സാഹിത്യപരവുമായ അഭിരുചി വളർത്തുന്നു. പുസ്തക പാരായണ താത്പര്യം വായനാശീലമായി മാറുക വഴി പൊതു ഗ്രന്ഥശാലകളുമായി ബന്ധപ്പെടുന്നതിനും സ്കൂൾ ഗ്രന്ഥശാലാ പ്രവർത്തനം പ്രയോജനപ്പെടുന്നു.

**3. സ്കൂൾ ഗ്രന്ഥശാലയുടെ ഉപയോഗം**

1. ക്ലാസ് അദ്ധ്യാപനത്തിന് അനുബന്ധമായി പ്രവർത്തിക്കുന്നു.
2. വിജ്ഞാന വിപുലനത്തിന് സഹായിക്കുന്നു.
3. സ്വയം പഠനത്തിന് സൗകര്യം നൽകുന്നു.

4 മൗനവായനയ്ക്കുള്ള നൈപുണി വളർത്തുന്നു.

5. പദസമ്പത്ത് വർദ്ധിപ്പിക്കുന്നു.

6. വിശാല വീക്ഷണം വളർത്തുന്നു.

7. പുതിയ താത്പര്യങ്ങൾ വളർത്തുന്നു.

8. വിശ്രമസമയം ഫലപ്രദമായി വിനിയോഗിക്കാൻ പരിശീലിപ്പിക്കുന്നു.

9. ജീവിതത്തിൽ വേണ്ട അച്ചടക്കം വികസിപ്പിച്ചെടുക്കുന്നു.

10. പുസ്തകങ്ങൾ കണിശമായി എടുക്കുകയും തിരിച്ചേൽപ്പിക്കുകയും ചെയ്യുന്നു.

11. വായനാശീലം വളർത്തുന്നു.

**4. സ്കൂൾ ഗ്രന്ഥശാലയുടെ സംഘാടനം**

ഗ്രന്ഥശാലയുടെ ലക്ഷ്യം സഫലമാകണമെങ്കിൽ അത് നന്നായി സംഘടിപ്പിക്കണം. ഗ്രന്ഥശാലയുടെ അനുയോജ്യമായ സ്ഥാനം, ഗ്രന്ഥങ്ങളുടെ തെരഞ്ഞെടുക്കൽ, ഗ്രന്ഥങ്ങളുടെ ഗുണമേന്മ, ഗ്രന്ഥങ്ങളുടെ സ്വീകരണം. ഗ്രന്ഥവിവരണം തുടങ്ങി പല ഘടകങ്ങളും ഉൾപ്പെട്ടിരിക്കുന്നു. അതുകൊണ്ട് ഗ്രന്ഥശാല സംഘടിപ്പിക്കാൻ താഴെ പറയുന്ന കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കണം.

**1. ഗ്രന്ഥശാലയുടെ സ്ഥാനം**

ഗ്രന്ഥശാല ഏതെങ്കിലും ഒരു കേന്ദ്ര സ്ഥാനത്തു വേണം സ്ഥാപിക്കേണ്ടത്. എല്ലാ ക്ലാസുകളിലേയും വിദ്യാർത്ഥികൾക്ക് സൗകര്യപ്രദമായി പ്രയാസം കൂടാതെ എളുപ്പത്തിൽ എത്തിച്ചേരാൻ കഴിയുന്ന സ്ഥലത്തായിരിക്കണം ഗ്രന്ഥശാല പ്രവർത്തിക്കുക, അനാവശ്യമായ ശബ്ദവും ശ്രദ്ധ വ്യതിചലിക്കുന്ന മറ്റു കാര്യങ്ങളും ഒഴിവാക്കാൻ പറ്റുന്നതായിരിക്കണം അതിന്റെ പ്രവർത്തന സ്ഥലം. ഗ്രന്ഥശാലയെ അനുബന്ധിച്ചുള്ള വായനാ മുറിയ്ക്ക് കുറഞ്ഞത് വിദ്യാലയത്തിലെ 15ശതമാനം കുട്ടികൾക്കെങ്കിലും ഒരേസമയം ഇരുന്നു വായിക്കാൻ പറ്റിയ വലിപ്പം ഉണ്ടായിരിക്കണം. ഗ്രന്ഥശാലയിൽ ആവശ്യമുള്ളത്ര ഷെൽഫുകളും മേശയും കസേരകളും മറ്റും വേണം.

**2. ഗ്രന്ഥങ്ങളുടെ തെരഞ്ഞെടുക്കൽ**

സ്കൂൾ ഗ്രന്ഥശാലയിലേയ്ക്ക് ഗ്രന്ഥങ്ങൾ തെരഞ്ഞെടുക്കുന്നത് അതീവ ശ്രദ്ധയോടെ വേണം. ഗ്രന്ഥങ്ങൾ മൂല്യമുള്ളവയായിരിക്കണം. നാടകങ്ങൾ, ഗദ്യഗ്രന്ഥങ്ങൾ, ജീവ ചരിത്രങ്ങൾ, എന്നിവ തെരഞ്ഞെടുക്കണം. ചരിത്ര ഗ്രന്ഥങ്ങൾ, യാത്രാവിവരണങ്ങൾ തുടങ്ങി അറിവിനുവേണ്ടിയുള്ള പുസ്തകങ്ങൾ അക്കൂട്ടത്തിലുണ്ടാവണം. രസത്തിനു മാത്രം കൂടുതൽ ഊന്നൽ നൽകുന്ന പുസ്തകങ്ങളും വേണം. റഫറൻസ് ഗ്രന്ഥങ്ങൾ ഒഴിച്ചു കൂട്ടാനാവാത്തവയാണ്. പ്രായം കുറഞ്ഞ കുട്ടികൾക്കും കൗമാര പ്രായമായ കുട്ടികൾക്കും അനുയോജ്യമായ പുസ്തകം തെരഞ്ഞെടുക്കണം. അദ്ധ്യാപകർക്ക് പ്രയോജനപ്പെടുന്ന പുസ്തകങ്ങളും അനിവാര്യമാണ്.

**3. ഗ്രന്ഥങ്ങളുടെ ഗുണമേന്മ**

ഗ്രന്ഥശാലയിലേയ്ക്ക് പുസ്തകം വാങ്ങുമ്പോൾ അതിന്റെ ഗുണമേന്മയിൽ ശ്രദ്ധ പുലർത്തണം. അദ്ധ്യാപകർ ശുപാർശചെയ്യുന്ന പുസ്തകങ്ങളും ആനുകാലികങ്ങളും വാങ്ങണം. സ്റ്റേറ്റ്

കൗൺസിൽ ഫോർ എഡ്യുക്കേഷണൽ റിസർച്ച് ആന്റ് ട്രെയിനിംഗ് (എസ്.സി.ഇ.ആർ.ടി) ഭാഷാ വകുപ്പുകൾ, പാഠപുസ്തക കമ്മിറ്റികൾ, ചിൽഡ്രൻസ് ബുക്ക് ട്രസ്റ്റ്, നാഷണൽ ബുക്ക് ട്രസ്റ്റ് എന്നിവയുടെ പുസ്തകങ്ങൾ വാങ്ങി ഗ്രന്ഥങ്ങളുടെ ഗുണമേന്മ ഉറപ്പു വരുത്തുകയും പ്രധാന ഗ്രന്ഥങ്ങളുടെ കോപ്പികൾ ആവശ്യാനുസരണം ശേഖരിക്കുകയും ചെയ്യണം.

**4. ഗ്രന്ഥങ്ങളുടെ കാര്യദർശി**

സ്കൂൾ ഗ്രന്ഥശാല ഉപകാരപ്രദമാകണമെങ്കിൽ പരിശീലനവും അനുഭവജ്ഞാനവും നേടിയ വ്യക്തിയായിരിക്കണം. അതിന്റെ കാര്യദർശി, വായനാ സൗകര്യം, സജ്ജീകരണം, പുസ്തകങ്ങളുടെ ക്രമീകരണം തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് നല്ല അറിവ് ഉണ്ടായിരിക്കണം. അതിനു പുറമേ ലൈബ്രേറിയന് സേവന മനോഭാവവും ഹൃദ്യമായ സാമൂഹിക ബോധവും ഉണ്ടായിരിക്കണം. കാര്യക്ഷമമായി ഗ്രന്ഥശാലയെ സൂക്ഷിക്കേണ്ട വ്യക്തിയാണ് ലൈബ്രേറിയൻ, ലൈബ്രേറിയൻ പ്രസന്ന വദനനും സേവനതൽപ്പരനും ആയിരിക്കണം. പരുക്കൻ സ്വഭാവക്കാരനായിരിക്കരുത്. കുട്ടികളോട് സഹതാപ പൂർവ്വം സ്നേഹത്തോടെ പെരുമാറുന്ന ആളായിരിക്കണം. കുട്ടികളുടെ അഭിരുചി, അഭിനയം തുടങ്ങിയവയെക്കുറിച്ച് അറിയാവുന്ന മനശാസ്ത്രജ്ഞൻ കൂടിയായിരിക്കണം. അദ്ദേഹം സാഹിത്യത്തിലുള്ള താൽപര്യം ഒരു ലൈബ്രേറിയന്റെ പ്രത്യേക ഗുണമാണ്. സർവ്വോപരി സംസ്കാര സമ്പന്നനായിരിക്കണം.

**5. ഗ്രന്ഥങ്ങളുടെ ക്രമീകരണം**

വിദ്യാർത്ഥികൾക്കു തന്നെ ഒരു പ്രത്യേക വിഷയത്തിൽ എതു ഗ്രന്ഥമാണ് താൻ വായിക്കേണ്ടതെന്ന് സ്വയം കണ്ടു പിടിക്കാൻ സഹായകമായ രീതിയിൽ വേണം ഗ്രന്ഥങ്ങൾ ക്രമീകരിക്കേണ്ടത്. സ്റ്റാൻഡേർഡുകൾക്കും പാഠ്യ വിഷയങ്ങൾക്കും അനുസരിച്ച് ഗ്രന്ഥങ്ങൾ ക്രമീകരിച്ചാൽ ഇത് സാദ്ധ്യമാകും. അതാതു വിഷയങ്ങളിലെ ആദ്ധ്യാപകർ പുസ്തകങ്ങൾ ഇപ്രകാരം ക്രമീകരിക്കുന്നതിന് സഹായിക്കണം.

**6. പുസ്തക വിതരണം**

ഓരോകുട്ടിക്കും വേണ്ട ഗ്രന്ഥങ്ങൾ എളുപ്പത്തിൽ കിട്ടത്തക്കവിധം ആകണം വിതരണ രീതി. എല്ലാ കുട്ടികൾക്കും അവസര സമത്വം ലഭിക്കുമാറ് പുസ്തകം കൈവശം വയ്ക്കാവുന്ന കാലപരിധി നിശ്ചയിക്കണം. ഒരു വിതരണ രജിസ്റ്റർ സൂക്ഷിക്കുകയും അതിൽ ഓരോ കുട്ടിക്കും ഓരോ പുറം നീക്കി വെയ്ക്കുകയും വേണം.

**7. വായനശാല**

പുസ്തകങ്ങൾ സൂക്ഷിക്കാനും വിതരണം ചെയ്യാനുമുള്ള സ്ഥലമാണല്ലോ ഗ്രന്ഥശാല. ഗ്രന്ഥശാലയോടൊപ്പം വായനശാലയും ഉണ്ടാവണം. അതു വഴി കുട്ടികൾക്ക് കാലിക പ്രസക്തിയുള്ള വിഷയങ്ങളുമായി അപ്പപ്പോൾ ബന്ധപ്പെടാം. വായനശാലയിലേയ്ക്ക് അനുയോജ്യമായ ദിനപത്രങ്ങളും അനുകാലികങ്ങളും വരുത്തേണ്ടതാണ്. നല്ല ലൈബ്രറി നോട്ടെഴുതുന്ന വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുകയും വേണം.

**5. ഗ്രന്ഥശാല ഉപയോഗിക്കാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കൽ**

1. ഗ്രന്ഥശാലാ പ്രവർത്തനത്തിനായി ടൈം ടേബിളിൽ പ്രത്യേകം നീക്കി വെയ്ക്കുക.
2. അധിക വായനയുടെ പ്രയോജനം പറഞ്ഞു മനസ്സിലാക്കുക.
3. പാഠങ്ങൾ പഠിപ്പിക്കുമ്പോൾ അതുമായി ബന്ധപ്പെട്ട കൃതികളെക്കുറിച്ചുള്ള സരസമായ പരാമർശത്തിലൂടെ പുതി.യ കൃതികളുടെ പ്രസക്ത ഭാഗങ്ങൾ വായിക്കാൻ പ്രോത്സാഹിപ്പിക്കുക
4. ക്ലാസ്സ് ലൈബ്രറി സമ്പ്രദായം പ്രോത്സാഹിപ്പിക്കുക.
5. ഓരോ കുട്ടിയും ഒരു ലൈബ്രറി നോട്ട് ബുക്ക് ഉണ്ടാക്കി സൂക്ഷിക്കാൻ ആവശ്യപ്പെടുക.
6. പുസ്തക പ്രേമികളുടെ ക്ലബ് രൂപീകരിക്കുക.

# II. ഭാഷാദ്ധ്യാപകൻ

**മുഖവുര**

വിദ്യാഭ്യാസ പ്രക്രിയയിലെ പ്രധാന ഘടകങ്ങളാണ് അദ്ധ്യാപകൻ, വിദ്യാർത്ഥി, പാഠ്യവസ്തു എന്നിവ. അദ്ധ്യാപനം കേവലം ഒരു തൊഴിലല്ല. ജീവിതായോധനത്തിനുള്ള ഒരു ഉപാധി എന്ന നിലയിൽ മാത്രം അദ്ധ്യാപനത്തെ കണക്കാക്കുന്നത് ശരിയല്ല. അതിമഹത്തായ ഒരു സേവനമാണ്.

അദ്ധ്യാപകൻ അദ്ധ്യാപകനായി ജനിക്കുകയാണ് സൃഷ്ടിക്കപ്പെടുകയല്ല. (Teacher is born not made) എന്ന ഒരു ചൊല്ലുണ്ട്. ഇത് പൂർണ്ണമായും അംഗീകരിക്കാൻ കഴിയില്ലെങ്കിലും അതിന്റെ അന്തസത്ത ഉൾക്കൊള്ളേണ്ടതുണ്ട്. ജന്മസിദ്ധമായ കഴിവുകളെ കർമ്മ സിദ്ധികൊണ്ട് പോഷിപ്പിച്ചെടുക്കുന്ന ഒരാൾക്കു മാത്രമേ നല്ല അദ്ധ്യാപകനായി ശോഭിക്കാൻ കഴിയുകയുള്ളൂ. വിദ്യാഭ്യാസ മണ്ഡലത്തിലുണ്ടാകുന്ന പരിഷ്ക്കാരങ്ങൾ തന്റെ വിഷയത്തിലുണ്ടാകുന്ന പുതിയ അറിവുകൾ ഇതെല്ലാം അദ്ധ്യാപകൻ അറിയണം. അദ്ദേഹം ജിജ്ഞാസുവായ വിദ്യാർത്ഥിയും പുതിയ സമീപനങ്ങളെ സ്വാഗതം ചെയ്യാൻ സന്നദ്ധതയുള്ള ആളുമായിരിക്കണം.

**2. ഭാഷാദ്ധ്യാപകനുണ്ടായിരിക്കേണ്ട സിദ്ധികൾ**

മറ്റദ്ധ്യാപകരേക്കാൾ വിപുലമായ ഉത്തരവാദിത്തമാണ് ഭാഷാദ്ധ്യാപകനുള്ളത്. ഒരാളുടെ ചിന്തയും വികാരവും രൂപപ്പെട്ടുവരുന്നത് മാതൃഭാഷയിലൂടെയാണ്. അതിനാൽ ഈ ഭാഷ പഠിപ്പിക്കുന്ന അദ്ധ്യാപകൻ സമൂഹത്തെയാണ് രൂപപ്പെടുത്തുന്നത്. ഭാഷാദ്ധ്യാപകന് താൻ പഠിപ്പിക്കുന്ന വിഷയത്തോട് സ്നേഹവും അതിനെപ്പറ്റി അഭിമാനവും ഉണ്ടായിരിക്കണം. ഭാഷയിലും സാഹിത്യത്തിലും നല്ല പരിജ്ഞാനം വേണം. ഭാഷാ സാഹിത്യങ്ങളുടെ ശാസ്ത്രവും പ്രയോഗവും ഒരു പോലെ സ്വാധീനമാക്കിയിരിക്കണം. ഒരേസമയം സഹൃദയനും വിമർശകനുമായിരിക്കണം ഭാഷാദ്ധ്യാപകൻ.

ഭാഷാദ്ധ്യാപകന് മലയാളത്തിനു പുറമേ ഇംഗ്ലീഷ്, സംസ്കൃതം തുടങ്ങിയ ഭാഷകളിലും സാമാന്യജ്ഞാനം ഉണ്ടായിരിക്കണം. മറ്റു ദ്രാവിഡ ഭാഷകളിലും ഹിന്ദിയിലും പരിജ്ഞാനം നേടുന്നതും അഭികാമ്യമാണ്. ഭാഷ തെറ്റു കൂടാതെ കൈകാര്യം ചെയ്യാനുള്ള ശേഷി ഭാഷാദ്ധ്യാപകന് ഉണ്ടായിരിക്കണം. ഉച്ചാരണം മാതൃകാപരമായിരിക്കണം.

ഭാഷാദ്ധ്യാപകൻ തികഞ്ഞ സഹൃദയനും സരസനും ആയിരിക്കണം നർമ്മബോധം അദ്ദേഹത്തിന്റെ തനതു ശൈലിയായിരിക്കണം. ശുഷ്കഹൃദയനായ അദ്ധ്യാപകനാവരുത് ഭാഷാദ്ധ്യാപകൻ. കുട്ടികളുടെ സർഗ്ഗാത്മക ശേഷികൾ പരിപോഷിപ്പിക്കാൻ ഏറ്റവുമധികം ബാദ്ധ്യതയുള്ളത് ഭാഷാദ്ധ്യാപകനാണ്. ഭാരതീയ സാഹിത്യത്തിലും വിശ്വസാഹിത്യത്തിലും സാമാന്യമായ അറിവ് സ്വായത്തമാക്കണം. നാടൻ കലകൾ, ശാസ്ത്രകലകൾ എന്നിവയിലും അറിവ് സ്വായത്തമാക്കേണ്ടതുണ്ട്. നന്നായി കവിത ചൊല്ലാനുള്ള കഴിവ്. താള ബോധത്തോടെയും സ്ഫുടമായും പാരായണം ചെയ്യാനുള്ള കഴിവ്, അഭിനയ ചാതുര്യം എന്നിവയും ഭാഷാദ്ധ്യാപകനുണ്ടാവേണ്ടതാണ്.

**3. മൂല്യ ബോധം**

അദ്ധ്യാപനം എന്ന സേവനത്തിൽ ഏർപ്പെട്ടിരിക്കുന്ന ഏതു വ്യക്തിയും ഉദാത്തമായ നിരവധി മൂല്യങ്ങളുടെ ഉടമയായിരിക്കണം.

ഹൈസ്കൂൾ തലം വരെ ഭൂരിപക്ഷം വിദ്യാർത്ഥികളും മറ്റു വിഷയങ്ങളെല്ലാം മാതൃഭാഷയിലൂടെയാണ് പഠിക്കുന്നത്. അതാത് അദ്ധ്യാപകർ ഇങ്ങനെ പഠിപ്പിക്കുമ്പോൾ പലപ്പോഴും അവിദഗ്ധമായ ഭാഷയാണ് കൈകാര്യം ചെയ്യുന്നത്. ഇത് കുട്ടികളുടെ ഭാഷയെ വികലമാക്കാൻ ഇടയുണ്ട്. ഇത് സംഭവിക്കാതിരിക്കാനുള്ള മുൻകരുതലുകൾ എടുക്കേണ്ടുന്ന ചുമതല ഭാഷാദ്ധ്യാപകനുള്ളതാണ്. മറ്റു വിഷയങ്ങൾ പഠിപ്പിക്കുന്ന അദ്ധ്യാപകരുമായി സുദൃഢമായ ബന്ധം പുലർത്തേണ്ടുന്ന ചുമതല ഭാഷാദ്ധ്യാപകനുള്ളതാണ്. താനൊരു നിത്യ വിദ്യാർത്ഥിയാണെന്ന ഉറച്ച ബോധവും അതിനനുസരിച്ച് അനുസ്യൂതം പുതിയ പ്രവണതകൾ ആർജ്ജിക്കുന്നതിൽ കാണിക്കുന്ന ശക്തമായ ആവേശവും ആണ് മലയാള ഭാഷാദ്ധ്യാപകൻ ആർജ്ജിക്കേണ്ട മറ്റൊരു മൂല്യം.

ഈ പ്രവണത അക്കാദമീയ തലത്തിലും പുലർത്തേണ്ടതാണ്. ആദ്യത്തേത് ഭാഷയുടേയും ഭാഷാകൃതികളുടേയും കാര്യത്തിലാണ്. ഭാഷ നിശ്ചലമല്ല. പുതിയ രചനാ ശൈലികൾ ഭാഷയിൽ വന്നുകൊണ്ടേയിരിക്കുന്നു. അവയിൽ നിന്ന് ഉചിതമായവ സ്വീകരിച്ച് സ്വന്തം ഭാഷ നവീകരിക്കേണ്ടതാണ്. അതു സാഹിത്യരൂപത്തിന്റെയും ഘടനയും മാറി മാറി വരും. ഇവ വേണ്ടപോലെ അറിഞ്ഞ് ആദരിക്കാനുള്ള ശേഷി ഭാഷാദ്ധ്യാപകനുണ്ടായിരിക്കണം.

ഇനി അടുത്തത് അക്കാദമീയമായ മറ്റൊരു മാനമാണ്. പഠന ശാസ്ത്രവും ബോധന ശാസ്ത്രവും അനുസ്യൂതം വികസിക്കുകയാണ്. ശിശു മനഃശാസ്ത്രരംഗത്തുണ്ടായിക്കൊണ്ടിരിക്കുന്ന നൂതനാശയങ്ങളും പുത്തൻ പ്രവണതകളും അതിന്റെ അത്ഭുതാവഹമായ പഠന തന്ത്രങ്ങളിലും ബോധ തന്ത്രങ്ങളിലും വരുത്തിക്കൊണ്ടിരിക്കുന്ന പ്രചാരവും അമ്പരപ്പിക്കുന്നവയാണ്. അവയെ മനസ്സിലാക്കുകയും അതിലെ നല്ല അംശങ്ങൾ ഉൾക്കൊള്ളുകയും അവ പ്രവർത്തികമാക്കാനുള്ള ശേഷി കൈവരിക്കുകയും ചെയ്യുക. ഇത് സ്വാംശീകരിക്കാത്ത ഭാഷാദ്ധ്യാപകൻ കാലത്തിന് അനുയോജ്യനല്ലാതായിത്തീരും.

പഠിതാക്കളുടെ ആവശ്യങ്ങളും പ്രയാസങ്ങളോടുമുള്ള വൈകാരികാനുഭൂതിയാണ് ഭാഷാദ്ധ്യാപകൻ ആർജ്ജിക്കേണ്ട മറ്റൊരു മൂല്യം. വ്യത്യസ്തങ്ങളായ സാമൂഹിക, സാംസ്കാരിക അന്തരീക്ഷങ്ങളിലേക്കുള്ള വിദ്യാർത്ഥികളാണ് വിദ്യാലയത്തിലേയ്ക്ക് വന്നു ചേരുന്നത്. അതിനാൽ അവരുടെ ഭാഷാ സ്വാധീനവും വ്യത്യസ്ഥ നിലവാരത്തിലുള്ളതായിരിക്കും. ഇങ്ങനെ വിവിധ നിലവാരത്തിലുള്ള കുട്ടികളെ നല്ല ഭാഷാ ശീലങ്ങളുടെ ഉടമകളാക്കുകയാണ് ഭാഷാദ്ധ്യാപകന്റെ ചുമതല. സഹാനുഭൂതിയുള്ള അദ്ധ്യാപകന് ഏതു തരത്തിലുള്ള പഠിതാക്കളെയും കാര്യക്ഷമമായ ഭാഷാ വികസന

ത്തിന് പാത്രമാക്കാൻ കഴിയും. അത്തരത്തിലുള്ള മൂല്യ ബോധം പ്രവർത്തനശൈലിയിൽ സന്നിവേ ശിപ്പിക്കണം എന്നതാണ് പ്രധാനം.

**ഉപസംഹാരം**

ഇത്തരത്തിൽ, നല്ല ഭാഷാദ്ധ്യാപനത്തിന് അവശ്യം വേണ്ട വിജ്ഞാനവും, ശേഷികളും മൂല്യങ്ങളും ആർജ്ജിക്കുകയും കൂടുതൽ കൂടുതൽ ആർജ്ജിക്കാൻ ശ്രമിക്കുകയും ചെയ്യുന്ന അദ്ധ്യാകനാണ് നല്ല ഭാഷാദ്ധ്യാപകൻ. അദ്ധ്യാപകന്റെ തൊഴിൽ സംസ്കാരത്തിന്റെയും പ്രൊഫഷലിസത്തിന്റെയും പ്രതിഫലനമാണ് ഇത്തരത്തിലുള്ള വളർച്ചയിലൂടെ കാണാൻ കഴിയുന്നത്

**അദ്ധ്യായം - 29**

# വിദ്യാഭ്യാസോദ്ദേശ്യങ്ങളുടെ വർഗ്ഗീകരണം

ലക്ഷ്യം, ഉദ്ദേശ്യം ഈവാക്കുകൾ ഏതാണ്ട് ഒരേ അർത്ഥത്തിലാണ് പ്രയോഗിക്കുന്നത്. – എന്നാൽ വിദ്യാഭ്യാസ സംബന്ധമായ ചർച്ചകളിൽ ഈ പദങ്ങൾക്ക് കാര്യമായ വ്യത്യാസമുണ്ട്.

ആത്യന്തികമായി നേടിയെടുക്കേണ്ടവയും വിദൂരസ്ഥങ്ങളായ ഉദ്ദേശ്യങ്ങളുമാണ് ലക്ഷ്യങ്ങൾ. അവ പൂർണ്ണമായും സാക്ഷാത്കരിക്കുക എളുപ്പമല്ല. എന്നാൽ ഉദ്ദേശ്യം സമീപസ്ഥവും നേടിയെടു ക്കാൻ കഴിയുന്നവയുമാണ്.

വ്യക്തിയുടെ സർവ്വതോന്മുഖമായ വികാസമാണ് വിദ്യാഭ്യാസം എന്നു പറയുമ്പോൾ നാം ഉ ന്നമാക്കുന്നത് ലക്ഷ്യങ്ങളിലാണ്. ഈ ലക്ഷ്യം നേടിയെടുക്കാനാവശ്യമായ സമീപസ്ഥങ്ങളായ കാര്യ ങ്ങൾ മാത്രമാണ് ഉദ്ദേശ്യങ്ങൾ. അദ്ധ്യാപകനെ സംബന്ധിച്ചിടത്തോളം ഉദ്ദേശ്യങ്ങൾക്കാണിവിടെ പരമ പ്രാധാന്യം.

ഭാഷാപരമായ കാര്യങ്ങളിൽ അറിവു നേടുന്നു. പുതിയ ശൈലികൾ നൂതന സന്ദർഭങ്ങളിൽ പ്രയോഗിക്കുന്നു, കവിതയിലെ അലങ്കാര ഭംഗിയുള്ള വരികൾ കണ്ടെത്തുന്നു ഇതൊക്കെ ക്ലാസ് മുറി യിൽ സാക്ഷാത്കരിക്കേണ്ട ഉദ്ദേശ്യങ്ങളാണ്.

**I. പഠനം**

ബെഞ്ചമിൻ ബ്ലൂം എന്ന അമേരിക്കൻ ചിന്തകൻ ബോധനോദ്ദേശ്യങ്ങളെ സംബന്ധിച്ച് വിശദ മായി പഠനം നടത്തി. അവയെ വർഗ്ഗീകരിച്ചിട്ടുണ്ട്. ഒരു വ്യക്തിയിൽ നടക്കേണ്ട അഭിലഷണീയമായ വർത്തന വ്യതിയാനമാണ് പഠനം എന്നു പറയുന്നത്. ഇത് ഉദ്ദേശ്യങ്ങളെ അടിസ്ഥാനമാക്കിയാണ് നിർവ്വഹിക്കപ്പെടേണ്ടത്.

വൈജ്ഞാനിക മേഖല, വൈകാരിക മേഖല, മനശ്ചാലക മേഖല എന്നിവയാണ് വിഭാഗങ്ങൾ.

**1. വൈജ്ഞാനിക മേഖല**

വൈജ്ഞാനിക വ്യവഹാരങ്ങൾ അവയുടെ സങ്കീർണ്ണസ്വഭാവത്തിനനുസരിച്ച് ആറു ഘട്ടങ്ങ ളിൽപ്പെടുന്നതായി കാണാം.

**1. വിജ്ഞാനം (അറിവ്)**

പഠിക്കുന്ന കാര്യങ്ങൾ പുനസ്മരിക്കുക, തിരിച്ചറിയുക, എന്നീ വ്യവഹാരങ്ങൾക്ക് പഠിതാവിനെ

സമർത്ഥനാക്കുമാറുള്ള വിവരണീകരണവും സംസ്ഥാപനവുമാണ് ഈ ഘട്ടം. വിവര ശകലങ്ങൾ, വസ്തുതകൾ, തുടങ്ങിയ പാഠ്യ വസ്തുക്കൾ ശേഖരിക്കുകയും സ്മരണയിൽ നിറുത്തുകയും ആവശ്യം വരുമ്പോൾ ഓർമ്മയിൽ കൊണ്ടു വരികയുമാണ് ഈ ഉദ്ദേശ്യ പ്രകാരം നടക്കുന്നത്.

**2. ഗ്രഹണം**

സ്വീകരിച്ച അറിവുകളെ അർത്ഥബോധത്തോടെയുള്ള ധാരണകളാക്കി മാറ്റുന്ന പ്രക്രിയയാണ് ഗ്രഹണം. ഒരാശയത്തെ മറ്റൊരു രീതിയിൽ പ്രകടിപ്പിക്കുക, പൂർണ്ണമായി വ്യാഖ്യാനിക്കുക, താര തമ്യം ചെയ്യുക, വർഗ്ഗീകരിക്കുക തുടങ്ങിയ വ്യവഹാരങ്ങളാണ് ഈ നിലവാരത്തിലുള്ള പഠനത്തിന്റെ ഫലമായി വികസിക്കുന്നത്.

**3. പ്രയോഗം**

ഗ്രഹിച്ചു കഴിഞ്ഞ ഒരു നിയമമോ തത്വമോ നൂതന സന്ദർഭങ്ങളിൽ ശ്രദ്ധിക്കാനുള്ള കഴ ിവാണിത്. വ്യാകരണ സംബന്ധിയായ ഒരു തത്വം ഗ്രഹിച്ചു കഴിഞ്ഞ ശേഷം അത് സ്വന്തം ഭാഷയിൽ സമർത്ഥമായി പ്രയോഗിക്കുന്നത് പ്രയോഗശേഷിയാണ്.

**4. അപഗ്രഥനം**

ഒരാശയത്തിലെ വിവിധ ഘടകങ്ങൾ വേർതിരിച്ച് അറിയുക, അവയുടെ പരസ്പര ബന്ധങ്ങൾ കണ്ടു പിടിക്കുക, ഒരു സങ്കീർണ്ണ പ്രശ്നത്തിന്റെ സ്വഭാവം അപഗ്രഥിച്ച് കണ്ടെത്തുക തുടങ്ങിയ വ്യവ ഹാരങ്ങൾ ഇതിൽപ്പെടും.

**5. ഉദ്ഗ്രഥനം**

വിവിധ ഘടകങ്ങളെ അർത്ഥ പൂർണ്ണമായി സംയോജിപ്പിക്കുക. പല കാര്യങ്ങൾ സംയോജി പ്പിച്ച് സിദ്ധാന്തം രൂപവൽക്കരിക്കൽ എന്നിവ ഉദ്ഗ്രഥന ശേഷിക്ക് ഉദാഹരണങ്ങളാണ്.

**6. മൂല്യ നിർണ്ണയം**

ആശയങ്ങൾ, രചനകൾ, ചിന്താരീതികൾ പ്രശ്ന നിവാരണ ശൈലി തുടങ്ങിയവയെ അവ യുടെ സ്വീകാര്യതയെ മുൻനിർത്തി വിലയിരുത്താനുള്ള ശേഷിയാണ് ഈ ഉദ്ദേശ്യത്തിൽ പ്രതിഫലി ക്കുന്നത്. തന്നിരിക്കുന്ന പ്രസ്താവന പരിശോധിച്ച് അത് സ്വീകാര്യമാണോ എന്ന് കാര്യകാരണ സഹിതം പരിശോധിക്കുന്നതും നിഗമനത്തിൽ എത്തി ചേരുന്നതും ഈ ഉദ്ദേശ്യ സാക്ഷാത്കാരം മൂലം ആർജ്ജിക്കുന്ന വ്യവഹാരങ്ങളാണ്

**2. വൈകാരിക മേഖല**

ബ്ലൂമിനെ കൂടാതെ ത്രാത്പോൾ, മാസിയ എന്നിവർ കൂടി ചേർന്ന് വൈകാരിക മേഖലയിലെ അഞ്ചു ഘട്ടങ്ങളിലായി ക്രമമായി വികസിക്കുന്നതായി വിവരിക്കുന്നു.

സ്വീകരണം, പ്രതികരണം, വിലമതിക്കൽ, സംഘാടനം, മൂല്യങ്ങളെ സഹജഗുണമാക്കി മാറ്റൽ എന്നിവയാണവ.

**1. സ്വീകരണം**

ഒരു പ്രത്യേക വസ്തുവിനെയോ, പ്രതിഭാസത്തെയോ വ്യവഹാരങ്ങളെയോ ശ്രദ്ധിക്കാനോ നിരീക്ഷിക്കാനോ ഉള്ള സന്നദ്ധത

**2. പ്രതികരണങ്ങൾ**

സ്വീകരണ വിധേയമായ വസ്തുവിന്റെ നേരെ തന്റേതായ പ്രതികരണം പുറപ്പെടുവിക്കുകയാണ് ഇതിന്റെ സ്വഭാവം.

**3. വിലമതിക്കൽ**

താൻ ശ്രദ്ധിച്ച വസ്തു (പ്രതിഭാസത്തെ) വിലമതിക്കുന്ന വ്യവഹാരമാണിത്. പരിശോധിക്കുന്ന കാവ്യ ബിംബം പ്രസക്ത സന്ദർഭത്തിനും രസത്തിനും എത്രമാത്രം മാറ്റു കൂട്ടുന്നു എന്ന് യുക്തി പൂർവ്വം വിലയിരുത്തുന്നത്

**4. സംഘാടനം**

സന്നദ്ധതയോടെ സ്വീകരിക്കുന്ന പഠന സന്ദർഭത്തെക്കുറിച്ചുള്ള വിവിധ പ്രതികരണങ്ങളും അവയുടെ വിലയിരുത്തലും ഒരു മിച്ച് പാഠ്യപസ്തുവിനെ സമഗ്രമായി ചിട്ടപ്പെടുത്തുക വഴി ആസ്വാദന ക്ഷമമാക്കിയെടുക്കുന്നതിൽ അന്തർഭവിച്ചിട്ടുള്ള വ്യവഹാരമാണ് സംഘാടനം.

**3. മനശ്ചാലക മേഖല**

എ.ജെ. ഹാറോ ഈ മേഖലയിലെ വ്യവഹാരങ്ങളെ താഴെ പറയുന്ന ആറു ഘട്ടങ്ങളായി വർഗ്ഗീകരിച്ചിട്ടുണ്ട്.

**1. ജന്മാതീത ചലനങ്ങൾ (Reflex Movements)**

ചില ചോദകങ്ങൾക്കനുസരിച്ച് ബോധപൂർവ്വമല്ലാതെ നടത്തുന്ന പ്രതികരണങ്ങൾ, കൈകാലുകൾ ഇളക്കുക, അടിക്കാനോങ്ങുമ്പോൾ പിൻവലിയുക, വീഴാൻ തുടങ്ങുമ്പോൾ പിടിക്കാൻ ശ്രമിക്കുക ഇവയെല്ലാം ഉദാഹരണങ്ങൾ.

**2. അടിസ്ഥാന പ്രാഥമിക ചലനങ്ങൾ**

നിരവധി ജന്മാതീത ചലനങ്ങളുടെ സംയോജനം മൂലമുണ്ടാകുന്ന കൂടുതൽ സങ്കീർണ്ണവും നൈപുണി വികസനത്തിൽ പ്രസക്തവുമായ ചലനങ്ങളാണവ. ഭാവിയിൽ വിദഗ്ധമായ നൈപുണികൾ ഉൾപ്പെട്ട വ്യവഹാരത്തിന് ഈ അടിസ്ഥാന ചലനങ്ങളുടെ കഴിവ് ആവശ്യം വേണ്ടതാണ്.

**3. പ്രത്യക്ഷമായ ശേഷികൾ**

വിവിധ തരത്തിലുള്ള ചോദകങ്ങൾ നോക്കിക്കണ്ടും അതിനനുസൃതമായ വിധത്തിൽ പ്രതികരണങ്ങൾക്ക് അർത്ഥ കൽപ്പന നൽകുന്ന പ്രക്രിയയാണ് ഈ ഘട്ടത്തിൽ നടക്കുന്നത്.

**4. കായിക ശേഷികൾ**

ഉയർന്ന നൈപുണികൾ കൈവരിക്കാനാവശ്യമായ കായിക ക്ഷമത നേടുകയാണ് ഈ ഘട്ടത്തിലെ വ്യവഹാരത്തിന്റെ ഉദ്ദേശ്യം. ലേഖനത്തിൽ അന്തർഭവിച്ചിട്ടുള്ള പേശീ ചലനത്തിന്റെയും ഒത്തിണക്കത്തിന്റെയും രീതികൾ ആവർത്തനത്തിലൂടെ സ്വായത്തമാക്കുന്നത് ഇതിന്റെ ഫലമാണ്.

**5. നിപുണ ചലനങ്ങൾ**

അതി സങ്കീർണ്ണങ്ങളും നിപുണങ്ങളുമായ ചലനങ്ങൾ ഈ വിഭാഗത്തിൽപ്പെടുന്നു. കൃത്യമായ താളവും ചലനവും പുലർത്തിക്കൊണ്ടുള്ള നൃത്തം, സൂക്ഷ്മമായും ഭംഗിയായും ഉള്ള ചിത്രരചന എന്നിവ ഉദാഹരണങ്ങളാണ്.

**6. ഏകാഗ്രാശയ വിനിമയം**

അർത്ഥ സമ്പുഷ്ടവും ഏകാഗ്രവുമായ ശ്രദ്ധ പുലർത്തിക്കൊണ്ടുള്ളതുമായ ആശയ വിനിമയത്തിനുള്ള ശേഷിയാണ് വികസനത്തിന്റെ അവസാന ഘട്ടത്തിലെ വ്യവഹാരത്തിന്റെ സ്വഭാവം. രസത്തിനും ഭാവത്തിനും അനുസരിച്ചുള്ള കവിതാപാരായണം നിപുണമായ രീതിയിൽ നാടകീയ രംഗങ്ങൾ ആവിഷ്ക്കരിക്കാനുള്ള ചാതുരി തുടങ്ങിയവ.

## 4. മലയാള ഭാഷയുടെ ബോധനോദ്ദേശ്യങ്ങൾ

**1. പദം, വാക്യ മാതൃകകൾ, വൃത്താലങ്കാരങ്ങൾ, വ്യാകരണ കാര്യങ്ങൾ എന്നീ കാര്യങ്ങളിൽ കുട്ടി അറിവ് നേടുന്നു.**

**പ്രാവീണ്യങ്ങൾ**

1. ഭാഷാപരമായ കാര്യങ്ങൾ കുട്ടി അനുസ്മരിക്കുന്നു.
2. ഭാഷാപരമായ കാര്യങ്ങൾ തിരിച്ചറിയുന്നു.

**2. പദം, വാക്യ മാതൃകകൾ, വൃത്താലങ്കാരങ്ങൾ, വ്യാകരണ കാര്യങ്ങൾ, സാഹിത്യ ചരിത്രം തുടങ്ങിയ ഭാഷാകാര്യങ്ങൾ കേട്ടും വായിച്ചും ഗ്രഹിക്കാനുള്ള കഴിവ് കുട്ടി നേടുന്നു.**

***പ്രാവീണ്യങ്ങൾ***

1. അർത്ഥ സ്ഫുടതയോടെ വായിക്കുന്നു.
2. വായനയിൽ ഏകാഗ്രത പാലിക്കുന്നു.
3. വായിച്ച ഭാഗത്തിലെ കേന്ദ്രാശയം കണ്ടുപിടിക്കുന്നു.
4. പഠിച്ച ഭാഗത്തിന്റെ ഉചിതമായ ശീർഷകം നിർദ്ദേശിക്കുന്നു.
5. പാഠ ഭാഗത്തിനെ വിവക്ഷിതാർത്ഥം കണ്ടു പിടിക്കുന്നു.
6. പാഠഭാഗത്തിലെ വിവിധ ആശയങ്ങളുടെ പരസ്പര ബന്ധം കണ്ടു പിടിക്കുന്നു.
7. ആശയങ്ങളെ ക്രമീകരിക്കുന്നു.
8. ഭാഷാപരമായ തെറ്റുകൾ കണ്ടു പിടിച്ച് തിരുത്തുന്നു.
9. സമാനാശയങ്ങളുമായി താരതമ്യം ചെയ്യുന്നു.
10. ആശയങ്ങളെ വർഗ്ഗീകരിക്കുന്നു.
11. സംശയ നിവാരണത്തിനായി ശ്രമിക്കുന്നു.
12. ലേഖകന്റെ മനോഭാവം കണ്ടു പിടിക്കുന്നു.

**3. ആശയങ്ങൾ വാചികമായും ലിഖിതമായും പ്രകടിപ്പിക്കുന്നു.**

**പ്രാവീണ്യങ്ങൾ (വാചികം)**

1. ശബ്ദ നിയന്ത്രണത്തോടും ഉച്ചാരണ സ്ഫുടതയോടും സംസാരിക്കുന്നു.

2. ശുദ്ധമായ ഭഷയിൽ സംസാരിക്കുന്നു.
3. നിയന്ത്രിത വേഗതയിലും നിറുത്തിലും സംസാരിക്കുന്നു.
4. വികാര സ്ഫുരണത്തോടെ സംസാരിക്കുന്നു.
5. യുക്തിസഹമായി പൗർവ്വാപര്യ ബന്ധത്തോടെ സംസാരിക്കുന്നു.
6. പദ്യം ഈണത്തിൽ ചൊല്ലുന്നു

**പ്രാവീണ്യങ്ങൾ (ലിഖിതം)**

1. ഭാഷാപരമായി തെറ്റു വരാതെ എഴുതുന്നു.
2. ചിഹ്നങ്ങൾ യഥാസ്ഥാനം ഇടുന്നു.
3. അനുയോജ്യമായ ഭാഷാ ശൈലി സ്വീകരിക്കുന്നു.
4. ഉചിതമായ പദങ്ങൾ ഉപയോഗിച്ച് എഴുതുന്നു.
5. ഖണ്ഡികാകരണം പാലിക്കുന്നു.
6. ആശയങ്ങളുടെ പരസ്പര ബന്ധം മനസ്സിലാക്കി അവയെ സംബന്ധിച്ച് എഴുതുന്നു.

**4. പഠിച്ച കാര്യങ്ങൾ നൂതന സന്ദർഭങ്ങളിൽ പ്രയോഗിക്കുന്നു.**

**പ്രാവീണ്യങ്ങൾ**

**1. പുതിയ കാര്യങ്ങൾ നൂതന സന്ദർഭങ്ങളിൽ പ്രയോഗിക്കുന്നു.**

*പ്രാവീണ്യങ്ങൾ*

1. പുതിയ പദങ്ങൾ ശൈലികൾ എന്നിവ സ്വന്തം വാക്യത്തിൽ പ്രയോഗിക്കുക.
2. നൂതന കാവ്യഭാഗത്തിന്റെ അലങ്കാരം നിർണ്ണയിക്കുന്നു.
3. പുതിയ വാക്യങ്ങളെ അപഗ്രഥിക്കുക.
4. അർത്ഥ വ്യത്യാസം വരുത്താതെ വാക്യങ്ങളെ രൂപാന്തരപ്പെടുത്തുന്നു.

**5. ഭാഷാപരമായ നൈപുണികൾ നേടുന്നു**

**പ്രാവീണ്യങ്ങൾ**

1. ശ്രദ്ധാ പൂർവ്വം കേട്ട് ആശയം ഗ്രഹിക്കുന്നു.
2. നിർദ്ദേശങ്ങൾക്കൊത്ത് പ്രവർത്തിക്കുന്നു.
3. ഉച്ചാരണ ശുദ്ധിയോടെ സംസാരിക്കുന്നു.
4. ഉചിതമായ പദങ്ങൾ വിന്യസിച്ച് സംസാരിക്കുന്നു.
5. സന്ദർഭത്തിനൊത്ത ശബ്ദ വൈവിധ്യത്തോടെ സംസാരിക്കുന്നു.
6. വികാരസ്ഫുരണത്തോടെ സംസാരിക്കുന്നു.
7. മൗനമായി വായിച്ച് അർത്ഥം ഗ്രഹിക്കുന്നു.

8. ശരിയായ ദൃഷ്ടി വിന്യാസത്തോടെ മൗനവായന നടത്തുന്നു.

9. വടിവുള്ള അക്ഷരത്തിൽ എഴുതുന്നു.

10. അക്ഷരങ്ങൾ, പദങ്ങൾ, വരികൾ ഇവ വേണ്ട അകലം പാലിക്കുന്നു.

11. എഴുത്തിൽ വേഗത പാലിക്കുന്നു.

**6. സാഹിത്യ സൃഷ്ടികൾ ആസ്വദിക്കുന്നു.**

**പ്രാവീണ്യങ്ങൾ**

1. കാവ്യഭാഗത്തിലെ ശബ്ദഭംഗി കണ്ടെത്തുന്നു.

2. കാവ്യഭാഗത്തിലെ ഇതിവൃത്തത്തിന്റെ ഔചിത്യം കണ്ടെത്തുന്നു.

3. ഇതിവൃത്തത്തിലെ വാച്യവും വ്യംഗ്യവുമായ അർത്ഥ ഭംഗി കണ്ടെത്തുന്നു.

4. പ്രതിപാദന രീതിയുടെ ഔചിത്യവും ഭംഗിയും വിശദീകരിക്കുന്നു.

5. രസഭാവാദികൾ സ്വയം വിശദീകരിക്കുന്നു.

**7. സാഹിത്യസൃഷ്ടികളെ ശരിയായ രീതിയിൽ നിരൂപണം ചെയ്യുന്നു.**

**പ്രാവീണ്യങ്ങൾ**

1. ഗ്രന്ഥകാരന്റെ ഉദ്ദേശ്യം കണ്ടെത്തുന്നു.

2. ഗ്രന്ഥകാരന്റെ അഭിപ്രായങ്ങളുടെ സാധുത പരിശോധിക്കുന്നു,

3. സ്വാഭിപ്രായം രേഖപ്പെടുത്തുന്നു.

**8. ഭാഷാപഠനത്തിൽ താത്പര്യം വളർത്തുന്നു.**

**പ്രാവീണ്യങ്ങൾ**

1. പാഠ്യേതര ഗ്രന്ഥങ്ങൾ വായിക്കുന്നു.

2. നല്ല കവിതാ ഭാഗങ്ങൾ പരപ്രേരണ കൂടാതെ ഹൃദിസ്ഥമാക്കുന്നു.

3. സാഹിത്യകാരന്മാരെപ്പറ്റിയുള്ളവിവരങ്ങൾ ശേഖരിക്കുന്നു.

4. സാഹിത്യ ചർച്ചകളിലും കലാപരിപാടികളിലും പങ്കെടുക്കുന്നു.

5. സാഹിത്യ സൃഷ്ടികൾ രചിക്കുന്നു.

9. അഭിലഷണീയമായ അഭിവൃദ്ധികൾ വളർത്തുന്നു

**പ്രാവിണ്യങ്ങൾ**

1. മനുഷ്യന്റെ സാംസ്കാരിക പുരോഗതിയിൽ ഭാഷയും സാഹിത്യവും വഹിച്ച പങ്കിൽ മതിപ്പു തോന്നുന്നു.

3. ഗ്രന്ഥങ്ങളോടും ഗ്രന്ഥകാരന്മാരോടും ബഹുമാനം പ്രകടിപ്പിക്കുന്നു.

3. വിശിഷ്ട ഗ്രന്ഥങ്ങൾ കേടു കൂടാതെ സംരക്ഷിക്കുന്നതിൽ നിഷ്ട വയ്ക്കുന്നു.

4. സാഹിത്യ പരമായ കാര്യങ്ങളെ പ്രോത്സാഹിപ്പിക്കാനുള്ള മനോഭാവം പ്രകടിപ്പക്കുന്നു.

## 5. പഠന പ്രവർത്തനങ്ങളും പഠനാനുഭവങ്ങളും

ഒരു പാഠ ഭാഗം ക്ലാസ്സിൽ അഭ്യസിക്കാൻ ആവശ്യമായ മുഴുവൻ പ്രവർത്തനങ്ങളും പഠനാനുഭവത്തിൽ കലാശിക്കണം. എങ്കിൽ മാത്രമേ അവ പഠന പ്രവർത്തനമാവുകയുള്ളൂ.

അദ്ധ്യാപകൻ പറഞ്ഞതും പ്രവർത്തിക്കുന്നതുമെല്ലാം പഠന പ്രവർത്തനങ്ങളാണ്. പഠനത്തിന്റെ ഭാഗമായി കുട്ടികൾ നിരീക്ഷിക്കുകയും താരതമ്യം ചെയ്യുകയും മറ്റു പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യാറുണ്ട്.

കവിതകൾ പഠിപ്പിക്കുമ്പോൾ ചിലർ ഈണത്തിൽ ചൊല്ലും. കഥാ പ്രസംഗമായി രൂപപ്പെടുത്താൻ ശ്രമിക്കും. മറ്റു കവിതകൾ കണ്ടെത്തി സമാനാശയമുള്ള വരികൾ അവതരിപ്പിക്കും. ഇപ്രകാരം അദ്ധ്യാപകനും കുട്ടികളും ക്ലാസ് മുറിയ്ക്ക് അകത്തും പുറത്തും പാഠ ഭാഗവുമായി ബന്ധപ്പെടുത്തി നടത്തുന്ന പ്രത്യക്ഷവും പരോക്ഷവുമായ മുഴുവൻ പ്രവർത്തനങ്ങളും പഠനാനുഭവങ്ങളായി മാറുന്നു.

വ്യവഹാര പരിവർത്തനങ്ങൾ കുട്ടിയിൽ നടത്താനുപകരിക്കുന്ന ശാരീരികവും മാനസികവുമായ പ്രവർത്തനങ്ങളും പഠനാനുഭവങ്ങൾക്ക് അടിസ്ഥാനമായി പ്രവർത്തിക്കുന്നു. പഠനത്തിന് പ്രേരിപ്പിക്കുന്നതും കുട്ടികൾ അഭിലക്ഷണീയമായ വ്യവഹാര പരിവർത്തനങ്ങൾ വരുത്തി തീർക്കുന്നവയുമായ പ്രവർത്തനങ്ങളാണ് പഠനാനുഭവങ്ങളിൽ കലാശിക്കുന്നത്.

പഠനാനുഭവങ്ങളുടെ തെരഞ്ഞെടുപ്പിനുള്ള മാനദണ്ഡങ്ങൾ കണ്ടെത്തി സമാനാശയമുള്ള വരികൾ അവതരിപ്പിക്കും. ഇപ്രകാരം അദ്ധ്യാപകനും കുട്ടികളും ക്ലാസ് മുറിയ്ക്ക് അകത്തും പുറത്തും പാഠ ഭാഗവുമായി ബന്ധപ്പെടുത്തി നടത്തുന്ന പ്രത്യക്ഷവും പരോക്ഷവുമായ മുഴുവൻ പ്രവർത്തനങ്ങളും പഠനാനുഭവങ്ങളായി മാറുന്നു.

## 6. പഠനാനുഭവങ്ങളുടെ തെരഞ്ഞെടുപ്പിനുള്ള മാനദണ്ഡങ്ങൾ

1. തെരഞ്ഞെടുക്കുന്ന പഠനാനുഭവങ്ങൾ മുൻകൂട്ടി തീരുമാനിച്ചുറച്ച ബോധനോദ്ധേശ്യങ്ങളിൽ അധിഷ്ഠിതമായിരിക്കണം. കുട്ടി അറിവു നേടുന്നു. എന്ന ഉദ്ദേശ്യമേ അദ്ധ്യാപകനുള്ളുവെങ്കിൽ പഠനാനുഭവങ്ങൾ താഴെതലത്തിലുള്ളവ മാത്രം മതി. എന്നാൽ ഗ്രഹണം, പ്രയോഗം, താത്പര്യം, എന്നിങ്ങനെ ബോധനോദ്ദേശ്യങ്ങൾക്ക് വ്യത്യാസം വരുമ്പോൾ വിവിധ തരത്തിലുള്ള പഠനാനുഭവങ്ങൾ നൽകാൻ അദ്ധ്യാപകൻ ശ്രദ്ധിക്കേണ്ടതാണ്.

2. വിദ്യാർത്ഥിയുടെ സ്വയം പ്രവർത്തനത്തിന് കൂടുതൽ സൗകര്യം നൽകുന്നവയായിരിക്കണം. പഠിതാവാണ് കേന്ദ്ര ബിന്ദു. അയാൾ സ്വയം ചെയ്യുന്ന പ്രവർത്തനങ്ങൾ വഴി മാത്രമേ കാര്യക്ഷമമായ മാറ്റങ്ങൾ വരുത്താൻ കഴിയൂ കുട്ടി സജീവമായി മുഴുകാതെ ഒരു പരിവർത്തനവും ഉണ്ടാകാൻ പോകുന്നില്ല. ഏതു ക്ലാസ്സിലും കുട്ടിയുടെ പങ്കാളിത്തം ഉറപ്പു വരുത്തുന്ന പഠനാനുഭവങ്ങൾ അദ്ധ്യാപകൻ തെരഞ്ഞെടുക്കണം.

3. ഒരേസമയത്തു തന്നെ കൂടുതൽ വ്യവഹാര പരിവർത്തനങ്ങൾ വരുത്താൻ സഹായകമായ പഠനാനുഭവങ്ങൾക്ക് മുൻഗണന നൽകണം. അനേകം വ്യവഹാര പരിവർത്തനങ്ങൾ വരുത്താൻ പറ്റിയ പഠനാനുഭവങ്ങൾ അദ്ധ്യാപകൻ കണ്ടെത്തി എന്നു വരാം. അവയിൽ എല്ലാ പഠനാനുഭവങ്ങളും ക്ലാസ്സിൽ നൽകാൻ സമയ പരിധി അനുവദിക്കുന്നില്ല എന്നു വരാം. അപ്പോൾ ലഭ്യമായ അനേകം പഠനാനുഭവങ്ങളിൽ നിന്ന്കൂടുതൽ വ്യവഹാര പരിവർത്തനങ്ങൾവരുത്താൻ കഴിയുന്നവ അദ്ധ്യാപ

കൻ തെരഞ്ഞെടുക്കണം.

4. കുട്ടികളുടെ മാനസിക നിലവാരത്തിനും, താത്പര്യങ്ങൾക്കും, അനുയോജ്യമായിരിക്കണം പഠനാനുഭവങ്ങൾ. കുട്ടികളുടെ താത്പര്യം, കഴിവുകൾ, കഴിവു കേടുകൾ എന്നിവ അദ്ധ്യാപകൻ കണക്കിലെടുക്കണം. ഓരോ പഠിതാവിന്റെയും നിലവിലുള്ള വൈജ്ഞാനിക ഘടന നല്ലപോലെ മനസ്സിലാക്കി അതിനനുസൃതമായ പഠനാനുഭവങ്ങളിലൂടെ നൂതന വിജ്ഞാനാംശങ്ങൾ കുട്ടികളിലേയ്ക്ക് പകരാൻ അദ്ധ്യാപകൻ ശ്രദ്ധിക്കണം. ഏതുതരത്തിലുള്ള വിജ്ഞാന നിലവാരമുള്ളവർക്കും സജീവമായി പങ്കെടുക്കാൻ പറ്റിയ പ്രവർത്തനങ്ങൾ ക്ലാസ്സിൽ ചെയ്യാൻ സാധിക്കും.

5. ചുറ്റു പാടുകൾക്കനുസരണവും സാമ്പത്തിക സ്ഥിതിക്കനുകൂലവുമായ പഠനാനുഭവങ്ങൾ തെരഞ്ഞെടുക്കണം. പഠനാനുഭവം കാര്യക്ഷമമായതുകൊണ്ടു മാത്രം അതു നൽകാൻ കഴിയണം, എന്നില്ലല്ലോ. നമ്മുടെ ക്ലാസ്സ് മുറിയിൽ അവയ്ക്ക് എത്രത്തോളം സാദ്ധ്യതയുണ്ട് എന്നു നോക്കണം. ചിലപ്പോൾ മെച്ചപ്പെട്ട പഠനാനുഭവങ്ങൾ നൽകാനായി വിലപിടിപ്പുള്ള ഉപകരണങ്ങളുടെ സഹായം ഉപകരിച്ചേക്കാം. പക്ഷേ അത്തരം പഠനോപകരണങ്ങൾ ക്ലാസ് മുറിയിൽ എത്തിക്കാനുള്ള ഭൗതികവും സാമ്പത്തികവുമായ സാഹചര്യമുണ്ടോ എന്നു പരിശോധിക്കണം. വലിയ പണചെലവില്ലാത്തതും, സംഘടിപ്പക്കാൻ പ്രയാസമില്ലാത്തതുമായ പഠന പ്രവർത്തനങ്ങൾക്കു മാത്രമേ നാം പ്രാധാന്യ കൊടുക്കാവൂ.

അദ്ധ്യായം - 30

# പാഠാസൂത്രണം

**മുഖവുര:**

നിർദ്ദിഷ്ട വിദ്യാഭ്യാസ ലക്ഷ്യങ്ങൾ നേടുന്നതിനായി തയ്യാറാക്കിയ പാഠ്യപദ്ധതിയിൽ കൈവരിക്കേ ഭാഷാസിദ്ധികളെക്കുറിച്ച് പറഞ്ഞിട്ട്. അവ നേടുന്നതിന് അനുയോജ്യമായ പഠന രീതികളും ഉപാധികളും തെരെഞ്ഞെടുക്കുക, ഫലപ്രദമായ ആസൂത്രണം നിർവ്വഹിക്കുക, പുതിയ സമീപനം ഉൾക്കൊ് പഠന പ്രവർത്തനങ്ങൾ സമയ ബന്ധിതമായി നടപ്പിലാക്കുക.

**പഠനഫലങ്ങൾ**

പാഠാസൂത്രണത്തിന്റെ ആവശ്യകതയെക്കുറിച്ച് മനസ്സിലാക്കുക.

പ്രവർത്തനാടിസ്ഥാനത്തിൽ എങ്ങനെ പഠിക്കാം എന്നതിനെക്കുറിച്ച് മനസ്സിലാക്കുക.

ഇപ്പോൾ അനുവർത്തിച്ചുപോരുന്ന പാഠ്യപദ്ധതിയും അതിനനുബന്ധമായ ബോധനോപകരണങ്ങളും തയ്യാറാക്കണം.

വിദ്യാഭ്യാസ രീതികളിൽ പ്രയോഗിക്കാനുള്ള ശേഷി കൈവരിക്കുന്നു.

സർഗ്ഗാത്മകത വിദ്യാഭ്യാസ രീതികളിൽ പ്രയോഗിക്കത്തക്ക രീതിയിൽ പാഠാസൂത്രണം തയ്യാറാക്കുന്നു.

ബോധനം ശരിയായി നിർവ്വഹിക്കാൻ ആവശ്യമായ ബോധനോപകരണങ്ങൾ തയ്യാറാക്കുന്നു.

**പാഠാസൂത്രണത്തിന്റെ ആവശ്യകത**

ബോധനം ഫലവത്തായി നിർവ്വഹിക്കാനും അത് വിജയകരമായി പൂർത്തിയാക്കുവാനും പാഠാസൂത്രണം സഹായിക്കുന്നു എന്ത് പഠിപ്പിക്കുന്നു. എങ്ങനെ പഠിപ്പിക്കുന്നു എന്ന വസ്തുത മുൻകൂട്ടി തീരുമാനിക്കുന്നു.

പാഠാസൂത്രണം എഴുതുന്നതിന്റെ പ്രാഥമികമായ ആവശ്യം പുതിയ പാഠം എങ്ങനെയാണ് തുടങ്ങേത്, പുതിയ വസ്തുതകൾ എങ്ങനെയാണ് ആവിഷ്കരിക്കേത്, ഏതു തരത്തിലുള്ള ബോധനോപകരണങ്ങളാണ് ഉപയോഗിക്കേത്, ബോധനശേഷം ഉദ്ദിഷ്ട ഫലപ്രാപ്തി കുട്ടിയിൽ എത്തിയിട്ടുാേ എന്ന് മനസ്സിലാക്കാൻ പാഠാസൂത്രണം വളരെ യധികം സഹായിക്കുന്നു.

**പാഠാസൂത്രണം എഴുതുന്നതിന്റെ നന്മകൾ**

1. പാഠ്യവസ്തു ശരിയായ രീതിയിൽ അനുക്രമമായി വികസിച്ച് വരത്തക്ക രീതിയിൽ സഹായകമാകുന്നു.
2. ഓരോഘട്ടത്തിലും എന്താണ് ചെയ്യേത് എന്ന് അറിയാവുന്നതിനാൽ സമയം പാഴാവുന്നില്ല.

3. പാഠ്യവസ്തുവിന്റെ വിശദീകരണത്തിന് അനുയോജ്യമായ രീതി പഠനോപകരണ ങ്ങൾ മുൻകൂട്ടി തയ്യാറാക്കാൻ സാധിക്കുന്നു.

4. പാഠ്യവസ്തുവിന് അനുയോജ്യമായ രീതിയിൽ അധ്യാപന രീതികൾ തെരെഞ്ഞെടു ക്കാൻ ഇത് സഹായിക്കുന്നു.

5. ഫലപ്രദമായി ക്ലാസുകൾ കൈകാര്യം ചെയ്യാൻ ഇത് സഹായിക്കുന്നു.

6. ഭാഷാപാഠങ്ങൾ ഇതരവിഷയങ്ങളുമായി ബന്ധപ്പെടുത്തി പഠിപ്പിക്കുന്നു.

7. വ്യക്തി വൈവിദ്ധ്യത്തിനനുസൃതമായി പഠനാനുഭവങ്ങൾ വിദ്യാർത്ഥികളിൽ എത്തി ക്കാൻ സഹായിക്കുന്നു.

8. പാഠ്യവസ്തുവിന്റെ ലക്ഷ്യങ്ങൾക്കനുസരണമായി പഠനഫലങ്ങൾ കുട്ടികളിൽ ലഭ്യ മാക്കാൻ സഹായിക്കുന്നു.

**മികച്ച പാഠാസൂത്രണത്തിന്റെ സ്വഭാവം**

1. വിദ്യാർത്ഥികൾക്ക് മികച്ച പഠനഫലങ്ങൾ നൽകുന്നതായിരിക്കും.

2. ബോനധരീതി, പഠനോപകരണങ്ങൾ ഇവയെക്കുറിച്ച് നല്ല ബോധ്യമുായിരിക്കും.

3. ഇന്ന പ്രയോഗം, ഇന്ന സമയത്ത് നൽകേതാണ് എന്നതിനെക്കുറിച്ച് മുൻധാരണ യു ാ കും.

4. സജ്ജീകരണം, ആമുഖം, പാഠ്യവസ്തുവിന്റെ പടിപ്പടിയായ വികാസം, ഇങ്ങനെ ഓരോന്നും ഇത്ര സമയംഎന്ന് നേരത്തെ തന്നെ തീരുമാനിക്കുന്നു.

5. പാഠാനുബന്ധ പ്രവർത്തനങ്ങൾ ഉൾക്കൊ തായിരിക്കും.

6. തുടർപ്രവർത്തനത്തിനനുയോജ്യമായ പ്രവർത്തനങ്ങൾ ഉൾക്കൊ തായിരിക്കും.

**പാഠാസൂത്രണം തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേ കാര്യങ്ങൾ**

ഓരോ പ്രത്യേക ശീർഷകത്തിന്റെ അടിസ്ഥാനത്തിൽ ബോധനം നിർവ്വഹിക്കാൻ കഴിവുള്ള തായിരിക്കണം നല്ല പാഠാസൂത്രണം. ക്ലാസ് റൂം അധ്യാപനം സജീവമാകണമെങ്കിൽ വിദ്യാർത്ഥി കളെക്കൂടി പ്രവർത്തന പരിപാടികളിൽ പങ്കാളികളാക്കുക.

ക്ലാസ്റൂമിൽ പ്രയോഗിക്കുന്ന ഓരോ പ്രവൃത്തിയും പഠിതാവിന് വ്യത്യസ്തങ്ങളായ അനുഭ വങ്ങളാണ് പകർന്നു നൽകുന്നത്. ഒരു പ്രത്യേക പാഠ്യവസ്തു പഠിപ്പിക്കാൻ അധ്യാപകൻ സ്വീക രിക്കുന്ന അധ്യാപന രീതി വിദ്യാർത്ഥികളിൽ ചിലപ്പോൾ നല്ല ഫലങ്ങൾ നൽകിയേക്കാം. എന്നാൽ മറ്റു ചിലർക്കാകട്ടെ ഇത് ഉദ്ദേശിച്ച ഫലം നൽകാതെയുമാവാം. അതുകൊ് ക്ലാസിലുള്ള എല്ലാ വിഭാഗം കുട്ടികളെയും ലക്ഷ്യമാക്കി പദ്ധതി ആസൂത്രണം ചെയ്താൽ അത് നല്ല ഫലങ്ങൾ നൽകുന്നതായിരിക്കും.

വിദ്യാർത്ഥികളിൽ അഭിലഷണീയമായ വർത്തനവ്യതിയാനങ്ങൾ ഏർപ്പെടുത്തത്തക്ക രീതിയിൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേതാണ്. ക്ലാസ് റൂം അന്തരീക്ഷത്തിനു യോജിച്ച ആവശ്യമായ, ലളിതമായ പ്രവർത്തനങ്ങളെ പദ്ധതി പ്രകാരം ആസൂത്രണം ചെയ്യേതാണ്. മൾട്ടി

ക്ലാസ് അദ്ധ്യാപനത്തിന് യോജിച്ച രീതിയിൽ പാഠാസൂത്രണം തയ്യാറാക്കാൻ ശ്രദ്ധിക്കേതാണ്.

**പാഠാസൂത്രണം**

1. ഉന്നമാക്കുന്ന ലക്ഷ്യങ്ങൾ
2. സജ്ജീകരണം
3. ബോധന-പഠന പ്രവർത്തനങ്ങൾ
4. മൂല്യനിർണ്ണയം
5. അഭ്യാസം

**1. ലക്ഷ്യമാക്കുന്ന പഠനഫലങ്ങൾ**

അഞ്ചാം ക്ലാസിലെ പാഠപുസ്തകത്തിൽ വിദ്യാർത്ഥികളിൽ വളർത്തേതായ നൈപുണികൾപട്ടികയിലാക്കുക.

**2. സജ്ജീകരണം**

ആദ്യമായി പാഠം അവതരിപ്പിക്കുമ്പോൾ പാഠസംബന്ധിയായ കാര്യങ്ങൾ ആദ്യമേ അവതരിപ്പിക്കുന്നത് ശരിയല്ല. പാഠഭാഗത്തിൽ കുട്ടി സവിശേഷമായ ശ്രദ്ധ പതിപ്പിക്കുന്നുോ എന്ന് കത്തേത് അധ്യാപകന്റെ ചുമതലയാണ്. എല്ലാ കുട്ടികളും ക്ലാസ്സിൽ സജീവ പങ്കാളികളാണ് എന്ന് പറയാനാവില്ല. ക്ലാസ് ശ്രദ്ധിക്കാൻ പാകത്തിൽ അവരുടെ മാനസികാവസ്ഥയെ ഏകോപിച്ചെടുക്കുക എന്നത് അധ്യാപകന്റെ കർത്തവ്യമാണ്.

ഇതിനായി അധ്യാപകർ, പാഠ്യവസ്തു സംബന്ധമായ കഥ, കവിത, പദപ്രശ്നം തുടങ്ങിയവയിലേതെങ്കിലും തെരെഞ്ഞെടുക്കേതാണ്. ഇവയിലേതെങ്കിലും ഒന്ന് പരിചയപ്പെടുത്തി സജ്ജീകരിക്കേതാണ്.

**3. ബോധന-പഠന പ്രർത്തനങ്ങൾ**

വിദ്യാർത്ഥികളെ പഠനത്തിൽ ശ്രദ്ധയുള്ളവനാക്കുക, പദാവലി സംബന്ധിച്ചുള്ള വിശദീകരണങ്ങൾ, ബോധനോപകരണങ്ങൾ കാണിച്ച് വിശദീകരിക്കുക, ബോർഡിൽ എഴുതൽ, ഉദാഹരങ്ങൾ നൽകൽ, പടം വരയ്ക്കൽ, പാടുക, ചോദ്യം ചോദിക്കുക, തെറ്റിക്കുന്ന ഉത്തരങ്ങൾ ശരിയാക്കുക, ഓരോ വിദ്യാർത്ഥിയേയും പ്രത്യേകം പ്രത്യേകം ശ്രദ്ധിക്കുക. ക്ലാസ് റൂം അച്ചടക്കത്തിൽ ശ്രദ്ധിക്കുക തുടങ്ങിയവ അധ്യാപകന്റെ കർത്തവ്യങ്ങളാണ്. പാഠ്യവസ്തുവിനും ഉന്നമാക്കുന്ന പഠനഫലങ്ങൾക്കും യോജിച്ച അധ്യാപന രീതികൾ ബോധന-പഠനപ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തേതാണ്.

പാഠ്യവസ്തു വിശദീകരിക്കാനാവശ്യമായ പട്ടിക അത് മനസ്സിലാക്കാൻ ആവശ്യമായ ബോധന രീതികൾ, അതായത് സംഘപഠനം,കളിരീതി, സ്വയംപഠനം, ഒരു വിദ്യാർത്ഥി മറ്റൊരു വിദ്യാർത്ഥിക്ക് പഠിപ്പിച്ച് കൊടുക്കൽ. തുടങ്ങിയ രീതികൾ അവലംബിക്കാവുന്നതാണ്. പാഠ്യവസ്തു പഠിപ്പിക്കാനാവശ്യമായ പഠനയാത്രകളും സംഘടിപ്പിക്കാവുന്നതാണ്.

ഉന്നമാക്കുന്ന ലക്ഷ്യങ്ങൾ സാക്ഷാത്ക്കരിക്കത്തക്ക രീതിയിൽ ഭാഷാ പ്രാവീണ്യം, സംസ്കാരം, ദേശസ്നേഹം തുടങ്ങിയവ വളർത്തത്തക്ക ബോധന–പഠന പ്രവർത്തനങ്ങൾ രൂപീകരിക്കേ താ ണ് .

**4. മൂല്യനിർണ്ണയം**

ബോധന പഠന പ്രവർത്തനങ്ങൾ മൂല്യനിർണ്ണയം ചെയ്യേതാണ്. ബോധന പ്രക്രിയ കഴിഞ്ഞ ശേഷം കുട്ടികൾ എത്രത്തോളം പാഠഭാഗം ഗ്രഹിച്ചു എന്നറിയാൻ വേി മൂല്യനിർണ്ണയം നടത്തേ ത് അനിവാര്യമാണ്. ഇതിനുവേി ഏതുതരത്തിലുള്ള ചോദ്യങ്ങളാണ് നൽകേ ത് എന്നതിനെക്കുറിച്ച് നല്ല അവബോധം സൃഷ്ടിക്കേത് അനിവാര്യമാണ്.

**5. അഭ്യാസം (തുടർ പ്രവർത്തനം)**

പഠിപ്പിച്ച പാഠഭാഗത്തെ ആസ്പദമാക്കി വിദ്യാർത്ഥികൾക്ക് ഗൃഹപാഠം നൽകേതാണ്. പാഠത്തിന്റെ സംഗ്രഹം തയ്യാറാക്കുക, രക്ഷകർത്താക്കളോടൊപ്പം പഠനയാത്ര സംഘടിപ്പിക്കൽ, റയിൽവേ, സ്റ്റേഷൻ, ബസ് സ്റ്റാൻഡ്, പോസ്റ്റ് ഓഫീസ് തുടങ്ങിയ സ്ഥലങ്ങൾ സന്ദർശിച്ച് അവിടെ നടക്കുന്ന പ്രവർത്തനങ്ങൾ മനസ്സിലാക്കുക. പാഠ്യവസ്തുവിന് അനുസൃതമായി ഏതു തരത്തിലുള്ള പ്രവർത്തനമാണ് നൽകേത് എന്നതിനെക്കുറിച്ച് നേരത്തെ തീരുമാനിക്കേതാണ്.

**അഞ്ചു മുതൽ എട്ടാം ക്ലാസ്സുവരെ നൽകാവുന്ന പാഠാസൂത്രണം**

അഞ്ചു മുതൽ എട്ടാം ക്ലാസുവരെ സർഗ്ഗാത്മകത വികസിപ്പിക്കത്തക്ക രീതിയിൽ പാഠാസൂത്രണം രൂപവൽക്കരിക്കേതാണ്. ഈ രീതിയിൽ കുട്ടികൾ സ്വയം പഠനം, സംഘപഠനം തുടങ്ങിയ പ്രവർത്തനങ്ങളിൽ പങ്കാളികളാവുന്നു.

| | | | |
|---|---|---|---|
| പ്രവർത്തനം | : | 1. | സജ്ജീകരണം |
| പ്രവർത്തനം | : | 2. | സംഘങ്ങളായി വിഭജിക്കുക. |
| പ്രവർത്തനം | : | 3. | വിദ്യാർത്ഥി/രുപേർ/സംഘങ്ങളായി |
| പ്രവർത്തനം | : | 4. | അധ്യാപകർ ചോദ്യങ്ങൾ തയ്യാറാക്കുക. |
| പ്രവർത്തനം | : | 5. | സംഘങ്ങളായി പ്രവർത്തനം നിർവ്വഹിക്കൽ |
| പ്രവർത്തനം | : | 6. | അധ്യാപകരുമായി സംഘം ചേർന്ന് പ്രവർത്തിക്കൽ |
| പ്രവർത്തനം | : | 7. | പാഠപുസ്തകത്തിൽ തന്നിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരം കുപിടിക്കൽ |
| പ്രവർത്തനം | : | 8. | മൂല്യനിർണ്ണയം |
| പ്രവർത്തനം | : | 9. | പരിഹാര ബോധനം. |

## സ്വയം പഠനരീതി

**പ്രവർത്തനം : 1 സജ്ജീകരണം**

ഏതെങ്കിലും പാഠം പഠിപ്പിക്കാൻ തുടങ്ങുന്നതിനുമുമ്പ് പാഠ്യവസ്തു കഥകളിൽകൂടിയോ അല്ലെങ്കിൽ മുന്നറിവ് ചോദ്യങ്ങളിലൂടെയോ സജ്ജീകരിക്കാവുന്നതാണ്.

അദ്ധ്യാപകന്റെ ഉപക്രമ സംഭാഷണം വിദ്യാർത്ഥികൾക്ക് താൽപര്യപൂർവ്വം പഠിപ്പിക്കാൻ പ്രാപ്തമായ രീതിയിൽ ആയിരിക്കണം. പൂർണ്ണമായി പാഠ്യവസ്തു ലഭ്യമാകുന്നതരത്തിൽ വായന പരിശീലിപ്പിക്കാവുന്നതാണ്.

**പ്രവർത്തനം : 2**

വിദ്യാർത്ഥികളെ രുപേരായോ, സംഘം ചേർന്നോ, തനിച്ചോ വായിക്കാൻ ആവശ്യപ്പെടാവുന്നതാണ്.

വായന പരിശീലിപ്പിക്കുമ്പോൾ, അവരുടെ ശ്രദ്ധ വ്യതിചലിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേ താ ണ്.

**പ്രവർത്തനം : 3**

അധ്യാപകൻ ഓരോ വിദ്യാർത്ഥിക്കും മനസ്സിലാക്കാൻ പ്രാപ്തമായ തരത്തിൽ ചോദ്യങ്ങൾ നൽകേതാണ്. മൈൻഡ് മാപ്പിങ്ങിന്റെ അടിസ്ഥാനത്തിൽ ബോധനം നിർവ്വഹിക്കാവുന്നതാണ്.

**പ്രവർത്തനം : 4**

അധ്യാപകർ ഓരോ പാഠ്യവസ്തുവിന് അനുയോജ്യമായ തരത്തിൽ ചോദ്യങ്ങൾ നൽകേതാണ്. മൈൻഡ് മാപ്പിങ്ങിന്റെ അടിസ്ഥാനത്തിൽ ചെറിയ ചോദ്യങ്ങൾക്ക് വിദ്യാർത്ഥികൾക്ക് നൽകേ താ ണ്.

**പ്രവർത്തനം : 5**

മൈൻഡ് മാപ്പിങ് ചെയ്ത ശേഷം സംഘത്തിൽ ഉള്ളവർ തങ്ങളിൽ ചർച്ച ചെയ്ത് ആശയ കൈമാറ്റം നൽകേതാണ്.

Cu {]hÀ¯\§fnÂ Hmtcm hnZymÀ°nbpw hc¨ ssa³Uv am¸n§neqsS s]mXphmb Bib¯nÂ F¯nt¨cp¶XmWv.

**{]hÀ¯\w:7**

hn« `mKw ]qcn¸n¡pI, icnbmb ]Zw sXscsªSps¯gpXpI, {ltkzm¯c tNmZy§Ä¡v D¯cw FgpXpI. XpS§nbh \nÀÆNnt¡-XmWv

**{]hÀ¯\w:8**

Iznkv amXrIbnepÅ tNmZy§Ä, icnbmb ]Z§Ä sXscsªSp¡Â. tNmZy§Ä¡v D¯cw Ims-¯Â.

**{]hÀ¯\w:9**

Cu coXnbnÂ GsX¦nepw hnZymÀ°nbv¡v icnbmb coXnbnÂ ]mTy`mKw a\ÊnemImXncp¶mÂ hnZymÀ°nIsfs¡m-p Xs¶ Ahbv¡v ]cnlmcw \nÀt±in¡mhp¶XmWv.

## സ്വയം പഠന രീതി

| ഘട്ടങ്ങൾ | ക്ലാസ് റും പ്രവർത്തനങ്ങൾ | പ്രവർത്തിക്കുന്നവർ | പ്രയോജനങ്ങൾ |
|---|---|---|---|
| പാഠഭാഗത്തിനാവശ്യമായ കഥ/ മുന്നറിവിലെ ചോദ്യങ്ങൾ / പ്രയോജനങ്ങൾ/സംഭവങ്ങൾ/ വിവരണം | | അധ്യാപകൻ | ഫലങ്ങൾ |
| ഓരോ വിദ്യാർത്ഥിയും ചെയ്യേത് | 1. പ്രധാനവും കഠിനവുമായ പദങ്ങൾ അടിവരയിടുക 2. അർത്ഥം മനസ്സിലാക്കാത്ത കഠിന പദങ്ങൾ കത്തുക 3. മൈൻഡ് മാപ്പിംഗ് തയ്യാറാക്കുക | അധ്യാപകൻ ഓരോ വിദ്യർത്ഥിക്കും പഠിക്കുന്നതിനാവശ്യമായ ചോദ്യങ്ങൾ തയ്യാറാക്കൽ | മനസിലാക്കുക. |
| ചെറുസംഘങ്ങളുമായുള്ള ചർച്ച | രുപേർ തമ്മിൽ ആശയകൈമാറ്റം ചെയ്ത് നന്നായി മനസ്സിലാക്കൽ. | വിദ്യാർത്ഥികൾ രുപേരെയോ/ രിലധികം വിദ്യാർത്ഥികൾ ചേർന്നോ | എല്ലാ കാര്യങ്ങളെയും അപഗ്രഥിച്ച് സംശയങ്ങൾ തീർത്തു നൽകുക. |
| സംഭാഷണങ്ങളിലൂടെ പാഠപുസ്തകങ്ങളിലൂടെ ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. | സംഭാഷണ രീതി/ മൈൻഡ് മാപ്പിംഗ് | അധ്യാപകർ/സംഘങ്ങൾ/ഓരോ വിദ്യർത്ഥിയും/രും വിദ്യാർത്ഥികൾ ചേർന്നും. | ഓർമ്മിക്കുക. |

## ]cnlmct_m[\w

**]cnNbs¸Sp¯Â:þ**

A[ym]I³, ]mTyhkvXphn\\pkrXambn IYIÄ ]dbpI, ]mTyhkvXphns\¡pdn¨v tIÄ¡Â, ap³ ¢mknÂ \S¶hsb¡pdn¨v HmÀ½s¸Sp¯Â, I-p]nSp¯§Ä, kw`h§Ä XpS§nbh hnZymÀ°nIsf ]Tn¸nt¡-XmWv.

**{]tXyI ]mTw:þ**

]mTyhkvXp¡Ä bmsXmcp _Ôhpan-ÃmsX {]tXyIambn \nesImÅpw. Hcp {]tXyI Bibw am{Xw tI{µoIcn¨v ]mTw \nesImÅp¶XmWv.

**C¦v t»m«v**

Hcp shfp¯ ISemÊnÂ ajn sXdn¡pt¼mÄ, FÃm ZniIfnepw hym]n¡p¶Xpt]mse Hcp {]XyI Zqc¯p \n¶v hcp¶Xpt]mse ]mTw kÖoIcn¨ncn¡pw.

**sI«nSLS\m coXn :-þ**

ASnØm\w CÃmsX sI«nSw \nÀ½n¡m³ km²yaÃ. sI«nSw ]Wnbpt¼mÄ IÃpIÄ H¶n\p apIfnÂ asäm¶mbn hcp¶Xpt]mse ]mTyhkvXphpw H¶n\p apIfnÂ asäm¶mbn FSp¯v AhXcn¸nt¡-XmWv.

**hr£imJm coXn :-þ**

hr£¯nsâ Xmbv¯Sn B[mcam¡n, AXnsâ imJIÄ hfÀ¶v hnIkn¡p¶Xpt]mse , ]mTyhkvXphnsâ {]Xn]mZ\w Bg¯nepÅXmhWw. tI{µoIrXmibw ZrVXbpÅXmhWw. D]hkvXpXIÄ ZrVXtbmssS tI{µhkvXphpambn _Ôw DÅXmbncn¡Ww.

## ]mTy-]-²Xn

**{]tXyI ]mTw**

| | | |
|---|---|---|
| ]mT-¯nsâ coXn | : | C¦v-t»m«v coXn, sI«n-S-L-S\ coXn, |
| ]cn-N-b-s¸-Sp-¯Â | : | hr£-im-Jm-coXn |
| {Kln-¡Â | : | hmbn-¡p-I, |
| | | ssa³Uvam¸v |
| | | \mSIw |
| | | Nn{X-§Ä |

| | | |
|---|---|---|
| | | ]co-£-W-§Ä |
| | | t{ImUo-I-cn¡pI/]«nI |
| GtIm-]n-¸n¡Â | : | sNdp kwL-§Ä |
| | | ¢mkv apgp-h-\mbn |
| ]p\-c-h-tem-I\w | : | Nn{X-§Ä<br>teJ\w<br>^e kwtim-[\w |
| aqey-\nÀ®bw | : | ]co-£-IÄ |
| | | tNmZy-§Ä |
| | | \nÀ[m-cWw |
| -e-`y-am-Im¯ {]m]vXn-IÄ hfÀ¯pI | : | ho-pw ]p\-c-h-tem-I\w \S-¯pI |

Hcp ]mTy-]²XnbnÂ ap¶dnhv, {Kln-¡m³ GtIm-]n-¸n-¡Â, ]p\-c-h-tem-I-\w, aqey-\nÀ®-bw, e`y-am-Im¯ {]mho-Wy-§Ä hfÀ¯Â XpS§o Bdv L«-§Ä A´À`-hnt¡-XmWv.

**]mT¡pdn¸v (Notes of Lesson) :-þ**

Hcp ]ncoUnÂ Fs´ms¡ Bibw ]Tn¸n¡m\mIpw F¶Xns\¡pdn¨v A[ym]I³ FgpXn X¿mdm¡p¶Xns\bmWv ]mTmkq{XWw F¶p ]dbp¶Xv.

A[ym]I³, HcmgvNbnÂ Fs´ms¡bmWv ]Tn¸nt¡-Xv F¶v Xocpam\n¨p X¿mdm¡p¶ Ipdn¸ns\bmWv ]mT¡pdn¸v F¶p ]dbp¶Xv.

A[ym]\w Imcy£aam¡m³ ]mTymwiw kw_Ôn¨ hkvXpXIÄ t\cs¯ Xs¶ Is-t¯-XmWv. C¯c¯nÂ kzcq]n¡p\v ]mTymwi§Ä Hmtcm amkhpw, Hmtcm BgvNbpw Fs´ms¡bmWv ]Tn¸nt¡-Xv F¶v Xocpam\nt¡-XmWv. HcmgvNbnÂ ]Tn¸nt¡-]mT§Ä kw_Ôn¨ ]mTymwi§sfbmbncn¡pw BZyw AhXcn¸n¡pI.

A[ym]\¯n\v, ]mT¡pdn¸v AXy´mt]£nXamWv. A[ym]Isc \nco£n¡p¶ {]Yam²ym]I³ ]mT¡pdn¸v t\mt¡-XmWv. hnZymeb]cntim[\bv¡v hcp¶ ]cntim[Icpw Cu ]mT¡pdn¸v t\mt¡-XmWv. Hcmgv¨ Fs´ms¡ Imcy§fmWv sNt¿-sX¶v ]mT¡pdn¸nÂ FgpXn X¿mdm¡n h¨ncn¡pw.

**L«§Ä :-þ**

]mT¡pdn¸ns\ ]mTyhkvXphnsâ A]{KY\amsW¶v ]dbmw. KZyamsW¦nÂ ]Zmhen hnIk\w, hymIcmWmZnImcy§Ä F¶nhbv¡v {]m[m\yw \ÂIpI. ]ZyamsW¦nÂ

BkzmZ\tijn Ip«nIfnÂ hfÀ¯nsbSp¡¯¡ coXnbnepÅ Xmbncn¡Ww. BkzmZ\¯n\v `wKw t\cnSm¯ Xc¯nÂ kakvX ]Z§Ä hniZoIcn¨v AhXcn¸nt¡-XmWv. IhnX XmcXayw sN¿pI, Ihn, IhnbpsS CXc IrXnIÄ F¶nhsb¸än ]mT¡pdn¸nÂ {]kvXmhnt¡-XmWv.

**പാഠാസൂത്രണം:–**

1. ഒരു പിരീഡ് പഠിപ്പിക്കാൻ പാകത്തിൽ പാഠക്കുറിപ്പ് എഴുതി തയ്യാറാക്കുക.
2. ഉന്നമാക്കുന്ന പഠനഫലങ്ങൾ, സജ്ജീകരണം, ബോധന പഠന പ്രവർത്തനങ്ങൾ, മൂല്യനിർണ്ണയം തുടങ്ങീ തുടർ പ്രവർത്തനങ്ങൾ തുടങ്ങിയവ എഴുതി തയ്യാറാക്കേതാണ്.
3. ഒരു പിരീഡിൽ പഠിക്കാനുദ്ദേശിക്കുന്ന എല്ലാ വിവരങ്ങളും വളരെ ബൃഹത്തായി ബോധനപഠനോപകരണങ്ങളോടുകൂടി പഠിപ്പിക്കേതാണ്.
4. അധ്യാപകവിദ്യാർത്ഥികൾ പാഠാസൂത്രണം തയ്യാറാക്കി അധ്യാപകരിൽ നിന്ന് ഒപ്പു വാങ്ങേ താണ്.

**പഠനോപകരണങ്ങളുടെ നിർമ്മാണം:–**

ഒരു പാഠഭാഗം പഠിപ്പിക്കാനാവശ്യമായ ബോധനപഠനോപകരണങ്ങളുടെ \nÀ½mWamWv.

**]mTyhkvXp:-þ**

GXp ]mT`mKamtWm A[ym]I³ ]Tn¸n¡m³ Dt±in¡¶Xv AXmWv ]mTyhkvXp.

**]pkvXI§Ä:-þ**

{KÙimebnÂ \n¶pw ]mTy`mKhpambn _Ôs¸« CXc {KÙ§Ä Is-¯n AXnepÅ Bib§fpw DÄs¸Spt¯-XmWv. GsXms¡ ]pkvXI§fmWv Ip«nIÄ Is-¯n hmbnt¡-sX¶v A[ym]I³ \nÀt±iw \ÂtI-XmWv.

**t_m[t\m]IcW§Ä:-þ**

പാഠ്യാംശം പഠിപ്പിക്കാനാവശ്യമായ ബോധനോപകരണങ്ങൾ നൽകേതാണ്. ചിത്രങ്ങൾ പോസ്റ്ററുകൾ, മാതൃകകൾ, ഫ്ളാഷ് കാർഡുകൾ, പാവകൾ, നാടാലേഖനികൾ, ഫിലിം സ്ട്രിപ്പുകൾ തുടങ്ങിയവ ഉാകേതാണ്.

**അധ്യാപകന്റെ കർത്തവ്യം:–**

t_m[t\m]IcW§Ä X¿mdm¡Â, tNmZyt]¸dpIÄ X¿mdm¡Â, ]T\¯n\v {]m[m\yapÅ Øe§fnÂ ]T\bm{X kwLSn¸n¡Â apXembh.

**tNmZy§Ä:-þ**

]mTy`mKw F{Xt¯mfw {Kln¨p F¶vv a\knem¡p¶Xn\pth-n tNmZy§Ä tNmZn¡mhp¶XmWv. {ltkzm¯c tNmZy§Ä, eLp {ltkzm¯cw, D]\ymkw F¶nh.

**D]kwlmcw:-þ**

Cu `mK¯v ]mTmkq{XWw, ]mT¡pdn¸v, t_m[\ ]Tt\m]IcW§Ä XpS§nbhsb¡pdn¨mWv a\Ênem¡nbXv. ChsbÃmw Xs¶ t_m[\s¯ Dt±o]n¸n¡p¶ {]hr¯nIfmWv. C¯cw {]hÀ¯\§Ä A[ym]IhnZymÀ°nIfnÂ A[ym]\ ss\]pWn hfÀ¯nsbSp¡m³ hfscb[nIw klmbn¡p¶XmWv.

അദ്ധ്യായം - 31

# വിദ്യാഭ്യാസ സാങ്കേതിക വിദ്യ
# അർത്ഥവും അർത്ഥ വ്യാപ്തിയും

**മുഖവുര:-**

ഇതു സാങ്കേതികവിദ്യയുടെ യുഗമാണ്. എല്ലാ ഉല്പാദന പ്രവർത്തനങ്ങളിലും– അതു ഒരു വ്യവസായമോ കാർഷിക പദ്ധതിയോ ആവട്ടെ – സാങ്കേതികവിദ്യയുടെ സ്വാധീനം കാണാൻ കഴിയും. വിദ്യാഭ്യാസവും ഒരു രാഷ്ട്രത്തിന്റെ ഉത്പാദനക്ഷമതയുടെ നിലവാരം ഉയർത്താൻ വേി പ്രയത്നിക്കുന്ന ഉത്പാദനപ്രക്രിയയാണ്. അക്കാരണത്താൽ വദ്യാഭ്യാസത്തെയും സാങ്കേതികവിദ്യയുടെ സന്ദേശം വളരെയേറെ സ്വാധീനിച്ചിരിക്കുന്നു. ഉത്പന്നത്തിന്റെ ഗുണനിലവാരവും അളവും പരമാവധി വർദ്ധിപ്പിക്കുക എന്നതാണു ഈ സന്ദേശം.

## a. വിദ്യാഭ്യാസ സാങ്കേതികവിദ്യ എന്നാലെന്ത്?

വിദ്യാഭ്യാസ സാങ്കേതികവിദ്യയെ സംബന്ധിച്ച മൂന്നു വ്യത്യസ്ത വീക്ഷണങ്ങൾ കാണാം . ഇതിൽ ആദ്യത്തെ വീക്ഷണം അനുസരിച്ച് വിദ്യാഭ്യാസ സാങ്കേതികവിദ്യ, അദ്ധ്യാപന പ്രക്രിയയിൽ പ്രയോജനപ്പെടുത്താവുന്ന ഉപകരണങ്ങളുടെ കാര്യത്തിൽ സാങ്കതികവിദ്യയെ പ്രയോഗിക്കുന്ന സമ്പ്രദായത്തെ സൂചിപ്പിക്കുന്നു. ഫിന്നിന്റെയും (Finn) അദ്ദേഹത്തിന്റെ സഹപ്രവർത്തകരുടെയും വീക്ഷണമാണിത്. രാമത്തെ വീക്ഷണം അനുസരിച്ച്, വിദ്യാഭ്യാസ സാങ്കേതികവിദ്യ, ബോധനത്തിൽ ശാസ്ത്രീയ സിദ്ധാന്തങ്ങളുടെ പ്രയോഗത്തെ കുറിക്കുന്നു. സ്കിന്നർ, ഗാഗ്നേ (Skinner, Gagne) തുടങ്ങിയവരാണ് ഈ വീക്ഷണഗതി പുലർത്തുന്നത്. ആദ്യവീക്ഷണം വിദ്യാഭ്യാസരംഗത്ത് സങ്കീർണ്ണ യന്ത്രസംവിധാനങ്ങൾ (Hardware)ഉപയോഗിക്കുന്നതിനു ഊന്നൽ നല്കുന്നു. രാമത്തെ വീക്ഷണമാകട്ടെ, പഠനത്തെ നിയന്ത്രിക്കുന്ന മനഃശാസ്ത്ര തത്വങ്ങൾക്കാണു ഊന്നൽ കൊടുക്കുന്നത്. മൂന്നാമത്തെ വീക്ഷണഗതി ഡേവിസ്, ഹാർട്‌ലി (Davis, Hartley)എന്നിവർ ആണ് ആവിഷ്കരിച്ചിട്ടുള്ളത്. അവരുടെ അഭിപ്രായത്തിൽ ആദ്യം പറഞ്ഞ രു വീക്ഷണഗതികളും കൂട്ടിയിണക്കി വിദ്യാഭ്യാസത്തിലും പരിശീലനത്തിലും സിസ്റ്റംസ് സമീപനം (Systems Approach) പ്രയോഗിക്കണം. വിദ്യാഭ്യാസത്തെ, മനുഷ്യരും യന്ത്രങ്ങളും മാധ്യമങ്ങളും ഉപകരണങ്ങളും അന്യോന്യബന്ധം പുലർത്തുന്ന ഭാഗങ്ങളെന്ന നിലയിൽ പ്രവർത്തിക്കുന്ന ഒരു സിസ്റ്റം ആയി കണക്കാക്കണം. വ്യക്തമായ വിദ്യാഭ്യാസോദ്ദേശ്യങ്ങൾ സാക്ഷാത്കരിക്കാൻ വേി നിശ്ചിത ശൈലിയിൽ ഒത്തുചേർന്നു പ്രവർത്തിക്കാൻ പാകത്തിൽ ഈ ഭാഗങ്ങളെ കൂട്ടിയിണക്കുകയും വേണം. ഈ വീക്ഷണം അനുസരിച്ചു, വിദ്യാഭ്യാസ സാങ്കേതികവദ്യയിൽ ഒരുവിദ്യാഭ്യാസ പദ്ധതിയുടെ സംവിധാനവും പ്രാവർത്തിക പ്രക്രിയയും മൂല്യനിർണയവും അന്തർഭവിച്ചിരിക്കുന്നു. വിദ്യാഭ്യാസോദ്ദേശ്യങ്ങൾ പരമാവധി നേടാൻ പാകത്തിൽ ഈ പ്രക്രിയകളെല്ലാം ശാസ്ത്രീയ സിദ്ധാന്തങ്ങൾക്കൊത്തു നിർവഹിക്കുകയും വേണം.

വിദ്യാഭ്യാസ സാങ്കേതികവിദ്യ എന്നത് പുതിയ ഭൗതിക വിഭവങ്ങൾ വർദ്ധിപ്പിക്കലോ പുതിയ യന്ത്രങ്ങൾ സ്ഥാപിക്കലോ അല്ല. മറിച്ച് വിദ്യാഭ്യാസത്തെ നവീകരിച്ച് ഗുണമേന്മ വർദ്ധി

പ്പിക്കാനും പഠന ബോധന പ്രക്രിയയെ ഊർജ്ജസ്വലമാക്കാനും സഹായിക്കുന്ന ഒരു സമീപന മാണ്. ഈ സാങ്കേതികവിദ്യ വിദ്യാഭ്യാസത്തെ കൂടുതൽ ഉല്പാദനക്ഷമതയും വ്യക്ത്യാധിഷ്ഠി തവും ആക്കുന്നു. അത് ബോധനത്തിന് ശാസ്ത്രീയാടിസ്ഥാനം നൽകുകയും ബോധനത്തെ കൂടുതൽ ശക്തമാക്കുകയും പഠനത്തെ ത്വരിപ്പിക്കുകയും വിദ്യാഭ്യാസത്തിന് അവസരസമത്വം നല്കുകയും ചെയ്യുന്നു.

വിദ്യാഭ്യാസ സാങ്കേതികവിദ്യയെ ഉല്പാദനക്ഷമമായ വിദ്യാഭ്യാസത്തിനുള്ള ഒരു സമീ പനമായി കാണുമ്പോഴും നൂതനസാങ്കേതിക ഉപകരണങ്ങളുടെ (കമ്പ്യൂട്ടർ, എൽ.സി.ഡി.പ്രൊജ ക്ടർ, ഇന്റർനെറ്റ് തുടങ്ങിയവയുടെ) പ്രയോഗത്തിന്റെ മൂല്യം കുറച്ചുകാണാൻ പാടില്ല. പഠന ബോധനരംഗങ്ങളിൽ ഇത്തരത്തിലുള്ള സാങ്കേതികവിദ്യയുമായി ബന്ധപ്പെട്ട യന്ത്രങ്ങളുടെ പ്രയോ ഗത്തെ Technology in Education എന്നാണ് പറയുന്നത്. മറിച്ച്, അംഗീകൃതമായ മനഃശാസ്ത്ര വി ദ്യാഭ്യാസ സിദ്ധാന്തങ്ങളെ ചിട്ടയായും കാര്യക്ഷമമായും പഠനബോധനപരിപാടികളിൽ പ്രയോ ഗിക്കുന്ന തരത്തിലുള്ള സാങ്കേതിക സമീപനം സ്വീകരിക്കുമ്പോൾ അത് Technology in Education എന്ന് അറിയപ്പെടുന്നു. ക്രമീകൃതപഠനം, അധ്യാപനമാതൃകകൾ, സൂക്ഷ്മനിലവാരബോ ധനം തുടങ്ങിയവയിൽ പ്രതിഫലിക്കുന്ന സാങ്കേതിക വിദ്യ ടെക്നോളജി ഓഫ് എഡ്യുക്കേ ഷന്റെ സത്തയെ പ്രതിനിധാനം ചെയ്യുന്നു എന്നുപറയാം.

മേൽപ്പറഞ്ഞ രു പ്രവണതകളും ഒരേസമയം പരിഗണിച്ചാൽ അവയെ സമർത്ഥമായി കൂട്ടിയിണക്കി മൂന്നാമതൊരു സമീപനത്തിൽ എത്തിച്ചേരാം. ഇതാണ് systems സമീപനത്തിന് ആധാരം. ഈ മൂന്നു സമീപനങ്ങളും ചുരുക്കി വിവരിക്കുന്നു.

**വിദ്യാഭ്യാസസാങ്കേതികവിദ്യയിലെ സമീപനങ്ങൾ**

**1.. ഹാർഡ്‌വെയർ സമീപനം:**

ഇത് വിദ്യാഭ്യാസത്തിൽ യന്ത്രങ്ങളുടെയും മറ്റു യാന്ത്രിക ഉപകരണങ്ങളുടെയും ഉപയോ ഗത്തെ സൂചിപ്പിക്കുന്നു. ഭൗകികശാസ്ത്രത്തെ വിദ്യാഭ്യാസ പദ്ധതികളിലും പരിശീലനപ ദ്ധതികളിലും പ്രയോഗിച്ചു തുടങ്ങിയിടത്താണ് ഈ സമീപനത്തിന്റെ ആരംഭം. ബോധന യന്ത്ര ങ്ങൾ, റേഡിയോ, ടെലിവിഷൻ, ടേപ്പ് റെക്കോർഡർ, വീഡിയോടേപ്പ്, പ്രൊജക്റ്ററുകൾ തുടങ്ങി യവയുടെ ഉപയോഗത്തിലൂടെ പഠനബോധന പ്രക്രിയ ക്രമേണ യന്ത്രവൽകൃതമായി. ഈ യന്ത്ര ങ്ങളിലൂടെ നടത്തുന്ന ചർച്ചകൾവഴി അദ്ധ്യാപകന് കൂടുതൽ കൂടുതൽ പഠിതാക്കളെ ഒരേ സമയം കൈകാര്യം ചെയ്യാം എന്ന നില വന്നു. ഇന്ന് പല വിദ്യാഭ്യാസ – പരിശീന പദ്ധതികളിലും വളരെ കൂടുതൽ പേർക്ക് ഒരേ സമയം പങ്കെടുക്കാം. ഈ ഹാർഡ് വെയർ സമീപനം വഴി വിദ്യാ ഭ്യാസത്തിനുള്ള ചെലവ് ഗണ്യമായി കുറയ്ക്കാൻ ആകും.

**2. സോഫ്‌ട്‌വെയർ സമീപനം:**

ഇത് പഠനബോധന സിദ്ധാന്തങ്ങളെ വ്യവഹാര രൂപവത്കരണത്തിനായി ബോധപൂർവ്വം

നേരിട്ടു പ്രയോഗിക്കുന്ന രീതിയെ സൂചിപ്പിക്കുന്നു. വ്യാവഹാരിക ശാസ്ത്രങ്ങളെ, പഠനത്തിലും അഭിപ്രേരണയിലും വരാവുന്ന പ്രശ്നങ്ങളുടെ പരിഹാരത്തിന് പ്രയോജനപ്പെടുത്തിത്തുടങ്ങിയിടത്താണ് ഈ സമീപനം ആരംഭിച്ചത്. അദ്ധ്യാപന രംഗത്തെ ആധുനിക സിദ്ധാന്തങ്ങൾ, ബോധനമാതൃകകൾ, ബോധനതത്വങ്ങൾ, അദ്ധ്യാപന വ്യവഹാരത്തെ നിയന്ത്രിക്കുന്ന സിദ്ധാന്തങ്ങൾ, ക്രമീകൃതപഠന (Programmed learning) സിദ്ധാന്തങ്ങൾ തുടങ്ങിയവയുമായി വിദ്യാഭ്യാസ സാങ്കേതിക വിദ്യയിലെ ഈ സമീപനം ബന്ധപ്പെട്ടിരിക്കുന്നു. പഠന പ്രവർത്തനങ്ങളുടെ അപഗ്രഥനം (task analysis), ബോധനോദ്ദേശ്യങ്ങൾ വ്യവഹാരങ്ങളുടെ രൂപത്തിൽ എഴുതുന്ന സമ്പ്രദായം, ഉചിതമായ അദ്ധ്യാപനതന്ത്രങ്ങളുടെ സ്വീകരണം, ശരിയായ പ്രതികരണങ്ങളുടെ പ്രബലനം, അനുസ്യൂതം നടത്തുന്ന മൂല്യനിർണ്ണയം തുടങ്ങിയവയാണ് ഈ സമീപനത്തിന്റെ സവിശേഷതകൾ.

ഊന്നൽ നല്കുന്ന കാര്യങ്ങളിൽ ഇങ്ങനെ ചില വ്യത്യാസങ്ങൾ ഉണ്ടെങ്കിലും, വിദ്യാഭ്യാസ സാങ്കേതിക വിദ്യയിലെ ഹാർഡ് വെയർ, സോഫ്ട് വെയർ സമീപനങ്ങൾ അവയുടെ ധർമ്മങ്ങൾ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു.

**3. സിസ്റ്റംസ് സമീപനം :**

സാങ്കേതിക വിദ്യയ്ക്ക് വിദ്യാഭ്യാസത്തിലുള്ള സ്വാധീനത്തിന്റെ സ്വഭാവവും അളവും അറിയണമെങ്കിൽ, എങ്ങനെയാണ് അത് ഉത്പന്നത്തെ പരമാവധി വർദ്ധിപ്പിക്കുന്നത് എന്ന കാര്യത്തിൽ വേത്ര ഉൾക്കാഴ്ച കിട്ടേ തു്. ഒരു വ്യവസായത്തിന്റെ കാര്യം ഉദാഹരണമായി പരിശോധിക്കാം.

ശാസ്ത്രീയമായി സംവിധാനം ചെയ്യുന്ന ഏതൊരു വ്യവസായസംരഭത്തിനും, വ്യത്യസ്തങ്ങളെങ്കിലും പരസ്പരം ബന്ധപ്പെട്ട മൂന്നു ഘടകങ്ങൾ പരിഗണിക്കേിവരും. വിഭവങ്ങൾ, പ്രക്രിയ, ഉത്പന്നം എന്നിവയാണ് ഈ ഘടകങ്ങൾ.

ഉത്പന്നമാണ് ഉന്നമാക്കുന്ന അന്തിമഫലം എങ്കിലും അതാണ് ഏതു ചർച്ചയിലും ആദ്യം പരിഗണിക്കപ്പെടുക കാരണം, ഒരു സംരംഭത്തിലെ എല്ലാ കാൽവെയ്പുകളും നിർണ്ണയിക്കുന്നത് ഉന്നമാക്കുന്ന ഉത്പന്നത്തിന്റെ അടിസ്ഥാനത്തിലാണ്. ഏതൊരു വ്യവസായ സംരംഭകനും ഉന്നമാക്കുന്ന ഉത്പന്നത്തിന്റെ സ്വഭാവത്തെയും ഗുണനിലവാരത്തെയും കുറിച്ചും അത് എത്രമാത്രം നിർമ്മിക്കണം എന്നതിനെക്കുറിച്ചും വ്യക്തമായ ഉൾക്കാഴ്ച ഉായിരിക്കണം. ഈ ഉൾക്കാഴ്ച നേടണമെങ്കിൽ മുൻകൂട്ടിത്തന്നെ ഉത്പന്നത്തിന്റെ എല്ലാ വിശദാംശങ്ങളും അപഗ്രഥിക്കേ തു്.

പദ്ധതിയനുസരിച്ച് ഉന്നമാക്കുന്ന ഉത്പന്നം നിർമമിക്കണമെങ്കിൽ അതിനനുയോജ്യമായ men, machines, methods, media, materials (5 M's) എന്നീ വിഭവങ്ങൾ വേണം. ഉന്നമാക്കുന്ന ഉൽപ്പന്നം അതേരീതിയിൽ നിർമ്മിക്കപ്പെടുന്നു എന്നുറപ്പുവരുത്താൻ അതിന് വിഭവങ്ങളുമായി ഇണക്കം ഉായിരിക്കണം. അതുാകണമെങ്കിൽ വിഭവങ്ങളുടെ എല്ലാ അംശങ്ങളും അപഗ്രഥിച്ച് അവയെല്ലാം സമാഹരിക്കാൻ നടപടി സ്വീകരിച്ചേ പറ്റൂ.

മൂന്നാമത്തെ ഘടകം പ്രക്രിയയാണ്. ഇവിടെയാണ് മാനുഷിക വൈദഗ്ദ്ധ്യവും സർഗ്ഗശക്തിയും കടന്നുകൂടുന്നത്. വിഭവങ്ങൾ സമാഹരിച്ചതുകൊുമാത്രം ഉന്നമാക്കുന്ന ഉത്പന്നം നിർമ്മിക്കാനാവില്ല. എത്ര വിദഗ്ദ്ധമായി വിഭവങ്ങളെ സംസ്കരിക്കുന്നു എന്നതിന് ആശ്രയി

ച്ചിരിക്കും പ്രവർത്തനവിജയം. ഈ സംസ്കരണമാകട്ടെ അതിൽ വ്യാപരിക്കുന്ന വ്യക്തികളുടെ കാര്യക്ഷമതയെ ആശ്രയിച്ചിരിക്കുന്നു. അതുകൊ് ഈ ഘടകവും മുൻകൂട്ടിത്തന്നെ അപഗ്രഥി ക്കേ തു ് .

ഈ മൂന്നു ഘടകങ്ങളും തമ്മിലുള്ള ശ്യംഖലനം സാധിക്കണമെങ്കിൽ ശാസ്ത്രീയവും ചിട്ടപ്പടിയുള്ളതുമായ സംവിധാനം വേി വരുന്നു ഇങ്ങനെ സംവിധാനം ചെയ്യുന്നതിനെ പ്രാവർത്തികമാക്കുകയും വേണം. ഈ ശാസ്ത്രീയ സമീപനമാണ് *സിസ്റ്റംസ് സമീപനം.* ഈ സമീപനം ഏതൊരു സാങ്കേതിക സംരംഭത്തിലും പ്രതിഫലിക്കുകതന്നെ വേണം.

സിസ്റ്റംസ് സമീപനത്തിൽ സംവിധാനത്തിലും പ്രവർത്തനത്തിലും മൂന്നുഘട്ടങ്ങൾ അന്തർഭ വിച്ചിരിക്കുന്നു. *സിസ്റ്റംസ് അപഗ്രഥനം* (systems analysis), *സിസ്റ്റംസ് സംവിധാനം* (Systems design), *സിസ്റ്റംസ് മൂല്യനിർണ്ണയം* (systems evaluation) എന്നിവയാണ് ഈ ഘട്ടങ്ങൾ. ആദ്യ ഘട്ടത്തിൽ സിസ്റ്റത്തിന്റെ ഘടകങ്ങൽ – ഉത്പന്നം, വിഭവം, പ്രക്രിയ എന്നിവ – അപഗ്രഥിക്കുന്നു. ഈ അപഗ്രഥനത്തിന്റെ ഫലങ്ങളെ ഉദ്ഗ്രഥിച്ച്, പ്രവൃത്തിപഥത്തിൽ കൊുവരേ ഒരു പ്രവർത്ത നപദ്ധതി ആവിഷ്കരിക്കുകയാണ് സിസ്റ്റംസ് സംവിധാനത്തിൽ ചെയ്യുന്നത്. ഉത്പാദന പ്രക്രിയ യുടെ പുരോഗതി വിലയിരുത്തുകയാണ് സിസ്റ്റംസ് മൂല്യനിർണ്ണയത്തിന്റെ ധർമ്മം. ഇത് ഓരോ ഘട്ടത്തിലും ഉടനടിയുള്ള ഫീഡ്ബാക്കിലൂടെ മുൻകൂട്ടി നിശ്ചയിച്ച ലക്ഷ്യങ്ങളുടെ അടിസ്ഥാന ത്തിൽ പ്രവർത്തനഫലം അനുസ്യൂതം വിലയിരുത്തി നിർവ്വഹിക്കേ താണ്.

സാങ്കേതികവിദ്യ നിർദ്ദേശിക്കുന്ന സിസ്റ്റംസ് സമീപനത്തിന്റെ ഈ സത്തതന്നെയാണ് വിദ്യാ ഭ്യാസ സാങ്കേതിക വിദ്യയിലും കാണാനാവുക. നേരത്തെ സൂചിപ്പിച്ചതുപോലെ, വിദ്യാഭ്യാ സവും ഒരു വികസനോന്മുഖസംരംഭം ആണ്. അതിന്റെ ആത്യന്തിക ലക്ഷ്യം രാഷ്ട്ര വികസന മത്രേ. ഇതിന് എല്ലാനിലവാരത്തിലും ഉത്പാദനക്ഷമത ഉറപ്പ് വരുത്തേിയിരിക്കുന്നു. വിദ്യാ ഭ്യാസവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളിലും സിസ്റ്റംസ് സമീപനത്തിന്റെ ചൈതന്യം നില നിർത്തുക മാത്രമാണ് ഈ നേട്ടം കൈവരിക്കുന്നതിനുള്ള ഒരേ ഒരു വഴി.

ഏതൊരു ഉത്പാദനപ്രവർത്തനത്തിലേയും പോലെ, വിദ്യാഭ്യാസത്തെയും ഉത്പന്നം, വിഭവം, പ്രക്രിയ എന്ന മൂന്നു ഘടകങ്ങളായി പിരിക്കാം. സിസ്റ്റംസ് സമീപനം വിദ്യാഭ്യാസത്തിൽ നില നിർത്തണമെങ്കിൽ, വിവിധ വിദ്യാഭ്യാസ പരിപാടികളിൽ വ്യാപൃതരായ എല്ലാവരും സിസ്റ്റംസ് അപഗ്രഥനത്തിന്റെ ഭാഗമെന്ന നിലയിൽ ഈ മൂന്നു ഘടകങ്ങളെയും ആഴത്തിൽ അപഗ്രഥിക്കണം.

വിദ്യാഭ്യാസത്തിൽ എന്താണു ശരിയായ ഉത്പന്നം? വിദ്യാഭ്യാസ പ്രക്രിയയിൽ സംസ്കര ണത്തിനു വിധേയമാക്കുന്ന അസംസ്കൃത വസ്തു പഠിതാവ് ആണെന്നു നമുക്കറിയാം. വിദ്യാ ഭ്യാസം നല്കുകവഴി ഈ അസംസ്കൃത പദാർത്ഥത്തിൽ അഭിലഷണീയമായ ചില പരിവർത്തന ങ്ങൾ വരുത്തുകയാണ് നമ്മുടെ ഉന്നം. അതുവഴി അയാൾ ഒരു വികസിത വ്യക്തിയായി മാറും എന്നാണു പ്രതീക്ഷ. ഈ ികസനമാണ് വിദ്യാഭ്യാസ ലക്ഷ്യവും, തന്മൂലം വിദ്യാഭ്യാസത്തിലെ

ഉത്പന്നവും. വിദ്യാഭ്യാസത്തെസാങ്കേതിക വിദ്യയുടെ സന്ദേശമനുസരിച്ചാണ് സംവിധാനം ചെയ്യുന്നതെങ്കിൽ, ഈ ഉത്പന്നത്തെ അതായത് ഉന്നമാക്കിയ വികസനത്തെ വളരെ ആഴത്തിലുള്ള അപഗ്രഥനത്തിനു വിധേയമാക്കണം. വികസിതനായ ഒരു വ്യക്തിയിൽ എന്തെങ്കിലും മാറ്റങ്ങളാണ് നാം പ്രതീക്ഷിക്കുന്നത്. വിദ്യാഭ്യാസ വിദഗ്ദ്ധർ മാനുഷിക പ്രവർത്തനങ്ങളെ അപഗ്രഥിക്കുകയും അവയെ മൂന്നുമേഖലകളിൽ വർഗ്ഗീകരിക്കുകയും ചെയ്തിട്ടു്. വൈജ്ഞാനികം, വൈകാരികം, നൈപുണീപരം എന്നിവയാണ് ആ മേഖലകൾ. ഈ മൂന്നുമേഖലകളിലും വേത്ര വികസനം കൈവരിച്ച ഒരു വ്യക്തിയെ മാത്രമേ വികസിതവ്യക്തിയെന്നു വിശേഷിപ്പിക്കാനാവൂ. അത്തരത്തിലുള്ള ഒരു സമഗ്ര വികസനത്തിനുമാത്രമേ രാഷ്ട്രീയത്തിന്റെ ഉത്പാദനക്ഷമതയിലും വർദ്ധന ഉ ാക്കാൻ കഴിയുകയുള്ളൂ. അതുകൊ് വിദ്യാഭ്യാസപരിപാടികൾ സംവിധാനം ചെയ്യുംമുമ്പ്, പഠിതാക്കളിൽ കൈവരുത്തേ മാറ്റങ്ങളുടെ സ്വഭാവവും അളവും സൂക്ഷ്മമായി അപഗ്രഥിക്കണമെന്ന് വിദ്യാഭ്യാസ സാങ്കേതികവിദ്യ നമ്മെ ഓർമ്മിപ്പിക്കുന്നു. ഇതാണ് ഉത്പന്നത്തിന്റെ അപഗ്രഥനം.

വിദ്യാഭ്യാസത്തിനാവശ്യമായ വിഭവങ്ങളിൽ നിരവധി ഘടകങ്ങൾ ഉൾപ്പെടുന്നു. പഠിതാവ്, പാഠ്യപദ്ധതി, ബോധനോപകരണം, മറ്റു പഠന സൗകര്യങ്ങൾ എന്നിവയോടൊപ്പം അദ്ധ്യാപകന്റെ വൈദഗ്ദ്ധ്യവും വിഭവങ്ങളിൽപ്പെടും. ഇവയെല്ലാം ആഴത്തിൽ അപഗ്രഥിക്കണം. ഇനിയാണ് പ്രക്രിയയുടെ അപഗ്രഥനം. ഉന്നമാക്കിയ വികസന ലക്ഷ്യങ്ങൾ ആവുന്നത്ര കൂടുതൽ കൈവരിക്കാൻ സഹായകമായ വിധത്തിൽ വിഭവങ്ങളെ കൈകാര്യം ചെയ്യുന്നതിന് സഹായകമായ ബോധന തന്ത്രങ്ങളും രീതികളും ആവിഷ്കരിക്കുകയാണ് ഈ അപഗ്രഥനത്തിന്റെ ഉദ്ദേശ്യം. വിദ്യാഭ്യാസ സാങ്കേതികവിദ്യ ഉപയോഗിച്ച് ഉന്നമാക്കുന്ന ഓരോ തരത്തിലുള്ള മാറ്റങ്ങൾക്കും വിവിധ നിലവാരത്തിലുള്ള വികസനത്തിനും അനുസരണമായ ബോധന മാതൃകകൾ (Models of Teaching) ആവിഷ്കരിച്ചിട്ടു്. ഓരോ പഠനാനുഭവവും ശിശുവികസനമെന്ന അന്തിമലക്ഷ്യത്തെ ഉന്നമാക്കി വേണം നല്കുക.

ഇത്തരത്തിലുള്ള ഒരു സിസ്റ്റംസ് അപഗ്രഥനം വഴി അദ്ധ്യാപകന് ഉത്പന്നം, വിഭവം, പ്രക്രിയ എന്നീ ഘടകങ്ങൾ തമ്മിൽ അർത്ഥപൂർണ്ണമായ ബന്ധം സ്ഥാപിക്കാൻ കഴിയും. ഈ അപഗ്രഥന ഫലങ്ങളെ ഉദ്ഗ്രഥിച്ചും വേപോലെ ശ്യംഖലനം ചെയ്തും സിസ്റ്റംസ് സംവിധാനം നിർവ്വഹിക്കുകയാണ് അടുത്ത പടി. എന്ത്, എപ്പോൾ, ഏതു രീതിയിൽ പഠിപ്പിക്കണമെന്നും അദ്ധ്യാപകന് മാർഗ്ഗനിർദ്ദേശം നല്കാൻ ഈ സാങ്കേതിക തന്ത്രം സഹായകമാകും.

ഇങ്ങനെ രൂപകല്പന ചെയ്ത പദ്ധതി ഫലപ്രദമായി പ്രാവർത്തികമാക്കണമെങ്കിൽ സിസ്റ്റംസ് മൂല്യനിർണ്ണയവും ആവിഷ്കരിച്ച് പ്രയോഗിക്കണം. ഇത് അനുസ്യൂതം നടക്കണമെന്നു മാത്രമല്ല, സംരചനാ (formative) മൂല്യ നിർണ്ണയവും ആത്യന്തിക (summative) മൂല്യനിർണ്ണയവും ഉൾപ്പെടുത്തുകയും വേണം. ഓരോ ഘട്ടത്തിലും ഉടനടിയുള്ള ഫീഡ്ബാക്ക്, നിദാനനിർണ്ണയം, പരിഹാരബോധനം എന്നിവയ്ക്കും വഴി ഒരുക്കുകയാവണം ഈ മൂല്യനിർണ്ണയത്തിന്റെ മുഖ്യധർമ്മം.

മുൻകൂട്ടി നിശ്ചയിച്ച ഉദ്ദേശ്യങ്ങൾ ആവണം എടുക്കുന്ന തീരുമാനങ്ങൾക്കും സ്വീകരിക്കുന്ന പരിഹാരനടപടികൾക്കും ആധാരം.

പലരും കരുതുന്നതുപോലെ, ബോധനത്തിനായി സാങ്കേതിക യന്ത്രസാമഗ്രഹികൾ ഉപയോഗിക്കുക മാത്രമല്ല വിദ്യാഭ്യാസ സാങ്കേതി കവിദ്യയെന്നതുകൊ് അർത്ഥമാക്കുന്നത്. അവ ലഭ്യമാണെങ്കിലോ ഉത്പന്നത്തിന്റെ നിലവാരം ഉയർത്തുന്നതിന് അവയുടെ ഉപയോഗം സഹായകമാകുമെങ്കിലോ അവ ഉപയോഗിക്കാം. പക്ഷേ കൂടുതൽ പ്രധാനം സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ ഒരു സമീപനം – അതായതു സിസ്റ്റംസ് സമീപനം സ്വീകരിക്കുക എന്നതാണ്.

## c.സാങ്കേതിക വികസനവും വിദ്യാഭ്യാസത്തിൽ അതിന്റെ സ്വാധീനവും

വളരെ അകലെ ഉള്ളദേശങ്ങളിൽ ഇരിക്കുന്ന വിദ്യാർത്ഥികളെ ഒരദ്ധ്യാപകന് റേഡിയോയുടെയും ടെലിവിഷന്റെയും സഹായത്തോടെ നല്ലപോലെ പഠിപ്പിക്കാൻ കഴിയും. ബോധനപ്രക്രിയയുടെ ഈ യന്ത്രവത്ക്കരണം മൂലം വിദ്യാഭ്യാസ സാങ്കേതിക വിദ്യ ആധുനിക വിദ്യാഭ്യാസത്തിന്റെ ഒരു അവിഭാജ്യഘടകമായി മാറിയിരിക്കുന്നു.

## d. വിദ്യാഭ്യാസ സാങ്കേതികവിദ്യയുടെ സാദ്ധ്യതകൾ

പഠനബോധന പ്രക്രിയ മെച്ചപ്പെടുത്തുകയാണ് വിദ്യാഭ്യാസ സാങ്കേതിക വിദ്യയുടെ ലക്ഷ്യം. മനുഷ്യരുടെ പഠനത്തെ മെച്ചപ്പെടുത്താൻ വേിയുള്ള പദ്ധതികളുടെയും സങ്കേതങ്ങളുടെയും ബോധനോപകരണങ്ങളുടെയും വികസനവും പ്രയോഗവും മൂല്യനിർണ്ണയവും എന്ന് വിദ്യാഭ്യാസ സാങ്കേതികവിദ്യയെ നിർവ്വചിക്കാം. അപ്പോൾ, വിദ്യാഭ്യാസസാങ്കേതിക വിദ്യയുടെ പരിധിയിൽ വിദ്യാഭ്യാസോദ്ദേശ്യങ്ങൾ, മാധ്യമങ്ങളും അവയുടെ സവിശേഷതകളും, മാധ്യമങ്ങളെയും വിഭവങ്ങളെയും തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ, വിഭവങ്ങളെ കൈകാര്യം ചെയ്യൽ എന്നിവയോടൊപ്പം ഇവയുടെയെല്ലാം മൂല്യനിർണ്ണയവും ഉൾപ്പെടും. വിദ്യാഭ്യാസ സാങ്കേതിക വിദ്യ വിദ്യാഭ്യാസ സംവിധാനത്തിന്റെ ഉല്പന്നത്തെ (output) ഒന്നാകെ വർദ്ധിപ്പിക്കുന്നു. മനുഷ്യനും പദാർത്ഥങ്ങളും ഉൾപ്പെടെ ലഭ്യമായ എല്ലാ വിഭവങ്ങളും കാര്യക്ഷമമായി ഉപയോഗിക്കുകവഴി കുറഞ്ഞചെലവിൽ കൂടുതൽ വിദ്യാഭ്യാസ ലക്ഷ്യങ്ങൾ നേടാൻ അത് സഹായകമാണ്.

## e. വിദ്യാഭ്യാസ സാങ്കേതികവിദ്യയുടെ ഉദ്ദേശ്യങ്ങൾ

### i. ബോധനത്തെ വ്യക്തിനിഷ്ഠമാക്കുക:

വിദ്യാഭ്യാസ സാങ്കേതിക വിദ്യയുടെ ഏറ്റവും പ്രധാനപ്പട്ട സംഭാവന അത് ബോധനത്തെ വ്യക്തിനിഷ്ഠമാക്കി എന്നതാണ്. പുസ്തകരൂപത്തിലോ ബോധനയന്ത്രങ്ങൾ വഴിയോ നല്കാവുന്ന, സ്വയം പഠനക്ഷമങ്ങളായ ക്രമീകൃത പാഠ്യവസ്തുക്കൾ (Programmed materials) ധാരാളമായി വികസിപ്പിച്ചിട്ടു്.

**ii. വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുക:**

ബോധന നിലവാരം മെച്ചപ്പെടുത്തുന്ന കാര്യത്തിൽ വിദ്യാഭ്യാസ സാങ്കേതിക വിദ്യ വളരെ പുരോഗമിച്ചിരിക്കുന്നു. വിദഗ്ദ്ധർ വികസിപ്പിച്ചെടുത്ത വിദ്യാഭ്യാസ പരിപാടികൾ ടി.വി., കംപ്യൂട്ടർ തുടങ്ങിയവ ഉപയോഗിച്ച് വളരെ വലിയ വിദ്യാർത്ഥി സമൂഹത്തിന് പ്രയോജനപ്പെടുത്താം.

**iii. ജനസംഖ്യാ വളർച്ചയുടെ പ്രശ്നങ്ങൾ പരിഹരിക്കുക:**

ഓരോ വർഷവും അതിവേഗം കൂടിക്കൊറിരിക്കുന്ന ജനസംഖ്യാ വളർച്ച ഉയർത്തുന്ന പ്രശ്നങ്ങൾ നേരിടുന്നതിൽ പാരമ്പര്യരീതിയിലുള്ള അദ്ധ്യാപന രീതികൾ ദയനീയമായി പരാജയപ്പെടുന്നു. ടി.വി., കംപ്യൂട്ടർ തുടങ്ങിയവയുടെ സഹായത്തോടെ ഈ വെല്ലുവിളിക്കു പരിഹാരം കാണാൻ വിദ്യാഭ്യാസ സാങ്കേതികവിദ്യയ്ക്ക് കഴിയുന്നു.

**iv. വിദ്യാഭ്യാസത്തിലെ അവസരസമത്വം:**

വിവിധ തരത്തിലുള്ള വിദൂരവിദ്യാഭ്യാസ പരിപാടികൾ നല്കുക വഴി, സാമ്പത്തിക്കവും, സാമൂഹികവും, ഭൂമിശാസ്ത്രപരവുമായ സാഹചര്യങ്ങൾ പരിഗണിക്കാതെ എല്ലാ പഠിതാക്കൾക്കും തുല്യമായ പഠനാവസരം നല്കാൻ വിദ്യാഭ്യാസ സാങ്കേതിക വിദ്യയ്ക്കു സാധിച്ചിട്ടു്.

**v. ആജീവനാന്ത വിദ്യാഭ്യാസം നല്കുക:**

വിദ്യാഭ്യാസം ഒരു ആജീവനാന്ത പ്രക്രിയയാണ്. ഇന്ന് ആവശ്യം ഉള്ളവർക്ക് റേഡിയോ, ടി.വി., കംപ്യൂട്ടർ, സ്വയം പഠനത്തിനുള്ള ക്രമീകൃത പാഠ്യവസ്തുക്കൾ എന്നിവയുടെ സഹായത്തോടെ തങ്ങളുടെ വിദ്യാഭ്യാസം തുടരാനാവും. ഇത് വിദ്യാഭ്യാസ സാങ്കേതിക വിദ്യയുടെ സംഭാവനയാണല്ലോ.

## ദൃശ്യ-ശ്രാവ്യ സാങ്കേതികവിദ്യ

### A. ദൃശ്യ - ശ്രാവ്യ സാങ്കേതികവിദ്യ - അർത്ഥവും അർത്ഥവ്യാപ്തിയും

പഠനം അനുഭവങ്ങൾ വഴി ഉാകുന്ന വ്യവഹാരപരിവർത്തനമാണ്. അടിസ്ഥാനപരമായ പഠനാനുഭവങ്ങൾ തന്റെ ഇന്ദ്രിയങ്ങളിലൂടെയാണ് പഠിതാവ് ആർജ്ജിക്കേത്. കാരണം, അവയാണ് വിജ്ഞാനത്തിന്റെ കവാടങ്ങൾ. ഇത്തരം അനുഭവങ്ങളിൽ ഏറിയപങ്കും പ്രവേശിക്കുന്നത് വ്യക്തിയുടെ കണ്ണിലൂടെയും ചെവിയിലൂടെയുമത്രേ. ഈ ഇന്ദ്രീയങ്ങളെ സ്വാധീനിക്കുക വഴി പഠനാനുഭവങ്ങളെ വ്യക്തവും വിശദവും ആക്കാൻ സഹായിക്കുന്ന ഉപകരണങ്ങളെ ദൃശ്യ - ശ്രാവ്യോപകരണങ്ങൾ എന്നു പറഞ്ഞുപോരുന്നു. ഇത്തരം ഉപകരണങ്ങളുടെ കാര്യക്ഷമമായ പ്രയോഗ തന്ത്രമാണ് ദൃശ്യ - ശ്രാവ്യ സാങ്കേതിക വിദ്യ എന്നറിയപ്പെടുന്നത്.

**a. ദൃശ്യ - ശ്രാവ്യോപകരണങ്ങളുടെ പ്രാധാന്യം**

പഴയ ഒരു ചെല്ലു്:

കേട്ടാൽ ഞാൻ മറക്കും

കാൽ ഞാൻ ഓർമ്മിക്കും

ചെയ്താൽ ഞാൻ അറിയും

ഗവേഷണഫലങ്ങൾ നല്കുന്ന സൂചന താഴെപ്പറയും പ്രകാരമാണ് നാം പഠിക്കുന്നത് എന്നത്രേ.

| | |
|---|---|
| 1 ശതമാനം | രുചിക്കുകവഴി |
| 1.5 ശതമാനം | സ്പർശിക്കുകവഴി |
| 3.5 ശതമാനം | മണക്കുകവഴി |
| 11 ശതമാനം | കേൾക്കുകവഴി |
| 83 ശതമാനം | കാണുകവഴി |

നമ്മൾ ഓർമ്മിക്കുന്നത്

| | |
|---|---|
| കേൾക്കുന്നതിന്റെ | 20 ശതമാനം |
| കാണുന്നതിന്റെ | 30 ശതമാനം |
| കാണുകയും കേൾക്കുകയും ചെയ്യുന്നതിന്റെ | 50 ശതമാനം |
| പറയുന്നതിന്റെ | 80 ശതമാനം |
| പറയുകയും പ്രവർത്തിക്കുകയും ചെയ്യുന്നതിന്റെ | 90 ശതമാനം |

എന്നിങ്ങനെയാണ്. ഈ കണക്ക് കൃത്യമല്ല എങ്കിൽക്കൂടി ദൃശ്യ – ശ്രാവ്യോപകരണങ്ങളുടെ പ്രാധാന്യം വ്യക്തമാക്കുന്നു.

## b. ദൃശ്യ – ശ്രാവ്യോപകരണങ്ങളുടെ പ്രയോജനങ്ങൾ

**ദൃശ്യ – ശ്രാവ്യോപകരണങ്ങൾ:**

1. കൂടുതൽ പഠിക്കാനും ദീർഘകാലം ഓർമ്മയിൽ വയ്ക്കാനും സഹായിക്കുന്നു.
2. പഠനസന്ദർഭങ്ങളെ യഥാർത്ഥവും വിശദവുമാക്കുന്നു.
3. പഠിതാവിൽ അഭിപ്രേരണ വളർത്തുന്നു.
4. പഠനത്തിനു വ്യക്തത നല്കുന്നു.
5. ഗുണാത്മകമായതിനെ രൂപാത്മകമാക്കുന്നു.
6. അമിതമായ ഭാഷാപരത കുറയ്ക്കുന്നു.
7. പഠനബോധന രീതികൾക്കു വൈവിധ്യം നല്കുന്നു.
8. പഠനത്തെ രസകരവും അർത്ഥവത്തും സ്ഥായിയും ആക്കുന്നു.
9. ആഴത്തിലുള്ള ആശയഗ്രഹണം സാധ്യമാക്കുന്നു.
10. ജിജ്ഞാസ ഉണർത്തുകയും സ്വയം പ്രവർത്തനത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു

## c. ദൃശ്യ – ശ്രാവ്യോപകരണങ്ങളുടെ പ്രയോഗത്തിൽ പാലിക്കേ സാമാന്യതത്വങ്ങൾ

1. ദൃശ്യ–ശ്രാവ്യോപകരണങ്ങളുടെ ഉപയോഗം ബോധനപ്രക്രിയയ്ക്കു പകരമുള്ളതാണെന്നു കരുതരുത്. അത് വാചികവും ലിഖിതവുമായ പാഠാവതരണത്തിന് അനുപൂരകം മാത്രമാണ്.

2. ക്ലാസ്സ് മുറികളിൽ ഇത്തരം ഉപകരണങ്ങളുടെ പ്രയോഗം വിനോദത്തിനുള്ള ഉപാധി

യായി തെറ്റിദ്ധരിക്കരുത്. പഠനത്തെ കൂടുതൽ രസകരവും കാര്യക്ഷമവും ആക്കുക യാണ് അതിന്റെ ലക്ഷ്യം.

3. ഉപകരണങ്ങൾ, പഠിതാവിന്റെ പ്രായത്തിനും ബൗദ്ധികനിലവാരത്തിനും മുൻ അനുഭ വങ്ങളുടെ സ്വഭാവത്തിനും അളവിനും അനുയോജ്യമായിരിക്കണം.

4. ഉപകരണങ്ങൾ കഴിയുന്നത്ര യഥാത്ഥമായിരിക്കണം. ഒരു വസ്തുവിന്റെ ഫോട്ടോ ഗ്രാഫോ സ്ലൈഡോകാണിക്കുന്നതിനെക്കാൾ അതിന്റെ യഥാത്ഥമായ മാതൃകതന്നെ പ്രദർശിപ്പിക്കുന്നതാവും നല്ലത്.

5. നിലവധി ഉപകരണങ്ങളുടെ കൂട്ടത്തിൽ നിന്ന് ഏതെങ്കിലും ഒന്നു തെരഞ്ഞെടുക്കേി വന്നാൽ സമയവും ചെലവും പ്രയത്നവും ഏറ്റവും കുറച്ചുമാത്രം വേിവരുന്നതും കാര്യക്ഷമവുമായതിനെ വേണം തെരഞ്ഞെടുക്കുക.

**d. പഠനാനുഭവങ്ങൾ**

ദൃശ്യ- ശ്രാവോപകരണങ്ങൾ ഉപയോഗിക്കുന്നത്. കാര്യക്ഷമമായ പഠനാനുഭവങ്ങൾ നല്കാൻ വേിയാണ്. പഠനഫലങ്ങൾ സൂചിപ്പിക്കുന്നത്. പഠനാനുഭവങ്ങൾ മൂന്നുതലങ്ങളിൽ


പെടുന്ന എന്നത്രേ - പ്രത്യക്ഷം(direct), ആവിഷ്കൃതം (vicarious), ബിംബരൂപം എന്നിങ്ങനെ,

1. പ്രത്യക്ഷാനുഭവങ്ങൾ (Direct experiece): യഥാർതഥ വസ്തുക്കളുമായുള്ള സമീപസ്ഥമായ ഐന്ദ്രീയ സമ്പർക്കത്തിലൂടെ നേടുന്ന അനുഭവമത്രേ പ്രത്യക്ഷാനുഭവം. കും കേട്ടും കൈകാര്യം ചെയ്തും രുചിച്ചും സ്പർശിച്ചും മണത്തും നേടുന്ന സമർത്ഥവും ഉദ്ദേശ്യാ ധിഷ്ഠിതവുമായ അനുഭവങ്ങളാണവ. ഒരു പരീക്ഷണം നടത്തുക, ഫാക്ടറി സന്ദർശിക്കുക തുടങ്ങിയ പ്രത്യക്ഷാനുഭവങ്ങൾ നല്കുന്നു.

2. ആവിഷ്കൃതാനുഭവങ്ങൾ പ്രത്യക്ഷാനുഭവങ്ങളെ പ്രതിനിധാനം ചെയ്യുന്നവയാണ് ഇത്തരം അനുഭവങ്ങൾ . പ്രത്യക്ഷാനുഭവങ്ങൾ അസാധ്യമോ അപകടസാധ്യതമൂലം അനഭിലശണൂ യമോ ആകുമ്പോൾ നാം യഥാർത്ഥ സന്ദർഭങ്ങളെ രൂപമാതൃകകളായോ ബിംബങ്ങളായോ അവതരിപ്പിക്കുന്നു. യഥാർത്ഥവസ്തു സൂക്ഷ്മാണുവിനെപ്പോലെ വേഗാധിക്യമുള്ളതോ അപ കടകാരികളായ രശ്മികളെപ്പോലെ അപായകരമോ ആകുമ്പോഴാണ് ഇത്തരം അനുഭവങ്ങൾ നല്കേിവരുന്നത്. രൂപമാതൃക, ചിത്രം, ചാർട്ട്, ഫിലിം തുടങ്ങിയവ നിരീക്ഷിച്ചു നേടുന്ന അനുഭവങ്ങളെ ആവിഷ്കൃതാനുഭവങ്ങൾ എന്നാണ് വിശേഷിപ്പക്കാറുള്ളത്.

3. ബിംബരൂപാനുഭവങ്ങൾ ഇവ വാചികമോ ലിഖിതമോ ആയ ഭാഷാപരം ബിംബങ്ങൾ ഉപ യോഗിച്ച് നൽകുന്നു. ഇവിടെ അനുഭവങ്ങൾ ആശയതലത്തിലാണ് ലഭിക്കുക. അധ്യപകൻ യഥാർത്ഥ വസ്തുവിനെ ബിംബങ്ങളായി പരിവർത്തനം ചെയ്ത് പഠിതാവിനു പകർന്നു നല്കുന്നു. അനുഭവങ്ങൾ ആർജ്ജിക്കാൻ വേി പഠിതാവ് ബിംബങ്ങളെ മൂലപദാർത്ഥങ്ങ ളായി പുനഃപരിവർത്തനം ചെയ്യുന്നു.

**Learning Experience**





ഈ മൂന്നു സാധ്യതകളിൽ വച്ച് ഒടുവിലത്തേതിനാണ് പഠനത്ത സംബന്ധച്ചിടത്തോളം ഏറ്റവും കുറഞ്ഞ കാര്യക്ഷമതയുള്ളത് – ചെറിയ കുട്ടികളുടെ കാര്യത്തിൽ പ്രത്യേകിച്ചും.

### e. എഡ്ഗർ ഡേലിന്റെ അനുഭവസ്തൂപിക (Edgar Dale's Cone of Experience)

എഡ്ഗർഡേൽ, ദൃശ്യ–ശ്രാവ്യാനുഭവങ്ങളെ വർഗ്ഗീകരിച്ച് ഒരു സ്തൂപികയുടെ (pinnacle) രൂപത്തിൽ ക്രമീകരിച്ചിട്ട്. ഇത് അനുഭവ സ്തൂപിക (Cone of experience) എന്ന് അറിയപ്പെടുന്നു. വിവിധതരത്തിലുള്ള ദൃശ്യ – ശ്രാവ്യോപകരണങ്ങളിലൂടെ ലഭിക്കുന്ന അനുഭവങ്ങളുടെ പരസ്പരബന്ധവും പഠനപ്രക്രിയയിൽ അവയ്ക്കുള്ള ആപേക്ഷിക സ്ഥാനത്തിന്റെ ക്രമവും വിശദമാക്കുന്ന ഒരു ദൃശ്യോപകരണമാണ് അനുഭവ സ്തൂപിക. ഏറ്റവും കാര്യക്ഷമമെന്ന് ഡേൽ കരുതുന്നതിന് സ്തൂപികയുടെ പാദത്തിലും ഏറ്റവും കുറഞ്ഞ കാര്യക്ഷമതയുള്ളതിന് ഏറ്റവും മുകളിലും ആണ് അദ്ദേഹം സ്ഥാനം നല്കിയിരിക്കുന്നത്, ഈ ക്രമീകരണത്തിന് വർദ്ധിച്ചു വരുന്ന ഗുണാത്മക സ്വഭാവമാണ് അദ്ദേഹം മാനദണ്ഡമായി സ്വീകരിച്ചിട്ടുള്ളതെന്നു കാണാം. സ്തൂപ ി കയിൽ ഉൾപ്പെടുത്തിയിട്ടുള്ള അനുഭവങ്ങളെ കാര്യക്ഷമതയുടെ (ഡേലിന്റെ അഭിപ്രായത്തിൽ) മുറയ്ക്ക് ചുവടെ കൊടുത്തിരിക്കുന്നു. ആദ്യത്തേത് ഏറ്റവുമധികം കാര്യക്ഷമതയുള്ളതാണ്; സ്തൂപികയുടെ പാദത്തിലാണ് അതിന്റെ സ്ഥാനം.

1. ഉദ്ദേശ്യാധിഷ്ഠിതമായ പ്രത്യക്ഷാനുഭവങ്ങൾ
2. ആവിഷ്കൃതാനുഭവങ്ങൾ
3. നാടകീകരണം
4. മാതൃകാപ്രദർശനം
5. പഠനയാത്ര
6. പ്രദർശനം
7. ടെലിവിഷൻ
8. ചലച്ചിത്രങ്ങൾ
9. റേഡിയോയും റെക്കോഡിങ്ങും
10. നിശ്ചലചിത്രങ്ങൾ
11. രൂപമാതൃകകൾ
12. ഭാഷാപരബിംബങ്ങൾ



ദൃശ്യ–ശ്രാവ്യാനുഭവങ്ങളെ കാര്യക്ഷമതയുടെ അടിസ്ഥാനത്തിൽ വർഗ്ഗീകരിക്കാനുള്ള ആദ്യ ശ്രമം നടത്തിയതു എഡ്ഗർ ഡേലാണ് ഈക്രമീകരണം നടത്തിയത് എന്നു കാണാം. എന്നാൽ സൂക്ഷമമായി പരിശോധിച്ചാൽ, എഡ്ഗാർഡേൽ നിർദ്ദേശിച്ചിരിക്കുന്ന ക്രമീകരണം പഠനാനുഭവ ങ്ങളുടെ യഥാർത്ഥ കാര്യക്ഷമതയെ കണക്കിലെടുക്കുന്നില്ല. എന്നു മനസ്സിലാക്കാം. ഉദാഹരണ മായി, പഠനയാത്രയെ, വെറും നിരീക്ഷണം മാത്രം നടക്കുന്ന ഒരു പ്രവർത്തനമായി കരുതിയതി നാലാവാം, ശ്രേണിയിൽ വളരെ ഉയരത്തിലാണ് കാണിച്ചിട്ടുള്ളത്. യഥാർഥത്തിൽ, പഠന യാത്ര, മിക്കപ്പോഴും, സമ്പന്നമായ പ്രത്യക്ഷാനുഭവം നല്കുന്നു. അതുകൊ് അതിനെ ഉദ്ദേശ്യാധ്ഷ്ഠി തമായ പ്രത്യക്ഷാനുഭവത്തിൽ പെടുത്തേതായിരുന്നു. അതുപോലെ, ചലച്ചിത്രങ്ങളെ ആവ ഷ്കൃതാനുഭവങ്ങൾത്ത് വളരെ മുകളിൽ പ്രതിഷ്ഠിച്ച് കാര്യക്ഷമതകുറഞ്ഞ ഇനമായി സൂചിപ്പി ക്കുന്നു. യഥാർത്ഥത്തിൽ അത് ആവഷ്കൃതാനുഭവങ്ങളെക്കാൾ എത്രയോ കൂടുതൽ കാര്യക്ഷമതയു ള്ളതാണ്.

| ദൃശ്യ – ശ്രാവ്യോപകരണങ്ങളുടെ വർഗ്ഗീകരണം | | | | | |
|---|---|---|---|---|---|
| വിക്ഷേപണോപകരണങ്ങൾ | വിക്ഷേപണേതര ഉപകരണങ്ങൾ | | | | പ്രവർത്തനോരപകരണങ്ങൾ |
| | ഗ്രാഫിക് ഉപകരണങ്ങൾ | ഡിസ്പ്ലേ ബോർഡ് | ത്രിമാന ഉപകരണങ്ങൾ | ശ്രാവ്യോപകരണങ്ങൾ | |
| 1. ^renapw^renw s{]mPIvSdpw | 1. {Km^v | 1. t»m¡v t_mÀUv | 1. tamUÂ | 1. tdUntbm | 1. ]T-\-bm-{X-Ifpw hnt\m-Z-bm-{X-Ifpw |
| 2. ^renw kv{Sn¸pw ^renw kv{Sn]v s{]mPIvSdpw | 2. Ub{Kw | 2. tdmÄ A]v tNm¡v t_mÀUv | 2. ]ZmÀ°-§Ä | 2.tS¸vdn-t¡mÀUÀ | 2. {]ZÀi\w |
| 3. ssÉUpw ssÉUv s{]mP-IvSdpw | 3. t]mÌÀ | 3. s]Kv t_mÀUv | 3. kvs]kn-a³ | 3. ]»nIv A{U Êv knÌw | 3. Utam-¬kvt{S-j³ |
| 4. F¸n-kvtIm¸pw ]nU-bm-kvtIm¸pw | 4. `q]Sw | 4. lq¡v & eq¸v t_mÀUv | 4. tam¡v-]p-A]v | | 4. \m-S-Io-I-dWw |
| 5. HmhÀ slUv s{]mP-IvSÀ | 5. tImanIv | 5. ^vfm\Â t_mÀUv | 5. Utbm-ca | | 5. ayqknbw |
| 6. sSen-hn-j³ | 6. ImÀ«q¬ | 6. amsá-änIv t_mÀUv | 6. ]¸äv | | 6. ¹ms\-täm-dnbw |
| 7. FÂ.-kn.-Un. s{]mP-IvSÀ | 7. ^vfmjv ImÀUv | 7. ¹mÌn-{Km^v t_mÀUv | 7. `qtKmfw | | 7. AtIz-dnbw |
| | 8. Nh{Xhpw t^mt«mbpw | 8. _pÅ-än³ t_mÀUv | | | 8. sStd-dnbw |
| | 9. NmÀ«v | 9. amÀ¡À t_mÀUv | | | 9. hnhm-dnbw |
| | 10. ka-b-tcJ | | | | 10. So¨n§v b{´w |
| | | | | | 11. {Iao-IrX ]T\w |
| | | | | | 12. I¼yq-«À Akn ÌUv t_m[\w |

## B. ദൃശ്യ – ശ്രാവ്യോപകരണങ്ങളുടെ വർഗ്ഗീകരണം

ദൃശ്യ – ശ്രാവ്യോപകരണങ്ങളെ വിക്ഷേപണോപകരണങ്ങൾ, വിക്ഷേപണേതര ഉപകരണങ്ങൾ പ്രവർത്തനോപകരണങ്ങൾ എന്നിങ്ങനെ മൂന്നായി തിരിക്കാം. ഓരോന്നിനുമുള്ള ഉദാഹരണങ്ങൾ പട്ടികയായി കൊടുത്തിരിക്കുന്നു.

### a. വിക്ഷേപണോപകരണങ്ങൾ

നിരീക്ഷിക്കേ ഇനങ്ങളെ ഒരു തിരശ്ശീലയിൽ യന്ത്രസാമഗ്രികളുടെ സഹായത്തോടെ വിക്ഷേപിക്കുന്ന തരത്തിലുള്ള ഉപകരണങ്ങളാണ് വിക്ഷേപണോപകരണങ്ങൾ. ഫിലിം പ്രൊജക്ടർ ഉപയോഗിച്ച് വിസ്തൃതമായ തിരശ്ശീലയിൽ ചിത്രങ്ങൾ വിക്ഷേപിക്കുന്നത് ഇതിന് ഉത്തമോദാഹരണമാണ്. ഈ ഉപകരണങ്ങൾ വളരെ കാര്യക്ഷമമായി അനുഭവപ്പെടുന്നു. ശബ്ദത്തോടൊപ്പം ചലനങ്ങളും സമന്വയിപ്പിച്ച് അനുഭവങ്ങളെ യഥാതഥമാക്കാം എന്നതാണ് കാരണം. ഈ ഇനത്തിൽപ്പെട്ട ഉപകരണങ്ങൾ പട്ടികയിൽ കൊടുത്തിട്ടുല്ലോ. അവ ഓരോന്നായി ചുവടെ ചുരുക്കി വിവരിച്ചിരിക്കുന്നു.

#### 1. ഫിലിമും ഫിലിം പ്രൊജക്ടറും:

ഒരൊറ്റ ചിത്രം തന്നെ പ്രയോജനകരമായ പഠനോപകരണമാണ്. പക്ഷെ, നിരവധി ചിത്രങ്ങളുടെ ഒരു ക്രമീകൃതശൃംഖല തുടർച്ചയായി പ്രദർശിപ്പിക്കുമ്പോൾ പഠനം കൂടുതൽ കാര്യക്ഷമമാക്കുന്നു. അതുകൊാണ് ചലച്ചിത്രത്തിന്റെ ഫിലിം അമൂല്യമായ പഠനോപകരണമായി കണക്കാക്കപ്പെടുന്നത്. അവ, ചലനാത്മകവും അർത്ഥപൂർണ്ണവുമായ നിരവധി അനുഭവങ്ങളുടെ ഒരു ശ്രേണി പ്രദർശിപ്പിക്കുക വഴി പഠനം കാര്യക്ഷമമാക്കുന്നു. അവയിലൂടെ പദാർത്ഥങ്ങളുടെ വലിപ്പം ആവശ്യാനുസരണം കുറയ്ക്കുകയോ കൂട്ടുകയോ ചെയ്യാം. സാധാരണ ഗതിയിൽ പ്രദർശിപ്പിക്കാൻ പ്രയാസമുള്ള പ്രക്രിയകളും ചലച്ചിത്രത്തിലൂടെ കാണിക്കാനാവും. അവ, സ്വാഭാവികമായും, ശ്രദ്ധ ആകർഷിക്കുകയും താത്പര്യവും അഭിപ്രേരണയും വളർത്തുകയും നാടകീകരണത്തിലൂടെ ആസ്വാദനം സാധ്യമാക്കുകയും വൈകാരികമായ അനുഭൂതി പകരുകയും ചെയ്യുന്നു. അവയ്ക്ക് കാലഭേദവും, സങ്കീർണ്ണതകളും, സ്ഥലഭേദവും ഉയർത്തുന്ന തടസ്സങ്ങളെ അതിജീവിക്കാനാവും. അവയിലൂടെ ഭൂതവും വർത്തമാനവും ഭാവിപ്രതീക്ഷകളും ക്ലാസ്മുറികളിൽ എത്തിക്കാൻ കഴിയും. ബാഹ്യലോക സാഹചര്യങ്ങൾ അനുഭവിക്കാൻ പഠിതാക്കളെ സഹായിക്കുക വഴി അവ യാഥാർത്ഥ്യബോധം വളർത്തുന്നു. അങ്ങനെ ഗുണാത്മകമായ ആശയങ്ങളും ബന്ധങ്ങളും രൂപാത്മകമായി മാറുന്നു.

ഒരു ഫിലിം പ്രൊജക്ടറിന്റെ സഹായത്തോടെ ഒരു തുടർപ്രക്രിയയുടെ ചലച്ചിത്രം, സൗകര്യമുള്ള സ്ഥലത്ത് സ്ഥാപിച്ച തിരശ്ശീലയിലേയ്ക്ക് വിക്ഷേപിക്കാം. അങ്ങനെ ഓരോ പഠിതാവിനും അത് വിശദമായി നിരീക്ഷിക്കാനും ഒപ്പം ബന്ധപ്പെട്ട ശബ്ദം കേൾക്കാനും കഴിയുന്നു. ചലിക്കുന്ന രൂപങ്ങളെ ശബ്ദവുമായി കൂട്ടിയിണക്കുന്നത് പ്രദർശനത്തെ യഥാർത്ഥവും സജീവവും ആക്കുന്നു.

**2. ഫിലിം സ്ട്രിപ്പും ഫിലിം സ്ട്രിപ് പ്രൊജക്ടറും:**

തീപിടിക്കാത്തതും തന്മൂലം അപകടരഹിതവുമായ 35 മി.മീ ഫിലിമിന്റെ ഒരു നാടയാണ് ഫിലിം സ്ട്രിപ്: അതിന്റെ നീളം ആവശ്യാനുസരണം വ്യത്യസ്തമാകാം– ഏകദേശം ഒരു മീറ്റർ വരെ. അത്തരം ഒരു സ്ട്രിപ്പിൽ പത്തു മുതൽ അമ്പതുവരെ ചിത്രങ്ങളോ ഫ്രെയ്മുകളോ ഉാകാം. ഇവയിൽ പരസ്പരം ബന്ധപ്പെട്ട രേഖാചിത്രങ്ങളോ ഫോട്ടോഗ്രാഫുകളോ ചിത്രങ്ങളോ ഇവയുടെ മിശ്രിതമോ ഉൾക്കൊള്ളിക്കാം. ഇവ ഒത്തു ചേർന്ന് ഒരു ക്രമീകൃത പ്രവർത്തനമോ സംഭവമോ കഥയോ ചിത്രീകരിക്കുന്നു. അവ വർണ്ണചിത്രങ്ങളോ അല്ലാത്തവയോ ആകാം. ഇത്തരം സ്ട്രിപ്പുകളെ ഫിലിം സ്ട്രിപ്പ് പ്രൊജക്ടർ ഉപയോഗിച്ച് വിക്ഷേപിക്കുന്നു. ചില സ്ട്രിപ്പുകളോടൊപ്പം പ്രത്യേകം രേഖപ്പെടുത്തിയ കമന്ററികളും ഉായിരിക്കും. അവയെ സൗ ഫിലിം സ്ട്രിപ്പുകൾ എന്നു പറയുന്നു. ഫിലിം സ്ട്രിപ്പുകൾ വിക്ഷേപണം ചെയ്തു കാണുന്നത് – കമന്ററിയോടൊപ്പമായാൽ പ്രത്യേകിച്ചും – നിരീക്ഷണ സന്ദർഭത്തെക്കുറിച്ച് യഥാർത്ഥവും കാര്യക്ഷമവുമായ അനുഭവം പ്രദാനം ചെയ്യും.

**3. സ്ലൈഡും സ്ലൈഡ്പ്രൊജക്ടറും:**

ക്ലാസ്സ് നടക്കുന്നതിനിടയ്ക്ക് ബ്ലാക്ക് ബോർഡിൽ വരച്ചു കാണിക്കാൻ കൂടുതൽ സമയം വേിവരുന്ന ഏതൊരു ചിത്രവും ഒരു സ്ലൈഡായി വരച്ചുാക്കാം. ഒരു സ്ലൈഡ് പ്രൊജക്ടറിന്റെ സഹായത്തോടെ ഈ സ്ലൈഡ് തിരശ്ശീലയിൽ വലുതാക്കി വിക്ഷേപിക്കാൻ കഴിയുന്നു. ശക്തമായ ഒരു പ്രകാശ സ്ത്രോതസ്സും അനുയോജ്യമായ വലിപ്പത്തിലുള്ള സ്ലൈഡുകളെ വഹിക്കാൻ കഴിയുന്ന ഒരു കാരിയറും ആണ് സ്ലൈഡ് പ്രൊജക്ടറിലെ മുഖ്യഘടകങ്ങൾ. രുസ്ലൈഡുകൾ കയറ്റിയ ഒരു കാരിയർ പ്രൊജക്ടറിൽ ഘടിപ്പിക്കുകയാണു പതിവ്. ഇതുവഴി ഒരു സ്ലൈഡിലെ ചിത്രം വിക്ഷേപിക്കുമ്പോൾത്തന്നെ അടുത്തത് സജ്ജമാക്കി വയ്ക്കാൻ കഴിയുന്നു. ഇപ്പോൾ, മിക്ക സ്ലൈഡ് പ്രൊജക്ടറിലും നിലവധി സ്ലൈഡുകളെ വഹിക്കാൻ കഴിയുന്ന ഡ്രമ്മുകൾ അഥവാ കാർട്രിഡ്ജുകൾ ഉപയോഗിക്കുന്നു. തന്മൂലം ഒരു പ്രവർത്തനശ്രേണിയെ പൂർണ്ണമായി ചിത്രീകരിക്കാൻ ആവശ്യമായത്ര സ്ലൈഡുകൾ മുൻകൂട്ടി ക്രമീകരിച്ചു വയ്ക്കാൻ ആവുമല്ലോ. പ്രൊജക്ടറുകളെ റിമോട്ട് കൺട്രോൾവഴി നിയന്ത്രിക്കാനുള്ള സംവിധാനവും നിലവിലു്. വിവരണം ടേപ്പ്റെക്കാർഡറിൽ ആക്കിയ ശേഷം അത് പ്രൊജക്ടറിൽ ഘടിപ്പിച്ച് അധ്യാപകന്റെ സഹായമില്ലാതെ തന്നെ കമന്ററി നല്കിക്കൊിരിക്കുന്ന ഏർപ്പാടും കാണാം. ഈ ഉപകരണം സമയം ലാഭിക്കാൻ മാത്രമല്ല, പഠനാനുഭവങ്ങളുടെ ശക്തി വർദ്ധിപ്പിക്കാനും സഹായിക്കുന്നു.

**4. എപ്പിസ്കോപ്പും എപ്പിഡയാസ്കോപ്പും :**

സുതാര്യമല്ലാത്ത പദാർത്ഥങ്ങളുടെ വിക്ഷേപണത്തിനാണ് എപ്പിസ്കോപ്പ് ഉപയോഗിക്കുന്നത്. പ്രതിഫലന വിക്ഷേപണതന്ത്രമാണ് ഇതിൽ പ്രയോഗിക്കുന്നത്. എപ്പിസ്കോപ്പിന്റെ പ്ലാറ്റ്ഫോമിന്റെ വലിപ്പത്തിൽ ഉൾക്കൊള്ളിക്കാവുന്ന ചിത്രങ്ങളോ, ഫോട്ടോഗ്രാഫറുകളോ, രേഖാചിത്രങ്ങളോ അതാര്യമായ മറ്റേതൊരു പദാർത്ഥവുമോ ഈ ഉപകരണം ഉപയോഗിച്ച് വിക്ഷേ

പിക്കാം. വിക്ഷേപണ സമയത്ത് മുറി പൂർണ്ണമായും ഇരുട്ടാക്കണം. പ്രതിഫലനബിംബം വ്യക്തവും പ്രകാശമാനവും ആക്കാൻ വേിയാണിത്. സാധാരണ ക്ലാസ്സ് സമയത്ത് അനുയോജ്യമായ പുസ്തകത്തിലെ ചിത്രങ്ങൾ വലുതാക്കി കാണിക്കാനോ സങ്കീർണ്ണമായ ഉപകരണങ്ങൾ ചിത്രീകരിച്ചു കാണിക്കാനോ ഒക്കെ എപ്പിസ്കോപ്പ് പ്രയോജനപ്പെടുത്താം.

എപ്പിഡയാസ്കോപ്പ് ഉപയോഗിച്ച് അതാര്യമോ സുതാര്യമോ ആയ പദാർത്ഥങ്ങളെ വിക്ഷേപിക്കാം. ഇത് എപ്പിസ്കോപ്പും ഡയാസ്കോപ്പും കൂട്ടിച്ചേർത്തതാണ്. എപ്പിഡയാസ്കോപ്പ് എപ്പിരീതിയിൽ ക്രമീകരിച്ചാൽ പരന്ന അതാര്യവസ്തുക്കൾ വിക്ഷേപിക്കാം. ഡയാരീതിയിൽ ക്രമീകരിച്ചാൽ സ്ലൈഡുകളും വിക്ഷേപിക്കാം. എപ്പിവിക്ഷേപണത്തിന് മുറി പൂർണ്ണമായും തമസ്ക്കരിക്കേതു്. ഡയാവിക്ഷേപണത്തിന് പൂർണ്ണമായ തമസ്ക്കരണം ആവശ്യമല്ല.

**5. ഓവർഹെഡ് പ്രൊജക്ടർ (OHP):**

ഇതിൽ അധ്യാപകന്റെ (അഥവാ വിക്ഷേപകന്റെ) പിന്നിൽ തലയ്ക്കുമുകളിലായാണ് ബിബം വിക്ഷേപണം ചെയ്യപ്പെടുന്നത്. ഇതാണ് ഈ പേരിന് ആധാരം. ഈ വിക്ഷേപിണിയിൽ, സുതാര്യമായ ദൃശ്യവസ്തു പ്രൊജക്ടറിലെ പ്രകാശസ്ത്രോതസ്സിന്റെ മുകളിലുള്ള തിരശ്ചീനമായ പ്ലാറ്റ്ഫോമിന്റെ പുറത്ത് വയ്ക്കുന്നു. ഇപ്രകാരം ഈ സുതാര്യമാധ്യമത്തിലൂടെ കടന്ന് അധ്യാപകന്റെ പിന്നിൽ വച്ചിട്ടുള്ള തിരശ്ശീലയിൽ പ്രത്യേക കോണിൽ പ്രതിഫലിക്കുന്നു. വലിപ്പം കൂടിയ ഈ ബിംബം കൂടുതൽ വ്യക്തമായിരിക്കും. മാത്രവുമല്ല, സ്ലൈഡ് മുൻകൂട്ടി തയ്യാറാക്കി വയ്ക്കാം എന്നതിനാൽ സമയം ലാഭിക്കാനുമാവും. സ്ലൈഡിനുപകരം സുതാര്യമായ ഒരു ഫലകം പ്ലാറ്റ്ഫോമിന്റെ പുറത്തു വച്ചിട്ട് അധ്യാപകന് ഒരു ഫെൽറ്റ് പെൻകൊ് കാണിച്ചുകൊടുക്കാനുള്ള എന്തും അതിൽ എഴുതുകയോ വരയ്ക്കുകയോ ചെയ്യാം. എഴുതുന്നത് തീരശ്ശീലയിൽ വിക്ഷേപിക്കപ്പെടും.

**6. ടെലിവിഷൻ:**

ടെലിവിഷനും ഒരു വിക്ഷേപണമായി കണക്കാക്കാം. പ്രക്ഷേപണം നടത്തുന്നത് ദൂരദർശൻ കേന്ദ്രത്തിലാണെന്നു മാത്രം. വളരെആകർഷകവും ഫലപ്രദവുമായ ഒരു ബഹുജന മാധ്യമമാണിത്. വിദ്യാഭ്യാസ സംപ്രേക്ഷണം വിനോദത്തേക്കാളുപരി വിദ്യാഭ്യാസത്തിനാണ് ഊന്നൽ നല്കുന്നത്. ഇത് വൈദഗ്ദ്ധ്യമാർന്ന അദ്ധ്യാപകരുടെയും നന്നായി സജ്ജീകരിക്കപ്പെട്ട ലാബുകളുടെയും കുറവ് പരിഹരിക്കുന്നു. വൈദഗ്ദ്ധ്യമാർന്ന ഒരു അദ്ധ്യാപകന് ലക്ഷണക്കണക്കിന് ആളുകളിലേയ്ക്ക് അറിവ് പകരാം. പരിപാടികളെക്കുറിച്ചുള്ള അറിയിപ്പ് നേരത്തെ കൊടുക്കുന്നതുകൊ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കുട്ടികളെ പരിപാടി കാണാൻ സജ്ജരാക്കാം. വൈവിധ്യമാർന്ന പഠനാനുഭവങ്ങൾ പകർന്ന് നല്കാൻ ടെലിവിഷനുകഴിയും.

## b. വിക്ഷേപണേതര (non projected) ഉപകരണങ്ങൾ

വിക്ഷേപണേതര ഉപകരണങ്ങളിൽ 1. ഗ്രാഫിക്കുകൾ 2. ഡിസ്പ്ലേ ബോർഡുകൾ 3.ത്രിമാനോപകരണങ്ങൾ 4. ശ്രാവ്യോപകരണങ്ങൾ എന്നിവ ഉൾപ്പെടുന്നു.

**1. ഗ്രാഫിക്ക് ഉപകരണങ്ങൾ**

ഗ്രാഫുകൾ, ചിത്രങ്ങൾ, ചാർട്ടുകൾ തുടങ്ങി പരന്ന പ്രതലത്തിൽ രേഖപ്പെടുത്തുന്ന ദൃശ്യ രൂപങ്ങളാണ് ഗ്രാഫിക്കുകൾ. ദത്തങ്ങളെ ചിട്ടയായി ചുരുക്കി പ്രദർശിപ്പക്കാൻ ഇവ സഹായിക്കുന്നു. പ്രസക്തമായ ദത്തങ്ങളിൽ അന്തർഭവിച്ചിട്ടുള്ള ആശയങ്ങളുടെ ചുരുക്കെഴുത്തുഭാഷയാണ് ഗ്രാഫിക്ക് എന്നുപറയാം. ചിട്ടയായ പ്രദർശന സാധ്യത, ആകർഷണീയമായ രൂപകല്പന, ലളിതമായ ക്രമീകരണം എന്നീ സവിശേഷതകൾ മൂലം ഇവ പഠിതാക്കളുടെ ശ്രദ്ധപിടിച്ചു പറ്റുന്നു. ലിഖിതവും ചിത്രങ്ങളുടെ രൂപത്തിലുള്ളതുമായ ദൃശ്യങ്ങൾ ഇണക്കിച്ചേർത്ത് അനുയോജ്യമായ ശീർഷങ്ങൾ കൂടി നൽകുമ്പോൾ ഉദ്ദേശിക്കുന്ന സന്ദേശം വ്യക്തമായി പകർന്നു നൽകാൻ ഗ്രാഫിക്കിനു കഴിയുന്നു. ഒരു പ്രത്യേക ഗ്രാഫിക്ക്, ഒരു പ്രത്യേക ആശയത്തിന്റെ വിശദാംശങ്ങളിൽ ഒതുക്കി നിർത്തുകയാണ് പതിവ്. നല്ല ഗ്രാഫിക്ക് ലളിതവും, ആകർഷകവും വ്യക്തവും ഹ്രസ്വവും ആയിരിക്കണം. ഗ്രാഫിക്കുകളിൽ അനാവശ്യ വിശദാംശങ്ങളെ ഒഴിവാക്കി കാര്യത്തിന്റെ സാരംശത്തിൽ ശ്രദ്ധകേന്ദ്രീകരിക്കുന്നു. ബിംബത്തെ ആകർഷകമായി ചിത്രീകരിക്കുക വഴി അത് കുട്ടികളിൽ താത്പര്യവും അങ്ങനെ ശ്രദ്ധയും വളർത്തുന്നു. ഗ്രാഫിക് ഉപകരണങ്ങളിലെ മുഖ്യ ഇനങ്ങൾ ചുവടെ വിവരിക്കുന്നു.

**i. ലേഖകൾ (Graphs)** :

പരസ്പരബന്ധം പുലർത്തുന്ന ഒരു ജോടി ചരങ്ങളുടെ ബന്ധത്തിന്റെ സ്വഭാവം (കുട്ടികളുടെ ഉയരം, പൊക്കം എന്നിവ ഉദാഹരണം) ഒരു ലേഖകൊ് വ്യക്തമാക്കാം. ലേഖ എളുപ്പത്തിൽ വ്യാഖ്യാനിച്ച് നിഗമനങ്ങളിൽ എത്തിച്ചേരാനാവും. ലൈൻഗ്രാഫ്, ബാർഗ്രാഫ്, പൈഡയഗ്രം തുടങ്ങിയ വിവിധതരം ലേഖകള്് – ഓരോന്നും പ്രത്യേക തരത്തിൽപ്പെട്ട ദത്തങ്ങൾക്ക് കൂടുതൽ അനുയോജ്യമത്രേ.

**ii. രേഖാചിത്രങ്ങൾ (Diagrams)** :

ഒരു രേഖാചിത്രത്തിലൂടെ നിരവധി വസ്തുതകൾ ഒരേ സമയം വിശദമാക്കാൻ കഴിയും. വൈവിധ്യമാർന്ന ബിംബങ്ങളും ലേബലുകളും ഉപയോഗിച്ചാണ് ഇതു നിർവ്വഹിക്കുന്നത്. പഠിക്കാനുള്ള ഏതാനും വസ്തുതകളെ സംഗ്രഹിച്ചു കാണിക്കുന്ന ദർശകബിംബമാണ് രേഖാചിത്രം എന്നു പറയാം. രേഖാചിത്രത്തിന് ചാർട്ടിനേക്കാൾ വിശദമായി വസ്തുതകൾ വ്യക്തമാക്കാനാവും.

**iii. പോസ്റ്ററുകൾ :**

ഒരാശയത്തെ ആകർഷണീയവും വലുതുമാക്കി പ്രതിനിധാനം ചെയ്യുന്ന ഉപകരണമാണ് പോസ്റ്റർ. മിക്കപ്പോഴും ഇത് വർണ്ണ ചിത്രങ്ങളുടെ രൂപത്തിലായിരിക്കും. അത് കണ്ണുകളെ പിടിച്ചു നിർത്തി ആശയങ്ങൾ പകർന്നുകൊടുക്കുന്നു. ചിത്രങ്ങളുടെ സംവിധാനം നാടകീയമാക്കാൻ കഴിയും എന്നതിനാൽ അത് ചലനാത്മത പുലർത്തുന്നു.

**iv. ഭൂപടങ്ങൾ (Maps)** :

ഭൂഖണ്ഡങ്ങൾ രാജ്യങ്ങൾ തുടങ്ങിയ ഭൂപ്രദേശങ്ങളുടെ രൂപങ്ങൾ പരന്ന പ്രതലത്തിൽ നിശ്ചിത

തോതിൽ വരച്ച് അതിർത്തികളും മറ്റും വിശദാംശങ്ങളും സൂക്ഷ്മമായി രേഖപ്പെടുത്തിയ ചിത്രങ്ങളാണ് ഭൂപടങ്ങൾ, മലകളുടെയും, നദികളുടെയും സ്ഥാനം, ഓരോ സ്ഥലത്തിന്റെയും ലാറ്റിറ്റ്യൂഡ്, ഭൂതലത്തിന്റെ നിമ്നോന്നതാവസ്ഥ, പ്രധാന നഗരങ്ങളും സ്ഥലങ്ങളും തുടങ്ങിയ ഭൂമിശാസ്ത്രപരമായ നിരവധി വിവരങ്ങൾ നിശ്ചിത തോതനുസരിച്ചും അനുയോജ്യമായ വർണ്ണവ്യവസ്ഥ പാലിച്ചുകൊും ഭൂപടത്തിൽ രേഖപ്പെടുത്താം. ഭൂമിശാസ്ത്രപരവും ചരിത്രപരവും വ്യാവസായികവും ഒക്കെയായ മാപ്പുകൾ ക്ലാസ്സ് മുറികളിൽ ഉപയോഗിക്കാറു്. ഇതുവഴി വിശാലമായ പ്രദേശങ്ങളെ ആവശ്യമായ വിശദാംശങ്ങളോടൊപ്പം പഠിതാവിന്റെ ദർശനമണ്ഡലത്തിലേയ്ക്ക് എത്തിക്കാൻ കഴിയുന്നു.

**v. കാർട്ടൂണുകൾ:**

ഫലിതപൂർണ്ണമോ ഹാസ്യരസദ്യോതകമോ ആലങ്കാരികമോ ആയ ശൈലിയൽ ഒരു വ്യക്തിയുടെയോ സന്ദർഭത്തിന്റെയോ ചില സവിശേഷതകൾ പെരുപ്പിച്ചുകാണിക്കുമാറ് വരയ്ക്കുന്ന ചിത്രമാണ് കാർട്ടൂൺ – ഒരു കാരിക്കേച്ചർ എന്നുപറയും. ഫലിതത്തിന്റെയും ഹാസ്യത്തിന്റെയും ശക്തിമൂലം അത് കാഴ്ചക്കാരെ ആകർഷിക്കുന്നു. പോസ്റ്റർ എന്നപോലെ കാർട്ടൂണിനും സാർവ്വലൗകികമായ ആകർഷകത്വമു്. സാധാരണയായി ഒരു കാർട്ടൂൺ ഒരൊറ്റ സന്ദേശം മാത്രമേ പകർന്നുകൊടുക്കാറുള്ളൂ.

**vi. കോമിക്കുകൾ:**

ഒരു കഥയേയോ സംഭവശ്രേണിയേയോ ചിത്രീകരിക്കുന്ന കാർട്ടൂണുകൾ കോർത്തിണക്കുന്നതാണ് കോമിക്ക്. സംഭവങ്ങളെ ശരിയായ ക്രമത്തിൽ ചിട്ടപ്പെടുത്തി ആകർഷകമായ ചിത്രങ്ങളുടെ രൂപത്തിൽ നല്കുകയാണു ചെയ്യുന്നത്. ഇത് ചെറുപ്രായത്തിലുള്ള കുട്ടികളെ ആകർഷിക്കുന്നു.

**vii. ഫ്ളാഷ്കാർഡ്:**

ചെറിയ ക്ലാസ്സുകളിൽ ഭാഷാ പാഠങ്ങളിൽ ധാരാളമായി ഉപയോഗിക്കുന്ന ഒരു പഠനോപകരണമാണ് ഫ്ളാഷ്കാർഡ്. ആശയധാരണം, മൗനവായനയ്ക്കുള്ള നൈപുണി എന്നിവയിൽ ഉടനടിയുള്ള ഫീഡ്ബാക്ക് നല്കുന്നതിന് ഇതുവളരെ സഹായകമാണ്. വായിക്കാനുള്ള പാഠ്യവസ്തു എഴുതിയകാർഡ് ഏതാനും നിമിഷം പ്രദർശിപ്പിക്കുകയും ഉടനേ മാറ്റിക്കളയുകയും ചെയ്യുന്നു. എന്നിട്ട് ഉടനടി ഫീഡ്ബാക്ക് നടത്തുന്നു. ഒരു മിന്നലാട്ടം പോലെയുള്ള ഈ പ്രയോഗരീതിമൂലമാണ് ഇതിന് ഫ്ളാഷ്കാർഡ് എന്നപേർ ലഭിച്ചത്.

**viii. ചിത്രങ്ങളും ഫോട്ടോഗ്രാഫുകളും:**

ആശയങ്ങൾ സുവ്യക്തവും സമഗ്രവും ആയി പ്രദർശിപ്പിക്കുന്നതിൽ ഇവയ്ക്ക് പ്രാധാന്യമു്. ഇവയിലൂടെ നിരീക്ഷണത്തിനും വിലയിരുത്തലിനുമുള്ള ശേഷികൾ വളർത്താം.

**ix. ചാർട്ടുകൾ:**

പ്രധാനവസ്തുതകളും ആശയങ്ങളും തമ്മിലുള്ള പരസ്പരബന്ധം ചിട്ടയായും യുക്തിപൂർവ

കമായും കത്തെുന്നതിന് സഹായകമായ ഒരു പഠനോപകരണമാണ് ചാർട്ട്. ഇതിൽ ഗ്രാഫിക് മാധ്യമവും ചിത്രമാധ്യമവും കൂട്ടിയിണക്കിയിരിക്കുന്നു. ഡിസ്പ്ലേ ചാർട്ട്, ഫ്ളിപ്ചാർട്ട്, ഫ്ളോചാർട്ട്, ടാബുലാർ ചാർട്ട്, ട്രീചാർട്ട്, ടൈംചാർട്ട് എന്നിവയാണ് പ്രധാന ഇനങ്ങൾ.

**2. ഡിസ്പ്ലേ ബോർഡുകൾ**

പാരമ്പര്യ രീതിയിലുള്ള ക്ലാസ്സുമുറികളുടെയും വിദ്യാലയ ഇടനാഴികളുടെയും ഏകതാന മായ അന്തരീക്ഷത്തിൽ പലതരത്തിലുള്ള ഡിസ്പ്ലേ വസ്തുക്കൾ കൊ് പഠനസഹായവും ആകർഷകവും ആക്കുന്ന പ്രവണത വളർന്നുവരുന്നു്. ഡിസ്പ്ലേയെ അവ നിർവ്വഹിക്കുന്ന വ്യത്യസ്ത ധർമ്മങ്ങളുടെ അടിസ്ഥാനത്തിൽ മൂന്നായി തരം തിരിക്കാം – അഭിപ്രേരകം (motivational) , വികസനോന്മുഖം (developmental), വിവരസംഗ്രഹം (summary) എന്നിങ്ങനെ. പഠി താക്കളെ ആകർഷിച്ചും വശീകരിച്ചും അവരുടെ ജിജ്ഞാസയെ ഉണർത്തുന്നതാണ് അഭിപ്രേരക ഡിസ്പ്ലേ. വിജ്ഞാനം പ്രസരിപ്പിക്കുകയും പാഠത്തിന്റെ വികസനത്തിൽ പഠിതാക്കളുടെ സജീ വപങ്കാളിത്തം വർദ്ധിപ്പിക്കുകയും ചെയ്യുന്നതാണ് വികസനോന്മുഖ ഡിസ്പ്ലേ. പാഠങ്ങൾ പുനര വലോകനം ചെയ്ത് ദൃഢമാക്കാൻ വേയുള്ളതാണ് വിവരസംഗ്രഹണ ഡിസ്പ്ലേ. ഇത്തരം ഡിസ്പ്ലേകൾക്കുള്ള വിവിധതരം ബോർഡുകൾ ചുവടെ ചുരുക്കി വിവരിക്കുന്നു.

**i. ബ്ലോക്ക് ബോർഡ്:**

ഡിസ്പ്ലേയ്ക്കായി ഉപയോഗിക്കുന്ന ഏറ്റവും അടിസ്ഥാനപരവും പ്രചാരമുള്ളതും അനന്ത സാധ്യകൾ പുലർത്തുന്നതുമായ ഉപകരണമാണ് ബ്ലാക്ക് ബോർഡ്. ഏറ്റവും ലഘുവും പ്രാചീന മായ ദർശനോപകരണങ്ങളിൽ ഒന്നാണത്. അധ്യാപകന്റെ കയ്യിൽ. ബ്ലാക്ക് ബോർഡ് ഒരു ഭൂത ക്കണ്ണാടി പോലെയാണ്. ഒരു ചോക്കു കഷ്ണം ബോർഡിൽ ചലിപ്പിച്ച് അധ്യാപകന് ആശയവിനി മയം അത്ഭുതകരമാം വിധം രൂപാത്മകവും അർത്ഥവത്തും ആക്കാൻ കഴിയും. പക്ഷേ ഈ പ്രവർത്തനം ചിട്ടയായി സംവിധാനം ചെയ്യേതു്. സങ്കീർണ്ണമായ സാങ്കേതിക വിദ്യകളുടെ ഇക്കാലത്തും ഈ ഉപകരണത്തിന്റെ മൂല്യം ഒട്ടും കുറഞ്ഞിട്ടില്ല. ഏതൊരു അധ്യാപകനും വിക സിപ്പിച്ചെടുക്കേ വിലയേറിയ നൈപുണിയാണ് ബ്ലാക്ക് ബോർഡ് സംവിധാനം. ബ്ലാക്ക് ബോർഡ് കാര്യക്ഷമമായി ഉപയോഗിക്കുന്നതിനു സ്വീകരിക്കേ തന്ത്രങ്ങൾ ഒരു ചാർട്ടായി ചുവടെ കൊടു ത്തിരിക്കുന്നു.

**ii.റോൾ–അപ് ചോക്ക്ബോർഡ്:**

ചുരുട്ടിയെടുക്കാവുന്ന ചോക്ക് ബോർഡാണ് ഈ പേരിൽ അറിയപ്പെടുന്നത്. കട്ടിയുള്ള റക്സിൻ തുണികൊാണ് ഇവ സാധാരണയായി നിർമ്മിച്ചുപോരുന്നത്. സാധാരണ ബ്ലാക്ക്/ ചോക്ക് ബോർഡിൽ അതെത്ര വലുതായാലും എഴുതുന്ന വിവരങ്ങൾ ഒരു ക്ലാസ്സിനിടയ്ക്ക് പല പ്പോഴും മായ്ച്ചുകളയേിവരുന്നു. ഇതിനും പുറമേ ഉപയോഗിക്കാം. വിവിധ വർണ്ണത്തിലുള്ള നേർത്ത പ്ലാസ്റ്റിക് ഷീറ്റുകളിൽ നിന്ന് വിവിധ നിറത്തിലും വ്യത്യസ്ത രൂപമാതൃകകളിലും വെട്ടി യെടുക്കുന്ന കഷ്ണങ്ങൾ ഇത് ഉപയോഗിച്ച് പ്രദർശിപ്പിക്കാം.

**iii. ബുള്ളറ്റിൻ ബോർഡ്:**

പേർ സൂചിപ്പിക്കുന്നതുപോലെ ബുള്ളറ്റിനുകൾ, വാർത്താശകലങ്ങൾ, അറിയിപ്പുകൾ തുടങ്ങി കുട്ടികളെ അറിയിക്ക ഒട്ടനവധി ഇനങ്ങൾ പ്രദർശിപ്പിക്കാൻ സഹായകമായ ഒരു ഉപകരണമാണ് ബുള്ളറ്റിൻ ബോർഡ്. വിവരങ്ങൾ അറിയിക്കാനുള്ള ഒരു മാർഗ്ഗമാണിത്. ബോർഡ് ചലനാത്മകത പുലർത്താൻ സഹായകമാകുമാറ് പുതിയ പുതിയ അറിയിപ്പുകൾ തയ്യാറാക്കി നൽകാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കണം. കണ്ണാടികൊള്ള അടപ്പോടുകൂടിയതും അകത്ത് പ്രതലം ഉള്ളതുമായ ഒരു അടഞ്ഞ പെട്ടിയുടെ രൂപത്തിൽ ഇത് നിർമ്മിക്കാം.

**iv. മാർക്കർ ബോർഡ് :**

ഫെൽറ്റ് പെൻ, മാർക്കർ, ക്രയോൺ തുടങ്ങിയവ ഉപയോഗിച്ച് എഴുതാൻ പര്യാപ്തമായ പ്രതല സ്വഭാവത്തോടുകൂടിയ, വെളുത്ത വലിയ പ്ലാസ്റ്റിക് ഷീറ്റ് ഉപയോഗിച്ച് മാർക്കർ ബോർഡു നിർമ്മിക്കുന്നു. ചോക്ക് ബോർഡു പോലെ തന്നെ ഇത് ഉപയോഗിക്കാം. ഇതിനെ വിക്ഷേപണത്തിനുള്ള തിരശ്ശീലയായും പ്രയോജനപ്പെടുത്താൻ കഴിയും.

**3. ത്രിമാനോപകരണങ്ങൾ**

മോഡൽ, യഥാർത്ഥ പദാർത്ഥം, സ്പെസിമൻ, മോക്ക്-അപ്, ഡയോരമ, പാവ എന്നിവയാണ് ക്ലാസ്സുമുറികൾക്കു പറ്റിയ പ്രധാനപ്പെട്ട ത്രിമാനോപകരണങ്ങൾ.

**i. മാതൃക (മോഡൽ) :**

ഒരു യഥാർത്ഥ വസ്തുവിന്റെ രൂപാത്മകമായ മാതൃകയാണ് മോഡൽ. കൈകാര്യം ചെയ്യാനും നിരീക്ഷിക്കാനുമുള്ള സൗകര്യാനുസരണം അതിന്റെ വലിപ്പം ക്രമീകരിക്കുന്നു. മിക്ക മോഡലുകളും ത്രിമാനങ്ങളോ പദാർത്ഥഖണ്ഡങ്ങളുടെ രൂപത്തിലുള്ളവയോ ആയിരിക്കും. മൂലപദാർത്ഥത്തിന്റെ ഘടനയോ ധർമ്മമോ വ്യക്തമായി വെളിവാക്കാൻ ഇവ സഹായിക്കുന്നു. പഠനസമയത്ത് പലപ്പോഴും മാതൃകകൾ യഥാർത്ഥ പദാർത്ഥങ്ങളെക്കാൾ കാര്യക്ഷമമായി കാണപ്പെടുന്നു. നിശ്ചലമാതൃകകളോടൊപ്പം പ്രവർത്തനമാതൃകകളും ഉപയോഗിക്കാറുണ്ട്. (ഉദാ: വിമാനത്തിന്റെ പ്രവർത്തനമാതൃക). പ്രവർത്തന മാതൃകകൾ പഠിതാക്കളുടെ ശ്രദ്ധ ആകർഷിക്കാൻ കൂടുതൽ സമർത്ഥമാണ്.

**ii. യഥാർത്ഥ പദാർത്ഥങ്ങൾ :**

സ്വഭാവിക സാഹചര്യത്തിൽ നിന്നും ശേഖരിക്കുന്ന യഥാർത്ഥ വസ്തുക്കളാണിവ. ഉദാ: പാറക്കഷണം, നാണയം, സ്റ്റാമ്പ്.

**iii. സ്പെസിമൻ :**

ദൃഷ്ടാന്തമായി കാണിക്കാവുന്ന വസ്തുവോ, സൗകര്യമായി നിരീക്ഷിക്കാൻ പാകത്തിൽ അടർത്തിയെടുത്ത പദാർത്ഥഭാഗമോ ആണ് സ്പെസിമൻ. അത് സമാനമായ പദാർത്ഥങ്ങളുടെ ഒരു സെറ്റിനെ പ്രതിനിധീകരിക്കുന്നു. പുഷ്പങ്ങളെപ്പറ്റി ചർച്ച ചെയ്യുന്നതിന് ഒരു മാതൃകാപുഷ്പത്തെ – ചെമ്പരത്തിപ്പൂവ് ഉദാഹരണം – ഉപയോഗിക്കുന്നത് ഇതിന് ഉദാഹരണമായി പറയാം.

### iv. മോക്ക് – അപ് :

ഒരു പ്രക്രിയയുടെ നേരിട്ടുള്ള അനുഭവം നേടിത്തരികയെന്നത് അപ്രായോഗികമോ അസാധ്യമോ ആകുമ്പോൾ അനുകരണ പ്രവർത്തനങ്ങൾ പ്രയോജനപ്പെടുത്താം. ഏതെങ്കിലും പ്രവർത്തനശ്രേണിയുടെ പരിശീലനത്തിനോ അപഗ്രഥനത്തിനോ വേി പഠിതാവ് ആ പ്രവർത്തനത്തിൽ നേരിട്ട് ഏർപ്പെടുന്ന രീതിയിൽ ആ പ്രക്രിയ സംവിധാനം ചെയ്യുകയാണ് മോക്ക് – അപ്പിന്റെ രീതി. യഥാർത്ഥ പ്രക്രിയയുടെ അനുകരണമാണത് എന്നു പറയാം

ഉദാ: മോക്ക് അസംബ്ലി. മോക്ക് അപ്പീൽ ആവശ്യസവിശേഷതകളിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കാൻ വേി യഥാർത്ഥ പ്രക്രിയയിലെ ചില അംശങ്ങൾ ഒഴിവാക്കാറു്. സങ്കീർണ്ണ നൈപുണികളിൽ പരിശീലനം നൽകാൻ മോക്ക്–അപ്പ് വളരെ പ്രയോജനകരമാണ്.

### v. ഡയോരമ :

ഒരു കൂട്ടം പദാർത്ഥങ്ങളുടെയോ ചിത്രങ്ങളുടെയോ മാതൃകകൾ സ്വാഭാവിക പശ്ചാത്തലത്തിൽ സജ്ജീകരിക്കുന്ന ത്രിമാന രംഗാവിഷ്കരണമാണ് ഡയോരമ. ഒരു ചെറിയ രംഗതലത്തിൽ, മാതൃകയായ പദാർത്ഥങ്ങൾ മുമ്പിൽ പ്രദർശിപ്പിക്കുകയും, അവയെ, യഥാർത്ഥമായി ചിത്രീകരിച്ച് പശ്ചാത്തലവുമായി ഇണക്കിച്ചേർക്കുകയും ചെയ്യുന്നു. ഡയോരമയ്ക്കുള്ള വസ്തുക്കൾ നിശ്ചിത തോതിനൊത്തല്ല നിർമ്മിക്കുന്നത്. ആഴത്തെ പ്രതിനിധീകരിക്കാനായി പിന്നിലെ പശ്ചാത്തലത്തിൽ വയ്ക്കുന്ന വസ്തുക്കൾ ചെറുതായി ദൃശ്യഭ്രമം ജനിപ്പിക്കുന്നു. യഥായോഗ്യം നിറങ്ങൾകൂടി നൽകിയാൽ ഡയോരമ വിശദവും യഥാർത്ഥവുമായ ദൃശ്യാനുഭവം നൽകും. എല്ലാ വിഷയങ്ങളുടെ പഠനത്തിലും – പ്രത്യേകിച്ചും സാമൂഹിക, ജൈവശാസ്ത്രങ്ങളുടെ പഠനത്തിൽ – ഡയോരമ വളരെ സമർത്ഥമായി ഉപയോഗിക്കാം.

### vi. പാവകൾ :

യഥാർത്ഥ്യ പ്രതീതി നല്കാനും രസിപ്പിക്കാനും വിജ്ഞാനവ്യപനത്തിനും പ്രാചീനകാലം മുതൽ പാവകൾ ഉപയോഗിച്ചു വന്നിരുന്നു. കൈകൊാേ കയ്യുറകൾ ഉപയോഗിച്ചോ വിരലുകൾ ഉപയോഗിച്ചോ ചരടുകൾ പ്രവർത്തിപ്പിച്ചോ കമ്പികൾകൊാേ നിഴൽ രൂപത്തിലോ ചലിപ്പുക്കുന്ന പാവകളാണ് സാധാരണം.

### 4. ശ്രാവ്യോപകരണങ്ങൾ

പഠനബോധന രംഗത്ത് സർവ്വ സാധാരണമായ ശ്രാവ്യോപകരണങ്ങൾ റേഡിയോയും ടേപ്പ് റെക്കോർഡറും ആണ്.

### i. റേഡിയോ :

പഠനാനുഭവങ്ങൾക്കു വൈവിധ്യം നല്കാൻ റേഡിയോ സഹായിക്കുന്നു. അത് ശക്തമായ ഒരു ബഹുജനമാധ്യമ മത്രേ. പ്രത്യേക ദിവസങ്ങളിൽ നിശ്ചിത സമയങ്ങളിൽ നടത്തുന്ന വിദ്യാഭ്യാസ പ്രക്ഷേപണം വഴി അത് സ്കൂൾ ബോധനത്തിൽ കാര്യമായ പങ്കുവഹിക്കുന്നു്. അധ്യാപകർക്കും വിദ്യാർത്ഥികൾക്കുമുള്ള പരിപാടികൾ നിലവിലു്. നിലവിലുള്ള പാഠ്യക്രമത്തിലെ

ഭാഗങ്ങളെ അവലംബിച്ചുള്ള പാഠങ്ങളും പ്രഭാഷണങ്ങളും പ്രക്ഷേപണം ചെയ്യുന്നു. ക്ലാസ് ബോധനത്തെ കൂടുതൽ സമ്പൂർണ്ണമാക്കാൻ ഇത് അധ്യാപകനെ സഹായിക്കും. ഇതിന്റെ ഫലം പരമാവധി നേടിയെടുക്കണമെങ്കിൽ അധ്യാപകർ പഠിതാക്കളെ മുൻകൂട്ടി സജ്ജരാക്കേതു്.

**ii. ടേപ്പ് റെക്കോർഡർ :**

ശബ്ദത്തെ കാന്തികനാടയിൽ മുദ്രണം ചെയ്യുകയാണ് ഇതിന്റെ രീതി. ഈ ടേപ്പുകൾ ആവശ്യാനുസരണം പുനഃപ്രക്ഷേപണം ചെയ്യാം. ക്ലാസ് ബോധനത്തിന് ഏറ്റവും സഹായകരമായ ഒരു സഹായിയാണ് ടേപ്പ്. ഏതു വിഷയത്തിലും നിപുണരായ അധ്യാപകർ നടത്തുന്ന ക്ലാസുകളുടെ ടേപ്പ് ക്ലാസ്സിൽ കേൾപ്പിക്കാനാവുന്നു. അത്തരത്തിലുള്ള ബോധനം പുതുമ കൊു മാത്രമല്ല അതിൽ അന്തർഭവിച്ചിട്ടുള്ള വൈദഗ്ദ്ധ്യം കൊും ആവർത്തിച്ചിട്ടുള്ള പ്രകടനം സാധ്യമാകുന്നതുകൊും കൂടുതൽ കാര്യക്ഷമമായിരിക്കും.

**C. പ്രവർത്തനോപകരണങ്ങൾ (Activity Aids)**

വികസന വിദ്യാഭ്യാസത്തിന് അനുയോജ്യമായ സ്വാഭാവികമായ മാധ്യമമാണ് പ്രവർത്തനോപാധികൾ. ഇതിൽ പഠനയാത്രകൾ, വിനോദയാത്രകൾ, പ്രദർശനങ്ങൾ, മാതൃക പ്രകടനങ്ങൾ, നാടകീകരണം, വസ്തു ശേഖരങ്ങൾ അഥവാ കാഴ്ച ബംഗ്ലാവുകൾ, നക്ഷത്രമന്ദിരങ്ങൾ, ജലജീവിമന്ദിരങ്ങൾ, ടെറേറിയം, വിവാറിയം തുടങ്ങിയവ ഉൾപ്പെടുന്നു.

**i. പഠനയാത്രകളും വിനോദയാത്രകളും (Excursion and field trips) :**

ഒരു വ്യക്തിയോ സംഘമോ, തെരഞ്ഞെടുത്ത ഒരു സ്ഥലത്തേയ്ക്ക് നടത്തുന്ന യാത്രയെയാണ് എക്സ്കർഷൻ എന്ന് വിളിച്ചുപോരുന്നത്. വിനോദവും ആനന്ദവുമാണ് മിക്കപ്പോഴും അതിന്റെ ലക്ഷ്യം. ഇത്തരം ഒരു യാത്ര ഉദ്ദേശ്യാധിഷ്ഠിതമായ പഠനാനുഭവങ്ങൾ ആർജ്ജിക്കാൻ വേിയാണ് നടത്തുന്നതെങ്കിൽ അത് പഠനയാത്രയായി മാറുന്നു. ഇത്തരം യാത്ര ഒരു സംഘം നടത്തുമ്പോൾ അതിനെ ഫീൽഡ്ട്രിപ്പ് എന്നു പറയുന്നു. ശരിയായ ധാരണകൾ വളർത്താൻ സഹായകമായ പഠനാനുഭവങ്ങൾ ഇതു വഴി നേടാനാവും.

**ii. പ്രദർശനം :**

ബഹുജനങ്ങളുമായി ആശയവിനിമയം നടത്തുന്നതിനും അവർക്ക് പ്രബോധനം നൽകുന്നതിനും പറ്റിയ പ്രവർത്തനമാണ് പ്രദർശനം. കുട്ടികൾ തന്നെ അതുസംഘടിപ്പിച്ചാൽ സ്വയം പ്രവർത്തനത്തിനുള്ള സന്ദർഭം കിട്ടുന്നു. കുട്ടികളുടെ പ്രത്യേക ശേഷികൾ കത്തൊനും സർഗ്ഗപരത വളർത്താനും അത് സഹായകമാണ്. വിദ്യാലയങ്ങൾ നടത്തുന്ന പ്രദർശനങ്ങൾ മിക്കവയും, കുട്ടികൾക്കും, രക്ഷകർത്താക്കൾക്കും പൊതുജനങ്ങൾക്കും നൂതനാശയങ്ങൾ പകർന്നു കൊടുക്കാൻ പാകത്തിലാണ്. അടുത്തകാലത്തായി ഗണിതപ്രദർശനവും ശാസ്ത്രപ്രദർശനവും നന്നായി നടത്തിപ്പോരുന്നു. മറ്റുള്ളവർ സംഘടിപ്പിക്കുന്ന പ്രദർശനം നിരീക്ഷിക്കുന്നതും വിദ്യാഭ്യാസമൂല്യമുള്ള പ്രവൃത്തിയാണ്.

**iii. മാതൃകാപ്രകടനം :**

മിക്ക അധ്യാപകരും അനുവർത്തിക്കുന്ന പ്രവർത്തനമാണിത്. ആശയങ്ങളും, മനോഭാവങ്ങളും, പ്രക്രിയകളും ഇത്തരത്തിൽ പ്രകടിപ്പിക്കാം. വാചിക പ്രകടനത്തോടൊപ്പം വിവിധ ഉപകര

ണങ്ങൾ ഉപയോഗിച്ചുള്ള പ്രവർത്തനം കൂടിയാകുമ്പോൾ ദൃശ്യ-ശ്രാവ്യാനുഭവങ്ങളുടെ പ്രയോജനം ഉാകുന്നു. ഇത്തരം പ്രവർത്തനങ്ങൾ ഉദ്ദേശ്യാധിഷ്ഠിതവും ലളിതവും കാര്യക്ഷമവുമായിരിക്കണം. ഏതൊരു പ്രകടനവും മുൻകൂട്ടി തയ്യാറാക്കി പരിശീലിക്കേതാണ്. കുട്ടികളുടെ അധ്യാപകരും കൂട്ടായി രൂപകല്പന ചെയ്യുന്നതാണ് കൂടുതൽ പ്രയോജനകരം.

**iv. നാടകീകരണം :**

നാടകവത്കരണം വഴി പഠനസന്ദർഭങ്ങൾ കൂടുതൽ യഥാർത്ഥവും വസ്തുനിഷ്ഠവുമാക്കാം. അത് ആത്മപ്രകാശനത്തിന് അവസരം നല്കുകയും ചെയ്യുന്നു. വിവിധ വിഷയങ്ങളുടെ പ്രത്യേകിച്ചും ഭാഷയുടെ സാമൂഹിക ശാസ്ത്രങ്ങളുടെയും പഠനത്തിന് സഹായകമാണ് ഈ രീതി. പാഠപുസ്തകങ്ങളിൽ കുത്തിനിറച്ച നിർജ്ജീവ വസ്തുതകൾക്ക് അതു വഴി പുതുജീവൻ നല്കാം. പഠിതാക്കളുടെ സജീവ പങ്കാളിത്തം മൂലം അത് പാഠ്യ വസ്തുക്കളെ ഓർമ്മയിൽ നിലനിർത്തും. വൈകാരികഭാവം ശക്തമാകയാൽ അത് താത്പര്യങ്ങളുടെയും മനോഭാവങ്ങളുടെയും മൂല്യങ്ങളുടെയും വികസനത്തെ സഹായിക്കുന്നു.

**v. വസ്തുശേഖരം (കാഴ്ച ബംഗ്ലാവ് - museum) :**

പൊതുജന വിദ്യാഭ്യാസത്തിന് അത്ഭുതകരമാം വിധം പ്രയോജനകരമായ മാധ്യമമാണ് മ്യൂസിയങ്ങൾ. അവയിൽ യഥാർത്ഥ പദാർത്ഥങ്ങളും മാതൃകകളും ശേഖരിച്ച് സംരക്ഷിക്കുകയും ഗവേഷണത്തിനും പഠനപ്രദർശനങ്ങൾക്കും വേി ഉപയോഗിക്കുകയും ചെയ്യുന്നു. അപൂർവ്വ മാതൃകകൾ ഉൾപ്പെടെ പഠനമൂല്യമുള്ള വിവിധ പദാർത്ഥങ്ങൾ ശേഖരിച്ച് യുക്തിപൂർവ്വം ക്രമീകരിച്ചാണ് മ്യൂസിയം സജ്ജമാക്കുന്നത്.

**vi. നക്ഷത്രമന്ദിരങ്ങൾ :**

ആകാശത്തെ പ്രതിനിധാനം ചെയ്യുന്ന അർദ്ധഗോളാകൃതിയായ ഒരു മേൽത്തട്ട് ഒരു ഹാളിന്റെ മുകളിൽ ഘടിപ്പിക്കുകയാണ് ഇതിന്റെ ആദ്യപടി. ആകാശഗോളങ്ങളുടെ ബിംബങ്ങൾ ഒരു പ്രത്യേകതരം പ്രൊജക്ടർ ഉപയോഗിച്ച് ഈ മേൽത്തട്ടിൽ വിക്ഷേപിക്കുന്നു. താഴെ ഇരിക്കുന്ന കാഴ്ചക്കാർക്ക് ഈ വിക്ഷിപ്തബിംബങ്ങൾ വളരെ യഥാർത്ഥമായി അനുഭവപ്പെടുന്നു. സൂര്യൻ, ചന്ദ്രൻ, ഗ്രഹങ്ങൾ,നക്ഷത്രങ്ങൾ എന്നിവ വിക്ഷേപിക്കുന്നതിനുള്ള വ്യത്യസ്ത ഘടകങ്ങൾ പ്രൊജക്ടറിൽ ഘടിപ്പിച്ചിരിക്കും. ടേപ്പു ചെയ്ത വിവരങ്ങളും ഉചിതമായ ശബ്ദ സന്നിവേശവും കൊ് കാഴ്ച വിശിഷ്ടാനുഭവമായി മാറുന്നു.

**ഉപസംഹാരം:**

ശാസ്ത്രീയമായ കുപിടുത്തങ്ങൾ മനുഷ്യജീവിതത്തിന്റെ എല്ലാ മേഖലകളെയും സ്വാധീനിച്ചിട്ടു്. അപ്പോൾ, വിദ്യാഭ്യാസപ്രക്രിയക്കും ഈ കുപിടുത്തങ്ങളുടെ സ്പർശം ഏൽക്കാതെവയ്യ. റേഡിയോ, ടെലിവിഷൻ, കംപ്യൂട്ടർ തുടങ്ങിയവയൊക്കെ ഇന്ന് ബോധന പ്രക്രിയയിൽ ഉപയോഗിക്കപ്പെടുന്നു. മനുഷ്യസംസ്കാരത്തിന്റെ സംരക്ഷണം, പ്രസരണം നവീകരണം എന്നീ മൂന്നു വിദ്യാഭ്യാസ ധർമ്മങ്ങളും സാക്ഷാത്കരിക്കുന്നതിന് ഈ യന്ത്രസാമഗ്രികൾ പ്രയോജനപ്പെടുത്തുന്നു.

# പഠനപ്രവർത്തനങ്ങൾ

## മലയാള ഭാഷാസാഹിത്യം

### സാഹിത്യ പ്രസ്ഥാനങ്ങൾ

**1. പാട്ടുസാഹിത്യം**

ആസ്വാദനക്കുറിപ്പു തയ്യാറാക്കുക

**2. മണിപ്രവാള സാഹിത്യം**

വരികൾ വ്യാഖ്യാനിക്കുക

വരികളിലെ അലങ്കാരഭംഗി കണ്ടെത്തുക.

**തുള്ളൽ പ്രസ്ഥാനം**

ഉപന്യാസം തയ്യാറാക്കുക

ചിത്ര വരയ്ക്കാം

ശബ്ദഭംഗി കണ്ടെത്തുക

സെമിനാർ

സാമൂഹിക നവോത്ഥാനം എന്ന വിഷയത്തിൽ പ്രബന്ധം തയ്യാറാക്കി സെമിനാറിൽ അവതരിപ്പിക്കുക.

**അന്വേഷിച്ചറിയുക**

വായിച്ച കവിതകളിൽ ഇഷ്ടപ്പെട്ടവയുടെ ആസ്വാദനം തയ്യാറാക്കുക. ഒപ്പം ആ കവിത എഴുതാനുണ്ടായ സാഹചര്യം മാധ്യമങ്ങളിലൂടെയോ കത്തിലൂടെയോ വിശദമാക്കിത്തരാൻ കവിയോട് അപേക്ഷിച്ചുകൊണ്ട് കത്ത് തയ്യാറാക്കുക.

**വായനക്കുറിപ്പ്**

കവിതാസമാഹാരങ്ങൾ, ഖണ്ഡകാവ്യങ്ങൾ എന്നിവ വായിച്ച് ആസ്വാദനത്തോടൊപ്പം കുറിപ്പു തയ്യാറാക്കുക.

**വഞ്ചിപ്പാട്ട് പ്രസ്ഥാനം**

**ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക**

പണ്ടൊരിക്കൽ പാണ്ഡവ മഹിഷിയുടെ ശാകോദന-
മുണ്ടു ഇന്നു ഭവാന്റെ പൃഥുകം തിന്നു
രണ്ടും കൊണ്ടും ഉണ്ടായോളം സുഖവും തൃപ്തിയും
കീഴിലുണ്ടായിട്ടില്ലൊരിക്കലുമെനിക്കു സഖേ!

**കാവ്യബിംബങ്ങൾ**

കവിതാഭാഗങ്ങളിലെ ബിംബകൽപ്പനകൾ വിശദീകരിക്കുക.

**III. കവിതയിൽ നവോത്ഥാനം**

കുമാരാനാശാൻ ഉള്ളൂർ, വള്ളത്തോൾ

**കുമാരനാശാൻ**

ആസ്വാദനക്കുറിപ്പു തയ്യാറാക്കുക

ശ്രീ ഭൂവിലസ്ഥിര

ഗുണികളൂഴിയിൽ നീണ്ടുവാഴാ

അവനിവാഴ്‌വു കിനാവു കഷ്ടം

ഒന്നിനുമില്ല നില ഉന്നതമായ കുന്നു-

മെന്നല്ലയാഴിയുമൊരിക്കൽ നശിക്കുമോർത്താൽ

ആശാൻ, ഉള്ളൂർ, വള്ളത്തോൾ എന്നിവരുടെ കവിതാഭാഗങ്ങൾ തെരഞ്ഞെടുത്ത് ഈണം നൽകി അവതരിപ്പിക്കുക സമാനതാളമുള്ള കവിതകൾ ശേഖരിക്കുക.

**ഉപന്യാസം തയ്യാറാക്കുക**

ആശാനെ സ്നേഹഗായകൻ എന്ന് വിശേഷിപ്പിക്കാറുണ്ട്. ആശാൻ കവിതകളിൽ സ്നേഹത്തിന്റെ മാഹാത്മ്യം വെളിപ്പെടുത്തുന്ന വരികൾ കണ്ടെത്തുക.

**പഠനം തയ്യാറാക്കുക**

വീണപൂവ്

**ശീർഷകത്തിന്റെ ഔചിത്യം വിലയിരുത്തുക**

വീണപൂവ്, ചണ്ഡാലഭിക്ഷുകി, പ്രരോദനം

**ആശയവിപുലനം നിർവ്വഹിക്കുക**

കണ്ണേ, മടങ്ങുക, കരിഞ്ഞുമലിഞ്ഞുമാശു

മണ്ണാകുമീ മലരു, വിസ്മൃതമാകുമിപ്പോൾ

എണ്ണീടുകാർക്കുമിതുതാൻ ഗതി, സാധ്യമെന്തു

കണ്ണീരിനാൽ? അവനിവാഴ്‌വൂ കിനാവുകഷ്ടം

**ഉള്ളൂർ**

ആസ്വാദനക്കുറിപ്പു തയ്യാറാക്കുക

വിളക്കു കൈവശമുള്ളവനെങ്ങും വിശ്വം ദീപമയം

നമിക്കിലുയരാം, നടുകിൽത്തിന്നാം
നൽകുകിൽ നേടീടാം
നമുക്കു നാമേ പണിവതുനാകം നരകവു-
മതുപോലെ
മനവും മിഴിയും നാവും കരവും മന്നിൽ
മാലകലാൻ
മഹാനുകമ്പാമസൃണിതമാക്കും മാനുഷർ ദേവന്മാർ

**വരികൾ വ്യാഖ്യാനിക്കുക**

**അലങ്കാര ഭംഗി കണ്ടെത്തുക**

ഉദാ:- പ്രപഞ്ചമുകുരം നമ്മുടെ രൂപം
പ്രതിബിംബിപ്പിപ്പൂ
പ്രപഞ്ചകുഹരം നമ്മുടെ ശബ്ദം
പ്രതിധ്വനിപ്പിപ്പൂ

**പഠനം തയ്യാറാക്കുക**

| | | |
|---|---|---|
| കാക്ക | - | വൈലോപ്പിള്ളി |
| ഗ്രാമഭംഗി | - | ചങ്ങമ്പുഴ |

**വള്ളത്തോൾ**

കവിതയരങ്ങ്

ആശാൻ, ഉള്ളൂർ, വള്ളത്തോൾ എന്നിവരുടെ കവിതാ ഭാഗങ്ങൾ തെരഞ്ഞെടുത്ത് ഈണം നൽകി അവതരിപ്പിക്കുക.

അവതരിപ്പിക്കുന്ന കവിതകളുടെ ആസ്വാദനം ചർച്ച ചെയ്യുക.
പോരാ, പോരാ നാളിൽ നാളിൽ ദൂര ദൂരമുയരട്ടെ
ഭാരക്ഷ്മാ ദേവിയുടെ തൃപ്പതാകകൾ
ആകാശപ്പൊയ്കയിൽപ്പുതുതാകുമലയിളകട്ടെ,
ലോകബന്ധു ഗതിക്കുറ്റ മാർഗ്ഗം കാട്ടട്ടെ.

**അലങ്കാരഭംഗി കണ്ടെത്തുക**

ആരാരെ കൊൾമയിർക്കൊള്ളിക്കിലിഗ്ഗീത-
മാരോമൽ പൈങ്കിളി കൊഞ്ചൽപോലെ

**സാരസ്യം കണ്ടെത്തുക**

മാടപ്പുരമുതൽ മണിമേടവരെയ്ക്കെഴുമല്ലോ
വീടിന്റെയും പടിക്കലീ വൈജയന്തികൾ

**ശേഖരിക്കുക**

സ്വാതന്ത്ര്യ സമരവുമായി ബന്ധപ്പെട്ടും സ്വാതന്ത്ര്യാനന്തര കാലത്ത് പ്രസിദ്ധി നേടിയിട്ടുള്ളതുമായ ദേശഭക്തി ഗാനങ്ങളും സമരഗാനങ്ങളും സമാഹരിച്ച് ക്ലാസിൽ അവതരിപ്പിക്കുക.

**ഗദ്യസാഹിത്യം**

ശീർഷകത്തിന്റെ ഔചിത്യം പരിശോധിക്കുക

1. ഉത്തരമഥുരയിലൂടെ
2. കാടിന്റെ കഴിവുകൾ
3. പിശാചിന്റെ കുപ്പായം

ഈ ശീർഷകങ്ങൾ എത്രമാത്രം അനുയോജ്യമായിരിക്കുമെന്ന് വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

**ചിത്രീകരിക്കുക**

ഉത്തരമധുരയിലൂടെ, കാടിന്റെ കഴിവുകൾ, പിശാചിന്റെ കുപ്പായം ഇവയിലെ രംഗങ്ങൾ ചിത്രരൂപത്തിലാക്കി ആവശ്യമായ അടിക്കുറിപ്പുകളോടെ പ്രദർശനം സംഘടിപ്പിക്കുക - ആൽബം തയ്യാറാക്കുക.

**പുസ്തകക്കുറിപ്പുകൾ തയ്യാറാക്കുക**

നോവലുകൾ

ചെറുകഥകൾ

ബാലസാഹിത്യം

നാടകം

**ഗദ്യസാഹിത്യം**

വിഷയം - കാടിന്റെ കഴിവുകൾ

**ആശയസൂചനകൾ**

കാടിന്റെ പ്രത്യേകത

സംരക്ഷണം

നന്മകൾ

**നിവേദനം**

വനസംരക്ഷണവുമായി ബന്ധപ്പെട്ട് ഒരു പ്രോജക്ട് തയ്യാറാക്കുന്നതിനുവേണ്ടി വനസംരക്ഷണ വകുപ്പിന് ഒരു നിവേദനം തയ്യാറാക്കുക.

**പോസ്റ്റർ രചന**

വനസംരക്ഷണം

സംഗ്രഹം തയ്യാറാക്കുക

വേപ്പ്

ജീമൂതവാഹനൻ

പോത്തേര എഴുത്തച്ഛൻ

**കഴിവുകൾ**

നോവലുകൾ ചെറുകഥകൾ എന്നിവ വായിച്ച് ആസ്വദിക്കുന്നതിന് സംഭാഷണ ഭാഷയുടെ സവിശേഷതകൾ വിശകലനം ചെയ്യുന്നതിന് നോവൽ ചെറുകഥ, ഇവയിലെ ഇതിവൃത്തം, പാത്രസൃഷ്ടി, സാമൂഹിക ജീവിതം, ഭാഷാ പ്രയോഗ രീതി, അലങ്കാര കൽപ്പനകൾ തുടങ്ങിയ അംശങ്ങൾ വിശകലനം ചെയ്യുന്നതിന്

നോവലും ചെറുകഥയും വിലയിരുത്തുന്നതിനും താരതമ്യം ചെയ്യുന്നതിനും നിരൂപണങ്ങൾ തയ്യാറാക്കുന്നതിനും,

കഥയരങ്ങുകളിൽ പങ്കെടുത്ത് ഭാവത്തോടെ കഥകൾ അവതരിപ്പിക്കുക, സംഭാഷണ ഭാഷയുടെ സവിശേഷതകൾ വിശകലനം ചെയ്യുക. ഭാഷാഭേദങ്ങൾ മനസ്സിലാക്കി അവതരിപ്പിക്കാനുള്ള ശേഷി കൈവരിക്കുക.

**സങ്കൽപ്പിച്ചെഴുതുക**

സാങ്കൽപ്പികമായ ഒരു സംഭവത്തെക്കുറിച്ചെഴുതുക.

**പത്രറിപ്പോർട്ട് തയ്യാറാക്കുക**

കൊടുങ്കാറ്റ് ഉണ്ടായ വാർത്ത

**ആശയത്തെ അടിസ്ഥാനമാക്കി ചിത്രം വരയ്ക്കുക**

**വാക്യത്തിൽ പ്രയോഗിക്കുക**

**പുസ്തകശേഖരണം**

**ആൽബം തയ്യാറാക്കുക**

പ്രസിദ്ധരായ സാഹിത്യകാരന്മാരുടെ ചിത്രങ്ങൾ ശേഖരിച്ച് വ്യക്തിവിവരക്കുറിപ്പുകൾ, കൃതികൾ എന്നിവ ചേർത്ത് ആൽബം തയ്യാറാക്കം.

| | | |
|---|---|---|
| ബാല്യകാലസഖി | - | ബഷീർ |
| ഓടയിൽ നിന്ന് | - | ദേവ് |
| മഞ്ഞ് | - | എം.ടി. |

**കഥാപുസ്തകം**

നിങ്ങൾ രചിച്ച കഥകൾ ക്ലാസിൽ അവതരിപ്പിച്ച് ചർച്ച ചെയ്യുക. കഥാപുസ്തകത്തിൽ ചേർക്കുക. കൈയ്യെഴുത്തു മാസികയിൽ നിങ്ങളുടെ കഥ ഉൾപ്പെടുത്തുക.

**ആസ്വാദനം തയ്യാറാക്കുക**

പിശാചിന്റെ കുപ്പായം - കാരൂർ നീലകണ്ഠപിള്ള

**സാക്ഷാൽ സംഭാഷണം അന്വാഖ്യാനമാക്കുക**

വിവരിക്കുക

പൊരുൾ എഴുതുക

കഥാപാത്രനിരൂപണം നടത്തുക

നിങ്ങൾ വായിച്ച നോവൽ, ചെറുകഥ എന്നിവയിലെ കഥാപാത്രങ്ങളെക്കുറിച്ച് നിരൂപണം അവതരിപ്പിക്കുക.

**ഭാഷാഭേദങ്ങൾ കണ്ടെത്തുക**

കേരളത്തിലെ വിവിധ പ്രദേശങ്ങളെ പ്രതിനിധീകരിക്കുന്ന ഭാഷാഭേദങ്ങൾ നോവലിലെയോ ചെറുകഥകളിലെയോ സംഭാഷണ ഭാഷകളിൽ നിന്ന് കണ്ടെത്തി എഴുതുക. അവയ്ക്ക് നോവലുകളിലും ചെറുകഥകളിലുമുള്ള പ്രാധാന്യം വ്യക്തമാക്കുക.

**നാടകം**

കഥകൾ നാടകമായി എഴുതുക

**വായനാക്കുറിപ്പു തയ്യാറാക്കുക**

**പേരുകൾ**

| | |
|---|---|
| ഭഗ്ന ഭവനം | - എൻ. കൃഷ്ണപിള്ള |
| അവൻ വീണ്ടും വരുന്നു | - സി.ജെ. തോമസ് |
| കാഞ്ചന സീത | - സി.എൻ. ശ്രീകണ്ഠൻ നായർ |

**താരതമ്യം ചെയ്യുക**

ആവിഷ്കാര രീതി

അഭിനയത്തിലെ പ്രത്യേകതകൾ

സാങ്കേതികത

സ്ക്രിപ്റ്റ്

സ്ഥലകാലങ്ങൾ

**ചിത്രം വരയ്ക്കാം**

നാടകത്തിലെ ഏതെങ്കിലും ഒരു രംഗത്തിന്റെ ചിത്രം

**പത്ര റിപ്പോർട്ടു തയ്യാറാക്കുക**

സ്കൂൾ യുവജനോത്സവത്തിൽ അവതരിപ്പിച്ച നാടകം

**നാടകക്കളരി സംഘടിപ്പിക്കുക**

നാടകക്കളരി സംഘടിപ്പിച്ച് നാടകങ്ങൾ രൂപപ്പെടുത്തി അവതരിപ്പിക്കുക.

**അപേക്ഷാ ഫോറം**

നാടക ക്ലബ്ബിൽ അംഗത്വം നൽകുന്നതിനുള്ള അപേക്ഷാഫോറവും മറ്റു രേഖകളും തയ്യാറാക്കുക.

**കത്തെഴുതുക**

സ്കൂൾ വാർഷികത്തിൽ പങ്കെടുക്കാൻ ഒരു നാടകൃത്തിനെ ക്ഷണിച്ചുകൊണ്ട് ഒരു കത്തെഴുതുക.

**ഉറൂബ്**

കൃതികൾ ശേഖരിക്കുക
ഉറൂബിന്റെ പ്രശസ്തങ്ങളായ കൃതികൾ ശേഖരിക്കുക
സുന്ദരികളും സുന്ദരന്മാരും
അമ്മിണി
അണിയറ
മിണ്ടാപ്പെണ്ണ്

**സങ്കൽപ്പിച്ചെഴുതുക**

പോസ്റ്ററുകൾ തയ്യാറാക്കുക.
ബോർഡുകൾ തയ്യാറാക്കുക
സിഗ്നൽ ബോർഡുകൾ തയ്യാറാക്കി ഉചിതസ്ഥലങ്ങളിൽ സ്ഥാപിക്കുക.
ആശയങ്ങളെ അടിസ്ഥാനമാക്കി ചിത്രം വരയ്ക്കുക

**വാക്യത്തിൽ പ്രയോഗിക്കുക**

**ആൽബം തയ്യാറാക്കുക**

പ്രസിദ്ധരായ സാഹിത്യകാരന്മാരുടെ ചിത്രങ്ങൾ ശേഖരിച്ച് ആൽബം തയ്യാറാക്കുക.

**കഥാപുസ്തകം**

നിങ്ങൾ രചിച്ച കഥകൾ ക്ലാസിൽ അവതരിപ്പിക്കുക. കൈയ്യെഴുത്തമാസികാ പതിപ്പു തയ്യാറാക്കുക.

**കഥാപാത്രനിരൂപണം**

നിങ്ങൾ വായിച്ച കൃതികളിലെ കഥാപാത്രങ്ങളെക്കുറിച്ച് നിരൂപണം തയ്യാറാക്കുക.

ലളിതാംബിക അന്തർജ്ജനം

പ്രധാനകഥകൾ. വായിക്കുക.

മൂടുപടത്തിൽ

തകർന്നതലമുറ

കിളിവാതിലൂടെ

കാലത്തിന്റെ എടുകൾ

കണ്ണീരിന്റെ പുഞ്ചിരി

## വ്യാകരണ വിഭാഗം

**വർണ്ണം – അക്ഷരം**

അക്ഷരത്തെയാണ് സാധാരണയായി നാം വർണ്ണം എന്നു വിളിക്കുന്നത്. അതായത്, വർണ്ണങ്ങൾ ചേർന്ന് അക്ഷരങ്ങൾ ഉണ്ടാകുന്നു.

**ചാർട്ടിലെഴുതുക**

മലയാളത്തിലെ അക്ഷരമാല ചാർട്ടിലെഴുതുക.

**ശബ്ദവിഭാഗം**

ഒരു ചാർട്ടിൽ ശബ്ദവിഭാഗത്തിന്റെ വർഗ്ഗീകരണം തയ്യാറാക്കുക

**നാമം**

വിവിധ നാമശബ്ദങ്ങൾ കുട്ടികളോട് പറയാൻ ആവശ്യപ്പെടുക. ആവാന്തര വിഭാഗങ്ങൾ മനസ്സിലാക്കുക.

**ക്രിയ**

ഏതെങ്കിലും പ്രവൃത്തി ചെയ്യുക. തുടർന്ന് ക്രിയ എന്തെന്ന് വ്യക്തമാക്കുക. ക്രിയയുടെ ആവാന്തര വിഭാഗങ്ങൾ പട്ടികയിലാക്കുക.

**ഭേദകം**

പദങ്ങളെ വിശേഷിപ്പിക്കുന്നത്

ഉദാ: വളഞ്ഞ വടി. 'വടി' എന്ന നാമപദത്തിനുമുമ്പേ 'വളഞ്ഞ എന്ന വിശേഷണം ചേർത്തിരിക്കുന്നു.

നാമവിശേഷണം, ക്രിയാ വിശേഷണം, വിശേഷണ വിശേഷണം ഇവ ഒരു ഫ്ളാഷ് കാർഡിൽ എഴുതുക.

**ലിംഗം**

രമ വളരെ മിടുക്കിയാണ്

ഹരി വളരെ മിടുക്കനാണ്.

മിടുക്കൻ, മിടുക്കി എന്നീ പദ രൂപങ്ങൾ ആൺ, പെൺ വ്യത്യാസം കുറിക്കാനാണ് പ്രയോഗിച്ചിരിക്കുന്നത്. ഹരി പുല്ലിംഗവും 'രമ' സ്ത്രീലിംഗവുമാണ്.

പുല്ലിംഗ സ്ത്രീലിംഗ രൂപങ്ങൾ പട്ടികയിലാക്കുക.

നദി, മല എന്നീ നാമങ്ങൾ ശ്രദ്ധിക്കുക. ഇവ ആൺ, പെൺ വ്യത്യാസം കുറിക്കുന്നില്ല. ഇവ നപുംസക രൂപങ്ങളാണ്.

കുറെ നാമരൂപങ്ങൾ നൽകി അവയിൽ നിന്ന് നപുംസക രൂപങ്ങൾ കണ്ടെത്താൻ ആവശ്യപ്പെടുക.

**വചനം**

ഹരി മിടുക്കനാണ്

രമയും ഗീതയും മിടുക്കന്മാരാണ്

അവർ മിടുക്കന്മാരാണ്

അവർ ആൺകുട്ടികളാണ്

ഗൗരിയും അമ്മുവും പെൺകുട്ടികളാണ്.

മിടുക്കൻ എന്നത് ഒരാളെ കുറിക്കുന്നു. 'മിടുക്കർ' ഒന്നിലധികം എണ്ണത്തെക്കുറിക്കുന്നു. ഇങ്ങനെ നാമപദങ്ങളിൽ സന്ദർഭമനുസരിച്ച് വരുന്ന മാറ്റങ്ങൾ പഠിക്കുക.

**വിഭക്തി**

നാമപദങ്ങൾ ചേർന്ന് വാക്യങ്ങൾ ഉണ്ടാക്കുമ്പോൾ പലതരത്തിലുള്ള മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്. നാമങ്ങൾക്ക് ഇതരപദങ്ങളോടുള്ള ബന്ധം സൂചിപ്പിക്കാൻ വേണ്ടി ചില പ്രത്യയങ്ങൾ ചേർക്കാറുണ്ട്. ഇതാണ് വിഭക്തി എന്നു പറയുന്നത്.

നദി സമുദ്രം ചേരുന്നു

പദങ്ങൾക്ക് രൂപമാറ്റം വരുത്തി പഠിക്കുക

ഉദാ: നദി സമുദ്രത്തോട് ചേരുന്നു

ഇത്തരത്തിൽ എല്ലാ വിഭക്തികൾക്കും എഴുതി തയ്യാറാക്കുക.

**കാരകം**

ഒരു ക്രിയയുടെ ആകാംഷയെ പൂർത്തീകരിക്കുന്നത്.

രേഖ പാഠപുസ്തകങ്ങൾ അടുക്കി വയ്ക്കുന്നു.

കർത്താവിന് പ്രാധാന്യമുള്ള കാരകം

ഇതിൽ രേഖ കർതൃകാരകമാകുന്നു. ഇവിടെ പ്രവർത്തനത്തിന് ആധാരമായി നിൽക്കുന്നത് പുസ്തകങ്ങളാണ്.

ഈ രീതിയിൽ മറ്റു കാരകങ്ങൾക്ക് ഉദാഹരണം കണ്ടെത്തുക.

**കാലം**

നാമങ്ങൾക്കെന്നപോലെ ക്രിയാ പദങ്ങൾക്കും വാക്യത്തിൽ പ്രയോഗിക്കുമ്പോൾ മാറ്റങ്ങൾ ഉണ്ടാകുന്നു. പൂർണ്ണക്രിയക്കും അപൂർണ്ണക്രിയയ്ക്കും ഇത്തരം മാറ്റങ്ങൾ ഉണ്ടാകുന്നു.

രമ എഴുതുന്നു.

രമ എഴുതി

രമ എഴുതും

ഈ വാക്യത്തിൽ 'ഓടുക' എന്ന ക്രിയാപദം എഴുതുന്നു എഴുതി, എഴുതും, എന്ന് രൂപം മാറ്റി പ്രയോഗിച്ചിരിക്കുന്നു. ഈ രൂപമാറ്റം ക്രിയ നടക്കുന്ന സമയത്തെയാണ് സൂചിപ്പിക്കുന്നത്.

ക്രിയ നടന്നു കഴിഞ്ഞ കാലത്തെ ഭൂതകാലമെന്നും ക്രിയ നടക്കുന്ന കാലത്തെ വർത്തമാന കാലമെന്നും, ക്രിയ നടക്കാൻ പോകുന്ന കാലത്തെ ഭാവികാലം എന്നും പറയുന്നു. ഓരോന്നിനും ഉദാഹരണങ്ങൾ കണ്ടെത്തുക.

**പ്രയോഗം**

അധ്യാപകൻ കുട്ടികളെ പഠിപ്പിക്കുന്നു.

ഈ ഉദാഹരണത്തിൽ കർത്താവിന് പ്രാധാന്യമുള്ള പ്രയോഗം കർത്തരി പ്രയോഗം

കവിയാൽ കവിത രചിക്കപ്പെട്ടു കർമ്മണി പ്രയോഗം കർമ്മത്തിന് പ്രാധാന്യമുള്ളത്

ഈ ഉദാഹരണത്തിൽ നിന്ന് ഇത്തരം വാക്യമാതൃകകൾ കണ്ടെത്തുക.

**സന്ധി**

പാഠപുസ്തകത്തിൽ നിന്ന് സമസ്തപദങ്ങൾ കണ്ടെത്തി അവ പിരിച്ചെഴുതുകയും വർണ്ണമാറ്റങ്ങൾക്കനുസരിച്ച് അവ വേർതിരിക്കുകയും ചെയ്യുക.

പദങ്ങൾ കൂടി ചേരുമ്പോൾ ഒരു വർണ്ണം കുറയുന്നത് ലോപസന്ധി. ഇരട്ടിക്കുന്നത് ദ്വിത്വസന്ധി.

ഒരു വർണ്ണത്തിന് പകരം മറ്റൊന്ന് വന്നു ചേരുന്നത് ആദേശസന്ധി

ഒരു വർണ്ണം പുതുതായി വന്നു ചേരുന്നത് ആഗമസന്ധി.

ഉദാ:

| | | |
|---|---|---|
| താമര + കുളം | = | താമരക്കുളം |
| തിരു + ഓണം | = | തിരുവോണം |
| അത് + ഇല്ല | = | അതില്ല |
| കൺ + നീർ | = | കണ്ണീർ |

**സമാസം**

വിഭക്തി പ്രത്യയമില്ലാതെ പദങ്ങൾ കൂട്ടി ചേർത്തു പറയുന്നതാണ്. സമാസം

| | | | |
|---|---|---|---|
| ഉദാ:- | കേരളദേശം | - | കേരളം എന്ന ദേശം |
| | മധുരമൊഴി | - | മധുരമായ മൊഴിയോടു കൂടിയവൾ |
| | മാതാപിതാക്കൾ | - | മാതാവും പിതാവും |
| | സസ്നേഹം | - | സ്നേഹത്തോടുകൂടി |

ഇതുപോലുള്ള മാതൃകകൾ കണ്ടെത്തി പട്ടികയിലാക്കുക. ഏത് സമാസമെന്ന് നിർണ്ണയിക്കുക.

**രചന**

ആശാൻ കവിതകളിലെ സ്നേഹത്തിന്റെ മാഹാത്മ്യത്തെക്കുറിച്ച് ഒരുപന്യാസം തയ്യാറാക്കുക.

## ഭാഷാബോധനം

**1. ഭാഷ**

പുസ്തകങ്ങൾ ശേഖരിക്കുക

ഭാഷോൽപ്പത്തിയെക്കുറിച്ചുള്ള വിവിധ പുസ്തകങ്ങൾ വായിക്കുക.

വിവിധ ഭാഷകളുടെ ഉൽപ്പത്തിയെക്കുറിച്ച് മനസ്സിലാക്കുക.

മലയാളത്തിലെ അക്ഷരമാല മനസ്സിലാക്കുക. അക്ഷര സ്ഥാനങ്ങളും അവ എഴുതാനുള്ള പരിശീലനവും ആർജ്ജിക്കുക.

അക്ഷരമാലാ ചാർട്ട് തയ്യാറാക്കുക.

ടേപ്പ് റിക്കാർഡിന്റെ സഹായത്തോടുകൂടി മാതൃകാപരമായ ഉച്ചാരണം പഠിക്കുക.

**ഭാഷാധ്യാപനം ദൈനംദിന ജീവിതത്തിൽ**

ജീവൽ ഭാഷയുമായുള്ള ബന്ധം

സാഹചര്യങ്ങൾക്കനുസരിച്ച് ഭാഷ പ്രയോഗിക്കാനുള്ള ശേഷി. മനസ്സിലാക്കുക.

പ്രാഥമിക ക്ലാസിലേക്ക് വരുന്ന കുട്ടിയുടെ മാതൃഭാഷാ നൈപുണി പരിശോധിക്കുക – സംഭാഷണം, കഥകൾ ഇവയിലൂടെ മനസ്സിലാക്കുക.

ഏതെങ്കിലും പ്രത്യേക പ്രദേശത്ത് പ്രചാരത്തിലുള്ള ഭാഷയുടെ പ്രത്യേക സ്വഭാവങ്ങൾ കണ്ടെത്തുക. ഉച്ചാരണം പദങ്ങൾ ഇവ കണ്ടെത്തി അവയേയും അവയ്ക്ക് സമാനങ്ങളായ പദങ്ങളേയും പട്ടികയിലാക്കുക.

**III ഭാഷാധ്യാപനം പൊതുതത്വങ്ങൾ**

ദൈനംദിന ജീവിതത്തിൽ ഭാഷയ്ക്കുള്ള സ്ഥാനം

ആശയവിനിമയോപാധി എന്നതിൽ കവിഞ്ഞ് ഭാഷ പ്രയോഗിക്കാനുള്ള ശേഷി കൈവരിക്കുക.

**ശ്രവണതലം:**

പദ്യപാരായണം, കഥകൾ, ചർച്ചകൾ, സംഭാഷണങ്ങൾ എന്നിവ കേട്ട് മനസ്സിലാക്കുക.

സന്ദർഭത്തിനനുസരിച്ച് ഭാഷ പ്രയോഗിക്കുക.

വിവിധ ഭാഷാ പ്രയോഗങ്ങൾ മനസ്സിലാക്കുക.

**സംഭാഷണം**

ആയത്ന ലളിതമായി സംസാരിക്കാൻ

പരിചയമുള്ള വിഷയങ്ങളെക്കുറിച്ച് സംസാരിക്കൽ

നാടകങ്ങളിൽ പങ്കെടുക്കുക, പരിപാടികൾ അവതരിപ്പിക്കുക.

**വായന**

സംസാരഭാഷയിൽ ചെറിയ പ്രയോഗങ്ങളിലൂടെ ഉദ്ദേശിക്കുന്ന കാര്യങ്ങൾ മനസ്സിലാക്കാൻ. സംഭാഷണത്തിലും മറ്റും പ്രയോഗിക്കുന്ന കാര്യങ്ങൾ മനസ്സിലാക്കാൻ

**ലേഖനം**

വൃത്തിയായും ഭംഗിയായും എഴുതാനുള്ള പരിശീലനം. ചിഹ്നങ്ങൾ ഉപയോഗിക്കാൻ ചെറിയ

കത്തുകളും ഉപന്യാസങ്ങളും എഴുതൽ.

**ഗദ്യബോധനം**

ഗദ്യസാഹിത്യത്തിലെ വിവിധ പ്രസ്ഥാനങ്ങളെക്കുറിച്ച് ബോധം ജനിപ്പിക്കുക.

ശേഖരിക്കുക,

ഗദ്യസാഹിത്യത്തിലെ വിവിധ പ്രസ്ഥാനത്തിൽപ്പെട്ട പുസ്തകങ്ങൾ ശേഖരിക്കുക.

ശീർഷകത്തിന്റെ ഔചിത്യം പരിശോധിക്കുക.

ഇതിഹാസ കഥാ സമാഹാരണം.

**ഗദ്യസാഹിത്യവും അലങ്കാരിക പ്രയോഗങ്ങളും**

പാഠങ്ങൾ അപഗ്രഥിച്ച് കാവ്യഭാഷയുടെ സാന്നിദ്ധ്യം കണ്ടെത്തുക. ആലങ്കാരിക പ്രയോഗങ്ങളുടെ ഔചിത്യം ഉദാഹരണ സഹിതം വ്യക്തമാക്കുക.

**വിലയിരുത്തുക**

സാഹിത്യ കൃതികൾ വിലയിരുത്തി കുറിപ്പു തയ്യാറാക്കുക

**ചിത്രീകരിക്കുക**

തെരഞ്ഞെടുത്ത പാഠഭാഗങ്ങളിലെ രംഗങ്ങൾ ചിത്രരൂപത്തിലാക്കി ആവശ്യമായ അടിക്കുറിപ്പുകളോടെ പ്രദർശനം സംഘടിപ്പിക്കുക.

**പഠനം**

ഇതിഹാസ കഥകൾ പഠനവിഷമായുണ്ടെങ്കിൽ  കഥയിലെ ശ്രദ്ധേയ മുഹൂർത്തങ്ങൾ പഠനവിധേയമാക്കി ലഘു പഠനക്കുറിപ്പുകൾ തയ്യാറാക്കുക

**കവിതാ ബോധനം**

കവിതയിലെ വരികൾ നൽകി ആസ്വാദനക്കുറിപ്പു തയ്യാറാക്കുക

പാൽച്ചോറു തന്നീലയെങ്കിലും ഞങ്ങൾതൻ
പാഴ്ക്കലമൊന്നുമൊഴിയാതെ നിൽക്കുവാൻ
വേലക്കിഴിവിന്റെ നീണ്ട കൈക്കുമ്പിളിൽ
കാരുണ്യ ദുഗ്ദ്ധം പകർന്നവളാണിവൾ

**കവിതയരങ്ങ്**

ആശാൻ, ഉള്ളൂർ, വള്ളത്തോൾ എന്നിവരുടെ കവിതാഭാഗങ്ങൾ തെരഞ്ഞെടുത്ത് ഈണം നൽകി അവതരിപ്പിക്കുക.

**വ്യാഖ്യാനിക്കുക**

ചെറുപ്പകാലങ്ങളിലുള്ള ശീലം

മറക്കുമോ മാനുഷനുള്ള കാലം
കാരസ്ക്കരത്തിൻ കുരു പാലിലിട്ടാൽ
കാലാന്തരേ കയ്പു ശമിപ്പതുണ്ടോ?

ഉപന്യാസം തയ്യാറാക്കുക

പദ്യഭാഗത്തിലെ ഇതിവൃത്തം കേന്ദ്രമാക്കി ഉപന്യാസം തയ്യാറാക്കുക.

**അലങ്കാരഭംഗി കണ്ടെത്തുക**

പ്രപഞ്ചമുകുരം നമ്മുടെ രൂപം
പ്രതിബിംബിപ്പിപ്പൂ.
പ്രപഞ്ചകുഹരം നമ്മുടെ ശബ്ദം
പ്രതിധ്വനിപ്പിപ്പൂ.

**പഠനം തയ്യാറാക്കുക**

ഉദാ: കാക്ക

**ആവിഷ്കാരഭംഗി**

ഉത്തമ കവിതകളിൽ വാച്യാർത്ഥത്തെക്കാൾ രസാവിഷ്കാരത്തിന് പ്രാധാന്യം ഉണ്ടായിരിക്കും. അത് കണ്ടെത്തുക.

**ആശയവിപുലനം**

അർണ്ണവം തന്നിലല്ലോ നിമ്നഗ ചേർന്നു ഞായം
അന്യഥാ വരുത്താൻ കുന്നുമുതിർന്നീടുമോ

**ഉപപാഠപുസ്തകം**

വിവിധ സാഹിത്യ പ്രസ്ഥാനത്തിൽപ്പെട്ട പുസ്തകങ്ങൾ വായിക്കുക.
പുസ്തകങ്ങൾ ശേരിക്കുക
അവയുടെ ഇതിവൃത്തം കണ്ടെത്തുക
കഥാപാത്രനിരൂപണം ചെയ്യുക

**വ്യാപകമായ വായനയിലൂടെ പദാവലി ലഭ്യമാക്കുക**

**വ്യാകരണ പാഠങ്ങൾ പഠിക്കുക**

പദം, വാക്യം
നാമം, കൃതി, ഭേദകം
ലിംഗം, വചനം, വിഭക്തി
കാലം, പ്രയോഗം
സന്ധി, സമാസം, തുടങ്ങിയവ

**ഭാഷാ സംബന്ധിയായ പ്രവർത്തനവും ഭാഷാ ബോധനവും**

ആഴത്തിലുള്ള പഠനത്തിന് ഗ്രന്ഥശാലകളുടെ ഉപയോഗം. ഗ്രന്ഥശാലകളിൽ നിന്ന് വാർത്തകൾ ശേഖരിക്കുക.

**വായനാക്കുറിപ്പ്**

നോവൽ, ചെറുകഥകൾ, പഠനങ്ങൾ എന്നിവ വായിച്ച് അതിൽ നിന്നും പഠനക്കുറിപ്പുകൾ തയ്യാറാക്കുക.

**ആൽബം തയ്യാറാക്കുക**

പ്രസിദ്ധമായ നോവലിസ്റ്റുകളെ ഉൾപ്പെടുത്തി ഒരാൽബം തയ്യാറാക്കുക.

**കഥാപുസ്തകം**

നിങ്ങൾ രചിച്ച കഥകൾ ക്ലാസിൽ അവതരിപ്പിക്കുക. അത് ചർച്ച ചെയ്യുക. കൈയ്യെഴുത്തുമാസികയിൽ അത് ചേർക്കുക.

**പാഠാസൂത്രണം**

ഓരോ ക്ലാസിനും അനുയോജ്യമായ രീതിയിൽ പാഠാസൂത്രണം തയ്യാറാക്കുക.

## മാതൃകാ ചോദ്യപേപ്പർ

# മലയാളം ഭാഷാധ്യാപനം

### ഒന്നാം വർഷം

**സമയം-3 മണിക്കൂർ** **മാർക്ക് - 100**

### പാർട്ട് - എ

**I. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. ഓരോന്നും 100 വാക്കിൽ കവിയരുത്**

**10 X 2 = 20**

1. പാട്ടിന്റെ ലക്ഷണമെഴുതുക
2. മണിപ്രവാളം എന്നാലെന്ത്?
3. തുള്ളലിന്റെ ഐതീഹ്യത്തെക്കുറിച്ച് കുറിപ്പെഴുതുക.
4. ആശാൻ കൃതികളിലെ പ്രത്യേകതയെന്ത്?
5. ഉള്ളൂരിന്റെ പ്രശസ്തങ്ങളായ മൂന്ന് കൃതികളെക്കുറിച്ചെഴുതുക.
6. വള്ളത്തോളിന്റെ ദേശസ്നേഹം സ്ഫുരിക്കുന്ന കവിതകളുടെ പേരെഴുതുക?
7. നോവൽ എന്നാലെന്ത്?
8. നിങ്ങൾക്കറിയാവുന്ന ചെറുകഥാകൃത്തുക്കൾ ആരെല്ലാം?
9. ബാലസാഹിത്യ കൃതികളുടെ പ്രത്യേകതയെന്ത്?
10. മല, നദി, പൂക്കൾ ഇവ നാമത്തിലെ ഏതു വിഭാഗത്തിൽപ്പെടുന്നു.

### പാർട്ട് - ബി

**II. ഏതെങ്കിലും അഞ്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക ഓരോന്നും 200 വാക്കുകളിൽ കവിയരുത്.** **5 X 4 = 20**

11. ഭാവഭദ്രതയാണ് ആശാൻ കൃതികളിലെ മുഖമുദ്ര വിശദീകരിക്കുക.
12. ഉള്ളൂരിന്റെ ഭാഷാ പ്രയോഗത്തിന്റെ സവിശേഷതയെക്കുറിച്ചെഴുതുക.
13. ക്രിയ എന്നാലെന്ത്? അവാന്തര വിഭാഗങ്ങൾ പട്ടികയിലാക്കുക.
14. മൂന്നാം ക്ലാസ്സിൽ ചേർത്തിരിക്കുന്ന ഏതെങ്കിലും കവിതയ്ക്ക് ആസ്വാദനക്കുറിപ്പു തയ്യാറാക്കുക.
15. സന്ധി എന്നാലെന്ത്? 'തിരുവോണം' എന്ന പദം ഏത് സന്ധിയിലാണെന്ന് വ്യക്തമാക്കുക.
16. 'കൊടുംകാറ്റിൽ' എന്ന പാഠത്തിന് ഒരു പത്രറിപ്പോർട്ട് തയ്യാറാക്കുക.
17. അധ്യാപകന് അവധി അപേക്ഷിച്ചുകൊണ്ട് ഒരു കത്ത് തയ്യാറാക്കുക.
18. മലയാളത്തിലെ നവീന നോവലിസ്റ്റുകളെ ഉൾപ്പെടുത്തി ഒരു പട്ടിക തയ്യാറാക്കുക.

### സെക്ഷൻ - ബി

**III. എല്ലാ ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക ഓരോന്നും 100 വാക്കിൽ കവിയരുത്**

**10 X 2 = 20**

19. ഭാഷ എന്നാലെന്ത്?

20. ഭാഷയുടെ ധർമ്മങ്ങളെന്തെല്ലാം?

21. ഭാഷയും സംസ്കാരവും തമ്മിലുള്ള ബന്ധമെന്ത്?

22. ദൈനംദിന ജീവിതത്തിൽ ഭാഷയ്ക്കുള്ള സ്ഥാനമെന്ത്?

23. ശ്രവണ നൈപുണി വികസിപ്പിക്കാനുള്ള മാർഗ്ഗങ്ങൾ എന്തെല്ലാം?

24. മൗനവായനയ്ക്കും ശ്രാവ്യ വായനയ്ക്കും തമ്മിലുള്ള വ്യത്യാസങ്ങൾ എന്തെല്ലാം?

25. ഏതെങ്കിലും പ്രത്യേക പ്രദേശത്ത് നിലവിലുള്ള ഭാഷാ പ്രയോഗത്തെക്കുറിച്ചെഴുതുക.

27. ഗദ്യബോധന ലക്ഷ്യങ്ങളെന്തെല്ലാം?

28. കവിത ആസ്വാദനപരമെന്ന് പറയാൻ കാരണമെന്ത്?

29. ഭാഷാദ്ധ്യാപകനുണ്ടായിരിക്കേണ്ട സവിശേഷതകൾ എന്തെല്ലാം?

## പാർട്ട് - ബി

**IV. ഏതെങ്കിലും അഞ്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. ഓരോന്നും 200 വാക്കിൽ കവിയരുത്.**

**5 X 4 = 20**

30 മാതൃഭാഷയുടെ പ്രത്യേകതകൾ എന്തെല്ലാം?

31. ഭാഷോൽപ്പത്തി സിദ്ധാന്തങ്ങളെക്കുറിച്ചെഴുതുക.

32. ഭാഷ ഒരു കലയാണെന്ന് പറയാൻ കാരണമെന്ത്?

33. ഭാഷണ നൈപുണി വികസിപ്പിക്കാനുള്ള അഭ്യാസങ്ങൾ എന്തെല്ലാം?

34. ശീലരൂപവൽക്കരണം എന്നാലെന്ത്?

35. നിഗമന രീതി എന്നാലെന്ത്? വിശദീകരിക്കുക

36. പ്രൈമറി തലത്തിൽ നൽകാവുന്ന പാഠ്യാനുബന്ധ പ്രവർത്തനങ്ങളേതെല്ലാം?

37. സ്വയം പഠനോപാധികളായി വിടാവുന്നവയാണ് ഉപാഠപുസ്തകങ്ങൾ വിശദമാക്കുക

## പാർട്ട് - സി

**V. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. ഓരോന്നും 500 വാക്കിൽ കവിയരുത്.**

**10 X 2 = 20**

38. ഭാഷയും മനുഷ്യജീവിതവും എപ്രകാരം ബന്ധപ്പെട്ടിരിക്കുന്നുവെന്ന് വ്യക്തമാക്കുക.

അല്ലെങ്കിൽ

വിവിധ അനുക്രമീകരണ തത്വങ്ങളെക്കുറിച്ചെഴുതുക. ഭാഷാപഠനത്തിൽ അനുക്രമീകരണം എത്രത്തോളം ബന്ധപ്പെട്ടിരിക്കുന്നുവെന്ന് വ്യക്തമാക്കുക.

39. കവിത എന്നാലെന്ത്? വിവിധ തരത്തിലുള്ള കവിതകളെക്കുറിച്ചെഴുതുക. കവിതാധ്യാപനം എപ്രകാരം നിർവ്വഹിക്കുമെന്ന് വിശദീകരിക്കുക.

അല്ലെങ്കിൽ

ആഴത്തിലുള്ള സാഹിത്യ പഠനത്തിന് ഗ്രന്ഥശാലകൾ എപ്രകാരം പ്രയോജനപ്പെടുന്നുവെന്ന് വ്യക്തമാക്കുക.

# രൂപരേഖ

| പാഠ്യവസ്തു/ബോധനോദ്ദേശ്യങ്ങൾ/ചോദ്യമാതൃക | അറിവ് | | | ഗ്രഹണം | | | പ്രയോഗം | | | നൈപുണി | | | ആകെ | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | ല ഹ്ര | ഹ്ര | ഉ | ല ഹ്ര | ഹ്ര | ഉ | ല ഹ്ര | ഹ്ര | ഉ | ല ഹ്ര | ഹ്ര | ഉ | ല ഹ്ര | ഹ്ര | ഉ | |
| ഭാഷാസാഹിത്യം (40) | 2<br>(4)<br>8 | | | 2<br>(4)<br>8 | * 4<br>(1+1)<br>4 | | 2<br>(2)<br>4 | * 4<br>(2+1)<br>8 | | | * 4<br>(2+1)<br>8 | | 20 | 20 | | 40 |
| ഭാഷാധ്യാപനം (60)<br>ഏകകം I<br>ഭാഷ | 2<br>(3)<br>6 | | | * 4<br>(1) | | | | | | | | | | 6 | | 6 |
| ഏകകം II<br>ഭാഷാധ്യാപനം ദൈനംദിന ജീവിതത്തിൽ | 2<br>(1)<br>2 | | | | 4<br>(1)<br>4 | * 10<br>(1) | | | | | | | 2 | 4 | | 6 |
| ഏകകം III<br>ഭാഷാധ്യാപനം പൊതു തത്വങ്ങൾ | 2<br>(3)<br>6 | | | | *4<br>(1+1)<br>4 | 10<br>(1)<br>10 | | 4<br>(1)<br>4 | | | | | 6 | 8 | 10 | 24 |
| ഏകകം IV<br>ബോധനരീതികൾ തത്വങ്ങൾ | 2<br>(2)<br>4 | | | | * 4<br>(1+1)<br>4 | 10<br>(1)<br>10 | | | | | | | 4 | 4 | 10 | 18 |
| ഏകകം V<br>പാഠ്യസംബന്ധിയായ പ്രവർത്തനവും ഭാഷാബോധനവും | 2<br>(1)<br>2 | | | | | *10<br>(1) | | 4<br>(1)<br>4 | | | | | 2 | 4 | | 6 |
| | **28** | | | | | **44** | | **20** | | | **8** | | | | | **100** |

* ചോയ്സ്    ( ) ബ്രാക്കറ്റിനുള്ളിൽ ചോദ്യം    ( ) ബ്രാക്കറ്റിന് പുറത്ത് മാർക്ക്

## ഗ്രന്ഥ സൂചി


1. മലയാള ഭാഷാദ്ധ്യാപനം - എരുമേലി പരമേശ്വരൻപിള്ള
2. ഉദ്ദേശ്യാധിഷ്ഠിത ബോധനം - ഡോ. കെ. സോമൻ
3. മലയാള ഭാഷാ ബോധനം - സി.കെ.ചന്ദ്രശേഖരൻ നായർ
4. മലയാള സാഹിത്യം കാലഘട്ടത്തിലൂടെ - എരുമേലി പരമേശ്വരൻപിള്ള
5. കൈരളിയുടെ കഥ - പ്രൊഫ. എൻ. കൃഷ്ണപിള്ള
6. സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ - ഡോ.കെ.എം. ജോർജ്ജ്
7. കേരള പാണിനിയം - ഏ. ആർ. രാജരാജവർമ്മ
8. ഭാഷാ ഭൂഷണം - ഏ. ആർ. രാജരാജവർമ്മ
9. വൃത്തമഞ്ജരി - ഏ. ആർ. രാജരാജവർമ്മ
10. പ്രായോഗിക വ്യാകരണം - ഇരിഞ്ചയം രവി
11. വ്യാകരണ നിഘണ്ടു - ഇരിഞ്ചയം രവി
12. ശബ്ദതാരാവലി - ശ്രീകണ്ഠേശ്വരം പത്മനാഭപിള്ള
13. പുരാണിക് എൻസൈക്ലോപീഡിയ - വെട്ടം മാണി
14. Quality Impact in Teacher Education - M.S. Singh
15. Development and planning of modern Education - Dr. Hassan Taj
16. Teaching of English - Kadambari Sharma, Tripat Tutjeya
17. Educational technology - Vanaja. M.

## First year

| Taught Course | Internal Assessment Marks |
|---|---|
| Teaching of Malayalam | 25 |

**Internal assessment for teaching practice**

| | | |
|---|---|---|
| Teaching practice in schools | - | 30 |
| Teaching practice in the internship | - | 20 |
| Observation | - | 10 |
| **Total** | - | **60** |